# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂൺ 8, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 159 - നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂൺ 8, തിങ്കൾ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# പതിമൂന്നാം കേരള നിയമസഭ

## അംഗങ്ങൾ

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി (കണ്ണൂർ)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
4. ശ്രീ. പി. ബി. അബ്ദുൾ റസാക് (മഞ്ചേശ്വരം)
5. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി (താനൂർ)
6. ശ്രീ. എം. പി. അബ്ദു സമദ് സമദാനി (കോട്ടയ്ക്കൽ)
7. ശ്രീ. കെ. അച്ചുതൻ (ചിറ്റൂർ)
8. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. റ്റി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. കെ. അജിത് (വൈക്കം - എസ്.സി.)
13. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. അൻവർ സാദത്ത് (ആലുവ)
17. ശ്രീ. എ. എം. ആരിഫ് (അരൂർ)
18. ശ്രീ. എ. എ. അസീസ് (ഇരവിപുരം)
19. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
20. ശ്രീ. ബാബു എം. പാലിശ്ശേരി (കുന്നംകുളം)
21. ശ്രീ. എം. എ. ബേബി (കുണ്ടറ)
22. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി - എസ്.ടി.)
23. ശ്രീ. കോടിയേരി ബാലകൃഷ്ണൻ (തലശ്ശേരി)
24. ശ്രീ. സി. എൻ. ബാലകൃഷ്ണൻ (വടക്കാഞ്ചേരി)

25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി)
26. ശ്രീ. വി. റ്റി. ബൽറാം (തൃത്താല)
27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
28. ശ്രീ. ബെന്നി ബെഹനാൻ (തൃക്കാക്കര)
29. ശ്രീമതി ഇ. എസ്.  ബിജിമോൾ (പീരുമേട്)
30. ശ്രീ. എം. ചന്ദ്രൻ (ആലത്തൂർ)
31. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
32. ശ്രീ. വി. ചെന്താമരാക്ഷൻ (നെന്മാറ)
33. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
34. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
35. ശ്രീ. സി. ദിവാകരൻ (കരുനാഗപ്പള്ളി)
36. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ (കൊച്ചി)
37. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
38. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
39. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
40. ശ്രീ. എ. റ്റി. ജോർജ് (പാറശ്ശാല)
41. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
42. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
43. ശ്രീ. പി. കെ. ഗുരുദാസൻ (കൊല്ലം)
44. ശ്രീ. എം. ഹംസ (ഒറ്റപ്പാലം)
45. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
46. ശ്രീമതി ജമീലാ പ്രകാശം (കോവളം)
47. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
48. ഡോ. കെ. ടി. ജലീൽ (തവനൂർ)
49. ശ്രീ. കെ. കെ. ജയചന്ദ്രൻ (ഉടുമ്പൻചോല)
50. ശ്രീമതി പി. കെ. ജയലക്ഷ്മി (മാനന്തവാടി - എസ്.ടി.)

51. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
52. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
53. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
54. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
55. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
56. ശ്രീ. ജോസ് തെറ്റയിൽ (അങ്കമാലി)
57. ശ്രീ. ജോസഫ് വാഴക്കൻ (മൂവാറ്റുപുഴ)
58. ശ്രീ. വർക്കല കഹാർ (വർക്കല)
59. ശ്രീ. എളമരം കരീം (ബേപ്പൂർ)
60. ശ്രീ. കെ. എൻ. എ. ഖാദർ (വള്ളിക്കുന്ന്)
61. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
62. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ (വാമനപുരം)
63. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)
64. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ (പേരാമ്പ്ര)
65. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
66. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
67. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ - എസ്.സി.)
68. ശ്രീ. റ്റി. യു. കുരുവിള (കോതമംഗലം)
69. ശ്രീമതി കെ. കെ. ലതിക (കുറ്റ്യാടി)
70. ശ്രീ. ലൂഡി ലൂയിസ് (നോമിനേറ്റഡ് അംഗം)
71. ശ്രീ. പി. എ. മാധവൻ (മണലൂർ)
72. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
73. ശ്രീ. കെ. എം. മാണി (പാലാ)
74. ശ്രീ. മാത്യു റ്റി. തോമസ് (തിരുവല്ല)
75. ശ്രീ. സി. പി. മുഹമ്മദ് (പട്ടാമ്പി)
76. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

77. ശ്രീ. സി. മോയിൻകുട്ടി (തിരുവമ്പാടി)
78. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
79. ശ്രീ. ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)
80. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി (കൊണ്ടോട്ടി)
81. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)
82. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)
83. ശ്രീ. സി. കെ. നാണു (വടകര)
84. ശ്രീ. കെ. കെ. നാരായണൻ (ധർമ്മടം)
85. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ് )
86. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
87. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)
88. ശ്രീ. ടി. എൻ. പ്രതാപൻ (കൊടുങ്ങല്ലൂർ)
89. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)
90. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര - എസ്.സി.)
91. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
92. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)
93. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം - എസ്.സി.)
94. ശ്രീ. ആർ. രാജേഷ് (മാവേലിക്കര - എസ്.സി.)
95. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)
96. ശ്രീ. കെ. രാജു (പുനലൂർ)
97. ശ്രീ. രാജു എബ്രഹാം (റാന്നി)
98. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ (തൃശ്ശൂർ)
99. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
100. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)
101. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)
102. ശ്രീ. പാലോട് രവി (നെടുമങ്ങാട്)

103. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

104. ശ്രീ. സി. കെ. സദാശിവൻ (കായംകുളം)

105. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട് - എസ്.സി.)

106. ശ്രീ. സാജു പോൾ (പെരുമ്പാവൂർ)

107. ശ്രീ. എൻ. ശക്തൻ (കാട്ടാക്കട)

108. ശ്രീമതി കെ. എസ്. സലീഖ (ഷൊർണ്ണൂർ)

109. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

110. ശ്രീ. വി. ശശി (ചിറയിൻകീഴ് - എസ്.സി.)

111. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

112. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

113. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ - എസ്.സി.)

114. ശ്രീ. ആർ. സെൽവരാജ് (നെയ്യാറ്റിൻകര)

115. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

116. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

117. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

118. ശ്രീ. ഷിബു ബേബി ജോൺ (ചവറ)

119. ശ്രീ. കെ. ശിവദാസൻ നായർ (ആറന്മുള)

120. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

121. ശ്രീ. വി. ശിവൻകുട്ടി (നേമം)

122. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

123. ശ്രീ. എം. വി. ശ്രേയാംസ് കുമാർ (കൽപ്പറ്റ)

124. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

125. ശ്രീ. വി. എസ്. സുനിൽ കുമാർ (കയ്പമംഗലം)

126. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

127. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

128. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

129. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

131. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

132. ശ്രീ. തോമസ് ഉണ്ണിയാടൻ (ഇരിങ്ങാലക്കുട)

133. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

134. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

135. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ (കൊടുവള്ളി)

136. ശ്രീ. എം. എ. വാഹീദ് (കഴക്കൂട്ടം)

137. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

138. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് - എസ്.സി.)

139. ശ്രീ. എം. പി. വിൻസെന്റ് (ഒല്ലൂർ)

140. ശ്രീ. പി. സി. വിഷ്ണുനാഥ് (ചെങ്ങന്നൂർ)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി</u>

പൊതുഭരണം
അഖിലേന്ത്യാ സർവ്വീസുകൾ
അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്
ശാസ്ത്രം, സാങ്കേതികശാസ്ത്രം,
സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്സ്
പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്
തെരഞ്ഞെടുപ്പ്
ഇന്റഗ്രേഷൻ
സൈനികക്ഷേമം
ദുരിതാശ്വാസം
സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി
അന്തർ സംസ്ഥാന നദീജലം
മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

കോളേജ് വിദ്യാഭ്യാസം
പൊതുവിദ്യാഭ്യാസം
സാങ്കേതിക വിദ്യാഭ്യാസം
സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്
മെഡിക്കൽ സർവ്വകലാശാലകൾ ഒഴികെ)
പ്രവേശന പരീക്ഷകൾ
സാക്ഷരതാ പ്രവർത്തനം
എൻ.സി.സി.

<u>ശ്രീ. അടൂർ പ്രകാശ്, റവന്യൂവും കയറും വകുപ്പുമന്ത്രി</u>

ലാന്റ് റവന്യൂ
ലാന്റ് റിഫോംസ്
സർവ്വേയും ലാന്റ് റിക്കോർഡ്സും
ലീഗൽ മെട്രോളജി
കയർ

<u>ശ്രീ. എ. പി. അനിൽ കുമാർ, പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും</u>

വിനോദസഞ്ചാരവും വകുപ്പുമന്ത്രി

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമം

വിനോദസഞ്ചാരം

ശ്രീ. അനൂപ് ജേക്കബ്, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

ഭക്ഷ്യം

സിവിൽ സപ്ലൈസ്

ഉപഭോക്തൃ സംരക്ഷണം

രജിസ്ട്രേഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജ വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

റെയിൽവേ

കമ്പിത്തപാൽ

മലിനീകരണ നിയന്ത്രണം

ശ്രീ. കെ. ബാബു, മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

എക്സൈസ്

തുറമുഖം

ഹാർബർ എഞ്ചിനീയറിംഗ്

മൽസ്യബന്ധനം

ഫിഷറീസ് സർവ്വകലാശാല

എയർപോർട്ട്സ്

കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

ശ്രീ. സി. എൻ. ബാലകൃഷ്ണൻ, സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി

സഹകരണം

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, പൊതുമരാമത്ത് വകുപ്പുമന്ത്രി

പൊതുമരാമത്ത്

ശ്രീമതി പി. കെ. ജയലക്ഷ്മി, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമം

യുവജനകാര്യം

കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

ശ്രീ. കെ. സി. ജോസഫ്, ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ഗ്രാമവികസനം

ആസൂത്രണവും സാമ്പത്തിക കാര്യവും

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

സാംസ്കാരികം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ശ്രീ. പി. ജെ. ജോസഫ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

വ്യവസായം (വ്യവസായ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഇൻഫർമേഷൻ ടെക്നോളജി

വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. കെ. എം. മാണി, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർസ് പർച്ചേസ്

വാണിജ്യ നികുതികൾ

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

ലോക്കൽ ഫണ്ട് ആഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ്സ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

നിയമം

ഭവനനിർമ്മാണം

<u>ശ്രീ. മഞ്ഞളാംകുഴി അലി, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി</u>

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

ന്യൂനപക്ഷക്ഷേമം

<u>ശ്രീ. കെ. പി. മോഹനൻ, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ കൺസർവേഷൻ

സോയിൽ സർവ്വെ

വെയർ ഹൗസിംഗ് കോർപ്പറേഷൻ

കാർഷിക സർവ്വകലാശാല

മൃഗസംരക്ഷണം

വെറ്ററിനറി സർവ്വകലാശാല

അച്ചടിയും സ്റ്റേഷനറിയും

ഡോ. എം. കെ. മുനീർ, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

പഞ്ചായത്ത്

സാമൂഹ്യനീതി

കില

ശ്രീ. രമേശ് ചെന്നിത്തല, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

ആഭ്യന്തരം

അഗ്നിശമനം

വിജിലൻസ്

ജയിലുകൾ

ശ്രീ. ഷിബു ബേബി ജോൺ, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

തൊഴിൽ

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

ലേബർ കോർട്ട്സ്

ശ്രീ. വി. എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിൽസ

ദേവസ്വം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

പരിസ്ഥിതി

സ്പോർട്സ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാഡമി

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 20
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 20
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 63

**II ചരമോപചാരം**

നഫീസത്ത് ബീവിയുടെ നിര്യാണം .. 404

**III ചെയർമാന്മാരുടെ പാനൽ** .. 405

**IV റൂളിംഗ്**

ചോദ്യങ്ങൾ അനുവദിക്കാത്തത് സംബന്ധിച്ച് .. 405

**V അടിയന്തരപ്രമേയം**

ബാർ കോഴ (അവതരണാനുമതി നിഷേധിച്ചു) .. 406

**VI ശ്രദ്ധ ക്ഷണിക്കൽ**

1. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ—
   ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .. 437
2. അനിശ്ചിതകാല നിരാഹാര സമരം—
   ശ്രീ. സി. കൃഷ്ണൻ .. 440

**VII സബ്മിഷൻ**

1. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി—
   ശ്രീ. പി. സി. ജോർജ് .. 446
2. പാഠപുസ്തക വിതരണം—
   ശ്രീ. റ്റി. വി. രാജേഷ് .. 449
3. കായലോര ടൂറിസം വികസനം—
   ശ്രീ. ഹൈബി ഈഡൻ .. 452

പേജ്

4. എക്സൈസ് കോംപ്ലക്സിന്റെയും റെയ്ഞ്ച് ഓഫീസിന്റെയും നിർമ്മാണം—

ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 453

5. ബൈപ്പാസ് നിർമ്മാണം—

ശ്രീ. സാജു പോൾ .. 454

6. കളിമാട് പാലത്തിന് ഭരണാനുമതി—

ശ്രീ. പി. ടി. എ. റഹീം .. 456

7. സി.എച്ച്.സി.ക്ക് ആവശ്യമായ തസ്തികകൾ—

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ .. 457

8 ആയൂർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സാ വിഭാഗം—

ശ്രീ. വി. റ്റി. ബൽറാം .. 458

9. സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്ക് സംവരണം—

ശ്രീ. കെ. അജിത് .. 459

10. കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം—

ശ്രീമതി പി. അയിഷാ പോറ്റി .. 460

**VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു .. 462

**IX ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ബോംബ് സ്ഫോടനം .. 464

**X റിപ്പോർട്ട് സമർപ്പണം** .. 465

**XI പ്രമേയം**

പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ
ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് .. 469

പേജ്

**XII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും

സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ .. 470
2. 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ .. 546

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2015 ജൂൺ 8, തിങ്കൾ*

വാല്യം 159] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2015 ജൂൺ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ ദേശീയ ഗാനാലാപനത്തോടുകൂടി നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ............ ഓർഡർ........ *1, *16 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ് ചെയ്ത് എടുക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്നും എണീറ്റ് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

#### വിഴിഞ്ഞം തുറമുഖ പദ്ധതി

1 (*1) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ സർവ്വകക്ഷിയോഗം വിളിച്ചത് എന്നാണ് ;

(സി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ-സി) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് ............. (ബഹളം)....... (ബഹളം).......

മി. സ്പീക്കർ : പ്ലീസ്.... എന്താണ് ?

ശ്രീ. എ. കെ. ബാലൻ : സർ, ചട്ടവിരുദ്ധമാണെന്ന് പറഞ്ഞുകൊണ്ടാണ് അങ്ങയുടെ ഓഫീസിൽനിന്ന് നോട്ടീസ് വന്നത്. ചട്ടവിരുദ്ധമായി ഞങ്ങൾ ഒന്നും ചോദിച്ചിട്ടില്ല. ചോദ്യങ്ങൾ ചോദിക്കാനുള്ള അധികാരം ഒരു മെമ്പറിനുള്ള അവകാശമാണ്. അത് റിജക്ട് ചെയ്യുക എന്നു പറയുന്നത് ചട്ടത്തിന് വിരുദ്ധമാണ്. ബഹുമാനപ്പെട്ട സ്പീക്കർ ആ ചെയറിൽ ഇരുന്നുകൊണ്ട് ചട്ടവിരുദ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യരുത്. ബാർ കുംഭകോണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഞങ്ങളുടെ മൂന്നു ചോദ്യങ്ങളും ഇന്ന് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് എഴുതിത്തന്നിട്ടുണ്ട്. സീറോ അവറിൽ ഇതുസംബന്ധിച്ചുള്ള റൂളിംഗ് നൽകുന്നതാണ്.

ശ്രീ. കെ. ബാബു : കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു.

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി.

പദ്ധതിക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണ ഘട്ടത്തിലേയ്ക്കാവശ്യമായ 5 MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220 KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ

എത്തിക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : യെസ്........ (ബഹളം)....... (ബഹളം) ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. കെ. ബാബു : സർ, കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷിയോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മേയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി.

മി. സ്പീക്കർ : (ബഹളം) ........ബഹുമാനപ്പെട്ട അംഗങ്ങൾ..........ഇത് ചോദ്യോത്തര സമയമാണ്. ദയവായി എല്ലാപേരും സഹകരിക്കണം. എല്ലാ അംഗങ്ങളും ഇരിക്കണം. പ്ലീസ്...പ്ലീസ്.....

ശ്രീ. കെ. ബാബു : അതിൻപ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

**വിഴിഞ്ഞം തുറമുഖ പദ്ധതി-പി.പി.പി. മോഡൽ**

2(*16) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സർക്കാർ ഉടമസ്ഥതയിൽ ലാൻഡ് ലോർഡ് പോർട്ട് മോഡലിൽ വിഴിഞ്ഞം തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിന് തയ്യാറാകാതെ പി.പി.പി. മോഡലിലേയ്ക്ക് മാറിയതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ കഴിയുമോ ; അതിനായി മുൻ സർക്കാർ നടത്തിയിരുന്ന ശ്രമങ്ങൾ വിശദമാക്കുമോ ;

(സി) പി.പി.പി. മോഡൽ സ്വീകരിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; ഇപ്പോൾ സ്വീകരിച്ച നിലപാട് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അനുകൂലമാണോ എങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത ഏക സ്ഥാപനത്തിന്റെ ഉടമയുമായി മുഖ്യമന്ത്രി നേരിൽ സംസാരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ; വ്യക്തമാക്കുമോ ;

(ഇ) ടെണ്ടർ വിളിച്ചതിനുശേഷം ഡൽഹിയിലും മുംബൈയിലും തിരുവനന്തപുരത്തും വച്ച് നടന്ന ഏതെല്ലാം ചർച്ചകളിൽ മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും പങ്കെടുക്കുകയുണ്ടായി ; ഓരോ ചർച്ചയിലും പങ്കെടുത്തവർ ആരെല്ലാമായിരുന്നു ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) 2010 ഒക്ടോബറിൽ സർക്കാർ പി.പി.പി. ഘടകങ്ങളോടുകൂടി നിർമ്മിക്കാൻ നിശ്ചയിച്ച ലാന്റ് ലോർഡ് മാതൃകയിൽ കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് കിട്ടുന്നതിനുവേണ്ടി പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് പദ്ധതി പുനർനിർണ്ണയം ചെയ്യുക മാത്രമാണ് 2013 നവംബറിൽ സർക്കാർ ചെയ്തിട്ടുള്ളത്.

(ബി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക സംസ്ഥാന സർക്കാരിന്റെ ക്രെഡിറ്റ് റേറ്റിംഗിന് വിധേയമായും, പദ്ധതിയുടെ വയബിലിറ്റി ആസ്പദമാക്കിയും പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുവാൻ സാധിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതിയുടെ ബാങ്ക് കൺസോർഷ്യം ലീഡ് മെമ്പർ ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി 14-1-2011-ൽ ഒരു ധാരണാപത്രം തുറമുഖ കമ്പനി ഒപ്പിട്ടിരുന്നു. അതനുസരിച്ച് അവർ 150 കോടി രൂപ പദ്ധതിക്ക് കടം നൽകുന്നതിന് സമ്മതിച്ചിരുന്നു. ബാങ്കിൽ നിന്നും കിട്ടാവുന്ന ബാക്കി കടം സൗകര്യപ്പെടുത്തി തരുന്നതിനും ബാങ്ക് അല്ലാതെ മറ്റു സ്ഥാപനങ്ങളിൽനിന്നും കിട്ടുന്ന ലോൺ SBI Caps Ltd-മായി സഹകരിച്ച് തരപ്പെടുത്തി തരുന്നതിനും സഹായിക്കാമെന്ന് ധാരണാപത്രത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

(സി) 2010-ൽ സർക്കാർ പി.പി.പി. ഘടകങ്ങളോടു കൂടി നിർമ്മിക്കാൻ നിശ്ചയിച്ച ലാന്റ് ലോർഡ് മാതൃകയിൽ കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിനുവേണ്ടി പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് പുനർ നിർണ്ണയിക്കുക മാത്രമാണ് 2013-ൽ ചെയ്തിട്ടുള്ളത്. ഇപ്പോൾ സ്വീകരിച്ച ഘടന 2010-ലെ മോഡലുമായി താരതമ്യപ്പെടുത്തിയാൽ, റവന്യൂ ഷെയർ ഉള്ളതുകൊണ്ടും

സംസ്ഥാനത്തിന്റെ നിക്ഷേപം കുറവായതുകൊണ്ടും വയബിലിറ്റി ഗ്യാപ് ഫണ്ട് കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്നതുകൊണ്ടും മെയിന്റനൻസ് ഡ്രെഡ്ജിംഗ് സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്തം ആയതിനാലും സംസ്ഥാന താല്പര്യങ്ങൾക്ക് അനുകൂലമാണ്.

(ഡി) ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Ltd-ന്റെ ചെയർമാനുമായി, ടി കമ്പനിയുടെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താൽപ്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(ഇ) ഈ ടെണ്ടർ വിളിച്ചതിനുശേഷം ഡൽഹി, ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ ആപ്ലിക്കേഷൻ മീറ്റിംഗുകളിലും പ്രീ ബിഡ് മീറ്റിംഗുകളിലും Technical, Financial & Legal മീറ്റിംഗുകളിലും ഒന്നും തന്നെ മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നില്ല. തുറമുഖ വകുപ്പ് സെക്രട്ടറി, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, മറ്റുദ്യോഗസ്ഥർ, കമ്പനിയുടെ ഉപദേശകർ, പ്ലാനിംഗ് ബോർഡ് മുൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ച്ചർ) എന്നിവർ പങ്കെടുത്തു. ബോംബെയിൽ 2014 ജനുവരി മാസം 16-ാം തീയതി നടന്ന റോഡ് ഷോയിൽ (Investor meeting) തുറമുഖ വകുപ്പുമന്ത്രി, തുറമുഖ വകുപ്പ് സെക്രട്ടറി, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, മറ്റുദ്യോഗസ്ഥർ, കമ്പനിയുടെ ഉപദേശകർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ചർ), സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ എന്നിവർ പങ്കെടുത്തു.

ശ്രീ. എ. എ. അസീസ് : സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുതിയ ടെണ്ടറിൽ, മുൻ ടെണ്ടറിനെ അപേക്ഷിച്ച് സംസ്ഥാനത്തിന് അനുകൂലമായ എന്തെല്ലാം ഘടകങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. കെ. ബാബു : സർ, ഇപ്പോഴത്തെ ടെണ്ടറിന് കേന്ദ്രഗവൺമെന്റിന്റെ വി.ജി.എഫ്. ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിക്ഷേപം മുൻമോഡലിനെ

അപേക്ഷിച്ച് കുറവാണ്. തുറമുഖപങ്കാളി സർക്കാരിന് വരുമാന വിഹിതം നൽകണം. ഭൂമി പാട്ടത്തിന് നൽകുന്നതിനാണ് നേരത്തെ വ്യവസ്ഥയുണ്ടായിരുന്നത്. എന്നാലിപ്പോൾ ലൈസൻസ് വ്യവസ്ഥയിൽ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും ഭൂമി അനുവദിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഇപ്പോഴത്തെ ടെണ്ടറിന് വേണ്ടിവരുന്ന തുകകൾ ഇപ്പോൾത്തന്നെ നിജപ്പെടുത്തിയിരിക്കുന്നു. അതായത് സർക്കാർ പിന്നീട് ടെണ്ടർ എക്സസ് നൽകേണ്ടതില്ല. ഒരു പ്രോജക്ടിന് രണ്ട് കരാറുകൾ ഉണ്ടാകുമ്പോൾ ഉണ്ടാകുന്ന തർക്കങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കുന്നതിനായി സർക്കാർ ചെയ്യേണ്ട പ്രവൃത്തികളും പങ്കാളി ചെയ്യേണ്ട പ്രവൃത്തികളും ഒരു കരാറുകാരന് നൽകുന്നു. മെയിന്റനൻസ് ഡ്രെഡ്ജിംഗ് സ്വകാര്യപങ്കാളിയുടെ ചെലവിൽ നടത്തണം. രണ്ടാംഘട്ട വികസനം സ്വകാര്യപങ്കാളി സ്വന്തം ചെലവിൽ നടത്തണം. ഇതാണ് വ്യത്യാസം.

ശ്രീ. എ. എ. അസീസ് : സർ, ഇപ്പോഴത്തെ ടെണ്ടർ പ്രകാരം പദ്ധതി നടപ്പാക്കുന്നതിനോട് സർവ്വകക്ഷിയോഗത്തിൽ പ്രതിപക്ഷനേതാവ് എതിർപ്പ് പ്രകടിപ്പിച്ച സാഹചര്യത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് പ്രസ്തുത യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകി. അത്തരം നടപടികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എന്താണ് നടപടിയെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. കെ. ബാബു : സർ, സർവ്വകക്ഷിയോഗത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും ആശയവിനിമയം നടത്തിയിരുന്നു. ചില രേഖകൾ പ്രസിദ്ധീകരിച്ചിട്ടില്ല എന്നുള്ള ആക്ഷേപം ഉന്നയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകളെല്ലാം വെബ്സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. എന്നാൽ ബിഡ്ഡുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രേഖ വച്ചിട്ടുണ്ടായിരുന്നില്ല. ടെണ്ടറിന്റെ confidentiality clause പ്രകാരം ഈ രേഖ വയ്ക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടായിരുന്നതിനാൽ അതൊഴികെ ബാക്കി രേഖകളെല്ലാം വയ്ക്കുകയുണ്ടായി. സുതാര്യമായി പദ്ധതി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രതിപക്ഷനേതാവിനും സർവ്വകക്ഷിയോഗത്തിലും ഉറപ്പ് നൽകുകയുണ്ടായി. എല്ലാ രേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ : സർ, വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടർ ഏൽപ്പിക്കാൻ പോകുന്ന കമ്പനിയുടെ ചെയർമാൻ ശ്രീ. ഗൗതം അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിൽ രണ്ട് കൂടിയാലോചനകൾ നടത്തി. ശ്രീ. കെ. വി. തോമസ് എം.പി.-യുടെ വസതിയിൽ നടന്ന ഒന്നാമത്തെ കൂടിയാലോചനയിൽ മുഖ്യമന്ത്രിയും അദാനിയും ശ്രീ. കെ. വി. തോമസും പങ്കെടുത്തു. രണ്ടാമത്തെ കൂടിക്കാഴ്ച 2015 മാർച്ച് 3-ന് ഡൽഹിയിൽ എം.പി.-യുടെ വസതിയിൽ ചേർന്നു. ആ കൂടിക്കാഴ്ചയാണ് ഔദ്യോഗിക

കമ്മിറ്റിയായി നിങ്ങൾ ഇവിടെ വിശദീകരിച്ചിട്ടുള്ളത്. ഒരു എം.പി.-യുടെ വസതിയിൽ കേരള ഗവൺമെന്റിന്റെ ഔദ്യോഗിക യോഗം ചേരേണ്ട ആവശ്യകതയെന്താണ് ? കേരളാ ഹൗസ് ഗവൺമെന്റിന്റെ ഔദ്യോഗിക യോഗങ്ങൾ ചേരുന്നതിനുള്ള ഗവൺമെന്റ് സ്ഥാപനമാണ്. ആ സ്ഥാപനത്തിൽ യോഗം ചേരാതെ ശ്രീ. കെ. വി. തോമസ് എം.പി.യുടെ വീട്ടിൽ ഇങ്ങനെ രണ്ട് യോഗങ്ങൾ ചേർന്നത് അഴിമതി നടത്തുന്നതിനുവേണ്ടിയുള്ള ആലോചനയുടെ ഭാഗമല്ലേ ; എങ്ങനെ ഇത്തരത്തിലുള്ള ഒരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചു; ഇത് അഴിമതി നടത്തുന്നതിനുവേണ്ടിയാണെന്ന് ജനങ്ങൾ സംശയിച്ചാൽ അത് തെറ്റാണെന്ന് പറയാൻ സാധിക്കുമോ ; 7525 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് 2453 കോടി രൂപ മാത്രമാണ് അദാനി ഗ്രൂപ്പിന്റെ ചെലവ്. 1635 കോടി രൂപ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ലാഭക്ഷമതാ സഹായമാണ്. സംസ്ഥാന ഗവൺമെന്റ് 3137 കോടി രൂപ വഹിക്കണം. പതിനഞ്ചു വർഷം വരെ സംസ്ഥാനത്തിന് ഒരു പൈസയുടെ വരുമാനവും ലഭിക്കില്ല. അതിനുശേഷം ഓരോ വർഷവും വരുമാനത്തിന്റെ ഒരുശതമാനം സംസ്ഥാനത്തിന് ലഭിക്കുകയാണ്. 40 ശതമാനം ലഭ്യമാകണമെങ്കിൽ 40 വർഷം കഴിയണം. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യ സംരക്ഷണത്തേക്കാൾ മറ്റുചില താൽപ്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടല്ലേ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതെന്ന് ജനങ്ങൾ സംശയിച്ചാൽ അതിൽ തെറ്റുണ്ടോ ; ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നിലപാട് വ്യക്തമാക്കുമോ ?

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ എത്ര ചോദ്യങ്ങളാണ് ചോദിച്ചത് എന്നുള്ളത് രേഖകൾ പരിശോധിച്ചാൽ മാത്രമേ പറയാൻ കഴിയൂ. സ്പെസിഫിക്കായി ഒരു ചോദ്യം ചോദിച്ചിരുന്നുവെങ്കിൽ അതിന് കൃത്യമായി മറുപടി പറയാമായിരുന്നു. അദ്ദേഹം ഒരുപാട് കാര്യങ്ങൾ ചോദിച്ചു. അതിൽ ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് പറയാം. ഇതിൽ അഴിമതിയുണ്ടോ എന്ന് ആരെങ്കിലും സംശയിച്ചാൽ, എന്നു പറഞ്ഞു. ഒരഴിമതിയും ഇല്ലായെന്ന് എല്ലാവർക്കും ബോദ്ധ്യമുണ്ട്. പക്ഷേ അപ്പുറത്തിരിക്കുന്ന ചിലർക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല എന്നുള്ളതാണ് പ്രശ്നം. ശ്രീ. കെ. വി. തോമസ് എം.പി.-യുടെ വീട്ടിൽ ഒരു യോഗം നടന്നുവെന്നുള്ളത് സർവ്വകക്ഷി യോഗത്തിൽ പറഞ്ഞിട്ടുണ്ട്. അത് രഹസ്യമാക്കി വച്ചിട്ടില്ല. അങ്ങനെ ഒരു യോഗം നടത്തിയതിന്റെ പശ്ചാത്തലംകൂടി മനസ്സിലാക്കണം. കാരണം ഫെബ്രുവരി 20-ാം തീയതിയായിരുന്നു ഇതിന്റെ ആദ്യ ടെണ്ടർ. എന്നാൽ ആ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് ഗവൺമെന്റിന്റെ പിടിപ്പുകേട്, ഗവൺമെന്റ് ടെണ്ടർ അട്ടിമറിച്ചു, ഗവൺമെന്റിന് താൽപ്പര്യമില്ല, എന്നിങ്ങനെ ഗവൺമെന്റിനെതിരെ ധാരാളം ആക്ഷേപങ്ങളുയർന്ന സാഹചര്യത്തിൽ ഫെബ്രുവരി 24-ാം തീയതി ബോർഡ് യോഗം ചേരുകയും 8 ലക്ഷം

രൂപ മുടക്കി ഫിനാൻഷ്യൽ ബിഡ്ഡിനുള്ള ഫോം വാങ്ങിയ മൂന്ന് കമ്പനികളുമായി സംസാരിക്കണമെന്ന് ബോർഡ് തീരുമാനമെടുക്കുകയും പ്രസ്തുത കമ്പനികളുമായി സംസാരിക്കുകയും ചെയ്തു. മൂന്ന് കമ്പനികളെയും നേരിട്ട് കാണാൻ താൽപ്പര്യം പ്രകടിപ്പിച്ചു. അതിൽ ഒരു കമ്പനിയുടെ ഉടമസ്ഥൻ ആ സമയത്ത് വിദേശത്തായിരുന്നു. അദ്ദേഹം നാട്ടിൽ വരുമ്പോൾ കാണാമെന്ന് പറഞ്ഞു. ഫെബ്രുവരി 18-ാം തീയതി ഞങ്ങൾ പ്രധാനമന്ത്രിയെ കാണാൻ ഡൽഹിയിൽ പോയിരുന്നു. ശ്രീ. കെ. വി. തോമസ് എം. പി.യുടെ വസതിയിൽ ഒരു യോഗമാണ് നടന്നിട്ടുള്ളത്. ശ്രീ. കെ. വി. തോമസിന്റെ good offices ഇതിനായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ് അദ്ദേഹത്തിന്റെ വസതിയിൽ യോഗം ചേർന്നത്. മുൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ശ്രീ. കെ. വി. തോമസിന് ഈ കമ്പനിയുമായുള്ള ബന്ധം, എന്നുപറഞ്ഞാൽ അദ്ദേഹം കേന്ദ്ര സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് പോർട്ടിലെ ബാങ്കിംഗ് ട്രാൻസ്പോർട്ടിംഗ് എടുത്തിരുന്ന കമ്പനിയാണ്. ഇതിൽ യാതൊരു അഴിമതിയും നടന്നിട്ടില്ല എന്നുമാത്രമല്ല ഇതിന്റെ ബിഡ്ഡുമായി ബന്ധപ്പെട്ട ഒരു ചർച്ചകളും നടത്തിയിട്ടില്ല. കേരളത്തിലെ സാഹചര്യം അവരെ ബോദ്ധ്യപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചു. കേരളത്തിൽ ഇത് നടക്കുമോ; കേരളത്തിൽ ഇതിനൊരു സമവായം ഉണ്ടാകുമോ; അതിനുള്ള അന്തരീക്ഷം ഉണ്ടാകുമോ എന്നാണ് അദാനി ഗ്രൂപ്പ് ചോദിച്ചത്. കേരളത്തിൽ മെട്രോ റെയിൽ തർക്കമില്ലാതെ നടക്കുന്നുണ്ട്, കണ്ണൂർ വിമാനത്താവളം പണിമുടക്കില്ലാതെ നടക്കുന്നു, കൊച്ചിൻ റിഫൈനറിയുടെ വർക്ക് നന്നായി നടക്കുന്നുണ്ട് എന്നും കേരളത്തിലെ അന്തരീക്ഷം മാറിയതുകൊണ്ട് കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചു. അദാനിയുമായി കൂടിക്കാഴ്ച നടത്തിയത് തെറ്റാണെന്ന് നിങ്ങൾ പറയുന്നുണ്ടോ; നിങ്ങൾ അദാനിയെ കണ്ടിട്ടുണ്ടോ; ഞാൻ പറഞ്ഞുതരാം, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തെ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വന്ന റിപ്പോർട്ടാണിത് (പേപ്പർ കട്ടിംഗ് ഉയർത്തിക്കാണിച്ചു.) അദാനി ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് അന്നത്തെ മുഖ്യമന്ത്രിയെ കണ്ടതിന്റെ വാർത്തയാണ്. ...... (ബഹളം)........ അതിലെന്താണ് തെറ്റ്......

<u>മി. സ്പീക്കർ</u> : പ്ലീസ്........ പ്ലീസ്..........

<u>ശ്രീ. കെ. ബാബു</u> : സർ, കൂടാതെ അദാനിയുടെ ഒരു സ്റ്റേറ്റ്മെന്റ് വായിക്കാം...... Adani meets CM, express interests in Vizhinjam....... അദാനി അന്നത്തെ മുഖ്യമന്ത്രിയെ കണ്ടതിനുശേഷം നടത്തിയ പത്രസമ്മേളനമാണ്. അതിൽ എന്താണ് തെറ്റ്; കേരളത്തിൽ നിക്ഷേപം കൊണ്ടുവരുന്നതിനുവേണ്ടി എല്ലാ മന്ത്രിമാരും എല്ലാ മുഖ്യമന്ത്രിമാരും ഇൻവെസ്റ്റേഴ്സുമായി ചർച്ച നടത്തിയിട്ടുണ്ട്. നിങ്ങളും ചർച്ച നടത്തിയിട്ടുണ്ട്. അതിൽ യാതൊരു അഴിമതിയും നടന്നിട്ടില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, വിഴിഞ്ഞം തുറമുഖ പദ്ധതി

കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ്. 1991 മുതൽ ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുകയാണ്. പക്ഷേ ഇതുവരെ വിജയിച്ചിട്ടില്ല. ഇപ്പോൾ ഈ പദ്ധതി ഒരു അവസാന ഘട്ടത്തിലേക്കെത്തിനിൽക്കുകയാണ്. ടെണ്ടറും വിളിച്ചുകഴിഞ്ഞു. 8 ലക്ഷം രൂപ ഫീസടച്ച് ടെണ്ടർ വിളിച്ച സമയത്ത് ഫോം പലരും വാങ്ങിച്ചപ്പോൾ സംസ്ഥാന സർക്കാരിന് കുറച്ച് ഓവർ കോൺഫിഡൻസുണ്ടായി. അത് സമ്മതിക്കുന്നു. കാരണം 8 ലക്ഷം രൂപ കൊടുത്ത് ഫോം വാങ്ങിച്ചവർ ടെണ്ടറിൽ പങ്കെടുക്കാതിരിക്കുമോ? അതിൽ പങ്കെടുക്കുമെന്ന് സർക്കാർ വിശ്വസിച്ചു. അതുകൊണ്ട് ആരേയും കോൺടാക്ട് ചെയ്തില്ല. പക്ഷേ, അവസാന ദിവസം ആരും ഇതിന് അപേക്ഷിച്ചില്ല എന്ന് കണ്ടപ്പോൾ സർക്കാർ ആകെ അത്ഭുതപ്പെട്ടുപോയി. കാരണം എല്ലാവരുടേയും വലിയൊരു പ്രതീക്ഷയായിരുന്നു ഈ പദ്ധതി നടപ്പിലാകണമെന്നുള്ളത്. മാധ്യമങ്ങളൊക്കെ അതിരൂക്ഷമായി ഈ ഗവൺമെന്റിനെ വിമർശിച്ചിരുന്നു. എന്നാൽ ഞാൻ ആ വിമർശനത്തെ ഉൾക്കൊള്ളുന്നു. സ്വാഭാവികമായും ടെണ്ടർ വരുമെന്ന് ധരിച്ചു. സർക്കാർ ടെണ്ടർ ഫോം വാങ്ങിക്കുകയും അവർ വന്ന് പല വിധത്തിലുള്ള വിവരങ്ങൾ ആരായുകയും അതെല്ലാം അവർക്ക് കൊടുക്കുകയും ചെയ്തു. രൂക്ഷമായൊരു വിമർശനം വന്ന സമയത്ത് മുഖ്യമന്ത്രി എല്ലാ കമ്പനികളുമായും കോൺടാക്ട് ചെയ്യണമെന്നുള്ളൊരു തീരുമാനം ഡയറക്ടർ ബോർഡ് എടുത്തു. ആ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഞാൻ മാത്രമല്ല, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്, പ്രസ്തുത കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ, ഡൽഹി റസിഡന്റ് കമ്മീഷണർ, ശ്രീ. കെ. ബാബുവും കൂടിയുള്ള ഒരു ഫുൾ ടീമായി നിന്നു തന്നെയാണ് കണ്ടത്. അദാനി ഗ്രൂപ്പും ഒറ്റയ്ക്കല്ല വന്നത്, അവരുടെ കമ്പനിയുടെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുമായിട്ടാണ് വന്നത്. നമ്മൾ പരമാവധി അവരെ കൺവിൻസ് ചെയ്യിക്കാൻ ശ്രമിച്ചു. വല്ലാർപാടത്തിന്റെ സ്ഥിതിയെ സംബന്ധിച്ചും കേരളത്തിലെ പൊതുവായ അന്തരീക്ഷത്തെക്കുറിച്ചും അവർക്ക് പല സംശയങ്ങളുമുണ്ടായിരുന്നു. അതിനൊക്കെ അവർക്കൊരു ആത്മവിശ്വാസമുണ്ടാക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് ഞങ്ങൾ ചെയ്തത്. നമ്മൾ ഇവരെ മാത്രമല്ല, മറ്റു കമ്പനികളുമായും ബന്ധപ്പെട്ടു. പക്ഷേ ഞാൻ വിളിച്ച രണ്ടാമത്തെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ അന്ന് യൂറോപ്പിലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ കാണാൻ സാധിച്ചിരുന്നില്ല. ഇതിൽ ഒരു കാര്യം വ്യക്തമാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കിയിരിക്കും. അതിൽ യാതൊരു സംശയവും വേണ്ട. നിങ്ങൾക്ക് ഇക്കാര്യത്തിൽ ഏതു സംശയവും ഏത് നിർദ്ദേശവും വയ്ക്കാം. അതിൽ സ്വീകരിക്കാവുന്നത് മുഴുവനും സ്വീകരിക്കാൻ തയ്യാറാണ്. അഴിമതിയാരോപണം ഉന്നയിച്ച് ഈ പദ്ധതി ഇല്ലാതാക്കാൻ ശ്രമിച്ചാൽ അത് നടക്കില്ല എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ

പരിശ്രമങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് വളരെ വിശദമായി ചർച്ചചെയ്യുകയും ടെണ്ടർ കൊടുക്കുകയും ചെയ്തിരുന്നു. ടെണ്ടർ കൊടുത്ത സമയത്ത് ചൈനീസ് കമ്പനിയുമുണ്ടായിരുന്നു. ചൈനീസ് കമ്പനി ഉണ്ടായിരുന്നുവെന്നുള്ളതിന്റെ പേരിൽ ആ ടെണ്ടർ ഒഴിവാക്കുക എന്നുള്ളൊരു നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളെയെല്ലാംതന്നെ പരാജയപ്പെടുത്തുക എന്നുള്ള ലക്ഷ്യത്തോടുകൂടി കേന്ദ്രഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് ഇത് നടത്തുന്നതിനു വേണ്ടിയുള്ള ശ്രമമാണ് അന്ന് നടത്തിയത്. അതിനുവേണ്ടി ലാന്റ് ലോഡ് പോർട്ടായി ഇതിനെ മാറ്റണമെന്നും ഇതിനാവശ്യമായി ബഡ്ജറ്റിൽ 450 കോടി രൂപ നീക്കിവയ്ക്കണമെന്നും ബാങ്കുകളുടെ കൺസോർഷ്യം രൂപവൽക്കരിച്ച് 2500 കോടി രൂപ സ്വരൂപിക്കണമെന്നും നിശ്ചയിച്ചിരുന്നു. ഇതുസംബന്ധിച്ചുള്ള എല്ലാ നടപടികളും ആ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതാണ്. അതിൽനിന്നും വ്യത്യസ്തമായി, ഇത് ഏതാണ്ട് സ്വകാര്യ മേഖലയ്ക്ക് പോകുന്ന സ്ഥിതി ഉണ്ടാകുകയും അവർ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കാര്യങ്ങൾ നീങ്ങുകയും ചെയ്യുന്ന ഉൽക്കണ്ഠാജനകമായ സ്ഥിതി വന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റിന്റെ നീക്കത്തെ സംബന്ധിച്ച് ജനങ്ങൾ ചിന്തിക്കുകയും അഭിപ്രായപ്രകടനങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് മറ്റു പോർട്ടുകളിൽനിന്നും വ്യത്യസ്തമായി ഈ പോർട്ടിനുള്ള പ്രത്യേകത വളരെയേറെ ആഴമുള്ളതുകൊണ്ട് ഓരോ കപ്പലുകളും വന്നുപോകുമ്പോൾ മണ്ണ് നീക്കുന്നതിനുവേണ്ടിയുള്ള ഡ്രെഡ്ജിംഗ് ആവശ്യമല്ല എന്നുള്ളതാണ്. പ്രകൃതിദത്തമായ, അനുഗ്രഹീതമായ ആശ്വാസ നടപടികൾ നടത്താൻ തക്കവിധത്തിലുള്ള ഒരു പോർട്ടാണ് വിഴിഞ്ഞം പോർട്ട്. അതെല്ലാംതന്നെ മനസ്സിലാക്കിക്കൊണ്ട് ബാർഗെയിൻ ചെയ്യാൻ നമ്മുടെ ഭരണാധികാരികളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കോ മറ്റ് ആളുകൾക്കോ കഴിഞ്ഞില്ലായെന്നാണ് ഈ വിശദീകരണത്തിൽനിന്നെല്ലാം മനസ്സി ലാകുന്നത്. അതുകൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിന് സഹായകമായ നിലയിൽ ഈ പോർട്ട് കൈകാര്യം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തത് വളരെയധികം ശക്തമായ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. വളരെ സുതാര്യമായിട്ടുള്ള നിലയിലല്ല നിങ്ങൾ ഇതിനെ കൈകാര്യം ചെയ്യുന്നത്. നിങ്ങൾ തൊടുന്നതെല്ലാം അഴിമതിയാണ്, അത് ഇതിലും വരുമോയെന്ന് ന്യായമായി സംശയിച്ചാൽ ജനങ്ങളെ കുറ്റക്കാരാക്കാൻ ശ്രമിക്കരുത്. അത് വരാതിരിക്കാൻ തക്കവിധത്തിലും കേരളത്തിന്റെ പൊതുവായ താൽപ്പര്യത്തിന് മുൻഗണന നൽകി കൊണ്ടും ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് കഴിയണമെന്നുള്ളതാണ് മുൻപ് ഇത് കൈകാര്യം ചെയ്ത ആളെന്നുള്ള നിലയിൽ എനിക്ക് ഈ സഭയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും അറിയിക്കാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അന്ന് നിങ്ങൾ ഇതിനെ പാട്ടത്തിനുകൊടുക്കാൻ

വേണ്ടിയാണ് തീരുമാനിച്ചിരുന്നത്. ഞങ്ങൾ ഒരിഞ്ച് ഭൂമിപോലും വിൽക്കുകയോ പാട്ടത്തിനുകൊടുക്കുകയോ ചെയ്യുന്നില്ല. ഞങ്ങൾ ഇതിന് ലൈസൻസ് കൊടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് 7-ാം മത്തെ കൊല്ലം മുതൽ ഇൻകം നമുക്ക് കിട്ടും. സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കും. അതുകൊണ്ടാണല്ലോ ആദ്യം ടെണ്ടർ വിളിച്ചിട്ട് ആരും വരാതിരുന്നത്. ഇത് ലാഭക്കച്ചവടമായിരുന്നു, നല്ലതുപോലെ ഊറ്റിയെടുക്കാമെന്നു ണ്ടായിരുന്നെങ്കിൽ എല്ലാപേരും ചാടി വീഴുമായിരുന്നല്ലോ? ആരും വീണില്ല. നമ്മൾ വിളിച്ച് പറഞ്ഞ് ഒരു ആത്മവിശ്വാസം കൊടുത്ത് അവരെ കൊണ്ടുവരാൻ ശ്രമിക്കുകയാണ് ചെയ്തത്. അങ്ങേയ്ക്ക് ഞാൻ ഉറപ്പുതരുന്നു, എല്ലാം സുതാര്യമായിരിക്കും, ഒരു അഴിമതിക്കും സാഹചര്യമുണ്ടാക്കില്ല. ഈ മൂന്നുകാര്യങ്ങളും പറയും. എന്നിട്ടും എതിർക്കുകയാണെങ്കിൽ ആ എതിർപ്പിനെ ഈ ഗവൺമെന്റ് വകവയ്ക്കില്ല. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർ ത്ഥ്യമാക്കിയിരിക്കും.

<u>ശ്രീ. എം. ഹംസ</u> : സർ, വിഴിഞ്ഞം പദ്ധതി കേരളത്തിന്റെ വികസനത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണ്. 1996-ലെ നായനാർ ഗവൺമെന്റാണ് വിഴിഞ്ഞം തുറമുഖം സാക്ഷാത്കരിക്കാനാവശ്യമായിട്ടുള്ള പദ്ധതിക്ക് തുടക്കംകുറിച്ചത്. 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഈ സഭയുടെ മുമ്പാകെയും സർവ്വകക്ഷിയോഗത്തിലും വിഴിഞ്ഞം തുറമുഖം പദ്ധതി പബ്ലിക് സെക്ടറിലായിരിക്കും നടപ്പിലാക്കുക എന്ന് ഉറപ്പുനൽകിയിട്ടുണ്ടായിരുന്നു. ആ ഉറപ്പ് നിലനിൽക്കെ, 2013 ജനുവരി മാസം 18-ന് D.O. Lr.25/VIP(CM)/2013 എന്ന നമ്പറിൽ കേന്ദ്ര പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാന് പദ്ധതി റീസ്ട്രക്ച്ചർ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്ത് കൊടുത്തത് എന്തിനാണ്; കാബിനറ്റ് ഡിസിഷനില്ലാതെ, പബ്ലിക് സെക്ടറിൽ ആയിരിക്കുമെന്ന് നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാതെ അത് പുനഃപരിശോധിക്കാനായി ഇങ്ങനെയൊരു കത്ത് കൊടുത്തത് ശരിയാണോ എന്നതാണ് ആദ്യത്തെ ചോദ്യം; രണ്ടാമത്തെ ചോദ്യം, ഒരു കൊല്ലക്കാലത്തിനുള്ളിൽ 17,000 കോടി രൂപയുടെ ആസ്തി വികസിപ്പിച്ച ഒരു ഗ്രൂപ്പാണ് അദാനി ഗ്രൂപ്പ്. ശ്രീ. മോഡിയുടെ കൂടെ ലോകത്തെമ്പാടും സഞ്ചാരിക്കുകയും ഒരു കൊല്ലക്കാലം കൊണ്ട് 17,000 കോടി രൂപയുടെ ആസ്തി വർദ്ധിപ്പിക്കുകയും ചെയ്യണമെങ്കിൽ ഉപജാപകവൃന്ദത്തിന്റെ ഭാഗമായി മാത്രമെ അതിന് കഴിയുകയുള്ളൂ. അങ്ങനെ സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന അദാനി ഗ്രൂപ്പിന് ഇത് ഏല്പിച്ചുകൊടുക്കുന്നത് ശരിയാണോ എന്ന കാര്യം വ്യക്തമാക്കാമോ?

<u>ശ്രീ. കെ. ബാബു</u> : സർ, ശ്രീ. എം. ഹംസ പറഞ്ഞത് കഴിഞ്ഞ ഗവൺമെന്റ് വിഴിഞ്ഞം തുറമുഖ പദ്ധതി പൊതുമേഖലയിൽ നിലനിർത്താൻ തീരുമാനിച്ചിരുന്നു എന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ലാൻഡ് ലോർഡ് മോഡൽ എന്ന് അംഗീകരിച്ചപ്പോൾതന്നെ ഇതിൽ പി.പി.പി. ഘടകം ഉണ്ടായിരുന്നു. 18-10-2010-ൽ അതുമായി ബന്ധപ്പെട്ട ഓർഡർ ഇറക്കിയിട്ടുണ്ട്. 970 കോടി രൂപ പി.പി.പി. ഘടകമാണെന്ന് അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിങ്ങൾ വെറുതെ

തെറ്റിദ്ധരിപ്പിക്കരുത്. നിങ്ങളുടെ ക്യാബിനറ്റ് അംഗീകരിച്ച വ്യവസ്ഥ പ്രകാരം സർക്കാർ നിക്ഷേപത്തോടൊപ്പംതന്നെ ഇതിൽ 970 കോടി രൂപയുടെ പി.പി.പി. ഘടകവുമുണ്ടായിരുന്നു. നിങ്ങളുടെ ക്യാബിനറ്റ് അംഗീകരിച്ചതിന്റെ ഉത്തരവാണിത്. (ഉത്തരവിന്റെ പകർപ്പ് ഉയർത്തിക്കാണിക്കുന്നു). വേണമെങ്കിൽ ഇത് മേശപ്പുറത്ത് വയ്ക്കാം. നിങ്ങളുടെ ഭരണകാലത്ത് ലാൻഡ് ലോർഡ് മോഡലായിരുന്നു, ഞങ്ങളുടെ ഭരണകാലത്തും ലാൻഡ് ലോർഡ് മോഡലാണ്. നിങ്ങളുടെ ഭരണകാലത്ത് 970 കോടി രൂപയുടെ പി.പി.പി. ഘടകമുണ്ടായിരുന്നു. ഇപ്പോൾ ഈ പ്രോജക്ട് വലുതായി. നിങ്ങളുടെ ഭരണകാലത്ത് 9000 ടി.യു കപ്പൽ വരത്തക്കവിധത്തിലുള്ള പ്രോജക്ടായിരുന്നു. ഇപ്പോൾ 18000 ടി.യു. കപ്പൽ വരത്തക്കവിധത്തിലുള്ള പ്രോജക്ടാണ്. പ്രോജക്ടിന്റെ സൈസ് വലുതായതനുസരിച്ച് പി.പി.പി. ഘടകവും കൂടി. അതിൽ കൂടുതലായി ഒന്നും സംഭവിച്ചിട്ടില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാര്യം പറഞ്ഞു, പ്രധാനമന്ത്രിയുടെ രാഷ്ട്രീയ തീരുമാനങ്ങളോടും രാഷ്ട്രീയ നിലപാടുകളോടും ഈ ഗവൺമെന്റ് യോജിച്ചിട്ടില്ല. പൂച്ച കറുത്തതോ വെളുത്തതോ എന്നതല്ല ഞങ്ങളുടെ പ്രശ്നം, എലിയെപ്പിടിക്കണം എന്നുള്ളതാണ്. അതായത് ഈ പ്രോജക്ട് പ്രാവർത്തികമാകണം എന്നതാണ്. അതുകൊണ്ട് ഈ പോർട്ട് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ടെണ്ടർ ചെയ്തു. നിങ്ങളുടെ ഭരണകാലത്തും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് അദാനി ഗ്രൂപ്പിനെ പ്രീ-ക്വാളിഫൈ ചെയ്തിരുന്നു. അന്ന് അദാനി ഗ്രൂപ്പ് നല്ലതായിരുന്നോ? നിങ്ങളുടെ അന്നത്തെ തുറമുഖ വകുപ്പുമന്ത്രി ശ്രീ. വി. സുരേന്ദ്രൻപിള്ള അദാനിയെ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് 18-2-2012-ൽ കേന്ദ്ര ഗവൺമെന്റിലേയ്ക്കയച്ച കത്തിന്റെ കോപ്പിയാണിത് (കത്തിന്റെ കോപ്പി ഉയർത്തിക്കാണിക്കുന്നു). ഇവിടെ പ്രധാനമന്ത്രിയുമായി ചേർന്ന് സമ്പത്തുണ്ടാക്കി എന്നതല്ല ഞങ്ങളുടെ പ്രശ്നം. അത് രാഷ്ട്രീയമായി എതിർക്കേണ്ടപ്പോൾ ഞങ്ങൾ എതിർക്കുന്നുണ്ട്. ഇവിടത്തെ പ്രശ്നം, പല ടെണ്ടർ നടത്തിയെങ്കിലും ആരും എടുക്കാനുണ്ടായില്ല എന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, 2012-ൽ ശ്രീ. വി. സുരേന്ദ്രൻപിള്ള അയച്ച കത്ത് മേശപ്പുറത്ത് വയ്ക്കണം.

<u>ശ്രീ. കെ. ബാബു</u>: സർ, ശ്രീ. വി. സുരേന്ദ്രൻപിള്ള 2010-ൽ അയച്ച കത്തിന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കാം. 2012-ലെ കത്തല്ല, 2010-ലെ കത്താണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഈ നിയമസഭയിൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഴിഞ്ഞം പദ്ധതി പൊതുമേഖലയിലായിരിക്കുമെന്ന് നിരവധി തവണ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2013-ൽ മലക്കം മറിഞ്ഞു, പി.പി.പി. മോഡൽ ആകുമെന്ന് പറഞ്ഞു. പി.പി.പി. മോഡലാണെങ്കിൽതന്നെ മനസിലാകാത്ത കാര്യം, ഈ പ്രോജക്ട് സംബന്ധിച്ച് മത്സരാധിഷ്ഠിതമായി മുന്നോട്ടുപോകുന്ന നടപടിയിലേയ്ക്ക് സർക്കാർ നീങ്ങിയിട്ടില്ല എന്നതാണ്. ഇത്

സംബന്ധിച്ച് വാർത്തകൾ വന്നിട്ടുണ്ട്, ഒട്ടേറെ ദുരൂഹതകൾ നിലനിൽക്കുകയാണ്. ഒരു കമ്പനി അവരുടെ പങ്കാളിയെ മാറ്റി പുതിയ ടെണ്ടർ നൽകാൻ തയ്യാറായിരുന്നു. പൊതുവായ മത്സരത്തിന് അവസരമൊരുക്കുന്ന കാര്യത്തിൽ ഈ സർക്കാർ യാതൊരു താൽപ്പര്യവും കാണിക്കാതെ അദാനിക്ക് ഏൽപ്പിച്ചുകൊടുക്കാൻ അമിതമായ താൽപ്പര്യമെടുത്തു എന്നതാണ് ഉയർന്നുവന്നിട്ടുള്ള വിഷയം. അതാണ് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചത്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ പുറത്തുവരണമെന്ന് ആവശ്യപ്പെട്ടാൽ എങ്ങനെയാണ് വികസന വിരോധിയാകുന്നത്? വിഴിഞ്ഞം പദ്ധതി കേരളത്തിന്റെ ഭാവിവികസനത്തെ ത്വരിതപ്പെടുത്തുന്നതാണ്, അത് പ്രാവർത്തികമാകണമെന്ന കാര്യത്തിൽ ഇടതുപക്ഷത്തിന് ഒറ്റ നിലപാടേയുള്ളൂ. പുറത്തുവന്ന വാർത്തകൾവച്ച് 30 ശതമാനം ഭൂമി, ഓപ്പറേറ്ററായ അദാനി ഗ്രൂപ്പിന് വിട്ടുനൽകണമെന്നാണ്. ഇതിലൂടെ അവർക്ക് റിയൽ എസ്റ്റേറ്റ് നടത്താനുള്ള അവസരം ലഭിക്കും. ഇത് സംസ്ഥാന താൽപ്പര്യങ്ങൾക്ക് ഗുണകരമല്ല. പ്രോജക്ട് മത്സരാധിഷ്ഠിതമായി മുന്നോട്ടു പോകാൻ ഈ ഗവൺമെന്റ് എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല, ഇത് നഷ്ടമാണെന്ന പ്രതീതിയുണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. ഇതാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ശക്തമായ അഭിപ്രായവ്യത്യാസമുണ്ടാകാൻ കാരണം. അത് സംബന്ധിച്ച് മറുപടി പറയണം.

ശ്രീ. കെ. ബാബു: സർ, ഇതിന്റെ ടെണ്ടറുമായി ബന്ധപ്പെട്ട് അന്തർദേശീയ തലത്തിൽ പ്രചാരത്തിലുള്ള ഇംഗ്ലീഷ് പത്രങ്ങളിലും ദേശീയ തലത്തിൽ പ്രചാരമുള്ള പത്രങ്ങളിലും കേരളത്തിലെ പ്രാദേശിക പത്രങ്ങളിലും പരസ്യം നൽകിയിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ടെണ്ടറുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിൽ പരസ്യം നൽകിയിട്ടുണ്ടോ അവയെല്ലാം ഇപ്പോഴും ചെയ്തിട്ടുണ്ട്. ഇത് സ്വകാര്യമായി ഒരു കമ്പനിയെ ഏൽപ്പിക്കാൻ ഒരു ഗവൺമെന്റിനും സാധ്യമല്ല. എല്ലാ എംബസികളിലും അറിയിച്ചിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് ഡൽഹിയിലും മുംബൈയിലും കേരളത്തിലും യോഗങ്ങൾ നടന്നിട്ടുണ്ട്. മുംബൈയിൽ നടന്ന റോഡ് ഷോയിൽ ഞാൻ പങ്കെടുത്തിരുന്നു. ബിഡ് വളരെ സുതാര്യമായി ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങളെല്ലാം തുടക്കംമുതൽതന്നെ വെബ്സൈറ്റിലുണ്ട്. എല്ലാ തലങ്ങളിലും പരസ്യം കൊടുത്തിട്ടുണ്ട്. നിങ്ങൾ ടെണ്ടർ ചെയ്തപ്പോൾ, ലാൻഡ് ലോർഡ് മോഡൽ ചെയ്തപ്പോൾ, ഒരേ ഒരു കമ്പനിയാണ് വന്നത്. അതിനുമുമ്പ് ടെണ്ടർ ചെയ്തപ്പോൾ ആരും വന്നില്ല. നിങ്ങൾ ടെണ്ടർ ചെയ്തപ്പോഴും ഞങ്ങൾ ടെണ്ടർ ചെയ്തപ്പോഴും കാര്യമായി കമ്പനികൾ ഇതിൽ പങ്കെടുത്തിട്ടില്ല എന്നതാണ് പ്രശ്നം. അന്തർദേശീയ തലത്തിലുൾപ്പെടെ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും എല്ലാവരും അറിയത്തക്കവിധത്തിൽ പരസ്യം കൊടുത്തിരുന്നു, എംബസികളിൽ അറിയിച്ചിരുന്നു, റോഡ് ഷോ നടത്തിയിരുന്നു. എന്നാൽ റോഡ് ഷോയിൽ പങ്കെടുത്ത കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തില്ല. വളരെ സുതാര്യമായാണ് എല്ലാം ചെയ്തത്. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും വെബ്സൈറ്റിലുണ്ട്.

<u>ശ്രീ. ബി. സത്യൻ</u>: സർ, വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഏകദേശം രണ്ട് പതിറ്റാണ്ടുകാലത്തെ പഴക്കമുണ്ട്. 1996-ൽ നായനാർ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയാണിത്. 2007-ൽ വളരെ സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുത്ത് സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ നിയന്ത്രണത്തിൽ കൊണ്ടു വരാൻവേണ്ടിയുള്ള പരിശ്രമം നടത്തിയിരുന്നു. എസ്.ബി.ടി., എസ്.ബി.ഐ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ഗവൺമെന്റ് നേരിട്ട് ഇടപെട്ട് നടത്തിയ സംരംഭമായിരുന്നു. 2007-ൽ പ്രത്യക്ഷത്തിൽതന്നെ ഏകദേശം 115 കോടിയോളം രൂപ സർക്കാരിന് വരുമാനം ലഭിക്കുമെന്ന് ഉറപ്പുണ്ടായിരുന്നു. ഇപ്പോൾ 20 വർഷം കാത്തിരിക്കണമെന്നും പൊതുമേഖലയിൽ നിലനിർ<u>ത്തു</u>മെന്നുമൊക്കെ പറയുന്നു. അദാനിയുമായി ചർച്ച നടത്തി അദാനിയെ ഏൽപ്പിച്ചുകൊടുക്കുന്നു എന്നു പറഞ്ഞാൽ, ഒരു ഗവൺമെന്റ് ഒരു വ്യക്തിയുടെ മുന്നിൽ കീഴടങ്ങി, അദാനി ഇത് ഏറ്റെടുത്ത് എങ്ങനെയെങ്കിലും കേരളത്തിന്റെ താൽപ്പര്യം ഒന്ന് സംരക്ഷിച്ചുതരണേയെന്ന് നിലവിളിക്കുന്ന അവസ്ഥയിലേക്ക് കേരളം മാറേണ്ടതായിട്ടുണ്ടോ? ഇത് പി.പി.പി. മോഡലിൽ നടപ്പാക്കുമെന്നും പൊതുമേഖലയിൽ നടപ്പിലാക്കുമെന്നും ലൈസൻസ് കൊടു<u>ത്തു</u>കൊണ്ട് ഈ സ്ഥാപനം പ്രവർത്തിക്കാൻവേണ്ടിയുള്ള സംവിധാനമൊരുക്കുമെന്നും പറയുന്നതിൽ അവ്യക്തതയുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ള പ്രോജക്ടിൽ എന്തെങ്കിലും അവ്യക്തതയോ തെറ്റുകുറ്റങ്ങളോ ഉണ്ടെങ്കിൽ തുറന്നുപറയണം. അതിൽ ഇന്നയിന്ന അപാകതകളുണ്ട്, അത് തിരു<u>ത്തു</u>കയാണെന്ന് സഭയിൽ പറയണം. മുഖ്യമന്ത്രിയോ മറ്റ് മന്ത്രിമാരോ അങ്ങനെ പറയുന്നില്ല. ഇത് അവ്യക്തതയിൽത്തന്നെ ഇപ്പോഴും തുടരുന്നു. പ്രതിപക്ഷത്തെയും മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികളെയുമൊക്കെ മാറ്റിനിർത്തി രഹസ്യമായി ഒരു സംവി ധാനമുണ്ടാക്കി ഇത് നടപ്പിലാക്കാമെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇതുസംബന്ധിച്ച പ്രതിസന്ധി എന്താണെന്ന് കേരളത്തിലെ ജനങ്ങളോട് തുറന്നു പറയണം. ഈ പദ്ധതി നടപ്പിലാക്കേണ്ടെന്നുപറഞ്ഞ് പ്രതിപക്ഷം എങ്ങനെയാണ് തടസ്സം ചെയ്തത്, എന്തിനാണ് ആ നിലയിലേയ്ക്ക് പോകുന്നത്. എന്താണ് വസ്തുത എന്നത് സഭയിൽത്തന്നെ പറയണമെന്നാണ് നിർദ്ദേശിക്കാനുള്ളത്.

<u>മി. സ്പീക്കർ:</u> ചോദ്യോത്തരസമയം പ്രസംഗമാക്കി മാറ്റിയാൽ മറ്റ് ചോദ്യകർത്താക്കൾക്ക് ചോദിക്കാനുള്ള അവസരമുണ്ടാവുകയില്ല. ചോദ്യോത്തര സമയം ഒരു മണിക്കൂർ മാത്രമാണ്. അത് നമുക്ക് ദീർഘിപ്പിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ചോദ്യവും മറുപടിയും ചുരുക്കേണ്ടതാണ്.

<u>ശ്രീ. കെ. ബാബു: </u>സർ, ഈ പദ്ധതി സുതാര്യമായി നടപ്പാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികളെക്കുറിച്ചാണ് ഞാനിവിടെ ഇത്രയും നേരം പറഞ്ഞത്. ഇതിന്റെ ലാഭത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ബി. സത്യൻ ഇവിടെ പറഞ്ഞത്. ടെണ്ടർ പ്രകാരം ഏഴാമത്തെ വർഷം മുതൽ സർക്കാരിന് ലാഭ

വിഹിതം ലഭിക്കും. പതിനഞ്ചാമത്തെ വർഷംമുതൽ ഒരു ശതമാനത്തിൽ തുടങ്ങി 40 ശതമാനം വരെ ലാഭംവിഹിതം ലഭിക്കുന്ന വിധത്തിലാണ് ഇതിന്റെ ടെണ്ടർ. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള ടെണ്ടറിൽ 30 വർഷത്തേയ്ക്ക് ഗവൺമെന്റിന് ലാഭവിഹിതമോ യാതൊരു ഷെയറോ ലഭിക്കുകയില്ല. കഴിഞ്ഞ പ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ വെൽസ്പൺ കമ്പനി ടെണ്ടറിൽ പങ്കെടുത്തിരുന്നു. കഴിഞ്ഞ ഗവൺമെന്റ് ക്ഷണിച്ച ടെണ്ടർ ഈ ഗവൺമെന്റാണ് ഓപ്പൺ ചെയ്തത്. സിംഗിൾ ടെണ്ടറായിരുന്നു. ആ ടെണ്ടർ പ്രകാരം 974 കോടി രൂപ വെൽസ്പൺ കമ്പനി മുടക്കുമ്പോൾ 474 കോടി രൂപ അവർക്ക് ഗവൺമെന്റ് ഗ്രാന്റ് നൽകണം. നിങ്ങളുടെ കാലത്തെ ടെണ്ടർ ഞങ്ങൾ ഓപ്പൺ ചെയ്തപ്പോഴുണ്ടായ വ്യവസ്ഥയാണ് ഈ പറയുന്നത്. നിങ്ങളുടെ ടെണ്ടറിലുണ്ടായിരുന്ന പി.പി.പി. ഘടകം 974 കോടി രൂപയാണ്. അതാണ് നിങ്ങളുടെ ടെണ്ടറിന്റെ മഹത്വം. പതിനഞ്ചാമത്തെ വർഷം മുതൽ ലാഭവിഹിതമല്ല, റവന്യൂ ഷെയറാണ് ലഭിക്കുന്നത് എന്നതാണ് ഈ ടെണ്ടറിന്റെ മഹത്വം. കൂടാതെ, ഏഴാമത്തെ വർഷം മുതൽ പോർട്ട് എസ്റ്റേറ്റിൽ നിന്നുള്ള ഷെയറും ലഭിക്കും. ഇതാണ് അവ തമ്മിലുള്ള വ്യത്യാസം. ഇത് സർക്കാരിന്റെ താൽപ്പര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ടെണ്ടറാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം പദ്ധതി എന്തുവന്നാലും നടപ്പാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന വളരെ സ്വാഗതാർഹമാണ്. ഇടതുപക്ഷമുന്നണി സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണ് ഈ പദ്ധതി എന്നാണ് ഇവിടെ പലരും പറയുന്നത്. എന്നാൽ കെ. കരുണാകരൻ മുഖ്യമന്ത്രിയും എം. വി. രാഘവൻ തുറമുഖ വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ തുടങ്ങിയ ഒരാശയമാണിത്. ഞാനതിന്റെ ചരിത്രത്തിലേക്കൊന്നും പോകുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുവേണ്ടി കമ്പനികളിൽനിന്ന് ടെണ്ടർ ക്ഷണിച്ചപ്പോൾ അതിന്റെ യോഗ്യതാ നിർണ്ണയം പൂർത്തിയാക്കിയ കമ്പനികളുടെ കൂട്ടത്തിൽ അദാനി കമ്പനിയുണ്ടായിരുന്നോ; ടെണ്ടർ നടപടികൾ ആരംഭിച്ചതിനുശേഷം അന്നത്തെ മുഖ്യമന്ത്രി അദാനി ഗ്രൂപ്പ് ഓഫ് കമ്പനിയുടെ ഉടമയുമായി ചർച്ച നടത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കൂടിക്കാഴ്ചയുടെ മിനിട്ട്സ് തയ്യാറാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. ബാബു: സർ, ഇവിടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്കുവേണ്ടി ടെണ്ടർ വിളിച്ചപ്പോൾ യോഗ്യത നേടിയ കമ്പനികളുടെ കൂട്ടത്തിൽ അദാനി ഗ്രൂപ്പ്, അതായത് മുദ്രാ പോർട്ട്സും ഉണ്ടായിരുന്നു. കമ്പനി ചെയർമാനുമായി അന്നത്തെ മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഞാൻ നേരത്തെ ഇവിടെ വായിച്ചു.

ശ്രീ. ഇ. പി. ജയരാജൻ: സർ, അതിലെന്തെങ്കിലും പിശകുണ്ടോ ?

ശ്രീ. കെ. ബാബു: സർ, ഞാനും എന്തെങ്കിലും പിശകുണ്ടോയെന്നു തന്നെയാണ് ചോദിച്ചത്? ഈ കൂടിക്കാഴ്ചയുടെ മിനിട്ട്സ് തയ്യാറാക്കിയതായി രേഖകളിൽ കാണുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അന്നത്തെ മുഖ്യമന്ത്രിയെ അദാനി ഗ്രൂപ്പിന്റെ ചെയർമാൻ കണ്ടിട്ടുണ്ട്. അതിന്റെ പത്രവാർത്ത യുമുണ്ടായിട്ടുണ്ട്. അദാനി ഗ്രൂപ്പിന്റെ ചെയർമാൻ പത്രവാർത്ത നടത്തിയിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ): സർ, അന്ന് ഏതെങ്കിലും തരത്തിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അദാനി കമ്പനിക്ക് കൊടുക്കാമെന്ന് അന്നത്തെ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടോ; അതോ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സ്വന്തമായി നടത്തുകയെന്ന തീരുമാനമാണോ കൈക്കൊണ്ടത്?

ശ്രീ. കെ. ബാബു: സർ, ഞാൻ പറഞ്ഞത് ഇത്രയേയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അദാനി ഗ്രൂപ്പ് ചെയർമാനുമായി അന്നത്തെ മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. എന്നാൽ അതിന് മിനിട്ട്സ് ഉണ്ടോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ചു, മിനിട്ട്സ് ഇല്ല. ഞങ്ങളും കൂടിക്കാഴ്ച നടത്തിയതിന് മിനിട്ട്സ് ഇല്ല. അതിൽ തെറ്റില്ല. മിനിട്ട്സിന്റെ ആവശ്യമില്ലായെന്നാണ് ഞാൻ പറയുന്നത്. കാരണം, ഇതുപോലുള്ള ഇൻവെസ്റ്റേഴ്സ് മീറ്റിന് ഏതെങ്കിലും കമ്പനികളുമായി ചർച്ച നടത്തുമ്പോൾ അതിന് മിനിട്ട്സ് തയ്യാറാക്കുന്ന കീഴ്വഴക്കം കേരളത്തിലില്ല. നിങ്ങൾ, മുഖ്യമന്ത്രിയും ഞാനുമുൾപ്പെടെ അദാനി ഗ്രൂപ്പ് കമ്പനിയുമായി കൂടിക്കാഴ്ച നടത്തിയതിന് മിനിട്ട്സ് ഉണ്ടോയെന്ന് സർവ്വകക്ഷിയോഗത്തിൽ ചോദിച്ചു. അന്നും ഇന്നും മിനിട്ട്സ് ഇല്ല. അത് ഒരു തെറ്റായി ഞാൻ പറയുന്നുമില്ല.

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: സർ, മിനിട്ട്സ് ഉണ്ടോ ഇല്ലയോ എന്നുള്ളതിനെ പറ്റിയല്ലല്ലോ ചോദിച്ചത്; നിങ്ങൾ ഇപ്പോൾ അദാനി ഗ്രൂപ്പിന് എല്ലാവിധത്തിലുമുള്ള സഹായവും ചെയ്യാൻ ഒത്താശയോടുകൂടി നിൽക്കുന്നു. നിങ്ങളുടെ ചർച്ചകൊണ്ട് എന്താണുദ്ദേശിച്ചതെന്ന് ഇപ്പോൾ വ്യക്തമായിരിക്കുകയാണ്. അത് തീരുമാനിച്ചതായതു കൊണ്ട് അതിന്റെ മിനിട്ട്സ് ആവശ്യപ്പെട്ടതാണ്.

ശ്രീ. കെ. ബാബു: സർ, ഞാൻ പറഞ്ഞല്ലോ ഇത്തരം കൂടിക്കാഴ്ചകൾക്ക് മിനിട്ട്സ് തയ്യാറാക്കുന്ന കീഴ്വഴക്കം കേരളത്തിലില്ല. അന്ന് അങ്ങ് കണ്ടപ്പോഴും മിനിട്ട്സില്ല, ഇപ്പോഴുമില്ല. പിന്നെ ഞങ്ങൾ ടെണ്ടർ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് യാതൊരു ചർച്ചയും നടത്തിയിട്ടില്ല. ടെണ്ടർ വ്യവസ്ഥകളെല്ലാം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. ഞങ്ങളുടെ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ടെണ്ടർ വ്യവസ്ഥയിലെന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നല്ലേ അറിയേണ്ടത്; വെബ്സൈറ്റിൽ നോക്കിയാലത് മനസ്സിലാകും. പ്രതിപക്ഷ നേതാവുൾപ്പടെയുള്ള എല്ലാ നേതാക്കൾക്കും ഞങ്ങൾ ബന്ധപ്പെട്ട രേഖകളെല്ലാം സർവ്വകക്ഷിയോഗത്തിനുമുമ്പ് നൽകിയിട്ടുണ്ട്. കേരളത്തിലെ മീഡിയകൾക്കെല്ലാം കൊടുത്തിട്ടുണ്ട്. അത് ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഇതിന്റെ രഹസ്യസ്വഭാവം

സൂക്ഷിക്കേണ്ടതായ ബിഡ് ഡോക്യുമെന്റ് മാത്രം ആ വ്യവസ്ഥയനുസരിച്ച് നൽകിയിട്ടില്ല. അത് അന്ന് ആ യോഗത്തിലും പറഞ്ഞു. ഞങ്ങളുടെ കൂടിക്കാഴ്ചയിൽ അവർക്ക് എന്തെങ്കിലും ആനുകൂല്യം നൽകാമെന്ന് യാതൊരു ഉറപ്പും നൽകിയിട്ടില്ല. തെറ്റിദ്ധരിക്കേണ്ട. നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള വ്യവസ്ഥകളാണ്. പിന്നെ എങ്ങനെയാണ് മാറ്റം വരുത്തുന്നത്? ടെണ്ടർ വ്യവസ്ഥകൾ നേരത്തെ പ്രഖ്യാപിക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നെ എങ്ങനെയാണ് അവയിൽ മാറ്റം വരുത്തുന്നത്? മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ നോക്കിയാൽ മനസ്സിലാകില്ലേ; അതുകൊണ്ട് തെറ്റിദ്ധാരണ വേണ്ട. അങ്ങ് കൂടിക്കാഴ്ച നടത്തിയതിൽ ഒരു തെറ്റുമുണ്ടെന്ന് ഞാൻ പറഞ്ഞില്ല. അങ്ങ് കൂടിക്കാഴ്ച നടത്തിയത് വിഴിഞ്ഞം പദ്ധതി വരണമെന്ന താൽപ്പര്യത്തിന്റെ പേരിലാണ്. ഞങ്ങളും കൂടിക്കാഴ്ച നടത്തിയത് വിഴിഞ്ഞം പദ്ധതി വരണമെന്നുള്ള ആഗ്രഹം കൊണ്ടാണ്. അതുകൊണ്ട് രണ്ട് കൂടിക്കാഴ്ചയും തെറ്റായി വ്യാഖ്യാനിക്കേണ്ട കാര്യമില്ല.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ:</u> സർ, അന്നത്തെ ഗവൺമെന്റ് ഒരു തീരുമാന മെടുത്തിരുന്നു. ഈ കൂടിക്കാഴ്ച ഫലപ്രദമല്ല, കേരളാ ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് അതിന് പണമുണ്ടാക്കി സ്വന്തം നിലയിൽ ഈ പദ്ധതി നടപ്പാക്കണമെന്നതായിരുന്നു അന്നത്തെ തീരുമാനം. അത് ഞാൻ നേരത്തെ സൂചിപ്പിച്ചു.

<u>ശ്രീ. കെ. ബാബു:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൂടിക്കാഴ്ച നടത്തിയതിനുശേഷം ലാൻഡ് ലോർഡ് പോർട്ട് മോഡൽ നിങ്ങൾ തീരുമാനിച്ചുവെന്നല്ലേ പറയുന്നത്. ആ ലാന്റ് ലോർഡ് മോഡലിൽ 974 കോടി രൂപ പി.പി.പി. ഘടകമായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അതാണ് രേഖകൾ കാണിക്കുന്നത്. അങ്ങ് ചെയർ ചെയ്ത യോഗത്തിൽ തീരുമാനിച്ച കാര്യമാണ് ഞാൻ പറഞ്ഞത്. അതിലെ ഓർഡർ ആണ് ഞാൻ ക്വാട്ട് ചെയ്തത്. വേണമെങ്കിൽ ആ ഓർഡർ ഞാൻ മേശപ്പുറത്ത് വയ്ക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, പാർലമെന്റിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി വിഴിഞ്ഞം തുറമുഖം പൊതുമേഖലയിൽ സ്ഥാപിക്കണമെന്നാണ് ശിപാർശ ചെയ്തത്. ഈ കമ്മിറ്റിയിൽ സി.പി.ഐ.(എം), കോൺഗ്രസ് (ഐ), ബി.ജെ.പി. എന്നീ പാർട്ടികളുടെ മെമ്പർമാർ ഉൾക്കൊള്ളുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയാണിത്. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഒന്നിലേറെ തവണ ഇത് ലാന്റ് ലോർഡ് പ്രോജക്ടായിമാത്രമെ നടപ്പാക്കുവെന്ന് നിയമസഭയ്ക്ക് ഉറപ്പുനൽകിയതാണ്. അതിൽനിന്ന് മാറ്റം വന്നതിന്റെ കാരണം ഇപ്പോഴും ദുരൂഹമാണ്. അദാനി ഗ്രൂപ്പിന് ഇപ്പോൾ ഇത് നൽകിയപ്പോൾ 7000 കോടി രൂപയുടെ പദ്ധതിയിൽ 2000 കോടി രൂപ മാത്രമാണ് അദാനിയുടെ മുതൽമുടക്ക്. നമ്മുടെ നാടിന്റെ സമ്പത്ത് സ്വകാര്യ മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ഒരു പദ്ധതിയായി ഇത് മാറി. ഈ പ്രോജക്ട് വരണമെന്നുള്ള കാര്യത്തിൽ

ആർക്കും അഭിപ്രായവ്യത്യാസമില്ല. വിഴിഞ്ഞം പ്രോജക്ട് യാഥാർത്ഥ്യമാക്കുകതന്നെ വേണം. അതിനിപ്പോൾ അദാനി നൽകിയിട്ടുള്ളതിനെക്കാൾ മെച്ചപ്പെട്ട, കേരളത്തിലെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ആരെങ്കിലും രംഗത്തുണ്ടോയെന്നുപോലും പരിശോധിക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറായില്ല? അദാനിയും മുഖ്യമന്ത്രിയുമായി നടത്തിയ രഹസ്യ ചർച്ചയിലുണ്ടാക്കിയ രഹസ്യ കരാറിനെത്തുടർന്ന് ഈ പദ്ധതിയിൽ പങ്കാളിത്തം വഹിക്കാനെത്തിയ 5 കമ്പനികൾ 3 കമ്പനികളായി ചുരുങ്ങി. ആ മൂന്നു കമ്പനികളിൽ രണ്ടു കമ്പനികളെ അദാനി വിഴുങ്ങി. അവസാനം അദാനി മാത്രമായിട്ടുമാറി. ആ അദാനിക്ക് കരാർ കൊടുക്കുന്നതാണ് ഇതിലെ ദുരൂഹത. കേരളത്തിലെ താല്പര്യം സംരക്ഷിക്കാൻവേണ്ടി പ്രശ്നങ്ങൾ ഉന്നയിക്കേണ്ട ബാധ്യത ഞങ്ങൾക്കുണ്ട്, ഞങ്ങളത് ഉന്നയിക്കും. മുല്ലപ്പെരിയാർ കരാർ ഇപ്പോഴും ചർച്ച ചെയ്യപ്പെടുകയാണ്. അന്നുണ്ടാക്കിയ കരാർ ഇപ്പോഴും വിമർശന വിധേയമായി കൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യം ഉണ്ടാകാൻ പാടില്ലായെന്നുള്ളതു കൊണ്ടും ഇതെല്ലാം സുതാര്യമായി മാത്രമേ നടക്കാവൂ എന്നുള്ളതുകൊണ്ടുമാണ് ഇത് പൊതുമേഖലയിൽ വേണം എന്നുപറയുന്നത്. അദാനി എന്നുപറയുന്ന കമ്പനിയെ സഹായിക്കുകയെന്നതാണ് ഈ കരാറിലെ എല്ലാ വ്യവസ്ഥകളിലുമുള്ളത്. അത് മാറ്റണമെന്നതാണ് ഞങ്ങൾ ഈ പ്രശ്നത്തിലുന്നയിച്ചിട്ടുള്ളത്. എന്തോ ഗൂഢോദ്ദേശ്യം ഗവണ്മെന്റിനുള്ളതു കൊണ്ടല്ലേ ഇതിൽതന്നെ ഉറച്ചുനിൽക്കുന്നത് ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഇതിന്റെ പിന്നിലൊരു ഗൂഢോദ്ദേശ്യമുണ്ട്. അത് വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുകയെന്നതാണ്. ആ കാര്യത്തിൽ ജനങ്ങൾക്ക് ഒരു സംശയവുമില്ല. നിങ്ങൾ കൂടിയാലോചന നടത്തി, കാര്യം നടന്നില്ല. ഞങ്ങൾ ആലോചന നടത്തിയത് കാര്യം നടത്തിക്കാനുള്ള പരിപാടിയായിട്ടാണ്. ജനങ്ങൾക്കാവശ്യം റിസൽറ്റാണ്. അല്ലാതെ ചർച്ച നടത്തുന്നതും മറ്റു കാര്യങ്ങളൊന്നുമല്ല. ഞാൻ പറഞ്ഞല്ലോ ഇത് സുതാര്യമായിരിക്കും, സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കും. എന്ത് നല്ല നിർദ്ദേശമുണ്ടെങ്കിലും ഞങ്ങൾ സ്വീകരിക്കാം. പക്ഷെ വിഴിഞ്ഞം പ്രോജക്ട് നടപ്പിലാക്കുന്നതിന് തടസ്സം പറഞ്ഞാൽ അത് അംഗീകരിക്കില്ല. ഞങ്ങൾക്ക് നിങ്ങളുടെ പ്രയാസം നല്ലതുപോലെ അറിയാം. ശ്രീ. എം. വിജയകുമാർ തിരുവനന്തപുരത്തുകാരനാണ്. അദ്ദേഹം മന്ത്രിയായിരുന്നിട്ടും വിഴിഞ്ഞം പദ്ധതി നടപ്പിലാക്കാതെ വരികയും ഞങ്ങൾ നടപ്പിലാക്കുകയും ചെയ്താൽ നിങ്ങൾക്കുണ്ടാവുന്ന ബുദ്ധിമുട്ടുകൾ ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. എന്നാലും ഞങ്ങളത് നടപ്പിലാക്കിയിരിക്കും.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത് ആരെങ്കിലും നടത്തിയാൽ മതിയെന്ന നിങ്ങളുടെ സമീപനത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. അത് പൊതുമേഖലയിൽ ആയിരിക്കണമെന്നും ലാന്റ് ലോർഡ് മോഡൽ ആയിരിക്കണമെന്നുമൊക്കെയുള്ള വ്യവസ്ഥകളോടുകൂടി വരാൻ തയ്യാറായ ആളുകളെയെല്ലാം ഉപേക്ഷിച്ചിട്ട് സ്വന്തമായും കേരളത്തിന്റെ കാലിൽ

നിന്നുകൊണ്ട് ഇത് നടപ്പിലാക്കാനുള്ള പരിശ്രമമാണ് നടത്തിയതെന്ന സത്യം അങ്ങയുടെ വിശദീകരണത്തോടുകൂടി ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്. എങ്ങനെയെങ്കിലും വിഴിഞ്ഞം പോർട്ട് നടപ്പിലാക്കിയാൽ മതിയെന്ന് പറയുമ്പോൾ അതിനർത്ഥം സ്വകാര്യമേഖലക്കാരനായിട്ടുള്ളവന് കേരളത്തിന്റെ താല്പര്യം അടിയറവ് വച്ചിരിക്കുന്നതു കൊണ്ട് അദ്ദേഹം ഇത് നടപ്പിലാക്കുമെന്നാണ്. അങ്ങനെ നടപ്പിലാക്കുന്നതിനെ ആർക്കും അനുകൂലിക്കാൻ കഴിയില്ല. കേരളത്തിന്റെ താല്പര്യത്തെക്കുറിച്ച് ചിന്തിക്കുന്ന ഒരാൾക്കു പോലും അത് അംഗീകരിക്കാൻ കഴിയില്ല എന്നുള്ള നിലയിൽ ഞങ്ങളും അതിനെ എതിർക്കുകയാണ് എന്ന സത്യം ഇപ്പോഴും അറിയിക്കുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, നെടുമ്പാശ്ശേരി പ്രോജക്ട് ഇന്ന് ഇൻഡ്യയ്ക്ക് മാതൃകയാണ്. കെ. കരുണാകരൻ കൊണ്ടുവന്ന സിയാൽ മോഡൽ നെടുമ്പാശ്ശേരി പ്രോജക്ടിനെ നിങ്ങൾ എതിർത്തില്ലേ?.......(ബഹളം)......എല്ലാ കാര്യങ്ങളോടും നിങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. നിങ്ങളുടെ എതിർപ്പുകണ്ട് പുറകോട്ടുപോയി കേരളത്തിന് ഒത്തിരി നഷ്ടം വരികയും ചെയ്തിട്ടുണ്ട്. ഇനി അങ്ങനെ നഷ്ടംവരാൻ ഈ ഗവൺമെന്റ് അനുവദിക്കില്ല.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u> : സർ, …………… (ബഹളം) ……

<u>മി. സ്പീക്കർ</u> : ഈ ഒരു ചോദ്യത്തിന്മേൽ പ്രതിപക്ഷ നേതാവ് എത്രപ്രാവശ്യം ചോദ്യം ചോദിച്ചു. ….. (ബഹളം) ……

<u>ശ്രീ. വർക്കല കഹാർ</u> : സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.എഫ്.സി. തയ്യാറാക്കിയ ടെണ്ടർ വ്യവസ്ഥകൾ ചർച്ച ചെയ്യാൻ സർവ്വകക്ഷി യോഗം വിളിച്ചിരുന്നോ; ആ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ചിരുന്നോ ?

<u>ശ്രീ. കെ. ബാബു</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വലിയൊരു തർക്കമുണ്ടായി. ആയിരം ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് ആദ്യം തീരുമാനിച്ചത്. അതിനെത്തുടർന്ന് വിഴിഞ്ഞത്ത് വലിയ എതിർപ്പുണ്ടായപ്പോൾ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നം ചർച്ച ചെയ്യാൻ ഒരു സർവ്വകക്ഷി യോഗം കൂടിയിരുന്നു. പക്ഷെ മറ്റൊരു ഘട്ടത്തിലും ഈ പ്രോജക്ടുമായി ബന്ധപ്പെട്ടോ ഇതിന്റെ വ്യവസ്ഥകളുമായി ബന്ധപ്പെട്ടോ ഒരു സർവ്വകക്ഷി യോഗവും വിളിച്ചിട്ടില്ല. ആകെ ഒരു യോഗം വിളിച്ചത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട തർക്കമുണ്ടായപ്പോഴാണ്. അല്ലാതെ ഒരു യോഗവും വിളിച്ചിട്ടില്ല. അന്നത്തെ വ്യവസ്ഥകൾ പബ്ലിഷ് ചെയ്തിട്ടുമില്ല. മന്ത്രിസഭായോഗം അംഗീകരിച്ചതാണ്, വെബ്സൈറ്റിൽ പരസ്യം ചെയ്തിട്ടില്ല.

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ശ്രീ. നരേന്ദ്ര മോദി സർക്കാർ പൊതുജനങ്ങളുടെ ഉടമസ്ഥാവകാശത്തിലിരിക്കുന്ന ഭൂമി വൻകിട പ്രോജക്ടുകൾക്കുവേണ്ടി ഏറ്റെടുക്കാനായി ചില തീരുമാനങ്ങളെടുക്കുകയും നയം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബില്ലുമായി അവർ മുന്നോട്ടുവരികയാണ്. ആ ബില്ലിൽ

പറയുന്ന പ്രധാനപ്പെട്ടൊരു വ്യവസ്ഥ, ഏത് ഏരിയയിൽ നിന്നാണോ ഈ ഭൂമി ഏറ്റെടുക്കുന്നത് അവിടെയൊരു പരിസ്ഥിതി ആഘാത പഠനം നടത്തണം. അത് നടത്തുന്ന കീഴ്വഴക്കം ലോകത്തെമ്പാടും അംഗീകരിച്ച് നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. ഇന്ത്യാ മഹാരാജ്യത്തിൽ അത് വേണ്ടായെന്നാണ്. പക്ഷെ വിഴിഞ്ഞം പദ്ധതി വിഭാവനം ചെയ്തുകൊണ്ട് എൽ.ഡി.എഫ്. സർക്കാരും പിന്നീട് വന്ന യു.ഡി.എഫ്. സർക്കാരും പരിസ്ഥിതി ആഘാത പഠനം വളരെ വിപുലമായ രീതിയിൽ നടത്തി കഴിഞ്ഞു. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന്റെ പ്രധാന ഉദ്ദേശ്യം എൻവയോൺമെന്റ് ഡെവലപ്പ് ചെയ്യാനാണ്. ആ എൻവയോൺമെന്റിൽ വരുന്ന ആഘാതങ്ങളെക്കുറിച്ച് ശാസ്ത്രീയമായും സാമൂഹ്യമായും മനസ്സിലാക്കിക്കൊണ്ട് അവിടെയുള്ള എല്ലാ ഘടകങ്ങൾക്കും ഗുണമുണ്ടാകുന്ന രീതിയിൽ, അടുത്ത മുപ്പതു വർഷംകൊണ്ട് സാധാരണ രീതിയിൽ എന്തൊക്കെ ഗുണങ്ങൾ വരുമായിരുന്നോ അതെല്ലാം കൈവരിക്കാനുള്ള ഒരു പ്ലാൻ ഉണ്ടാക്കുകയെന്നതാണ്. വിഴിഞ്ഞം അങ്ങയുടേയും എന്റേയുംകൂടി സ്ഥലമാണ്. നമ്മൾ വസിക്കുന്ന സ്ഥലമാണ്. അതുകൊണ്ട് അങ്ങേയ്ക്ക് അവിടത്തെ കാര്യങ്ങൾ നന്നായിട്ടറിയാം. പല ഘട്ടത്തിലും ഈ സഭയിലും ഇതിനുമുമ്പുള്ള പന്ത്രണ്ടാം നിയമസഭയിലും ഇത് ചർച്ച ചെയ്തുകൊണ്ടിരുന്നപ്പോൾ നമ്മൾ തീരുമാനിച്ചിരുന്നത് അവിടെയുള്ള എല്ലാ ഘടകങ്ങൾക്കും അതിന്റെ ഗുണം ലഭിക്കുന്ന രീതിയിൽ എൻവയോൺമെന്റ് അഥവാ ഏരിയാ ഡെവലപ്മെന്റ് പ്ലാൻ ആദ്യംതന്നെ തീരുമാനിച്ച് മാസ്റ്റർ പ്ലാനുമായി ഇന്റഗ്രേറ്റ് ചെയ്ത് തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുമ്പോൾത്തന്നെ ആ പദ്ധതി അതിനോടൊപ്പം തുടങ്ങി തുറമുഖ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ഈ ഡെവലപ്മെന്റ് പ്ലാനും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പൂർത്തീകരിക്കണമെന്നാണ്. അതിനുവേണ്ടി 5 ശതമാനം തുകയാണ് വച്ചിരുന്നത്. ഇപ്പോൾ പദ്ധതി തുക വളരെക്കൂടി നാലായിരത്തി നാനൂറ് കോടിയിൽനിന്നും ഏഴായിരത്തി അഞ്ഞൂറ് കോടിയായി മാറ്റിയിട്ടുണ്ട്. അതായത് മുന്നൂറ്റി എഴുപത്തിയഞ്ച് കോടി രൂപയുടെ ഏരിയാ ഡെവലപ്മെന്റ് പ്ലാനാണ് അന്നത്തെ പ്രഖ്യാപനവും തീരുമാനവും സഹിതം നടപ്പിലാക്കേണ്ടതായിട്ടുള്ളത്. ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ പുതിയ നിലപാടനുസരിച്ച് പരിസ്ഥിതി ആഘാത പഠനങ്ങളും അതുപോലെതന്നെ പ്രാദേശിക എൻവയോൺമെന്റ് വികസനത്തിനുവേണ്ടിയുള്ള കാര്യങ്ങളും വേണ്ടായെന്ന് വയ്ക്കുമോ, അതോ ആ നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ടു പോകുമോ എന്നാണ് എനിക്കറിയാനുള്ളത്. ജനങ്ങൾക്കും അത് അറിയാനാഗ്രഹമുണ്ട്. അതാണ് ആ പ്രദേശത്തെ ജനങ്ങൾക്ക് കിട്ടുന്ന ഗുണം. ജനപ്രതിനിധി എന്നുള്ള രീതിയിൽ എന്റെ വിനയപൂർവ്വമായിട്ടുള്ള ഈ അന്വേഷണത്തിന് മറുപടി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ബാബു:</u> സർ, എനിക്ക് ഈ ചോദ്യത്തിനുള്ള ഉത്തരം എങ്ങനെ പറയണമെന്ന് മനസ്സിലായില്ല. ഇതിന് പരിസ്ഥിതി ക്ലിയറൻസ് കിട്ടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ അവിടത്തെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളുംകൂടി അംഗീകരിച്ചിട്ടുണ്ട്. നേരത്തെ ഇല്ലാതിരുന്നതും ഇപ്പോഴുള്ളതുമായ ഒരു കാര്യം ഇവിടെയൊരു മത്സ്യബന്ധന തുറമുഖം കൂടി ഈ

പോർട്ടിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ആ പ്രദേശത്തിന്റെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കാര്യങ്ങളും പ്രോജക്ട് റിപ്പോർട്ടിലുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിന്റെ വികസനത്തിനൊന്നും ഞങ്ങളാരും എതിരല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സംസാരം കേട്ടാൽ തോന്നും അദ്ദേഹം മാത്രമാണ് കേരളത്തിന്റെ വികസനത്തിന്റെ നായകനെന്ന്. എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതിക്ക് ഞങ്ങൾ അനുകൂലമല്ലേ, അത് നടപ്പിലാക്കാൻ കഴിഞ്ഞോ; കൂടംകുളം പദ്ധതിക്ക് ഞങ്ങൾ അനുകൂലമല്ലേ, അത് നടപ്പിലാക്കാൻ കഴിഞ്ഞോ: R-APDRP പൊളിച്ചത് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. എന്റെ ചോദ്യം, വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ അഞ്ച് കമ്പനികൾ യോഗ്യത തെളിയിച്ചതിനുശേഷം നിർമ്മാണ കരാറിന്റെ കരടിൽ മാറ്റം വരുത്തിയിട്ടുണ്ടോ? നിർമ്മാണ കരാറിന്റെ കരടിൽ മാറ്റം വരുത്തിയതിന്റെ ഭാഗമായിട്ടല്ലേ ബാക്കിയുള്ള നാല് കമ്പനികൾക്കും ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായത്; ഏത് സാഹചര്യത്തിലാണ് യോഗ്യത തെളിയച്ചതിനുശേഷം നിർമ്മാണ കരാറിന്റെ കരടിൽ മാറ്റം വരുത്തിയത് ?

ശ്രീ. കെ. ബാബു : സർ, ഇതിനകത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ അതിനെല്ലാം തുറമുഖ കമ്പനിയുടെയും മന്ത്രിസഭയുടെയും അംഗീകാരമുണ്ട്, അത് വെബ്സൈറ്റിൽ പരസ്യം ചെയ്തിട്ടുമുണ്ട്. എല്ലാ പ്രീ-ബിഡ് മീറ്റിംഗുകളും നടത്തിയിട്ടുണ്ട്, എല്ലാ കമ്പനികൾക്കും ഇതുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്, അവർ ആവശ്യപ്പെട്ട സമയവും നൽകിയിട്ടുണ്ട്. എല്ലാം സുതാര്യമായിട്ടാണ് ചെയ്തിട്ടുള്ളത്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

3 (*2) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ

ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കേഡറ്റുകൾക്ക് പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിലേക്കും വ്യാപിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക ഡയറക്ടേറ്റ് രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്നും എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച്, ഇപ്പോൾ 420 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കി ഓരോ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. എട്ട് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശുഭയാത്ര, ശുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം, കെയർ പദ്ധതി എന്നിവ) കേഡറ്റുകളുടെ സർവ്വതോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കിവരുന്നു. ഓണം ക്യാമ്പ്, ക്രിസ്തുമസ് ക്യാമ്പ്, പ്രകൃതി പഠന ക്യാമ്പ്, ജില്ലാതല സമ്മർ ക്യാമ്പ്, സംസ്ഥാനതല സമ്മർ ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി. ഡേ, എസ്.പി.സി. ക്വിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യ ദിന പരേഡ് എന്നിവയും ആഘോഷിച്ചു വരുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആക്ടിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവൽ, ഔട്ട്ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികളും നടത്തുകയും പരേഡ്, പി.റ്റി., യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ എന്നിവയും നടത്തിവരുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. ചാല ഗവ. ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും 12-2-2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടന കർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

## മദ്യ വിപണനത്തിലെ നിയന്ത്രണം

4(*3) ശ്രീ. എൻ. ഷംസുദീൻ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാറുകൾക്കുള്ള ലൈസൻസ് പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന തീരുമാനം ഹൈക്കോടതി അംഗീകരിച്ചശേഷം മദ്യവിപണന രംഗത്തുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) 2015 ഏപ്രിൽ 1-നുശേഷമുള്ള രണ്ടു മാസം മദ്യവിപണന മേഖലയിൽ നിന്നുള്ള വരുമാനത്തിൽ കഴിഞ്ഞ വർഷങ്ങളിലെ ഇതേ കാലയളവിലെ വരുമാനത്തിലുണ്ടായ അന്തരം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) മദ്യ വിപണനത്തിലെ നിയന്ത്രണം സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ മേഖലകളിൽ വരുത്തുന്ന മാറ്റങ്ങൾ നിരീക്ഷിക്കാനും വിവരങ്ങൾ ശേഖരിക്കാനും സംവിധാനമുണ്ടാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ബാറുകൾക്കുള്ള ലൈസൻസ് പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന തീരുമാനം ഹൈക്കോടതി അംഗീകരിച്ചശേഷം മദ്യവിപണന രംഗത്തുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എഫ്.എൽ.-9

വെയർ ഹൗസുകളിൽ നിന്നുമുള്ള വിദേശമദ്യ വിപണനത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ബിയറിന്റെ വിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) 2015 ഏപ്രിൽ 1-നുശേഷമുള്ള 2 മാസം മദ്യവിപണന മേഖലയിൽ നിന്നുള്ള വരുമാനത്തിൽ കഴിഞ്ഞ വർഷങ്ങളിലെ ഇതേ കാലയളവിലെ വരുമാനത്തിലുണ്ടായ അന്തരം പരിശോധിച്ചിട്ടുണ്ട്. 2015-16 ഏപ്രിൽ മാസത്തിൽ വിദേശമദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനം മുൻവർഷത്തെ ഏപ്രിൽ മാസത്തെക്കാൾ 112.09 കോടി രൂപ കൂടുതലാണ്. അതുപോലെ 2015-16 മേയ് മാസത്തെ വിദേശ മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം മുൻവർഷത്തെ മേയ് മാസത്തെക്കാൾ 106.44 കോടി രൂപ കൂടുതലാണ്.

(സി) 2014-15 വർഷത്തെ മദ്യനയം നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന്റെ സാമൂഹിക/സാമ്പത്തിക/തൊഴിൽ മേഖലകളിലുണ്ടായിട്ടുള്ള ആഘാത പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസ് (GIFT) തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിക്കൊണ്ട് 13-2-2015-ലെ ജി.ഒ. (എം.എസ്) നമ്പർ 97/2015/നി.വ. നമ്പർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ മദ്യ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ, മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ, മദ്യ വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ മാന്ദ്യം നേരിടുന്നുണ്ടോ, വ്യാജമദ്യത്തിന്റെ വ്യാപനം ഉണ്ടായിട്ടുണ്ടോ, വിനോദ സഞ്ചാരം/ഹോട്ടൽ വ്യവസായം എന്നീ മേഖലകളിൽ മദ്യനയത്തിലെ വ്യവസ്ഥകൾ വിപരീത ഫലം ഉണ്ടാക്കിയിട്ടുണ്ടോ എന്നീ വിഷയങ്ങൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**അനധികൃത മദ്യ ഉപഭോഗം**

5 (*4) ശ്രീ. എം ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) അനധികൃത മദ്യം വിപണനം ചെയ്യപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും കുടുംബ ബാറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാറുകളിലും ആട്ടോറിക്ഷകളിലുമായെത്തി പൊതുസ്ഥലങ്ങളിൽ കൂട്ടമായി മദ്യം കഴിക്കുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതായി അറിയാമോ ; അവർക്ക് ഏത് സ്രോതസ്സുകളിലൂടെയാണ് മദ്യം ലഭിച്ചുവരുന്നതെന്ന് പരിശോധിക്കുമോ;

(സി) മദ്യ ഉപയോഗം സംബന്ധിച്ച കണക്കെടുപ്പുകളിൽ സെക്കൻസും കള്ളവാറ്റും മുഖേന അനധികൃതമായി ലഭിക്കുന്ന മദ്യത്തിന്റെ ഉപയോഗം സംബന്ധിച്ച് കണക്കെടുക്കാറുണ്ടോ;

(ഡി) സ്പിരിറ്റ്, കള്ളവാറ്റ്, സെക്കൻസ് തുടങ്ങിയവ സംസ്ഥാനത്ത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മദ്യവിപണനം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കാറുകളിലും ആട്ടോറിക്ഷകളിലുമായെത്തി പൊതുസ്ഥലങ്ങളിൽ കൂട്ടമായി മദ്യം കഴിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുസ്ഥലങ്ങളിൽ മദ്യം കഴിക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അതിനെതിരെ കർശന നടപടി സ്വീകരിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല. എന്നാൽ അവയുമായി ബന്ധപ്പെട്ട കേസുകളുടെ കണക്കെടുക്കാറുണ്ട്.

(ഡി) സ്പിരിറ്റ്, കള്ളവാറ്റ്, സെക്കൻസ് തുടങ്ങിയവയുടെ വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി 24 മണിക്കൂറും കൺട്രോൺ റൂം പ്രവർത്തിച്ചുവരുന്നു. ഇത്തരം കൺട്രോൺ റൂമിൽ കിട്ടുന്ന പരാതികൾ ഉടനടി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക്പോസ്റ്റുകളിൽ കർശന വാഹന പരിശോധന നടത്തുന്നത് കൂടാതെ രാത്രികാല വാഹന പരിശോധന, കോംബിംഗ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. അതോടൊപ്പം ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനായി സ്ട്രൈക്കിംഗ് ഫോഴ്സുകളും, എൻഫോഴ്സ്മെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. വ്യാജമദ്യത്തിന്റെ വിപണനം തടയാൻ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് വ്യാപകമായ പരിശോധന നടത്തുന്നുണ്ട്. കൂടാതെ വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെ 'മൂൺഷൈൻ' എന്ന പേരിൽ പുതിയ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വരുന്ന ഓണക്കാലത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേക്ക് വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കള്ളക്കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിലെ പരിശോധനയും കംബൈയ്ൻഡ് ബോർഡർ

പട്രോളിംഗ് ശക്തമാക്കുന്നതിനും സ്ഥിരം കുറ്റവാളികളുടെ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുമായി വിഷയം ചർച്ച ചെയ്യുന്നതിന് സംസ്ഥാന എക്സൈസ് കമ്മീഷണർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. നവീകരണ പദ്ധതി**

6 (*5) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കുന്നതിനും പെൻഷൻ മുടങ്ങാതെ നൽകുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നവീകരിച്ച് കരകയറ്റുന്നതിന് ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകുകയും ആയത് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിൻ പ്രകാരം കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽപ്പരം സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുമെടുത്ത വായ്പാ തിരിച്ചടവിലേയ്ക്ക് കോർപ്പറേഷൻ പ്രതിവർഷം 600 കോടി രൂപയാണ് നൽകേണ്ടിവരുന്നത്. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകി ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നടപടി നീങ്ങുന്നു. വായ്പ ഏറ്റെടുക്കൽ നടപടി 2015 ജൂൺ അവസാനത്തോടെ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ

വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് ചുരുങ്ങിയത് 360 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. ഇപ്രകാരം നിലവിലുള്ള നഷ്ടത്തിൽ 360 കോടി രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നു. പ്രതിദിന വരുമാനം 4.47 കോടി രൂപയിൽ നിന്നും ഇപ്പോൾ ശരാശരി 5.65 കോടി രൂപയായി വർദ്ധിച്ചു. ഈ ഇനത്തിൽ പ്രതിമാസം 35.04 കോടി രൂപ വർദ്ധനവുണ്ടായി. ഒരു വർഷം 420.48 കോടി രൂപ കളക്ഷൻ വർദ്ധനവാണ് ഉണ്ടാകേണ്ടത്. കെ.എസ്.ആർ.ടി.സി.-യിലെ ഓൺലൈൻ റിസർവ്വേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്ക്കരിച്ചതുമൂലം റിസർവ്വേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. ഈ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറയുന്നതാണ്. കെ.എസ്.ആർ.ടി.സി. പെൻഷൻ ഫണ്ട് രൂപീകരിക്കാനുള്ള ചരിത്രപരമായ തീരുമാനമെടുത്തു. എല്ലാ മാസവും പത്താം തീയതിക്കകം പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇപ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്ക്കരിച്ചതുമൂലം റിസർവ്വേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുവാനും നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുവാനും ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനി മുതൽ കൂടുതൽ കൺസെഷനുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

പുതുതായി ആരംഭിച്ച KURTC-യുടെ പ്രതിദിന വരുമാനം 34.81 ലക്ഷം രൂപയാണ്. ഇത് മുൻകാലത്തേക്കാൾ 11 ലക്ഷം രൂപ അധികവുമാണ്. അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീറ്റർ ദൂരം കർണ്ണാടകയിൽ സർവ്വീസ് നടത്തുന്നതിന് സർക്കാർ തലത്തിൽ ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ആയത്, വിജ്ഞാപനം ചെയ്യുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. കർണ്ണാടകയിലേക്ക് ആരംഭിക്കുന്നതാണ്. തമിഴ്നാടുമായുള്ള പുതിയ അന്തർസംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടു കൂടി തമിഴ്നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ

റിസർവേഷൻ സംവിധാനം നവീകരിക്കുകയും കൂടുതൽ സർവ്വീസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസുകളുടെ കുറവുമൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചുകഴിഞ്ഞു. ചെങ്ങന്നൂർ-കൊല്ലം ചെയിൻ സർവ്വീസ് അടക്കം മൊത്തം 378 ചെയിൻ സർവ്വീസുകളാണ് നിലവിലുള്ളത്.

പുതിയ ബസുകൾ നിരത്തിലിറങ്ങി തുടങ്ങുന്നതോടുകൂടി കൂടുതൽ പുതിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതാണ്. വിപുലീകരണ ലക്ഷ്യമിട്ട് എറണാകുളത്തുനിന്നും പുതുച്ചേരിയിലേക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്, മംഗലാപുരം, ഉഡുപ്പി, ഗോവ, കാർവാർ, പൂനെ വഴി മുംബൈക്കും പുറമേ എറണാകുളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വിലയിരുത്തി ആയത് നടപ്പിലാക്കുവാനുള്ള ശ്രമത്തിലാണ്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ പുനർക്രമീകരണം നടത്തുന്നതിനുള്ള പ്രക്രിയകൾക്ക് തുടക്കമിട്ടു കഴിഞ്ഞു. പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകൾ പുനർക്രമീകരിക്കുന്നതുവഴി പ്രതിമാസം 1.83 കോടി രൂപയുടെ അധിക വരുമാനം ലഭ്യമാകുന്നതായി കണക്കാക്കിയിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ ജോലി ചെയ്യുവാനുള്ള മനോഭാവം വർദ്ധിപ്പിക്കുന്നതിനുമായി മറ്റ് സംസ്ഥാനങ്ങൾ വിജയകരമായി പിൻതുടരുന്ന ഇൻസന്റീവ് സ്കീമുകൾ പഠിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 7,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ ഷെഡ്യൂളുകളുടെ പ്രാധാന്യം കണക്കിലെടുത്ത് പുനർക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കണക്ടിവിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവ്വീസുകൾക്കും മറ്റ് ദീർഘദൂര സർവ്വീസുകൾക്കും ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ്പ്രസ് ബസ്സുകൾ മാറ്റി 10 വോൾവോ, 50 പുതിയ ഡീലക്സ് ബസ് എന്നിവ ഇതിനകം നിരത്തിലിറങ്ങി കഴിഞ്ഞിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമാക്കി സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തുന്നതിലേക്കായി 5 മേഖലാ യോഗങ്ങൾ വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയും പ്രതിദിന വരുമാനം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനസ്ഥാന സർവ്വീസുകളുടെ ഹബ്ബ് ആയി മാറുവാൻ ഉദ്ദേശിക്കുന്ന ബെംഗളൂരുവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു എ.റ്റി.ഒ. ഓഫീസ് ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മേൽ സൂചിപ്പിച്ച പദ്ധതികളിലൂടെ വരുംദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കാര്യമായ രീതിയിൽ മെച്ചപ്പെടുമെന്നും അതോടൊപ്പം മികച്ച സേവനം യാത്രക്കാർക്ക് നൽകുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ നാല് വർഷങ്ങളായി ടിക്കറ്റിതര വരുമാനം

വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകുകയും കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുകയും, ലേലം ടെൻഡർ നടപടികളിലൂടെ ഇവ ആവശ്യക്കാർക്ക് നൽകുകയും ചെയ്തുവരുന്നു. കൊറിയർ സർവ്വീസ്, ബാങ്ക് എ.റ്റി.എം. എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം പ്രദാനം ചെയ്യുന്നതിനായി ഇൻഡ്യൻ കോഫി ഹൗസിന്റെ ഔട്ട്ലെറ്റുകളുടെ പ്രാരംഭയൂണിറ്റുകൾ ജൂൺ മാസത്തിൽ തന്നെ ആരംഭിക്കുന്നതുമാണ്.

**മലയാളം ഔദ്യോഗിക ഭാഷയാക്കാൻ കർമ്മ പദ്ധതികൾ**

7(*6) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മലയാളം ഔദ്യോഗിക ഭാഷയാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/ പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഔദ്യോഗികഭാഷ സംബന്ധിച്ച് 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് നിലവിലുണ്ട്.

**സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി**

8 (*7) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ&ബി) ഉണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തമായി അളന്ന്, പരിശോധനാഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്

സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസന ക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9-നും 17-നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%-ൽ അധികമാക്കുക.
2. 9-നും 17-നും ഇടയ്ക്ക് പ്രായമുള്ള 60% കുട്ടികളേയും കൗമാരക്കാരേയും ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
3. കുട്ടികളുടേയും കൗമാരക്കാരുടേയും കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക.
4. ഔദ്യോഗികമായി കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ അത് നേടുന്നതിന് പ്രചോദനം നൽകുക.
5. നിശ്ചിത നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുക.
6. ടീച്ചേഴ്സ് ഗൈഡും, ദൃശ്യ സഹായിയും വികസിപ്പിച്ചെടുക്കുക.
7. സ്കൂളുകളിലും കോളേജുകളിലും കായികക്ഷമതാ ക്ലബ്ബുകൾ സ്ഥാപിക്കാനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ വികസിപ്പിക്കുക.
8. സ്കൂളുകളിലും വീട്ടിലും സമൂഹത്തിലും കുട്ടികളുടെയും യുവാക്കളുടെയും കായിക പ്രവർത്തനസ്വഭാവം കണ്ടെത്തുക.
9. സ്കൂളുകളിലും കലാലയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ ആരോഗ്യം അപകടപ്പെടുത്തുംവിധമുള്ള പെരുമാറ്റ രീതികളെ അഥവാ ശീലങ്ങളെ മുൻഗണനാക്രമത്തിൽ കണ്ടറിഞ്ഞു നിയന്ത്രിക്കുക.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണവും വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 മുതൽ ആറ് വർഷമായി തുടർന്നുവരുന്നു. സമ്പൂർണ കായികക്ഷമതാ പദ്ധതി പരിശോധനാ പരിപാടിയിൽ മികച്ച വിജയം കാഴ്ചവച്ച കേരളത്തിലെ 14 ജില്ലകളിലേയും ഒരോ സ്കൂളുകൾക്കും ആൺകുട്ടികളുടെ വിഭാഗത്തിനും പെൺകുട്ടികളുടെ വിഭാഗത്തിനും 10,000 രൂപ വീതം ക്യാഷ് അവാർഡും 100% വിജയം കൈവരിച്ച ജില്ലകളിലെ

കോ-ഓർഡിനേറ്റർമാർക്ക് 5,000 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നു. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധന പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500 രൂപ വീതം ക്യാഷ് അവാർഡും നൽകിവരുന്നുണ്ട്. 2013-14, 2015-16 വർഷങ്ങളിൽ കായിക ക്ഷമത പരിശോധന പരിപാടികൾ നടക്കുകയുണ്ടായില്ല.

**വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതിനെതിരെ നടപടി**

9 (*8) <u>ശ്രീമതി കെ. എസ്. സലീഖ</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. ടി. വി. രാജേഷ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ നിയമനടപടി കൈക്കൊള്ളാൻ തയ്യാറാകുമോ ;

(സി) പ്രവേശനത്തിന് കോഴയും ക്യാപ്പിറ്റേഷൻ ഫീസും വാങ്ങുന്നതിനെ നിയന്ത്രിക്കാനും ഇത്തരക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കാനും നിലവിൽ പ്രത്യേക സംവിധാനം ഉണ്ടോ : വിജിലൻസ് വകുപ്പ് ഈ പ്രശ്നത്തിൽ സ്വമേധയാ നടപടി സ്വീകരിക്കാറുണ്ടോ ;

(ഡി) പത്ത് കോടിയോളം രൂപയുടെ അഡ്മിഷൻ തട്ടിപ്പ് നടത്തിയ ആദിത്യാ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ സ്വീകരിച്ചനടപടികൾ വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) :

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്ന മാനേജ്മെന്റുകൾക്കും തട്ടിപ്പ് സംഘങ്ങൾക്കുമെതിരെ പരാതി ലഭിച്ചാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് നിശ്ചയിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ അഡ്മിഷൻ സൂപ്പർ വൈസറിംഗ് കമ്മിറ്റി, ഫീ റഗുലേറ്ററി കമ്മിറ്റി

എന്നീ കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത വിഷയത്തിൽ വിജിലൻസ് വകുപ്പ് സ്വമേധയാ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) പ്രൊഫഷണൽ കോളേജുകളിൽ സീറ്റ് വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ആദിത്യ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ 20 കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. ജയേഷ് ജെ. ജയകുമാർ എന്ന വ്യക്തിക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. കേസിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**നീര ഉൽപ്പാദന വിതരണ നിയന്ത്രണ സംവിധാനം**

10 (*9) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനും എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നീരയുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി നിയമങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) നീരയുടെ ഉൽപ്പാദനവും വിതരണവും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഭരണതലത്തിൽ എന്തെങ്കിലും സംവിധാനം ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു) :

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ നീര ഉൽപ്പാദിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ അംഗീകാരമുള്ള നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ 173 നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നീരയുടെ ഉൽപാദനവും വിതരണവും നിയമ വിധേയമാക്കുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്ന ലക്ഷ്യത്തോടുകൂടി നീര റൂൾസ്-2014 നിലവിൽ വരുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് നീര ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ആർക്കൊക്കെ അനുമതി നൽകാം, ലൈസൻസ് നൽകേണ്ട ഉദ്യോഗസ്ഥൻ, നീര നിയമം ലംഘിക്കുമ്പോൾ ലഭിക്കുന്ന ശിക്ഷ തുടങ്ങിയ കാര്യങ്ങളാണ് നീര റൂൾസ് 2014-ൽ ഉൾപ്പെട്ടിട്ടുള്ളത്.

(സി) The Kerala Sweet Toddy (NEERA) Rules 2014 നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ നീര ഉത്പാദനം നിയമ വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നീര ഉൽപ്പാദനത്തിനും വിതരണത്തിനും ലൈസൻസ് നൽകുന്നത് ബന്ധപ്പെട്ട ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ്. നീര ലൈസൻസ് നൽകുന്നതിനെ തുടർന്ന് ആയത് നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പൂർണ്ണമായും എക്സൈസ് വകുപ്പിന് അധികാരം നൽകിയിട്ടുണ്ട്.

**തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് വകുപ്പുകളുടെ ഏകോപനം**

11 (*10) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കൾ നഗരഗ്രാമഭേദമന്യേ സൃഷ്ടിക്കുന്ന നാനാതരമായ ഭീഷണി നേരിടാൻ ആരോഗ്യ, നഗരവികസന, ഗ്രാമവികസന, റവന്യൂ വകുപ്പുകളെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ;

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് നഗരകാര്യ വകുപ്പ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വിജയപ്രദമാകാത്ത സാഹചര്യത്തിൽ, ഇവയുടെ ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രായോഗികമാണോ എന്ന ഗവേഷണത്തിനും, ആക്രമണത്തിന് ഇരകളാകുന്നവർക്ക് ആന്റി റാബീസ് വാക്സിൻ ഉടനെ നൽകുന്നതിനും ആരോഗ്യവകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കുമോ ;

(സി) ഇത് ഒരു അസാധാരണ ദുരന്തമായി പരിഗണിച്ച് ആക്രമണത്തിന് ഇരകളാകുന്നവർക്ക് സഹായം നൽകാനും തെരവ് നായ്ക്കളുടെ ജനന നിയന്ത്രണത്തിന്

നടപടികൾ സ്വീകരിക്കാനും റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) തെരുവ് നായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. നായ്ക്കളുടെ കടിയേറ്റ് വരുന്നവർക്കുള്ള ചികിത്സാസൗകര്യങ്ങൾ ആശുപത്രികളിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. പേവിഷബാധക്കെതിരെ മരുന്നുകൾ, ആന്റി റാബീസ് വാക്സിൻ തുടങ്ങിയവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ആരോഗ്യവകുപ്പ് നടത്തുന്നുണ്ട്.

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായും വിജയപ്രദമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്. സമാനമായ പദ്ധതി കൊല്ലം ജില്ലയിൽ നടപ്പാക്കാൻ ജില്ലാ കളക്ടർ ശിപാർശ നൽകിയിട്ടുണ്ട്. ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രയോഗിക്കണമോ എന്നത് മൃഗസംരക്ഷണ വകുപ്പ് പരിശോധിച്ചുവരികയാണ്. ആക്രമണത്തിന് ഇരയാകുന്നവർക്ക് വേണ്ട ആന്റി റാബീസ് വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

(സി) തെരുവ് നായ്ക്കളുടെ ആക്രമണം ഒരു അസാധാരണ ദുരന്തമായി പരിഗണിക്കാൻ നിലവിലെ വ്യവസ്ഥകൾ അനുവദിക്കുന്നില്ല. എന്നാൽ നായ്ക്കളുടെ ആക്രമണംമൂലം പരുക്കേൽക്കുന്നവർക്ക് സഹായവും ചികത്സയും നൽകുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. നിലവിൽ തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

**ദേശീയ ഗെയിംസിലെ അധികച്ചെലവ്**

12 (*11) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ വൈകിയതിനാൽ അധിക ചെലവ് ഉണ്ടാക്കിയെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഗെയിംസിൽ കായിക താരങ്ങൾ ഉപയോഗിച്ച സ്പോർട്സ് ഉപകരണങ്ങൾക്ക് അവയുടെ യഥാർത്ഥ വിലയേക്കാൾ കൂടുതൽ വാടക നൽകി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഗെയിംസിനായി സ്പോർട്സ് ഉപകരണങ്ങൾ വാടകയ്ക്ക് വാങ്ങാനിടയായ കാരണങ്ങൾ വ്യക്തമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന്റെ 15-3-2008 മുതൽ 31-3-2015 വരെയുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി&സി) കായിക താരങ്ങൾ മത്സരങ്ങൾക്കായി ഉപയോഗിക്കുന്ന സ്പോർട്സ് ഉപകരണങ്ങൾ വിലയ്ക്കുവാങ്ങുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അന്തർദേശീയ/ ദേശീയ ടെൻഡറുകൾ ക്ഷണിച്ചിട്ടും ലഭിക്കാതിരുന്ന അപൂർവ്വം ചില കായിക ഉപകരണങ്ങൾ നാഷണൽ ഗെയിംസിന്റെ നടത്തിപ്പിനായി ബന്ധപ്പെട്ട നാഷണൽ ഫെഡറേഷൻ/സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം സൗജന്യമായി ലഭ്യമാക്കിയിരുന്നു (കബഡിമാറ്റ്, ചില അത്‌ലറ്റിക്സ് ഉപകരണങ്ങൾ മുതലായവ). വാടക നൽകി ഉപകരണങ്ങളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല.

## മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി

13 (*12) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനങ്ങളിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ശബ്ദപരിധി ലംഘിക്കുന്ന വാഹനങ്ങളെക്കുറിച്ച് പോതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച്, ആ വാഹനത്തിലെ ഹോണിന്റെ ശബ്ദപരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിയ്ക്കുന്നതിനും പരാതിക്കാരന് സമയബന്ധിതമായ മറുപടി നൽകുന്നതിനുള്ള സംവിധാനം ഓരോ ജില്ലയിലും മോട്ടോർ വാഹന വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) :

(എ) ഹോണിന്റെ ശബ്ദപരിധി ഉൾപ്പെടെയുള്ള നിയമ ലംഘനങ്ങൾ പരിശോധിക്കുന്നതിനായി 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിൽ വരുത്തുന്നതിന് നാലു മേഖലകളിൽ ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ വീതം പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞത് കൂടാതെ ഓരോ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലും ഒരു സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

(ബി) പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച് വാഹനത്തിന്റെ ഹോണിന്റെ പരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനായി ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും, അതിനുകീഴിലായി വിവിധ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിലെല്ലാം പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ബദൽ സംവിധാനം ആവശ്യമുള്ളതായി കരുതുന്നില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുവാനായി ഹാജരാക്കുന്ന സമയത്തും സാധാരണ വാഹന പരിശോധന സമയത്തും അമിത ശബ്ദമുണ്ടാക്കുന്ന ഹോൺ ഘടിപ്പിച്ചിരിക്കുന്ന വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യാറുണ്ട്.

**ആറന്മുള വിമാനത്താവള പദ്ധതികൾ**

14 (*13) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കായി വീണ്ടും പാരിസ്ഥിതിക പഠനം

നടത്താൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള വിദഗ്ധ സമിതി അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് എന്തെങ്കിലും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യപ്പെട്ട വിവരങ്ങൾ, അതിന് നൽകിയ മറുപടി എന്നിവ വ്യക്തമാക്കുമോ ;

(സി) പദ്ധതിയിൽ സംസ്ഥാന സർക്കാർ ഓഹരിയെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം ഓഹരിയാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ആറന്മുള വിമാനത്താവളത്തിന് ലഭ്യമായ പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കിയതിനെ തുടർന്ന് പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ്. ഗ്രൂപ്പ് പുതിയ അപേക്ഷ നൽകിയതായും അത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി (EAC)-യുടെ 143-ാമത് യോഗത്തിൽ പരിഗണനക്കുവന്നതായും അറിയുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഔദ്യോഗികമായി സംസ്ഥാന സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ ഉന്നയിച്ച പ്രശ്നങ്ങളിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി (EAC) തീരുമാനിച്ചിട്ടുണ്ട്. 22-4-2015-ലെ 4908/ ഡി2/2015/ഗതാ നമ്പർ കത്ത് പ്രകാരം കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ പാരിസ്ഥിതിക നിബന്ധനകളും മറ്റു നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമെന്ന വിവരമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചത്.

(സി) കെ.ജി.എസ്. ആറന്മുള വിമാനത്താവള കമ്പനിയിൽ 10% ഓഹരി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെ സംസ്ഥാന സർക്കാർ ഓഹരി സ്വീകരിക്കുകയോ കമ്പനി ഓഹരി നൽകുകയോ ചെയ്തിട്ടില്ല.

**പരിസ്ഥിതി സംരക്ഷണ പദ്ധതികൾ**

15 (*14) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും

പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പരിസ്ഥിതി സംരക്ഷണത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പരിസ്ഥിതി സംരക്ഷണം നടപ്പാക്കുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി, ഹരിതശ്രീ പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. 2014-ലാണ് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കി തുടങ്ങിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-ൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് 19 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടുപരിപാലിക്കുന്ന ഹരിതശ്രീ പദ്ധതിയും വനംവകുപ്പുമായി ചേർന്ന് നടപ്പിലാക്കി.

(സി) പ്രാഥമിക പരിസ്ഥിതി സംരക്ഷണം എന്ന സംസ്ഥാന പരിസ്ഥിതി സംരക്ഷണ യജ്ഞ പരിപാടിയിൽ പങ്കാളിയാകാൻ പത്ര മാധ്യമങ്ങൾ വഴിയും ഡിപ്പാർട്ടുമെന്റ് വെബ്സൈറ്റ് വഴിയും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നു. പൊതുജന പങ്കാളിത്തത്തോടുകൂടി പ്രാദേശികമായി പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിസ്ഥിതിക്ക് പ്രത്യക്ഷമായ നേട്ടം ഉണ്ടാകുന്ന തരത്തിൽ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 32 ഗ്രാമപഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുന്നത്. ഇതിനായി ഒരു പഞ്ചായത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ ധനസഹായവും അനുവദിച്ചിരുന്നു.

(ഡി) സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള അടിയന്തിരവും ഫലപ്രദവുമായ കർമ്മ പദ്ധതി എന്ന നിലയിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് 24-5-2014-ലെ സ.ഉ.(സാധാ) നമ്പർ 89/2014/പരി. പ്രകാരം ഭരണാനുമതി നല്കിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 80 ലക്ഷം രൂപ '3435-03-003-99-പരിസ്ഥിതി അവബോധവും

വിദ്യാഭ്യാസവും' എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന് അനുമതിയും നൽകി. പ്രസ്തുത തുകയിൽ 79,40,000 രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി**

16 (*15) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എത്ര മത്സ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി മത്സ്യ തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ-സി) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 2 കോടി രൂപ അടങ്കൽ തുകയിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി 1800 ഭവനങ്ങളും 1000 ഭവന അറ്റകുറ്റപ്പണി ധനസഹായവും, 1336 വ്യക്തിഗത സാനിട്ടേഷൻ എന്നിവയ്ക്കുള്ള ധനസഹായവും ഈ പദ്ധതി മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നു.

വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത 57 ഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടൂർ, തങ്കശ്ശേരി, ശക്തിക്കുളങ്കര, പുറക്കാട്, കാട്ടൂർ, പള്ളിത്തോട് സൗത്ത്, പള്ളിത്തോട് നോർത്ത്, അർത്തുങ്കൾ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, വടക്കേക്കര, എടക്കഴിയൂർ, കടപ്പുറം, വെങ്കിടങ്ങ്, പരവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട, കോട്ടിക്കുളം, ബംഗര മഞ്ചേശ്വരം എന്നീ 25 മത്സ്യഗ്രാമങ്ങളിലും 2013-14 സാമ്പത്തിക വർഷത്തിൽ വലിയവേളി, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീണ്ടകര, മൂത്താക്കര, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, ബ്ലാങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ഷിറിയ എന്നീ 20 മത്സ്യഗ്രാമങ്ങളിലും 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട്, തെക്കുംഭാഗം/തേവലക്കര, വാടാനപ്പള്ളി, വൈക്കം, കോയിൽപ്പാടി, എടക്കാട്, കസബ, മടപ്പള്ളി, ചിലക്കൂർ, കുട്ടായി, മാമ്പള്ളി, പള്ളിത്തുറ എന്നീ 12 മത്സ്യഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കുടിവെള്ള വിതരണം (57 എണ്ണം) | - | |
| 51.39 കോടി രൂപ | | |
| വൈദ്യുതീകരണം (57 എണ്ണം)<br>കോടി രൂപ | - | 23.03 |
| സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്,<br>3525 വ്യക്തിഗത ടോയ്‌ലറ്റുകൾ)<br>കോടി രൂപ | - | 11.58 |
| ലൈബ്രറി സഹായം (32 എണ്ണം)<br>കോടി രൂപ | - | 8.99 |
| ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)<br>കോടി രൂപ | - | 7.79 |
| ജീവനോപാധി സഹായം | | |

(1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും) - 8.90 കോടി രൂപ

## ട്രോളിംഗ് നിരോധനം

17 (*17) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം അറുപത്തിയൊന്ന് ദിവസമാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തിനും ബാധകമാണോ ; ഇത് എന്നു മുതലാണ് നിലവിൽ വന്നിരുന്നത് ; ട്രോളിംഗ് നിരോധന കാലയളവ് ഉയർത്തിയ തീരുമാനം പരമ്പരാഗത മത്സ്യതൊഴിലാളികളെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിനെ സമീപിച്ച് തീരുമാനം മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി എന്ത് മാറ്റമാണ് കേന്ദ്ര സർക്കാർ വരുത്തിയിരിക്കുന്നത് ; വിശദമാക്കാമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/97 FY(T-1) Vol. IV നമ്പർ ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm-20nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ മത്സ്യബന്ധന നിരോധനം 47 ദിവസം മാത്രമാക്കണമെന്ന് പ്രധാനമന്ത്രിയോടും കേന്ദ്ര കൃഷി മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാമെന്നും തീരദേശ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ പരമ്പരാഗത മത്സ്യ തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ ഉന്നമനത്തിനായി പദ്ധതികൾ

18 (*18) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സുഹൃത്തുക്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ ; വിശദമാക്കാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

1. കാട്ടാനകളുടെയും മറ്റ് വന്യജീവികളുടേയും ആക്രമണംമൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കുഴിയ്ക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും, ആനപ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചു പിടിപ്പിക്കൽ, ജീവനും, സ്വത്തിനും വിളവുകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകൽ, വനവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനും, വനാതിർത്തിയിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ദ്രുതകർമ്മസേന രൂപീകരിക്കൽ എന്നിവ.

2. വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ പതിമൂന്നിന അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി ഓരോ ഹെക്ടർ വരെ വനഭൂമി അനുവദിക്കുന്നു.

3. വനാതിർത്തിയിൽ താമസിക്കുന്ന ആളുകളുടെ കൈവശമുള്ള വനേതര ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ മുറിച്ചു കടത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടിക്രമം 2005-ലെ വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും, ബന്ധപ്പെട്ട ചട്ടങ്ങൾ വഴി

ലഘൂകരിച്ചു.

4. വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ഭവന നിർമ്മാണത്തിന് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും തടി ലഭ്യമാക്കുന്നു.

5. വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്നവരുടേയും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും, ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര-സംസ്ഥാന ഫണ്ടുപയോഗിച്ച് വനവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നു.

6. ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ ശേഖരിച്ച് മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും വനശ്രീ വിപണന കേന്ദ്രങ്ങൾ നടത്തുന്നു.

7. അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും ഇടമലക്കുടിയിലെ മുതുവ വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി സംയോജിത ഊരുവികസന പദ്ധതി നടപ്പാക്കുന്നു.

8. വനത്തിനുള്ളിലെ 725 ആദിവാസി സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് സുപ്രധാന വികസന സംരംഭങ്ങൾ "ഊരിനുണർവ് കാടിനുണർവ് " എന്ന പേരിൽ "മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കുന്നു."

9. വനാതിർത്തിയിൽ താമസിക്കുന്നവരുടെ ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ രജിസ്ട്രേഷൻ വകുപ്പിലേക്ക് വനംവകുപ്പ് എൻ.ഒ.സി. നൽകുന്നതിനുള്ള കാലതാമസം പരമാവധി ഒഴിവാക്കുന്നു.

(ബി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിലെ 14 ഊരുകളിൽ നിന്നും 800 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് 80 കോടി രൂപ ചെലവ് വരുന്ന സ്വയം സന്നദ്ധതാ പുനരധിവാസ പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊറ്റങ്കര, അരാകുഞ്ചി എന്നീ കോളനികളിലെ 110 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി. കുറിച്യാട്ട്, ഈശ്വരൻകൊല്ലി, നരിമുണ്ടകൊല്ലി എന്നീ ഊരുകളുടെ പുനരധിവാസം നടന്നുവരുന്നു. ഈ പദ്ധതിക്കായി ഇതുവരെ 1780 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സമൂഹങ്ങളും തമ്മിൽ നല്ല ബന്ധമാണുള്ളത്. വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് ഗോത്രവർഗ്ഗക്കാരും, മറ്റ് സമൂഹങ്ങളിലുള്ളവരും തമ്മിലുള്ള പരസ്പരബന്ധം കൂടുതൽ മെച്ചപ്പെടുത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ നടപടി

19 (*19) ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പ്രവർത്തനത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തുന്നുണ്ടെങ്കിലും പ്രവർത്തന നഷ്ട പ്രവണത മാറ്റമില്ലാതെ തുടരുന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(ബി) കെ.ടി.ഡി.എഫ്.സി.-യുമായി കെ.എസ്.ആർ.ടി.സി. നടത്തുന്ന ഇടപാടുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമാണോ നഷ്ടമാണോ ഉണ്ടാക്കുന്നതെന്നകാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം വരുത്തി വയ്ക്കുന്ന മേഖലകൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 1965 ഏപ്രിൽ 1-ാം തീയതിയാണ് കെ.എസ്.ആർ.ടി.സി. നിലവിൽ വന്നത്. 1984-ൽ കോർപ്പറേഷൻ എല്ലാ ജീവനക്കാർക്കും പെൻഷൻ ഏർപ്പെടുത്തുകയുണ്ടായി. കാലക്രമേണ വർദ്ധിച്ചുവന്ന പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായുള്ള തുക, കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കോർപ്പറേഷന് കണ്ടെത്താൻ കഴിയാഞ്ഞതിനാൽ കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുക്കാൻ കോർപ്പറേഷൻ നിർബന്ധിതമായി. പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 50 കോടി രൂപയോളം ചെലവഴിക്കേണ്ടി വരുന്നതാണ് നഷ്ടമുണ്ടാക്കുന്നതിന്റെ ഒരു പ്രധാന കാരണം. കൂടാതെ സാമൂഹിക

പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നത് വഴിയുണ്ടാകുന്ന നഷ്ടമാണ് മറ്റൊരു പ്രധാന കാരണം.

(ബി) പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ പ്രതിമാസ വരുമാനത്തിൽനിന്നും പെൻഷൻ വിതരണം നടത്തുന്നതിനായി തുക കണ്ടെത്താൻ കഴിയാത്തതിനാൽ കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും വായ്പ ലഭ്യമാക്കിയായിരുന്നു വർഷങ്ങളായി കോർപ്പറേഷൻ പെൻഷൻ വിതരണം നടത്തിയിരുന്നത്. ഇതിനായി കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുക്കാൻ കോർപ്പറേഷൻ നിർബന്ധിതമാകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ കോർപ്പറേഷൻ പ്രതിമാസം ശരാശരി 50 കോടിയോളം രൂപ തിരിച്ചടവ് നടത്തി വരികയാണ്.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം വരുത്തി വയ്ക്കുന്ന മേഖലകൾ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കർശന നിലപാട് സ്വീകരിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി.-യെ വരവ് ചെലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരികയുമാണ്. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുമെടുത്ത വായ്പാ തിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. കെ.റ്റി.ഡി. എഫ്.സി.-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകി ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നടപടി സ്വീകരിച്ചുവരുന്നു. വായ്പാ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പാ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനർക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുവാനും നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുവാനും

ഇതിനുപുറമേ മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനി മുതൽ കൂടുതൽ കൺസെഷനുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

## ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ

20 (*20) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങളും നിയമങ്ങളും പരിഷ്കരിക്കാനുള്ള ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പരിഷ്കാരങ്ങൾ ആദിവാസികളെയും ഊരുകൂട്ടങ്ങളെയും ഏതു വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) വനാവകാശ നിയമം നിലവിൽ വന്നതിനുശേഷം വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഗ്രാമസഭകളുടെ മുൻകൂർ അനുമതി ആവശ്യമാണ്. കേരളത്തിൽ ഊരുകൂട്ടങ്ങളാണ് ഗ്രാമസഭകൾ. കമ്മിറ്റിയുടെ ശിപാർശകളിൽ വനസംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ത്വരിതപ്പെടുത്തുന്നതിനായി റോഡുകൾ, വൈദ്യുതി ലൈനുകൾ തുടങ്ങിയ 'ലീനിയർ പ്രോജക്ടുകളിൽ' ഗ്രാമസഭയുടെ അനുമതി ഒഴിവാക്കാൻ ശിപാർശയുണ്ട്. ഈ പദ്ധതികൾ ആദിവാസികൾക്കും ഗുണകരമാണെന്നാണ് കമ്മിറ്റിയുടെ നിഗമനം. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ

21 (*21) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വ്യക്തികളുടെ സ്വകാര്യതയ്ക്ക് ഭീഷണിയുണ്ടാക്കുവിധം സി.സി.ടി.വി., മൊബൈൽ ക്യാമറകളുടെ ദുരുപയോഗം എന്നിവ വർദ്ധിച്ചുവരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും ക്രമസമാധാനപാലനത്തിനും മറ്റും അനിവാര്യമായ ഇത്തരം സംവിധാനങ്ങൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ഇവയുടെ ശരിയായ ഉപയോഗക്രമം സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിദഗ്ദ്ധരുമായി ആലോചിച്ച് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇക്കാര്യത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വ്യക്തികളുടെ സ്വകാര്യതയ്ക്ക് ഭംഗം വരുത്തുകയോ, സ്വകാര്യതയ്ക്ക് ഭീഷണിയാവുകയോ ചെയ്യുന്ന വിധത്തിൽ സി.സി.ടി.വി, മൊബൈൽ ക്യാമറകൾ എന്നിവ ദുരുപയോഗം ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ ബോധവൽക്കരണ ക്ലാസ്സുകൾ സൈബർ സെല്ലിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് നൽകുന്ന സ്ഥാപനങ്ങളോട് അവ ദുരുപയോഗം ചെയ്യാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകാൻ ആവശ്യപ്പെടുകയും സ്കൂൾ, കോളേജ് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്യുന്നുണ്ട്. ഹോട്ടലുകൾ, ലോഡ്ജുകൾ, ടെക്സ്റ്റയിൽ ഷോപ്പുകൾ തുടങ്ങിയവയിൽ പരിശോധന നടത്തിയും നിരീക്ഷിച്ചും ആയത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്. സി.സി.ടി.വി., മൊബൈൽ ക്യാമറ എന്നിവയുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ നിലവിലുള്ള നിയമപ്രകാരം ഉത്തരവാദികളായവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ സംവിധാനങ്ങൾവഴി മൊബൈൽ ഫോണിന്റെ ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നു. പവർപോയിന്റ് സ്ലൈഡുകളുടെ

വീഡിയോ പ്രദർശിപ്പിച്ച് മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയകളുടെ ദുരുപയോഗം മൂലമുള്ള അപകടങ്ങൾ മനസ്സിലാക്കി ക്കൊടുക്കുന്നു.

**അന്തർസംസ്ഥാന നദീജലപ്രശ്നങ്ങൾ**

22 (*22) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏകോപനമില്ലായ്മ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) മുല്ലപ്പെരിയാർ, പറമ്പിക്കുളം, ആളിയാർ നദീജലകരാറുകളും കാവേരി ട്രൈബ്യൂണൽ വിധിയും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രശ്നപരിഹാരത്തിനായി നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് വിശദമാക്കാമോ ;

(സി) ഇക്കാര്യത്തിൽ വനം, ജലവിഭവം. വൈദ്യുതി തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചകൾ സൃഷ്ടിക്കുന്ന വൻനഷ്ടങ്ങളെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) മുല്ലപ്പെരിയാർ വിഷയം ഉൾപ്പെടെയുള്ള അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും യോജിച്ചുള്ള പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ പരിഹരിക്കാൻ പരിശ്രമിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) മുല്ലപ്പെരിയാർ:

മുല്ലപ്പെരിയാർ വിഷയത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി; മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മി

ക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനുള്ള നിർദ്ദേശം കേരളം മുന്നോട്ടു വച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിൽ പരസ്പര ധാരണയായശേഷം ആവശ്യമെങ്കിൽ പ്രശ്നപരിഹാരത്തിനായി കോടതിയെ സമീപിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 7-5-2014-ലെ വിധി ന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള Environmental Impact Assessment Study (EIA) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വിവിധ കേസുകളിൽ; സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ചു കിട്ടുന്നതിന് നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) <u>പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ:</u>

കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ 1988 മുതൽക്കുതന്നെ സ്വീകരിച്ചിരുന്നു. ഈ വിഷയത്തിൽ കേരളവും തമിഴ്നാടും തമ്മിൽ വിവിധ ചർച്ചകൾ നടന്നെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ പരസ്പരധാരണയിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. അതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. പി.എ.പി. കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലവിഹിതം ജലസേചന വകുപ്പിന്റേയും സർക്കാരിന്റെയും സമയോചിതമായുള്ള ഇടപെടലുകളിലൂടെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി.എ.പി.-യിൽനിന്ന് ലഭിച്ചിരുന്നില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനത്തിനെതിരെ കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ടിട്ടുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളും നടന്നു വരുന്നു.

(iii) <u>കാവേരി ട്രൈബ്യൂണൽ വിധി:</u>

കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ജലവിഹിതം 30 ടി.എം.സി. ആണ്. എന്നാൽ കേരളം ആവശ്യപ്പെട്ടിരുന്ന 99.8 ടി.എം.സി. ജലം പ്രസ്തുത വിധി പ്രകാരം ലഭിക്കാത്തതിനാൽ കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ നടത്തിപ്പിനായി സുപ്രീംകോടതിയിൽ കേസ് വാദിക്കുന്ന സീനിയർ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം പാമ്പാർ നദീതടത്തിൽ അനുവദിച്ചിട്ടുള്ള 3 ടി.എം.സി. ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിന്റെ ഭാഗമായി പട്ടിശ്ശേരിയിൽ ഒരു അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരളം സ്വീകരിച്ചു വരുന്നു. പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണ ത്തിനെതിരെ തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിന്റെ അടിസ്ഥാനത്തിൽ, കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് സഹായകരമാംവിധം എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(iv) <u>പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി:</u>

നദീസംയോജനത്തിന്റെ ഭാഗമായി കേരളത്തിലെ, പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിച്ച്, പമ്പ- അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ ദേശീയ ജല വികസന ഏജൻസി (NWDA) ഉദ്ദേശിച്ചിരുന്നു. എന്നാൽ കേരളത്തിന് ദോഷകരമായ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള എതിർപ്പ് സാദ്ധ്യമായ എല്ലാ വേദികളിലും കേരളം പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ പങ്കെടുക്കവേ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രിയും ഇക്കാര്യത്തിലുള്ള കേരളത്തിന്റെ എതിർപ്പ് കാര്യകാരണ സഹിതം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ- വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള ഏതൊരു നീക്കത്തേയും പ്രതിരോധിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

(സി) അന്തർസംസ്ഥാന നദീജലവിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയുംകൂടി അഭിപ്രായം ആരാഞ്ഞ് യോജിച്ച പ്രവർത്തനങ്ങളിലൂടെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നുള്ള നിലപാടാണ് സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണസഹകരണത്തോടെയും യോജിച്ച പ്രവർത്തനങ്ങളിലൂടെയും തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

### ആദിവാസി സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ

23 (*23) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആദിവാസി സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ കർശനമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ബി) ആദിവാസി പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നതായി അറിയാമോ; ഇത് വർദ്ധിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) പുറമേ നിന്നുള്ളവർ കോളനിയിലെത്തി ആദിവാസികളെ ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കുമോ; ആദിവാസി സ്ത്രീകളുടെ വിവാഹം നിയമാനുസൃതമാണെന്നുറപ്പാക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ആദിവാസി സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആദിവാസി സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളിൽ ബന്ധപ്പെട്ട ഐ.പി.സി. വകുപ്പുകൾ പ്രകാരവും SC/ST (POA) Act പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആദിവാസി പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നതിന്റെ പ്രധാന കാരണങ്ങൾ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുന്നതും അജ്ഞത ചൂഷണം ചെയ്ത് മറ്റുള്ളവർ മുതലെടുക്കുന്നതും പ്രായപൂർത്തിയാവാതെയുള്ള

ബന്ധങ്ങളും ആദിവാസി കോളനികളിൽ വർദ്ധിച്ചുവരുന്ന മദ്യപാനശീലവും അവരുടെ സാമൂഹിക പിന്നോക്കാവസ്ഥ മറ്റുള്ളവർ പെട്ടെന്ന് ചൂഷണം ചെയ്യുന്നതുമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പുറമേ നിന്നുള്ളവർ കോളനിയിലെത്തി ആദിവാസികളെ ചൂഷണം ചെയ്യുന്നതായി വിവരം ലഭിച്ചാൽ സ്ഥലത്തെത്തി അന്വേഷണം നടത്തി നിയമപരമായ നടപടി സ്വീകരിച്ചുവരുന്നു. ആദിവാസി സ്ത്രീകളുടെ വിവാഹം നിയമാനുസൃതമല്ലെന്നുള്ള പരാതി ലഭിച്ചാൽ വേണ്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസി സ്ത്രീകളുടെ വിവാഹം നിയമാനുസൃതമാണെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങളിൽ അപര്യാപ്തതയുള്ള കാര്യം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി**

24 (*24) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) അമിതമായ മത്സബന്ധനവും മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും സമുദ്രങ്ങളിലെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നുവെന്ന ലോക വന്യജീവി സംരക്ഷണ നിധിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സമുദ്ര മലിനീകരണവും യന്ത്രവൽക്യത വലകൾ ഉപയോഗിച്ചുള്ള അമിതമായ മത്സ്യബന്ധനവുംമൂലം വംശനാശം സംഭവിച്ച മത്സ്യങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ഇനങ്ങളിൽപ്പെടുന്നവയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും സർക്കാർ പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോക വന്യജീവി നിധിയുടെ റിപ്പോർട്ട് പ്രകാരം specious directory-യിൽ ഉൾപ്പെട്ടിട്ടുള്ള Hawksbill turtle (Eretmochelys impricata), Leather back turtle (Dermochelys Corocea) എന്നീ കടലാമകൾക്ക് വംശനാശ ഭീഷണി നേരിടുന്നുണ്ട്. ആഗോളതാപനം, മലിനീകരണം, കാലാവസ്ഥാ

വ്യതിയാനം എന്നിവമൂലം ലോക വ്യാപകമായി മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന പ്രതിഭാസം കേരള തീരത്തുള്ള സമുദ്ര ആവാസ വ്യവസ്ഥയിലും പ്രതിഫലിക്കുന്നുണ്ട്.

(ബി) സമുദ്ര മലിനീകരണവും യന്ത്രവൽകൃത വലകൾ ഉപയോഗിച്ചുള്ള അമിതമായ മത്സ്യബന്ധനവുംമൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് പ്രകാരം 1988 മുതൽ കേരളത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. മത്സ്യങ്ങളുടെ പ്രജനനകാലമായ ജൂൺ-ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുകവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ആർട്ടിഫിഷ്യൽ റീഫ്, ഫിഷ് സാങ്ച്വറീസ്, സീ റാഞ്ചിംഗ് എന്നീ പദ്ധതികളും ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

**സേവനാവകാശ നിയമം**

25 (*25) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പിലാക്കിയിട്ടുള്ളത് ;

(സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമത്തിന്റെ നടപ്പാക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ ;

(ഇ) സേവനങ്ങൾ ഓൺലൈൺവഴി ലഭ്യമാക്കുന്നതിനും കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ

1-ാം തീയതി നിലവിൽ വന്നിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം 119 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ 1 മുതൽ നിലവിൽവന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/എ.ആർ.12(1)/12/ഉ.ഭ.പ.വ., 20-12-2012-ലെ 14944/എ.ആർ. 12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന് ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ 16203/എ.ആർ. 12(1)/2013/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സേവനങ്ങൾ ഓൺലൈൻവഴി നൽകുന്നത് കേരള സംസ്ഥാന സേവനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല.

**പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം**

26(*26) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം പരീക്ഷകളാണ് പ്രസ്തുത സംവിധാനത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത് ;

(സി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയകൾ വേഗത്തിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

(ബി)
1. Asst. Engineer (Civil) Special Recruitment for SC/ST, Kerala State Road Transport Corporation.
2. Higher Secondary School Teacher, Computer Science - Special Recruitment for ST only, Higher Secondary Education Department.
3. Medical Records Librarian Grade-II, Health Services Department.
4. Pharmacist Grade-II (Ayurveda), Indian System of Medicine/Insurance Medical Service/Ayurveda Colleges (All 13 districts except Thrissur).

5. Chief General Manager, Apex Societies of Co-operative Sector in Kerala.
6. Chief General Manager, Kerala State Co-operative Bank.
7. Lecturer in Physics - NCA Muslim, Collegiate Education Department.
8. Pharmacist Grade -II NCA - Other Christian (Kozhikode) Health Services Department.
9. Statistical Assistant Grade-II/Statistical Investigator Grade-II/Computer Operator Grade-II-NCA Hindu Nadar-Kasaragode, Economics and Statistics Department.
10. Staff Nurse Grade-II, NCA-Dheevara (Kasaragode, Idukki, Kozhikode, Wayanad) Health Services Department
    Staff Nurse Grade-II, NCA-Hindu-Nadar (Wayanad) Health Services Department. } Common Test
11. Pharmacist Grade-II (Ayurveda), Indian System of Medicine/ Insurance Medical Service/Ayurveda Colleges.
12. Higher Secondary School Teacher (Jr.) English, NCA Muslim, Higher Secondary Education Department.
13. Live Stock Inspector Grade-II, Animal Husbandry Department.
14. Confidential Assistant Grade-II (Various).

(സി) ഓൺലൈൻ പരീക്ഷ നടത്താൻ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പരമാവധി പരീക്ഷകൾ ഓൺലൈൻ ആയി നടത്താൻ ശ്രമിക്കുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

**ഹോട്ടൽമുറികളിലെ മദ്യവിൽപ്പന**

27 (*27) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിലെ മുറിയിൽ മിനി ബാറുകളാക്കി മാറ്റി, സെക്കൻഡ്സ് മദ്യവിൽപ്പന നടത്തി വരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനത്തിന് പുറത്തുനിന്ന് സ്പിരിറ്റ് അനധികൃതമായി കൊണ്ടുവരുന്നതായി അറിയാമോ ;

(സി) ഇതിനെതിരെ സർക്കാർതല നടപടികൾ ഒന്നും ഇല്ലാത്തതിനാൽ എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ഫലപ്രദമായ രീതിയിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മദ്യം വിറ്റഴിക്കുന്നതിന് ഹോട്ടലുകളിലെ മുറികൾ മിനി ബാറുകളാക്കി മാറ്റിയിട്ടും എക്സൈസ് അധികൃതരോ സർക്കാരോ ഇടപെടാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിൽ വീര്യം കൂടിയ മദ്യം വിറ്റഴിക്കുന്നുണ്ടോ എന്നറിയുന്നതിനായി പരിശോധനകൾ നടത്തിവരുന്നുണ്ട്. ടി സ്ഥാപനങ്ങൾ നിയമാനുസരണമല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തി നകത്തേയ്ക്ക് സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും റെഡ് അലർട്ട് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വാഹന പരിശോധനയും കർശനമാക്കിയിട്ടുണ്ട്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരം ലഭിക്കുന്ന ഉടൻതന്നെ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സ്ട്രൈക്കിംഗ്ഫോഴ്സ്, കൺട്രോൾ റൂം എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഹോട്ടൽ മുറികൾ മിനി ബാറുകളായി മാറ്റിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ലൈസൻസ് സ്ഥാപനങ്ങളിൽ എക്സൈസ് വകുപ്പ് കർശന പരിശോധനകൾ നടത്തിവരുന്നുണ്ട്. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ബാർ ലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ടി സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിൽ വീര്യം കൂടിയ മദ്യം വിറ്റഴിക്കുന്നുണ്ടോ എന്നറിയുന്നതിനായി പരിശോധനകൾ നടത്തി വരുന്നുണ്ട്.

**മദ്യാസക്തിക്കെതിരായ ബോധവൽക്കരണം**

28 (*28) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) അവയുടെ സവിശേഷതകളും പ്രവർത്തന രീതികളും വിശദീകരിക്കുമോ ;

(സി) പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ-സി) മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരി വിരുദ്ധ സെമിനാർ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, അതുവഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആദിവാസി പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങിലൂടെയുള്ള ബോധവൽക്കരണം, സംസ്ഥാനതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പരിപാടികൾ. ഇതോടൊപ്പം തന്നെ ലഹരിക്കടിമപ്പെട്ടവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും പുനരധിവസിപ്പി ക്കുന്നതിനായി രൂപീകരിച്ച വിവിധ ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്ക്

ധനസഹായവും നൽകി വരുന്നുണ്ട്.

ലഹരിവിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതോടൊപ്പം വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗവും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യ വിപത്തിനെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുക, ലഹരിയുടെ അമിത ഉപയോഗംമൂലം ലഹരിക്കടിമയായ വ്യക്തികളെ അതിൽനിന്നും പിന്തിരിപ്പിക്കുക, ചികിത്സ നൽകുക എന്നിവയാണ് ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മേൽപ്പറഞ്ഞ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടേയും, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, എൻ.ജി.ഒ. കൾ തുടങ്ങിയവയുടെ സഹകരണം പ്രയോജനപ്പെടുത്തുന്നുണ്ട്.

സർക്കാരിന്റെ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം വരുന്ന 10 വർഷത്തിനുള്ളിൽ കൈവരിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ബൃഹത്തായ ബോധവൽക്കരണ പരിപാടികളിലൂടെ ഒരു വർഷം കൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽ നിന്നും പിന്തിരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 'പുനർജ്ജനി 2030' പദ്ധതിയുടെ ഭാഗമായി, ബൃഹത്തായ ബോധവത്ക്കരണ പരിപാടികൾ, ബിഹേവിയറൽ ചെയ്ഞ്ച് ക്യാമ്പയിൻ, അച്ചടി, ഇലക്ട്രോണിക്, നവമാധ്യമങ്ങൾ, സാമൂഹിക ചാനലുകൾ എന്നിവ വഴിയുള്ള ബോധവൽക്കരണ സന്ദേശം പ്രദർശിപ്പിക്കൽ, പൊതുജനങ്ങൾക്ക് തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാൻ അനുയോജ്യമായ വേദി ഒരുക്കൽ, പരസ്യ പ്രചരണം, ലഹരി വിരുദ്ധ സന്ദേശമടങ്ങിയ ലഘുലേഖ വിതരണം, റിയാലിറ്റി ഷോ ഉൾപ്പെടെയുള്ള വിവിധ ടെലിവിഷൻ പ്രോഗ്രാമുകൾ, എന്നിവയിലൂടെ 2014-15 വർഷത്തെ മദ്യനയത്തിൽ പ്രഖ്യാപിച്ചിരുന്ന 'പുനർജ്ജനി 2030' പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുക, ഇത്തരത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ജനശ്രദ്ധ ആകർഷിക്കാനായി ഗവൺമെന്റ് ബ്രാൻഡ് അംബാസിഡേഴ്സിന്റെ സജീവമായ പങ്കാളിത്തം ഉറപ്പ് വരുത്തുക, UNICEF പോലുള്ള സംഘടനകളുടെ സഹായ സഹകരണത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതുപോലെ തുടർന്നും അവയുടെ

സഹായ സഹകരണത്തോടുകൂടി ഇത്തരം പരിപാടികൾ നല്ല രീതിയിൽ നടത്തുക അതുവഴി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുക. കൂടാതെ സർക്കാർ സർക്കാരിതര സംഘടനകൾ, NRHM, KSSM, NSS, NCC, Student Police Cadet (SPC), Youth Commission എന്നിവയുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തുക, തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് എക്സൈസ് വകുപ്പിന്റെ കീഴിൽ "സുബോധം" എന്ന ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകി. 27-4-2015 ജി.ഒ.(എം.എസ്) 73/2015/നി.വ. പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം**

29 (*29) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ആഭ്യന്തരവും, വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്. സൈബർ കുറ്റകൃത്യങ്ങളും, ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും, ഫെയ്സ് ബുക്ക്, വാട്സ്അപ്പ് മുതലായവ സോഷ്യൽ മീഡിയകളിലൂടെ വ്യക്തിപരവും മതപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങൾ മുതലായവ തടയുന്നതിനും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും വേണ്ടി പോലീസ്

വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണത്തിനുംവേണ്ടി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമായി ദൃശ്യ-ശ്രവ്യ-പത്ര മാധ്യമ ങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, അക്ഷയ കേന്ദ്രങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ സഹകരണത്തോടെയും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും ക്ലാസ്സുകളും നടത്തി വരുന്നു. പോലീസ് സ്റ്റേഷനുകൾ മുഖാന്തിരം അതാതു പ്രദേശത്തെ സ്കൂളുകൾ, കോളേജുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ക്ലബ്ബുകൾ, മറ്റ് ഇതര സാംസ്കാരിക സംഘടനകൾ എന്നിവ സംഘടിപ്പിക്കുന്ന കൂട്ടായ്മയിലും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷത്തുകളെ കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ CERT-ന്റെ (Computer Emergency Response Team) സഹകരണത്തോടെ മുൻകരുതൽ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ഐ.സി.ഡി.എസ്. പ്രോജക്ട്, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ-ശ്രവ്യ പത്ര മാധ്യമങ്ങൾ എന്നിവരുമായി ചേർന്നും കൂടാതെ ജനമൈത്രി പോലീസ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ, പി.ടി.എ., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലബ്ബുകൾ, കേരളാ വനിതാ കമ്മീഷൻ മറ്റ് ഇതര സാംസ്കാരിക സന്നദ്ധ സംഘടനകൾ എന്നിവയുടെയും സഹകരണത്തോടു കൂടിയുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്.

(സി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ഭവിഷത്തുകളെക്കുറിച്ചും അവയ്ക്ക് ഇരയാകാതിരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഇരകളായാൽ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും നിയമ നടപടികളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകളാണ് പ്രധാനമായും നടത്തിവരുന്നത്. പവർ പോയിന്റ് പ്രസന്റേഷൻ സ്ളൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് ഇന്റർനെറ്റ്, സോഷ്യൽ മീഡിയകൾ, മൊബൈൽ ഫോണുകൾ എന്നിവയുടെ ദുരുപയോഗം മൂലമുള്ള അപകടങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. ദൃശ്യ മാധ്യമങ്ങളിൽ സൈബർ കുറ്റകൃത്യത്തെക്കുറിച്ചും അതിന്റെ ഭവിഷത്തുകളെ കുറിച്ചും വിശദീകരിക്കുന്നു. മൊബൈൽ സുരക്ഷിതമായി ഉപയോഗിക്കുന്നതിനെ കുറിച്ചും Security Safety & Ethics for Teenagers, Internet Safety Basics എന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു. കൂടാതെ Chatting with Strangers e-mail, Social Network Sites എന്നിവയിൽ എന്തെല്ലാം ചെയ്യാൻ പാടില്ല എന്നതിനെക്കുറിച്ചും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ഐ.ടി. ആക്ടിലെ പ്രധാനപ്പെട്ട

റ്റുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. അച്ചടി മാധ്യമങ്ങൾ വഴിയും, ജില്ലാ പോലീസ് മേധാവിമാരുടെ ഫെയ്സ് ബുക്ക്, ട്വിറ്റർ അക്കൗണ്ട് വഴിയും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും നിയന്ത്രണ മാർഗ്ഗങ്ങളെ സംബന്ധിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നുണ്ട്. ഇതുകൂടാതെ Brochures, Palmhlets, Booklets, Notices, Banners എന്നിവയും സൈബർ ബോധവൽക്കരണത്തിനായി ഉപയോഗിക്കുന്നുണ്ട്.

(ഡി) മേൽ വിവരിച്ചതിനുപുറമെ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് പോലീസിന്റെ ഭാഗത്തു നിന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ വരുത്തേണ്ട കാലികമായ മാറ്റങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

**വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് പ്രോജക്ട്**

30 (*30) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്ട് സ്വന്തം ഉടമസ്ഥതയിൽ ലാൻഡ് ലോർഡ് മോഡലിൽ നടപ്പിലാക്കാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ മാറ്റം വരുത്തിയതെപ്പോഴാണ് ;

(ബി) തുറമുഖ നടത്തിപ്പിനുമാത്രം സ്വകാര്യ പങ്കാളിയെ ലേലത്തിലൂടെ കണ്ടെത്തുന്നതിനും തുറമുഖം ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വന്തം നിലയിൽ വികസിപ്പിക്കുന്നതിനുമുള്ള തീരുമാനത്തിൽനിന്നും പുറകോട്ട് പോയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ; നയമാറ്റത്തിന് മുമ്പായി സർവ്വകക്ഷിയോഗം വിളിച്ച് ചേർക്കുകയുണ്ടായോ ;

(സി) പദ്ധതി പി.പി.പി. മോഡലിൽ റീസ്ട്രക്ചർ ചെയ്യാൻ 18-1-2013-ന് മുഖ്യമന്ത്രി കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ മുൻ നയത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള കത്തയക്കാൻ മന്ത്രിസഭാ തീരുമാനം ഉണ്ടായിരുന്നോ ;

(ഡി) പദ്ധതിയുടെ കൺസൾട്ടന്റായി നിയോഗിക്കപ്പെട്ടിരുന്ന ഇന്റർ നാഷണൽ ഫിനാൻസ് കോർപ്പറേഷന്റെ (ഐ.എഫ്.സി.) ശിപാർശ എന്തായിരുന്നു; അതിൻ

പ്രകാരമുള്ള നടപടികളിൽനിന്നും സർക്കാർ പിറകോട്ട് പോയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടായിരുന്നു; പി.പി.പി. മോഡൽ പ്രായോഗികമല്ലെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടായിരുന്നുവോ ;

(ഇ) 2013-ൽ എയ്കോം എന്ന കൺസൾട്ടന്റ് മുന്നോട്ടുവെച്ച മോഡലുകൾ എന്തെല്ലാമായിരുന്നു ; എംപവേർഡ് കമ്മിറ്റി ശിപാർശ എന്തായിരുന്നു ; കമ്പനി ഡയറക്ടർ ബോർഡിന്റെ ശിപാർശ എന്തായിരുന്നു ; സർക്കാർ ഇതിൻമേൽ കൈകൊണ്ട തീരുമാനം എന്തായിരുന്നു ; വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) 2010-ൽ PPP ഘടകങ്ങളോടുകൂടി ലാൻഡ് ലോർഡ് മാതൃകയിൽ ടെണ്ടർ ചെയ്ത പദ്ധതി വിജയം കാണാത്തതിനാൽ അതേ മോഡൽ നിലനിർത്തി കേന്ദ്ര സർക്കാരിന്റെ VGF ലഭ്യമാക്കുവാൻ PPP ഘടകങ്ങൾ വർദ്ധിപ്പിച്ച് വീണ്ടും ടെണ്ടർ ചെയ്യുവാൻ 2013 നവംബർ മാസത്തിൽ തീരുമാനിക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(ബി) തുറമുഖ നടത്തിപ്പിന് മാത്രമായി ഒരു പങ്കാളിയെ ലേലത്തിൽ കണ്ടെത്തുന്ന ഒരു മാതൃക വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ഉണ്ടായിരുന്നില്ല. സൂപ്പർ സ്ട്രക്ച്ചർ, ടെർമിനൽ എന്നിവയുടെ നിർമ്മാണം, യന്ത്രസാമഗ്രികൾ സ്ഥാപിക്കൽ, തുറമുഖ നടത്തിപ്പ് എന്നീ പി.പി.പി. ഘടകങ്ങളുള്ള ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 'കൺസഷനയർക്ക്' സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകേണ്ടിവരുന്ന വികസന മാതൃകയാണ് ഐ.എഫ്.സി. തയ്യാറാക്കിയതിൻ പ്രകാരം 2010-ൽ സർക്കാർ അംഗീകരിച്ചത്. ഇപ്പോൾ (2013-ൽ) കേന്ദ്ര സർക്കാരിന്റെ VGF ലഭ്യമാകുന്നതിനു വേണ്ടി പഴയ മാതൃക നിലനിർത്തി PPP ഘടകങ്ങളിൽ മാറ്റം വരുത്തി ടെണ്ടർ ചെയ്യുക മാത്രമാണുണ്ടായത്. ഈ ഘടനയിലും സർക്കാർ നിർമ്മിക്കേണ്ട പ്രവൃത്തികൾക്കുവേണ്ടി ആവശ്യമെങ്കിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായങ്ങൾ സ്വീകരിക്കുന്നതിൽനിന്നും സർക്കാർ പുറകോട്ട് പോകാൻ തീരുമാനിച്ചിട്ടില്ല. മേൽപ്പറഞ്ഞവ നയമാറ്റം ആയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് സർവ്വകക്ഷിയോഗം വിളിച്ചിട്ടില്ല.

(സി) 2010-ൽ കേന്ദ്ര സർക്കാർ VGF ഇല്ലാതെ തയ്യാറാക്കിയ വികസന മാതൃകയിൽ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തിനെ തുടർന്ന് കേന്ദ്ര സർക്കാരിൽ നിന്നും VGF ലഭ്യമാക്കുന്നതിനുവേണ്ടി, 2010 മാർച്ചിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു നൽകിയ VGF അപേക്ഷയ്ക്കും അതിനു കേന്ദ്ര സർക്കാർ നൽകിയ മറുപടിയ്ക്കും തുടർച്ചയായി കേന്ദ്ര സർക്കാരിൽ നിന്നും VGF ലഭ്യമാകുന്ന തരത്തിൽ മറ്റു ചില പദ്ധതികളോടൊപ്പം പ്രോജക്ട് സ്ട്രക്ച്ചർ ചെയ്യുന്നതിന്, കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ നിന്നുമുള്ള സഹായം 18-1-2013-ൽ

മുഖ്യമന്ത്രി അഭ്യർത്ഥിച്ചിരുന്നു. 2010-ൽ സർക്കാർ അംഗീകരിച്ച ഐ.എഫ്.സി. റിപ്പോർട്ടിലും PPP ഘടകത്തിനും കേന്ദ്ര സർക്കാരിന്റെ VGF ലഭ്യമാകുന്നതിനും സാധ്യതയുണ്ടെന്ന് സൂചിപ്പിച്ചിരുന്നു. അതിനാൽ ഇത് നയമാറ്റമല്ല. കേന്ദ്ര സർക്കാരിന്റെ VGF മാനദണ്ഡങ്ങൾക്കനുസൃതമായ പുതിയ ടെണ്ടർ ഘടനയ്ക്ക് മന്ത്രിസഭ 2013 നവംബർ മാസത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പദ്ധതിയുടെ കൺസൾട്ടന്റായി 2009 ഡിസംബർ 13-ൽ നിയോഗിക്കപ്പെട്ട ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷന്റെ (ഐ.എഫ്.സി.) ശിപാർശ താഴെ പറയുന്നവയായിരുന്നു.

1. മോഡിഫൈഡ് ലാന്റ് ലോർഡ് മാതൃകയിൽ പദ്ധതി നടപ്പിലാക്കുക. പ്രസ്തുത മോഡിഫൈഡ് ലാന്റ് ലോർഡ് മാതൃക പ്രകാരം പദ്ധതിയുടെ നടത്തിപ്പ്/നിർമ്മാണം താഴെപ്പറയുന്ന രീതിയിലാണ് ഉദ്ദേശിച്ചിരുന്നത്.

2. 650 മീറ്റർ നീളവും, 400 മീറ്റർ വീതിയും, 8,50,000 TEU കണ്ടെയ്നർ കൈകാര്യം ചെയ്യാവുന്നതും, 9000 TEU ശേഷിയുള്ള കപ്പൽ അടുക്കാവുന്നതുമായ ടെർമിനൽ പണിയുക.

3. ഇതിനായുള്ള സൂപ്പർ സ്ട്രക്ചർ, ടെർമിനൽ, അനുബന്ധ കെട്ടിടങ്ങൾ മുതലായവ നിർമ്മിക്കുന്നതിനും യന്ത്ര സാമഗ്രികൾ കൊണ്ടുവന്ന് സ്ഥാപിക്കുന്നതിനും തുടർന്ന് തുറമുഖം നടത്തുന്നതിനുമായി PPP ടെണ്ടർ മുഖാന്തിരം ഒരു സ്വകാര്യ പങ്കാളിയെ കണ്ടെത്തുക.

4. തുടർന്ന് ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ്, റിക്ലമേഷൻ, ബെർത്ത് എന്നീ നിർമ്മാണ പ്രവൃത്തികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് EPC ടെണ്ടർ മുഖാന്തിരം നടത്തുക.

5. ഇതിനായി സർക്കാർ EPC ടെൻഡറിൽ "Conditional First Right of Refusal" പ്രകാരം, PPP ടെണ്ടറിലൂടെ തെരഞ്ഞെടുത്ത സ്വകാര്യ പങ്കാളിക്ക് EPC ജോലികൾ ലഭിക്കുന്നതിനുള്ള അവകാശം. (അതായത് ഈ സ്വകാര്യ പങ്കാളി നിർമ്മാണ കരാർ ഏറ്റെടുത്തില്ലെങ്കിൽ മാത്രമേ കരാറുകാരന് EPC നിർമ്മാണ കരാർ കൊടുക്കാൻ സാധിക്കുകയുള്ളൂ).

6. പദ്ധതിയുടെ Marine Services സംസ്ഥാന സർക്കാർ Outsource ചെയ്യുക.

7. മോഡിഫൈഡ് ലാന്റ് ലോർഡ് മാതൃകയിലെ PPP ഘടകങ്ങളുടെ മൊത്തം തുകയുടെ 20 ശതമാനം വരെ ചില വ്യവസ്ഥകൾക്കനുസൃതമായി കേന്ദ്ര സർക്കാരിന്റെ VGF-ന് അർഹതയുള്ളതാണെന്നും എന്നാൽ മോഡിഫൈഡ് ലാന്റ് ലോർഡ് മാതൃക പ്രകാരം പദ്ധതിയെ കൃത്രിമമായി (artificial) രണ്ടു പ്രത്യേക ഘടകങ്ങൾ (PPP ഘടകവും, EPC ഘടകവും) ആയി തിരിച്ചതിനാൽ കേന്ദ്ര സർക്കാർ VGF അപേക്ഷ തിരസ്കരിക്കാനോ അയോഗ്യത കല്പിക്കാനോ സാധ്യതയുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ ഐ.എഫ്.സി. നിർദ്ദേശിച്ച ഘടന അംഗീകരിച്ച് 2010 നവംബറിൽ PPP ടെണ്ടർ വിളിക്കുകയുണ്ടായി. പിന്നീട് ഇതിന്റെ തുടർനടപടികളുമായി 2011-12 കാലയളവിൽ മുന്നോട്ടു പോവുകയുണ്ടായി. ടെണ്ടർ നിബന്ധന അനുസരിച്ച് വെൽസ്പൺ ലെയ്റ്റൺ കൺസോർഷ്യത്തിന്റെ Price Bid മാത്രമാണ് പരിഗണിക്കാൻ യോഗ്യത നേടിയത്. പി.പി.പി. ഘടകത്തിന്റെ മൊത്തം ചെലവ് കണക്കാക്കിയ തുകയായ 970 കോടി രൂപയിൽ 479 കോടി രൂപ സർക്കാരിൽ നിന്നും ഗ്രാന്റ് ചോദിക്കുകയാണ് വെൽസ്പൺ ചെയ്തത്. ഇത് 2012-ൽ സർക്കാർ അംഗീകരിച്ചില്ല.

8. പാരിസ്ഥിതികാനുമതിക്കുശേഷം, പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ VGF ഫണ്ട് ലഭ്യമാക്കുന്നതിനായി ലാൻഡ് ലോർഡ് മാതൃകയ്ക്കുള്ളിൽ നിന്നുകൊണ്ട് Public Private Partnership ഘടകങ്ങളിൽ മാറ്റം വരുത്തിയാണ് ഇപ്പോഴത്തെ ടെണ്ടർ വിളിച്ചിട്ടുള്ളത്.

9. PPP മോഡൽ പ്രായോഗികമല്ലെന്ന് ഐ.എഫ്.സി. റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. ഐ.എഫ്.സി നിർദ്ദേശിച്ചത് PPP ഘടകമുൾപ്പെടുന്ന ലാന്റ് ലോർഡ് മാതൃകയാണ്.

(ഇ) 2013-ൽ AECOM പഠനം നടത്തിയ നാല് മോഡലുകൾ അനുബന്ധമായി കൊടുക്കുന്നു*. ഇതിൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തത് മോഡൽ മൂന്നും, തുറമുഖ കമ്പനി ഡയറക്ടർ ബോർഡ് ശിപാർശ ചെയ്തത് മോഡൽ നാലുമാണ്. ഇതിൽ സർക്കാർ അംഗീകരിച്ച് തീരുമാനിച്ചത് മോഡൽ നാലാണ്. മോഡൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നാല് അനുസരിച്ച് ബ്രേക്ക് വാട്ടർ, ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ചെലവ് മാത്രമാണ് സംസ്ഥാന സർക്കാർ ഫണ്ടഡ് വർക്ക് മുഖാന്തരം വഹിക്കേണ്ടത്. മൊത്തം പി.പി.പി. ടെണ്ടർ തുകയുടെ 40% വരെ വി.ജി.എഫ്. ലഭ്യമാകുന്ന തരത്തിൽ ബാക്കി ഘടകങ്ങൾ പി.പി.പി. ടെണ്ടറിന്റെ ഭാഗമാക്കി.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ
## കരുതലും വികസനവും

1 (1) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷക്കാലം 'കരുതലും വികസനവും' എന്ന മുദ്രാവാക്യത്തിലൂടെ കൈവരിച്ച നേട്ടങ്ങളും നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടെ വിജയവും വെളിപ്പെടുത്തുമോ ;

(ബി) വരുന്ന ഒരു വർഷക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെയും ക്ഷേമ പരിപാടികളുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജനങ്ങളിൽ സർക്കാർ സഹായം അർഹിക്കുന്നവർക്ക് യഥാസമയം എത്തിക്കാൻ കഴിഞ്ഞു എന്നതാണ് പ്രധാന നേട്ടം. ജനകീയ പ്രശ്നങ്ങൾ ഭരണാധികാരിക്ക് നേരിട്ട് അറിയാനും മനസ്സിലാക്കാനും അവ പരിഹരിക്കാനും ജനസമ്പർക്ക പരിപാടി മുഖേന കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുകയും തുകകൾ വർദ്ധിപ്പിക്കുകയും യഥാസമയം വിതരണം നടത്തുകയും ചെയ്തു. ദേശീയ നിരക്കിനേക്കാൾ മികച്ച വളർച്ചാനിരക്ക് രേഖപ്പെടുത്തി. പി.എസ്.സി. നിയമനങ്ങളിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും നേട്ടം കൈവരിക്കാനായിട്ടുണ്ട്.

(ബി) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് അടുത്തവർഷം ആദ്യം പൂർത്തീകരിക്കാൻ, കൊച്ചി മെട്രോയുടെ ആദ്യഘട്ടം 2016 ജൂണിൽ പൂർത്തീകരിക്കൽ, വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കൽ, സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിലെ ആറര ലക്ഷം ചതുരശ്ര അടി കെട്ടിടം ജൂണിൽ പൂർത്തീകരിക്കൽ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കൽ തുടങ്ങി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനം സാധ്യമാകത്തക്ക തരത്തിലുള്ള വിവിധ പദ്ധതികളാണ് സർക്കാർ അടുത്ത ഒരു വർഷക്കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കിയതിന്റെ

## വിശദാംശങ്ങൾ

2(2) ശ്രീ. എ. പ്രദീപ്കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് വെച്ച് നടന്ന മുഖ്യമന്ത്രിയുടെ രണ്ടാം ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ ;

(ബി) ഇതിൽ ആരുടെയെല്ലാം റേഷൻ കാർഡാണ് ബി.പി.എൽ. ആക്കി മാറ്റി നൽകിയതെന്ന് വിശദമാക്കുമോ ;

(സി) ബി.പി.എൽ. ലിസ്റ്റിലേക്ക് മാറ്റാത്ത അപേക്ഷകർ ആരെല്ലാം ; ആയതിനുള്ള കാരണങ്ങൾ എന്തെല്ലാം വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) ആകെ 3967 അപേക്ഷകൾ ലഭിച്ചു. എല്ലാ അപേക്ഷകരുടേയും പേരും മേൽവിലാസവും ലഭ്യമായിട്ടില്ല. ആകെ ലഭിച്ച അപേക്ഷകളിൽ അർഹരായ 78 പേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 27-4-2012-ലെ സ.ഉ(കൈ)112/12/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രത്യേക പരിഗണന നൽകേണ്ട മാനദണ്ഡങ്ങളിൽപ്പെടാത്ത 3,425 പേരുടെ അപേക്ഷകൾ പരിഗണിച്ചിട്ടില്ല.

## ജനസമ്പർക്ക പരിപാടി

3 (3) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ 2015-ലെ ജനസമ്പർക്ക പരിപാടി എത്ര ജില്ലകളിൽ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത ജില്ലകളിൽ നിന്നായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) ഇതിൽ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി കിട്ടുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓരോ ജില്ലകളിലും ചികിത്സാ ധനസഹായം അനുവദിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) അപേക്ഷയോടൊപ്പം ഡോക്ടറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചാൽ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുമെന്ന മാനദണ്ഡങ്ങൾ നിലനിൽക്കേ, അവശരായ രോഗികളെ ജനസമ്പർക്ക പരിപാടിയിലെത്തിച്ച് ബുദ്ധിമുട്ടിക്കുന്നതിനെതിരെ വിവിധ കോണുകളിൽ നിന്നും പ്രതിഷേധമുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കരുതൽ 2015, 13 ജില്ലകളിൽ വിജയകരമായി പൂർത്തയാക്കിയിട്ടുണ്ട്. കരുതൽ 2015-ൽ ലഭിച്ച പരാതികൾ തരംതിരിച്ച് പരിശോധിക്കുന്ന നടപടികൾ ജില്ലാ കളക്ടറേറ്റുകളിൽ പുരോഗമിക്കുകയാണ്. ഡേറ്റാ എൻട്രി പൂർത്തിയാകുമ്പോൾ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ. ഇപ്പോൾ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് കരുതൽ 2015 പൂർത്തിയായ ജില്ലകളിൽ ആകെ 3,40,443 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ചികിത്സാ ധനസഹായത്തിനായി ഏകദേശം 81,709 അപേക്ഷകളും എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡ് ആക്കി കിട്ടുന്നതിനായി ഏകദേശം 27,931 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ചികിത്സാ ധനസഹായം അനുവദിച്ചത് സംബന്ധിച്ച് ഇപ്പോൾ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരുതൽ 2015-ൽ കിടപ്പിലായ രോഗികളെ ജനസമ്പർക്ക വേദിയിൽ എത്തിക്കേണ്ടതില്ലെന്നും അവരുടെ പ്രതിനിധികൾമാത്രം വന്നാൽ മതിയെന്നും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകിയിരുന്നു. കിടപ്പിലായ രോഗികളെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ സംഘം വീടുകളിൽ ചെന്ന് സന്ദർശിക്കുകയും രോഗ വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

**ജനസമ്പർക്ക പരിപാടി**

4 (4) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടികൾ എത്രയെന്നും ആയതിൽ ചികിത്സാ ധനസഹായം ഒഴികെയുള്ള എത്ര പരാതികൾ ലഭിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) മേൽ പരാതികളിൽ എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്. മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി, കരുതൽ 2015 പതിമൂന്ന് ജില്ലകളിൽ നടന്നു കഴിഞ്ഞു. കരുതൽ 2015-ൽ ലഭിച്ച പരാതികൾ തരംതിരിച്ച് പരിശോധിക്കുന്ന നടപടികൾ ജില്ലാ കളക്ടേറ്ററുകളിൽ പുരോഗമിക്കുകയാണ്. ഡേറ്റാ എൻട്രി പൂർത്തിയാകുമ്പോൾ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ. മൂന്നു ഘട്ടങ്ങളിലായി നടന്ന ജനസമ്പർക്ക പരിപാടിയിൽ, ചികിത്സാ ധനസഹായം ഒഴികെ ലഭിച്ച പരാതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 7,34,199 പരാതികൾ തീർപ്പുകല്പിച്ചു.

## ഇ-ഫയൽ സമ്പ്രദായം

5(5) <u>ശ്രീ. പി. തിലോത്തമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഇ-ഫയൽ സമ്പ്രദായം സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; എല്ലാ വകുപ്പുകളിലും ഈ സമ്പ്രദായം നടപ്പിലാക്കുവാൻ എത്രനാൾ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭാഗികമായി മാത്രം ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിയാൽ ഫിസിക്കൽ ഫയലും, ഇ-ഫയലും ഒരുപോലെ തയ്യാറാക്കേണ്ടിവരുമെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ഇത് ജീവനക്കാരിൽ അമിത ജോലിഭാരം സൃഷ്ടിക്കുമെന്നും ഫയലുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം നേരിടുമെന്നും മനസ്സിലാക്കിയിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇ-ഫയൽ സമ്പ്രദായം നടപ്പിലാക്കിവരുന്ന സെക്രട്ടേറിയറ്റിൽ ഒരു ഫയൽ ഒരു സെക്ഷനിൽ നിന്നും ധനവകുപ്പിലെത്തുകയും അവിടെനിന്നും തിരികെ മാതൃ വകുപ്പിലെത്തുകയും ചെയ്ത് ഭരണാനുമതി ഉത്തരവിറക്കാൻ എത്രനാൾ വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ 19 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു.

(ബി) ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കിയ വകുപ്പുകളിൽ ഭൂരിഭാഗം ഫയലുകളും ഇ-ഫയലായി തന്നെയാണ് കൈകാര്യം ചെയ്തുവരുന്നത്. എന്നാൽ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വരാത്തതിനാൽ ടി വകുപ്പുകളുമായി കൂടിയാലോചിക്കേണ്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന

ഫയലുകൾ ഫിസിക്കലായി ചെയ്തുവരുന്നുണ്ട്. എല്ലാ വകുപ്പുകളും പൂർണ്ണമായും ഇ-ഓഫീസിലേയ്ക്ക് മാറുന്നതോടെ ഇതിന് പരിഹാരമാകും.

(സി) ധനവകുപ്പിലും ഭരണ വകുപ്പിലും ഫയൽ പരിശോധനയ്ക്കായി ഏറ്റവും പരിമിതമായ സമയം മാത്രമേ ഇക്കാര്യത്തിൽ ആവശ്യമായി വരുന്നുള്ളൂ. സാധാരണഗതിയിൽ ഫിസിക്കലായി ഒരു ഫയൽ തീർപ്പാക്കുന്നതിനേക്കാൾ വേഗത്തിൽ ഇ-ഫയൽ തീർപ്പാകുന്നുണ്ട്.

## പ്രതിപക്ഷ നേതാവ് ക്ലെയിം ചെയ്തിട്ടുള്ള തുക

6(6) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

1-4-2015-ന് ശേഷം പ്രതിപക്ഷനേതാവ് ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി ക്ലെയിം ചെയ്തിട്ടുള്ള തുകയുടെ വിശദവിവരം നൽകാമോ ?

ഉത്തരം

1-4-2015-ന് ശേഷം ബഹു. പ്രതിപക്ഷ നേതാവ് ശമ്പളമിനത്തിൽ 1,61,929 (ഒരുലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒൻപത്) രൂപയും, ടി.എ.-ഡി.എ. ഇനത്തിൽ 10,939 (പതിനായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊൻപത്) രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 21,743 (ഇരുപത്തിയൊന്നായിരത്തി എഴുന്നൂറ്റി നാൽപത്തിമൂന്ന്) രൂപയും ക്ലെയിം ചെയ്തിട്ടുണ്ട്.

## എൻ.ജി.ഒ.-കളുടെ പ്രവർത്തനം

7(7) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ എത്ര സർക്കാർ പദ്ധതികൾ/പ്രോജക്ടുകൾ എൻ.ജി.ഒ.-മാർ മുഖേന നടപ്പിലാക്കുന്നുണ്ട് ;

(ബി) ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ എത്രകോടി രൂപയുടേതാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾക്കെല്ലാം രജിസ്ട്രേഷൻ ഉള്ളവയാണോ ;

(ഡി) രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായ എത്ര എൻ.ജി.ഒ.-കൾ കേരളത്തിലുണ്ട്; ഇപ്രകാരമുള്ള എൻ.ജി.ഒ.-കളുടെ ഓഡിറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടോ; ഇവരിൽ

നിന്നും ഏതെല്ലാം ഇനങ്ങളിലാണ് റവന്യൂ ലഭിക്കുന്നത്; വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര എൻ.ജി.ഒ.കൾക്ക് വിദേശ ഫണ്ട് ലഭിക്കുന്നുണ്ട്; എങ്കിൽ എത്ര കോടിയെന്ന് വ്യക്തമാക്കാമോ; കേരളത്തിൽ ഏതെല്ലാം പദ്ധതികളാണ് വിദേശ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

## വിവിധ വകുപ്പുകളിലായി അനുവദിച്ച അധിക തസ്തികകൾ

8 (8) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വകുപ്പിലും അനുവദിച്ച തസ്തികകൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) പുതിയ തസ്തികകൾ അനുവദിച്ചതുമൂലം സർക്കാരിന് എത്ര സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ 46 തസ്തികകളും സൈനികക്ഷേമ വകുപ്പിൽ രണ്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളെക്കുറിച്ചും സാമ്പത്തിക ബാധ്യതയെക്കുറിച്ചുമുള്ള വിവരം ശേഖരിച്ചുവരുന്നു.

## ആശ്രിത നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തതിനെതിരെ നടപടി

9(9) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് ഉത്തരവ് ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ജോലിയിൽ പ്രവേശിക്കാൻ

സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്തത് ; ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ആയതിന്റെ നിയമന സാധ്യത വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 6-7-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 174/12/ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 2-9-2013-ലെ ജി.ഒ.(എംഎസ്) നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചത്. കൂടാതെ 2-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 131/2014/ ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നൽകിയതിനുശേഷം ആശ്രിത നിയമനത്തിനായി പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ എൽ.ഡി.സി., അസിസ്റ്റന്റ് തസ്തികകളിൽ പേര് രജിസ്റ്റർ ചെയ്ത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുംപ്രകാരമാണ്. തിരുവനന്തപുരം - 62, കൊല്ലം - 3, പത്തനംതിട്ട - 5, കോട്ടയം - 12, ഇടുക്കി - 10, ആലപ്പുഴ - 22, എറണാകുളം - 28, തൃശ്ശൂർ - 12, പാലക്കാട് - 13, കോഴിക്കോട് - 18, കണ്ണൂർ - 12, മലപ്പുറം - 9, വയനാട് - 5, കാസർഗോഡ് - 4. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളനുസരിച്ച്, ഊഴമെത്തുന്ന മുറയ്ക്ക് അപേക്ഷകർക്ക്, പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ നിന്നും ഒഴിവുകൾ നിർണ്ണയിച്ച് നൽകുന്നതാണ്. വിവിധ വകുപ്പുകളിലെ മറ്റ് വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി**

10(10) <u>ശ്രീ. കെ. രാജു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കരുതൽ 2014-ന്റെ നടത്തിപ്പിനും ഒരുക്കങ്ങൾക്കുമായി കൊല്ലം ജില്ലയിൽ എത്ര ലക്ഷം രൂപയാണ് ചെവലഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര അപേക്ഷകളാണ് ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ചതെന്നും ഇതിൽ എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചുവെന്നും ഇനി എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിക്കാൻ ഉണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-ൽ ജനസമ്പർക്ക പരിപാടി നടത്തിയിട്ടില്ല. കൊല്ലം ജില്ലയിൽ നടത്തിയ കരുതൽ 2015-ന്റെ നടത്തിപ്പിനും ഒരുക്കങ്ങൾക്കുമായി ചെലവായ തുക സംബന്ധിച്ച് അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ഇപ്പോൾ ലഭ്യമായ കണക്കുപ്രകാരം 36,63,277 രൂപ (മുപ്പത്തിയാറ് ലക്ഷത്തി അറുപത്തിമൂവായിരത്തി ഇരുനൂറ്റി എഴുപത്തേഴ് രൂപ) ചെലവായിട്ടുണ്ട്.

(ബി) ആകെ ലഭിച്ച 49,985 അപേക്ഷകളിൽ 16,192 അപേക്ഷകൾ തീർപ്പുകല്പിച്ചു. ബാക്കിയുള്ള 33,793 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

**ശ്രീമതി കട്ടയാട് വാസന്തിയുടെ നിവേദനം**

11(11) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ വർഷം കോഴിക്കോട് വെച്ച് മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഭവനരഹിതയായ ശ്രീമതി കട്ടയാട് വാസന്തി, പുതിയനിരത്ത് പി. ഒ., ഏലത്തൂർ എന്നവരുടെ നിവേദനം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) വാടക വീട്ടിൽ താമസിച്ചുവരുന്ന ഇവരുടെ കുടുബത്തിന് വീട് നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജനസമ്പർക്ക പരിപാടിയിൽ, അക്ഷയ കേന്ദ്രം വഴി പരാതി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ലഭിക്കുന്ന പരാതി നമ്പർ ലഭ്യമായാൽ മാത്രമെ പരാതിയെ

കുറിച്ച് കൂടുതൽ വിവരം ലഭ്യമാകുകയുള്ളൂ.

(ബി) നിവേദനവും അനുബന്ധരേഖകളും സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സോളാർ കേസ്**

12 (12) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിതാ നായർ തട്ടിപ്പിന്റെ വിഹിതമായി 30 ലക്ഷം രൂപ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് നൽകിയതായി പറയപ്പെടുന്ന സംഭവം വിജിലൻസ് അന്വേഷണം നടത്തിയിരുന്ന സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(ബി) സരിതാ നായർ തിരുവനന്തപുരത്ത് നടത്തിയ പത്ര സമ്മേളനത്തിനിടെ മാധ്യമ പ്രവർത്തകർക്ക് കാണിച്ചുകൊടുത്ത കത്തും താൻ വായിച്ചതായി ഗവൺമെന്റ് ചീഫ് വിപ്പ് അവകാശപ്പെടുന്ന കത്തും ഒന്നാണെന്ന വിവിരം വിജിലൻലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(സി) പ്രസ്തുത കത്ത് വിജിലൻസ് അന്വേഷണ സംഘം പിടിച്ചെടുക്കുകയുണ്ടായിട്ടുണ്ടോ ; അന്വേഷണത്തിന്റെ ഭാഗമായി അത് പിടിച്ചെടുത്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയിൽ വിജിലൻസ് കേസ്സോ അന്വേഷണമോ ഒന്നും തന്നെ നിലവിലില്ല.

**ആലപ്പുഴ ജില്ലയിലെ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി**

13 (13) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നടത്തിയ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു ; ഏതെല്ലാം തരത്തിലുള്ള അപേക്ഷകളാണ് പരിഗണിച്ചത് ;

(ബി) എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചു ; എന്ത് തുക വിവിധ ആനുകൂല്യങ്ങളായി നൽകി ; വ്യക്തമാക്കാമോ ;

(സി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ ഇനിയും തീർപ്പു കല്പിക്കാനുണ്ട് ; വിശദമാക്കാമോ ;

(ഡി) മുഖ്യമന്ത്രി നിർദ്ദേശിച്ച ആനുകൂല്യങ്ങൾ പലർക്കും ഇതുവരെ ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് എന്തു തുക ചെലവായി ; വ്യക്തമാക്കാമോ ;

(എഫ്) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ പുതുതായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചത് ; അതിനായി എന്തുതുക നീക്കിവച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ നടത്തിയ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 29,205 അപേക്ഷകൾ ലഭിച്ചു. ചികിത്സാസഹായം, എ.പി.എൽ-ബി.പി.എൽ, വികലാംഗർക്കുള്ള സഹായം, ക്ഷേമ പെൻഷനുകൾ തുടങ്ങിയ വിഷയങ്ങളിലുള്ള അപേക്ഷകളാണ് പരിഗണിച്ചത്.

(ബി) ഓൺലൈനിൽ ലഭിച്ച 10,952 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. വിവിധ ആനുകൂല്യങ്ങൾക്കായി 10,17,42,000 രൂപ നൽകി.

(സി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭ്യമായ മുഴുവൻ അപേക്ഷകളും തീർപ്പുകല്പിച്ചു.

(ഡി) ഇല്ല.

(ഇ) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് ചെലവായ തുക സംബന്ധിച്ച കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

(എഫ്) 21 പദ്ധതികൾ പ്രഖ്യാപിച്ചു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടി**

14 (14) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതല്ലാത്ത എത്ര കേസുകൾ തീർപ്പാക്കിയെന്ന് അറിയിക്കുമോ; ഇപ്രകാരമുള്ള കേസുകളിൽ മുമ്പ് ഒരിക്കലും സർക്കാരിന്റെ പരിഗണനയിൽ വരാത്തവ എത്രയായിരുന്നു; ഏതെല്ലാം ഇനങ്ങളിൽപ്പെട്ട കേസ്സുകളാണ് ഇപ്രകാരം തീർപ്പാക്കിയതെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി സർക്കാർ ഓഫീസുകളിൽ പരിഹരിക്കപ്പെടാത്ത എത്ര കേസ്സുകൾ ആലപ്പുഴ ജില്ലയിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടുവെന്ന് അറിയിക്കുമോ; ഇത്തരം കേസുകൾ പരിഹരിക്കുവാൻ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുവാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ എങ്ങനെയാണ് അപ്രകാരമുള്ള കേസുകൾ പരിഹരിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതല്ലാത്ത 7,604 കേസുകൾ തീർപ്പാക്കി.

(ബി) വർഷങ്ങളായി സർക്കാർ ഓഫീസുകളിൽ പരിഹരിക്കപ്പെടാത്ത എത്ര കേസ്സുകൾ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കപ്പെട്ടുവെന്ന വിവരം ലഭ്യമല്ല. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**മന്ത്രി ഓഫീസുകളിലെ വാഹന വിനിയോഗം**

15(15) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മന്ത്രിമാർക്കും അവരുടെ ആഫീസിനുംവേണ്ടി സർക്കാർ അനുവദിച്ച വാഹനങ്ങളെ സംബന്ധിച്ചും അത് സംബന്ധമായ വ്യവസ്ഥകളും വിശദമാക്കാമോ ;

(ബി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ചില മന്ത്രിമാരും ആഫീസും അവരുടെ വകുപ്പിൻകീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം മന്ത്രിമാർ/ആഫീസ് ഏതെല്ലാം സ്ഥാപനങ്ങളുടെ ഏതെല്ലാം നമ്പരുകളിലുള്ള വാഹനങ്ങൾ താൽക്കാലികമായോ സ്ഥിരമായോ ഉപയോഗിച്ച് വരുന്നുണ്ട് ; വിശദമാക്കാമോ ;

(ഡി) മന്ത്രി/ആഫീസിന്റെ ആവശ്യാർത്ഥം ഡ്രൈവർമാരുടെ സേവനം/വാഹനം വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഇവ ഏത് നിയമവ്യവസ്ഥയുടെ

അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) സർക്കാർ ജീവനക്കാർക്ക് മാതൃകയാകേണ്ടുന്ന മന്ത്രിമാരുടെ ആഫീസുകൾ നിയമവിരുദ്ധമായി വാഹനങ്ങൾ ഉപയോഗിക്കുന്നത് ശരിയാണോ ; ഇത്തരം ദുർവിനിയോഗങ്ങൾ കണ്ടെത്തി അവസാനിപ്പിക്കാമോ ?

ഉത്തരം

(എ) മന്ത്രിമാർക്കും അവരുടെ ആഫീസിനും വേണ്ടി സർക്കാർ അനുവദിച്ച വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'എ' യിൽ ചേർക്കുന്നു*. മന്ത്രിമാർ ഔദ്യോഗിക പദവി ഏറ്റെടുക്കുന്ന മുറയ്ക്ക് ഓരോ കാർ വീതം നൽകുന്നതാണ് ടൂറിസം വകുപ്പിൽ പിന്തുടർന്നുവരുന്ന രീതി.

(ബി-ഇ) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

**കേന്ദ്ര ബഡ്ജറ്റിലെ അവഗണന**

16 (16) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് ബജറ്റിൽ പരിഗണിക്കപ്പെടാതെപോയ കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഏതെല്ലാം കാര്യങ്ങളിൽ ഏതെല്ലാം മന്ത്രിമാരിൽ നിന്നും പുതിയ ഉറപ്പുകൾ ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ;

(സി) മുൻ ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റിനുശേഷം 3-3-2015 നും 28-5-2015-നും മുഖ്യമന്ത്രി ഡൽഹി സന്ദർശിച്ച് പ്രധാനമന്ത്രി, കേന്ദ്ര മന്ത്രിമാരായ ശ്രീ. നിതിൻ ജയറാം ഗഡ്കരി, ശ്രീ. അരുൺ ജയ്റ്റ്‌ലി എന്നിവരെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു. കൊല്ലം, അഴീക്കൽ തുറമുഖ പദ്ധതിക്കുവേണ്ട സഹായം, മത്സ്യബന്ധന നിരോധനം 61 ദിവസത്തേത് 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻട്രൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, മത്സ്യത്തൊഴിലാളികൾക്കായുള്ള മണ്ണെണ്ണയുടെ ലഭ്യത, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് കേന്ദ്രത്തോട് ഉന്നയിച്ച പ്രധാന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആവശ്യങ്ങൾ.

(ബി&സി) സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളിലും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

## കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

17 (17) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി ; ഇവയിൽ പരിഗണിക്കപ്പെട്ടവ ഏതെല്ലാം ; പരിഗണിക്കപ്പെടാതെ പോയവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിന് മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി; പ്രസ്തുത രംഗത്ത് സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ)&ബി) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സമർപ്പിച്ച സംസ്ഥാനത്തിന്റെ നിരവധി ആവശ്യങ്ങളടങ്ങിയ നിവേദനം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാന വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. മറ്റാവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരുടെ സമ്മേളനം 18-2-2015-ന് തിരുവനന്തപുരത്ത് കൂടുകയും പാർലമെന്റിൽ ഉന്നയിക്കേണ്ട സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എം.പി.-മാരുമായി ചർച്ച ചെയ്യുകയും എം.പി. മാരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തു.

## വിഴിഞ്ഞം തുറമുഖ പദ്ധതി

18 (18) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക്ക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കാമോ ;

(ബി) തുറമുഖ നിർമ്മാണ കരാർ നൽകുന്ന കാര്യത്തിൽ മുൻ സർക്കാർ എടുത്ത നിലപാടുകളിൽനിന്നും, സ്വീകരിച്ച വ്യവസ്ഥകളിൽനിന്നും എന്തെല്ലാം വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഭൂമിയുടെ ഉടമസ്ഥാവകാശ കാര്യത്തിൽ വരുത്തിയിട്ടുള്ള വ്യത്യാസം എന്താണെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് എത്ര പ്രാവശ്യം ടെണ്ടർ വിളിച്ചു ; ഓരോ ടെണ്ടറിലും എത്ര കമ്പനികൾ പങ്കെടുത്തു ; പദ്ധതിക്ക് കണക്കാക്കിയിട്ടുള്ള മൊത്തം ചെലവെത്രയാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) 1. പാരിസ്ഥിതികാനുമതി:

വിഴിഞ്ഞം തുറമുഖ പദ്ധതിയെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ കടമ്പയാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള പാരിസ്ഥിതികാനുമതി. ഈ സർക്കാരിന്റെ കാലത്ത് പാരിസ്ഥിതികാനുമതിക്കുവേണ്ടി പൊതുജനങ്ങളിൽ നിന്നും പരസ്യമായി തെളിവെടുക്കുകയും തുടർന്ന് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളും ഉൾപ്പെടുത്തി കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. ഇവ ടി മന്ത്രാലയത്തിനുകീഴിൽ വരുന്ന വിദഗ്ധ സമിതി വിശദമായി പരിശോധിച്ചതിനു ശേഷം 2013 ഡിസംബർ 3-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകാൻ തീരുമാനിച്ചു. പാരിസ്ഥിതികാനുമതി സംബന്ധിച്ച അന്തിമ ഉത്തരവ് 2014 ജനുവരി 3-ാം തീയതി ലഭ്യമായി.

2. VGF സംബന്ധിച്ച്:

2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെത്തുടർന്ന് ഈ സർക്കാരിന്റെ കാലത്ത് (2014 ഏപ്രിൽ മാസം) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (V.G.F.) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ധനമന്ത്രാലയത്തിന് സമർപ്പിക്കുകയും 2015 ഫെബ്രുവരി 3-ാം

തീയതി അംഗീകാരം ലഭിക്കുകയും ചെയ്തു.

3. ടെണ്ടർ നടപടികൾ സംബന്ധിച്ച്:

2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെത്തുടർന്ന് പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013 ഡിസംബർ 4-ന് ടെണ്ടർ വിളിച്ചു. ഇതിന്റെ യോഗ്യതാ ഘട്ടത്തിൽ (RFQ) അഞ്ച് കമ്പനികൾ യോഗ്യത നേടുകയുണ്ടായി. ഇതിൽ മൂന്ന് കമ്പനികൾ രണ്ടാം ഘട്ടത്തിന്റെ (RFP) രേഖകൾ വാങ്ങുകയുണ്ടായി. ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് അദാനി പോർട്ട് മാത്രമാണ് ബിഡ് സമർപ്പിച്ചത്. അവർ ചെലവഴിക്കേണ്ട ആകെ പദ്ധതി തുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റാണ് ആവശ്യപ്പെട്ടത് (1635 കോടി രൂപ). അതിനുശേഷം 2015 മേയ് 13-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ തുറമുഖ കമ്പനി ഡയറക്ടർ ബോർഡ് ഈ ബിഡ് അംഗീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് നൽകുകയുമുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശകൾ മേയ് 20-ാം തീയതി സംസ്ഥാന മന്ത്രിസഭായോഗം പരിഗണിക്കുകയും അതിനെപ്പറ്റിയുള്ള അന്തിമ തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം കൈക്കൊള്ളാമെന്നും തീരുമാനിച്ചു. സർവ്വകക്ഷി യോഗം ജൂൺ മൂന്നിന് നടന്നു. ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

4. അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ:

- ഭൂമി ഏറ്റെടുക്കൽ—ഇപ്പോഴത്തെ സർക്കാരിന്റെ കാലത്ത് പദ്ധതിക്കാവശ്യമായ 172.09 ഏക്കർ ഭൂമി 429.49 കോടി രൂപ മുടക്കി ഏറ്റെടുത്തു.
- വൈദ്യുതി—നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. കാട്ടാക്കട-ബാലരാമപുരം-വിഴിഞ്ഞം ബന്ധിപ്പിക്കുന്ന 220 കെ.വി. ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ 2013 മേയ് 25-ന് ആരംഭിച്ചു.
- വെള്ളം—പദ്ധതി പ്രദേശത്തേയ്ക്ക് 3.3 MLD ജലം എത്തിക്കുന്നതിനുള്ള പണി 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. ഇതിൽ 1.5 MLD ശുദ്ധജലം പ്രദേശവാസികൾക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്തുവരുന്നു.
- റെയിൽ—മാസ്റ്റർ പ്ലാൻ കൺസൾട്ടന്റ് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടും പ്രാദേശിക എതിർപ്പുകൾ ലഘൂകരിച്ചുകൊണ്ടും നേമത്തുനിന്നും

ആരംഭിച്ച് മുടവൂർപാറവഴി വിഴിഞ്ഞത്തെത്തുന്ന തരത്തിലുള്ള റെയിൽ പാതയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിച്ചു. ഇത് റെയിൽവേയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്.

1. ഒന്നാംഘട്ട ബെർത്തിന്റെ നീളം 650 മീറ്ററിൽ നിന്നും 800 മീറ്റർ (ലോകത്തിലെ ഏറ്റവും വലിയ രണ്ടു കപ്പലുകൾ ഒരേ സമയം ബെർത്ത് ചെയ്യാം) ആക്കി വർദ്ധിപ്പിച്ചു.

2. 14500 TEU ശേഷിയുള്ള കപ്പലുകൾ അടുക്കുന്ന തരത്തിൽ നിന്നും 18000 TEU ശേഷിയുള്ള കപ്പലുകൾ അടുക്കാവുന്ന തരത്തിലേക്ക് മാറ്റം വരുത്തി.

3. പദ്ധതി നടത്തിപ്പിന്റെ 16-ാം വർഷം പൂർത്തിയാകുന്നതു മുതൽ തുറമുഖ നടത്തിപ്പിൽ നിന്നും വരുമാന വിഹിതം (1% നിരക്കിൽ തുടങ്ങി ഓരോ വർഷവും ഓരോ ശതമാനം വീതം വർദ്ധിപ്പിച്ച് 40% വരെ)

4. പോർട്ട് എസ്റ്റേറ്റിൽ നിന്നും സർക്കാരിന് പ്രത്യേക മുതൽമുടക്കില്ലാതെ ഏഴാം വർഷം മുതൽ 10% വരുമാന വിഹിതം.

5. മെയിന്റനൻസ് ഡ്രെഡ്ജിംഗ് ഉൾപ്പെടെ സർക്കാർ ഡ്രെഡ്ജിംഗിനായി ഒരു രൂപ പോലും മുടക്കണ്ട.

6. രണ്ടും മൂന്നും ഘട്ട നിർമ്മാണത്തിന് സർക്കർ ഭൂമി ഏറ്റെടുക്കേണ്ടതോ മുതൽ മുടക്കേണ്ടതോ ഇല്ല. എന്നാൽ വർദ്ധിച്ച നിരക്കിൽ രണ്ടും മൂന്നും ഘട്ട തുറമുഖത്തിൽ നിന്നും വരുമാന വിഹിതം ഉറപ്പ്.

7. കേന്ദ്ര വിഹിതം (VGF) ഉറപ്പാക്കി (818 കോടി).

8. സ്ഥലവാസികളുടെ സാമൂഹിക-സാമ്പത്തിക ഉന്നതിക്കായി മത്സ്യ ബന്ധന തുറമുഖം, മത്സ്യ സംസ്കരണത്തിനായി വ്യവസായ പാർക്ക്, മത്സ്യ ബന്ധന അനുബന്ധ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങിയ വിവിധ പദ്ധതികൾ.

9. ഒരു കരാറുകാരൻ തന്നെ എല്ലാ പ്രവൃത്തികളും ചെയ്യുന്നതിനാൽ സുഗമമായ നിർമ്മാണം ഉറപ്പുവരുത്തുവാൻ സാധിക്കും.

ഏറ്റെടുത്ത ഭൂമി പാട്ടത്തിന് നല്കുന്നില്ല. തുറമുഖം നിർമ്മിച്ച് പ്രവർത്തിക്കുന്നതിനുള്ള ലൈസൻസാണ് നൽകുന്നത്.

(സി) 2004 മുതൽ 2015 വരെ നാല് പ്രാവശ്യം ടെണ്ടർ വിളിച്ചു. ആദ്യത്തെ ടെണ്ടറിൽ (2004) രണ്ടുപേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ചുപേർ പങ്കെടുത്തു. ഇതിൽ മൂന്നുപേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിക്ക് (LOI) നൽകിയെങ്കിലും വ്യവഹാരത്തെത്തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) പതിനാല് പേർ RFQ വാങ്ങിയതിൽ പന്ത്രണ്ടുപേർ യോഗ്യത നേടുകയും രണ്ടുപേർ RFP സമർപ്പിക്കുകയും ചെയ്തു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയുടെ (വെൽസ്പൺ കൺസോർഷ്യം) ടെണ്ടർ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടില്ല. നാലാമത്തെ ടെണ്ടറിൽ അഞ്ച് കമ്പനികൾ RFQ വാങ്ങുകയും യോഗ്യത നേടുകയും ചെയ്തു. ഇതിൽ മൂന്ന് കമ്പനികൾ RFP വാങ്ങുകയും ഇതിൽ ഒരു കമ്പനി (അദാനി പോർട്ടസ് & സ്പെഷ്യൽ എക്ണോമിക് സോൺ ലിമിറ്റഡ്) ബിഡ് സമർപ്പിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. പി.പി.പി. ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ 1635 കോടി രൂപ വി.ജി.എഫ്. ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നൽകേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി. ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനുപുറമെ സ്ഥലമേറ്റെടുപ്പ് മറ്റ് പുറമെയുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

**ആഫീസിൽ ഏറ്റവും കൂടുതൽ ദിവസം ഉണ്ടായിരുന്ന മന്ത്രിമാർ**

19(19) ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണകാലത്തെ മന്ത്രിമാരിൽ, മന്ത്രി ആഫീസിൽ ഏറ്റവും കൂടുതൽ ദിവസം ഉണ്ടായിരുന്ന മന്ത്രിമാർ ആരൊക്കെയായിരുന്നു; ഏതെല്ലാം മന്തിമാർ എത്ര ദിവസം വീതം മന്ത്രി ആഫീസുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെടുകയുണ്ടായിട്ടുണ്ട് ;

(ബി) ഈക്കാലയളവിൽ നടന്ന കാബിനറ്റ് യോഗങ്ങൾ എത്ര; എല്ലാ കാബിനറ്റ് യോഗങ്ങളിലും പങ്കെടുത്തവർ എത്രയാണ് ;

(സി) ഏറ്റവും കുറവ് ദിവസങ്ങൾ മാത്രം മന്ത്രി ആഫീസിലുണ്ടായിരുന്നവർ എത്ര?

ഉത്തരം

(എ) മന്ത്രിമാർ ഓഫീസിൽ ഹാജരാകുന്നതിന്റെ റെക്കോർഡുകൾ സൂക്ഷിക്കുന്ന

സമ്പ്രദായം നിലവിലില്ലാത്തതിനാൽ അവർ എത്ര ദിവസം ഹാജരായിരുന്നുവെന്നതിന്റെ കണക്ക് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ബി) 18-5-2011 മുതൽ 20-5-2015 വരെ 270 കാബിനറ്റ് യോഗങ്ങൾ നടന്നിട്ടുണ്ട്. മുഖ്യമന്ത്രി എല്ലാ യോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്. മറ്റ് മന്ത്രിമാർ പ്രസ്തുത 270 യോഗങ്ങളിൽ ഏതെങ്കിലും ഒരു യോഗത്തിലെങ്കിലും പങ്കെടുക്കാതിരുന്നിട്ടുണ്ട്.

(സി) (എ) പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിയും മോടി പിടിപ്പിക്കലും

20 (20) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാന മന്ത്രിമാരുടേയും മുഖ്യമന്ത്രിയുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപണിക്കും മോടി പിടിപ്പിക്കലിനുമായി എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വസതിയിലും എത്ര തവണ മോടി പിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഔദ്യോഗിക വസതിയ്ക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവായ തുക അനുബന്ധം 'എ' ആയും ഔദ്യോഗിക വസതികളുടെ മോടിപിടിപ്പിക്കലിന് ചെലവായ തുക അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു*. ചീഫ് വിപ്പിനായി വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾക്കായി 1,24,308 രൂപ ചെലവായിട്ടുണ്ട്. മന്ത്രി മന്ദിരങ്ങൾക്കായി വാടകയ്ക്കെടുത്ത സ്വകാര്യ കെട്ടിടത്തിൽ നടത്തിയ വർക്കുകൾക്കും വാങ്ങിയ സാധനങ്ങൾക്കുംവേണ്ടി ചെലവഴിച്ച തുക അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഔദ്യോഗിക ഡൽഹി യാത്ര**

21(21) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം എത്രതവണ ഔദ്യോഗികമായി ഡൽഹിയാത്ര നടത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ യാത്രയിലും എത്ര മന്ത്രിമാരും ഉദ്യോഗസ്ഥരും മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു ; വിശദമാക്കാമോ ;

(സി) ഓരോ യാത്രയ്ക്കും എത്ര തുക വീതം ഖജനാവിൽ നിന്നും ചെലവായി ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2014 ഡിസംബർ വരെ 7 പ്രാവശ്യം മന്ത്രിതല സംഘം വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നു. 2015-ൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവിനോടൊപ്പം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ 13-1-2012-ന് സന്ദർശിച്ചു. മുഖ്യമന്തിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും ഒപ്പമുണ്ടായിരുന്നു.

2. മാർച്ച് 2015-ൽ മുഖ്യമന്ത്രി വിവിധ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ചു. മുഖ്യമന്ത്രിയോടൊപ്പം എക്സൈസും തുറമുഖവും മത്സ്യബന്ധനവും വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, റസിഡന്റ് കമ്മീഷണർ എന്നിവരുമുണ്ടായിരുന്നു.

3. മേയ് 2015-ൽ സാംസ്കാരികവും ഗ്രാമവികസനവും വകുപ്പുമന്ത്രി, എക്സൈസും തുറമുഖവും മത്സ്യബന്ധവും വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നീ മന്ത്രിമാർക്കൊപ്പം മുഖ്യമന്ത്രി പ്രധാനമന്ത്രിയെ സന്ദർശിച്ചു. ഈ വേളയിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും

ഈ സംഘത്തിൽ ഉണ്ടായിരുന്നു. കൂടാതെ ബഹുമാനപ്പെട്ട എക്സൈസും തുറമുഖവും മത്സ്യബന്ധനവും വകുപ്പുമന്ത്രി, തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവർക്കൊപ്പം മുഖ്യമന്ത്രി, കേന്ദ്ര കൃഷി മന്ത്രിയെ സന്ദർശിച്ചിരുന്നു. ഈ വേളയിൽ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, റസിഡന്റ് കമ്മീഷണർ, സംസ്ഥാന കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ കൂടി ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ പത്ത് തവണ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രമന്ത്രിമാരെ സന്ദർശിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കാബിനറ്റ് അജണ്ടയിൽ ഉൾപ്പെടുത്തിയ കുറിപ്പുകൾ

22 (22) ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കാബിനറ്റിന്റെ പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയ കുറിപ്പുകൾ എത്ര ; ഔട്ട് ഓഫ് അജണ്ടയിൽ പരിഗണനയ്ക്ക് വന്ന കുറിപ്പുകൾ എത്ര ; വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ ഇനത്തിലും എത്ര കുറിപ്പുകൾ വീതം തീരുമാനം എടുക്കാതെ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; തീരുമാനം കൈക്കൊണ്ടവ എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) കാബിനറ്റ് തീരുമാനം എടുത്ത എത്ര കേസ്സുകളിൽ പിന്നീട് അവ കാൻസൽ ചെയ്യേണ്ടിവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കാബിനറ്റ് തീരുമാനം ഗവൺമെൻറ് ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര ; അവ ഏതെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ളവയാണ് ; വ്യക്തമാക്കാമോ ;

(ഇ) മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തരും ഔട്ട് ഓഫ് അജണ്ടയായി കാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്ര ?

ഉത്തരം

(എ) അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ-(3-62015)5088 'ഔട്ട് ഓഫ് അജണ്ട'യിൽ പരിഗണനയ്ക്കുവന്ന കുറിപ്പുകൾ - (3-6-2015 വരെ) - 1769.

(ബി) മാറ്റിവച്ചത് (3-6-2015 വരെ)-34, തീരുമാനം കൈക്കൊണ്ട ഇനങ്ങൾ (3-6-2015 വരെ) - 6857-34 = 6823.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(ഇ) വിവിധ വിഷയങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അനുവാദത്തോടെയാണ് മന്ത്രിസഭാംഗങ്ങൾ അജണ്ടയ്ക്ക് പുറത്തുള്ള വിഷയങ്ങൾ മന്ത്രിസഭ മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. മന്ത്രിസഭ പരിഗണനയ്ക്ക് എടുക്കുന്ന വിഷയങ്ങളിലാണ് തീരുമാനമെടുക്കുന്നത്. അവ മാത്രമെ മിനിട്ട്സിൽ ഉൾപ്പെടുത്തുകയുള്ളൂ. അതിനാൽ മന്ത്രിസഭാംഗങ്ങൾ ഓരോരുത്തരും "ഔട്ട് ഓഫ് അജണ്ട" ആയി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമല്ല.

## സേവനാവകാശ നിയമം നടപ്പാക്കൽ

23 (23) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം ഇപ്പോൾ ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) നിയമത്തിന്റെ പ്രായോഗികതയും പുരോഗതികളും വിലയിരുത്തിയിട്ടുണ്ടോ ;

(സി) സേവനങ്ങൾ ജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 3-ാം വകുപ്പുപ്രകാരം, ഓരോ വകുപ്പും, ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2 (ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ നിർദ്ദേശം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കുംവേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.എം.ഡി. ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടുവച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട്, 15-11-2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203 എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ

ഏജൻസിയെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പെൻഷൻ പ്രായം ഉയർത്തൽ**

24 (24) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻപ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ ചുവടെയുള്ള വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട്.

1. 26-3-2012-ലെ സ.ഉ.(അ)നം.183/12/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ പ്രായം 56 വയസ്സായി ഉയർത്തിയിട്ടുണ്ട്. വിരമിക്കൽ പ്രായം 56 വയസ്സായി സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഓരോ വകുപ്പും അവരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കുന്നതിനായി നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യാനുസരണം ഭേദഗതികൾ വരുത്തേണ്ടതാണെന്ന് 10-10-2012-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

2. 24-2-2014-ലെ സ.ഉ.(കൈ)18/14/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള അഡാക്കിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്. 18-6-2011-ലെ സ.ഉ.നം.62/11 മ.തു.വ. പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തിയിട്ടുണ്ട്.

3. മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. തൊഴിൽ വകുപ്പിനുകീഴിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ

വർക്കർമാരുടെ വിരമിക്കൽ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. 30-6-2012-ലെ സ.ഉ.(കൈ)167/2012/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം കിറ്റ്സിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 16-1-2012-ലെ സ.ഉ.(കൈ) 13/2012/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

6. 30-3-2012-ലെ സ.ഉ.(കൈ) നമ്പർ 105/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. പ്രകാരം സർക്കാർ ദന്തൽ കോളേജുകളിലെയും മെഡിക്കൽ കോളേജുകളിലെയും ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

7. 7-4-2012-ലെ സ.ഉ.(കൈ) നമ്പർ 107/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. പ്രകാരം ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

8. 9-4-2012-ലെ സ.ഉ.(കൈ) നമ്പർ 108/2012/എച്ച് & എഫ്.ഡബ്ല്യു.ഡി. പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

9. 26-2-2014-ലെ സ.ഉ.(കൈ) നമ്പർ 31/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

10. 27-6-2014-ലെ സ.ഉ.(കൈ) നമ്പർ 74/2014/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതി വിഭാഗം ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

11. 4-1-2014-ലെ സ.ഉ.(കൈ) നമ്പർ 8/2014/ആ.കു.വ. പ്രകാരം സർക്കാർ നേഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻപ്രായം 60 ആയി വർദ്ധിപ്പിച്ചു.

12. 30-4-2014-ലെ സ.ഉ. (കൈ) നമ്പർ 131/2014/ആ.കു.വ. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

13. 30-5-2014-ലെ സ.ഉ.(കൈ) നമ്പർ 160/2014/ആ.കു.വ. പ്രകാരം സർക്കാർ ഫാർമസി കോളേജുകളിലെ ഫാർമസി അദ്ധ്യാപക ജീവനക്കാരുടെ

പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

14. 28-7-2012-ലെ സ.ഉ.(കൈ) നമ്പർ 134/2012/റ്റി.ഡി. പ്രകാരം അഗ്രിക്കൾച്ചർ ഇൻകം ടാക്സ് സെയിൽ ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ചു.

15. 31-10-2014-ലെ സ.ഉ.(അ) നമ്പർ 469/2014/ധന. പ്രകാരം 1-4-2013-നോ അതിനുശേഷമോ ജോലിയിൽ പ്രവേശിച്ച ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിശദാംശങ്ങൾ

25 (25) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

സംസ്ഥനത്ത് മുഖ്യമന്ത്രിയടക്കം എല്ലാ മന്ത്രിമാർക്കും സർക്കാർ ചീഫ് വിപ്പിനുമായി എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; 2014 ജനുവരിക്കുശേഷം എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ നിയമിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് മുഖ്യമന്ത്രിയടക്കം എല്ലാ മന്ത്രിമാർക്കും സർക്കാർ ചീഫ് വിപ്പിനുമായി ആകെ 623 പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2014 ജനുവരിക്കുശേഷം നിയമിക്കപ്പെട്ട പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഡയസ്നോൺ പ്രഖ്യാപനം

26 (26) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും സമരം ചെയ്തതുമായി ബന്ധപ്പെട്ട് എത്ര ദിവസം 'ഡയസ്നോൺ' പ്രഖ്യാപിച്ചിട്ടുണ്ട് ; അവ ഏതെല്ലാം തീയതികളിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

ഒരു വിഭാഗം സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്കുമായി ബന്ധപ്പെട്ട് 2011-12 വർഷം 21-8-2012-ൽ ഒരു ദിവസവും 8-1-2013 മുതൽ 13-1-2013 വരെ ആറ് ദിവസവും 20-2-2013 മുതൽ 21-2-2013 വരെ രണ്ട് ദിവസവും 2014-15

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷം 22-1-2015-ൽ ഒരു ദിവസവും ഡയസ്നോൺ പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14 വർഷം പണിമുടക്ക് നടത്തിയിട്ടില്ലാത്തതിനാൽ ഡയസ്നോൺ പ്രഖ്യാപിച്ചിട്ടില്ല.

## പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

27 (27) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കുന്നവരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ കാലാനുസൃതമായ മാറ്റംവരുത്തുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമം അനുസരിച്ച് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർക്ക് ആ തസ്തികയുടെ മിനിമം ശമ്പളം പോലും നിഷേധിക്കപ്പെടുന്ന അവസ്ഥകണക്കിലെടുത്ത് യോഗ്യതയുടെ അടിസ്ഥാനത്തിൽ, ജോലി നോക്കുന്ന തസ്തികയുടെ മിനിമംശമ്പളമെങ്കിലും ലഭിക്കത്തക്കവിധം നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തുമോ ?

ഉത്തരം

(എ&ബി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസിലെ ഭേദഗതി സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുംമറ്റും പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് അവരുടെ മാതൃസ്ഥാപനത്തിൽ ലഭിക്കുന്ന ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം

28 (28) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള എല്ലാ സ്ഥിരനിയമനങ്ങളിലും പി.എസ്.സി. വഴിയാകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) നിയമനത്തിലും വേതനം നിശ്ചയിക്കുന്നതിലും ഇത്തരം സ്ഥാപനങ്ങൾ

സ്വീകരിക്കേണ്ട നിബന്ധനകൾ ഉൾക്കൊള്ളിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; പ്രസ്തുത നിർദ്ദേശങ്ങളുടെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള എല്ലാ സ്ഥിരനിയമനങ്ങളും പി.എസ്.സി. വഴിയാക്കണമെന്ന് 13-5-2015-ലെ 48/2015/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*.

(ബി) നിയമനത്തിലും വേതനം നിശ്ചയിക്കുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നിബന്ധനകൾ 13-5-2015-ലെ 48/ 2015/ധന. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും എല്ലാ നിയമങ്ങളും ആവശ്യകതക്കനുസരിച്ച് സർക്കാരിന്റെ അംഗീകാരത്തോടുകൂടി അനുവദിച്ച തസ്തികകളിൽ മാത്രമേ നിയമനാധികാരി നിയമനം നടത്താവൂ.

2. സംവരണ തത്വങ്ങൾ ഉൾപ്പെടെ ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് സുതാര്യമായ നിയമന പ്രക്രിയവഴിമാത്രമേ മുകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിയമനങ്ങൾ നടത്താവൂ.

3. എല്ലാ സ്ഥിരനിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണ്. കരാറടിസ്ഥാനത്തിൽ നിയമിതരായവർക്ക് യാതൊരു സാഹചര്യത്തിലും സ്ഥിരനിയമനത്തിനുള്ള അവകാശം ഉണ്ടായിരിക്കുകയില്ല. കരാർ നിയമനത്തിനുള്ള വ്യവസ്ഥകളിൽ ഇതുൾപ്പെടുത്തേണ്ടതാണ്.

4. കരാർ നിയമനങ്ങളിൽ ജീവനക്കാരും തൊഴിൽ ദാതാവും തമ്മിൽ നിയമന വ്യവസ്ഥകൾ, നിയമനത്തിന്റെ കലാവധി (ഒരു സമയത്ത് ഒരു വർഷത്തിൽ കൂടാൻ പാടുള്ളതല്ല) മുതലായവ വ്യക്തമാക്കുന്ന കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ സ്ഥിരനിയമനം/പി.എസ്.സി. വഴിയുള്ള നിയമനം നടത്തുമ്പോൾ കരാർ നിയമനം റദ്ദാവുകയും ചെയ്യും.

5. കരാർ നിയമന കാലത്തേയ്ക്കുള്ള വേതനം ടി തസ്തികയ്ക്കുള്ള മിനിമം അടിസ്ഥാന ശമ്പളവും നിയമന സമയത്തെ നിലവിലുള്ള ക്ഷാമബത്തയും തസ്തികയ്ക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുള്ള അർഹമായ അലവൻസുകളും ചേർത്തുള്ള തുകയിൽ കൂടാൻ പാടുള്ളതല്ല.

**സേവനപ്രദാന പദ്ധതി**

29 (29) <u>ശ്രീ. എം. ഉമ്മർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സേവനപ്രദാന പദ്ധതിയുടെ കാര്യക്ഷമതയെ സംബന്ധിച്ച് സർക്കാർതലത്തിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ സേവനപ്രദാന പദ്ധതിപ്രകാരം നാളിതുവരെയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത കാര്യാലയങ്ങളിൽ അവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കുംവേണ്ടി കേരള സംസ്ഥാന സേവനാവകാശ നിയമം 2012, 2012 നവംബർ 1 മുതൽ നിലവിൽവന്നു. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാം തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവർ ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടുവച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

സേവനാവകാശ നിയമപ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട് 15-11-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ

നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

30(30) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ വർഷം നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിൽ നിന്നും ശരാശരി എത്ര അപേക്ഷകൾ ലഭിച്ചു ; വിശദമാക്കാമോ ;

(ബി) അപേക്ഷകളിൽ എത്ര ശതമാനം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞു ; വിശദമാക്കാമോ ;

(സി) പരിപാടിയുടെ സംഘാടനത്തിന് ഓരോ ജില്ലയിലും എത്ര തുക ചെലവാക്കി ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഇതുവരെ 3,58,677 പരാതികൾ ലഭിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) പാലക്കാട് ജില്ലയിൽ ജനസമ്പർക്ക പരിപാടി നടന്നിട്ടില്ല. ഓരോ ജില്ലയിലും തീർപ്പ് കൽപ്പിച്ച അപേക്ഷ സംബന്ധിച്ച കണക്ക് (ശതമാനത്തിൽ ലഭ്യമായവ) അനുബന്ധമായി ചേർക്കുന്നു*.

(സി) ക്രോഡീകരിച്ചുവരുന്നു.

**ഭരണ മികവിന് അംഗീകാരം**

31 (31) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ അന്തർദേശീയതലങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അംഗീകാരം ഏതെല്ലാം മേഖലകളിലാണ് ലഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം മേഖലകളാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പി.-യുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടു കയുമുണ്ടായി.

(സി&ഡി) സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻ വർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരുംവർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്. വിഷൻ 2030, എമർജിംഗ് കേരള, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഈ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക് ആക്കുന്നതിനും നടപടി നടന്നു വരുന്നു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

32(32) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) 2015 മേയ് 21-ന് നടന്ന കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര പരാതികൾ തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ ;

(സി) പരിപാടി നടത്തിപ്പിന് എത്ര ലക്ഷം രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര ലക്ഷം രൂപയാണ് ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആകെ 20,057 അപേക്ഷകൾ ലഭിച്ചു.

(ബി) 13,052 അപേക്ഷകളിൽ തീർപ്പുകല്പിച്ചിട്ടുണ്ട്.

(സി) 34,84,524 (മുപ്പത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ ) ചെലവഴിച്ചു.

(ഡി) 2,72,12,000 (രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി പന്ത്രണ്ടായിരം രൂപ) ധനസഹായം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികൾ

33(33) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ, ഏതൊക്കെ പുതിയ പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം നടപ്പാക്കിയിട്ടുണ്ട് ;

(സി) ഇനി നടപ്പാക്കാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ് ; വ്യക്തമാക്കുമോ ;

(ഡി) ഇവ നടപ്പാക്കാനാവശ്യമായ ഫണ്ട് നീക്കിവച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ പണം ഏതുവിധത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ മംഗലാപുരത്തെ ആശുപത്രികളും കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുക, മെഡിക്കൽ കോളേജ് നിർമ്മാണം, 100 എൻഡോ സൾഫാൻ ദുരിതബാധിതർക്ക് വീട്, കടാശ്വാസത്തിന് പ്രത്യേക പദ്ധതി, ആധുനിക സൗകര്യങ്ങളോടെ പുനരധിവാസഗ്രാമം, മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കാശുപത്രികൾ, ബാവിക്കര റഗുലേറ്റർ പദ്ധതിയുടെ പൂർത്തീകരണം, നീലേശ്വരം നഗരസഭയ്ക്ക് ബസ് സ്റ്റാൻഡിന് സ്ഥലം, കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയം, നീലേശ്വരം-പള്ളിക്കര റയിൽവേ മേൽപ്പാലം എന്നീ പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) നടപ്പാക്കാനുള്ള പദ്ധതികൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ പരിഗണനയിലാണ്.

**സംസ്ഥാനത്തെ സിവിൽ സർവ്വീസ് അഴിമതി**

34(34) ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; എല്ലാ സർക്കാർ വകുപ്പുകളിലും വിജിലൻസ് വിഭാഗം രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരടക്കം എല്ലാ വിഭാഗം ഉദ്യോഗസ്ഥരുടെയും പേരിൽ ആരോപിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കഴിയുന്നുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനപങ്കാളിത്തത്തോടെ, അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്., വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾവഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തുവരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തിവരുന്നു.

(ബി) പ്രസ്തുത നടപടികൾ പര്യാപ്തമാണ്. അഴിമതി കണ്ടെത്തി നടപടി

സ്വീകരിച്ചുവരുന്നതിനോടൊപ്പം അഴിമതി തടയാൻ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ "വിജിലൻസ് കേരള" എന്ന ഒരു പുതിയ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യേകം വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. അത്തരം സെല്ലുകൾ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

**സ്പോർട്സ് ക്വാട്ട നിയമനം**

35(35) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സ്പോർട്സ് ക്വാട്ട നിയമനത്തിന് തെരഞ്ഞെടുത്തവർക്കുള്ള നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ തെരഞ്ഞെടുത്തവർക്ക് ഏതെല്ലാം വകുപ്പുകളിൽ ഏതൊക്കെ തസ്തികളിലേക്കാണ് നിയമനത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2-6-2012-ലെ സ.ഉ. (എംഎസ്.) 134/2012/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 101 കായികതാരങ്ങൾക്കും 28-9-2012-ലെ സ.ഉ. (എംഎസ്.) 257/ 2012/പൊ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം 2 പേർക്കും, 22-8-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 231/2014/പൊ.ഭ.വ. ഉത്തരവുപ്രകാരം ഒരാൾക്കും 21-4-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 117/2015/പൊ.ഭ.വ. ഉത്തരവുപ്രകാരം 4 പേർക്കും വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി 2006-2008, 2009 കാലയളവിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**സർക്കാർ ചെലവിൽ നടത്തപ്പെട്ട വിദേശയാത്രകൾ**

36(36) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ്വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകളിൽ വിദേശത്തുള്ള ഏതെങ്കിലും സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ ക്ഷണം സ്വീകരിച്ചുകൊണ്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തിയ വിദേശയാത്രകൾ ഏതെല്ലാമായിരുന്നു ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ ചെലവിൽ നടത്തപ്പെട്ട വിദേശയാത്രകൾ ആദ്യം നിശ്ചയിക്കപ്പെട്ട യാത്രാപരിപാടികളിൽനിന്ന് മാറ്റംവരുത്തി യാത്രചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മന്ത്രിമാരും ചീഫ് വിപ്പും ഏതെല്ലാം യാത്രാവേളയിൽ എന്തെല്ലാം നിലയിലുള്ള മാറ്റങ്ങൾ വരുത്തി യാത്ര ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(സി) ഔദ്യോഗിക യാത്രവേളയിൽ സ്വകാര്യയാത്രകൂടി നടത്തിയ മന്ത്രിമാർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്വിപ്പ് എന്നിവർ നടത്തിയ വിദേശ യാത്രകളിൽ വിദേശത്തുള്ള സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ ക്ഷണം സ്വീകരിച്ചുകൊണ്ട് നടത്തിയ വിദേശയാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

(ബി) ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്വിപ്പ് എന്നിവർ സർക്കാർ ചെലവിൽ നടത്തിയ വിദേശയാത്രകളിൽ ആദ്യം നിശ്ചയിക്കപ്പെട്ട യാത്രാപരിപാടികളിൽനിന്ന് മാറ്റംവരുത്തി യാത്രചെയ്തിട്ടില്ല.

(സി) ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്വിപ്പ് എന്നിവർ ഔദ്യോഗിക യാത്രവേളയിൽ സ്വകാര്യയാത്രകൂടി നടത്തിയിട്ടില്ല.

## സർവ്വീസിൽ സ്ഥിരപ്പെടുത്തൽ

37(37) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ വിവിധ വകുപ്പുകളിലും വകുപ്പുകളുടെകീഴിലെ സ്ഥാപനങ്ങളിലും താത്ക്കാലികമോ, നിത്യകൂലിയടിസ്ഥാനത്തിലോ മറ്റുനിലയിലോ, നിയമിച്ചിരുന്ന ആരെയെങ്കിലും സർവ്വീസിൽ സ്ഥിരപ്പെടുത്താനോ, തുടരാനോ അനുവദിച്ചുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിൽ എത്ര പേരെവീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; ഇവയിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാത്തവ ഏതൊക്കെ ;

(സി) താത്കാലിക നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തുന്നതിനായി, ഏതെല്ലാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പുകളിൽനിന്ന് ഏതെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ വകുപ്പിൽനിന്നും 15-2-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 29/2012/പൊഭവ ഉത്തരവ് പ്രകാരം 2 പേരെ ഡോബി തസ്തികയിലും 10-12-2013-ലെ സ.ഉ.(കൈ) നമ്പർ 360/2013/പൊഭവ ഉത്തരവ് പ്രകാരം ഒരാളെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 88/12/പൊഭവ പ്രകാരം ഒരാളെ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനോട് ധനകാര്യ വകുപ്പ് യോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. കൂടാതെ 19-4-2013-ൽ പൊതുഭരണ വകുപ്പിൽനിന്നും ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ബൈന്റർ തസ്തികയിലേക്ക് നിയമിക്കപ്പെട്ട ഒരാളിന് 18-1-2014-ലും തുടർന്ന് 31-1-2015-ലും ഓരോ വർഷത്തേയ്ക്കുകൂടി നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മറ്റുവകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ

38(38) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിലും മറ്റും വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 32662 വാഹനങ്ങൾ.

(ബി) സ്വീകരിച്ചുവരുന്നു.

## ജനസമ്പർക്ക പരിപാടി

39 (39) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹു. മുഖ്യമന്ത്രി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും ലഭിച്ച പരാതികൾ എത്ര ; ആയതിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ട് ;

(സി) ഇനിയും എത്ര പരാതികൾ തീർപ്പാക്കാനുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി &സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ജനസമ്പർക്ക പരിപാടി**

40 (40) <u>ശ്രീ. ആർ. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി 3-ാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയെന്നും ആയതിൽ തീർപ്പാക്കാത്തവ എത്രയെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എത്രപേർക്ക് എത്ര തുക ചികിത്സാ സഹായമായും ഇതര വിഭാഗത്തിലും നൽകിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) 2015-ലെ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച വികസന പദ്ധതികൾ ഏതൊക്കെയാണ് ; കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച വികസന പദ്ധതികൾ ഏതൊക്കെയാണ് ; നിലവിൽ പ്രസ്തുത പദ്ധതികളുടെ സ്ഥിതി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ 3-ാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ ആകെ 29,205 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 10,952 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 18,253 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓൺലൈൻ മുഖാന്തിരം ലഭിച്ച 2,306 അപേക്ഷകർക്ക് 1,76,86,000 രൂപയും ജനസമ്പർക്ക പരിപാടി ദിവസം മുഖ്യമന്ത്രി നേരിൽ കേട്ട ഓൺലൈൻ അപേക്ഷകർക്ക് 53,55,000 രൂപയും ജനസമ്പർക്ക പരിപാടി ദിവസം നേരിട്ടെത്തിയ അപേക്ഷകർക്ക് 7,86,99,000 രൂപയും നൽകിയിട്ടുണ്ട്. മണ്ഡലാടിസ്ഥനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

(സി) 21 പദ്ധതികൾ പ്രഖ്യാപിച്ചു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കഴിഞ്ഞ ജനസമ്പർക്ക പരിപാടികളിൽ വികസന പദ്ധതികൾ പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജനസമ്പർക്ക പരിപാടി**

41 (41) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

2015-ലെ ജനസമ്പർക്ക പരിപാടിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ; ഇതിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ഒഴികെയുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത വിവരങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

2015-ലെ ജനസമ്പർക്ക പരിപാടിയിൽ 3,61,483 അപേക്ഷകൾ ലഭിച്ചു. (പാലക്കാട് ഓൺലൈൻ അപേക്ഷ മാത്രം) ഇതിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ഒഴികെയുള്ള 95,807 അപേക്ഷകളിൽ തീർപ്പ് കല്പിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

**ജനസമ്പർക്ക പരിപാടി**

42 (42) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ വർഷം ഇതുവരെ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ജനസമ്പർക്ക പരിപാടി നടത്തിയത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എത്ര പണമാണ് ഇതുവരെ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ വിതരണം നടത്തിയിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തിക സഹായ വിതരണമല്ലാതെ മറ്റെന്തെല്ലാം പരിപാടികളാണ് ജനസമ്പർക്കത്തിലൂടെ നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്രോഡീകരിച്ചുവരുന്നു.

(ബി) പാലക്കാട് ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തി.

(സി) പാലക്കാട് ഒഴികെ മറ്റു ജില്ലകളിലായി 58,33,61,500 രൂപ (അൻപത്തിയെട്ടു കോടി മുപ്പത്തിമൂന്നുലക്ഷത്തി അറുപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ) വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ഡി) ബി.പി.എൽ.-എ.പി.എൽ. കാർഡ്, സൗജന്യ ചികിത്സാ, വികലാംഗർക്കുള്ള മുച്ചക്രവാഹന വിതരണം, വിവിധ ക്ഷേമ പെൻഷനുകൾ, വൈദ്യുതി കണക്ഷൻ, സ്ട്രീറ്റ് ലൈറ്റ്, പട്ടയം, വസ്തുതർക്കം തുടങ്ങിയ വിഷയങ്ങളിലുള്ള പരാതികളും കൂടാതെ പുനരുദ്ധാരണത്തിനായി അതാത് ജില്ലകളിൽ പൊതുതാല്പര്യമുള്ളതും മുടങ്ങി കിടക്കുന്നതുമായ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

43(43) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജനസമ്പർക്ക പരിപാടികളാണ് ആകെ നടത്തിയിട്ടുള്ളത് ; പ്രസ്തുത ജനസമ്പർക്ക പരിപാടികളുടെ സംഘാടനത്തിനും ഒരുക്കങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം ആനുകൂല്യങ്ങളാണ് ഇതിലൂടെ നൽകിയിരുന്നതെന്നും എത്ര പേർക്ക് അവ നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; അതിൽ എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട് ; ബാക്കിയുള്ളവയിൽ കാലതാമസം വരുന്നതെന്തുകൊണ്ട് ;

(ഡി) പരിഹരിച്ചവ കുറവാണെന്നുള്ളതും പരിഹരിക്കാനുള്ളത് വളരെ കൂടുതലുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആനുകൂല്യം നൽകുന്നതിന് കാലതാമസം നേരിടുന്നു എന്നു പറഞ്ഞുതുടങ്ങിയ ജനസമ്പർക്ക പരിപാടിയിലും യഥാസമയം അവ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) മൂന്ന ജനസമ്പർക്ക പരിപാടികളാണ് നടത്തിയിട്ടുള്ളത്. ഇതിൽ ഒന്നം രണ്ടും ഘട്ട ജനസമ്പർക്ക പരിപാടകളുടെ സംഘാടനത്തിനും ഒരുക്കങ്ങൾക്കുമായി 9,27,27,264 രൂപ ചെലവഴിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ എല്ലാ ജില്ലകളിലും ചെലവ് സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് വരുന്നതിനാൽ അവ ലഭ്യമായിട്ടില്ല.

(ബി) ചികിത്സാ ധനസഹായം, ബി.പി.എൽ. കാർഡ്, മുച്ചക്രവാഹന വിതരണം, വസ്തു സംബന്ധിച്ച അപേക്ഷകൾ, വായ്പാ ഇളവ്, വീൽചെയർ, മോട്ടോറൈസിഡ് ത്രീവീലർ, പട്ടയം അനുവദിക്കൽ, ക്ഷേമപെൻഷനുകൾ, പോലീസ് സഹായം തുടങ്ങിയ ആനുകൂല്യങ്ങളാണ് നല്കിയിരുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിലെ ആനുകൂല്യം സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*. മൂന്നാം ഘട്ടത്തിലെ ആനുകൂല്യം സംബന്ധിച്ച കണക്കുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി-ഇ) മൂന്ന ജനസമ്പർക്ക പരിപാടികളിലായി 12,32,503 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 9,77,309 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. (മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി പാലക്കാട് നടന്നിട്ടില്ലാത്തതിനാൽ ഓൺലൈൻ അപേക്ഷകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.)

**ജനസമ്പർക്ക പരിപാടി**

44(44) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി എത്ര ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജനസമ്പർക്ക പരിപാടിയിലും ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ഏതെല്ലാം വകുപ്പുകളിൽ എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഇവയിൽ തീർപ്പാക്കിയ അപേക്ഷകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ജനസമ്പർക്ക പരിപാടികളിൽ തീരുമാനമാകാത്ത അപേക്ഷ, തുടർന്നുള്ള പരിപാടികളിൽ സമർപ്പിക്കുന്നതായി അറിയുമോ ;

(ഇ) ഇപ്രകാരം അപേക്ഷകൾ തീർപ്പാക്കാതിരിക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) ചികിത്സാ ധനസഹായം ഒഴികെയുള്ള അപേക്ഷകളിൽ ഭൂരിഭാഗവും തീർപ്പായിട്ടില്ലെന്ന പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മൂന്ന്.

(ബി) ഒന്നാം ഘട്ടത്തിൽ 5,50,001 അപേക്ഷകളും രണ്ടാം ഘട്ടത്തിൽ 3,21,019 അപേക്ഷകളും മൂന്നാം ഘട്ടത്തിൽ 3,58,677 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള അപേക്ഷകളുടെ എണ്ണം ലഭ്യമല്ല.

(സി) ഒന്നാം ഘട്ടത്തിൽ 5,01,359 അപേക്ഷകളും രണ്ടാം ഘട്ടത്തിൽ 3,20,722 അപേക്ഷകളും മൂന്നാം ഘട്ടത്തിൽ 1,49,785 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

(ഡി&ഇ) നിയമപരമായി തീർപ്പാക്കാൻ സാധിക്കാത്തവ, കോടതി പരിഗണനയിലുള്ളവ, സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമായവ തുടങ്ങിയ അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.

(എഫ്) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടിയിലെ അപേക്ഷകളിന്മേലുള്ള തീർപ്പാക്കൽ**

45(45) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ അപേക്ഷകളിൽ തീരുമാനമെടുക്കാതെ ബാക്കി നിൽക്കുന്ന അപേക്ഷകളെത്ര ;

(ബി) നയപരമായ തീരുമാനമെടുക്കേണ്ട അപേക്ഷകളിൽ തീരുമാന മാകാത്തവ എത്ര ;

(സി) വസ്തു സംബന്ധമായ അപേക്ഷകളിൽ തീരുമാനമാകാതെ ബാക്കി നിൽക്കുന്നവ എത്ര ;

(ഡി) ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിന് അപേക്ഷിച്ചവരിൽ ധനസഹായം ഇതുവരെ ലഭ്യമാകാത്തത് എത്രപേർക്ക് ?

<u>ഉത്തരം</u>

(എ-ഡി) നയപരമായ തീരുമാനമെടുക്കേണ്ടതും നിയമപരമായ തടസ്സമുള്ളതുമായ വിഷയങ്ങളൊഴിച്ച് എല്ലാ പരാതികളിലും തീരുമാനമായിട്ടുണ്ട്. വിഷയം തിരിച്ചുള്ള

അപേക്ഷകളുടെ വിവരം ലഭ്യമല്ല.

**ജനസമ്പർക്ക പരിപാടിയിലൂടെ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കൽ**

46(47) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

കെട്ടിക്കിടക്കുന്നതും വർഷങ്ങളായി പരിഹാരം ഉണ്ടാക്കുവാൻ ജനങ്ങൾ ഓഫീസുകളിൽ കയറിയിറങ്ങുന്നതുമായ കേസ്സുകൾ ജനസമ്പർക്ക പരിപാടികളിൽ തീർപ്പാകുന്നുവെങ്കിൽ ആയതിന് നിയമങ്ങളിലും ചട്ടങ്ങളിലും സർക്കാർ ഇളവ് വരുത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള കേസ്സുകൾ തീർപ്പാക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുവാൻ സാദ്ധ്യമല്ല. ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കേണ്ടത് ഗവൺമെന്റ് തലത്തിലാണ്.

**മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവരുടെ വിദേശ പര്യടനം**

47(48) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ്‌വിപ്പ്എന്നിവരിൽ ആരെല്ലാം എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ട് ;

(ബി) ഇതിൽ ഔദ്യോഗിക പര്യടനങ്ങൾ, സ്വകാര്യ പര്യടനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) വിദേശ പര്യടനത്തിന് മുമ്പ് വാങ്ങിയിരിക്കേണ്ട പൊളിറ്റിക്കൽ ക്ലിയറൻസ് ഉൾപ്പെടെ അനുമതി ഇല്ലാതെ ഏതെങ്കിലും മന്ത്രിയോ ഗവ. ചീഫ്‌വിപ്പ് വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെ എന്നും സന്ദർശിച്ച രാജ്യങ്ങൾ ഏതൊക്കെ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർ നടത്തിയ വിദേശ യാത്രകളുടെ എണ്ണം അനുബന്ധമായി കൊടുത്തിട്ടുണ്ട്*. ഔദ്യോഗിക പര്യടനങ്ങൾ സ്വകാര്യ പര്യടനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടിയാണ് വിദേശയാത്രകൾ നടത്തിയിട്ടുള്ളത്.

## മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർക്കായി ചെലവഴിച്ച തുക

48 (49) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കർ അധികാരമേറ്റശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ്‌വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ., ശമ്പളം ഇനത്തിലും മൊബൈൽ ഫോൺ ചാർജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ് ഇനത്തിലും ചെലവഴിക്കപ്പെട്ട തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷംമാത്രം ഇവ ഓരോന്നും എത്ര വീതമായിരുന്നെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ., ശമ്പള ഇനത്തിലും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ്ജ് ഇനത്തിലും ചെലവഴിക്കപ്പെട്ട തുക അനുബന്ധം-എ* ആയി ചേർക്കുന്നു.

(ബി) 2014-15 സാമ്പത്തിക വർഷംമാത്രം ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധം-ബി ആയി ചേർക്കുന്നു*.

## മന്ത്രിമാരുടെ വിദേശ യാത്ര

49(50) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കർ അധികാരമേറ്റശേഷം ഏതെല്ലാം മന്ത്രിമാർ വിദേശയാത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തിയിട്ടുണ്ട് എന്നും ഏതൊക്കെ രാജ്യങ്ങളാണ് സന്ദർശിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ;

(ബി) ഇവരെ അനുഗമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയായ ശ്രീ. സി. എൻ. ബാലകൃഷ്ണൻ ഒഴികെയുള്ള എല്ലാ മന്ത്രിമാരും വിദേശയാത്ര നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) മന്ത്രിമാർ ഉദ്യോഗസ്ഥരോടൊപ്പം നടത്തിയിട്ടുള്ള ഔദ്യോഗിക വിദേശ യാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. അന്തിമ മറുപടി ശേഖരിച്ചുനൽകുന്നതാണ്.

**സംസ്ഥാനത്തിന് ലഭിച്ച അവാർഡുകൾ**

50 (51) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തിന് കിട്ടിക്കൊണ്ടിരുന്ന ചില അവാർഡുകളെ മുൻനിർത്തി അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ ഉന്നയിക്കപ്പെടുന്നു എന്ന അരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ചിരുന്നോ ; എങ്കിൽ, എപ്പോൾ ആദ്യമായി പ്രസ്തുത അവാർഡ് ലഭിക്കുന്നത് ഏത് വർഷം ; ഏതൊക്കെ മേഖലകളിൽ ; വിശദമാക്കാമോ ;

(സി) സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് ലഭിച്ചുവെങ്കിൽ ഇക്കാര്യം മറച്ചുവച്ച് ഈ അവാർഡ് സംസ്ഥാനത്തിന് ആദ്യമായി ഇപ്പോൾ ലഭിച്ചുവെന്ന നിലയിൽ പ്രചരണം നടത്തപ്പെടുന്നു എന്ന അരോപണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ് ഏതെല്ലാം മേഖലകൾക്കാണ് നൽകുന്നത് ;

(ഇ) സംസ്ഥാനം ഈ അവാർഡിന് അർഹമായിട്ടുണ്ടോ ; ഏതൊക്കെ വർഷങ്ങളിൽ, ഏതെല്ലാം മേഖലകൾക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ വിവരസാങ്കേതിക മേഖലയിലെ വിവിധ ഇ-ഗവേണൻസ് വിഭാഗങ്ങൾക്ക് സി.എസ്.ഐ. നിഹിലന്റ് അവാർഡ് ലഭിച്ചിട്ടുണ്ട്. 2006-07-ൽ ഇ-ഗവേണൻസ് പ്രോഗ്രസ്സിവ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് ഇ-ഗവേണൻസ് വിഭാഗത്തിൽ CAPNIC എന്ന പദ്ധതിക്കും 2007-08-ൽ പ്രോഗ്രസ്സീവ് ഇ-ഗവേണൻസ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് e-collectorate വിഭാഗത്തിൽ പാലക്കാട് ഡിസ്ട്രിക്ട് കളക്ടറേറ്റിനും അവാർഡ് ലഭിച്ചിട്ടുണ്ട്. 2008-09-ൽ കണ്ണൂർ ജില്ലക്ക് ഇ-ഗവേണൻസ് Appreciation അവാർഡും Award of excellence വിഭാഗത്തിൽ hs-CAPNIC എന്ന പദ്ധതിക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ഇ-കൃഷി എന്ന പദ്ധതിക്ക് Award of Excellence ലഭിച്ചിട്ടുണ്ട്. 2009-10, 2010-11 എന്നീ വർഷങ്ങളിൽ e-Tax Administration Programme-നും സി.എസ്.ഐ. അവാർഡ് ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ഒരു സംസ്ഥാനത്തിന്റെ മാനവ വിഭവ സാമൂഹിക വികസനത്തിന്റെ മാനദണ്ഡങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, ശുദ്ധജല വിതരണം, സ്ത്രീ ശാക്തീകരണം, പൗര സുരക്ഷയും നീതിയും അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിലെ നേട്ടങ്ങൾക്കാണ് ഐ.ബി.എൻ. ഡയമണ്ട് സ്റ്റേറ്റ് അവാർഡ് നൽകുന്നത്. സംസ്ഥാനത്തിന് ഈ അവാർഡ് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, ആരോഗ്യം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലയിലെ നേട്ടങ്ങൾക്കാണ് സംസ്ഥാനത്തിന് ഈ അവാർഡ് ലഭിച്ചത്.

**മന്ത്രിമാരുടെ യാത്രാബത്ത ചെലവ്**

51 (52) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കരിന്റെ കാലത്ത് മന്ത്രിമാർ, മുഖ്യമന്ത്രി എന്നിവർ യാത്രാ ബത്തയിനത്തിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരും ചെലവഴിച്ച തുക പ്രത്യേകം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർ, മുഖ്യമന്ത്രി എന്നിവർ യാത്രാ

ബത്തയിനത്തിൽ 4,79,38,633 (നാലുകോടി എഴുപത്തൊൻപതുലക്ഷത്തി മുപ്പത്തെണ്ണായിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന്) രൂപ ചെലവഴിച്ചു.

(ബി) ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധം ആയി ചേർക്കുന്നു*.

## എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം

52(53) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസഗ്രാമം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ രൂപരേഖ അന്തിമമായി തീർപ്പാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിനായി സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത് ; ഈ സ്ഥലം ഇതിനായി വിട്ടുനൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക-മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിലുള്ളത്. ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി തയ്യാറാക്കിയ സമഗ്ര പുനരധിവാസ ഗ്രാമത്തിന്റെ കരട് രൂപരേഖ ചർച്ച ചെയ്യുന്നതിലേക്കായി ആരോഗ്യം, സാമൂഹ്യ നീതി, റവന്യൂ എന്നീ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ശിൽപശാല സംഘടിപ്പിക്കുകയും പ്രസ്തുത ശിൽപശാലയിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അന്തിമ രൂപരേഖ തയ്യാറാക്കി വരുന്നു.

(സി) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഒഴിവാക്കപ്പെട്ട പേഴ്സണൽ സ്റ്റാഫംഗങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

53 (54) ശ്രീ. സാജുപോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ ഗവൺമെന്റ് ചീഫ്വിപ്പിന്റെയോ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട ആരെയെങ്കിലും സ്റ്റാഫിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാരുടെ ഏതെല്ലാം സ്റ്റാഫംഗങ്ങളെ ഏതെല്ലാം തീയതികളിൽ സ്റ്റാഫിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പേഴ്സണൽ സ്റ്റാഫിൽ തുടരവെ രാജിവച്ചുപോയവർ എത്ര ; ഒഴിവാക്കപ്പെട്ടവർ എത്ര ; വിശദമാക്കാമോ ;

(ഡി) ഇവർ ഓരോരുത്തരും രാജിവച്ചുപോകാനോ ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) ഊർജ്ജവകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗമായിരുന്ന ശ്രീ. ബിജു ബി.കെ.-യെ 11-2-2014-ൽ ഒഴിവാക്കിയതൊഴികെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടേയോ ഗവൺമെന്റ് ചീഫ്വിപ്പിന്റെയോ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട ആരെയും പേഴ്സണൽ സ്റ്റാഫിൽനിന്നും ഒഴിവാക്കുകയോ രാജിവച്ച് പോകുകയോ ചെയ്തിട്ടില്ല. പേഴ്സണൽ സ്റ്റാഫിൽനിന്നും വിടുതൽ ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്.

**എൻഡോസൾഫാൻ ദുരിതബാധിതർക്കും ആശ്രിതർക്കുമുള്ള ധനസഹായം**

54(55) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കും ദുരിതബാധിതരായി മരണപ്പെട്ട രോഗികളുടെ ആശ്രിതർക്കും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നതെന്ന് പറയാമോ ;

(ബി) സഹായധനം കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ ;

(സി) ദുരിതബാധിതർക്ക് ചികിത്സിക്കുന്നതിനായി ഏതൊക്കെ ആശുപത്രി കളിലാണ് സൗജന്യ സൗകര്യം ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകാനുള്ള സഹായധനം പൂർണ്ണമായും നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർ എന്നിവർക്ക് 5 ലക്ഷം വീതവും ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപാ വീതവും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ധനസഹായത്തിന്റെ രണ്ടു ഗഡുക്കൾ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹതപ്പെട്ടവർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ പട്ടികയിൽപ്പെട്ട കാൻസർ രോഗികൾക്കും മേൽപ്പറഞ്ഞ ശാരീരിക വൈകല്യമുള്ളവർക്ക്, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത അതേ മാതൃകയിൽ 3 ലക്ഷം രൂപാ വീതം അനുവദിച്ചതിൽ, അർഹരായവർക്ക് രണ്ടു ഗഡുക്കൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. നിലവിൽ ആദ്യഗഡു ധനസഹായം കൈപ്പറ്റുകയും എന്നാൽ രണ്ടാംഗഡു ധനസഹായം അനുവദിക്കുന്നതിന് മുമ്പ് മരണപ്പെട്ടവരുമായ ദുരിതബാധിതരുടെ അവകാശികൾക്ക് പ്രസ്തുത ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം വിവിധ കാറ്റഗറികളിലായി 1200, 2200 രൂപാ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം പെൻഷനും അനുവദിച്ചുവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ, എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരെന്ന് കണ്ടെത്തിയിട്ടുള്ള വരുമായവരുടെ ആശ്രിതർക്ക് ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(ബി) വിതരണം ചെയ്തുവരുന്നുണ്ട്.

(സി) മെഡിക്കൽ കോളേജുകളുൾപ്പെടെ താഴെ കൊടുത്തിട്ടുള്ള 17 ആശുപത്രികൾ ദുരിതബാധിതർക്ക് സൗജന്യ വിദഗ്ധ ചികിത്സ നൽകുന്നതിനായി എം-പാനൽ ചെയ്തിട്ടുണ്ട്.

1. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി.

2. യേനപ്പായ മെഡിക്കൽ കേളേജ് ആശുപത്രി, മംഗലാപുരം.

3. പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ.

4. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം.

5. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.

6. മലബാർ കാൻസർ സെന്റർ, തലശ്ശേരി.

7. ഐക്കോൺസ്, ഷൊർണ്ണൂർ.

8. ഡബ്ള്യു & സി ആശുപത്രി, മങ്ങാട്ടുപറമ്പ്.

9. ജനറൽ ആശുപത്രി, കാസർഗോഡ്.

10. ജനറൽ ആശുപത്രി, തലശ്ശേരി.

11. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്.

12. ജില്ലാ ആശുപത്രി, കണ്ണൂർ.

13. കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രി, മണിപ്പാൽ.

14. കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം.

15. ലിറ്റിൽ ഫ്ലവർ ആശുപത്രി, അങ്കമാലി.

16. ആയുർവേദ കോളേജ്, പരിയാരം.

17. ഗവ. ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

(ഡി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ ധനസഹായത്തിന് ശിപാർശ ചെയ്ത വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തി ധനസഹായം കൈപ്പറ്റാതെ മരണപ്പെടുന്ന പക്ഷം ടിയാന്റെ ആശ്രിതർക്ക് പ്രസ്തുത ധനസഹായ വിതരണം ചെയ്യുന്നതാണ്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ മരണപ്പെട്ടതും എന്നാൽ ദുരിതബാധിതരെന്ന് കണ്ടെത്തുന്നതുമായ വ്യക്തികളുടെ ആശ്രിതർക്ക് ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത ധനസഹായം നൽകിവരുന്നുണ്ട്. ആയതിലേക്ക് മരണപ്പെട്ടവരുടെ ആശ്രിതരിൽ നിന്ന് അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

55 (56) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നും എത്ര അപേക്ഷകൾ റിപ്പോർട്ടിനായി അയച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ;

(സി) എത്ര അപേക്ഷകൾ നടപടികൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ടെന്ന വിവരം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) എത്ര അപേക്ഷകൾ നടപടികൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ട് ? ഇവ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

## മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി-കാസർഗോഡ് ജില്ല

56 (57) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ കാസർഗോഡ് ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിഷയം തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ജില്ലയിൽ ജനസമ്പർക്ക പരിപാടിക്ക് ഉദ്യോഗസ്ഥരുടേയും ബന്ധപ്പെട്ടവരുടേയും അലവൻസടക്കം എത്ര തുക സർക്കാരിന് ചെലവായിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ കാസർഗോഡ് ജില്ലയിലെ 2015 ജനസമ്പർക്ക പരിപാടിയിൽ ആകെ 20,057 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 13,052 അപേക്ഷകളിൽ മുഴുവനായി തീർപ്പാക്കിയിട്ടുണ്ട്.

(സി) ജില്ലയിലെ 2015-ലെ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി 34,84,524 രൂപ ചെലവായിട്ടുണ്ട്.

## സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സംവിധാനം

57(58) ശ്രീ. ജോസ് തെറ്റയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുള്ളത്;

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) ഇ-ഫയലിംഗ് ഏർപ്പെടുത്തിയതിനുശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) ഐഡിയാസ് സംവിധാനത്തിന് പകരമായി ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നിലവിൽ 19 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഘട്ടം ഘട്ടമായി എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സെക്രട്ടറിയേറ്റിൽ ഇനി ഇ-ഫയലിംഗ് നടപ്പിലാക്കുവാനുള്ള വകുപ്പുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്.

(ഡി&ഇ) ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനത്തിന് ഇന്റർനെറ്റിലൂടെ അറിയുന്നതിനുള്ള സംവിധാനമായ 'public interface module' ഇ-ഓഫീസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സംവിധാനം**

58 (59) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ഏതൊക്കെ വിഭാഗങ്ങളിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) അതാത് വകുപ്പുകളിൽ ഇ-ഫയലിംഗ് സമ്പ്രദായത്തിലുള്ള ഫയലുകളുടെ മേൽനോട്ട ചുമതല ആർക്കാണ് ; മേൽനോട്ടം കാര്യക്ഷമമായി നടത്തുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ;

(സി) ഇ-ഫയലിംഗ് സംവിധാനം നിലവിലുള്ള ചില സെക്ഷനുകളിൽ സമയബന്ധിതമായി ഫയൽ തീർപ്പാകാതെയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇങ്ങനെയുള്ള ഫയലുകളിൽ അടിയന്തരമായി നടപടി സ്വീകരിച്ച് തീർപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇ-ഫയലിംഗ് സമ്പ്രദായത്തിലുള്ള ഫയലുകളുടെ മേൽനോട്ട ചുമതല ബന്ധപ്പെട്ട വകുപ്പുകളിലെ സെക്രട്ടറിമാർക്കാണ്. ഇ-ഓഫീസ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വിവര സാങ്കേതികവകുപ്പ് സമയാ സമയങ്ങളിൽ നൽകിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

59 (60) ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ കണക്കുകൾ വിശദമാക്കാമോ;

(ബി) ഇ-ഫയലിംഗ് സമ്പ്രദായം വന്നതിനുശേഷം ഫയൽ തീർപ്പാക്കുന്നതിൽ

എന്തെങ്കിലും പുരോഗതികൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഫയൽ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 2015 ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് 1,22,668 ഫയലുകൾ തീർപ്പാക്കാതെയുണ്ട്.

(ബി) സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഫയൽ തീർപ്പാക്കൽ പുരോഗതി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

(സി) ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു കൊണ്ട് വകുപ്പുതലത്തിൽ ചർച്ചചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ തീർപ്പ്

60 (61) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഫയലുകളിൽ ആവശ്യമായ റിപ്പോർട്ട് ചോദിച്ച് താഴെത്തട്ടിലേക്ക് അയക്കുന്ന കത്തുകൾക്കും മറ്റും മറുപടി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(സി) നിലവിൽ ഏർപ്പെടുത്തിയ ഇ-ഫയൽ സംവിധാനം കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ട് ;

(ഡി) അപേക്ഷകന് ഫയലുകളിൽ വേഗത്തിൽ തീർപ്പ് ലഭിക്കുന്നതിനും ഫയൽ നീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ അറിയുന്നതിനും ആവശ്യമായ ഓഫീസ് പ്രൊസീജർ ഭേദഗതി നടപ്പിലാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ നിയമ, സാങ്കേതിക പ്രശ്നങ്ങളില്ലാത്ത എല്ലാ ഫയലുകളും ഉടൻ തന്നെ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പ്രതിമാസ പ്രവർത്തന പത്രികകളുടെ അവലോകന റിപ്പോർട്ടിലൂടെ എല്ലാ മാസവും വകുപ്പുകൾക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ, ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും അന്നേ ദിവസം സാധ്യമായ എല്ലാ മേലുദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഫയലുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താമസംവിന ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും ഭരണവകുപ്പുകൾ കർശന നിർദ്ദേശം നൽകേണ്ടതും അതു പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഇ-ഫയൽ സംവിധാനം സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പിലും നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഇതിന്റെ പുരോഗതി വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കുലർ വഴിയും അവലോകന റിപ്പോർട്ടുകൾ മുഖേനയും യഥാസമയങ്ങളിൽ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്. എന്നാൽ ഓഫീസ് പ്രൊസീജർ ആയ സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഭേദഗതി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**സെക്രട്ടേറിയറ്റിൽ തീർപ്പുകൽപ്പിക്കാനുള്ള ഫയലുകൾ**

61(62) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീർപ്പുകൽപ്പിക്കാനായി എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഫയലുകളിൽ തീർപ്പുകൽപ്പിച്ച് ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) താലൂക്കുതല ഉദ്യോഗസ്ഥർ തീർപ്പുകൽപ്പിക്കേണ്ട അപേക്ഷകളാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ തീർപ്പുകൽപ്പിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ ;

(ഡി) മന്ത്രിതലത്തിലും വകുപ്പുസെക്രട്ടറിതലത്തിലും തീർപ്പാക്കേണ്ട ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് തീർപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2015 ഏപ്രിൽ മാസത്തെ സെക്രട്ടറിയേറ്റ് വകുപ്പുകളുടെ പ്രതിമാസ പ്രവർത്തന പത്രികകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ 2015 ഏപ്രിൽ വരെ 1,22,668 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

(ബി) ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചു കൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരി ക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കിവയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ളതും സമയബന്ധിതമായി തീർപ്പാക്കേണ്ടതുമായ ആവശ്യങ്ങളും പ്രശ്നങ്ങളും തൽസമയം പരിഹരിക്കാനാണ് ജനസമ്പർക്ക പരിപാടിയിലൂടെ ശ്രമിക്കുന്നത്.

(ഡി) ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പുകൾ ത്വരിതപ്പെടുത്തണമെന്നും തീർപ്പാക്കാനുള്ള ഫയലുകളെ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് സെക്രട്ടറിമുഖേന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച് തീരുമാനം കൈക്കൊള്ളേ ണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മന്ത്രി മന്ദിരങ്ങളുടെ അറ്റകുറ്റപ്പണിക്കായി ചെലവായ തുക**

62(63) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി ചെലവായ തുക എത്രെയന്ന് വർഷം, മന്ത്രി, മുഖ്യമന്ത്രി, ചീഫ് വിപ്പ്, വസതിയുടെ പേര്, തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ മന്ത്രി മന്ദിരങ്ങൾക്കായി വാടകയ്ക്ക് എടുത്ത സ്വകാര്യ കെട്ടിടത്തിൽ നടത്തിയ വർക്കുകൾക്കും വാങ്ങിയ സാധനങ്ങൾക്കും വേണ്ടി ചെലവഴിച്ച തുക ഇനം

തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ചീഫ്‌വിപ്പിനായി വാടകയ്ക്ക് എടുത്ത സ്വകാര്യ കെട്ടിടത്തിൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾക്കായി 1,24,308 രൂപ ചെലവായിട്ടുണ്ട്. മന്ത്രി മന്ദിരങ്ങൾക്കായി വാടകയ്ക്ക് എടുത്ത സ്വകാര്യ കെട്ടിടത്തിൽ നടത്തിയ വർക്കുകൾക്കും വാങ്ങിയ സാധനങ്ങൾക്കും വേണ്ടി ചെലവഴിച്ച തുക അനുബന്ധം 'എ' യായി ചേർത്തിരിക്കുന്നു*.

## പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച

63(64) <u>ശ്രീ. സാജു പോൾ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ സന്ദർശിച്ചത് എപ്പോഴായിരുന്നു ;

(ബി) ആ സന്ദർശനവേളയിൽ സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി ;

(സി) ഉന്നയിച്ച ഏതെല്ലാം വിഷയങ്ങളിൽ ഉറപ്പ് ലഭിച്ചിരുന്നു ;

(ഡി) പ്രധാനമന്ത്രി, മുഖ്യമന്ത്രിയ്ക്ക് നൽകിയ ഏതെല്ലാം ഉറപ്പുകൾ ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നു ; വ്യക്തമാക്കാമോ ; നടപ്പിലാക്കിയവ ഏതെല്ലാം എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 28-5-2015-നാണ് മുഖ്യമന്ത്രി, പ്രധാനമന്ത്രിയെ ഏറ്റവും ഒടുവിൽ സന്ദർശിച്ചത്.

(ബി) 61 ദിവസത്തെ മത്സ്യബന്ധന നിരോധനം 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻട്രൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തുക, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് പ്രധാനമന്ത്രിയോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ.

(സി&ഡി) സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളും അനുഭാവപൂർണ്ണമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

## കരുതൽ 2015

64 (66) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ൽ എത്ര പേരിൽ നിന്നാണ് മുഖ്യമന്ത്രി അപേക്ഷ സ്വീകരിച്ചത് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) എത്ര അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിച്ചു ;

(സി) ആകെ എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പാലക്കാട് ഒഴികെ മറ്റ് 13 ജില്ലകളിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് 58,33,61,500 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

## കരുതൽ 2015

65(67) ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കരുതൽ 2015-ൽ കൊല്ലം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കരുതൽ 2015-ന്റെ ഭാഗമായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചു എന്നറിയിക്കാമോ ;

(ഡി) ധനസഹായത്തിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ സഹായം അനുവദിക്കാത്ത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അപേക്ഷകൾ എത്രയെന്നറിയിക്കാമോ ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(ഇ) കരുതൽ 2015 കൊല്ലത്ത് സംഘടിപ്പിച്ചതിനുള്ള ചെലവ് എത്ര എന്നറിയിക്കാമോ ;

(എഫ്) ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ സമർപ്പിച്ച വിവിധ പരാതികളിൽ തീർപ്പ് ഉണ്ടായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ ) കൊല്ലം ജില്ലയിൽ 49,985 അപേക്ഷകൾ ലഭിച്ചു.

(ബി) ഓൺലൈൻ മുഖാന്തിരം ലഭിച്ച മുഴുവൻ അപേക്ഷകളിലും നടപടി പൂർത്തിയായിട്ടുണ്ട്. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) കരുതൽ 2015-ന്റെ ഭാഗമായി 5,18,95,500 രൂപ (അഞ്ച് കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റിയഞ്ചായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചിട്ടുണ്ട്.

(ഡി) 2345 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്ത കേസ്സുകളും ഉൾപ്പെടും.

(ഇ) കരുതൽ 2015-ലെ നടത്തിപ്പിനായി ചെലവാക്കിയ തുക സംബന്ധിച്ച അന്തിമ ബില്ലുകൾ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ 36,63,277 രൂപ (മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുനൂറ്റി എഴുപത്തിയേഴ് രൂപ) ചെലവായിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജനസമ്പർക്ക പരിപാടി 2015**

66 (68) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടി 2015-ന്റെ ഭാഗമായി ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം വിഷയങ്ങൾ പരിഹരിക്കുന്നതിനാണ് സർക്കാർ കൂടുതൽ

ഊന്നൽ നൽകേണ്ടതെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളെ ഏറ്റവും വൈഷമ്യത്തിലാക്കുന്ന പ്രശ്നങ്ങൾ ദൂരികരിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനും ഭേദഗതി വരുത്തുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ ചില ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ചും ഭേദഗതിവരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങളെ വൈഷമ്യത്തിലാക്കുന്ന പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 2015-ലെ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പ് ചെലവ്

67(69) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) 2015-ലെ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിന് ആകെ ചെലവ് എത്ര ; വ്യക്തമാക്കാമോ ;

(ബി) വ്യക്തിഗത ആനുകൂല്യങ്ങൾക്കായി എത്ര തുക അനുവദിച്ചു; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ചെലവുകളുടെയും നൽകിയ ആനുകൂല്യങ്ങളുടെയും ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്രോഡീകരിച്ചുവരുന്നു.

(ബി) പാലക്കാട് ഒഴികെ മറ്റുള്ള ജില്ലകളിൽ ആകെ 94,55,21,000 രൂപ (തൊണ്ണൂറ്റിനാല് കോടി അൻപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ) അനുവദിച്ചു.

(സി) ചെലവുകളുടെ ജില്ലതിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല. ആനുകൂല്യങ്ങളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു*.

**കോടതി സമുച്ചയങ്ങളുടെ നിർമ്മാണം**

68 (70) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോടതി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയും അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; ഓരോന്നിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ ;

(സി) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ ; എന്തെല്ലാം സൗകര്യങ്ങൾ ആണ് പ്രസ്തുത കോർട്ട് കോംപ്ലക്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ആധുനിക സൗകര്യങ്ങൾ എന്തെല്ലാമാണ് ഒരുക്കിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 5 കോടതിമുറികളും ഒരു വീഡിയോ കോൺഫറൻസ് സിസ്റ്റവും സെർവർ റൂമും അനുബന്ധ സൗകര്യങ്ങളും ഈ കോടതി സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി പദ്ധതികൾ**

69 (71) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറുപടി നൽകുമോ :

(എ) ശാസ്ത്രസാങ്കേതികവകുപ്പ് കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെകീഴിൽ കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന ഒരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ഫറൂക്ക് കോളേജിൽ കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി ഒരു ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കാഴ്ചവൈകല്യമുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഗവേഷണ പദ്ധതികളും ഉദ്ദേശിക്കുന്നു.

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ ഒരു ദേശീയ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ദേശീയ ഉപദേശക സമിതി കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ പ്രവർത്തനത്തിനുവേണ്ട രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടുമുണ്ട്.

**തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ**

70 (72) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെകാര്യം അവലോകനം ചെയ്തിട്ടിട്ടുണ്ടോ ; എങ്കിൽ എന്ന്, ഏത് തലത്തിൽ എന്ന് വ്യക്തമാക്കാമോ ;

(ബി) സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ വകുപ്പ്

അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഒരു മാസത്തിലധികമായി പെന്റിംഗിൽ കിടക്കുന്ന ഫയലുകളെത്ര ; 6 മാസത്തിലധികമായി കെട്ടിക്കിടക്കുന്ന ഫയലുകളെത്ര ; വ്യക്തമാക്കാമോ ;

(സി) മന്ത്രിമാരുടെ പരിഗണനയ്ക്ക് വന്ന ഫയലുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവ എത്ര വീതമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) എത്ര മന്ത്രിസഭാ തീരുമാനങ്ങൾ ഉത്തരവിലൂടെ പുറത്തിറങ്ങാൻ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) എല്ലാ മാസവും വകുപ്പുകൾ സമർപ്പിക്കുന്ന പ്രതിമാസ പ്രവർത്തന പത്രികകളുടെ അടിസ്ഥാനത്തിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ അവലോകനം നടത്താറുണ്ട്. ഏറ്റവും അവസാനം അവലോകനം നടത്തിയത് 2015 ഏപ്രിൽ മാസത്തിൽ വകുപ്പ് സെക്രട്ടറി തലത്തിലാണ്.

(ബി) വകുപ്പുകളുടെ പ്രതിമാസ പത്രിക പ്രകാരം ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ളവ, രണ്ട് വർഷത്തിനും മൂന്ന് വർഷത്തിനും ഇടയ്ക്കുള്ളവ, മൂന്ന് വർഷത്തിനുമേൽ പഴക്കമുള്ളവ എന്നീ പ്രകാരമാണ് ഫയലുകളുടെ കാലപ്പഴക്കം പരിശോധിച്ചുവരുന്നത്. ഇതിൽ ഒരു മാസത്തിലധികമായ 1,22,668 ഫയലുകളും ഒരു വർഷത്തിലധികമായ 20,507 ഫയലുകളുമുണ്ട്. വകുപ്പുതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ**

71 (73) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖേന 4-6-2015

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരെ 123104 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന 5 വർഷം 1,65,408 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം**

72(74) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ നിലവിലെ കെ.എസ്.ഇ.ബി. മസ്ദൂർ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കുമോ ;

(ബി) ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-9-2013-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. 20 നിയമനങ്ങൾ നടന്നു.

(ബി) ഇല്ല. ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്യുകയും നികത്തുകയും ചെയ്തിട്ടുണ്ട്.

**പി.എസ്.സി. ലിസ്റ്റുകളിലെ നിയമനം**

73(75) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പി.എസ്. സി.യിൽ നിലവിൽ കാലാവധി തീരാത്ത എത്ര ലിസ്റ്റുകളാണ് ഉള്ളത് ; അവ ഓരോന്നും എന്നാണ് നിലവിൽ വന്നത് ;

(ബി) അവയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(സി) ഓരോ തസ്തികയിൽ നിന്നും ഇതുവരെ എത്ര പേരെയാണ് നിയമിച്ചതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി. വഴി നിയമനം**

74 (76) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് പി.എസ്. സി. വഴി നിയമനം ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ജില്ല തിരിച്ചും വകുപ്പുകൾ തിരിച്ചും കാറ്റഗറികൾ തിരിച്ചുമുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. മുഖേന 4-6-2015 വരെ 123104 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. നിയമനം

75 (77) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) 2013-14 വർഷത്തിൽ പി.എസ്.സി. വഴി എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നല്കിയെന്ന് അറിയിക്കാമോ ;

(ബി) ഈ വർഷം കാലാവധി അവസാനിപ്പിക്കുന്ന ലിസ്റ്റുകൾ ഏതെല്ലാമാണ് ; അവയിൽ ഓരോന്നിൽ നിന്നും എത്ര പേർക്ക് വീതമാണ് നിയമനം നൽകിയത് ?

ഉത്തരം

(എ) 2013-ൽ 39183 പേർക്കും 2014-ൽ 28270 പേർക്കും പി.എസ്.സി. വഴി വിവിധ തസ്തികകളിൽ നിയമനം നൽകി. തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി) ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അത് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവുമാണ്. ഒരു വർഷത്തിനുശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് വരുന്നപക്ഷം ആ തീയതി മുതൽ പഴയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലില്ലാതാകും. ആകയാൽ വിവരം മുൻകൂട്ടി ലഭ്യമാക്കാൻ കഴിയുകയില്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

76(78) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിൽനിന്നും ഏതെങ്കിലും വകുപ്പുകളെയോ, തസ്തികകളെയോ ഒഴിവാക്കുന്നതിന് നിർദ്ദേശം ഉയർന്നിട്ടുണ്ടോ ;

(സി) കേരളത്തിലെ മൊത്തം വകുപ്പുകളെയും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തി ആയതിന്റെ പ്രഖ്യാപിത ലക്ഷ്യംനിറവേറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (5-1-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 1/15/പൊ.ഭ.വ., 8-1-2015-ലെ സ.ഉ. (എം.എസ്.) നമ്പർ 9/15/പൊ.ഭ.വ.) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റ് കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

**ജില്ലയിലെ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ റാങ്ക് ലിസ്റ്റ്**

77(79) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്ക് മാനേജർ തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി.കളിലെ 31 പരാതിക്കാർക്കുവേണ്ടി 31 ഒഴിവുകൾ മാറ്റിയിരിക്കണം എന്ന ഉത്തരവ് പി.എസ്.സി.ക്ക് ലഭിച്ചത് എന്നാണ് ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾ ഏതൊക്കെ ജില്ലയിലാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നത് കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ അടിയന്തരമായി പൂർത്തീകരിക്കുമോ ;

(ഡി) പരാതിക്കാരിൽ കൊല്ലം ജില്ലയിലേക്ക് അപേക്ഷിച്ചവർ എത്ര ആണെന്ന്

വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 27-3-2015 |
| കൊല്ലം | 8-12-2014 |
| പത്തനംതിട്ട | 8-12-2014 |
| ആലപ്പുഴ | 17-11-2014 |
| കോട്ടയം | 29-12-2014 |
| ഇടുക്കി | 13-1-2015 |
| എറണാകുളം | 7-1-2015 |
| തൃശ്ശൂർ | 23-12-2014 |
| പാലക്കാട് | 11-11-2014 |
| മലപ്പുറം | 11-12-2014 |
| വയനാട് | 23-12-2014 |
| കോഴിക്കോട് | 11-3-2015 |
| കണ്ണൂർ | 17-11-2014 |
| കാസർഗോഡ് | 30-12-2014 |

(ബി) പ്രസ്തുത തസ്തികയുടെ 31 ഒഴിവുകൾ ഒഴിച്ചിടണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവുകൾ ലഭിച്ച തീയതി ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 24-10-2013 | - | 7 ഒഴിവുകൾ |
| 2-1-2014 | - | 14 ഒഴിവുകൾ |
| 16-1-2015 | - | (8+2) = 10 ഒഴിവുകൾ |

(സി) എസ്.എൽ.പി. ഫയൽചെയ്ത ഉദ്യോഗാർത്ഥികളിൽ 24 പേർ അപേക്ഷ സമർപ്പിച്ച ജില്ലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം - 2

കോട്ടയം - 2

ഇടുക്കി - 2

തൃശ്ശൂർ - 2

കോഴിക്കോട് - 4

വയനാട് - 3

പാലക്കാട് - 9

ഏഴ് ഉദ്യോഗാർത്ഥികൾ (എസ്.എൽ.പി. ഫയൽ ചെയ്തവർ) ഒരു ജില്ലയിലും അപേക്ഷിച്ചിട്ടില്ല.

(ഡി) കൊല്ലം ജില്ലയിലേയ്ക്ക് പരാതിക്കാരിൽ ആരും അപേക്ഷിച്ചിട്ടില്ല.

**ഡ്രൈവർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)യിലെ നിയമനം**

78 (81) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് ഡ്രൈവർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) യിലേക്ക് നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും എത്ര വേക്കൻസി നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയുടെ (Sr for SC/ST) റാങ്ക് പട്ടിക 30-1-2015-ന് നിലവിൽ വരികയും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

**സേവനാവകാശ നിയമം**

79 (82) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ സർക്കാർ കാര്യാലയങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അതിന്റെ ഗുണഫലം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ ;

(ബി) നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഭരണ വകുപ്പുകൾ, പ്രതിമാസം പത്രികയായി, നിശ്ചയിക്കപ്പെട്ട ദിവസം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് സമാഹൃത റിപ്പോർട്ട് യഥാസമയം ലഭ്യമാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) നിയമാനുസരണമുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് ഐ.എം.ജി., സർക്കാരിൽ യഥാസമയം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ 1-ാം തീയതി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ (നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ) ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന് ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖഹാജരാക്കുന്ന തീയതിമുതൽ നിശ്ചിത സമയപരിധിക്കകം സേവനങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. സേവനാവകാശം നടപ്പിലാക്കിയതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി&സി) സേവനാവകാശ നിയമപ്രകാരം ഓരോ വകുപ്പും/സ്ഥാപനവും നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് പ്രതിമാസ പത്രികയായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾമുഖേന ഓരോ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് 28-6-2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി സമാഹൃത റിപ്പോർട്ട് ലഭിക്കാറില്ല. 2015 ഏപ്രിൽ മാസത്തെ റിപ്പോർട്ടുപ്രകാരം ഇതോടൊപ്പം അനുബന്ധം (എ)* ആയി ചേർത്തിരിക്കുന്ന വകുപ്പുകൾ സമാഹൃത റിപ്പോർട്ട് നൽകിയിട്ടുണ്ട്. സേവനാവകാശ നിയമം ബാധകമാക്കിയിട്ടുള്ള വകുപ്പുകളിൽ ടി മാസത്തിൽ സമാഹൃത റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്ത വകുപ്പുകളുടെ ലിസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം (ബി)* ആയി ചേർത്തിരിക്കുന്നു.

(ഡി) 2015 മേയ് മാസത്തോടുകൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യ മായിരിക്കുമെന്ന് ഐ.എം.ജി. ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.യുടെ സഹകരണത്തോടുകൂടി ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

## പുതിയതായി സൃഷ്ടിച്ച തസ്തികകൾ

80 (83) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| അഡീഷണൽ സെക്രട്ടറി | - | 2 |
| ജോയിന്റ്സെക്രട്ടറി | - | 1 |
| ഡെപ്യൂട്ടി സെക്രട്ടറി | - | 1 |
| അണ്ടർസെക്രട്ടറി | - | 4 |
| സെക്ഷൻ ഓഫീസർ | - | 4 |
| അസിസ്റ്റന്റ് | - | 8 |

| | | |
|---|---|---|
| പി.എ. | - | 6 |
| ഓഫീസ് സൂപ്രണ്ട് | - | 1 |
| ടൈപ്പിസ്റ്റ് | - | 2 |
| ബൈന്റർ | - | 1 |
| ബൈന്റിംഗ് സൂപ്പർവൈസർ | - | 2 |
| ഓഫീസ് അസിസ്റ്റന്റ് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 7 |
| ക്ലറിക്കൽ അസിസ്റ്റന്റ് | - | 1 |
| ഡോബി | - | 2 |
| ഫുൾ ടൈം ഫോട്ടോകോപ്പിയർ-കം-കമ്പ്യൂട്ടർ-കം-ടെലഫോൺ ക്ലീനർ | - | 2 |
| അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ | - | 1 |

സൈനിക ക്ഷേമവകുപ്പിൽ കണ്ണൂർ ജില്ലയിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു. 22-1-2014-ന് ശേഷമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി 18,422 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ വകുപ്പിലും സൃഷ്ടിച്ചിരുന്ന തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം II* ആയി ചേർക്കുന്നു.

## താത്ക്കാലിക ജോലിക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച പൊതുമാനദണ്ഡം

81 (85) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ വിവിധ വകുപ്പുകളിൽ താത്ക്കാലികമായി ജോലി നോക്കി വന്നിരുന്ന എത്രപേരെ സർവീസിൽ തുടരാനോ സ്ഥിരപ്പെടുത്താനോ തീരുമാനിച്ചിട്ടുണ്ട് ;

(ബി) സ്ഥിരപ്പെടുത്താൻ തീരുമാനിക്കപ്പെട്ടവരുടെ പേരും തസ്തികയും വകുപ്പ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരിച്ച് വെളിപ്പെടുത്താമോ ;

(സി) സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച പൊതുമാനദണ്ഡം എന്തായിരുന്നു; ഇതേ മാനദണ്ഡം അനുസരിച്ച് സ്ഥിരപ്പെടുത്തിക്കിട്ടാൻ അർഹതയുള്ളവരിൽ നിന്ന് ലഭിച്ച എത്ര അപേക്ഷകൾ അപ്പോൾ പരിഗണനയിലുണ്ട് ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ-സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ വിവിധ തസ്തികകളിലായി താഴെപ്പറയുന്ന നാല് പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്:

| | | |
|---|---|---|
| സെക്യൂരിറ്റി ഗാർഡ് | - | ശ്രീ. കിസോകുമാർ |
| ഡോബി | - | ശ്രീ. ആർ. ജയൻ |
| ഡോബി | - | ശ്രീ. കെ. സനൽകുമാർ |
| ഡ്രൈവർ ഗ്രേഡ് II | - | ശ്രീ. ഗുലാബ് കുമാർ. ആർ. |

ശ്രീമതി ശ്രീലത, എസ്. എന്നയാളെ താല്ക്കാലികമായി ബൈന്റർ തസ്തികയിൽ നിയമിക്കുകയും ഒരു വർഷത്തേയ്ക്ക് കൂടി കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ദീർഘകാലത്തെ പ്രവൃത്തിപരിചയം, സർവ്വീസിലുള്ള കാര്യക്ഷമത, കൃത്യനിഷ്ഠ എന്നിവയാണ് സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനായി സ്വീകരിച്ച പൊതുമാനദണ്ഡം. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം**

82 (86) <u>ശ്രീ. സാജു പോൾ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഈ ഉത്തരവനുസരിച്ച് സ്ഥലം മാറ്റത്തിന് ആർക്കെല്ലാമാണ് പ്രത്യേക പരിഗണന നൽകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ സ്ഥലമാറ്റ മാനദണ്ഡ ചട്ടങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വിവരിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(ബി) 30-10-2014-ലെ സ.ഉ.(പി)36/14/ഉ.ഭ.പ.വ. പ്രകാരം 14 വിഭാഗങ്ങൾക്ക് പൊതു സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം സംബന്ധിച്ച് 2004-ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്റെ വെളിച്ചത്തിൽ പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. നയപരമായ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ വിശദമായ പരിശോധനയും സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകളും ആവശ്യമാണ്.

**തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ**

83 (87) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-5-2015-ാം തീയതിവരെ സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ എത്ര ഫയലുകളുണ്ടെന്ന് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

സെക്രട്ടേറിയറ്റിൽ 1-5-2015-ാം തീയതിവരെ 1,22,668 ഫയലുകൾ തീർപ്പാകാതെയുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം**

84 (88) <u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നുമുതലാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ടി ലിസ്റ്റിൽനിന്നും നിയമനം നടത്തി തുടങ്ങിയത് എപ്പോൾ മുതൽ എന്ന് വ്യക്തമാക്കുമോ ;

(സി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന ഉദ്യോഗാർത്ഥികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ അനുകൂല നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) 29-6-2012 മുതൽ നിലവിൽ വന്നു.

(ബി)

| | |
|---|---|
| തിരുവനന്തപുരം | 30-11-2012 |
| കൊല്ലം | 15-10-2012 |
| പത്തനംതിട്ട | 15-9-2012 |
| ആലപ്പുഴ | 22-11-2012 |
| കോട്ടയം | 16-10-2012 |
| ഇടുക്കി | 8-10-2012 |
| എറണാകുളം | 15-10-2012 |
| തൃശ്ശൂർ | 16-11-2012 |
| പാലക്കാട് | 5-9-2012 |
| മലപ്പുറം | 27-8-2012 |
| വയനാട് | 7-9-2012 |
| കോഴിക്കോട് | 12-11-2012 |
| കണ്ണൂർ | 20-11-2012 |
| കാസർഗോഡ് | 24-8-2012 |

(സി) നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. 31-3-2015-ൽ നിലവിലുള്ളതും 29-9-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി സർക്കാർ ശിപാർശ പ്രകാരം പി.എസ്.സി. ചില വ്യവസ്ഥകൾക്ക് വിധേയമായി 30-9-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**വ്യാജ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുള്ള ജീവനക്കാർ**

85 (89) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ ജോലിനോക്കിവരുന്ന ആരുടെയെങ്കിലും വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് വ്യാജമായിട്ടുള്ളതാണെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വ്യാജ സർട്ടിഫിക്കറ്റുമായി സർവ്വീസിൽ പ്രവേശിക്കപ്പെട്ടതായി ആക്ഷേപം ഉന്നയിക്കപ്പെട്ട എത്ര കേസ്സുകളിൽ ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ട് ;

(സി) സർവ്വീസിൽനിന്നും റിട്ടയർ ചെയ്തിട്ടുള്ള ആരുടെയെങ്കിലും സർട്ടിഫിക്കറ്റ് വ്യാജമാണെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ ; അപ്രകാരം ആരുടെയെങ്കിലും പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റിലെ തസ്തികകൾ**

86(90) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി ആകെയുള്ള തസ്തികകൾ എത്രയാണെന്നും ഏതെല്ലാം പദവികളിൽപ്പെട്ടവയാണെന്നും വ്യക്തമാക്കാമോ ;

(ബി) അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എത്ര ജീവനക്കാരുടെ കുറവ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലുണ്ടെന്നും അവ ഏതെല്ലാം തസ്തികകളിലാണെന്നും പറയാമോ ;

(സി) പല സെക്ഷനുകളിലും ജീവനക്കാരുടെ കുറവുമൂലം എം.എൽ.എ.-മാർ നൽകിയിട്ടുള്ള ഫയലുകൾ പോലും നടപടിയാകാതെ കിടക്കുകയാണെന്നകാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇവിടങ്ങളിൽ ജീവനക്കാരെ നിയമിക്കാത്തത് എന്ന് പറയാമോ; ദീർഘകാലം ഒഴിവുകൾ നികത്താതെ നിലനിർത്തി തസ്തിക കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ 50 തസ്തികകളും ധനകാര്യ വകുപ്പിൽ 39 തസ്തികകളും നിയമ വകുപ്പിൽ 23 തസ്തികകളും നിലവിലുണ്ട്. ഈ വകുപ്പുകളിൽ നിലവിലുള്ള പദവികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 6 പേരുടെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ 13 പേരുടെയും സീനിയർഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒരാളുടെയും പി.എ. ഹയർ ഗ്രേഡ് തസ്തികയിൽ 8 പേരുടെയും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ 45 പേരുടെയും കുറവുണ്ട്. കൂടാതെ ഓഫീസ് അറ്റൻഡന്റിന്റെ 50 ഒഴിവുകളും ഫുൾ ടൈം സ്വീപ്പറിന്റെ 6 ഒഴിവുകളും പാർട്ട്ടൈം സ്വീപ്പറിന്റെ 11 ഒഴിവുകളും ടെലിഫോൺ ക്ലീനറിന്റെ 3 ഒഴിവുകളും നിലവിലുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് അസിസ്റ്റന്റ് തസ്തികയിൽ താല്ക്കാലികമായി 27 പേരുടെ കുറവുണ്ടായിട്ടുണ്ട്. ഇപ്പോൾ 20 പേരുടെ അഡ്വൈസ് പി.എസ്.സി.-യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റുമാരുടെ കേഡറിൽ 15 ഒഴിവുകളും കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ കേഡറിൽ 14 ഒഴിവുകളും നിലവിലുണ്ട്. ഓഫീസ് അറ്റൻഡന്റുമാരുടെ 8 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ തസ്തികകൾ പ്രവേശന തസ്തികകളല്ലാത്തതിനാൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല. നിയമ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരുടെ കുറവ് ഇല്ല.

(സി) ജീവനക്കാരുടെ കുറവ് ബോധ്യപ്പെടുന്ന വകുപ്പുകളിൽ ആ കുറവ് നികത്തുന്നതിനുള്ള നടപടികൾ അടിയന്തരമായിത്തന്നെ സ്വീകരിക്കാറുണ്ട്. ദീർഘകാലം ഒഴിവുകൾ നികത്താതെ നിലനിർത്തി തസ്തിക കുറയ്ക്കുന്നതിന് ഉദ്ദേശമില്ല.

## ദുരിതാശ്വാസനിധിയിൽനിന്നും തുക ലഭ്യമാക്കുവാനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

87(91) ശ്രീ. ജോസ് തെറ്റയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസനിധി തുക വിതരണം ചെയ്യുന്നതിനാൽ, ജനപ്രതിനിധികൾവഴി സമർപ്പിക്കുന്ന, ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുവാനുള്ള അപേക്ഷകൾ പാസാക്കുവാനും പാസാക്കിയ തുകകൾ ലഭിക്കാനും താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സി.എം.ഡി.ആർ.എഫ്. അപേക്ഷകൾ**

88(92) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ സി.എം.ഡി.ആർ.എഫ്. അപേക്ഷകർക്ക് മുഖ്യമന്ത്രി തുകകൾ അനുവദിച്ചുവെങ്കിലും നാളിതുവരെ അപേക്ഷ നമ്പരുകൾ സി.എം. ഡി.ആർ.എഫ്. നമ്പർ 30576 തീയതി 13-6-2014, 34676 തീയതി 11-10-2013, 52499 തീയതി 11-11-2014, 15179, 15177 തീയതി 23-5-2014 എന്നിവ പ്രകാരം ബന്ധപ്പെട്ട വ്യക്തികൾക്ക് തുക ലഭിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ ആവശ്യമായ രേഖകൾ സമർപ്പിച്ചുവെങ്കിലും തുക അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇവർക്ക് തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമോ ; ഇവരുടെ അപേക്ഷയിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരി ക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചില അപേക്ഷകർ യഥാസമയം സമർപ്പിക്കാത്തതിനാലാണ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്.

(ബി&സി) എല്ലാ അപേക്ഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു*.

**ജനസമ്പർക്ക പരിപാടി**

89 (93) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി 2015-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) എത്ര പരാതികൾക്ക് ഇതിനകം പരിഹാരം കണ്ടെത്തിയിട്ടുണ്ട് ;

(സി) ജനസമ്പർക്ക പരിപാടി 2015-ൽ ധനസഹായമായി എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

(ഡി) ധനസഹായം അനുവദിച്ചത് എന്തെല്ലാം ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ജനസമ്പർക്ക പരിപാടി 2015 പതിമൂന്ന് ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 94,55,21,000 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചികിത്സ, ഭവന പുനരുദ്ധാരണം, മരണാനന്തര സഹായം, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠന സഹായം, വികലാംഗർക്ക് സഹായം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്കുള്ള സഹായം, കിടപ്പ് രോഗികൾക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമുള്ള ധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്കാണ് ധനസഹായം അനുവദിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

90 (94) <u>ശ്രീ. കെ. രാജു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ലേക്ക് അപേക്ഷ സ്വീകരിച്ച് തുടങ്ങിയത് ഏത് തീയതി മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീയതിക്കുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ജനസമ്പർക്ക പരിപാടിമുഖേന അല്ലാതെ ദുരിതാശ്വാസനിധിയിലേക്കുള്ള എത്ര അപേക്ഷകൾ ലഭിച്ച എന്ന് വ്യക്തമാക്കുമോ ;

(സി) മറ്റ് വിവിധതരത്തിലുള്ള എത്ര പരാതികൾ ലഭിച്ചുവെന്നും ഇതിൽ ജനസമ്പർക്ക പരിപാടിവഴിയല്ലാതെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ച അപേക്ഷകൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും ജനസമ്പർക്ക പരിപാടിവഴി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതികൾ എന്നും ഏതെല്ലാം തരത്തിലുള്ളവയെന്നും ഇനം തിരിച്ച് നൽകുമോ ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ലേക്ക് 16-3-2015 മുതൽ അപേക്ഷ സ്വീകരിച്ചുതുടങ്ങി.

(ബി-ഡി) 17-3-2015 മുതൽ 8-6-2015 വരെ വിവിധ തരത്തിലുള്ള 39,676 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 21,114 അപേക്ഷകൾക്ക് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചു. ഇവയിലൊന്നുംതന്നെ ജനസമ്പർക്ക പരിപാടിവഴി തീർപ്പാക്കിയിട്ടില്ല.

**എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടങ്ങൾ**

91 (95) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത ഇനത്തിൽ കടം എഴുതിത്തള്ളാൻ ഇതുവരെ എന്ത് തുക

നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ച് എത്ര പേരുടെ കടം എഴുതിത്തള്ളിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പുറപ്പെടുവിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി 10-10-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 298/14/ ആ.കു.വ. പ്രകാരം മാനദണ്ഡങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉത്തരം ഒന്നിലെ മാനദണ്ഡങ്ങൾ അനുസരിച്ച് 50,000 രൂപ വരെയുള്ള കടബാദ്ധ്യതകൾക്ക് കടാശ്വാസത്തിനായി പ്രാഥമികമായി 7.25 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 50,000 രൂപയ്ക്ക് മുകളിൽ മൂന്ന് ലക്ഷം വരെയുള്ള കടബാദ്ധ്യതകൾ രോഗാവസ്ഥ, കടത്തിന്റെ ആവശ്യകത, കടമെടുത്ത പണത്തിന്റെ ഉപയോഗം, തിരിച്ചടയ്ക്കാനുള്ളശേഷി തുടങ്ങിയവ ജില്ലാ കളക്ടർ ചെയർമാനായ കടാശ്വാസ കമ്മിറ്റി പരിശോധിച്ചതിനുശേഷം കടാശ്വാസത്തിനായി പരിഗണിക്കാവുന്നതാണെന്ന് മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ ക്ലെയിമുകൾ സംബന്ധിച്ച് നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. നിലവിൽ ആരുടെയും വായ്പകൾ എഴുതിത്തള്ളിയിട്ടില്ല. തുക ഉടൻ അനുവദിക്കുന്നതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സഹായം**

92(96) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ഉത്തരവാക്കുന്നതിന് കാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം കാലതാമസമുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) കാലതാമസം ഒഴിവാക്കി അപേക്ഷകർക്ക് തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ്

പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം

93(97) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനു വേണ്ടി ശ്രീ. മോഹനൻ, ടി. കെ., തെയ്യത്താംകണ്ടിയിൽ വീട്, ഇരിങ്ങണ്ണൂർ പി. ഒ., വടകര നൽകിയ അപേക്ഷയിൻമേൽ നാളിതുവരെയായി ധനസഹായം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷകന് ധനസഹായം അനുവദിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 5-12-2012-ലെ സർക്കാർ ഉത്തരവ് (സാധാ)6912/12/റവ. പ്രകാരം ശ്രീ. മോഹനന് 10,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെക്ക് (12-4-2013-ലെ ബി3 1854/13 ചെക്ക് നമ്പർ 908513) വടകര താലൂക്ക് ഓഫീസിൽ നിന്ന് അദ്ദേഹം കൈപ്പറ്റിയിട്ടുണ്ട്.

## ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച സർക്കാർ ജീവനക്കാർക്കെതിരെ നടപടി

94(98) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജോലിക്കിടയിൽ പുകവലിക്കുകയോ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ ചെയ്തതിന്റെ പേരിൽ സർക്കാർ ജീവനക്കാരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) മേലധികാരി കർശന നടപടി എടുക്കാത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ജോലിസമയത്ത് മദ്യപിച്ചെത്തിയതിന്റെ പേരിൽ പൊതുഭരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിനുകീഴിൽ ഇത്തരമൊരു സംഭവം ഉണ്ടായിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക ചെലവുകൾ

95 (99) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു: അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണിച്ചർ റിപ്പയറിംഗിനും പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31-3-2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഓഫീസ് | ... | 3,63,990 രൂപ |
| വസതി | ... | 1,59,882 രൂപ |
| മൊബൈൽ ഫോൺ | ... | 28, 522 രൂപ |
| | ആകെ | 5,52,394 രൂപ |

അതിഥി സൽക്കാരത്തിനായി 1,30,100 രൂപയും യാത്രാ ബത്ത ഇനത്തിൽ 5,10,672 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗികവസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 2015 ഫെബ്രുവരിവരെ ആകെ 11,43,861 രൂപ ചെലവായിട്ടുണ്ട്.

**കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിലെ സ്ഫോടനം**

96 (100) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽവച്ച് സ്ഫോടകവസ്തുക്കൾ അശ്രദ്ധമായി കൈകാര്യം ചെയ്തതുമൂലം വൻ സ്ഫോടനമുണ്ടാവുകയും പരിസരത്തെ നിരവധി വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും നാശനഷ്ടം സംഭവിച്ചു എന്നുള്ള പരാതി ഉണ്ടായത് എപ്പോഴാണെന്നും ഇത് സംബന്ധിച്ച് ആരൊക്കെ പരാതി നൽകി എന്നും വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്ത് റിപ്പോർട്ടിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് കൈമാറിയിരുന്നോ ; ഉണ്ടെങ്കിൽ എന്നാണ് കത്ത് കൈമാറിയതെന്നും എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടതെന്നും എന്നാണ് റിപ്പോർട്ട് ലഭിച്ചതെന്നും വ്യക്തമാക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സ്ഫോടനത്തിൽ കേടുപാടുകൾ പറ്റിയതിന് എപ്പോൾ നഷ്ടപരിഹാരം നൽകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21-4-2012-ന് എ.ആർ. ക്യാമ്പിൽ സ്ഫോടകവസ്തുക്കൾ നിർവീര്യ മാക്കുമ്പോഴുണ്ടായ സ്ഫോടനത്തിന്റെ ആഘാതത്തിൽ സമീപത്തുള്ള വീടുകൾക്ക്

കേടുപാടുകൾ സംഭവിച്ചത് സംബന്ധിച്ച് 23-4-2012-ന് ജില്ലാ കളക്ടർ മുമ്പാകെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 162 പേരുടെ പരാതികൾ ജില്ലാ കളക്ടർ മുമ്പാകെ ലഭിച്ചിട്ടുള്ളതും പോലീസിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതുമാണ്. പരാതി നൽകിയവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്ത് അടിയന്തര റിപ്പോർട്ടിനായി 2-7-2014-ന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഈ വിഷയത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരാതിക്കാരിൽ ഉൾപ്പെട്ട ശ്രീ. റ്റി. പി. സുരേന്ദ്രൻ മുതൽപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽചെയ്ത ഡബ്ല്യു.പി.സി.-18873/14 നമ്പർ കേസ് നിലവിലുണ്ട്. ആയതിന്മേലുള്ള വിധിയുടെകൂടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ജനസമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം**

97 (101) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.-യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭരണരീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി. തീരുമാനിച്ചതായി അറിയാമോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസസിന് നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ട്.

(ബി & സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ. ഡി.പി.-യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതനരീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭരണരീതി പഠിക്കുവാൻ യു.എൻ.ഡി.പി.-ക്ക് താത്പര്യമുണ്ടെന്നും അതിനായി കേരളം സന്ദർശിക്കാമെന്നും അവർ അറിയിച്ചിട്ടുണ്ട്.

## നീര ടോഡി ബോർഡ് രൂപീകരണം

98 (102) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നീര ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവയെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും നീരയുടെ ഉത്പാദനവും വിപണനവും സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി 10 അംഗ ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മിറ്റി 2013 മെയ് മാസത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടോഡി-നീര ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും തുടർന്ന് നികുതി വകുപ്പ് സെക്രട്ടറി തൊഴിലാളി യൂണിയൻ പ്രതിനിധികളുമായും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടോഡി നീര ബോർഡ് രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിച്ചെങ്കിലും തെങ്ങ് കൃഷി കൂടുതൽ ആദായകരമായി

നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര നീര ബോർഡ് സർക്കാർ രൂപീകരിക്കുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-5-2015-ന് കൂടിയ ഉന്നതതല യോഗത്തിൽ ടി ബോർഡിനെ നിലവിലുള്ള ഉദ്ദേശ ലക്ഷ്യത്തോടുകൂടി പുനഃസംഘടിപ്പിച്ച് നീര ബോർഡ് എന്ന് നാമകരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-5-2015-ന് കൂടിയ ഉന്നതതലയോഗത്തിൽ നീര ബോർഡ് രൂപീകരിച്ച് ആയത് കൃഷി വകുപ്പിന്റെ കീഴിൽ നിലനിർത്താൻ തത്വത്തിൽ തീരുമാനിച്ചുവെങ്കിലും പ്രസ്തുത ബോർഡിന്റെ സാദ്ധ്യത, ഘടന എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**മദ്യവിമുക്ത കേരളം പദ്ധതി**

99 (103) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യവിമുക്ത കേരളം പദ്ധതി നടപ്പാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) മദ്യാസക്തിക്കെതിരെ സ്കൂൾ, കോളേജ് കാമ്പസുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടി സംബന്ധിച്ച വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പരിപാടിക്ക് സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) മദ്യവിമുക്ത കേരളം പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ വളരെ ഗൗരവപൂർവ്വമാണ് സർക്കാർ കാണുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും

ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ്തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എല്ലാ സ്കൂളുകളിലും കോളേജുകളിലും ഇത്തരത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾതലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും കോളേജ്തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7, 8 ക്ലാസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഹയർ സെക്കന്ററി ഒന്നാം വർഷ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ മദ്യ-മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി. ചാനലുകൾ, മാസികകൾ എന്നിവവഴിയുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, മാജിക് ഷോ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രമുഖ റെയിൽവേസ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരസ്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സൈഡ് പാനലുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പോസ്റ്റർ പതിച്ച് പ്രചരിപ്പിക്കുന്നുണ്ട്.

(സി) ഇത്തരം പ്രവർത്തനങ്ങളിൽ നിലവിൽ സന്നദ്ധ സംഘടനകളുടേയും സർക്കാർ മാധ്യമങ്ങളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്.

**ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി**

100 (104) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ൽ "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്ക രിക്കുന്നതിനായി ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസമത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(സി&ഡി) ലഹരി വിമുക്ത കേരളം- ഐശ്വര്യ കേരളം പദ്ധതി സംബന്ധിച്ച രൂപരേഖ തയ്യാറാക്കുകയും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ്സ് ഏർപ്പെടുത്തിയ തുകയിൽനിന്നും കണ്ടെത്തുവാൻ തീരുമാനിച്ചു. "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'പുനർജ്ജനി 2030' എന്ന സമഗ്ര പദ്ധതിക്ക് രൂപം നൽകുകയും ഇത് സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണറോട് ആവശ്യപ്പെടുകയും ആയതിന് വേണ്ട നടപടികൾ കൈക്കൊണ്ട് വരികയും ചെയ്യുന്നു. നിലവിൽ എക്സൈസ് വകുപ്പിന്

ബഡ്ജറ്റ് പ്രൊവിഷനിൽ അനുവദിച്ച തുക വിനിയോഗിച്ച് ശക്തവും നൂതനവുമായ വിവിധതരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## പുതിയ മദ്യനയം

101 (105) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പിലാക്കിയതിന്റെ ഭാഗമായി ബാറുകളും ബിവറേജ് ഔട്ട്ലെറ്റുകളും നിർത്തലാക്കിയതിന്റെ ഭാഗമായി മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

പുതിയ മദ്യ നയത്തിനുശേഷം വിദേശ മദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ബിയറിന്റെ വിൽപ്പനയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മൊത്തം വിൽപ്പനയുടെ തുക വർദ്ധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ 2014-15-ലെ വിൽപ്പന, വിദേശമദ്യ വിൽപ്പനയുടെ അളവ്, ബിയർ വിൽപ്പനയുടെ അളവ് എന്നിവ 2013-14-മായി താരതമ്യം ചെയ്യലും 2015-16-ലെ മാസ വിൽപ്പന (ഏപ്രിൽ മുതൽ മേയ് വരെ) 2014-15-മായി താരതമ്യം ചെയ്യലുമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ബിയർ വൈൻ പാർലറുകളുടെ വിശദാംശം

102(106) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വിവിധയിനം മദ്യം, ബിയർ എന്നിവ വാങ്ങിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ ; ഓരോ വർഷവും നികുതിയിനത്തിൽ ലഭിച്ച തുക എത്ര ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ട ബിയർ, വൈൻ പാർലറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ വാങ്ങിയ വിവിധയിനം വിദേശ മദ്യം, വൈൻ, ബിയർ എന്നിവ വാങ്ങിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.* ഇതിൽ 2013-14 വർഷത്തിൽ 7575.77 കോടി രൂപയും 2014-15 വർഷത്തിൽ 8283.79 കോടി രൂപയും നികുതിയിനത്തിൽ ലഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 739 ബിയർ, വൈൻ പാർലറുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 664 എണ്ണം പുതിയ അബ്കാരി നയത്തിന്റെ ഭാഗമായി ബാർ ഹോട്ടലിന്റെ തുടർച്ചയായി അനുവദിച്ചതും 73 എണ്ണം പുതിയതായി അനുവദിച്ചിട്ടുള്ളതുമാണ്.

**മദ്യനയം**

103 (107) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യനയത്തിന്റെ ഭാഗമായ മദ്യരഹിതകേരളം തികഞ്ഞ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അടച്ചുപൂട്ടിയ ബാറുകളിൽ ബീയർ-വൈൻ പാർലറുകൾക്ക് അംഗീകാരം നൽകിയത് പ്രസ്തുത ആശയത്തിന് വിരുദ്ധമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(സി) ബീയർ-വൈൻ പാർലറുകൾക്ക് അംഗീകാരം നൽകിയത് മദ്യപാനശീലം പ്രോൽസാഹിപ്പിക്കുന്നതിനും മദ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും കാരണമാവുമെന്ന വസ്തുത പരിശോധിച്ചിട്ടിണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യ രഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം വിഭാവനം ചെയ്യുന്ന സർക്കാരിന്റെ മദ്യനയത്തിന് വമ്പിച്ച ജനപിന്തുണയാണ് ലഭിച്ചുവരുന്നത്.

(ബി) "മദ്യരഹിത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പഞ്ചനക്ഷത്ര ബാർ ഹോട്ടലൊഴികെയുള്ള ബാറുകൾ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനമെടുത്തുവെങ്കിലും അത്തരം സ്ഥാപനങ്ങളിലെ തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ വേണ്ടിയാണ് വീര്യം കുറഞ്ഞ മദ്യമായ ബിയറും വൈനും വിൽപ്പന നടത്തുന്ന ബിയർ/വൈൻ പാർലർ ലൈസൻസ് നൽകുവാൻ സർക്കാർ തീരുമാനമെടുത്തത്. കൂടാതെ ഇത്തരം ബാർഹോട്ടലുകൾ അടച്ചുപൂട്ടുകവഴി സംസ്ഥാനത്തെ ടൂറിസം മേഖലയിലുണ്ടാകാൻ സാധ്യതയുള്ള തിരിച്ചടികൾകൂടി മുന്നിൽകണ്ടാണ് സർക്കാർ ഇത്തരത്തിൽ ഒരു തീരുമാനമെടുത്തത്. ഇതിനെല്ലാമുപരി വീരും കൂടിയ മദ്യം ഉപയോഗിക്കുന്ന പൊതുജനത്തെ വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുമാണ് അടച്ചുപൂട്ടിയ ബാർ ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് നൽകുവാൻ സർക്കാർ

തീരുമാനമെടുത്തത്.

(സി) ബിയർ/വൈൻ പാർലറുകൾക്ക് അംഗീകാരം നൽകിയത് മദ്യപാന ശീലം വർദ്ധിക്കുന്നതിന് കാരണമാകാമെന്ന് കരുതുന്നില്ല. മറിച്ച് വീര്യം കൂടിയ മദ്യം ഉപയോഗിക്കുന്ന വിഭാഗത്തെ വീര്യംകുറഞ്ഞ മദ്യത്തിന്റെ ഉപയോഗത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വെയർഹൗസുകളിൽ നിന്നുള്ള വിദേശ മദ്യ വിൽപ്പനയുടെ അളവിൽ 19% കുറവായിട്ടുണ്ട്.

## അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

104 (108) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

(ബി) ഈ കാലയളവിൽ അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) എത്ര ലിറ്റർ സ്പിരിറ്റാണ് ഈ വാഹനങ്ങളിൽനിന്നും പിടിച്ചെടുത്തത് ; ജില്ല, റേഞ്ച്, ചെക്ക്പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പ് ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം ആകെ 51,913 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | കേസ്സുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 5223 |
| കൊല്ലം | 5379 |
| പത്തനംതിട്ട | 2211 |

| | |
|---|---|
| ആലപ്പുഴ | 4833 |
| കോട്ടയം | 3367 |
| ഇടുക്കി | 2181 |
| എറണാകുളം | 4686 |
| തൃശ്ശൂർ | 4199 |
| പാലക്കാട് | 4231 |
| (1) | (2) |
| മലപ്പുറം | 4021 |
| കോഴിക്കോട് | 3558 |
| വയനാട് | 1859 |
| കണ്ണൂർ | 3960 |
| കാസർഗോഡ് | 2205 |
| ആകെ | 51913 |

(ബി) അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട 129 വാഹനങ്ങളാണ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ളത്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | വാഹനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 16 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 36 |
| കോട്ടയം | 3 |
| ഇടുക്കി | 2 |
| എറണാകുളം | 6 |

| | |
|---|---|
| തൃശ്ശൂർ | 8 |
| പാലക്കാട് | 41 |
| മലപ്പുറം | 2 |
| കോഴിക്കോട് | ... |
| വയനാട് | 1 |
| കണ്ണൂർ | ... |
| കാസർഗോഡ് | 1 |
| ആകെ | 129 |

(സി) വാഹനങ്ങളിൽനിന്നും എക്സൈസ് വകുപ്പ് പിടിച്ചെടുത്ത സ്പിരിറ്റിന്റെ ജില്ല, റേഞ്ച്, ചെക്ക് പോസ്റ്റ് എന്നിവ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | റെയ്ഡുകളിൽ പിടികൂടിയത് (ലിറ്റർ) | ചെക്ക് പോസ്റ്റിൽ പിടികൂടിയത് (ലിറ്റർ) |
|---|---|---|
| തിരുവനന്തപുരം | 10802 | 2384 |
| കൊല്ലം | 25675 | 1833 |
| പത്തനംതിട്ട | 310 | ... |
| ആലപ്പുഴ | 13722 | ... |
| കോട്ടയം | 1225 | ... |
| ഇടുക്കി | 333 | ... |
| എറണാകുളം | 7033 | ... |
| തൃശ്ശൂർ | 9989 | ... |
| പാലക്കാട് | 24265 | ... |
| മലപ്പുറം | 445 | ... |
| കോഴിക്കോട് | ... | ... |
| വയനാട് | 2624 | ... |

| | | |
|---|---|---|
| കണ്ണൂർ | ... | ... |
| കാസർഗോഡ് | 105 | 7000 |
| ആകെ | 96528 | 11217 |

(ഡി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ ആകെ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം -10 (എറണാകുളം- 2, പാലക്കാട് -8)

**പൂട്ടിയ ബാറുകളുടെയും നിലവാരം ഉയർത്തപ്പെട്ട ബാറുകളുടെയും കണക്ക്**

105 (109) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നിലവാരം ഇല്ലാത്തിതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പൂട്ടുകയുണ്ടായി ; അവയിൽ പിന്നീട് വിവിധ ഘട്ടങ്ങളിലായി തുറന്ന് പ്രവർത്തിച്ചവ എത്ര ;

(ബി) അവയിൽ നിലവാരം ഉയർത്തുകയോ, ഫോർ സ്റ്റാറാക്കി ഉയർത്തുകയോ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാർ ലൈസൻസ് നേടിയവ എത്ര ;

(സി) അവയിൽ ബിയർ-വൈൻ പാർലർ ലൈസൻസുള്ള ഹോട്ടലുകൾ എത്ര ;

(ഡി) നിലവാരം പോരാത്തതിന്റെ പേരിൽ അടച്ചുപൂട്ടിയ ഏതെങ്കിലും ബാർ ഹോട്ടലുകൾ, നിലവിൽ ബാർ/ബിയർ-വൈൻ പാർലർ ലൈസൻസ് എടുക്കാതിരുന്നിട്ടുണ്ടോ ; എങ്കിൽ അവ എത്ര ?

<u>ഉത്തരം</u>

(എ) 2014-15-ലെ അബ്കാരി നയത്തിന്റെയടിസ്ഥാനത്തിൽ അഞ്ച് നക്ഷത്രപദവിയില്ലാത്ത 710 ബാർ ഹോട്ടലുകൾ അടച്ചുപൂട്ടുകയുണ്ടായി. അതിൽ ഒരു ഹോട്ടൽ പിന്നീട് അഞ്ച് നക്ഷത്രപദവി നേടുകയും ബാർ ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അടച്ചുപൂട്ടിയ 710 ബാർ ഹോട്ടലുകളിൽ ഒരു ഹോട്ടൽ (ഡയാന ഹൈറ്റ്സ്, എറണാകുളം) അഞ്ച് നക്ഷത്രപദവി നേടുകയും ബാർ ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്. നാല് നക്ഷത്രപദവിയിലേയ്ക്ക് ഉയർത്തിയ ഒരു ഹോട്ടലിനും ബാർ ലൈസൻസ് നൽകിയിട്ടില്ല.

(സി) 620 ഹോട്ടലുകൾ.

(ഡി) അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിൽ 90 ഹോട്ടലുകൾ ബിയർ/വൈൻ പാർലർ ലൈസൻസ് എടുത്തിട്ടില്ല.

**സെക്കന്റ്സ് മദ്യം**

106 (110) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരള വിപണിയിലേയ്ക്ക് സെക്കന്റ്സ് മദ്യം വ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം ഉണ്ടാകുന്ന നികുതി നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ആയത് പ്രതിവർഷം എത്രകോടി വരുമെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രധാനമായും ഏതെല്ലാം കേന്ദ്രങ്ങൾവഴിയാണ് സെക്കന്റ്സ് മദ്യം വിപണിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നും കടത്തുന്ന മദ്യം പിടിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കേരള വിപണിയിലേയ്ക്ക് സെക്കന്റ്സ് മദ്യം വ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര ഭരണ പ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽമാത്രം വിൽക്കപ്പെടുവാനുള്ള ഇൻഡ്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത് കണ്ടുപിടിച്ച് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പിടിക്കപ്പെടുന്ന മദ്യത്തിന്റെ കൃത്യമായ വില കണക്കാക്കിയിട്ടില്ല.

(ബി) കർണ്ണാടക, ഗോവ എന്നീ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നുമാണ് ആ സ്ഥലങ്ങളിൽമാത്രം വിൽക്കാൻ കഴിയുന്ന മദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത്.

(സി) കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നും കടത്തുന്ന മദ്യം പിടിച്ചെടുക്കുവാൻ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാഹിയിൽനിന്നും കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന സ്ഥലങ്ങളിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനകൾ നടത്തി മദ്യക്കടത്ത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാഹിയിൽനിന്നും കേരളത്തിലേയ്ക്ക് ചെക്ക്പോസ്റ്റുകളിലൂടെ കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധിച്ചുവരുന്നു. മദ്യം ട്രെയിനുകളിൽ കടത്തിക്കൊണ്ട് വരുന്നതിന്

സാധ്യതയുള്ളതിനാൽ റെയിൽവേ സ്റ്റേഷനുകളിലും നിരീക്ഷണം നടത്തിവരുന്നു.

**ലൈസൻസുള്ള ബാറുകൾ**

107 (111) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസ് നൽകിയിട്ടുള്ള എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് ; ഫൈവ് സ്റ്റാർ, ഫോർ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ലൈസൻസുള്ള ബാറുകൾ മൊത്തം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 26 ഫൈവ് സ്റ്റാർ ഹോട്ടലുകൾ ബാർ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഫോർ സ്റ്റാർ, ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നില്ല. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 6 |
| കൊല്ലം | - | 2 |
| ആലപ്പുഴ | - | 1 |
| കോട്ടയം | - | 2 |
| ഇടുക്കി | - | 1 |
| എറണാകുളം | - | 11 |
| മലപ്പുറം | - | 1 |
| കോഴിക്കോട് | - | 1 |
| കാസർഗോഡ് | - | 1 |

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 680 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് ഉണ്ടായിരുന്നു.

**ലഹരിമരുന്ന് ഉപയോഗവും വിൽപ്പനയും**

108 (112) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഞാറക്കൽ എക്സൈസ് ഓഫീസിന്റെ പരിധിയിൽനിന്നും കഴിഞ്ഞ ആറ് മാസക്കാലയളവിൽ ലഹരിമരുന്ന് ഉപയോഗവും വിൽപ്പനയും സംബന്ധിച്ച് എത്ര കേസ്സുകൾ ഏതൊക്കെ വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസ്സുകളിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ ;

(സി) യുവാൾക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം, വിൽപ്പന എന്നിവക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഞാറക്കൽ എക്സൈസ് ഓഫീസിന്റെ പരിധിയിൽനിന്നും കഴിഞ്ഞ ആറ് മാസക്കാലയളവിൽ 4 കേസ്സുകൾ NDPS നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. NDPS-CR 30/2014,U/s 8(C), 22(C) & 25 of NDPS ACT
2. NDPS-CR 02/2015,U/s 20(b), (i) A of NDPS ACT
3. NDPS-CR 03/2015,U/s 20(b), (ii) A & 25 of NDPS ACT
4. NDPS-CR 04/2015,U/s 22(b) of NDPS ACT

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട തെളിവുകൾ പൂർണ്ണമായി ശേഖരിക്കുന്നതിന് അന്വേഷണം നടന്നുവരുന്നു.

(സി) മയക്കുമരുന്നുകളുടെ ഉപയോഗംമൂലമുള്ള ഭവിഷ്യത്തുക്കളെക്കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി ശക്തമായ ബോധവൽക്കരണ പരിപാടികൾ സ്കൂൾ-കോളേജ് തലങ്ങളിലൂൾപ്പെടെ നടപ്പിലാക്കിവരുന്നു. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി NDPS നിയമപ്രകാരം തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി ശക്തമായ റെയിഡുകളും നടത്തിവരുന്നു.

**വൈനിന്റേയും ബിയറിന്റേയും അളവും വിലയും**

109 (113) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ 2014-15, 2015-16 വർഷളിൽ വാങ്ങിയ വൈനിന്റേയും ബിയറിന്റേയും അളവും വിലയും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) മൊത്തം എത്ര കേടി രൂപയുടെ വൈനം ബിയറും മദ്യവും വാങ്ങുകയുണ്ടായി ; ഇവയുടെ വിൽപ്പനയിലൂടെ മൊത്തം എത്ര തുക ലഭിച്ചു ; ഓരോന്നിൽ നിന്ന് ലഭിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(സി) കോർപ്പറേഷൻ വാങ്ങിയ മദ്യം, ബിയർ, വൈൻ എന്നിവ സംസ്ഥാനത്ത് നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും എത്ര കോടി വീതമെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് വൈനം, ബിയറും ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ ഏതൊക്കെയാണ് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വൈൻ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ നിലവിലില്ല. ബിയർ ഉൽപ്പാദനം നടന്നുവരുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്:

1. യുണൈറ്റഡ് ബ്രൂവറീസ് - ചേർത്തല
2. യുണൈറ്റഡ് ബ്രൂവറീസ് - പാലക്കാട്
3. മലബാർ ബ്രൂവറീസ് - പുലാനി, തൃശ്ശൂർ

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

110 (114) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കോളേജ്തലത്തിൽ എത്ര ലഹരി വിരുദ്ധ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധപാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ എത്ര ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് ; ഇതിനായി ആകെ എത്ര തുക അനുവദിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്കൂൾ തലങ്ങളിൽ ഇതിനോടകം 1467 ലഹരി വിരുദ്ധക്ലബ്ബും കോളേജുതലങ്ങളിൽ 194 ലഹരി വിരുദ്ധക്ലബ്ബുകളും

രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി ക്ലബ്ബുകളിലായി എത്ര ലഹരി വിരുദ്ധ ക്ലാസ്സുകൾ ആരംഭിച്ചു എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്കൂൾതലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി എസ്.സി. ഇ.ആർ.ടി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യായന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഹയർസെക്കണ്ടറി ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരി വിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | 1,20,00,000 | 1,19,27,247 |
| 2 | 2012-13 | 90,00,000 | 89,41,085 |
| 3 | 2013-14 | 75,20,000 | 73,38,852 |
| 4 | 2014-15 | 60,00,000 | 60,00,000 |
| | ആകെ | 3,45,20,000 | 3,42,07,184 |

(ഡി) സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നീക്കിവച്ചിട്ടുള്ള 3.5 കോടി രൂപയിൽനിന്നും സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പതിനൊന്ന് ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. 11 സ്ഥാപനങ്ങൾക്കായി മൊത്തം 1,00,35,840 രൂപ അനുവദിച്ചതിൽ 62,91,072 രൂപ വിതരണം ചെയ്തിട്ടുണ്ട്.

**വിദേശമദ്യ വിൽപ്പന**

111 (115) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ വിദേശമദ്യവിൽപ്പനയുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) ബാറുകൾ നിർത്തലാക്കിയശേഷം വിദേശമദ്യവിൽപ്പന കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള വിദേശമദ്യവിൽപ്പനയുടെ വർഷം തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ വിദേശമദ്യവിൽപ്പനയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

വർഷം 2014-15

| മാസം | (രൂപ കോടിയിൽ) |
|---|---|
| ഏപ്രിൽ | 821.74 |
| മെയ് | 828.18 |
| ജൂൺ | 690.54 |
| ജൂലൈ | 667.60 |
| ആഗസ്റ്റ് | 750.99 |
| സെപ്റ്റംബർ | 819.14 |
| ഒക്ടോബർ | 800.19 |
| നവംബർ | 723.72 |
| ഡിസംബർ | 814.30 |
| ജനുവരി | 825.37 |
| ഫെബ്രുവരി | 781.29 |
| മാർച്ച് | 842.91 |
| മൊത്തം | 9365.98 |

(ബി) ബാറുകൾ നിർത്തലാക്കിയശേഷം ബിവറേജസ് ഔട്ട്ലെറ്റുകൾ വഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും വെയർഹൗസുകൾ വഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവ് വന്നിട്ടുണ്ട്. 2013-14 വർഷത്തെ അപേക്ഷിച്ച് 2014-15 -ൽ മദ്യ വിൽപ്പനയിൽ 8% കുറവ് വന്നിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## വിദേശമദ്യ വിൽപ്പന

112(116) <u>ശ്രീ. എം ചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാറുകൾ നിർത്തലാക്കിയതിനുശേഷം ബിവറേജസ് ഔട്ട് ലെറ്റുകളിലെ വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവ് എത്ര ;

(ബി) ബാറുകൾ നിർത്തലാക്കുന്നതിന് മുൻപ് ഒരു മാസം എത്ര രൂപയുടെ വിൽപ്പനയാണ് നടന്നിരുന്നത് ; ഇപ്പോൾ ഒരു മാസം എത്ര രൂപയുടെ വിൽപ്പനയാണ് നടക്കുന്നത് ?

<u>ഉത്തരം</u>

(എ) ബാറുകൾ നിർത്തലാക്കിയതിനുശേഷം ബിവറേജസ് ഔട്ട്ലെറ്റുകളിലെ വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും വെയർഹൗസുകൾവഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവ് വന്നിട്ടുണ്ട്. ചില്ലറ വിൽപ്പന ശാലകളിലെ 2014-15-ലെ മാസ വിൽപ്പന 2013-14-ലെ വിൽപ്പനയുമായി താരതമ്യം ചെയ്ത വർദ്ധന ശതമാനം അനുബന്ധം ആയി വയ്ക്കുന്നു.* 2013-14 വർഷത്തെ അപേക്ഷിച്ച് 2014-15-ൽ മദ്യവിൽപ്പനയിൽ 8 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ ശരാശരി വിൽപ്പന 660.25 കോടി രൂപയും ബാറുകൾ നിർത്തലാക്കിയതിനുശേഷം 2015 ഏപ്രിൽ മാസം 992.90 കോടി രൂപയുടെയും മെയ് മാസത്തിൽ 1006.15 കോടി രൂപയുടെയും വിൽപ്പന നടന്നിട്ടുണ്ട്.

## ഡിസ്റ്റിലറികൾ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവും നടത്തിയ വിൽപ്പനയും

113 (117) <u>ശ്രീ. എം. എ. ബേബി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന ഡിസ്റ്റിലറികൾ ഓരോന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവും നടത്തിയ വിൽപ്പനയുടെ മൊത്തവിലയും തിരിച്ച് വിശദമാക്കാമോ ;

(ബി) ബിവറേജസ് കോർപ്പറേഷന് പുറമേ ഡിസ്റ്റിലറികൾ ആർക്കെങ്കിലും നേരിട്ട് മദ്യവിൽപ്പന നടത്തുന്നുണ്ട് ;

(സി) ഓരോ ഡിസ്റ്റിലറിയുടേയും ഉൽപ്പാദിപ്പിക്കുവാനുള്ള കപ്പാസിറ്റി എത്ര ;

(ഡി) ബിയറും വൈനും ഉൽപ്പാദിപ്പിക്കാൻ ഏതെല്ലാം കമ്പനികൾക്ക് അനുമതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിട്ടുണ്ട് ; പുതുതായി ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതിന് ലഭിച്ച അപേക്ഷകൾ എത്ര ; ഏതെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ 5 വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവ് സംബന്ധിച്ച വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു.* മദ്യത്തിന്റെ വില സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) യുണൈറ്റഡ് ഡിസ്റ്റിലറി ചേർത്തലയിൽനിന്നും മാഹി, പോണ്ടിച്ചേരി എന്നിവിടങ്ങളിലേക്കും കോട്ടയം കാസനോവ ഡിസ്റ്റിലറിയിൽനിന്നും സി.ആർ.പി.എഫ്, ബി.എസ്.എഫ്. എന്നിവയുടെ കാന്റീനുകളിലേക്കും ദേവികുളം ഡിസ്റ്റിലറിയിൽ നിന്നും മാഹി, പോണ്ടിച്ചേരി, യു.എ.ഇ., മസ്കറ്റ് എന്നിവിടങ്ങളിലേക്കും അമൃത് ഡിസ്റ്റിലറി, യുണൈറ്റഡ് സ്പിരിറ്റ്സ്, പാലക്കാട് എന്നിവയിൽനിന്നും മാഹിയിലേക്കും ഇംപീരിയൽ സ്പിരിറ്റ്സിൽനിന്നും മാഹി, പുതുശ്ശേരി, കാരയ്ക്കൽ എന്നിവിടങ്ങളിലേയ്ക്കും മദ്യവിൽപ്പന നടത്തുന്നുണ്ട്.

(സി) വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി) ബിയർ ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് ചേർത്തല യുണൈറ്റഡ് ബ്രൂവറി, തൃശ്ശൂർ മലബാർ ബ്രൂവറീസ്, പാലക്കാട് യുണൈറ്റഡ് ബ്രൂവറീസ് എന്നിവയ്ക്ക് മാത്രമാണ്. വ്യാവസായികാടിസ്ഥാനത്തിൽ വൈൻ ഉത്പാദിപ്പിക്കുവാനുള്ള അനുമതി ഒരു കമ്പനിക്കും നൽകിയിട്ടില്ല. പുതുതായി ഡിസ്റ്റിലറികൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

## മദ്യവിൽപ്പനയിൽ നിന്നുമുള്ള വരുമാനം

114 (118) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാറുകൾ പൂട്ടിയതിനുശേഷം മദ്യവിൽപ്പനയിൽനിന്നുള്ള വരുമാനം കൂടിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) ബാറുകൾ പൂട്ടിയതിനുശേഷം മദ്യവിൽപ്പനയിൽനിന്നുമുള്ള വരുമാനം കൂടിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

115 (119) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതികളുടെ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം അദാനി പോർട്സിന്റെ പ്രതിനിധികളും സംസ്ഥാനത്തിന്റെ പ്രതിനിധികളും സംസ്ഥാനത്തിന് പുറത്തുവച്ച് ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥലങ്ങളിൽ വച്ച് ചർച്ച നടത്തുകയുണ്ടായി ; വിശദമാക്കാമോ ;

(ബി) ടെണ്ടറിൽ അദാനി പോർട്സിന്റെ ക്വാട്ട് ലഭിച്ചത് ഏത് തീയതിയിലാണ് ; അതിന് മുൻപും ശേഷവും മുഖ്യമന്ത്രിയോ തുറമുഖ വകുപ്പ് മന്ത്രിയോ, അന്നത്തെ ചീഫ് സെക്രട്ടറിയോ, സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തും വച്ച് എത്ര തവണ അദാനി പോർട്സ് പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്ക് പുറത്തുവച്ച് നടന്ന ചർച്ചകൾ എന്നൊക്കെയായിരുന്നുവെന്നും ആരൊക്കെ പങ്കെടുക്കുകയുണ്ടായി എന്നും വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം അദാനി പോർട്സിന്റെ പ്രതിനിധികളുമായി മാത്രം ഒരു ചർച്ചയും നടത്തിയിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽനിന്നും രണ്ടാം ഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി ചുവടെ പറയുന്ന നാല് പ്രീ-ബിഡ് മീറ്റിംഗുകൾ നടന്നു:

| പ്രീ-ബിഡ് മീറ്റിംഗ് | തീയതി | സ്ഥലം | പങ്കെടുത്ത കമ്പനികൾ |
|---|---|---|---|
| I | 21st May, 2014 | ഡൽഹി | Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd. |
| II | 14th July, 2014 | മുംബൈ | SREI-OHL Consortium, Adani Ports & Special Economic Zone Ltd. |
| III | 17th November, 2014 | മുംബൈ | Adani Ports & Special Economic Zone Ltd. |
| IV | 9th March, 2015 | മുംബൈ | SREI-OHL Consortium, Adani Ports & Special Economic Zone Ltd. |

(ബി) ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 2015 ഏപ്രിൽ മാസം 24-ാം തീയതിയാണ് അദാനി പോർട്സ് ബിഡ്ഡ് സമർപ്പിച്ചത്. ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും ടെക്നിക്കൽ, ഫിനാൻഷ്യൽ, ലീഗൽ മീറ്റിംഗുകളിലും ഒന്നുംതന്നെ മുഖ്യമന്ത്രി, തുറമുഖ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Ltd-ന്റെ ചെയർമാനുമായി അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യക്ക് പുറത്തുവച്ച് ഇതുവരെ ഒരു ചർച്ചയും നടന്നിട്ടില്ല.

**തീരദേശ റോഡ് പുനരുദ്ധാരണം**

116 (120) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് തീരദേശ റോഡുകളുടെ പുനഃരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി നവീകരിക്കുന്നതിനായി, കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനീയറുടെ ഓഫീസിൽനിന്നും മത്സ്യബന്ധന തുറമുഖ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു എന്നത് റോഡുകളുടെ പേര്, എസ്റ്റിമേറ്റ് തുക, ഹാർബർ എൻജിനീയറിംഗ് ചീഫ് എൻജിനീയറുടെ ഓഫീസിലെ ഫയൽ നമ്പർ എന്നിവ സഹിതം എസ്റ്റിമേറ്റുകൾ സമർപ്പിച്ച വർഷം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ; സമ്പൂർണ്ണ പട്ടിക ലഭ്യമാക്കാമോ ;

(ബി) മത്സ്യബന്ധന വകുപ്പിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഓരോ വർഷവും സർക്കാർ പരിഗണിച്ചിട്ടുള്ള റോഡുകൾ ഏതെല്ലാം ; ഏതിനെല്ലാം എ.എസ്. നൽകിയെന്ന് വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) ഇതിൽ പരിഗണിക്കാതെപോയ റോഡുകൾ ഏതെല്ലാമെന്നും അവ എപ്പോൾ എ.എസിന് പരിഗണിക്കുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) എ. എസ്. ലഭിക്കാത്ത റോഡുകൾ ചുവടെ ചേർക്കുന്നു.

1. ചേമഞ്ചേരി പഞ്ചായത്തിൽ നവജ്യോതി റോഡിൽനിന്നും കാപ്പാട് റോഡിനെ ബന്ധിപ്പിക്കുന്ന റോഡ്
2. തിക്കോടി പഞ്ചായത്തിലെ തിക്കോടി അങ്ങാടി-തെക്കെ കടപ്പുറം റോഡ്
3. പയ്യോളി ഗ്രാമപഞ്ചായത്ത് വാർഡ് 18-ൽ വലിയപുരംപാലം തോട് നവീകരണ പ്രവൃത്തി
4. മേലടി ബീച്ച് മീൻ പെരിയാർ റോഡ്
5. ഭഗവാൻമുക്ക്-വലിയപുരം ആവിപാലം റോഡ്
6. ഇരിങ്ങൽ റെയിൽവേസ്റ്റേഷൻ-ഒനുവയിൽക്ഷേത്രം കുന്നങ്ങോത്ത് ശ്രീസുബ്രഹ്മണ്യം യു.പി. സ്കൂൾ
7. മുതിരക്കാൽമുക്ക് കോടിക്കൽ ബീച്ച് റോഡ്
8. നാരങ്ങോളിക്കുളം തെക്കയിൽമുക്ക് റോഡ്
9. ക്രിസ്ത്യൻപള്ളി മനയടത്ത് പറമ്പ് ഫിഷർമെൻ കോളനി റോഡ്
10. മനയടത്ത് പറമ്പ് മീത്തലെക്കണ്ടി റോഡ്
11. പൂക്കാട്-ഉവ്വപ്പാറലിങ്ക് റോഡ്
12. കെട്ടുങ്ങൽ-കുന്നത്ത് മീത്തൽ റോഡ്
13. കൊല്ലം ബീച്ച് റോഡ് (കൊയിലാണ്ടി നഗരസഭ)
14. നച്ചാറത്ത് കൊരട്ടിമുക്ക് റോഡ് (6-ാം വാർഡ്)
15. നല്ലാട്ടിൽമുക്ക്-കോളോത്ത് മലയിൽ റോഡ് (തിക്കോടി പഞ്ചായത്ത്)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

16. കൊയിലാണ്ടി വെള്ളേന്റകത്ത് റോഡ്

17. കണ്ണങ്കടവ് അഴീക്കൽ തുറമുഖ റോഡ് വാർഡ് 13 (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

18. തോടത്തും കണിമഠാകുളങ്ങര റോഡ്

19. തുവ്വക്കോട്-ശിശുമന്ദിരം ചെത്തിൽ താഴെമുതൽ ഇല്ലക്കണ്ടിമുക്ക് വരെയുള്ള റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

20. പൂക്കാട് മുക്കാടി റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

21. കെട്ടുമ്മൽ റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

22. ശിശുമന്ദിരം റോഡ് (ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്)

ടി റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

**വിഴിഞ്ഞം പദ്ധതി**

117 (121) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ എന്നുമുതലാണ് ശ്രമം തുടങ്ങിയതെന്ന് തീയതി സഹിതം അറിയിക്കുമോ ; പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണം ഏത് ഏജൻസിയെ ഏൽപിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നിർമ്മാണത്തിനുള്ള കരാർ ഉറപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കമ്പനിക്കാണ് കരാർ നൽകിയത് ; ഇതിന്റെ കാലാവധിയും അടങ്കൽ തുകയും എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിയ്ക്കുവേണ്ടി വിഴിഞ്ഞം പ്രദേശത്ത് എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത് ; ഇതുമൂലം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും ; വിശദമാക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിനുള്ള എംപവേഡ് കമ്മിറ്റിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവികസനത്തിനുള്ള പ്രാരംഭ നടപടികൾ ആദ്യമായി ആരംഭിച്ചത് 1991-ൽ ആണ്. (തീയതി കാണിക്കുന്ന രേഖകൾ ഒന്നും തന്നെ ലഭ്യമല്ല.) ഇതിന്റെ ഫലമായി 1995-ൽ കുമാർ എനർജി കോർപ്പറേഷനുമായി ഒരു തുറമുഖവും വൈദ്യുതനിലയവും നിർമ്മിക്കുന്നതിന് അന്നത്തെ സർക്കാർ ഒരു ധാരണാപത്രം ഒപ്പിട്ടു. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു: വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി.

പദ്ധതിക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തനഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവേ ലൈൻ എത്തിക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ച് കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്ന് കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും M/s. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനു ശേഷം എടുത്താൽ മതിയെന്ന് മേയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി.

(ബി) പദ്ധതിയുടെ നിർമ്മാണം ഏൽപ്പിക്കുന്നതിനെ സംബന്ധിച്ച് ഇതുവരെ മന്ത്രിസഭാ തീരുമാനമായിട്ടില്ല.

(സി) നിർമ്മാണക്കരാർ ഉറപ്പിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച്

വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ച് കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്ന് കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും M/s. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ Bid സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയാണുണ്ടായത്. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. ഈ ടെണ്ടർ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് നാൽപ്പത് കൊല്ലത്തേക്ക് (നാല് കൊല്ലം കൺസ്ട്രക്ഷൻ ഉൾപ്പെടെ) തുറമുഖം നിർമ്മിക്കുന്നതിനും നടത്തിപ്പിനുമുള്ള ലൈസൻസ് അനുവദിക്കാനാണ് വ്യവസ്ഥ. പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. പി.പി.പി. ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ 1635 കോടി രൂപ വി.ജി.എഫ്. ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നൽകേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി. ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനുപുറമെ സ്ഥലമേറ്റെടുപ്പ്, പുറമെയുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവ് ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

(ഡി) പദ്ധതിക്ക് വിഴിഞ്ഞം പ്രദേശത്ത് 229.10 ഏക്കർ ഭൂമി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകംതന്നെ ഏറ്റെടുത്ത് കഴിഞ്ഞു. നാളിതുവരെ ഏറ്റെടുത്ത സ്ഥലത്തുനിന്നും (വെയർഹൗസ് ഉൾപ്പെടെ) 67 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. അവർക്ക് വീട് വയ്ക്കുന്നതിന് സൗജന്യമായി അഞ്ച് സെന്റ് സ്ഥലം അതാത് വില്ലേജുകളിൽ നിന്നുതന്നെ നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആറ് മാസത്തെ വാടകയും ആറുമാസത്തേയ്ക്ക് ജീവിതചെലവ് (ഹാർഡ്ഷിപ്പ്) അലവൻസും വിതരണം ചെയ്തിട്ടുണ്ട്. ഈ തരത്തിൽ 25,75,500 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) മിനിറ്റ്സിന്റെ സോഫ്റ്റ് കോപ്പി ഇതോടൊപ്പം ചേർക്കുന്നു.

**വിഴിഞ്ഞം പദ്ധതി**

118 (122) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇൻറർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുവേണ്ടി, ഇതിനകം വിളിക്കപ്പെട്ട ടെണ്ടറുകൾ എത്ര ; ഏതെല്ലാം തീയതികളിൽ എത്ര തവണ ടെണ്ടർ വിളിച്ചിട്ടുണ്ട് ;

(ബി) ഓരോ ടെണ്ടറിന്റേയും മോഡൽ എന്തായിരുന്നുവെന്നും ഓരോ ടെണ്ടറിലും എത്ര കമ്പനികൾ വീതം പങ്കെടുത്തിട്ടുണ്ടായിരുന്നുവെന്നും ഓരോ ഘട്ടത്തിലും ബിഡ്ഡിലൂടെ തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികൾ ഏതൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികൾ അതത് ഘട്ടത്തിൽ മുന്നോട്ട് വച്ചിരുന്ന പ്രമുഖ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; ഒടുവിൽ ഏതെല്ലാം കാരണങ്ങളാലായിരുന്നു തെരഞ്ഞെടുക്കപ്പെട്ടിരുന്ന കമ്പനികളുമായി എഗ്രിമെന്റ് വയ്ക്കാതിരിക്കുകയോ ഓഫർ റദ്ദ് ചെയ്യുകയോ ചെയ്യാതിരുന്നത് ;

(ഡി) ലാന്റ് ലോർഡ് മോഡലിന്റെ പ്രത്യേകത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുവേണ്ടി നാല് ടെണ്ടറുകൾ വിളിച്ചു. ഇതിൽ ആദ്യത്തേത് 2005 ജൂൺ മാസം 19-ാം തീയതിയും രണ്ടാമത്തെ ടെണ്ടർ 2007 ഓഗസ്റ്റ് മാസം 8-ാം തീയതിയും മൂന്നാമത്തേത് 2010 നവംബർ മാസം 25-ാം തീയതിയും നാലാമത്തെ ടെണ്ടർ 2013 ഡിസംബർ മാസം 4-ാം തീയതിയുമാണ് വിളിച്ചിട്ടുള്ളത്.

(ബി) ആദ്യത്തേയും രണ്ടാമത്തേയും ടെണ്ടറുകൾ പി.പി.പി. മോഡൽ അനുസരിച്ചിട്ടാണ് വിളിച്ചത്. മൂന്നാമത്തെ ടെണ്ടർ പി.പി.പി. ഘടകങ്ങളുൾപ്പെട്ട ലാന്റ് ലോർഡ് മാതൃക അടിസ്ഥാനമാക്കിയാണ് വിളിച്ചത്. ഈ മാതൃകയനുസരിച്ച് വി.ജി.എഫ്. വിഭാവനം ചെയ്തിട്ടില്ല. അവസാനത്തെ ടെണ്ടർ കേന്ദ്ര ഗവൺമെന്റിന്റെ വി.ജി.എഫ്. ലഭ്യമാകുന്നതരത്തിൽ പി.പി.പി. ഘടകങ്ങൾ വിപുലീകരിച്ച് ലാന്റ് ലോർഡ് മാതൃകയിൽ നിലനിർത്തിക്കൊണ്ടാണ് വിളിച്ചിട്ടുള്ളത്. ആദ്യത്തെ ടെണ്ടറിൽ (2005) രണ്ട് പേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനിക്ക്

(Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ച് പേർ പങ്കെടുത്തു. ഇതിൽ മൂന്ന് പേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിയെ തെരഞ്ഞെടുത്തുവെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ട് പേർ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിച്ചു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയുടെ (വെൽസ്പൺ കൺസോർഷ്യം) ടെണ്ടർ സർക്കാർ അംഗീകരിച്ചില്ല. നാലാമത്തെ ടെണ്ടറിൽ അഞ്ച് കമ്പനികൾ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ വാങ്ങുകയും യോഗ്യതനേടുകയും ചെയ്തു. ഇതിൽ മൂന്ന് കമ്പനികൾ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങുകയും അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് എന്ന കമ്പനിമാത്രം ബിഡ് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിഡ് അംഗീകരിക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) ടെണ്ടർ നടപടികളിൽ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള ഏക മാനദണ്ഡം പ്രീമിയം തരുക അല്ലെങ്കിൽ ഗ്രാന്റ് ചോദിക്കുക എന്നതാണ്. യോഗ്യത നേടിയവരിൽനിന്നും ഏറ്റവും കൂടുതൽ പ്രീമിയം നൽകുന്നതോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ഗ്രാന്റ് ആവശ്യപ്പെടുന്നതോ ആയ കമ്പനിയെയാണ് അന്തിമമായി തെരഞ്ഞെടുക്കുന്നത്. 2005-ലും (Zoom Developers), 2010-ലും (വെൽസ്പൺ കൺസോർഷ്യം) നടന്ന ടെണ്ടറിൽ സർക്കാർ ഗ്രാന്റാണ് ആവശ്യപ്പെട്ടത്. എന്നാൽ 2007-ൽ നടന്ന ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷനയർ (ലാൻകോ) പ്രീമിയം നൽകാം എന്ന് പറഞ്ഞിരുന്നു. ആദ്യത്തെ ടെണ്ടറിൽ യോഗ്യതനേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ചുപേർ പങ്കെടുത്തു. ഇതിൽ മൂന്നുപേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിക്ക് LOI നൽകിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) രണ്ടുപേർ RFP സമർപ്പിച്ചു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ, 479.54 കോടി രൂപ ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റ് ഘടകങ്ങൾ ഒരു ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സർക്കാർ സ്വീകരിച്ചില്ല.

(ഡി) 2010-ൽ സർക്കാർ അംഗീകരിച്ച ലാന്റ് ലോർഡ് മോഡലിൽ തുറമുഖത്തിന്റെ ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ്&റിക്ലമേഷൻ, ബെർത്ത്, റോഡ് (സിവിൽ ഇൻഫ്രാസ്ട്രക്ച്ചർ) എന്നിവയുടെ നിർമ്മാണം Engineering Procurement

Construction ടെണ്ടർമുഖേന സർക്കാരും സൂപ്പർ സ്ട്രക്ച്ചർ, എക്വിപ്മെന്റ്, പോർട്ട് ഓപ്പറേഷൻ തുടങ്ങിയവ പി.പി.പി. മുഖാന്തിരം തെരഞ്ഞെടുക്കുന്ന കൺസഷനയറുമാണ് ചെയ്യേണ്ടത്. ഈ മാതൃക പ്രകാരം നിർമ്മാണം പൂർത്തിയാക്കിയശേഷം 30 കൊല്ലം പാട്ടത്തിന് നൽകാനായിരുന്നു വ്യവസ്ഥ. രണ്ടാമത്തെ ഘട്ടത്തിൽ കൺസഷനയർക്ക് First Right of Refusal നൽകേണ്ടതുമുണ്ട്. ഈ ലാന്റ് ലോർഡ് മാതൃകയനുസരിച്ച് സർക്കാരിന് വരുമാന വിഹിതമില്ല.

## വിഴിഞ്ഞം പദ്ധതി

119 (123) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്കുള്ള ടെണ്ടർ ആദ്യമായി വിജ്ഞാപനം ചെയ്തത് എപ്പോഴായിരുന്നു ; എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു ; അതിൽ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമായിരുന്നു ;

(ബി) പ്രസ്തുത വിജ്ഞാപനം ഒഴിവാക്കി 2013 ഡിസംബർ 4-ാം തീയതി വീണ്ടും ടെണ്ടർ പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) പുനർ വിജ്ഞാപനത്തെത്തുടർന്ന് യോഗ്യത നേടിയ കമ്പനികൾ ഏതൊക്കെയായിരുന്നു ; അതിൽ ഏതെല്ലാം കമ്പനികൾ അടുത്ത ഘട്ടത്തിലേക്കുള്ള ആർ.എഫ്.പി. വാങ്ങുകയുണ്ടായി ;

(ഡി) മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ ആർ.എഫ്.പി. വാങ്ങിയ ഏതെല്ലാം കമ്പനികളുടെ പ്രതിനിധികളുമായി എന്തെല്ലാം കാര്യങ്ങൾ എവിടെയെല്ലാം വച്ച് എത്ര തവണ ചർച്ച നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിക്കുള്ള ടെണ്ടർ 2005-ൽ ആണ് ആദ്യമായി വിജ്ഞാപനം ചെയ്തത്. ഈ ടെണ്ടറിൽ രണ്ടുപേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനി Zoom Developers ആണ്.

(ബി) ആദ്യത്തെ ടെണ്ടറിൽ (2005) രണ്ടുപേർ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ കമ്പനിക്ക് (Zoom Developers) സുരക്ഷാനുമതി ലഭ്യമായില്ല. രണ്ടാമത്തെ ടെണ്ടറിൽ (2007) അഞ്ചുപേർ പങ്കെടുത്തു. ഇതിൽ മൂന്ന് പേർ യോഗ്യത നേടി. ലാൻകോ എന്ന കമ്പനിക്ക് Letter of Intent (LOI) നൽകിയെങ്കിലും വ്യവഹാരത്തെ തുടർന്ന് അവർ പിൻവാങ്ങി. മൂന്നാമത്തെ ടെണ്ടറിൽ (2010) പതിനാല് പേർ RFQ വാങ്ങിയതിൽ പന്ത്രണ്ട് പേർ യോഗ്യത നേടുകയും രണ്ടുപേർ RFP സമർപ്പിക്കുകയും ചെയ്തു. ഇതിൽ സുരക്ഷാനുമതി ലഭിച്ച ഏക കമ്പനിയായ വെൽസ്പൺ കൺസോർഷ്യം

പദ്ധതിയുടെ അവർ ചെയ്യേണ്ട മൊത്തം പി.പി.പി. ഘടകമായ 970 കോടി രൂപയിൽ 479.54 കോടി രൂപ ഗ്രാന്റായി ആവശ്യപ്പെട്ടു. സർക്കാർ ചെയ്യേണ്ട മറ്റ് ഘടകങ്ങൾ ഒരു ഇ.പി.സി. (എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് കൺസ്ട്രക്ഷൻ) വഴി നടപ്പിലാക്കുന്നതിന് സർക്കാർ ടെണ്ടർ ചെയ്യേണ്ടതും സ്വകാര്യ പങ്കാളിക്ക് ആ ടെണ്ടറിന് First Right of Refusal നൽകേണ്ടതുമായിരുന്നു. ഈ ടെണ്ടർ സംസ്ഥാന സർക്കാർ സ്വീകരിച്ചില്ല. അതിനെ തുടർന്നാണ് 2013 ഡിസംബർ 4-ാം തീയതി വീണ്ടും ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

(സി) പുനർ വിജ്ഞാപനത്തെ തുടർന്ന് (2013-ലെ ടെണ്ടറിൽ) യോഗ്യത നേടിയ അഞ്ച് കമ്പനികൾ ചുവടെ പറയുന്നവയാണ്:

- Gammon Infrastructure Projects Limited
- Consortium of Concast Infratech Ltd & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI-OHL Consortium
- Adani Ports & Special Economic Zone Ltd.

ഇതിൽ Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd. എന്നീ മൂന്ന് കമ്പനികൾ RFP വാങ്ങുകയുണ്ടായി. എന്നാൽ അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് മാത്രമാണ് ബിഡ് സമർപ്പിച്ചത്.

(ഡി) ആർ.എഫ്.പി. വാങ്ങിയ കമ്പനി പ്രതിനിധികളുമായി നടന്ന ചർച്ചകളിൽ ഒന്നുംതന്നെ മുഖ്യമന്ത്രിയോ ചീഫ് സെക്രട്ടറിയോ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെയും തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

120 (124) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. റ്റി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു: വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. പദ്ധതിക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തനഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവേ ലൈൻ എത്തിക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ച് കമ്പനികൾ യോഗ്യതനേടുകയും ഇതിൽനിന്നും മൂന്ന് കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും M/s. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷിയോഗത്തിനു ശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷിനേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

(ബി) പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ F. No. 11-122/2010-IA-III (Government of India, MOEF) dated 10-6-2011 & F.No.11-122/2011-IA-III dated 1-7-2011 ഉത്തരവുകൾ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായിട്ടുള്ള ടേംസ് ഓഫ് റഫറൻസിന് (ToR) അംഗീകാരം ലഭ്യമായി. അതനുസരിച്ച് കമ്പനിക്ക് വേണ്ടി L & T Ramboll മുഖാന്തിരം തയ്യാറാക്കിയ വിശദമായ പാരിസ്ഥിതിക പഠന റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയുണ്ടായി. അതിനുശേഷം പൊതുജനങ്ങളിൽനിന്നും പരസ്യമായി തെളിവെടുക്കുകയും തുടർന്ന് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളും ഉൾപ്പെടുത്തി

കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന് നൽകുകയുണ്ടായി. ഇവ ടി മന്ത്രാലയത്തിന് കീഴിൽവരുന്ന വിദഗ്ദ്ധ സമിതി വിശദമായി പരിശോധിച്ചശേഷം 2013 ഡിസംബർ 3-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകാൻ തീരുമാനിച്ചു. പാരിസ്ഥിതികാനുമതി സംബന്ധിച്ച അന്തിമ ഉത്തരവ് 2014 ജനുവരി 3-ാം തീയതി ലഭ്യമായി.

(സി) 2013 ഡിസംബർ 4-ാം തീയതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിക്ക് ആഗോള ടെണ്ടർ വിളിച്ചത്. ടെണ്ടർ നടപടികൾ ആദ്യഘട്ടം പൂർത്തീകരിക്കുകയും താഴെപ്പറയുന്ന അഞ്ച് കമ്പനികൾ യോഗ്യത നേടുകയും ചെയ്തു.

- Gammon Infrastructure Projects Limited
- Consortium of Concast Infratech Ltd. & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI-OHL Consortium
- Adani Ports & Special Economic Zone Ltd.

ഇവരിൽനിന്നും താഴെപ്പറയുന്ന മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP-യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങുകയുണ്ടായി:

- Essar Ports Ltd.
- SREI-OHL Consortium
- Adani Ports & Special Economic Zone Ltd.

കേന്ദ്ര സർക്കാരിൽനിന്നും വി.ജി.എഫിനുള്ള അന്തിമ അംഗീകാരം 2015 ഫെബ്രുവരി 3-ാം തീയതി ലഭിക്കുകയുണ്ടായി. രണ്ടാംഘട്ട നടപടികൾ പൂർത്തീകരിച്ച ശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് അദാനി പോർട്ട് മാത്രമാണ് ബിഡ് സമർപ്പിച്ചത്. അവർ ചിലവഴിക്കേണ്ട ആകെ പദ്ധതി തുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റാണ് ആവശ്യപ്പെട്ടത് (1635 കോടി രൂപ). ഇതിൽ ആദ്യത്തെ 20% കേന്ദ്ര സർക്കാരും അതിനുശേഷമുള്ള 19.985% കേരള സർക്കാരുമാണ് നൽകേണ്ടത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ

ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷിയോഗത്തിനു ശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷിനേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെ പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

(ഡി) ഇപ്പോഴത്തെ ബിഡിന്റെകാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളു ന്നതനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും.

(ഇ) മിഷൻ 676-ൽ നവരത്ന പദ്ധതികളുടെ കൂട്ടത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുകയാണ് മിഷൻ 676-ന്റെ ലക്ഷ്യം. ഇതനുസരിച്ച് പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടുന്ന ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തിയതിനു ശേഷമേ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## വിഴിഞ്ഞം തുറമുഖ പദ്ധതി

121 (125) ശ്രീ. എം. എ. ബേബി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളും തീരുമാനങ്ങളും വിശദമാക്കാമോ ;

(ബി) അദാനി ഗ്രൂപ്പിന് പദ്ധതിയുടെ അടങ്കൽ നൽകാൻ കമ്പനി വ്യഗ്രത കാണിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; റീ-ടെണ്ടറിന്റെ സാദ്ധ്യത പരിഗണിക്കാതെ ഇപ്രകാരം ഏകപക്ഷീയമായി സിംഗിൽ ടെണ്ടർ സ്വീകരിച്ചത് എന്തുകൊണ്ടാണ് ; അടങ്കലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പ്രവൃത്തി വ്യാപനവും ധനാഗമ മാർഗ്ഗങ്ങളും വിശദമാക്കാമോ ; ലാഭവിഭജനം എന്നു മുതൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി ; വിശദമാക്കാമോ ;

(സി) ടെണ്ടർ സ്വീകരിക്കാനുള്ള തീരുമാനം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കമ്പനി എടുക്കുന്നതിനുമുമ്പായി സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുകയുണ്ടായോ ; വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ച് മലേഷ്യൻ കമ്പനി പ്രതിനിധി അയച്ചിരുന്ന കത്തിൻമേൽ എടുത്ത നിലപാട് എന്തായിരുന്നു ; സിംഗിൾ ടെണ്ടറിൽ തീരുമാനം എടുക്കുന്നതിനുമുമ്പായി മലേഷ്യൻ കമ്പനിയുടെ നിർദ്ദേശങ്ങൾ പരിഗണിക്കാതിരുന്നതെന്തുകൊണ്ട് ;

(ഡി) ഏതെങ്കിലും കോർപ്പറേറ്റിന് കൊള്ളയടിക്കാൻ ഇടനൽകാതെ, വിഴിഞ്ഞം പദ്ധതി സുതാര്യമായി നടപ്പിലാക്കാൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു: വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്നതരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. ദ്ധതിക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവേ ലൈൻ എത്തിക്കുന്നതിനു വേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ച് കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്ന് കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും M/s. Adani Ports & Special Economic Zone

ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷിയോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മേയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനി ക്കുകയാണുണ്ടായത്. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷി യോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. കരാർ നൽകുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വളരെ സുതാര്യവും മത്സരക്ഷമത ഉറപ്പുവരുത്തുന്നതുമായ ആഗോള ടെണ്ടർ നടപടിക്രമമാണ് വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. നിയമവകുപ്പിന്റെയും സ്റ്റോർസ് പർച്ചേസ് വകുപ്പിന്റേയും പദ്ധതിയുടെ ഉപദേശകരുടെയും അഭിപ്രായങ്ങൾ പഠിച്ചതിനുശേഷമാണ് ടെണ്ടർ സ്വീകരിക്കുവാൻ ഇതിനായി നിയോഗിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി ശിപാർശ ചെയ്തത്. അടങ്കൽ പ്രകാരം ടെണ്ടറിന്റെ മൊത്തം തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ ഫണ്ടഡ് വർക്കിന്റെ (സർക്കാർ ചെലവിലുള്ള) തുകയുമാണ്. പി.പി.പി. ഘടകത്തിൽ ബിഡ്ഡർ ആവശ്യപ്പെട്ട 1635 കോടി രൂപ ധനസഹായമായി നൽകുന്നതായിരിക്കും. 30% തുകയായ 1227 കോടി രൂപ നിർമ്മാണ സമയത്ത് ഇക്വിറ്റി സപ്പോർട്ടായും 10% തുകയായ 408 കോടി രൂപ നടത്തിപ്പ് കാലയളവിൽ ഒ & എം സപ്പോർട്ടായും നൽകും. മൊത്തം സഹായധനമായ 1635 കോടി രൂപയിൽ ആദ്യത്തെ 20 ശതമാനമായ 818 കോടി രൂപ കേന്ദ്രസർക്കാർ നൽകുന്നതായിരിക്കും. ഫണ്ടഡ് വർക്കിന്റെ തുകയായ 1463 കോടി രൂപ നിർമ്മാണ പുരോഗതിക്കനുസൃതമായി സർക്കാർ നൽകുന്നതായിരിക്കും. തുറമുഖത്തിന്റെ പ്രവർത്തനം തുടങ്ങി 15-ാം വർഷം മുതൽ വരുമാന വിഹിതം ലഭിക്കും. ഇത് ഒരു ശതമാനത്തിൽ തുടങ്ങി ഓരോ വർഷവും ഒരു ശതമാനം കൂടി 40 ശതമാനം വരെ ലഭിക്കാൻ കരാറിൽ വ്യവസ്ഥയുണ്ട്. തുറമുഖയിതര പ്രവർത്തനമായി പോർട്ട് എസ്റ്റേറ്റ് ഡെവലപ്മെന്റിൽനിന്നുള്ള വരുമാനവിഹിതം നടത്തിപ്പിന്റെ 7-ാം വർഷം മുതൽ ലഭിക്കാൻ കരാറുണ്ട്. ഇതിൽ സർക്കാരിന്റെ വിഹിതം 10% ആണ്.

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കമ്പനി ടെണ്ടർ സ്വീകരിക്കു

ന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. ഇതിനായുള്ള ഉന്നതാധികാര സമിതിയും അതിനുശേഷം മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള കമ്പനി ബോർഡ് യോഗവും ബിഡ്സ് സ്വീകരിക്കുന്നതിനുമുള്ള ശിപാർശ സർക്കാരിന് നൽകുകയാണുണ്ടായത്. ഇതിൽ ഒരു തീരുമാനം എടുക്കാനായി 20-5-2015-ൽ കൂടിയ മന്ത്രിസഭായോഗം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം തീരുമാനമെടുക്കാനാണ് തീരുമാനിച്ചത്. അതിൻപ്രകാരം 3-6-2015-ൽ സർവ്വകക്ഷിയോഗം വിളിച്ചുചേർത്തു. ഒരു മലേഷ്യൻ കമ്പനിയിൽ നിന്നും പദ്ധതിയിൽ താല്പര്യം പ്രകടിപ്പിച്ച് കത്ത് ലഭിച്ചിട്ടില്ല. പദ്ധതിയിൽ താത്പര്യം പ്രകടിപ്പിച്ചുകൊണ്ട്, Special Envoy to India & South Asia Infrastructure (Government of Malaysia)-ൽനിന്ന് ഏപ്രിൽ 27-ന് കേരളാ സ്റ്റേറ്റ് നാവിഗേഷൻ വകുപ്പ് ചെയർമാനായ ശ്രീ. മോഹൻദാസ് ഐ.എ.എസ് (Rtd.)-ന് ഒരു കത്ത് ബിഡ് ഡ്യൂ ഡേറ്റിനുശേഷം ലഭിക്കുകയുണ്ടായി. ആ കത്ത് ശ്രീ. മോഹൻദാസ് മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും മേൽപ്പറഞ്ഞ കത്ത് 7-5-2015-ൽ കൂടിയ ഉന്നതാധികാര സമിതി യോഗം പരിശോധിക്കുകയും ചെയ്തു. പദ്ധതിക്കായി സംസ്ഥാന സർക്കാർ നടത്തിയ റോഡ് ഷോയിൽ മലേഷ്യൻ എംബസിയുടെ പ്രതിനിധി പങ്കെടുത്തിട്ടുണ്ട്. എന്നാൽ ക്വാളിഫിക്കേഷൻ സ്റ്റേജിൽ ഒരു മലേഷ്യൻ കമ്പനിയും അപേക്ഷ പോലും സമർപ്പിച്ചിരുന്നില്ല. ബിഡ് സമർപ്പിക്കുന്നതിന്റെ അവസാന ദിവസത്തിനുശേഷം ഇത്തരത്തിൽ സമർപ്പിക്കുന്ന ഒരു കത്ത് പരിഗണിക്കുന്നതിന് ടെണ്ടർ നടപടിക്രമമനുസരിച്ച് സാദ്ധ്യമല്ല. ഉന്നതാധികാര സമിതിയുടെ ശിപാർശ പ്രകാരം ഈ കത്തിന്മേൽ മറ്റ് നടപടിക്രമങ്ങൾ എടുത്തില്ല.

(ഡി) വളരെ സുതാര്യവും മത്സരക്ഷമത ഉറപ്പുവരുത്തുന്നതുമായ ആഗോള ടെണ്ടർ നടപടിക്രമമാണ് വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി സർക്കാർ കൈക്കൊണ്ടത്. ഇതിലുള്ള നിയമവകുപ്പിന്റെയും സ്റ്റോർസ് പർച്ചേസ് വകുപ്പിന്റേയും പദ്ധതിയുടെ ഉപദേശകരുടെയും അഭിപ്രായങ്ങൾ പഠിച്ചതിനുശേഷമാണ് ടെണ്ടർ സ്വീകരിക്കുവാൻ ഇതിനായി നിയോഗിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി ശിപാർശ ചെയ്തത്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

122(126) ശ്രീ. എം. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും ഏതെല്ലാം അനുമതി പത്രങ്ങൾ ആണ് ലഭിക്കേണ്ടത് ;

(ബി) ഓരോ അനുമതി പത്രങ്ങളും ലഭ്യമായത് എന്നാണ് ;

(സി) തുറമുഖ നിർമ്മാണത്തിനായുള്ള ഡി.പി.ആർ. എന്നാണ് തയ്യാറാക്കിയത് ;

(ഡി) പ്രോജക്ട് കോസ്റ്റ് എത്രയാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;

(എഫ്) പോർട്ട് ഓപ്പറേറ്ററെ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആരെയാണ് നിശ്ചയിച്ചത് ;

(ജി) വിഴിഞ്ഞം തുറമുഖ നിർമ്മാണം എന്ന് പൂർത്തിയാകും ; ബ്രേക്ക് ഈവൺ ആവുക എന്നാണ് ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനാവശ്യം വേണ്ടത് കേന്ദ്ര സർക്കാരിൽ നിന്നുള്ള പാരിസ്ഥിതികാനുകമതിയാണ്. F.No. 11-122/ 2010-IA-III (Government of India, MoEF) dated 10-6-2011 & F.No. 11-122/2011-IA-III dated 1-7-2011 ഉത്തരവുകൾ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായിട്ടുള്ള ടേംസ് ഓഫ് റഫറൻസിന് (ToR) കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായി. കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. കൂടാതെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി.

(സി) തുറമുഖ പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഡി.പി.ആർ. (ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്) 2013 മേയ് മാസം 27-ാം തീയതിയാണ് തയ്യാറാക്കിയത്.

(ഡി) പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. പി.പി.പി. ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ 1635 കോടി രൂപ വി.ജി.എഫ്. ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നൽകേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി. ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനു പുറമെ സ്ഥലമേറ്റെടുപ്പ്, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് 7525 കോടി രൂപയാണ്.

(ഇ) ഗവൺമെന്റ് ഓഫ് ഇന്ത്യ പ്ലാനിംഗ് കമ്മീഷൻ പ്രസിദ്ധീകരിച്ച മോഡൽ കൺസഷൻ എഗ്രിമെന്റ് (എം.സി.എ.) ആധാരമാക്കി തയ്യാറാക്കപ്പെട്ട ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ (ഡി.സി.എ.) ഉള്ള വ്യവസ്ഥകൾക്ക് വിധേയമായി,

പോർട്ട് ഓപ്പറേറ്ററെ നിശ്ചയിക്കുന്നതിനായി ആർ.എഫ്.പി. രേഖ പ്രകാരം ഒരേ ഒരു 'Bid Parameter' മാത്രമാണ് ഉള്ളത്. അതായത് പ്രീമിയം തുക അല്ലെങ്കിൽ ഗ്രാന്റ് തുക. ഏറ്റവും കൂടുതൽ പ്രീമിയം നൽകുന്നതോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ ഗ്രാന്റ് ആവശ്യപ്പെടുന്നതോ ആയ കമ്പനിയെയാണ് അന്തിമമായി തെരഞ്ഞെടുക്കുന്നത്.

(എഫ്) കരാർ നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ജി) വിഴിഞ്ഞം തുറമുഖം നിർമ്മാണം തുടങ്ങി നാല് വർഷത്തിനകം പൂർത്തിയാകും. പദ്ധതിയുടെ ഫിനാൻഷ്യൽ & ട്രാൻസാക്ഷൻ അഡ്വൈസർ, ഏണസ്റ്റ് & യംങ് തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 15% ഇക്വിറ്റി ഐ.ആർ.ആർ. (ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ) ലഭ്യമാക്കുന്നതിനായി 1664 കോടി രൂപ വി.ജി.എഫ്. ആവശ്യം വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

123 (127) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഏതെല്ലാം ഘട്ടങ്ങളിലായി ഏതെല്ലാം ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) നിലവിൽ ഏതെല്ലാം ഏജൻസികളുടെ ഏതെല്ലാം സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്; ഓരോ ഏജൻസിയേയും കണ്ടെത്തിയത് ടെണ്ടർ നടപടിക്രമത്തിലൂടെയാണോ; നേരിട്ട് നിയോഗിക്കപ്പെട്ടവയുണ്ടെങ്കിൽ അവ ഏതൊക്കെയാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന ഏതെല്ലാം ഏജൻസികളുടെ സേവനം പിന്നീട് അവസാനിപ്പിക്കുകയുണ്ടായി ; കാരണം എന്തായിരുന്നു ;

(ഡി) ഇപ്പോൾ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുമായി ഏതെല്ലാം തീയതികളിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2005-ലെയും 2007-ലെയും ടെണ്ടറിൽ ഐ.എൽ.&എഫ്.എസും പ്രോജക്ട് അഡ്വൈസറും ടെക്നിക്കൽ കൺസൽട്ടന്റുമായ എൽ & റ്റി റാംബോളും 2010-ലെ ടെണ്ടറിൽ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനും അവർവഴി വിപണി പാനം നടത്തിയ ഡ്രൂറി, നിയമ ഉപദേശകരായ ട്രൈലീഗൽ, സാങ്കേതിക

ഉപദേശകരായ റോയൽ ഹാസ്കോണിംഗ്സ്, പാരിസ്ഥിതിക ഏജൻസിയായ എൽ & റ്റി റാംബോൾ, സാമ്പത്തിക അഡ്വൈസറായ എസ്.ബി.ഐ. ക്യാപ്സ് എന്നീ ഏജൻസികളുടെ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്. 2013-ലെ ടെണ്ടറിൽ ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് & യംഗ്, ലീഗൽ അഡ്വൈസറായ എച്ച്.എസ്.എ. അഡ്വക്കേറ്റ്സ്, ടെക്നിക്കൽ അഡ്വൈസറായ എയ്കോം, പാരിസ്ഥിതിക ഏജൻസിയായ എൽ & റ്റി റാംബോൾ എന്നിവരുടെ സേവനങ്ങളും ലഭ്യമായിട്ടുണ്ട്.

(ബി) നിലവിൽ താഴെപ്പറയുന്ന ഏജൻസികളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്:

1. Ernst & Young : Transaction Advisor & Financial Consultant
2. Hemant Sahai Associates : Legal Advisor
3. AECOM : Technical Consultant
4. L & T Ramboll : Environment Consultant

ഈ നാല് ഏജൻസികളെയും കണ്ടെത്തിയത് ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ്. നിലവിലുള്ള ഒരു ഏജൻസിയും നേരിട്ട് നിയോഗിക്കപ്പെട്ടവരല്ല. Ernst & Young-നെയും HSA Advocates-നെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പത്രത്തിൽ പരസ്യം ചെയ്താണ് തെരഞ്ഞെടുത്തത്.

(സി) ഈ സർക്കാർ നിലവിൽ വരുമ്പോൾ മുൻ സർക്കാർ നേരിട്ട് നിയമിച്ച ഐ.എഫ്.എസി.യും അവർവഴി വന്ന നിയമോപദേശകരായ Trilegal-ന്റെയും സാങ്കേതിക ഉപദേശകരായ Royal Hasokoning-ന്റെയും സേവനം ഉണ്ടായിരുന്നു. അവർ പ്രവർത്തിച്ചിരുന്ന 2010-ലെ ടെണ്ടർ റദ്ദ് ചെയ്യപ്പെട്ട സാഹചര്യത്തിൽ അവരുടെ സേവനം അവസാനിക്കുകയാണുണ്ടായത്.

(ഡി) ഇപ്പോൾ സേവനം ലഭ്യമാക്കുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട തീയതി ചുവടെ ചേർക്കുന്നു:

1. Ernst & Young : 13-1-2014
2. Hemant Sahai Associates : 13-1-2014

3. AECOM : 27-9-2012

4. L & T Ramboll : 17-6-2010

(AECOM-നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ഈ സർക്കാരിന്റെകാലത്ത് കരാർ ഒപ്പ് വയ്ക്കുകയും ചെയ്തു.) കഴിഞ്ഞ സർക്കാരിന്റെകാലത്ത് തെരഞ്ഞെടുക്കപ്പെട്ട L&T Ramboll-ന്റെ സേവനം നിലനിർത്തി.

**വിഴിഞ്ഞം തുറമുഖ പദ്ധതി -ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റ്**

124 (128) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി തയ്യാറാക്കപ്പെട്ട ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ച (എം.സി.എ.) മോഡലിൽ നിന്നുള്ള വ്യതിയാനങ്ങൾ വല്ലതും ഉണ്ടായിരുന്നുവോ ; എങ്കിൽ വ്യതിയാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) വ്യതിയാനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടായിരുന്നുവോ ; ഇതിന് മന്ത്രിസഭയുടെ അംഗീകാരം നൽകിയത് എപ്പോഴായിരുന്നു ; ഇക്കാര്യത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) വ്യതിയാനങ്ങളുടെ വിവരണം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. *

(ബി) അംഗീകാരം 7-5-2014-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

125 (129) ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് അദാനി പോർട്സ് ലിമിറ്റഡ് സമർപ്പിച്ച ടെണ്ടർ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ അംഗീകരിച്ച പ്രമുഖ വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) ടെണ്ടറിൽ പ്രതീക്ഷിച്ചിരുന്ന പ്രവൃത്തികളുടെ വ്യാപ്തി വിശദമാക്കാമോ ; അദാനി പോർട്സിന്റെ ടെണ്ടറിൽ ഇവയെല്ലാം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉൾപ്പെടുത്തപ്പെട്ടവ ഏതെല്ലാം ; അവയ്ക്കോരോന്നിനും കണക്കാക്കപ്പെട്ട എസ്റ്റിമേറ്റ് തുക എത്ര ; ഏത് വർഷത്തെ നിരക്കുകളുടെ അടിസ്ഥാനത്തിലുള്ളതാണ് എസ്റ്റിമേറ്റുകൾ ; ഏത് തീയതികൾക്കകം ഓരോ പ്രവത്തിയും പൂർത്തീകരിക്കപ്പെടും ; മൊത്തം എത്തു തുക എസ്റ്റിമേറ്റുള്ള പ്രവത്തികൾ അദാനി പോർട്ട്സ് നിർവ്വഹിക്കും ;

(സി) അദാനി പോർട്ട്സ് ക്വാട്ട് ചെയ്ത ടെണ്ടറിന്റെ വ്യാപ്തിക്ക് പുറത്തുള്ള എന്തെല്ലാം അടിസ്ഥാന വികസന പ്രവൃത്തികൾ സംസ്ഥാന സർക്കാർ നിർവ്വഹിക്കേണ്ടതായിട്ടുണ്ട് ; അവ ഓരോന്നിനും 2015-ലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തുക എത്ര ; മൊത്തം എന്ത് തുകയുടെ പ്രവൃത്തികൾ സർക്കാർ ചെയ്യേണ്ടതായി വരും ; കരാർപ്രകാരം അദാനി പോർട്സ്വഴിയും സർക്കാർവഴിയും നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളുടെ 2015-ലെ നിരക്കനുസരിച്ച് പ്രതീക്ഷിക്കുന്ന മൊത്തം തുക എത്ര ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ഓരോ കൺസൾട്ടൻസിക്കും വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്ന തുക എത്ര വീതം ;

(ഇ) അംഗീകരിച്ച ടെണ്ടറിലെ വ്യവസ്ഥകൾ പ്രകാരം, അദാനി പോർട്സ് ചെലവഴിക്കുന്ന മൊത്തം തുക ; കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് ; സംസ്ഥാന സർക്കാർ അദാനി പോർട്സിന് നൽകേണ്ടിവരുന്ന തുക ; അടിസ്ഥാന വികസന പദ്ധതികൾക്ക് സർക്കാർ ചെലവഴിക്കേണ്ടിവരുന്ന തുക 2015-ലെ നിരക്കുകൾ പ്രകാരമുള്ളത് ; ഇതിനകം ഭൂമിക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമായി സംസ്ഥാനം ചെലവഴിച്ച തുക എന്നിവ എത്ര വീതം എന്നറിയിക്കുമോ ;

(എഫ്) പദ്ധതി വികസിപ്പിക്കൽ, മാനേജ് മെന്റ്, ലാഭവിഹിതം പങ്കിടൽ എന്നിവ ഉൾപ്പടെയുള്ള ടെണ്ടറിലെ പ്രമുഖ നിർദ്ദേശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) അദാനി പോർട്സ് ലിമിറ്റഡ് സമർപ്പിച്ച ടെണ്ടർ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന ബിഡ്ഡർ ചെയ്യേണ്ടുന്ന പ്രവർത്തികളും ടെണ്ടറിന്റെ

വ്യവസ്ഥകളും എല്ലാംതന്നെ കരട് കരാറായി ബിഡ് വാങ്ങിയിട്ടുള്ള എല്ലാ ബിഡ്ഡേഴ്സിനും ബിഡിന്റെ അവസാന തീയതിക്കുമുമ്പ്തന്നെ അയച്ച് കൊടുത്തിട്ടുള്ളതും ഇതിലെ വ്യവസ്ഥകൾ ബിഡ് ചെയ്യുന്ന എല്ലാ ബിഡ്ഡേഴ്സിനും ബാധകവുമാണ്. ബിഡ്ഡേഴ്സിനെ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള ഏക മാനദണ്ഡം അവർ ചോദിക്കുന്ന ഗ്രാന്റോ അല്ലെങ്കിൽ അവർ സർക്കാരിന് നൽകാം എന്നു പറയുന്ന പ്രീമിയമോ മാത്രമാണ്. അദാനി പോർട്ടസ് ഉൾപ്പെടെ ആർക്കും ഇതിൽ നിന്നും വ്യത്യസ്തമായി ഒരു വ്യവസ്ഥകളും നിർദ്ദേശിക്കുക സാധ്യമല്ല. കരട് കരാറിൽ പറഞ്ഞിട്ടുള്ള പ്രവർത്തികളും കണക്കാക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ്സ് തുകയും ചുവടെ കൊടുക്കുന്നു:

1. പി.പി.ഘടകം
   (ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്,
   എക്വിപ്മെന്റ് &സൂപ്പർ സ്ട്രക്ചർ) : 4089 കോടി (DEA അംഗീകരിച്ചത്)

2. ഫണ്ടഡ് വർക്ക്
   (ബ്രേക്ക് വാട്ടർ &
   ഫിഷിംഗ് ഹാർബർ) : 1463 കോടി

2015-ലെ നിരക്കനുസരിച്ചാണ് എസ്റ്റിമേറ്റ്സ് തുക നിശ്ചയിച്ചിരിക്കുന്നത്. ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥയനുസരിച്ച് മുഴുവൻ പണിയും നാല് കൊല്ലം കൊണ്ട് പൂർത്തിയാക്കി, തുറമുഖത്തിന്റെ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിക്കണം. ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിലെ Schedule-G പ്രകാരം Appointed Date-ൽ നിന്ന് 365-ാം ദിവസത്തിനുള്ളിൽ കരാറുകാരൻ തുറമുഖ നിർമ്മാണം ആരംഭിക്കുകയും മൊത്തം മൂലധനത്തിന്റെ 10% ചെലവഴിക്കുകയും ചെയ്യണം. അതുപോലെതന്നെ 600-ാം ദിവസം 25% വും 900-ാം ദിവസം 60%-വും 1460-ാം ദിവസം 100% വും പണി പൂർത്തിയാക്കിയിരിക്കണം.

(സി) റെയിൽ, വൈദ്യുതി, ജലം എന്നിവയാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ അദാനി പോർട്ട്സ് ക്വാട്ട് ചെയ്ത ടെണ്ടറിന്റെ വ്യാപ്തിക്ക് പുറത്ത് നിർവ്വഹിക്കേണ്ട അടിസ്ഥാന വികസന പ്രവർത്തികൾ. ഇവ ഓരോന്നിനും 2015-ലെ നിരക്കനുസരിച്ചുള്ള തുക ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| Rail | - | 400 Crore |
| Power | - | 60 Crore |
| Water | - | 7 Crore |

ഇപ്പോഴത്തെ കണക്കനുസരിച്ച് 467 കോടി രൂപയുടെ പ്രവർത്തികൾ സർക്കാർ

ചെയ്യേണ്ടിവരും. കരാർ പ്രകാരം അദാനി പോർട്ട്സ് വഴിയും സർക്കാർ 2015-ലെ നിരക്കനുസരിച്ച് മൊത്തം 6019 കോടി രൂപയുടെ പ്രവർത്തികൾ നിർവ്വഹിക്കണം.

(ഡി) ഇപ്പോഴത്തെ ടെണ്ടറുമായി ബന്ധപ്പെട്ട് നിലവിലുള്ള കൺസൾട്ടൻസിയ്ക്ക് വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ട തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

AECOM (PPP) - Technical Consultant :60 Lakh + Tax

HSA Advocates (PPP) - Legal Advisor :32.50 Lakh + Tax

Ernst & Young (PPP) - Transaction Advisor :73.22 Lakh + Tax

(ഇ) അദാനി പോർട്ട്സ് സമർപ്പിച്ച ടെണ്ടറിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ടെണ്ടറിലെ വ്യവസ്ഥകൾ പ്രകാരം.

അദാനി പോർട്ട്സ് ചെലവഴിക്കേണ്ട മൊത്തം തുക : 4089 കോടി

കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് : 817.8 കോടി

സംസ്ഥാന സർക്കാർ അദാനി പോർട്ടസിന് നൽകേണ്ടിവരുന്ന തുക

- വയബിലിറ്റി ഗ്യാപ് ഫണ്ട് : 817.2 കോടി
- ഫണ്ടഡ് വർക്ക് : 1463 കോടി

അടിസ്ഥാന വികസന പദ്ധതികൾക്ക് സർക്കാർ ചെലവഴിക്കേണ്ടി വരുന്ന തുക : 467 കോടി

ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി നാളിതുവരെ ചെലവഴിക്കേണ്ടിവന്ന തുക : 523.8 കോടി

(എഫ്) 2

- ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബെർത്ത്, എക്വിപ്മെന്റ് & സൂപ്പർ സ്ട്രക്ചർ, ബ്രേക്ക് വാട്ടർ, ഫിഷിംഗ് ഹാർബർ എന്നിവയുടെ പണി നാലുവർഷം കൊണ്ട് പൂർത്തിയാക്കണം. പദ്ധതിയുടെ നടത്തിപ്പ് കാലാവധി 36 വർഷത്തേക്കുമാണ്.
- തുറമുഖ നടത്തിപ്പിന്റെ 15-ാം വാർഷികം അവസാനിക്കുന്നതുമുതൽ വരുമാന വിഹിതമുണ്ടായിരിക്കും.
- വരുമാന വിഹിതം ഒരു ശതമാനത്തിൽനിന്നും തുടങ്ങി ഓരോ വർഷവും ഓരോ ശതമാനവും കൂടി പരമാവധി 40% വരെ ആകും.
- മെയിന്റനൻസ് ഡ്രെഡ്ജിംഗ്, റോഡ്, സിവിൽ ഇൻഫ്രാസ്ട്രക്ചർ, മറൈൻ ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പരിപാലനം കരാറുകാരനാണ്.

• കരാറുകാരൻ നികത്തിയെടുക്കുന്ന 131 ഏക്കർ ഭൂമിക്കുപുറമേ (Clause 2.4.2. in Annex 1 of Schedule B). ലൈസൻസ് പ്രകാരം അനുവദിച്ചു നൽകുന്ന ഏറ്റെടുത്ത ഭൂമി 220 ഏക്കറായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഏറ്റെടുത്ത ഭൂമിയുടെ വിജ്ഞാപനം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (Annex 1 of Schedule A)

- കരാറുകാരന് സ്വന്തം മുതൽമുടക്കിൽ 30% ഭൂമിയിൽ പോർട്ട് എസ്റ്റേറ്റ് വികസിപ്പിക്കാം.
- തുറമുഖ നടത്തിപ്പിന്റെ 7-ാം വർഷം പൂർത്തിയാകുന്നതുമുതൽ 10% വരുമാന വിഹിതം.
- 2012 ഡിസംബറിൽ പദ്ധതിയുടെ സാങ്കേതിക ഉപദേഷ്ടാക്കളായ AECOM തയ്യാറാക്കിയ രൂപരേഖ പ്രകാരം പദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും 18000 TEU ശേഷിയുള്ള കപ്പൽ അടുക്കാവുന്ന രീതിയിൽ രൂപരേഖ നവീകരിക്കുകയും ചെയ്തു. കൂടാതെ ബർത്തിന്റെ നീളം 650 മീറ്ററിൽ നിന്ന് 800 മീറ്ററായി നവീകരിച്ചു.
- ഒന്നാം ഘട്ട തുറമുഖത്തിന്റെ ശേഷി ഒരു മില്യൺ ടി.ഇ.യു. ആയിരിക്കണം.
- രണ്ടാംഘട്ട പ്രവർത്തനം 30 വർഷത്തിനു മുമ്പായി നടത്തുകയാണെങ്കിൽ മാത്രമേ 20 വർഷത്തെ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ.

**വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ**

126(130) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കും അനുബന്ധ വികസനത്തിനുംവേണ്ടി ആവശ്യമായ ഭൂമി എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; ഇതിനകം എത്ര ഭൂമി ഏറ്റെടുത്തു ;

(ബി) പദ്ധതിയുടെ ടെണ്ടറിൽ എത്ര ഏക്കർ ഭൂമി ലഭ്യമാക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ഈ ഭൂമിയ്ക്ക് നിലവിൽ കണക്കാക്കപ്പെടുന്ന വില എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ടെണ്ടറിലെ വ്യവസ്ഥയനുസരിച്ച് ഭൂമി സർക്കാരിന് തിരിച്ചുകിട്ടുന്നത് എപ്പോഴായിരിക്കും ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം പദ്ധതിക്കാവശ്യമായി കണക്കാക്കപ്പെട്ടിട്ടുള്ളത് 229.10 ഏക്കർ ഭൂമിയാണ്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകംതന്നെ ഏറ്റെടുത്തു

കഴിഞ്ഞു. ഇത് റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമായ സ്ഥലമാണ്. റെയിൽവേ ആവശ്യവുമായി ബന്ധപ്പെട്ട് ഇതുവരെ ഭൂമി നോട്ടിഫൈ ചെയ്തിട്ടില്ല.

(ബി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ പദ്ധതി ആവശ്യത്തിനായി 229.10 ഏക്കർ ഭൂമി നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് അനുവദിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാളിതുവരെ 206.87 ഏക്കർ ഭൂമി സർക്കാർ ഭൂ ഉടമകളുമായി ഉഭയസമ്മത പ്രകാരം അംഗീകരിച്ച (2010-13) കമ്പോള വിലയനുസരിച്ച് 524.41 കോടി രൂപ മുതൽമുടക്കി ഏറ്റെടുത്തിട്ടുണ്ട്.

(സി) ടെണ്ടർ അനുസരിച്ച് ഭൂമി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ആയിരിക്കും. സ്വകാര്യ പങ്കാളിക്ക് പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായി നാല്പതു വർഷത്തേക്ക് ലൈസൻസ് അനുവദിച്ചു നൽകാൻ മാത്രമാണ് വ്യവസ്ഥ.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ നടപടികൾ**

127 (130) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത അദാനി പോർട്സ് കമ്പനിയുടെ പ്രതിനിധികളുമായി, ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ച 2013 ഡിസംബർ 4-ന് ശേഷം സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം പ്രതിനിധികൾ എവിടെയെല്ലാം വച്ച്, എന്തെല്ലാം ചർച്ചകളിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) മുഖ്യമന്ത്രിയും തുറമുഖവകുപ്പ് മന്ത്രിയും മുൻ ചീഫ് സെക്രട്ടറിയും ഉൾപ്പെടെ ആരെല്ലാം ഏതെല്ലാം തീയതികളിൽ എവിടെയെല്ലാം വച്ച്, അദാനി പോർട്സിന്റെ ഏതെല്ലാം പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ട് ; ഓരോ ചർച്ചയുടേയും ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) വി.ജി.എഫ്.-ന്റെയും കബോട്ടാഷ് നിയമത്തിന്റെയും കാര്യത്തിൽ അദാനി പോർട്സ് പ്രതിനിധികൾ ഉന്നയിച്ച സംഗതികൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽനിന്നും രണ്ടാം ഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി നടന്ന ചുവടെ പറയുന്ന നാല് മീറ്റിംഗുകളിലും അദാനി പോർട്ട്സിന്റെ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

| പ്രീ-ബിഡ് മീറ്റിംഗ് | തീയതി | സ്ഥലം | പങ്കെടുത്ത കമ്പനികൾ |
|---|---|---|---|
| I | 21st May, 2014 | ഡൽഹി | Essar Ports Ltd, SREI-OHL Consortium, Adani Ports & Special Economic Zone Ltd. |
| II | 14th July, 2014 | മുംബൈ | SREI-OHL Consortium, Adani Ports & Special Economic Zone Ltd. |
| III | 17th November, 2014 | മുംബൈ | Adani Ports & Special Economic Zone Ltd |
| IV | 9th March, 2015 | മുംബൈ | SREI-OHL Consortium, Adani Ports & Special Economic Zone Ltd. |

പ്രീ-ബിഡ് മീറ്റിംഗിൽ സർക്കാരിനുവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി പോർട്ടസ്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയ്ക്കുവേണ്ടി മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് മാനേജേഴ്സ്, എന്നിവരും പദ്ധതിയുടെ ട്രാൻസാക്ഷൻ&ഫിനാൻഷ്യൽ അഡ്വൈസറായ Ernest & Young, Technical Advisor ആയ AECOM, Legal Advisor ആയ Hemant Sahai Associates എന്നിവരുടെ പ്രതിനിധികളും പങ്കെടുത്തു. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി, ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽവച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ്-ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(ബി) ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും Technical, Financial & legal മീറ്റിംഗുകളിലും ഒന്നുംതന്നെ മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ചീഫ് സെക്രട്ടറിയും പങ്കെടുത്തിരുന്നില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി, ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) കബോട്ടാഷ് നിയമത്തിൽ വിഴിഞ്ഞം തുറമുഖത്തിന് ഇളവ് ലഭിക്കുന്നത് തുറമുഖത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണെന്ന് അദാനി പോർട്ട്സ് അഭിപ്രായപ്പെട്ടു. അതുകൊണ്ടുതന്നെ കബോട്ടാഷ് നിയമത്തിലെ ഇളവ് കരാറിലെ (വ്യവസ്ഥയിലെ) "Conditions Precedent" ആക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന അംഗീകരിച്ചില്ല. വി.ജി.എഫ്. സംബന്ധിച്ച് യാതൊരു സംഗതികളും അദാനി പോർട്ട്സ് ഉന്നയിച്ചിരുന്നില്ല. എങ്കിലും വി.ജി.എഫ്. അനുമതിയുടെ തൽസ്ഥിതി വിവരം ബിഡ് ഘട്ടത്തിൽ അവർ പലപ്പോഴും ആവശ്യപ്പെട്ടിരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ**

128 (132) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവും ഒടുവിൽ വിജ്ഞാപനം ചെയ്തത് ഏത് തീയതിയിലായിരുന്നു ; പിന്നീട് ഏതെല്ലാം തീയതികളിൽ കാലാവധി നീട്ടിക്കൊടുത്തുകൊണ്ട് വിജ്ഞാപനം ചെയ്യുകയുണ്ടായി ;

(ബി) ടെണ്ടറിൽ പങ്കെടുത്തിരുന്ന ഓരോ കമ്പനിയും ഏത് തീയതികളിലാണ് രേഖകൾ വാങ്ങിയതും ടെണ്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു ; അതിൽ യോഗ്യത നേടിയവർ ആരൊക്കെയായിരുന്നു ;

(ഡി) ടെണ്ടർ വിളിച്ചതിനുശേഷം നിർമ്മാണ കരാറിന്റെ കരടിൽ ഏതെല്ലാം വിധത്തിലുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി ; വിശദമാക്കാമോ ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ എന്തെല്ലാമായിരുന്നു ;

(എഫ്) അഞ്ച് കമ്പനികൾ യോഗ്യത തെളിയിച്ചതിനുശേഷം നിർമ്മാണ കരാറിന്റെ കരടിൽ വരുത്തിയ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും എന്തെല്ലാമായിരുന്നു എന്നും ഏത് തീയതികളിലായിരുന്നെന്നും വ്യക്തമാക്കുമോ ?

## ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ഏറ്റവുമൊടുവിൽ പുറപ്പെടുവിച്ചത് 2013 ഡിസംബർ നാലിനായിരുന്നു. വളരെ സുതാര്യവും നിഷ്പക്ഷവുമായ രണ്ട് ഘട്ടങ്ങളിലുള്ള (Qualification Stage & Bid Stage) ടെണ്ടർ നടപടിക്രമങ്ങളാണ് ഇതിനായി സ്വീകരിച്ചത്. ക്വാളിഫിക്കേഷൻ സ്റ്റേജിൽ അപേക്ഷ സമർപ്പിക്കാനുള്ള തീയതി നാല് തവണയും ബിഡ് സ്റ്റേജിൽ പദ്ധതിക്ക് സാമ്പത്തിക ബിഡ് സമർപ്പിക്കാനുള്ള തീയതി പതിനാലു തവണയും നീട്ടിക്കൊടുത്തു. റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) 1-1-2014, 24-1-2014, 3-2-2014, 22-2-2014 എന്നീ തീയതികളിൽ യോഗ്യതാ അപേക്ഷ നൽകാനുള്ള തീയതി നീട്ടി. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഘട്ടത്തിൽ 4-6-2014, 1-7-2014, 11-8-2014, 3-9-2014, 23-9-2014, 18-10-2014, 4-11-2014, 26-11-2014, 24-12-2014, 8-1-2015, 24-1-2015, 20-2-2015, 23-3-2015, 8-4-2015 എന്നീ തീയതികളിൽ ബിഡ് സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുത്തു.

(ബി) കമ്പനികൾ രേഖകൾ വാങ്ങിയതിന്റെയും ടെണ്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കമ്പനികൾ | ആർ.എഫ്. ക്യൂ. സ്റ്റേജ് | | ആർ.എഫ്.പി സ്റ്റേജ് | |
|---|---|---|---|---|
| | ഡോക്യുമെന്റ് വാങ്ങിയ തീയതി | ഡോക്യുമെന്റ് സമർപ്പിച്ച തീയതി | ഡോക്യുമെന്റ് വാങ്ങിയ തീയതി | ഡോക്യുമെന്റ് സമർപ്പിച്ച തീയതി |

| | | | | |
|---|---|---|---|---|
| Adani ports | 13-12-2013 | 10-3-2015 | 7-5-2014 | 14-4-2015 |
| Essar ports | 21-2-2014 | 21-2-2014 | 28-4-2014 | സമർപ്പിച്ചിട്ടില്ല |
| SREI | 8-3-2014 | 8-3-2014 | 4-7-2014 | സമർപ്പിച്ചിട്ടില്ല |
| Gammon | 21-2-2014 | 21-2-2014 | വാങ്ങിയില്ല | വാങ്ങിയില്ല |
| Consortium of Concast Infratech Ltd. & Hyundai Engineering & Construction Co. Ltd. | 25-2-2014 | 25-2-2014 | വാങ്ങിയില്ല | വാങ്ങിയില്ല |

(സി) താഴെ പറയുന്ന അഞ്ച് കമ്പനികൾ ടെണ്ടറിന്റെ ആദ്യഘട്ടമായ ക്വാളിഫിക്കേഷൻ സ്റ്റേജിൽ പങ്കെടുത്തു.

- Adani Ports & Special Economic Zone Ltd.
- SREI - OHL Consortium
- Essar Ports Ltd
- Consortium of Concast Infratech Ltd & Hyundai Engineering & Construction Co. Ltd.
- Gammon Infrastructure Projects Limited

പ്രസ്തുത അഞ്ച് കമ്പനികളും രണ്ടാം ഘട്ടത്തിലേക്ക് (ബിഡ് സ്റ്റേജ്) യോഗ്യത നേടി.

(ഡി-എഫ്) ടെണ്ടർ വിളിച്ചതിനു ശേഷം എല്ലാ മുൻ ടെണ്ടറുകളിലെയും പോലെ റിക്വസ്റ്റ് ഫോർ പ്രൊപ്പോസിലെ നിബന്ധനകൾക്കനുസൃതമായി ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഈ മാറ്റങ്ങൾ അഞ്ച്

കമ്പനികൾ യോഗ്യത തെളിയിച്ചതിന് ശേഷം അവർക്ക് നൽകിയ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റിലാണ് വരുത്തിയത്. ഇതിന് ഉന്നതാധികാര സമിതിയെ സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. ബിഡ്ഡേഴ്സിന്റെ അഭിപ്രായങ്ങൾ പ്രകാരവും കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും മാറ്റങ്ങൾ വരുത്തുവാനാണ് അധികാരപ്പെടുത്തിയത്. കൂടാതെ ആസൂത്രണ കമ്മീഷൻ നിർദ്ദേശിക്കുന്ന "Drafting Changes" പദ്ധതിയുടെ നിയമോപദേശകരുമായി കൂടിയാലോചിച്ച് Draft Concession Agreement-ൽ ഉൾക്കൊള്ളിക്കാനും അധികാരപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിച്ചതിനു ശേഷം കരടിൽ താഴെ പറയുന്ന Addendums മുഖേന താഴെ പറയുന്ന തീയതികളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടുകൂടി വരുത്തിയിട്ടുള്ള ഈ ഭേദഗതികൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. എല്ലാ ഭേദഗതികളോടുകൂടിയുള്ള Final Draft Concession Agreement, Request for Proposal വാങ്ങിയിട്ടുള്ള ബിഡ്ഡേർസിനും ബിഡ് തീയതിക്കുമുമ്പുതന്നെ അയച്ചുകൊടുത്തിട്ടുണ്ട്.

| | | |
|---|---|---|
| Addendum 1 to DCA | - | 6-7-2014 |
| Addendum 2 to DCA | - | 14-8-2014 |
| Addendum 3 to DCA | - | 17-9-2014 |
| Addendum 4 to DCA | - | 17-10-2014 |
| Addendum 5 to DCA | - | 1-1-2015 |
| Addendum 6 to DCA | - | 1-1-2015 |
| Addendum 7 to DCA | - | 10-1-2015 |
| Addendum 8 to DCA | - | 23-3-2015 |
| Addendum 9 to DCA | - | 8-4-2015 |

കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ അനുബന്ധം ഒന്നായും നിർമ്മാണ കരാറിന്റെ കരടിൽ വരുത്തിയ ഭേദഗതികളുടെയും ക്രോഡീകരിച്ച വിവരണം അനുബന്ധം രണ്ടായും (സോഫ്റ്റ് കോപ്പി) വച്ചിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ**

129 (133) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവോ ; എങ്കിൽ എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചത് ;

(ബി) ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതൊക്കെയാണ് ; അതിൽ ഏത് കമ്പനിയുടെ പേരിലാണ് ടെണ്ടർ ഉറപ്പിച്ചത് ;

(സി) ഈ പ്രവൃത്തിക്കായി സംസ്ഥാന ഗവൺമെന്റ് മുതൽ മുടക്കേണ്ടതുണ്ടോ ; എങ്കിൽ എത്ര കോടി രൂപ ; ടെണ്ടർ എടുത്ത കമ്പനി എത്ര കോടി രൂപ മുതൽ മുടക്കും ;

(ഡി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമി സംസ്ഥാന ഗവൺമെന്റ് വിട്ടുനൽകണം ; അതിന് ഇന്നത്തെ മാർക്കറ്റ് വില എത്ര കോടി രൂപയാണ് ;

(ഇ) തുറമുഖ പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും ; പദ്ധതിയുടെ ലാഭവിഹിതം എന്നുമുതൽ സംസ്ഥാനത്തിന് കിട്ടിത്തുടങ്ങും ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

## ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയുടെ പ്രൈസ് ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായ 2015 ഏപ്രിൽ മാസം 24-ന് അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് മാത്രമാണ് പ്രൈസ് ബിഡ് സമർപ്പിച്ചത്. തുടർന്ന് ചേർന്ന എംപവേർഡ് കമ്മിറ്റിയും ബോർഡ് യോഗവും അദാനി പോർട്ടസ് സമർപ്പിച്ച പ്രൈസ് ബിഡ് അംഗീകരിക്കുയുമുണ്ടായി. പ്രസ്തുത ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മേയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിന് വിഴിഞ്ഞം തുറമഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി. അന്തിമാനുമതി സർവ്വകക്ഷി യോഗത്തിനുശേഷം പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ഉണ്ടായി. ബിഡ് സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ബി) താഴെ പറയുന്ന അഞ്ചു കമ്പനികൾ യോഗ്യത നേടുകയുണ്ടായി:

- Gammon Infrastructure Projects Limited.

- Consortium of Concast Infratech Ltd & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI - OHL Consortium.
- Adani Ports & Special Economic Zone Ltd.

ഇവരിൽ നിന്നും താഴെ പറയുന്ന മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP-യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങുകയുണ്ടായി.

- Essar Ports Ltd.
- SREI - OHL Consortium.
- Adani Ports & Special Economic Zone Ltd.

രണ്ടാം ഘട്ട നടപടികൾ പൂർത്തീകരിച്ചശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് അദാനി പോർട്ട് മാത്രമാണ് ബിഡ് സമർപ്പിച്ചത്. എംപവേഡ് കമ്മിറ്റിയും ബോർഡ് യോഗവും അദാനി പോർട്ടസ് സമർപ്പിച്ച പ്രൈസ് ബിഡ് അംഗീകരിച്ചു. ഈ ബിഡ് അംഗീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് നൽകുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശകൾ മെയ് 20-ാം തീയതി സംസ്ഥാന മന്ത്രിസഭായോഗം പരിഗണിക്കുകയും അതിനെപ്പറ്റിയുള്ള അന്തിമ തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം കൈക്കൊള്ളാമെന്നും തീരുമാനിച്ചു. സർവ്വകക്ഷി യോഗം ജൂൺ 3-ന് നടന്നു. ടെണ്ടർ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടില്ല.

(സി) സ്വകാര്യ പങ്കാളി ചെലവഴിക്കേണ്ട ആകെ പദ്ധതി തുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റാണ് ആവശ്യപ്പെട്ടത് (1635 കോടി രൂപ). ഇതിൽ ആദ്യത്തെ 20%(818 കോടി രൂപ) കേന്ദ്ര സർക്കാരും അതിനുശേഷമുള്ള 19.985% (817 കോടി രൂപ) സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്. പദ്ധതിക്ക് സർക്കാർ ചെലവാക്കേണ്ട ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. ഈ പ്രവർത്തികൾക്കായി മൊത്തത്തിൽ 2280 കോടി രൂപയാണ് സംസ്ഥാന സർക്കാർ മുടക്കുന്നത്.

(ഡി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ പദ്ധതി ആവശ്യത്തിനായി 229.10

ഏക്കർ ഭൂമി നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാളിതുവരെ 206.87 ഏക്കർ ഭൂമി സർക്കാർ ഭൂ ഉടമകളുമായി ഉഭയസമ്മതപ്രകാരം അംഗീകരിച്ച (2010-2013) കമ്പോള വിലയനുസരിച്ച് 524.41 കോടി രൂപ മുതൽമുടക്കി വിലയ്ക്ക് വാങ്ങിയിട്ടുണ്ട്.

(ഇ) വിഴിഞ്ഞം പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഈ വർഷം അവസാനംതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും. കരട് കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖ നടത്തിപ്പിന്റെ 15-ാം വാർഷികം പൂർത്തിയാകുന്നതുമുതൽ ഓരോ കൊല്ലവും തുറമുഖ നടത്തിപ്പിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ 1%, 2%, 3% എന്നീ ക്രമത്തിൽ (ഓരോ വർഷവും 1% വീതം കൂടുന്ന രീതിയിൽ) 40% വരെ റവന്യൂ വിഹിതം സർക്കാരിന് ലഭിക്കാൻ വ്യവസ്ഥയുണ്ട്. സംസ്ഥാന സർക്കാർ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് നൽകുന്ന ആകെ ഭൂമിയുടെ 30% വിസ്തൃതിയിലുള്ള ഭൂമിയിൽ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റ് പങ്കാളിക്ക് സ്വന്തം മുതൽമുടക്കിൽ നടത്തുന്നതിനുള്ള ലൈസൻസും ഉണ്ടായിരിക്കും. ഇതിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ 7-ാം വാർഷികം പൂർത്തിയാകുന്നതു മുതൽ സർക്കാരിന് ലഭ്യമാകുന്ന വ്യവസ്ഥ Draft Concession Agreement ലുണ്ട്.

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

130 (134) ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുള്ള ടെണ്ടറിൽ പങ്കെടുത്ത് ആർ.എഫ്.പി. വാങ്ങിയ കമ്പനികൾ ഏതൊക്കെയായിരുന്നു ; യോഗ്യത നേടിയിട്ടും ആർ. എഫ്.പി. വാങ്ങാത്ത കമ്പനികൾ ഏതെല്ലാം ;

(ബി) കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന് അനുമതി ലഭിച്ചത് ഏത് തീയതിയിലായിരുന്നു ;

(സി) പ്രസ്തുത അനുമതി ലഭിച്ചതിനുശേഷം ഏതെല്ലാം കമ്പനികളുമായി മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും മുൻ ചീഫ് സെക്രട്ടറിയും ഉൾപ്പെടെയുള്ളവർ പദ്ധതി കാര്യം നേരിട്ട് സംസാരിക്കുകയുണ്ടായി. പ്രസ്തുത ചർച്ചയിലെ ധാരണകൾ വിശദമാക്കാമോ ;

(ഡി) ഏറ്റവും ഒടുവിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി ഏത് തീയതിയിലായിരുന്നു ; ഏതെല്ലാം കമ്പനികൾ ഫിനാൻഷ്യൽ ക്വാട്ടിൽ പങ്കെടുത്തു ;

(ഇ) ടെണ്ടറിൽ മത്സരം ഉണ്ടാകുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ വി.ജി.എഫ്. നൽകും എന്ന് തീരുമാനിച്ചതിനുശേഷം നടത്തിയ ശ്രമങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുള്ള ടെണ്ടറിൽ പങ്കെടുത്ത് ആർ.എഫ്.പി. വാങ്ങിയ മൂന്ന് കമ്പനികൾ ചുവടെ പറയുന്നവയാണ്:

- Adani Ports & Special Economic Zone Ltd.
- SREI-OHL Consortium
- Essar Ports Ltd.

Consortium of Concast Infratech Ltd & Hyundai Engineering & Construction Co. Ltd., Gammon Infrastructure Projects Limited എന്നീ രണ്ടു കമ്പനികൾ യോഗ്യത നേടിയിട്ടും ആർ. എഫ്. പി. വാങ്ങിയിട്ടില്ല.

(ബി) വിഴിഞ്ഞം പദ്ധതിയ്ക്കുവേണ്ടി 2015 ഫെബ്രുവരി 3-ാം തീയതി കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിന് അനുമതി ലഭിച്ചു.

(സി) ആർ.എഫ്.പി. വാങ്ങിയ കമ്പനി പ്രതിനിധികളുമായി ടെണ്ടർ പ്രക്രിയയുടെ ഭാഗമായി നടന്ന പ്രീ ബിഡ് ചർച്ചകളിൽ ഒന്നുംതന്നെ മുഖ്യമന്ത്രിയോ തുറമുഖ വകുപ്പുമന്ത്രിയോ മുൻ ചീഫ് സെക്രട്ടറിയോ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Limited-ന്റെ ചെയർമാനുമായി, അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെയും തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൾ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3-ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. മറ്റു കമ്പനികളുടെ പ്രതിനിധികളുമായി മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചിട്ടുണ്ട്.

(ഡി) ഏറ്റവും ഒടുവിൽ ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2015 ഏപ്രിൽ മാസം 24 ആയിരുന്നു. ഇതനുസരിച്ച് M/s Adani Ports & Special

Economic Zone Limited മാത്രമാണ് ഫിനാൻഷ്യൽ ക്വാട്ടിൽ പങ്കെടുത്തത്.

(ഇ) കേന്ദ്രസർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും മോഡൽ കൺസഷൻ എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പോഴത്തെ ആഗോള ടെണ്ടർ 2013 ഡിസംബർ മാസം 4-ാം തീയതി വിളിച്ചിട്ടുള്ളത്. 2015 ഫെബ്രുവരി 3-ാം തീയതിയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചത്. ഇതിനു ശേഷം ടെണ്ടറിന്റെ ഒരു പ്രീ ബിഡ് മീറ്റിംഗ് 2015 മാർച്ച് 9-ാം തീയതി മുംബൈയിൽ വച്ച് നടന്നു.

**വിഴിഞ്ഞം മദർ പോർട്ട് നിർമ്മാണം**

131 (135) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള:

ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മദർ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കു ശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5 MW വൈദ്യുതി

വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220 KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിക്കുന്നതിനു വേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ച് കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി.

**വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

132 (136) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഈ സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ കമ്പനികളാണ് ഇത് സംബന്ധിച്ച് താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുള്ളത്എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കമ്പനികളുമായി സർക്കാരിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിരുന്നോയെന്ന വെളിപ്പെടുത്തുമോ ;

(ഇ) എങ്കിൽ ആരുമായി എന്ന്, എവിടെവച്ച് ചർച്ച നടത്തിയെന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിലുള്ള സാഹചര്യത്തിൽ തുറമുഖത്തിന്റെ നിർമ്മാണ ചുമതല ഏത് കമ്പനിക്ക് നൽകിയാലും സര്ക്കാരിനുഗണ്യമായ തുക ചെലവഴിക്കേണ്ടിവരും എന്ന വസ്തുത

കണക്കിലെടുത്ത് സർക്കാർ നേരിട്ട് തുറമുഖ നിർമ്മാണ പ്രവർത്തനം നടത്താൻ നയപരമായ തീരുമാനം കൈക്കൊള്ളാൻ തയ്യാറാകുമോ?

ഉത്തരം

(എ & ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു: വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5 MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220 KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2013 ഡിസംബർ 4-ാം തീയതി ആഗോള ടെണ്ടർ വിളിക്കുകയും ചെയ്തു. ഇതിനുവേണ്ടി രണ്ട് അന്താരാഷ്ട്ര മാധ്യമങ്ങളിലും (The Economist, Financial Times) നാല് ദേശീയ മാധ്യമങ്ങളിലും (Economic times, Business Line, Financial Express, Business Standard) രണ്ട് പ്രാദേശിക/ദേശീയ മാധ്യമങ്ങളിലും (Mathrubhoomi and Malayala Manorama) പരസ്യം ചെയ്തു. കൂടാതെ Embassy-കളെയും ബിഡ് നൽകാൻ സാധ്യതയുള്ള കമ്പനികളെയും പങ്കെടുപ്പിച്ചു കൊണ്ട് 2014 ജനുവരി മാസം 16-ാം തീയതി ഒരു റോഡ്ഷോ നടത്തുകയും ചെയ്തു. ടെണ്ടറിന്റെ ഭാഗമായി രണ്ട് Pre-Application Conference കളും നാല് Pre-Bid Meeting-ഉം രണ്ട് Technical/Financial Meeting-ഉം നടത്തി. ടെണ്ടർ നടപടികൾ ആദ്യഘട്ടം പൂർത്തീകരിക്കുകയും അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ചെയ്തു. അതിൽ മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP-യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങുകയുമുണ്ടായി. എന്നാൽ രണ്ടാംഘട്ട നടപടികൾ പൂർത്തീകരിച്ചശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് Adani Ports & Special Economic Zone Ltd മാത്രമാണ് ബിഡ് സമർപ്പിച്ചത്. പ്രസ്തുത ബിഡ് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ടെണ്ടർ നടപടികൾ ആദ്യഘട്ടം പൂർത്തീകരിക്കുകയും താഴെപ്പറയുന്ന അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ചെയ്തു.

- Gammon Infrastructure Projects Limited.
- Consortium of Concast Infratech Ltd. & Hyundai Engineering & Construction Co. Ltd.
- Essar Ports Ltd.
- SREI-OHL Consortium.
- Adani Ports & Special Economic Zone Ltd.

അതിൽ താഴെപ്പറയുന്ന മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP-യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങുകയുണ്ടായി.

- Essar Ports Ltd.
- SREI-OHL Consortium.
- Adani Ports & Special Economic Zone Ltd.

എന്നാൽ, രണ്ടാം ഘട്ട നടപടികൾ പൂർത്തീകരിച്ചശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് Adani Ports & Special Economic Zone Ltd. മാത്രമാണ് ബിഡ് സമർപ്പിച്ചത്. പ്രസ്തുത ബിഡ് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി & ഇ) ടെണ്ടറിന്റെ ആദ്യഘട്ട റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) നടപടി ക്രമങ്ങളുടെ ഭാഗമായി ചുവടെ പറയുന്ന രണ്ട് പ്രീ-ആപ്ലിക്കേഷൻ കോൺഫറൻസുകൾ സർക്കാർ പ്രതിനിധികൾ നടത്തിയിട്ടുണ്ട്.

| പ്രീ-ആപ്ലിക്കേഷൻ കോൺഫറൻസ് | തീയതി | സ്ഥലം | പങ്കെടുത്ത സ്ഥലങ്ങൾ |
|---|---|---|---|
| I | 22nd January, 2014 | തിരുവനന്തപുരം | Gammon India Ltd., Hyundai Engineering & Construction Co. Ltd., S.K Engineering & Construction, OHL |
| II | 14th February, 2014 | തിരുവനന്തപുരം | DP World, S.K Engineering & |

ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽ നിന്നും രണ്ടാംഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി ചുവടെ പറയുന്ന നാല് പ്രീ-ബിഡ് മീറ്റിംഗുകൾ നടന്നു.

| പ്രീ-ബിഡ് മീറ്റിംഗ് | തീയതി | സ്ഥലം | പങ്കെടുത്ത കമ്പനികൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| I | 21st May, 2014 | ഡൽഹി | Essar Ports Ltd., SREI-OHL Consortium, Adani Ports & Special Economic Zone Ltd. |
| II | 14th July, 2014 | മുംബൈ | SREI-OHL Consortium, Adani Ports & Special Economic Zone Ltd. |
| (1) | (2) | (3) | (4) |
| III | 17th November, 2014 | മുംബൈ | Adani Ports & Special Economic Zone Ltd. |
| IV | 9th March, 2015 | മുംബൈ | SREI-OHL Consortium, Adani Ports & Special Economic Zone Ltd. |

പ്രീ-ബിഡ് മീറ്റിംഗിൽ സർക്കാരിനുവേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയ്ക്കുവേണ്ടി മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ്, എന്നിവരും പദ്ധതിയുടെ ട്രാൻസാക്ഷൻ&ഫിനാൻഷ്യൽ അഡ്വൈസറായ Ernest & Young, Technical Advisor ആയ AECOM, Legal Advisor ആയ Hemant Sahai Associates എന്നിവരുടെ പ്രതിനിധികളും പങ്കെടുത്തു. 2015 മാർച്ച് 3-ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച്

യാതൊരു ചർച്ചയും നടന്നിട്ടില്ല. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മിഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിക്കുമുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താൽപര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം.

(എഫ്) ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പഠനം നട<u>ത്തു</u>കയും 2010 സെപ്റ്റംബറിൽ സ്ട്രാറ്റജിക് ഓപ്ഷൻസ് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് കടുത്തമത്സരം നേരിടുന്ന ഒരു മേഖലയിലാണ്. പുതുതായി ഒരു ഗ്രീൻഫീൽഡ് തുറമുഖം പൂർണ്ണമായും പൊതുമേഖലയിൽ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നത് ആശാസ്യമല്ല. ഗ്രീൻഫീൽഡ് പോർട്ടിന്റെ പ്രാഥമിക ഘട്ട മുതൽമുടക്ക് കൂടുതലായതിനാലും, ചരക്ക് കൈകാര്യം ചെയ്യുന്നത് കുറവായിരുന്നതിനാലും ഈ തുറമുഖം സ്വാകാര്യമേഖലയിൽ നിർമ്മിക്കുന്നതും ലാഭകരമല്ല. എന്നാൽ ട്രാൻസ്ഷിപ്പ്മെന്റ് ബിസിനസ് വിജയകരമായി നട<u>ത്തു</u>ന്നതിന് പ്രാഥമിക ഘട്ടം മുതൽക്കുതന്നെ പരിചയസമ്പന്നതയുള്ള ഒരു ഓപ്പറേറ്റർ കൂടിയേ തീരൂ. ഇക്കാരണത്താൽ പദ്ധതി ചെലവിന്റെ ഒരു ഭാഗം പൊതുമേഖലയിലും ശേഷിക്കുന്ന ഭാഗം സ്വകാര്യ മേഖലയിലും ചേർന്ന് Public Private Partnership (PPP) ഘടകമുൾപ്പെടുന്ന ലാന്റ് ലോർഡ് മോഡലിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ ശിപാർശ ചെയ്യുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാർ നടപ്പിലാക്കാൻ സ്വീകരിച്ച മാതൃകയായ പി.പി.പി. ഘടകങ്ങളുള്ള മോഡിഫൈഡ് ലാന്റ് ലോർഡ് മോഡൽ, ഇപ്പോൾ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ്പോടുകൂടി നടപ്പിലാക്കാനാണ് ഈ സർക്കാർ തീരുമാനിച്ചത്.

**പൊന്നാനി കാർഗോ പോർട്ട്**

133 (137) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പൊന്നാനി കാർഗോ പോർട്ടിന്റെ നിർമ്മാണം തുടങ്ങുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്ന് തുടങ്ങുമെന്ന് വിശദമാക്കാമോ ;

(ഡി) കാർഗോ പോർട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നിർമ്മാണ പ്രവർത്തികൾ വൈകാതെ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പൊന്നാനി പോർട്ട് കാർഗോ പോർട്ടായി വികസിപ്പിക്കുന്നതിന് മെസ്സേഴ്സ് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൺസഷൻ എഗ്രിമെന്റും ലീസ് എഗ്രിമെന്റും ഒപ്പുവച്ചുകഴിഞ്ഞു. പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസും നേടിയെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കാമെന്നാണ് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുള്ളത്.

**കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതി, പദ്ധതിയേതര പ്രവൃത്തികൾ**

134 (138) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതി, പദ്ധതിയേതര പ്രവൃത്തികളാണ് ഭരണാനുമതി നൽകി നടപ്പിലാക്കുന്നത് ;

(ബി) ഓരോ പദ്ധതിക്കും ഭരണാനുമതി ലഭിച്ച തുക എത്ര ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മത്സ്യഗ്രാമത്തിൽ കുടിവെള്ള വിതരണം, വ്യക്തിഗത ടോയ്‌ലറ്റ് (144 എണ്ണം), വൈദ്യുതീകരണം, ഹൈമാസ്റ്റ്‌ലൈറ്റ് സ്ഥാപിക്കൽ.

2. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതി യിലുൾപ്പെടുത്തി കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം.

3. തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം.

4. സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി പയ്യോളി കുടിവെള്ള പദ്ധതി, ചേമഞ്ചേരി കുടിവെള്ള പദ്ധതി എന്നിവ.

5. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം.

6. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾ പ്പെടുത്തി പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം, പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം, പയ്യോളി-ഇരിങ്ങൾ റോഡ് നിർമ്മാണം, ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ലക്ഷം രൂപ) | പദ്ധതി പുരോഗതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കുടിവെള്ള വിതരണം | 120.00 | 60% പൂർത്തീകരിച്ചു. |
| 2 | വ്യക്തിഗത ടോയ്‌ലറ്റ് (144 എണ്ണം) | 28.80 | പദ്ധതി പുരോഗമിക്കുന്നു. |
| (1) | (2) | (3) | (4) |
| 3 | വൈദ്യുതീകരണം | 24.26 | പദ്ധതി പൂർത്തീകരിച്ചു. |
| 4 | ഹൈമാസ്റ്റ്ലൈറ്റ് (4 എണ്ണം) | 24.00 | പദ്ധതി പുരോഗമിക്കുന്നു. |
| 5 | കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം | 135.00 | പദ്ധതി പുരോഗമിക്കുന്നു. |
| 6 | കൊയിലാണ്ടി പ്രൈമറി | 20.52 | പദ്ധതി |

| | | | |
|---|---|---|---|
| | ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം | | ആരംഭഘട്ടത്തിലാണ്. |
| 7 | പയ്യോളി കുടിവെള്ള പദ്ധതി | 86.00 | 50% പൂർത്തീകരിച്ചു. |
| 8 | ചേമഞ്ചേരി കുടിവെള്ള പദ്ധതി | 37.00 | 80% പൂർത്തീകരിച്ചു. |
| 9 | പയ്യോളി മത്സ്യമാർക്കറ്റ് | 115.63 | 85%പൂർത്തീകരിച്ചു. |
| 10 | പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി.ബ്ലോക്ക് നിർമ്മാണം | 123.00 | ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| 11 | പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം | 17.00 | പദ്ധതി പൂർത്തീകരിച്ചു. |
| 12 | പയ്യോളി-ഇരിങ്ങൽ റോഡ് നിർമ്മാണം | 500.00 | 70% പൂർത്തീകരിച്ചു. |
| 13 | ഹൈമാസ്റ്റ്ലൈറ്റ് ഇരിങ്ങൽ (3 എണ്ണം) | 21.00 | പദ്ധതി പുരോഗമിക്കുന്നു. |

**പുതിയങ്ങാടി ഫിഷിംഗ് ഹാർബർ**

135(139) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS ഇതുവരെ എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയുമോ ;

(ബി) ഇതുവരെയായി എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചുവെന്നും പഠനം പൂർത്തിയാക്കി പദ്ധതിയുടെ രൂപരേഖ എപ്പോഴേക്ക് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട്

കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS പൂനെ പഠനം നടത്തിവരികയാണ്. ഇതിനായി Tidal details, Current data, Salinity, Suspended Sediments തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ച് വരികയാണ്.

(ബി) പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ നടത്തുന്നതിനായി ഇതുവരെ 36,59,804 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 2,32,194 രൂപ, മാതൃകാപഠനം 34,27,610 രൂപ CWPRS-ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. ടി പഠനം അക്രഡിറ്റഡ് ഏജൻസി മുഖേന മാത്രമേ നടത്തുവാൻ കഴിയൂ എന്ന നിബന്ധനയുള്ളതിനാൽ ദർഘാസ് നടപടികൾ പൂർത്തീകരിച്ചുമാത്രമേ ടി പഠനം നടത്തുന്നതിന് സാധിക്കുകയുള്ളൂ. ടി പരിസ്ഥിതി പഠന റിപ്പോർട്ടും CESS-ൽ നിന്നുള്ള CRZ സ്റ്റാറ്റസ് റിപ്പോർട്ടും പരിസ്ഥിതി മലിനീകരണ-നിയന്ത്രണ ബോർഡിന്റെ അനുമതിയും ലഭ്യമാക്കി ടി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിനുശേഷമേ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

## വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

136 (140) കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ, സംസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നടപ്പാക്കുന്നതിന് മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാം ; ആയത് അടങ്ങിയ രേകഖൾ ലഭ്യമാക്കാമോ ;

(ബി) വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭിക്കുന്നതിന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലുണ്ടായിരുന്ന തടസ്സങ്ങൾ എന്തെല്ലാം ; ഇത് മാറ്റി കിട്ടുന്നതിന് അദാനി പോർട്ട്സും സംസ്ഥാന സർക്കാരും സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിന് പ്രസിദ്ധീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളുടേയും രേഖ അനുബന്ധമായി

ചേർക്കുന്നു.*

(ബി) കേന്ദ്ര സർക്കാർ 200 കോടിയിൽ കൂടുതൽ തുകയുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുവദിക്കുന്നത് മൂന്ന് ഘട്ടങ്ങളിലൂടെയാണ്. ഇവ Department of Economic Affairs (DEA)-ലെ അഡീഷണൽ സെക്രട്ടറി ചെയർമാനായ എംപവേർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിപാർശ, അതിന്റെ അടിസ്ഥാനത്തിൽ DEA സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റിയുടെ ശിപാർശ, അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി എടുക്കുന്ന തീരുമാനം എന്നിവയാണ്. മുകളിൽ പറഞ്ഞ രണ്ട് കമ്മിറ്റികളും വി.ജി.എഫ്. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന വിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വി.ജി.എഫ്. നിർദ്ദേശത്തിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും സംസ്ഥാന സർക്കാർ അവയിൽ ചിലത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയെ തടസ്സമായി കാണാനാവില്ല. കമ്മിറ്റികൾ നിർദ്ദേശിച്ച മറ്റു ചില മാറ്റങ്ങൾ സംസ്ഥാന സർക്കാർ കമ്മിറ്റികളുമായി നടത്തിയ ചർച്ചകളുടെ ഫലമായി പിന്നീട് വേണ്ടെന്നുവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വി.ജി.എഫ്. അനുമതി പ്രക്രിയയിൽ ബിഡ്ഡേഴ്സ് ഭാഗഭാക്കല്ല. ആയതിനാൽ, അദാനി പോർട്ട്സ് ഉൾപ്പെടെ ഒരു ബിഡ്ഡറിനും വി.ജി.എഫ്. ലഭിക്കുന്നതിനായി ഒരു നടപടിയും സ്വീകരിക്കുക സാധ്യമല്ല. വി.ജി.എഫ്. അനുമതി വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കി നൽകിയിട്ടുള്ള കരട് കരാറിലെ എല്ലാ വ്യവസ്ഥകളും ബിഡ്ഡേഴ്സ് അതേപടി പാലിക്കുവാൻ ബാധ്യസ്ഥരാണ്.

## മത്സ്യത്തൊഴിലാളിക്ഷേമത്തിനും കടാശ്വാസത്തിനും മിഷൻ 676 പദ്ധതികൾ

137 (141) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ബെന്നി ബെഹനാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളിക്ഷേമത്തിനും കടാശ്വാസത്തിനും പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കടാശ്വാസവുമായി ബന്ധപ്പെട്ട പദ്ധതികൾ മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി)

1. മത്സ്യത്തൊഴിലാളികൾക്കുള്ള ആം ആദ്മി ബീമാ യോജനാ പദ്ധതി.
2. പ്രസവാനന്തര ചെലവിനായി അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകുന്ന ധനസഹായം മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും കൂടി ലഭ്യമാക്കുന്ന പദ്ധതി.
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന വിവിധ ധന സഹായങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുക.
4. മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണം.
5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലനം.
6. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം.
7. സബ്സിഡി നിരക്കിൽ ഡീസൽ എഞ്ചിൻ വിതരണം.

(സി) മത്സ്യത്തൊഴിലാളി ക്ഷേമ മേഖലയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളുമായി കൂടിയാലോചിച്ചാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) 1. മത്സ്യത്തൊഴിലാളികൾക്കുള്ള ആം ആദ്മി ബീമാ യോജനാ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ഇതിന്റെ പോളിസി കാലാവധി 11-4-2015 മുതൽ 10-4-2016 വരെയാണ്.

2. തൊഴിൽവകുപ്പ് നടപ്പിലാക്കുന്ന പ്രസവ ശുശ്രൂഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ മത്സ്യ അനുബന്ധ മേഖലയിലും നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ധനസഹായ പദ്ധതികളുടെ നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

4. 13-ാം ധനകാര്യ കമ്മീഷന് ഗ്രാന്റ് മുഖേന സംസ്ഥാനത്തെ 68 മത്സ്യത്തൊഴിലാളി കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ വീടുകൾ നിർമ്മിക്കുന്നതിന് 562 പേർക്കും, നിലവിലെ വീടുകളുടെ അറ്റകുറ്റ പണിക്കായി 904 പേർക്കും ധനസഹായം നൽകി വരുന്നു.
കോളനികളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്ത നങ്ങൾ കേരള സംസ്ഥാന തീരദേശവികസന കോർപ്പ റേഷൻവഴി ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

5. മത്സ്യത്തൊഴിലാളി കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് നൽകുന്നതിനായുള്ള വിദ്യാതീരം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായുള്ള ഫണ്ട് 2405-00-800-92-12 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.

6. മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ എഞ്ചിനുകളുടെ എണ്ണത്തിന് അനുസൃതമായി 2 ബങ്കുകൾ വീതവും മറ്റ് ആറ് തീരദേശജില്ലകളിലായി ഓരോ ബങ്കും സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും ഉടമസ്ഥതയിലുള്ള നിർദ്ദിഷ്ട സ്ഥലങ്ങൾ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് മത്സ്യഫെഡിന് അനുമതി നൽകിയിട്ടുണ്ട്. 6 ബങ്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

7. 100 ഡീസൽ എഞ്ചിനുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവരെ 12 ഡീസൽ എഞ്ചിനുകൾ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ടി പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിംഗ് നടത്തിവരുന്നു.

**അരൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

138 (142) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അരൂർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അരൂർ നിയോജകമണ്ഡലത്തിൽ 37 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Sl. No. | Name of work | A.S. amount in lakhs |
|---|---|---|
| (1) | (2) | (3) |
| 1 | Convent road ward 20 Aroor Panchayath | 83.50 |
| 2 | Valayil-Pozhichal road in ward No. 3 in Thuravoor Grama Panchayath | 36.00 |
| 3 | Mathurakulam-Mangalassery road in Arukutty Grama Panchayath | 33.60 |
| 4 | Thayyilthodu-Railway cross road in Kodamthuruthu Grama Panchayath | 17.50 |
| 5 | Kurissadi- Kayalroad in Chennampallippuram Grama Panchayath | 26.50 |
| 6 | Kunnathukadavu-Maveli road - Chennam – Pallippural Panchayath | 39.00 |

| | | |
|---|---|---|
| 7 | Thirunelloor High School-Kayal road – Chennam - Pallippuram Panchayath | 16.50 |
| 8 | Kee Kannat-Kochery road (Thykattusseri Panchayath) | 20.00 |
| (1) | (2) | (3) |
| 9 | Poochakkal Jetty-Sreekandaswaram Vembanad Kayal Theeram road in Panavally Grama Panchayath | 48.50 |
| 10 | Perumbalamkavala-Jetty road in Panavally Panchayath | 8.50 |
| 11 | Road from Poochakkal Pazhayapalam to Karithara jetty road in Panavally Grama Panchayath | 27.00 |
| 12 | SNDP-Kurisupalli -Kalathikadavu Road | 18.00 |
| 13 | NH Ottarakkal colony road (Ezhupunna Panchayath) | 40.00 |
| 14 | Konkery-Koovakkadu road | 36.50 |
| 15 | Kaithari Jn. - Chaprakkadavu (Panavally Panchayath) | 61.00 |
| 16 | Kollam Koombu road (panavally panchayath) | 20.25 |
| 17 | Milma Kaithari Sangam road (Kodamthuruthu Panchayath ward-13) | 28.00 |
| 18 | Devi Kshethram-Thyparampu-Mukkumpuram Road | 50.00 |
| 19 | Chammanadu Padinjaru K.P. Vijayakumar Road to Ezhupunna Railway station Road in Kodamthuruthu Panchayath | 52.00 |
| 20 | Polekkadavu-Harijan Colony Road in Chennalappallippuram Panchayath | 43.00 |

| | | |
|---|---|---|
| 21 | Kodamkunnu VVHS Vanchippuraykkal Road | 16.50 |
| 22 | Ponpuram-Nalukulangara road (Alappuzha) | 21.00 |
| 23 | Kodamthuruth Panchayath ward No. 11 PS Kadathukadavu Veliyil Muttathil road | 14.00 |
| 24 | Muthukel Valayil road-Thuravoor Panchayath | 37.50 |
| (1) | (2) | (3) |
| 25 | Sribhuthinilam road-Thuravoor Panchayath ward No. 12 | 59.00 |
| 26 | Hidayath-Udayannadu road in Aroorkutty Panchayath (Arthungal) | 23.50 |
| 27 | Panayanthikundakkadavu road in ward No.12 of Aroorkutty panchayath | 13.50 |
| 28 | Thaissery -Karalappathi road in ward No. 16 Panavally panchayath | 25.00 |
| 29 | Kannadi-Poochackal road (thaikkattussery Grama Panchayath) | 14.00 |
| 30 | Purathuveli-cheroppaly road (Kayaltheeram) (Thuravoor Panchayath) | 25.00 |
| 31 | Kamoth-panayanthi road (Kunde kadavu) (Aroorkutty panchayath) | 86.00 |
| 32 | Market PS Fery road | 32.00 |
| 33 | Vathikkadu Kalathodu in perumbalam panchayath | 32.00 |
| 34 | Mangodathu colony Pally road | 44.00 |

| | | |
|---|---|---|
| 35 | NREP Vattakkeral road | 36.50 |
| 36 | Kandathiparamp Kumbelkadave road | 18.00 |
| 37 | NABARD-RIDF XIX-construction of Perumbalam fish landing center | 91.00 |

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

139(143) ശ്രീ. എ. പ്രദീപ്കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഓരോ പ്രവൃത്തികളുടെയും വിശദാംശവും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വികസിപ്പിക്കാൻ നടപടി**

140 (144) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ ആരംഭവും വികസന പരിണാമ ഘട്ടങ്ങളും വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തുറമുഖത്തിന്റെ രൂപകൽപ്പനയിലും നിർമ്മാണത്തിലും അപാകതയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ യഥാർത്ഥ വസ്തുത വ്യക്തമാക്കാമോ ;

(സി) ഏത് സാമ്പത്തിക വർഷമാണ് ഈ തുറമുഖം രൂപകൽപ്പന ചെയ്തത് ; ഏത് സാമ്പത്തിക വർഷമാണ് നിർമ്മാണം ആരംഭിച്ചത് ; ഏത് അധികാരിയാണ് തറക്കല്ലിട്ടത് ; ആരായിരുന്ന അദ്ധ്യക്ഷൻ ; അന്നത്തെ വകുപ്പ് മന്ത്രി ആരായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) 2006-2011-ലെ സർക്കാരിന്റെ കാലത്ത് ഈ തുറമുഖത്തിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത് ; നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതുവരെ എത്രരൂപ ചെലവായി വ്യക്തമാക്കാമോ ;

(ഇ) തുറമുഖത്തോട് ചേർന്ന് കടലിൽ വലതുഭാഗത്ത് കുറച്ചുകൂടി വലിയ ഒരു വാർഫും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിക്കാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; എന്നാണ് സമർപ്പിച്ചത് ; ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് വിശദമാക്കാമോ ;

(എഫ്) തുറമുഖം ഉദ്ഘാടനം ചെയ്തശേഷം 2011 മേയ് വരെ എത്ര ടൺ മത്സ്യം തുറമുഖം വഴി കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ ; 2011 മേയ്-ക്കുശേഷം തുറമുഖം പലതവണ മണ്ണിടിഞ്ഞ് അടഞ്ഞുകിടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; മണൽ അടിയുന്നത് ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമായി പൂർത്തീകരിച്ചതനുസരിച്ച് തോട്ടപ്പള്ളിയിൽ ഫിഷ് ലാന്റിംഗ് സെന്റർ പ്രവൃത്തിച്ചു വരികയായിരുന്നു. ഈ ഫിഷ്ലാന്റിംഗ് സെന്റർ ഒരു ഫിഷിംഗ് ഹാർബറായി ഉയർത്തണമെന്ന് ജന പ്രതിനിധികളും മത്സ്യത്തൊഴിലാളികളും മറ്റ് സംഘടനകളും ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഗവേഷണ പഠനങ്ങളും, മാതൃകാപഠനം എന്നിവ പൂർത്തിയാക്കി പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചതനുസരിച്ച് 50 ശതമാനം കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-ൽ ഭരണാനുമതി ലഭിച്ചതനുസരിച്ച് ഇപ്പോൾ നിലവിലുള്ള ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം 2005-ൽ ആരംഭിക്കുകയും 2011 ഫെബ്രുവരിയിൽ 1749.54 ലക്ഷം രൂപ ചെലവിൽ

പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുകയുണ്ടായി. മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി എൻ.എഫ്.ഡി.ബി. ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 138 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 50 ശതമാനം കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഈ ഹാർബറിന്റെ വിപുലീകരണത്തിനായി ഒരു രണ്ടാംഘട്ടം നിർമ്മാണം ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ട മോഡൽ സ്റ്റഡീസ് നടത്തുന്നതിനുവേണ്ടി CWPRS പൂനെ എന്ന സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും മാതൃകാപഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. മാതൃകാപഠന റിപ്പാർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരികയാണ്. ഇത് ലഭിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട വികസനം ആരംഭിക്കുന്നതുമാണ്.

(ബി) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകൾ പൂർത്തിയാക്കി 3 വർഷത്തോളം ടി ഹാർബർ പ്രവർത്തനക്ഷമമായിരുന്നു. തുടർന്ന് നീരൊഴുക്ക് കുറവായതിനാൽ തോട്ടപ്പള്ളി സ്പിൽവേ അടയുകയും, സ്പിൽവേ മുതൽ വലിയ ഒരു കരഭാഗം രൂപപ്പെട്ട് ഈ മണൽ തോട്ടപ്പള്ളി ഹാർബറിന്റെ തെക്കേ പുലിമുട്ട് വരെ എത്തിച്ചേർന്ന് ഹാർബറിന്റെ പ്രവേശന കവാടത്തിൽ കൂടി അകത്തേയ്ക്ക് പ്രവേശിക്കുകയും ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിനെ ബാധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1. തുറമുഖം രൂപകൽപ്പന ചെയ്തത് 2002 ലാണ്.

2. തുറമുഖത്തിന്റെ നിർമ്മാണം ആരംഭിച്ചത് 2004-05 സാമ്പത്തിക വർഷമാണ്.

3. ഹാർബറിന്റെ തറക്കല്ലിട്ടത് അന്നത്തെ ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്.

4. അദ്ധ്യക്ഷ സ്ഥാനം വഹിച്ചത് അന്നത്തെ ബഹു. മന്ത്രി ഡൊമിനിക് പ്രസന്റേഷനാണ്.

5. അന്നത്തെ ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷനായിരുന്നു.

(ഡി) 2004ൽ ഭരണാനുമതി ലഭ്യമായതനുസരിച്ച് ടി പദ്ധതിയിലെ പ്രധാന ഘടകങ്ങളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 2005-ൽ ആരംഭിക്കുകയും ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം 2008-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഘടകങ്ങളായ ലേലപ്പുര, വാർഫ്, വാട്ടർ ടാങ്ക്, ടോയ്ലറ്റ് ബ്ലോക്ക്, ശുദ്ധജല വിതരണവും വൈദ്യുതീകരണവും, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം തുടർന്ന് പൂർത്തീകരിക്കുകയും 2011 ഫെബ്രുവരിയിൽ ഹാർബർ കമ്മീഷൻ ചെയ്യുകയുണ്ടായി. ഇതിലേയ്ക്കായി 1749.54 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഇ) തോട്ടപ്പള്ളി ഹാർബറിനോട് ചേർന്ന് ബ്രേക്ക് വാട്ടർ നിർമ്മിച്ച് ബേസിൻ ഏരിയ വിപുലപ്പെടുത്തുവാൻ പദ്ധതി തയ്യാറാക്കിവരുന്നു. ഇത് സംബന്ധിച്ച മാതൃകാപഠനം പൂനെയിലെ CWPRS എന്ന സർക്കാർ സ്ഥാപനം മുഖേന നടത്തുകയും അതിന്റെ പഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(എഫ്) (1&2) ഈ ഹാർബറിൽനിന്നും കയറ്റുമതി ചെയ്യുന്ന മത്സ്യം സംബന്ധിച്ച കണക്കുകൾ ഈ വകുപ്പിൽ ലഭ്യമല്ല.

(3) 2011 മേയ് മാസത്തിനുശേഷം പലതവണ ഹാർബറിൽ മണ്ണ് അടിഞ്ഞിട്ടുണ്ട്.

(4) 42000 ക്യൂബിക്ക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനായി 6/2012-ൽ ഭരണാനുമതി നൽകിയതുപ്രകാരം ദർഘാസ് ക്ഷണിച്ച് മണൽ നീക്കം ചെയ്യുകയുണ്ടായി. വീണ്ടും ക്രമാതീതമായി മണ്ണടിഞ്ഞതിനാൽ 92000 ക്യൂബിക്ക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനായി ദർഘാസ് ക്ഷണിച്ച് ഇപ്പോൾ ട്രാവൻകൂർ സിമന്റ് ലിമിറ്റഡ്, കോട്ടയം എന്ന സർക്കാർ സ്ഥാപനം മുഖാന്തരം ഡ്രഡ്ജിംഗ് നടപ്പാക്കിവരുന്നു.

(5) മണൽ അടിയുന്നതിന് ശാശ്വത പരിഹാരം കാണുന്ന തിനുള്ള പരിഹാരം കൂടി

ഉൾക്കൊള്ളിച്ചാണ് CWPRS ഇപ്പോൾ പഠന റിപ്പോർട്ട് നൽകിയിട്ടുള്ളത്. പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള തെക്കേ പുലിമുട്ട് 420 മീറ്റർ നീട്ടുന്നതിനും ഇപ്പോഴുള്ള വടക്കേ പുലിമുട്ടിന് സമാന്തരമായി 300 മീറ്റർ അകലത്തിൽ 436 മീറ്റർ നീളത്തിൽ മറ്റൊരു പുലിമുട്ടുകൂടി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**മത്സ്യസമൃദ്ധി പദ്ധതി**

141 (145) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) 2014-15 വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി ഓരോ ജില്ലയിലും നീക്കിവെച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇതിൽ എത്ര തുക വീതം ഓരോ ജില്ലയിലും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളിൽ ഓരോ ജില്ലയിലും പൂർണ്ണമായും നടപ്പാക്കാതെ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ജില്ലകളിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

- കുളത്തിലേയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യ കൃഷി.
- പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലെയും മത്സ്യ/ആറ്റു കൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി.
- പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി.

- കരിമീൻ വിത്തുപരിപാലന വില്പന യൂണിറ്റുകൾ (പി.എസ്. ആർ.യു).
- കുളങ്ങളിലെ കരിമീൻകൃഷി.
- കൂടുകളിലെ കരിമീൻകൃഷി.
- അടുക്കള കുളത്തിലെ കരിമീൻകൃഷി.
- ഞണ്ട് കൊഴിപ്പിക്കൽ/കൃഷി.
- കല്ലുമ്മേക്കായ കൃഷി.
- പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
- മത്സ്യകൃഷി പരിശീലന/ബോധവത്കരണ പരിപാടികൾ.
- സൗജന്യവിള ഇൻഷ്വറൻസ്.
- മികച്ച മത്സ്യകർഷകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന അവാർഡ്.
- മത്സ്യകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം.
- മത്സ്യതീറ്റ സബ്സിഡി വിതരണം.

മേൽവിവരിച്ച പദ്ധതി ഘടകങ്ങൾ ജില്ലകളിൽ പൂർണ്ണമായും നടപ്പിലാക്കി.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതിക്കുവേണ്ടി ഓരോ ജില്ലയിലും നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 55 | 55 |
| 2 | കൊല്ലം | 92 | 92 |
| 3 | പത്തനംതിട്ട | 44 | 44 |
| 4 | ആലപ്പുഴ | 385 | 385 |

| | | | |
|---|---|---|---|
| 5 | കോട്ടയം | 70 | 70 |
| 6 | ഇടുക്കി | 40.06 | 40.06 |
| 7 | എറണാകുളം | 80 | 80 |
| 8 | തൃശ്ശൂർ | 156 | 156 |
| 9 | പാലക്കാട് | 108 | 108 |
| 10 | മലപ്പുറം | 85 | 85 |
| 11 | കോഴിക്കോട് | 40 | 40 |
| 12 | കണ്ണൂർ | 66.5 | 66.5 |
| 13 | വയനാട് | 25 | 25 |
| 14 | കാസർഗോഡ് | 20 | 20 |
| | ആകെ | 1267.1 | 1267.1 |

മുൻ ബാക്കിയുൾപ്പെടെ 454.05 ലക്ഷം രൂപയും കൂടി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2014-15 വർഷത്തിൽ ചെലവഴിച്ചു.

(സി) എറണാകുളം ജില്ലയിൽ പൊക്കാളി പാടങ്ങളിൽ നെൽകൃഷി ചെയ്ത കർഷകർ മാത്രമേ ചെമ്മീൻ കൃഷി ചെയ്യാൻ പാടുള്ളൂവെന്ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയതിനാൽ ആകെ ടാർജറ്റ് ചെയ്തിരുന്ന 1182 ഹെക്ടർ ചെമ്മീൻ കൃഷിയിൽ 207.979 ഹെക്ടർ മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**തീരദേശ റോഡുകളുടെ വികസനം**

142 (146) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തീരദേശ റോഡുകളുടെ പുനർനിർമ്മാണവും വികസനവുമായി ബന്ധപ്പെടുത്തി 2013-14, 20114-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന്

വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരദേശ റോഡുകളുടെ പേരുകൾ, നിർമ്മാണച്ചെലവ്, നടന്നു കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ റോഡുകൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ തീരദേശറോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ലിസ്റ്റ് 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.* 2013-14, 2014-15 സാമ്പത്തിക വർഷം തീരദേശ റോഡുകളുടെ പുനരുദ്ധാര ണത്തിനായി 9590.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയിൽ 254 റോഡ് പ്രവൃത്തികൾ പുരോഗമിക്കുകയും 243 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

## അരൂർ മണ്ഡലത്തിൽനിന്നും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകൾ

143 (147) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽനിന്നും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; എത്ര രൂപയാണ് ആകെ സഹായമായി അനുവദിച്ചത് ;

(സി) തീരുമാനമാകാത്ത അപേക്ഷകൾ എത്രയാണെന്നും എങ്കിൽ എന്തുകൊണ്ട് തീരുമാനമായില്ല എന്നും വ്യക്തമാക്കാമോ ; അടിയന്തിരമായി പ്രസ്തുത അപേക്ഷകളിൽ മേൽ തീരുമാനം കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിൽനിന്ന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് മൊത്തം 20,054 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. മണ്ഡലം തിരിച്ചുള്ള കണക്കുകൾ തയ്യാറായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽനിന്ന് കടാശ്വാസത്തിനായി ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ചതിൽ 10,718 അപേക്ഷകളാണ് കടാശ്വാസത്തിന് അർഹത നേടിയിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിൽനിന്നും മത്സ്യഫെഡ് മുഖേന NBCFDC, NMDFC Term Loan പദ്ധതി പ്രകാരം ലോണെടുത്ത ആറ് മത്സ്യത്തൊഴിലാളികൾക്കായി 2,34,141 രൂപയും NCDC പദ്ധതി പ്രകാരം ലോണെടുത്ത 734 മത്സ്യത്തൊഴിലാളികൾക്കായി 70,16,546 രൂപയും കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ 32 സഹകരണ സംഘങ്ങളിലായി/ ബാങ്കുകളിലായി 1270 വായ്പകൾക്ക് 4,25,62,643.75 രൂപയുടെ കടാശ്വാസം സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും കൂടി ഇതുവരെ 3,34,71,849 രൂപയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് 1,70,17,844 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല.

(സി) 9336 അപേക്ഷകളിൽ തീരുമാനമായിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാനായി ഈ അപേക്ഷകർക്ക് കമ്മീഷൻ പലവട്ടം നോട്ടീസ് അയച്ചുവെങ്കിലും അപേക്ഷകർ നേരിട്ട് ഹാജരായിട്ടില്ല. ഇവയിൽ ഭൂരിഭാഗവും കടാശ്വാസം അനുവദനീയമല്ലാത്ത 31-12-2007-ന് ശേഷമുള്ള കടങ്ങൾക്ക് കടാശ്വാസം ആവശ്യപ്പെട്ട് കൊണ്ടുള്ള അപേക്ഷകളാണ്.

**ബേപ്പൂർ മറൈൻ പാർക്ക്**

144 (148) <u>ശ്രീ. എളമരം കരീം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബേപ്പൂരിൽ ആരംഭിച്ച മറൈൻ പാർക്കിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ഇവിടെ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ മറൈൻ പാർക്ക് ആരംഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**ഫിഷറീസ് മാനേജ്മെന്റ് ഉപദേശ സമിതികൾ**

145(149) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും

തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ വകുപ്പനുസരിച്ചുള്ള സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സമിതികൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-ബി) നിലവിൽ വന്നിട്ടില്ല. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ 41-ാം വകുപ്പ് പ്രകാരവും 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെ 38-ാം ചട്ട പ്രകാരവും സംസ്ഥാന തലത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാ തലത്തിൽ ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികളും രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ കരട് വിജ്ഞാപനം പരിശോധിച്ചുവരികയാണ്.

**നിരോധിത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം**

146 (150) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന സമുദ്രഭാഗത്ത് വൻബോട്ടുകളിൽ റിങ് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരോധിത മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം പരമ്പരാഗത മത്സ്യ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നതും സംഘർഷത്തിനിടയാക്കുന്നതുമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; വിശദീകരിക്കുമോ ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രസ്തുത മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കാൻ എന്തെല്ലാം അനുകൂല സാഹചര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) താങ്ങുവള്ളം, റിങ്സീൻ വള്ളങ്ങൾ എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തന്നെ ഉപയോഗിക്കുന്ന റിങ്സീനുകൾ നിരോധിത വല അല്ലെങ്കിൽക്കൂടി മത്സ്യ സമ്പത്ത് വലിയ തോതിൽ കുറയാൻ ഇടയാക്കുന്നതായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തമ്മിൽ ചില പ്രദേശങ്ങളിൽ ചെറിയ കശപിശകൾ നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിങ്സീൻ ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് KMFR Act പ്രകാരം നിലവിൽ നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത മത്സ്യബന്ധന രീതി അവലംബിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. എന്നാൽ റിങ്സീൻ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുവഴി ദോഷഫലങ്ങൾ ഉണ്ടാകുന്നു എന്ന കാരണത്താൽ പ്രാദേശികമായി ചില പ്രദേശങ്ങളിൽ റിങ്സീൻ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ അനുവദിക്കുന്നില്ല. മറ്റ് നിരോധിത മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ KMFR Act-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഇംപൗണ്ട് ചെയ്ത് അഡ്ജൂഡിക്കേഷൻ നടത്തി 5000 രൂപ മുതൽ 50,000 രൂപ വരെ പിഴ ഈടാക്കുകയും മത്സ്യം ഉൾപ്പെടെ ഇംപൗണ്ട് ചെയ്യുന്ന യാനങ്ങളെ സംബന്ധിച്ച് മത്സ്യത്തിന്റെ അഞ്ചിരട്ടിവരെ പിഴ ഈടാക്കാറുണ്ട്. കൂടാതെ അത്തരം യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും താൽക്കാലികമായി റദ്ദ് ചെയ്യുകയും കുറ്റം ആവർത്തിക്കുകയാണെങ്കിൽ യാനവും വലയും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനും KMFR Act ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി നിലവിലുള്ള KMFR Act 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് ജൂൺ 15-ാം തീയതി മുതൽ ജൂലൈ 31 വരെ 47 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനും ജീവന ഉപാധികൾ സംരക്ഷിക്കുന്നതിനുമായി 2007-ൽ കേരള വർഷകാല സമുദ്രോപരിതല മത്സ്യബന്ധനം സംരക്ഷണ ആക്ട് (കേരള മൺസൂൺ ഫിഷറീസ് പെലാജിക് പ്രോട്ടക്ഷൻ ആക്ട്) നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കൊല്ലംകോട് മുതൽ പറവൂർ വരെയുള്ള 78 കി.മീ ദൂരത്തിൽ കടലിലെ 30 മീറ്റർ താഴ്ചവരെയുള്ള പ്രദേശവും പറവൂർ മുതൽ മഞ്ചേശ്വരം വരെയുള്ള 512 കി.മി. ദൂരത്തിൽ കടലിലെ

20 മീറ്റർ താഴ്ചവരെയുള്ള പ്രദേശവും പരമ്പരാഗതക്കാർക്കു മാത്രമായി മത്സ്യ ബന്ധനാവകാശം നൽകിയിട്ടുണ്ട്.

**മണ്ണെണ്ണ ബങ്ക് അനുവദിക്കൽ**

147 (151) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത ബങ്ക് എന്നാരംഭിക്കുമെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം 12-3-2015-ലെ സ.ഉ.(സാധ.) നമ്പർ 169/15/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും മത്സ്യഫെഡിന് പാട്ട വ്യവസ്ഥയിൽ കൈമാറ്റം ചെയ്തിട്ടുണ്ട്. ബങ്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ NOC വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ബങ്ക് നിർമ്മാണത്തിന് നിയമാനുസൃതമായി ആവശ്യമായ NOC ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് നടപടി ക്രമങ്ങളും പൂർത്തിയാക്കി ബങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കാസർഗോഡ് മത്സ്യബന്ധന ഹാർബറിന്റെയും മത്സ്യമാർക്കറ്റിന്റെയും ഉദ്ഘാടനം**

148 (152) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് മത്സ്യബന്ധന ഹാർബറിന്റെയും മത്സ്യമാർക്കറ്റിന്റെയും ഉദ്ഘാടനം എന്നത്തേക്ക് നടത്താനാവുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇനിയും ഏതെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുണ്ടെങ്കിൽ അവ അടിയന്തിരമായി പൂർത്തിയാക്കി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ ഉദ്ഘാടനം 2015 ആഗസ്റ്റ് മാസത്തോടുകൂടി നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കാസർഗോഡ് മത്സ്യമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജൂൺ 20-നകം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്.

(ബി) മത്സ്യബന്ധനതുറമുഖം നിശ്ചിത സമയ പരിധിയിൽ പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

(1) മണൽ ഡ്രഡ്ജിംഗ് 12-7-2013-ന് ആരംഭിച്ചുവെങ്കിലും മത്സ്യ തൊഴിലാളികളും, പ്രദേശവാസികളും ആയത് തടസ്സപ്പെടുത്തിയതിനാൽ നിർത്തിവച്ചു. പിന്നീട് കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇ - മണൽ സംവിധാനം വഴി 2015 മേയ് 30 വരെ മണൽ നീക്കം ചെയ്തു. ബാക്കി മണൽ ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി കരാർ വച്ച് 1-6-2015-ന് ആരംഭിച്ചിട്ടുണ്ട്. ആയത് 2015 ജൂലൈ 31 നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

(2) വാർഫുകൾ, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിനായി 3 പ്രാവശ്യം പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ടിവന്നു. (19-10-2010, 31-1-2011, 27-6-2012 എന്നീ തീയതികളിലാണ് ടെണ്ടർ ക്ഷണിച്ചത്) മൂന്നാമത് നടത്തിയ ടെണ്ടർ പ്രകാരമാണ് ടി പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചത്.

(3) പാർക്കിംഗ് ഏരിയ, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. അപ്രോച്ച് റോഡിന്റെ ടാറിംഗ് ഒഴികെ മറ്റെല്ലാ പ്രവൃത്തികളും ജൂലൈ 31-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

(സി) ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ട്രോളിംഗ് നിരോധന ആനുകൂല്യം**

149 (153) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പഞ്ഞമാസ

ആനുകൂല്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ആശ്വാസ തുകയായ 1800 രൂപ 2015-16 സാമ്പത്തിക വർഷം മുതൽ 2700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കടലാക്രമണ നഷ്ടപരിഹാരം**

150 (154) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ആരിൽ നിന്നെല്ലാമാണ് അപേക്ഷകൾ ലഭിച്ചതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും, അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 1-1-2015 മുതൽ കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. മഹേഷ്.ടി, ഉുവ്വക്കാട് പറമ്പിൽ, ചേമഞ്ചേരി - ബോട്ട് തകർന്നത്.
2. ശ്രീ. ടി. എ. വിജയരാജൻ, S/o. രാജൻ, പുതിയാപ്പ.

(ബി) (1) ശ്രീ. മഹേഷ്. ടി, ഉുവക്കാട് പറമ്പിൽ, ചേമഞ്ചേരി - ടിയന്റെ ബോട്ട് 7-3-2015-ാം തീയതി പുതിയാപ്പ ഹാർബറിൽ വച്ച് തകരുകയുണ്ടായി. ഈ അപേക്ഷ നഷ്ടം കണക്കാക്കുന്നതിനും തുടർ നടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുന്നു.

(2) ശ്രീ. ടി. എ. വിജയരാജൻ S/o രാജൻ, പുതിയാപ്പ എന്നയാളുടെ സൗപർണിക എന്ന ബോട്ട് 29-4-2015-ൽ കടൽക്ഷോഭത്തിൽ മുങ്ങിപ്പോയി. മേൽ അപേക്ഷയും നഷ്ടം കണക്കാക്കുന്നതിനും തുടർനടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കു കയാണ്.

**വൈപ്പിൻ മണ്ഡലത്തിലെ പ്രവർത്തനം**

151 (155) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ ; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്ന് തീരുമാനിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ.-യുമായോ, മറ്റ് ജനപ്രതിനിധികളുമായോ കൂടിയാലോചന നടത്തുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന വൈപ്പിൻ മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി പദ്ധതിനിർവ്വഹണം പുരോഗമിക്കുന്നു:

**സംയോജിത മത്സ്യഗ്രാമം പദ്ധതി**

പള്ളിപ്പുറം മത്സ്യഗ്രാമം:

| | | |
|---|---|---|
| 1. കുടിവെള്ള പദ്ധതി | - | 53.00 ലക്ഷം രൂപ |
| 2. വൈദ്യുതീകരണം | - | 66.92 ലക്ഷം രൂപ |
| 3. സാനിട്ടേഷൻ | - | 34.00 ലക്ഷം രൂപ |
| 4. ലൈബ്രറി | - | 25.00 ലക്ഷം രൂപ |
| 5. ഹൈമാസ്റ്റ് ലൈറ്റ് (2 എണ്ണം) | - | 14.00 ലക്ഷം രൂപ |

എടവനക്കാട് മത്സ്യഗ്രാമം:

| | | |
|---|---|---|
| 1. കുടിവെള്ള പദ്ധതി | - | 97.00 ലക്ഷം രൂപ |
| 2. വൈദ്യുതീകരണം | - | 37.57 ലക്ഷം രൂപ |
| 3. സാനിട്ടേഷൻ | - | 20.00 ലക്ഷം രൂപ |
| 4. ലൈബ്രറി | - | 37.57 ലക്ഷം രൂപ |

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി

1. പള്ളിപ്പുറം ആയുർവേദ ആശുപത്രി
   നിർമ്മാണം - 53.00
   ലക്ഷം രൂപ

2. ഹൈമാസ്റ്റ് (1 എണ്ണം), എളക്കുന്നപ്പുഴ - 7.00
ലക്ഷം രൂപ
3. പള്ളിപ്പുറം ആയുർവേദ ആശുപത്രി
നിർമ്മാണം - 323.00
ലക്ഷം രൂപ
4. എടവനക്കാട് അംഗൻവാടി - 10.60
ലക്ഷം രൂപ
5. എളങ്കുന്നപ്പുഴ അംഗൻവാടി -
33.75 ലക്ഷം
രൂപ
(3 എണ്ണം)
6. നെറ്റ്മെന്റിംഗ് യാർഡ്, എടവനക്കാട് - 48.00
ലക്ഷം രൂപ
7. നെറ്റ്മെന്റിംഗ് യാർഡ്, എളങ്കുന്നപ്പുഴ - 49.00
ലക്ഷം രൂപ
8. കുഴിപ്പിള്ളി പ്രൈമറി ഹെൽത്ത് സെന്ററിന്
പുതിയ കെട്ടിട നിർമ്മാണം -
191.35 ലക്ഷം
രൂപ

<u>സമഗ്ര തീരദേശ വികസന പദ്ധതി</u>

1. പ്രൈമറി ഹെൽത്ത് സെന്റർ, അയ്യമ്പള്ളി -15.50
ലക്ഷം രൂപ
2. പ്രൈമറി ഹെൽത്ത് സെന്റർ, സബ് സെന്റർ,
എടവനക്കാട് - 7.58
ലക്ഷം രൂപ
3. മൊബൈൽ മെഡിക്കൽ യൂണിറ്റ്, ഞാറക്കൽ -

2.79 ലക്ഷം രൂപ
4. അംഗനവാടി, വാർഡ് നമ്പർ 14, എടവനക്കാട് -

5.99 ലക്ഷം രൂപ

5. അംഗനവാടി, വാർഡ് നമ്പർ 64, ഞാറക്കൽ - 6.50 ലക്ഷം രൂപ

6. അംഗനവാടി, പള്ളിപ്പുറം -

4.79 ലക്ഷം രൂപ

7. അംഗനവാടി, വാർഡ് നമ്പർ 175, എളങ്കുന്നപ്പുഴ - 5.60 ലക്ഷം രൂപ

8. അംഗനവാടി, വാർഡ് നമ്പർ 134, എടവനക്കാട് - 4.29 ലക്ഷം രൂപ

9. ഫിഷറീസ് സ്കൂൾ, ഞാറക്കൽ - 35.00

ലക്ഷം രൂപ

<u>പരിശോധിച്ചുവരുന്ന പദ്ധതി</u>

ഓച്ചംമുക്ക് സബ് സെന്റർ നിർമ്മാണം -30.00 ലക്ഷം രൂപ

(ബി) പ്രസ്തുത പദ്ധതികൾ പ്രദേശത്തെ ജനപ്രതിനിധികളുമായുള്ള കൂടിയാലോചനയ്ക്ക് ശേഷമാണ് തയ്യാറാക്കിയത്.

**ട്രോളിംഗ് നിരോധിതകാലയളവിലെ ആനുകൂല്യം**

152(156) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധിച്ചിരുന്ന കാലയളവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) തീരദേശത്തെ വറുതി അകറ്റുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര തുക അനുവദിച്ചെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) കാലവർഷക്കെടുതികൾ പ്രതിരോധിക്കുന്നതിനായി തീരദേശങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യ

തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചുവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകിവരുന്ന 1800 രൂപ 2015-16 സാമ്പത്തിക വർഷം 2700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം 20 ലക്ഷം രൂപ സൗജന്യ റേഷൻ നൽകുന്നതിനും 24 കോടി രൂപ സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്കായും വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സൗജന്യ റേഷൻ | സമ്പാദ്യ സമാശ്വാസം |
|---|---|---|---|
| 1 | തിരുവനന്തപുരം | ... | 36530100 |
| 2 | കൊല്ലം | 100000 | 33579600 |
| 3 | ആലപ്പുഴ | 300000 | 48132900 |
| 4 | എറണാകുളം | 300000 | 26261400 |
| 5 | തൃശ്ശൂർ | 7000 | 7348200 |
| 6 | മലപ്പുറം | 25000 | 16900500 |
| 7 | കോഴിക്കോട് | 100000 | 24237600 |
| 8 | കണ്ണൂർ | 20000 | 5141250 |
| 9 | കാസർഗോഡ് | 10000 | 9520350 |
| | ആകെ | 862000 | 207651900 |

(സി) കാലവർഷക്കെടുതി നേരിടുന്നതിനായി തീരദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തീരദേശ ജനങ്ങളുടെ സുരക്ഷയ്ക്കായി കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകിവരുന്നു. എല്ലാ മറൈൻ ജില്ലാ കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൺ റൂമുകൾ മേയ് 15-ാം തീയതി മുതൽ തുറന്നു പ്രവർത്തിച്ചുവരുന്നു.

**മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ**

153 (157) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ പ്രതിസന്ധി പരിഹരിക്കുന്നതിന് മത്സ്യഫെഡിന്റെ മേൽനോട്ടത്തിൽ മണ്ണെണ്ണ ബങ്കുകൾ ആരംഭിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയാപ്പയിൽ മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പുതിയാപ്പയിൽ ഏത് സ്ഥലമാണ് നിർദ്ദിഷ്ട ബങ്ക് നിർമ്മാണത്തിനായി കണ്ടെത്തിയതെന്നും പ്രസ്തുത സ്ഥലത്ത് നിലവിൽ ബങ്ക് നിർമ്മാണത്തിന് തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ തീരദേശ ജില്ലകളിൽ 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ പൊതുമേഖലാ സ്ഥാപനങ്ങളായ I.O.C., H.P.C.L., B.P.C.L. എന്നിവിടങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിന് മണ്ണെണ്ണ ബങ്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ മരിയനാട്, കൊല്ലം ജില്ലയിൽ നീണ്ടകര, ആലപ്പുഴ ജില്ലയിൽ വളഞ്ഞ വഴി എന്നിവിടങ്ങളിൽ ബങ്കുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കാസർഗോഡ്, പൊന്നാനി, തോപ്പുംപടി, അഴീക്കോട്, കണ്ണൂർ, പുതിയാപ്പ, ഉണ്ണിയാൽ, അർത്തുങ്കൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ വില്ലേജിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ 15 സെന്റ് സ്ഥലമാണ് ബങ്ക് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. പുതിയാപ്പ ഹാർബറിൽ ബങ്ക് നിർമ്മാണത്തിന് ഉണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ബങ്ക് നിർമ്മാണ സ്ഥലത്ത് തടസ്സമായുണ്ടായിരുന്ന താൽക്കാലിക ഷെഡ്ഡുകൾ ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ നീക്കം ചെയ്ത് തടസ്സങ്ങൾ

പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്**

154(158) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പൊതു പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിൽ കേരളത്തിന്റെ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം (ശരാശരി തീരത്തു നിന്നും 32 മുതൽ 40 നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന പ്രദേശം) ഒരു ബഫർ സോണായി നിലനിർത്തുന്നതും വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിനു അനുമതി നൽകാനുള്ള ശിപാർശയും ഇന്ത്യയ്ക്ക് ആവശ്യമായ expertise-ഉം, സാങ്കേതിക ജ്ഞാനവും ഇല്ലായെന്ന കാരണം പറഞ്ഞ് വിദേശ കപ്പലുകൾക്കും വിദേശ തൊഴിലാളികൾക്കും ഇപ്പോഴുള്ള emigration clearance ഉദാരമാക്കി അവരെ ഉപയോഗപ്പെടുത്തിയും മത്സ്യബന്ധനം നടത്തണമെന്ന ശിപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇപ്പോൾതന്നെ LOP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നതു കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കു മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. നിലവിലുള്ള മത്സ്യബന്ധന യാനങ്ങൾക്കുപുറമേ 240 tuna long liner ഉം 15 purse sciners ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾക്കുകൂടി EEZ മത്സ്യബന്ധനത്തിന് അനുവാദം നൽകുന്നതിനുള്ള ശിപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യ തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കുന്നതാണ്.

(സി) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശിപാർശകളും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും എന്നുള്ളതിനാൽ പ്രസ്തുത ശിപാർശകൾ തള്ളിക്കളയുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് പലതലങ്ങളിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. 18-3-2015-ൽ ബഹുമാനപ്പെട്ട കേന്ദ്രകൃഷി മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട ഫിഷറീസും പോർട്ടും വകുപ്പുമന്ത്രി വളരെ ശക്തമായി ഈ വിഷയം ഉന്നയിക്കുകയും മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യം ആവശ്യപ്പെട്ടു കൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രിയ്ക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

**തണൽ പദ്ധതി**

155 (159) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച തണൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ എത്ര തൊഴിലാളികൾ നിലവിൽ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ ;

(സി) ഇതുവരെ അനുവദിച്ച തുക എത്ര ; ആനുകൂല്യത്തിന് അർഹരെങ്കിലും ഇതുവരെ ധനസഹായം ലഭ്യമാകാത്ത അപേക്ഷകർ എത്ര ; വ്യക്തമാക്കാമോ ;

(ഡി) ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ഏർപ്പെടുത്തിയ ബയോമെടിക് കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന തണൽപദ്ധതിയുടെ ആനുകൂല്യത്തിനായി 2014-15 വർഷത്തിലെ കണക്ക് പ്രകാരം 311414 മത്സ്യ/അനുബന്ധത്തൊഴിലാളികൾക്ക് അർഹതയുണ്ട്.

(ബി) തണൽപദ്ധതി ഒരു തുടർ പദ്ധതിയായതിനാൽ ഈ സാമ്പത്തിക വർഷം (2015-16) പ്രത്യേക അപേക്ഷകളൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതി

ആനുകൂല്യത്തിന് മുൻവർഷത്തിലെ 311414 പേർക്ക് അർഹതയുണ്ട്. ഇവർക്ക് 1350 രൂപ നിരക്കിൽ നൽകുന്നതിന് 42 കോടി രൂപ ആവശ്യമായി വരും.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 19.88 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയത് പ്രകാരം 1350 രൂപ നിരക്കിൽ 147259 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ബാക്കി 164155 പേർക്ക് നൽകാനുണ്ട്.

(ഡി) ഐ.ടി.ഐ. പാലക്കാട് മുഖേനയാണ് ബയോമെട്രിക് കാർഡുകൾ വിതരണം ചെയ്യുന്നത്. ഇതുവരെയായി 236729 പേരുടെ വിവര സമാഹരണം നടത്തി 172557 പേരുടെ കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. പാലക്കാടിൽ നിന്നും കാർഡുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർവിതരണം നടത്തുന്നതാണ്.

**കുട്ടനാട്ടിലെ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി**

156(160) ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഫിഷറീസ് വകുപ്പിന്റെ അപ്ഗ്രേഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കുട്ടനാട്ടിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചുവെന്ന് അറിയിക്കുമോ ; ആയതിന്റെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ 2014-15 സാമ്പത്തിക വർഷത്തിൽ 22 റോഡുകൾക്കും 2015-16 സാമ്പത്തിക വർഷത്തിൽ 6 റോഡുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്:

2014-15 സാമ്പത്തിക വർഷം:

| Sl. No. | Name of Work | A.S. amount in lakhs |
|---|---|---|
| (1) | (2) | (3) |
| 1 | Vellakinar chamakulam niravanthara road- Thalavady | 38.00 |

| | | |
|---|---|---|
| | Panchayath | |
| 2 | Pakkalipalam to Palathunthalakkal IHDP Colony Puthuval Road-Veliyanadu Grama Panchayath. Ward 8 | 63.00 |
| 3 | Puthenparambu to Padinjaruvasham Palam road-Edathva Panchayath | 33.50 |
| 4 | Liciyo Mattancheri road - Kavalam Panchayath Ward No. 1 & 2 | 61.00 |
| 5 | Karuppan Junction to Arattuchirakonathchira road - Kavalam Panchayath | 39.00 |
| 6 | Naluvelithara road to St. Marys Ayurveda Vaidyasala road ward No. 8 – Pulinkunnu Panchayath | 18.50 |

| (1) | (2) | (3) |
|---|---|---|
| 7 | Pallimottorthara to Thekkottumuttel Peedika road – Kainakari Panchayath Ward No. 8 | 30.00 |
| 8 | Pothukunnelpadi to Chattukam Padam Mottanthara road (Edathva, Ward No. 10) | 30.00 |
| 9 | Manamelchira palam southern side towards east up to Kavilveedu Edathva Panchayath | 31.00 |
| 10 | Chempumpuram P.H. Centre to Kizhakkottu Chavelil Jn road in Nedumudy Panchayath | 40.00 |
| 11 | Ambakkattupadi to East Attutheeram road in Edathva Panchayath | 27.00 |
| 12 | Vattadikkadavu to Vaniyapurapadi road in Thalavady Panchayath | 99.00 |

| | | |
|---|---|---|
| 13 | Panamuttom-Maramuttom Laksham Veedu Colony in Veliyanad Panchayath | 26.00 |
| 14 | Pottumupapathu palam - Kayalpuram road in Pulinkunnu Panchayath | 25.00 |
| 15 | Ebanazerpadi to Vayalilpadi in Ward No. 4 of Thalavadi Panchayath | 28.50 |
| 16 | Pazhayamadathil Bridge North side to East of Veluthedathu Ration kada road | 23.75 |
| 17 | Kollelill to North of Nallootharakavu Devi Kshethram road Veliyanad Panchayath | 33.00 |
| 18 | Lakshmi mandiram-Thalavady Grama Panchayath Jn. road | 28.00 |

| (1) | (2) | (3) |
|---|---|---|
| 19 | Subramanya Swami Temple - Vadakkadu Kulikkadvu road | 30.00 |
| 20 | Attutheeram Jetty to East Kelamangalam Muttu road in Thakazhy Panchayth. | 25.00 |
| 21 | Punthuruthil Padimuthal Manbazham Thottil Road | 37.75 |
| 22 | Vikasnagar PWD Fathima Mathapalli to Maloorvazhy Pulyathu Kalunku road | 24.00 |
| | <u>2015-16</u> | |
| 1 | Road from Fathima Madam Palii via Maloor Culvert to Puthiyathu Culvert road (Pulikunnu Panchayath) | 19.00 |

| | | |
|---|---|---|
| 2 | From MP Road to West Manimelichira Culvert Ward 14 (Edathva Grama Panchayath) | 24.00 |
| 3 | Koyilmukku Sub Station to Ambalathumparambu road | 24.00 |
| 4 | Road from Pathilkadav to Puratheri in Ward One (Neelamperoor Grama panchayath) | 29.00 |
| 5 | Road passing through the west side of Pallipadam Padasekharam & Erathra Padasekharam | 30.00 |
| 6 | Road from Puthuvathara to North road (Nedumudi Panchayath 13 Ward) | 33.00 |

**മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക**

157 (161) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് നൽകുന്ന പെൻഷൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് വന്നിട്ടുള്ളതെന്നും എന്തു തുകയാണെന്നും വിശദമാക്കാമോ ;

(സി) ഈ കുടിശ്ശിക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവർ 44500 പേരും, അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ 5885 പേരും വിധവാ പെൻഷൻ ലഭിക്കുന്നവർ 8865 പേരും കൂടി മൊത്തം 59250 പേർക്ക് പെൻഷൻ ലഭിക്കുന്നു.

(ബി) ഉണ്ട്. മത്സ്യബോർഡ് മുഖേന നൽകിവരുന്ന പ്രതിമാസ പെൻഷൻ 600 രൂപ വീതം 2015 ജനുവരി മുതൽ 2015 മേയ് മാസം ഉൾപ്പെടെ 5 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. 2015 ജനുവരി മുതൽ മേയ് മാസം വരെയുള്ള പെൻഷൻ വിതരണത്തിന് 18.97 കോടി രൂപ ആവശ്യമാണ്.

(സി) 2015 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള പെൻഷൻ വിതരണത്തിന് തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

**മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക**

158 (162) <u>ശ്രീ. എസ്. ശർമ്മ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി പെൻഷൻ ബാങ്ക് മുഖാന്തിരം വിതരണം ചെയ്യാനാരംഭിച്ചതിനുശേഷം മത്സ്യ ബോർഡിന്റെ ചെറായി, ഞാറക്കൽ, എറണാകുളം എന്നീ ഓഫീസുകളുടെ പരിധിയിൽപ്പെട്ട പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിൽ നിലവിൽ കുടിശ്ശിക ഉണ്ടോ ; എങ്കിൽ എത്ര പെൻഷൻകാർക്കാണ് ഇത്തരത്തിൽ കുടിശ്ശിക ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പെൻഷൻകാരുടെ പേരും മേൽവിലാസവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളി പെൻഷൻ ബാങ്ക് മുഖേന വിതരണം ചെയ്യാനാരംഭിച്ചത് മുതൽ ചെറായി, ഞാറയ്ക്കൽ, എറണാകുളം എന്നീ ഫിഷറീസ് ഓഫീസിന്റെ പരിധിയിൽ മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ 2402-ഉം, അനുബന്ധത്തൊഴിലാളി പെൻഷൻ ലഭിക്കുന്നവർ 588-ഉം മരണപ്പെട്ട മത്സ്യ തൊഴിലാളി ഭാര്യമാർക്കുള്ള പെൻഷൻ (വിധവാ പെൻഷൻ) ലഭിക്കുന്നവർ 372-ഉം കൂടി മൊത്തം 3362 പേർക്ക് ബാങ്ക് മുഖേന പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് മാസം ഉൾപ്പെടെ 5 മാസത്തെ പെൻഷൻ ആണ് കുടിശ്ശികയായിട്ടുള്ളത്. ബാങ്ക് മുഖേന വിതരണം നടത്തുമ്പോൾ അക്കൗണ്ട് നമ്പറിലും, ഐ.എഫ്.സി. കോഡിലും വരുന്നവ്യത്യാസം കാരണവും, ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതുമൂലവും, ഞാറയ്ക്കൽ, ചെറായി, എറണാകുളം എന്നീ ഫിഷറീസ് ഓഫീസർമാരുടെ പരിധിയിൽ 17 പേർക്ക് പെൻഷൻ ലഭിക്കാതെ വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പെൻഷണർമാർ രേഖാമൂലം പരാതി സമർപ്പിക്കുന്ന മുറയ്ക്ക് ടി പരാതി പരിഹരിച്ച് പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) പെൻഷൻ ലഭിക്കുന്നതിനായി ബാങ്ക് അക്കൗണ്ടുകൾ സമർപ്പിച്ചിട്ടുള്ളവർക്ക് പ്രസ്തുത അക്കൗണ്ടിൽ പെൻഷൻ ലഭിച്ചിട്ടില്ലെന്ന പരാതി സമർപ്പിക്കുന്നവർക്ക് അവരുടെ അക്കൗണ്ട് നമ്പറിലെ അപാകത പരിഹരിച്ച് പെൻഷൻ ബാങ്ക് മുഖേന

നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഞാറയ്ക്കൽ, ചെറായി, എറണാകുളം എന്നീ ഫിഷറീസ് ഓഫീസുകളുടെ പരിധിയിൽവരുന്ന പെൻഷണർമാരിൽ പെൻഷൻ ലഭിക്കാതെ വന്നിട്ടുള്ളവരുടെ മേൽവിലാസം അനുബന്ധമായി ചേർക്കുന്നു*.

## മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം

159 (163) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നിലവിൽ സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ; എങ്കിൽ ധനസഹായം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിലെ മേപ്പറമ്പത്ത് ദേവദാസൻ എന്നയാളുടെ കുടുംബത്തിന്റെ ധനസഹായത്തിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടംമൂലം മരണമടയുന്ന മത്സ്യ തൊഴിലാളിയുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ ഇൻഷ്വറൻസ് ധനസഹായം നൽകുന്നു. കൂടാതെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ 2 മക്കൾക്ക് വിദ്യാഭ്യാസ സഹായമായി പരമാവധി 10,000 രൂപയും, ശവസംസ്കാര ചടങ്ങിന് 2000 രൂപയും നൽകുന്നു. മേൽ പദ്ധതിയ്ക്ക് പുറമേ 1-4-2015-ന് ശേഷം അപകടംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ആം ആദ്മി ബീമായോജന എന്ന പദ്ധതി പ്രകാരം 75,000 രൂപയും സാധാരണ മരണം സംഭവിക്കുകയാണെങ്കിൽ 30,000 രൂപയും നൽകുന്നു. മത്സ്യബന്ധനത്തിനിടെ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ബോർഡ് മുഖേന നടപ്പിലാക്കുന്ന ധനസഹായപദ്ധതി പ്രകാരം 50,000 രൂപ നൽകുന്നുണ്ട്. കൂടാതെ വിധവാ പെൻഷൻ പദ്ധതി പ്രകാരം ആശ്രിതയായ ഭാര്യയ്ക്ക് പ്രതിമാസം 600 രൂപ പെൻഷൻ നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പയെന്ന സ്ഥലത്ത് മേപ്പറമ്പത്ത് ദേവദാസൻ എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായത്തിനായി ഇതുവരെ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക**

160 (164) ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനത്തിനായി നൽകിവരുന്ന ലെപ്സം ഗ്രാന്റ് കുടിശ്ശിക എത്രയെന്നറിയിക്കാമോ ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പഠനച്ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനും മുൻവർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനുമായി 24 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ ഇനിയും വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിന് 5,57,33,068 രൂപ കുടിശ്ശിക ഉള്ളതായി ജില്ലാ ഓഫീസർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 21,37,14,555 രൂപ ആവശ്യമുണ്ട്. 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്ന് ആദ്യ ഗഡുവായി 3.30 കോടി രൂപ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്തുവരികയും ചെയ്യുന്നു. 2015-16 വർഷത്തിലേക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 16.94 കോടി രൂപ കൂടി ആവശ്യമുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മൂന്ന് വർഷം

കൂടുമ്പോൾ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. ടി ഉത്തരവ് ഫിഷറീസ് വകുപ്പിനും ബാധകമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ പിൻതുടർന്നുവരുന്ന ചട്ടങ്ങളും നിയമങ്ങളും പ്രകാരമാണ് ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

161 (165) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തി ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചത് ; അവ ഏത് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയോ ; ഇവ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത് ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 99.80 ലക്ഷം രൂപ 2012-13 കാലയളവിൽ അംഗീകാരം നൽകിയ 5 മത്സ്യമാർക്കറ്റുകളുടെയും 2012-13 കാലയളവിൽ അംഗീകാരം നൽകിയ 7 മത്സ്യമാർക്കറ്റുകളുടെയും പൂർത്തീകരണത്തിനായി ചെലവഴിച്ചു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതം അനുവദിച്ച മത്സ്യമാർക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മത്സ്യമാർക്കറ്റിന്റെ പേര് | ജില്ല | നിയോജക മണ്ഡലം |
|---|---|---|---|
| 1 | തൊടുപുഴ | ഇടുക്കി | തൊടുപുഴ |
| 2 | ഏറ്റുമാനൂർ | കോട്ടയം | ഏറ്റുമാനൂർ |

| | | | |
|---|---|---|---|
| 3 | വൈക്കം | കോട്ടയം | വൈക്കം |
| 4 | ചങ്ങനാശ്ശേരി | കോട്ടയം | ചങ്ങനാശ്ശേരി |
| 5 | മാള | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6 | ഇരിഞ്ഞാലക്കുട | തൃശ്ശൂർ | ഇരിഞ്ഞാലക്കുട |
| 7 | കണ്ണൂർ | കണ്ണൂർ | കണ്ണൂർ |
| 8 | പള്ളുരുത്തി | എറണാകുളം | തൃപ്പൂണ്ണിത്തുറ |
| 9 | കൽപ്പറ്റ | വയനാട് | കൽപ്പറ്റ |
| 10 | കാസർഗോഡ് | കാസർഗോഡ് | കാസർഗോഡ് |
| 11 | തലശ്ശേരി | കണ്ണൂർ | തലശ്ശേരി |
| 12 | നിലമ്പൂർ | മലപ്പുറം | നിലമ്പൂർ |

(സി) 2011-12, 2012-13 എന്നീ കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നതുമായ 12 മത്സ്യമാർക്കറ്റുകളുടെ പൂർത്തീകരണത്തിനാണ് 2014-15 വർഷം വകയിരുത്തിയിരുന്ന തുക വിനിയോഗിച്ചത്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം**

162 (166) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 2014-15 ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സഹായത്തിനായി ഓരോ മത്സ്യഗ്രാമത്തിൽനിന്നും എത്ര വീതം അപേക്ഷകർ ഉണ്ടായിരുന്നു ; ഇതിൽ എത്രപേർ സഹായത്തിനർഹത നേടി ; എത്ര പേർക്ക് ധനസഹായം ലഭ്യമായി ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം ട്രോൾബാൻ കാലയളവിൽ തൊഴിൽ

നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 20 ലക്ഷം രൂപയും പഞ്ഞമാസ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനായി ബജറ്റിൽ 20 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി 1 കോടി 18 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ക്രമത്തിൽ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്:

| ക്രമ നമ്പർ | ജില്ല | സൗജന്യ റേഷൻ | സമ്പാദ്യ സമാശ്വാസം |
|---|---|---|---|
| 1 | തിരുവനന്തപുരം | ... | 36530100 |
| 2 | കൊല്ലം | 100000 | 33579600 |
| 3 | ആലപ്പുഴ | 300000 | 48132900 |
| 4 | എറണാകുളം | 300000 | 26261400 |
| 5 | തൃശ്ശൂർ | 7000 | 7348200 |
| 6 | മലപ്പുറം | 25000 | 16900500 |
| 7 | കോഴിക്കോട് | 100000 | 24237600 |
| 8 | കണ്ണൂർ | 20000 | 5141250 |
| 9 | കാസർഗോഡ് | 10000 | 9520350 |
| | ആകെ | 862000 | 207651900 |

(സി) 2014-15 സാമ്പത്തിക വർഷം സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനും സമ്പാദ്യ സമാശ്വാസ പദ്ധതിയിനത്തിൽ തുക വിതരണം ചെയ്യുന്നതിനുമായുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

**കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയിലെ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## (കഫോസ്) അനധികൃത നിയമനങ്ങൾ

163 (167) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയിൽ (കഫോസ്) ഹൈക്കോടതി വിധി ലംഘിച്ച് അനധികൃത നിയമനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) കൊച്ചി ആസ്ഥാനമായ സർവ്വകലാശാലയിൽ പ്രൊഫസറുടെ നിയമനത്തിന് വേണ്ടി ഫിഷറീസ് വകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ 10 കോടിയിലധികം രൂപ കൈപ്പറ്റിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ ;

(ഡി) ഇതേ തുടർന്ന് ബഹു. കേരള ഗവർണ്ണർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കഫോസിൽ നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ Fish Processing Technology, Aquaculture, Fish Breeding, Fishery Biology, Fish Taxonomy, Fish Pathology എന്നീ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ ക്കെതിരായി WP(C) 5918/15, WP(C) 6112/15, WP(C) 6225/15, WP(C) 9054/15 യഥാക്രമം ശ്രീമതി സിന്ധു, ശ്രീമതി നിമ്മി ജോയ്സി, ശ്രീമതി നിഷ രാജ്, ശ്രീ. മനോജ് സി.കെ. എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ Writ Petition ഫയൽ ചെയ്തിട്ടുണ്ട്. ഇടക്കാല ഉത്തരവു പ്രകാരം ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല.

(സി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണം

164 (168) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ ഇൻറർനാഷണൽ എയർപോർട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പ്രവൃത്തികളാണ് ഇന്നേവരെ അവാർഡ് ചെയ്ത് നടന്നുവരുന്നത്:

1. റൺവെയും അനുബന്ധ പ്രവൃത്തികളും (എയർസൈഡ്) - 694 കോടി രൂപ (ഇ.പി.സി- 1)

2. ടെർമിനൽ ബിൽഡിംഗ്, എയർട്രാഫിക് കൺട്രോൾ ടവർ (സിറ്റി സൈഡ്) എന്നീ പ്രവൃത്തികൾ - 498 കോടി രൂപ.

   കൂടാതെ, ലിഫ്റ്റ്, എലിവേറ്റർ, എയ്റോ ബ്രിഡ്ജ്, കൺവെയർ ബെൽറ്റ്, ക്രാഷ് ഫയർ ടെണ്ടർ എന്നിവയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) റൺവെയുടെ പ്രവൃത്തി 55 ശതമാനവും ടെർമിനൽ ബിൽഡിംഗ് 35 ശതമാനവും പൂർത്തിയായിട്ടുണ്ട്.

**ആറന്മുള വിമാനത്താവളം**

165(169) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) വിമാനത്താവളത്തിനുള്ള കേന്ദ്ര അനുമതി സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച നിജസ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറന്മുള വിമാനത്താവളത്തിന് ലഭ്യമായ പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കിയതിനെ തുടർന്ന് പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ് ഗ്രൂപ്പ് പുതിയ അപേക്ഷ നൽകിയതായും അത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ വിലയിരുത്തൽ സമിതി (EAC) യുടെ 143-ാമത് യോഗത്തിൽ പരിഗണനക്കുവന്നതായും അറിയുന്നു.

(ബി) പല വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിമാനത്താവള പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകുന്നത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്.

**കണ്ണൂർ വിമാനത്താവള പദ്ധതി**

166 (170) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 1. വിമാനത്താവളത്തിനുവേണ്ടി ഇതിനകം 1278 ഏക്കർ ഭൂമി രണ്ടുഘട്ടങ്ങളിലായി ഏറ്റെടുക്കുകയും ഇതിൽ 1265.88 ഏക്കർ ഭൂമി കിയാലിന് കൈവശം ലഭിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ ഇതുവരെയായി 612 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ആയത് ഇപ്പോൾ കിൻഫ്രയുടെ അധീനതയിലാണ്.

2. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധ മന്ത്രാലയത്തിന്റെയും ആഭ്യന്തര മന്ത്രാലയത്തിന്റെയും കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാല യത്തിന്റെയും അനുമതി DGCA സൈറ്റ് ക്ലിയറൻസും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.

3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടും (ഡി.പി.ആർ) മാസ്റ്റർ പ്ലാനും പ്രോജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവയും കണ്ണൂർ വിമാനത്താവളത്തിന്റെ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5 ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 55 ശതമാനം പൂർത്തിയായിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്നുള്ള പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്.

5. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി &എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 35 ശതമാനം പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽറ്റ് എന്നിവയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

6. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരി മൂലധനമായും ബാങ്കുവായ്പയായും സമാഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എയർപോർട്ട് പി.എസ്.യുവിന് വേണ്ടി നീക്കി വെച്ച 260 കോടിയിൽ 100 കോടി രൂപയുള്ള ധാരണാപത്രം ഉടൻ ഒപ്പുവയ്ക്കും. 160 കോടി രൂപയുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു. സ്വകാര്യമേഖലയ്ക്കുള്ള 160 കോടിയിൽ 140.56 കോടി രൂപയുള്ള ഷെയർ വിറ്റഴിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 892 കോടി രൂപ ബാങ്കുവായ്പ ലഭ്യമാക്കുന്നതിനായി കനറാബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യവുമായി ധാരണാപത്രം 2015 മേയ് 20 ന് ബാങ്കുകളും കിയാലും ഒപ്പുവച്ചു.

(ബി) ഉണ്ട്. കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയത്തിന്റെ 19 ജൂലൈ 2013-ലെ ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും 12-12-2013-ന് ലഭിച്ചിട്ടുണ്ട്.

(സി) വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 50 ശതമാനം പൂർത്തിയായിട്ടുണ്ട്. ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരം വരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 35 ശതമാനം പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽറ്റ്, ക്രാഷ് ഫയർ ടെണ്ടർ എന്നിവയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ഡി) 2015 ഡിസംബർ മാസത്തിൽ പരീക്ഷണപ്പറക്കൽ നടത്താനും 2016 മേയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഇ) നവരത്ന പദ്ധതിയിലുൾപ്പെട്ട കണ്ണൂർ വിമാനത്താവളത്തിന്റെ 'മിഷൻ 676' പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾക്ക് വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം വിമാനത്തിന്റെ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിലും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് 2016 മേയ് മാസത്തിലുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണം

167 (171) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണം നടക്കുന്ന സ്ഥലം ഉപയോഗയോഗ്യമാക്കുന്നതിന് സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനും സ്ഫോടനങ്ങൾ നടത്തുന്നതിനും ക്രമപ്രകാരമുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അതിനുവേണ്ടി എന്തെല്ലാം സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സുരക്ഷാക്രമീകരണങ്ങൾ ഉറപ്പുവരുത്താതെ സ്ഫോടനങ്ങൾ നടത്തിയതിന്റെ ഫലമായി സമീപവാസികളായ എത്രപേർക്ക് നാശനഷ്ടങ്ങളുണ്ടായതായി പരാതി

ലഭിച്ചിട്ടുണ്ടെന്നും പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നാശനഷ്ടങ്ങളുണ്ടായതായി പരാതി തന്നവരുടെ പരാതി പരിശോധിച്ച് എത്രപേർക്ക് നഷ്ടപരിഹാരം നൽകിയെന്നും ഓരോരുത്തർക്കും എത്ര തുക വീതം നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് ചെങ്കൽ പൊട്ടിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് മൈൻ & സേഫ്റ്റി (DGMS) നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ്. ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ്, നാഗ്പൂരിന്റെ 10-6-2014-ലെ E/HQ/KA/22/19 (E53779) നമ്പർ നിയമാനുസൃതമായ അനുമതി കത്ത് പ്രകാരമാണ് സ്ഫോടനം നടത്തുന്നത്. ഇതിലേക്കായി സ്ഫോടനവസ്തുക്കൾ കണ്ണൂർ ജില്ലയിൽ സൂക്ഷിച്ചിട്ടില്ല. അതാത് ദിവസങ്ങളിൽ ഉഡുപ്പിയിൽനിന്ന് പ്രവൃത്തി സ്ഥലത്ത് കൊണ്ടുവരുന്നതിനുള്ള കണ്ണൂർ ജില്ലാ കളക്ടറുടെ അനുമതി ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർ & ജില്ലാ മജിസ്ട്രേട്ടിന്റെ 27-5-2014-ലെ 2014/21264/13/D4-ാം നമ്പർ നടപടിക്രമവും, എൻ.ഒ.സി.യും, കണ്ണൂർ അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെ 7-2-2014-ലെ 2013/62968/13/D4-ാം നമ്പർ നടപടിക്രമം എന്നിവ പ്രകാരമാണ് സ്ഫോടനം നടത്തുന്നതിനും സ്ഫോടക വസ്തു പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിനും ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതി പ്രദേശത്ത് സ്ഫോടനം നടത്തുന്നതിന് ആക്ഷേപമില്ലെന്ന് കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 6-3-2014-ലെ എ 5/1274/14-ാം നമ്പർ നിരാക്ഷേപപത്രവും ലഭിച്ചിട്ടുണ്ട്. സ്ഫോടനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ വിമാനത്താവള കമ്പനി പരിഹരിക്കാൻ ശ്രദ്ധചെലുത്തുന്നുണ്ട്. സ്ഫോടനം സംബന്ധിച്ച കാര്യങ്ങൾക്ക് ഈ രംഗത്ത് വൈദഗ്ദ്ധ്യമുള്ളവരെ നിയോഗിച്ചിട്ടുണ്ട്. അത്യാധുനിക സംവിധാനമുള്ള യന്ത്രങ്ങളാണ് പ്രസ്തുത ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നത്. അനുവദനീയമായ വൈബ്രേഷൻ പരിധി 5 എം.എം. ആണെങ്കിലും 0.3 എം.എം. വരെ മാത്രമേ വൈബ്രേഷൻ ഇതുവരെ ഉണ്ടായിട്ടുള്ളൂ. അനുവദനീയമായ 130 ഡെസിബൽ ശബ്ദ പരിധിക്കുള്ളിൽ ഇതുവരെയായി 115-120 ഡെസിബൽ ശബ്ദം മാത്രമേ ഉണ്ടായിട്ടുള്ളൂ. ശബ്ദം റെക്കോർഡ് ചെയ്യുന്നതിനും മറ്റും അത്യാധുനിക യന്ത്രം ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ ഏജൻസികൾ നിഷ്കർഷിക്കുന്ന എല്ലാ സുരക്ഷാ ക്രമീകരണങ്ങളും സ്വീകരിച്ചാണ് സ്ഫോടനം നടത്തുന്നത്. സാങ്കേതികമായ ഒരു വീഴ്ചയും ഇതുവരെ ഉണ്ടായിട്ടില്ല. എങ്കിൽക്കൂടി സമീപവാസികൾ ബ്ലാസ്റ്റിംഗ്കൊണ്ട് വീടിന് വിള്ളൽ ഉണ്ടായതായി പരാതികൾ ഉന്നയിച്ചിട്ടുണ്ട്. ഇതുവരെ 185 പരാതികൾ കിയാലിന് ലഭിച്ചിട്ടുണ്ട്. ഇതിനോടകം 143 പരാതികൾക്ക് 30,37,000 രൂപ വിതരണം ചെയ്തു.

14-2-2015-ന് എക്സൈസ്, പോർട്സ് & ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷിയോഗത്തിൽ പൊളിറ്റിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ കൺവീനറായി സ്പെഷൽ തഹസിൽദാർ എൽ.എ. എയർപോർട്ട് നമ്പർ 1-നെ നിയമിക്കുകയും ചെയ്തു. സ്ഫോടനവുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളും ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് ബ്ലാസ്റ്റിംഗ് തുടരുന്നു. ഇതിനോടകം 5 പ്രാവശ്യം ഈ കമ്മിറ്റി യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തി. 14-2-2015-ലെ യോഗത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയെയും നിയോഗിച്ചു. ബ്ലാസ്റ്റിംഗുമായി ബന്ധപ്പെട്ട് കിട്ടുന്ന പരാതികൾ പരിശോധിച്ച് നഷ്ടപരിഹാരം നിർദ്ദേശിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യാൻ 30 ലക്ഷം രൂപ ജില്ലാകളക്ടറെ മുൻകൂറായി ഏൽപ്പിച്ചിട്ടുണ്ട്.

(സി) ഇതുവരെ 143 പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

168 (172) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ നിർമ്മാണത്തിനായി ഇതിനോടകം എത്ര ഭൂമി ഏറ്റെടുക്കുകയുണ്ടായി ;

(ബി) ആകെ എത്ര ഭൂവുടമകളിൽ നിന്നുമാണ് ഭൂമി ഏറ്റെടുത്തത് ;

(സി) എത്ര ഭൂവുടമകൾക്ക് ഇതിനോടകം നഷ്ടപരിഹാരം നൽകുകയുണ്ടായെന്നും നഷ്ടപരിഹാരം നൽകുന്നതിനായി എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കുമോ ;

(ഡി) നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ഭൂവുടമകളാരെങ്കിലും കോടതി വ്യവഹാരങ്ങൾക്ക് പോയിട്ടുണ്ടോയെന്നും എത്ര ഭൂവുടമകൾ ഇപ്രകാരം കോടതി വ്യവഹാരത്തിലേർപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഇനി ആകെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 765.5957 ഹെക്ടർ ഭൂമി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2584.

(സി) 2584 ഭ്രവ്യടമകൾക്ക് മൂന്ന് ഘട്ടങ്ങളിലായി 666,40,34,177 (അറുന്നൂറ്റി അറുപത്തി ആറുകോടി നാൽപതു ലക്ഷത്തി മുപ്പത്തിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തി ഏഴ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 424 ഭ്രവ്യടമകൾ.

(ഇ) കോടതി വ്യവഹാരത്തിൽ ഉൾപ്പെടാത്ത ഭ്രവ്യടമകൾക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയില്ല.

**കോഴിക്കോട് വിമാനത്താവളത്തിന്റെ അറ്റകുറ്റപ്പണികൾ**

169 (173) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിൽനിന്നുള്ള ഏതെങ്കിലും സർവ്വീസുകൾ റദ്ദാക്കുകയോ, വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം സർവ്വീസുകൾ ഇങ്ങനെ മാറ്റം വരുത്തി എന്നും, ഇതിനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ ;

(സി) എയർപോർട്ട് അതോറിറ്റിയിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) എത്രകാലത്തേക്കാണ് എയർപോർട്ട് അടച്ചിടുന്നതിന് ഉദ്ദേശിക്കുന്നത് ;

(ഇ) എയർപോർട്ടിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; അറ്റകുറ്റപ്പണികൾ എന്ന് ആരംഭിച്ച് എന്നേക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ ;

(എഫ്) അറ്റകുറ്റപ്പണികൾ ഉടനെ പൂർത്തീകരിച്ച് പൂർവ്വസ്ഥിതിയിൽ സർവ്വീസ് നടത്തുന്നതിനും അതുവരെ ചെറുവിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റദ്ദാക്കിയ സർവ്വീസുകൾ :

1 എയർ ഇന്ത്യ-കാലിക്കറ്റ്- നിലവിലുണ്ടായിരുന്ന

| | | |
|---|---|---|
| | റിയാദ് | ആഴ്ചയിൽ മൂന്ന് സർവ്വീസുകൾ |
| 2 | എയർ ഇന്ത്യ-കാലിക്കറ്റ്-ജിദ്ദ | പ്രതിദിന സർവ്വീസ് |
| 3 | സൗദി-കാലിക്കറ്റ്-റിയാദ് | ഒന്നിടവിട്ട സർവ്വീസ് |
| 4 | സൗദി-കാലിക്കറ്റ്-ദമാം | ഒന്നിടവിട്ട സർവ്വീസ് |
| 5 | എമിറേറ്റ്സ്-കാലിക്കറ്റ്-ദുബായ് | പ്രതിദിന സർവ്വീസ് |

റൺവേ നിർമ്മിച്ചിരിക്കുന്നത് പരമാവധി കോഡ് ഡി വിമാനങ്ങൾക്കു (A 310 വരെ) മതിയാവുന്ന ബലത്തിലും നീളത്തിലുമാണ്. നിരന്തരമായി (B 747 പോലുള്ള) ഭാരം കൂടി വിമാനങ്ങൾ ഉപയോഗിച്ചതിനാൽ 2014 മുതൽ റൺവേ പൊളിഞ്ഞുപോകാൻ തുടങ്ങുകയും താൽക്കാലിക അറ്റകുറ്റപണികൾ കൊണ്ട് റൺവേ നിലനിർത്താൻ പറ്റാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. അതിനാൽ വിമാനങ്ങളുടെയും വൈമാനികരുടെയും യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയിൽ എയർലൈൻസ് ഓപ്പറേറ്റർമാരുമായി കൂടിയാലോചിച്ചാണ് വലിയ ഭാരം കൂടിയ വിമാനങ്ങൾക്ക് ഉപയോഗയോഗ്യമാക്കാം എന്ന് ഉറപ്പാക്കുംവരെ റൺവേയുടെ ക്ഷമതയ്ക്കു ചേർന്ന വിമാനങ്ങൾ മാത്രം അനുവദിച്ചാൽ മതിയെന്ന തീരുമാനം നടപ്പിലാക്കിയത്.

(സി) ഉണ്ട്. 25-4-2015-ൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ എയർപോർട്ട് ഡയറക്ടർ ഇക്കാര്യങ്ങൾ അറിയിച്ചിരുന്നു.

(ഡി) എയർപോർട്ട് മുഴുവനായി അടച്ചിടുന്നില്ല. 2015 സെപ്റ്റംബർ 15 മുതൽ 18 മാസക്കാലം പ്രതിദിനം 8 മണിക്കൂർ (പകൽ 12 മണി മുതൽ രാത്രി 8 മണി വരെ) റൺവേ ബലപ്പെടുത്തുന്നതിനും ഇപ്പോൾ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുംവേണ്ടി റൺവേ ഉപയോഗം നിർത്തിവയ്ക്കുന്നതാണ്.

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അറ്റകുറ്റപണികൾ 2015 സെപ്റ്റംബർ 15 മുതൽ ആരംഭിച്ച് ഏകദേശം 18 മാസക്കാലം കൊണ്ട് പൂർത്തിയാക്കാനാണ് പദ്ധതി.

(എഫ്) അറ്റകുറ്റപ്പണികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാനും അതുവരെ പ്രതിദിനം 16 മണിക്കൂർ റൺവേയുടെ ക്ഷമതയ്ക്കുചേർന്ന വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് പീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ**

170 (174) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ജാമ്യത്തിൽ വിട്ടയക്കപ്പെട്ട എത്രയാളുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യലിനേയും പോലീസിന്റെ മറ്റു നിലയിലുള്ള ഇടപെടലുകളെയും തുടർന്ന് ആത്മഹത്യ ചെയ്യുകയുണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിനിരയായ രാജാജി നഗറിലെ സുജിത്ത് (ജിത്തു) എന്ന യുവാവിന്റെ ആത്മഹത്യയെ തുടർന്ന്, പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; മേൽപ്പറഞ്ഞ യുവാവിനെ സ്റ്റേഷനിൽ മർദ്ദിച്ച പോലീസുകാർ ആരൊക്കെയായിരുന്നു ; അവർക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് കസ്റ്റഡിയിൽ നിന്നും വിട്ടയച്ചതിനുശേഷം സുജിത്, S/o സുനിൽകുമാർ എന്നൊരാൾ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (കന്റോൺമെന്റ് പോലീസ് ക്രൈം നമ്പർ 699/2015 u/s. 174 CrPC).

(ബി) ഉണ്ട്. അന്വേഷണം നടത്തിവരുന്നു. യുവാവിനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായി വെളിവായിട്ടില്ല.

**ഡി.വൈ.എസ്.പി.-മാരുടെ സ്ഥാനക്കയറ്റം**

171 (175) ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിരമിക്കാൻ 15 ദിവസം ബാക്കി നിൽക്കെ നാല് ഡി.വൈ.എസ്.പി. മാർക്ക് എസ്.പി.മാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ ;

(ബി) രണ്ട് കേഡർ എസ്.പി.മാരെ അവധിയിൽ പ്രവേശിപ്പിച്ചും രണ്ട് ഡി.വൈ.എസ്.പി.മാരെ സ്ഥലം മാറ്റിയും കൃത്രിമമായി ഒഴിവുകൾ ഉണ്ടാക്കിയാണ് സ്ഥാനക്കയറ്റം നൽകിയത് എന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡി.വൈ.എസ്.പി.മാരായ രതീഷ് കൃഷ്ണൻ, പി. വി. ചാക്കോ, ഡി. രാജേന്ദ്രൻ, എസ്. സനൽകുമാർ എന്നിവർക്ക് എസ്.പി.മാരായി സ്ഥാനക്കയറ്റം

നൽകിയത് ഏത് തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ;

(ഡി) പ്രസ്തുത സ്ഥനക്കയറ്റം നടത്തുമ്പോൾ ബന്ധപ്പെട്ടവർക്ക് വിരമിക്കുന്നതിന് അവശേഷിക്കുന്ന ദിവസങ്ങൾ എത്രയായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-5-2015-ാം തീയതി വിരമിക്കാനുള്ള രണ്ട് ഡി.വൈ.എസ്.പി.-മാർക്ക് 13-5-2015-ലും ഒരു ഡി.വൈ.എസ്.പി.-ക്ക് 29-5-2015-ലും സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) 13-5-2015-ലെ സ.ഉ.(സാ) നമ്പർ 1126/2015/ആഭ്യന്തരം പ്രകാരം.

(ഡി) മേൽ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് സർവ്വീസിൽ നിന്നും വിരമിക്കുവാൻ അവശേഷിച്ച ദിവസങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (i) | ശ്രീ. രതീഷ് കൃഷ്ണൻ | 2 വർഷവും 19 ദിവസവും |
| (ii) | ശ്രീ. പി. വി. ചാക്കോ | 1 വർഷവും 19 ദിവസവും |
| (iii) | ശ്രീ. രാജേന്ദ്രൻ, ഡി. | 19 ദിവസം |
| (iv) | ശ്രീ.സനൽകുമാർ, എസ്. | 19 ദിവസം |
| (v) | ശ്രീ. എം. വി. രാജേന്ദ്രൻ | 3 ദിവസം |

## വ്യാജ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയത് സംബന്ധിച്ച കേസ്

172 (176) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എറണാകുളം തോപ്പുംപടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ യുണൈറ്റഡ് ഗ്യാസ് ഏജൻസി നടത്തുന്ന കൃഷ്ണദേവ് ഗൗർ, വ്യാജ പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയത് സംബന്ധിച്ച് തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ; കേസ് നമ്പർ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ക്രൈം 668/2015 നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**ലൈംഗിക പീഡന കേസുകളുടെ എണ്ണം**

173(177) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട ലൈംഗിക പീഡനക്കേസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായെന്നും എത്ര കേസ്സുകൾ കോടതിയിൽ എത്തിച്ച് വിചാരണ പൂർത്തിയാക്കി എന്നും വ്യക്തമാക്കാമോ ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, വെറുതെ വിട്ടവർ, ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികൾ എന്നിവരെത്ര ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 22950 കേസുകൾ.

(ബി) ഇതിൽ 20149 കേസുകൾ അന്വേഷണം പൂർത്തിയാവുകയും 1769 കേസുകൾ കോടതിയിലെത്തിച്ച് വിചാരണ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| (സി) ശിക്ഷിക്കപ്പെട്ടവർ | - | 459 |
| വെറുതെ വിട്ടവർ | - | 1296 |
| ഇനിയും അറസ്റ്റ് ചെയ്യാനുള്ളവർ | - | 1626 |

**ലോക്കപ്പ് മരണങ്ങൾ**

174 (178) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാമാണെന്നും ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത മരണങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) എങ്കിൽ ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടില്ല.

(ബി - ഡി) ബാധകമല്ല.

**ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം**

175 (179) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് 21 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ആക്രമണങ്ങളിൽ 4 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 164 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 54 പേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്.

**മയക്കുമരുന്ന് കച്ചവടവും ഉപയോഗവും**

176 (180) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നഗരങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് കച്ചവടവും ഉപയോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മയക്കമരുന്ന് ഉപയോഗിച്ചുള്ള ഡി.ജെ. പാർട്ടികൾ നിരോധിക്കുന്നതിനും പാർട്ടികളിൽ മയക്കമരുന്നുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങൾ ഉപയോഗിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയുന്നതിനായി കർശനമായ വാഹന പരിശോധനയും റെയ്ഡുകളും നടത്തി വരുന്നു. കൂടാതെ റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ടൂറിസ്റ്റ് ബസ്സുകൾ എന്നിവ പ്രത്യേകം നിരീക്ഷിച്ചും പരിശോധനകൾ നടത്തിയും വിദേശ നിർമ്മിത മയക്കുമരുന്നുകൾ സംസ്ഥാനത്ത് എത്തുന്നത് തടയുന്നു.

**മയക്കമരുന്ന് മാഫിയകൾ**

177 (181) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് മാഫിയകൾ സജീവമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ എത്ര കേസ്സുകൾ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) എത്ര വിദേശികൾ ഇത്തരം കേസ്സുകളിൽ പ്രതികൾ ആയിട്ടുണ്ട് ; ഇവരുടെ പേര് വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം NDPS ആക്ട് പ്രകാരം 4694 കേസുകൾ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളില 6 വിദേശികൾ പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊലപാതകങ്ങളുടെ വിശദാംശം**

178(182) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ച കേസ്സുകളെത്ര; ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത കേസ്സുകളെത്ര ; വ്യക്തമാക്കാമോ ;

(സി) ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം ഇവയുമായി ബന്ധപ്പെട്ട് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ 1492 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ 1115 കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു. ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത 45 കേസുകളുണ്ട്.

(സി) ഗുണ്ടാ ആക്രമണവുമായി ബന്ധപ്പെട്ട് 10 പേരും മതസ്പർദ്ധയുമായി ബന്ധപ്പെട്ട് 3 പേരും ധനാപഹരണവുമായി ബന്ധപ്പെട്ട് 80 പേരും കൊല്ലപ്പെട്ടിട്ടുണ്ട്. മാഫിയ ആക്രമണവുമായി ബന്ധപ്പെട്ട് ആരുംതന്നെ കൊല്ലപ്പെട്ടിട്ടില്ല.

**നാടുകടത്തപ്പെട്ടവർ**

179 (183) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജാമ്യവ്യവസ്ഥയനുസരിച്ച് സ്വന്തം വീട്ടിൽ ആഭ്യന്തരവും വിജിലൻസും പ്രവേശിക്കാൻ കഴിയാതെ നാടുകടത്തപ്പെട്ടവർ എത്രയുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത്തരക്കാർക്ക് പുറത്ത് താമസിക്കാൻ വീടും ചെലവും നൽകണമെന്ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നാടുകടത്തപ്പെട്ട ആർക്കെല്ലാം പോലീസ് ചെലവിന് കൊടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ജാമ്യം നൽകുന്നതിനെ എതിർത്ത പോസീസ്, നാടുകടത്തപ്പെട്ടതിന് ശേഷം അങ്ങനെയുള്ളവർ താമസിക്കുന്നത് എവിടെയാണെന്നോ അവർ ജിവിക്കുന്നത് എങ്ങിനെയാണെന്നോ അന്വേഷിക്കാറുണ്ടോ ?

<u>ഉത്തരം</u>

(എ) 165 പേർ.

(ബി) ഇത്തരം വിധി പ്രസ്താവിച്ചതായി അറിവായിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നാടുകടത്തപ്പെട്ടതിനുശേഷം അങ്ങനെയുള്ളവരുടെ പുതിയ മേൽവിലാസവും അവരുടെ പ്രവർത്തനവും ബന്ധപ്പെട്ട എസ്.എച്ച്.ഒ.-മാർ അന്വേഷിച്ച് വിവരം ശേഖരിച്ചുവരുന്നു.

**ഐ.ജി. ടി.ജെ. ജോസിനെതിരെയുള്ള കോപ്പിയടി ആരോപണം**

180 (184) <u>ശ്രീ. എം. എ. ബേബി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണ വിധേയനായ ഐ.ജി. ടി. ജെ. ജോസ് നിലവിൽ സർവ്വീസിൽ ഉണ്ടോ ; ഇദ്ദേഹത്തിനെതിരെ സ്വീകരിച്ച ശിക്ഷണ നടപടികൾ വിശദമാക്കാമോ ;

(ബി) സംഭവം അന്വേഷിച്ച എ.ഡി.ജി.പി. ശങ്കർ റെഡ്ഡിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) കോപ്പിയടിച്ചു എന്ന് പറയപ്പെടുന്ന ഐ.ജി. ടി. ജെ. ജോസിന്റെ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചും, പി.എസ്.സി. സെലക്ഷൻ സംബന്ധിച്ചും അന്വേഷണം നടത്തുമോ ?

<u>ഉത്തരം</u>

(എ&ബി) എം.ജി. സർവ്വകലാശാല എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണ വിധേയനായ ഐ.ജി. ടി.ജെ. ജോസിനെതിരെ നോർത്ത് സോൺ എ.ഡി.ജി.പി. പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റേഞ്ച് ഐ.ജി.യുടെ ചുമതലയിൽനിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**യു.എ.പി.എ, കാപ്പ നിയമങ്ങളുടെ ദുരുപയോഗം**

181 (185) <u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസെടുത്ത് ജയിലിലടയ്ക്കുകയും നാടുകടത്തുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശങ്ങൾക്ക് അനുസൃതമായി കൊടും ക്രിമിനലുകൾക്കെതിരെ ഉപയോഗിക്കാതിരിക്കുകയും രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്കെതിരെ വിനിയോഗിക്കുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങളുടെ ദുർവിനിയോഗത്തെ തുടർന്ന് കോടതികൾക്ക് ഇടപെടേണ്ടിവന്നിട്ടുള്ളതായി അറിയാമോ ;

(ഡി) കാപ്പ നിയമപ്രകാരം പോലീസ് എടുത്ത എത്ര നടപടികൾ കോടതി പിന്നീട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റദ്ദ് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത് അത്തരം കോടതി ഇടപെടലുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിച്ച 71 കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ ഈ സർക്കാരിന്റെ കാലത്ത് കോടതി റദ്ദുചെയ്തിട്ടുണ്ട്. പ്രതി ചെയ്ത അവസാനത്തെ കുറ്റകൃത്യം നടന്ന തീയതിവച്ച് കണക്കാക്കുമ്പോൾ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ കാലതാമസമുണ്ടാകുക, പ്രഥമ വിവര സ്റ്റേറ്റ്മെന്റുകൾ, സാക്ഷിമൊഴികൾ, ജാമ്യ ഉത്തരവുകൾ, ക്രിമിനൽ നടപടിക്രമത്തിലെ സെക്യൂരിറ്റി നടപടികൾ എന്നിവയെ സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട വ്യക്തിക്ക് നൽകാതിരിക്കുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽനിന്നും തടയുന്നതിന് സി.ആർ.പി.സി. 107-ാം വകുപ്പുപ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ പോലെയുള്ള സാധാരണ നിയമനടപടികൾ പര്യാപ്ത മായിരുന്നോയെന്ന് പരിശോധിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടറി നടപടിക്രമങ്ങളും പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തുന്ന കേസുകളിലാണ് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദുചെയ്തിട്ടുള്ളത്.

**സി.പി.ഐ.(എം) പ്രവർത്തകൻ വിജയനെ കൊലപ്പെടുത്തിയ കേസ്**

182(186) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര, കാരപ്പൊറ്റയാലിൽ സി.പി.ഐ.(എം) പ്രവർത്തകൻ വിജയനെ ആർ.എസ്.എസ്.കാർ കൊലപ്പെടുത്തിയ കേസ്സിൽ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് ചാർജ് ചെയ്ത കേസ്സിൽ ആകെ എത്ര പ്രതികളാണ് ഉള്ളത് ; എത്ര പേരെ അറസ്റ്റ് ചെയ്തു ; പ്രതികൾ ആരെല്ലാമാണ് ;

(സി) ഈ കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന

ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മുഴുവൻ പ്രതികളെയും അറസ്റ്റുചെയ്ത് കുറ്റപത്രം സമർപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 5 പ്രതികളിൽ 2 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

(ബി) പോലീസ് ചാർജ് ചെയ്ത കേസിൽ അഞ്ചുപേരെ പ്രതികളാക്കിയിട്ടുള്ളതും ഒന്നും രണ്ടും പ്രതികൾ 7-5-2015-ന് കോടതിയിൽ കീഴടങ്ങിയിട്ടുള്ളതും മൂന്നാം പ്രതിയായ മിഥുൻ എന്നയാളെ 8-5-2015-ന് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. നാലും അഞ്ചും പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

A1 - പവൻ @ സുജീഷ്, വയസ്സ് 26, S/o സുദേവൻ,
പടിഞ്ഞാറെ മുറി, കാരപ്പൊറ്റ.

A2 - ജനീഷ്, വയസ്സ് 21, S/o ജനാർദ്ദനൻ,
കുടല്ലൂർ വീട്, കാരപ്പൊറ്റ, കണ്ണമ്പ്ര.

A3 - മിഥുൻ, വയസ്സ് 22, S/o രാധാകൃഷ്ണൻ,
പടിഞ്ഞാറെ മുറി, കുന്നംപുരം, കണ്ണമ്പ്ര.

A4 - ചാരുഷ്, വയസ്സ് 20, S/o ചന്ദ്രൻ കുന്നംപുരം, കാരപ്പൊറ്റ, കണ്ണമ്പ്ര.

A5 - സുമേഷ്, വയസ്സ് 24, S/o ബാലൻ, അത്താണി പറമ്പ്,
കാരപ്പൊറ്റ, കണ്ണമ്പ്ര.

(സി) ആവശ്യം പരിശോധിച്ചുവരുന്നു.

(ഡി) സ്വീകരിച്ചുവരുന്നു.

## എസ്.സി/എസ്.റ്റി അട്രോസിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

183 (187) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എസ്.സി./എസ്.റ്റി. അട്രോസിറ്റീസ് ആക്ട് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസ്സുകളിന്മേൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ടെന്നും എന്തു തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പോലീസ് പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 3,766 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,616 കേസ്സുകളിന്മേൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്. ഈ വകുപ്പിൽ ലഭ്യമായ കണക്ക് പ്രകാരം 1,46,88,262 രൂപ (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി എൺപത്തി എണ്ണായിരത്തി ഇരുനൂറ്റി അറുപത്തി രണ്ട് രൂപ) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു*.

(ബി) 7 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II -ൽ ചേർത്തിരിക്കുന്നു*.

(സി) സ്വീകരിച്ച നടപടി സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു*.

**അമിതപലിശ ഈടാക്കൽ നിരോധന നിയമപ്രകാരമുള്ള കേസുകൾ**

184 (188) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) ഇതിൽ അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം 2302 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ 2972 പേർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതിൽ 758 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ശ്രീ. എ. സുനിൽ രാജിന്റെ പ്രമോഷൻ**

185 (189) ശ്രീ. എ. റ്റി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ എച്ച്.എച്ച്.ഡബ്ല്യൂ.-1, സി.ബി.സി.ഐ.ഡി., എസ്.ഐ. ശ്രീ. എ. സുനിൽ രാജിനെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലിൽ (നമ്പർ 897225/ എ 3/14/ആഭ്യന്തരം) തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ, ശ്രീ. എ. സുനിൽരാജിനെ പ്രമോട്ട് ചെയ്യണമെന്ന അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതിനാലും വിജിലൻസ് കേസ്സിൽ വിചാരണ ഇതുവരെ ആരംഭിക്കാത്തതിനാലും മറ്റ് ശിക്ഷണ നടപടികൾ ഒന്നും ശ്രീ. എ. സുനിൽ രാജിന് എതിരെ നിലവിൽ ഇല്ലാത്തതിനാലും അദ്ദേഹത്തെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 16-10-2014-ലെ 87225/എ 3/14/ആഭ്യന്തരം നമ്പർ പ്രകാരം ശ്രീ. സുനിൽ രാജ് എസ്.ഐ. യുടെ അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ അതേ അവസരത്തിൽ എസ്.ഐ. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി തനിക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ. സുനിൽരാജ് 251/2014 നമ്പർ പ്രകാരം ഹർജി ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ട്രൈബ്യൂണൽ 3-6-2014-ന്റെ വിധിന്യായത്തിൽ ശ്രീ. സുനിൽരാജിന്റെ മേൽ പരാമർശിച്ച അപേക്ഷ റിവ്യൂ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) മുമ്പാകെ ഉത്തരവിന്റെ പകർപ്പ് കിട്ടി രണ്ട് മാസത്തിനുള്ളിൽ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ 17-9-2014-ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി. (ലോവർ) പരിശോധി ക്കുകയുണ്ടായി. അദ്ദേഹത്തിനെതിരെയുള്ള വിജിലൻസ് കേസ് (VC. 04/2008/ALP) ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷൻ&സ്പെഷ്യൽ ജഡ്ജ്, കോട്ടയം കോടതിയിൽ വിചാരണയിൽ ഇരിക്കുന്നതിനാൽ അതിന്മേൽ അന്തിമവിധി വരുംവരെ കാത്തിരിക്കുവാൻ ഡി.പി.സി. തീരുമാനിക്കുകയും അതനുസരിച്ച് അദ്ദേഹത്തിന്റെ അപേക്ഷ നിരസിച്ച്

ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

**കാപ്പ - ആക്ട്**

186 (190) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ കാപ്പ-ആക്ട് പ്രകാരം എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ എത്ര പൊതു പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട് ;

(സി) ജസ്റ്റിസ് രാംകുമാർ കമ്മിറ്റിയുടെ മുൻപിൽ പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ പിൻവലിക്കാൻ കമ്മിറ്റി നിർദ്ദേശിച്ചുവെന്നും ഓരോ ജില്ലയിലും എത്ര പേർ വീതമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര പേർക്കെതിരെ കാപ്പ ചുമത്തുകയുണ്ടായെന്നും അവരിൽ എത്ര പൊതു പ്രവർത്തകർ ഉണ്ടെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) ഇവയിൽ ജ. രാംകുമാർ കമ്മിറ്റിയുടെ മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ട എത്ര കേസ്സുകളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(എഫ്) ഇതിൽ ജ. രാംകുമാർ കമ്മിറ്റി ഏതെങ്കിലും കേസ്സുകൾ പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ജി) ഇപ്രകാരം പിൻവലിച്ചിട്ടുണ്ടെങ്കിൽ ജ. രാംകുമാർ കമ്മിറ്റിയുടെ ജഡ്ജ് മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ; നിലവിൽ പ്രസ്തുത കമ്മിറ്റി മുമ്പാകെ പെൻഡിങ്ങ് ഉള്ളതായി വിവരം ലഭ്യമാണോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം 964 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഈ നിയമപ്രകാരം നടപടി സ്വീകരിക്കുന്നവരുടെ രാഷ്ട്രീയ സാമൂഹികബന്ധം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റിട്ട. ജസ്റ്റിസ് രാംകുമാർ ചെയർമാനായുള്ള അഡ്വൈസറി ബോർഡ് കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നൽകാറില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ പരിശോധിച്ച് തടങ്കലിന് മതിയായ കാരണമുണ്ടോ എന്നതു സംബന്ധിച്ച ഉപദേശമാണ് നൽകുന്നത്. കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നൽകാറില്ല.

(ഡി&ഇ) ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനുകളിലായി 14 പേർക്കെതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ കരുതൽ തടങ്കലിൽ വെച്ചിട്ടുള്ള എല്ലാവരുടെയും കേസുകൾ ഉപദേശക ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ നിയമ പ്രകാരം നടപടിയ്ക്ക് വിധേയരാകുന്നവരുടെ രാഷ്ട്രീയ സാമൂഹിക ബന്ധങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കാറില്ല.

(എഫ്&ജി) അഡ്വൈസറി ബോർഡ്, കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം നൽകാറില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം പുറപ്പെടുവിക്കുന്ന കരുതൽ തടങ്കൽ ഉത്തരവുകൾ പരിശോധിച്ച് തടങ്കലിന് മതിയായ കാരണമുണ്ടോ എന്നതു സംബന്ധിച്ച ഉപദേശമാണ് നൽകുന്നത്. കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട 19 കേസുകൾ ഇപ്പോൾ അഡ്വൈസറി ബോർഡിന്റെ പരിഗണയിലുണ്ട്.

**വനിതാ എം.എൽ.എ മാർ നൽകിയ പരാതി**

187 (191) <u>ശ്രീ. എ. കെ. ബാലൻ</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനിതാ എം.എൽ.എ.മാർ തങ്ങൾക്ക് ചിലരിൽനിന്നും മാനസികവും ശാരീരികവുമായുണ്ടായ ദുരനുഭവങ്ങൾ സംബന്ധിച്ച് പോലീസ് മേലധികാരിയ്ക്ക് നൽകിയ പരാതികളിൽ പോലീസ് മേലധികാരി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിൽനിന്നും നിയമോപദേശം തേടുകയുണ്ടായോ ; ലഭിച്ച ഉപദേശം എന്തായിരുന്നു ; ഇത് സുപ്രീംകോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധി പ്രസ്താവങ്ങൾക്ക് എത്രത്തോളം നിരക്കുന്നതാണ് ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു കേസ് ക്രൈംബ്രാഞ്ചിന്റെ

അന്വേഷണത്തിലായതിനാൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വനിതാ എം.എൽ.എ. മാരുടെ പരാതികളും ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. പരാതി സംഗതികൾ നിയമസഭാ സാമാജികർക്കുള്ള പ്രിവിലേജുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധ കൂടി ആവശ്യമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി ഈ വിഷയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നതേയുള്ളൂ.

**ബാർ കോഴ പ്രശ്നം**

188 (192) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാറുകൾ തുറക്കുന്നതും അടച്ചുപൂട്ടുന്നതും സംബന്ധിച്ച നയങ്ങളുടേയും നടപടികളുടേയും ഭാഗമായി നടന്നതായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ബാർ കോഴ പ്രശ്നത്തിൽ അരോപണ വിധേയരായ മന്ത്രിമാർ ആരൊക്കെ ; ഓരോ മന്ത്രിമാരെക്കുറിച്ചും ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ആരോപണങ്ങളെല്ലാം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) അന്വേഷണത്തിന്റെ ഭാഗമായി എത്ര പേർ ചോദ്യം ചെയ്യപ്പെട്ടു ; അതിൽ മന്ത്രിമാർ എത്ര ; അല്ലാത്തവർ ആരൊക്കെ ; എത്ര ശബ്ദരേഖകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിച്ചു ;

(ഇ) തെളിവുകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രീ. കെ. എം. മാണി ഒരു കോടി രൂപ ബാർ ഉടമകളിൽനിന്ന് കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശിന്റെ ആരോപണവും, വി.സി. 06/2014/എസ്.ഐ.യു I കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് അദ്ദേഹം മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കൈക്കൂലി ആവശ്യപ്പെട്ടു എന്ന പ്രസ്താവനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം.

മാണി, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവർ ആരോപണ വിധേയരാണ്. ശ്രീ. കെ.എം.മാണി ഒരു കോടി രൂപ ബാർ ഉടമകളിൽനിന്ന് കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ആക്ഷേപം ഉന്നയിച്ച വിഷയം സംബന്ധിച്ച് 1-11-2014-ൽ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ നൽകിയ പരാതിയിന്മേൽ ഒരു വിജിലൻസ് കേസ് (വി.സി. 06/2014/എസ്.ഐ.യു. I) രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം പുരോഗമന ഘട്ടത്തിലാണ്. ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് വി.സി.06/2014/എസ്.ഐ.യു-I കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കൈക്കൂലി ആവശ്യപ്പെട്ടു എന്ന് പ്രസ്താവിക്കുകയുണ്ടായി. ടി വിഷയം വി.സി.06/ 2014/എസ്.ഐ.യു-I മായി ബന്ധപ്പെട്ടതല്ലെന്ന് ടി കേസിലെ അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ ടി വിഷയത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, അന്വേഷണം നടന്നുവരുന്നതുമാണ്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണിക്കെതിരെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. ശ്രീ. കെ. ബാബുവിനെതിരെ പ്രസ്താവിച്ച കാര്യത്തിൽ അന്വേഷണം നടന്നുവരികയാണ്. ടി കാര്യങ്ങൾ കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആകയാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) കോടതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) ടി വിഷയത്തിൽ റെയ്ഡുകൾ ഒന്നും നടത്തിയിട്ടില്ല.

**ബാർ കോഴ അന്വേഷണം**

189 (193) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ അന്വേഷണം നടത്തുന്ന വിജിലൻസ് വിഭാഗം, മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ബാറുടമകൾ കോടികൾ നൽകിയതായി പറയപ്പെടുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയതായ ബാർ ഹോട്ടൽസ് ഓണേഴ്സ് അസോസിയേഷന്റെ കണക്ക് പുസ്തകം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബാറുടമയിൽനിന്നും പിരിച്ചെടുത്ത പണം ആർക്കെല്ലാം എവിടെയെല്ലാം വെച്ച് നൽകുകയുണ്ടായിട്ടുണ്ടെന്നതിനുള്ള തെളിവുകൾ പ്രസ്തുത കണക്കുപുസ്തകത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണെന്ന് ബിജുരമേശിന്റെ മൊഴി ഉണ്ടായിരുന്നുവോ ;

(സി) എങ്കിൽ പ്രസ്തുത കണക്ക് പുസ്തകം കസ്റ്റഡിയിൽ എടുക്കുന്നതിനും പരിശോധിക്കുന്നതിനും തയ്യാറാകാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ&സി) ബാർ കോഴയുമായി ബന്ധപ്പെട്ട പണമിടപാടുകളെപ്പറ്റിയുള്ള വിജിലൻസ് കേസ് അന്വേഷണം പുരോഗതിയിലാണ്. അതിനാൽ പ്രസ്തുത അന്വേഷണത്തെ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

190 (194) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഇതിനായി മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഏതുവിധമാണെന്ന് വ്യക്തമാക്കാമോ ;

(സി) നഗരൂരിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ -സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഒരു മുൻഗണന ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ പരിഷ്കാര വകുപ്പ് ഒരു പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ**

191 (195) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പോലീസ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(സി) ഏതെങ്കിലും തരത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലാണോ മാനദണ്ഡങ്ങൾ തയ്യാറാക്കിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പഠനങ്ങൾ നടന്നുകഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും, അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമായ പ്രവർത്തികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് തികച്ചും അടിയന്തരമായ സാഹചര്യങ്ങളിൽ മാത്രമാണ്.

(ബി) കുറ്റകൃത്യങ്ങളുടെ ബാഹുല്യം, ക്രമസമാധാന പ്രശ്നങ്ങൾ, ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾ, ജനബാഹുല്യം, ഭൂപ്രകൃതി, തീവ്രവാദ പ്രവർത്തനങ്ങൾ, പോലീസ് സ്റ്റേഷനുകൾ തമ്മിലുള്ള ദൂരം, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, രാഷ്ട്രീയ/സാമുദായിക സംഘർഷ സാധ്യതകൾ തുടങ്ങിയവ കണക്കിലെടുത്താണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(സി&ഡി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി നിലവിലെ പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തിവരികയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം പെരിങ്ങോട്ടുകര ഉൾപ്പെടെയുള്ള പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ബാർ കോഴക്കേസുകളിലെ അന്വേഷണം**

192 (196) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ കേസുകളിലെ അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാമാണ് അന്വേഷണം നടത്തിയിരുന്നത്;

(ബി) പൂട്ടിയ ബാറുകൾ തുറക്കാൻ ധനകാര്യമന്ത്രി കൈക്കൂലി വാങ്ങിയെന്ന ആരോപണം സംബന്ധിച്ച് ക്വിക്ക് വെരിഫിക്കേഷനിൽ എന്തെല്ലാം നിഗമനങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു മന്ത്രിയെ ഒന്നാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിരുന്നത് ; തുടർന്നുള്ള അന്വേഷണത്തേയും, കോഴ വാങ്ങിയതായുള്ള മൊഴിയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിശോധനാഫലം സംബന്ധിച്ചും വിശദമാക്കാമോ ;

(സി) എക്സൈസ് ലൈസൻസുകൾ പുതുക്കാൻ എക്സൈസ് മന്ത്രി കൈക്കൂലി വാങ്ങിയെന്ന് ആരോപിച്ചുകൊണ്ടുള്ള സെ. 164 സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ക്വിക്ക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഡി) മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ മന്ത്രി സ്ഥാനങ്ങളിൽ നിന്ന് മാറ്റിനിർത്തണമെന്ന് അന്വേഷണസംഘം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; അന്വേഷണ ഘട്ടത്തിൽ മന്ത്രിസ്ഥാനത്ത്നിന്ന് മാറി നിൽക്കാൻ ഇരുവരോടും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(ഇ) ആരോപിതർ മന്ത്രിസ്ഥാനങ്ങളിൽ തുടരുന്നതിനാൽ അന്വേഷണസംഘം കൂട്ടിലടയ്ക്കപ്പെട്ടു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ് വിജിലൻസ് കേസന്വേഷണം നടന്നുവരുന്നത്. കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി ബാർ ഉടമകളിൽനിന്ന് ഒരു കോടി രൂപ കൈക്കൂലി വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ഉന്നയിച്ച ആക്ഷേപം ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ് അച്യുതാനന്ദൻ 1-11-2014 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നൽകിയ പരാതിയിന്മേൽ ക്വിക്ക് വെരിഫിക്കേഷൻ

നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. എം. മാണിയെ ഒന്നാം പ്രതിയാക്കി വിജിലനൻസ് കേസ് (വി.സി.06/14/എസ്.ഐ.യു.-I) രജിസ്റ്റർ ചെയ്ത്. കേസന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രാഥമികാന്വേഷണം നടന്നു വരുന്നു. അന്വേഷണം തീരുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) അന്വേഷണ വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ള മന്ത്രിമാരെ മാറ്റി നിർത്തണമെന്ന് വിജിലൻസ് അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ടി വിഷയവുമായി ബന്ധപ്പെട്ട് അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ പോലീസ് നടപടി**

193 (197) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ 33 പോലീസ് ലാത്തിച്ചാർജ്ജും 91 ടിയർ ഗ്യാസ് ഷെൽ പ്രയോഗവും 73 ജല പീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്.

(ബി) പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ 11 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയ 468569 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

194 (198) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്റ്റ് 1989 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട ആകെ കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്രയാണ് ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസ്സുകൾ എത്രയാണെന്നും അതിൽ ഒരു വർഷവും രണ്ട് വർഷവും അതിൽ കൂടുതലും പിന്നിട്ട കേസ്സുകൾ എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) തീരുമാനമാകാത്ത കേസ്സുകളിൽ എത്രപേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട് ;

(ഇ) പ്രസ്തുത കേസ്സുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെനടന്ന അതിക്രമങ്ങൾ എത്രയെന്നും കൊലപാതകങ്ങൾ, സ്ത്രീപീഡനങ്ങൾ, ബലാത്സാംഗങ്ങൾ എന്നിവ എത്ര വീതമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 3,766 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) 924 കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാനുണ്ട്.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസുകൾ - 519

ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയിലുള്ള കേസുകൾ - 51

രണ്ടു വർഷത്തിനും മൂന്നു വർഷത്തിനുമിടയിലുള്ള കേസ്സുകൾ - 11

മൂന്നിൽ കൂടുതൽ വർഷം പിന്നിട്ട കേസുകൾ - 16

(ഡി) തീരുമാനമാകാത്ത കേസുകളിൽ 513 പേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

(ഇ) രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു: സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങൾ/സ്ത്രീ പീഡനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ (ബലാത്സംഗം ഒഴികെ) - 1,076, കുട്ടികൾക്കു നേരെ നടന്ന അതിക്രമങ്ങൾ/പീഡനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ - 261, കൊലപാതകവുമായി ബന്ധപ്പെട്ട കേസുകൾ - 14,

ബലാത്സംഗ കേസുകൾ - 614

**ഇുണേരി അക്രമം**

195 (199) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇുണേരി അക്രമ സംഭവങ്ങളെ സംബന്ധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സമാധാനന്തരീക്ഷം നിലനിർത്താനും പ്രത്യേകം ശ്രദ്ധ ചെലുത്തുമോ ?

ഉത്തരം

(എ ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ബാധകമല്ല.

(സി) പ്രത്യേക ശ്രദ്ധചെലുത്തിവരുന്നു. പോലീസ് നിരീക്ഷണം കർശനമാക്കിയും പോലീസ് പട്രോളിംഗ്, പിക്കറ്റിംഗ് എന്നിവ ഊർജ്ജിതമാക്കിയും നിലവിൽ കേസിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ കർശന നിയമ നടപടികൽ സ്വീകരിച്ചും ഇുണേരി പ്രദേശത്ത് അക്രമ സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സമാധാനന്തരീക്ഷം നിലനിർത്താനും ശ്രദ്ധിച്ചുവരുന്നു.

**ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരുടെ മോചനം**

196 (200) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശിക്ഷാ കാലാവധി പൂർത്തിയാക്കിയിട്ടും ജയിലുകളിൽ കഴിയുന്ന തടവുകാരുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരെ മോചിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം ;

(സി) ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നവരുടെ പട്ടിക മുൻകൂറായി തയ്യാറാക്കി യഥാസമയം ഇവരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരെ യഥാസമയം മോചിപ്പിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ പര്യാപ്തമായ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. ശിക്ഷാ കാലാവധി പൂർത്തിയാക്കിയ സഹബുൾ, S/o. സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ജയിലിൽ കഴിയുന്നുണ്ട്.

(ബി) ഡീപോർട്ടേഷൻ നടപടികൾ വൈകുന്നതിനാലാണ് ഈ തടവുകാരനെ ജയിലിൽതന്നെ പാർപ്പിച്ചിരിക്കുന്നത്.

(സി) ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നവരുടെ പട്ടിക മുൻകൂറായി തയ്യാറാക്കി തടവുകാരെ യഥാസമയം വിട്ടയയ്ക്കുന്നുണ്ട്. എന്നാൽ ഡീപോർട്ടേഷൻ നടപടികൾ യഥാസമയം പൂർത്തിയാക്കാത്ത വിദേശ തടവുകാരെ പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതുവരെ ജയിലുകളിൽതന്നെ പാർപ്പിക്കുന്നു.

(ഡി) ശിക്ഷ പൂർത്തിയാക്കുന്ന തടവുകാരെ യഥാസമയംതന്നെ മോചിപ്പിക്കണം എന്നനയം തന്നെയാണ് സർക്കാർ പിന്തുടർന്നുവരുന്നത്.

## **പോലീസ് മർദ്ദനം**

197 (201) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധിരകാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് പട്ടികജാതി/ പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസിൽനിന്നും മർദ്ദനമേറ്റ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതേത്തുടർന്ന് എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

## ഉത്തരം

(എ) 4 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടന്നുവരുന്നു.

## **വയനാട് കളക്ടറേറ്റ് ഉപരോധം നടത്തിയവർക്കെതിരെയുള്ള കേസ്**

198 (202) <u>ശ്രീ. എം. എ. ബേബി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വയനാട് ജില്ലയ്ക്ക് രക്ഷാ പദ്ധതി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് 11-5-2015-ൽ വയനാട് കളക്ടറേറ്റ് ഉപരോധം നടത്തിയ സി.പി.ഐ.(എം) പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായോ ; എങ്കിൽ എത്ര പേരെ ; ഏത് സമയത്ത് ഇവർക്കെതിരെ ഏതെല്ലാം കുറ്റങ്ങൾക്ക് കേസെടുത്തു ;

(ബി) അറസ്റ്റ് ചെയ്യപ്പെട്ട എത്രപേരെ കോടതിയിൽ ഹാജരാക്കുകയുണ്ടായി ; അതിൽ എത്ര സ്ത്രീകൾ ഉണ്ടായിരുന്നു ; അതിൽ എത്രപേർ റിമാൻഡ് ചെയ്യപ്പെട്ടു ; ഏത് കോടതിയിൽ എത്ര പേരെ ഏത് സമയത്താണ് ഹാജരാക്കിയിരുന്നത് ;

(സി) അറസ്റ്റ് ചെയ്യപ്പെട്ടവരെ കോടതിയിൽ ഹാജരാക്കുന്നതിനിടയിൽ ഭക്ഷണവും വെള്ളവും നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) റിമാന്റ് ചെയ്യപ്പെട്ട സ്ത്രീകളെ ജയിലിൽ എത്തിച്ചത് ഏത് സമയത്തായിരുന്നു ; ഇതിനിടയിൽ സ്ത്രീകൾക്ക് വെള്ളവും ഭക്ഷണവും നൽകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് കൽപ്പറ്റ പോലീസ് സ്റ്റേഷൻ Cr.No.412/15 u/s 143, 147, 283 r/w 149 IPC കേസ് രജിസ്റ്റർ ചെയ്ത് 607 പേരെ 13.00 മണി മുതൽ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അറസ്റ്റ് ചെയ്യപ്പെട്ട 607 പേരിൽ 80 സ്ത്രീകളെ 11-5-2015 തീയതി 17.00 മണിക്കും ബാക്കി 527 പ്രതികളെ 12-5-2015 തീയതി 12.00 മണിക്കും കൽപ്പറ്റ സി.ജെ.എം. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും നൽകിയിട്ടുണ്ട്.

(ഡി) റിമാൻഡ് ചെയ്യപ്പെട്ട സ്ത്രീകളെ 12-5-2015-ാം തീയതി 14.30 മണിക്ക് ജയിലിൽ എത്തിച്ചു. ഇവർക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും നൽകിയിട്ടുണ്ട്.

**പോലീസ് വകുപ്പിന്റെ നവീകരണം**

199 (203) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള ഓരോ വർഷവും സംസ്ഥാനത്ത് പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും നടത്തിയ നവീകരണ

പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട്, ചെലവായ തുകയുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്*.

(ബി) പ്രസ്തുത തുക ഉപയോഗിച്ച് വാഹനങ്ങൾ, ആയുധങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, പോലീസിനുവേണ്ട മറ്റ് അത്യാവശ്യസാധനങ്ങൾ, വിവിധ ആഫീസുകൾക്കുവേണ്ട കെട്ടിട നിർമ്മാണം, ജീവനക്കാർക്ക് താമസത്തിനുവേണ്ട ക്വാർട്ടേഴ്സ് നിർമ്മാണം തുടങ്ങിയവയ്ക്കായി ഈ തുക വിനിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*.

**സൈബർ കുറ്റകൃത്യങ്ങൾ**

200 (204) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗുരുതരമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) മേൽപ്പറഞ്ഞ കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവ എത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് 1596 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിലെ ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 915 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗുരുതരമായ 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) മേൽ പറയുന്ന എല്ലാ കേസുകളിലും കൂടി 1440 കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

## പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കുറ്റത്തിന് നടപടി

201 (205) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോരുത്തരുടേയും റാങ്ക് അനുസരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവരിൽ പിരിച്ചുവിടൽ, സസ്പെൻഷൻ, സ്ഥലംമാറ്റം എന്നിവയ്ക്ക് വിധേയരായവർ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 654.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 6 പേരെ പിരിച്ചുവിടുകയും, 454 പേരെ സസ്പെന്റ് ചെയ്യുകയും, 140 പേരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

## പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ചവർ ആത്മഹത്യ ചെയ്ത സംഭവം

202 (206) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ച എത്രപേർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് ആരെല്ലാമാണെന്നും ഏതൊക്കെ പോലീസാണ് കസ്റ്റഡിയിൽ എടുത്തത് എന്നും പ്രത്യേകം വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ചതിനുശേഷം ഒരാൾ ആത്മഹത്യ ചെയ്ത സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സുജിത് എന്നയാളിനെ കസ്റ്റഡിയിൽ എടുക്കുകയും തുടർന്ന് വിട്ടയക്കുകയും അതിനുശേഷം ടിയാൻ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുള്ളതുമാണ്.

(സി) ഇതു സംബന്ധിച്ച് ടിയാന്റെ മാതാപിതാക്കളുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് ക്രൈം നമ്പർ 699/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾ**

203 (207) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾക്ക് ഇരയായവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 60 കേസുകളും, ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഗുണ്ട ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 247 പേരെയും, ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 8 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടാ ആക്രമണങ്ങളിൽ 84 പേരും, ഗുണ്ടാ-മാഫിയ ആക്രമണങ്ങളിൽ 2 പേരും ഇരയായിട്ടുണ്ട്.

**അഭിലാഷ് വധം**

204 (208) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് മീനാപ്പീസ് കടപ്പുറത്തെ അഭിലാഷിന്റെ വധം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം എത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) അഭിലാഷിന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് മീനാപ്പീസ് കടപ്പുറത്തെ അഭിലാഷിന്റെ വധവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് Crime No.210/CR/HHW-III/ KKD/ 2014 നമ്പർ കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) അന്വേഷണം പൂർത്തീകരിച്ച് താമസംവിനാ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ആലപ്പുഴ സായി കേന്ദ്രത്തിലെ ആത്മഹത്യ**

205 (209) <u>ശ്രീ. ജി. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ സായി കേന്ദ്രത്തിൽ ഉണ്ടായ ആത്മഹത്യയെക്കുറിച്ചും ആത്മഹത്യാശ്രമത്തെക്കുറിച്ചും ആഭ്യന്തരവകുപ്പ് അന്വേഷിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ആഭ്യന്തര വകുപ്പ് എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അന്വേഷണം നടത്തുന്നുണ്ട്. ആലപ്പുഴ സായി കേന്ദ്രത്തിൽവച്ച് ദേശീയ കായികതാരങ്ങളായ അപർണ്ണാരാമഭദ്രൻ, സബിത, ശില്പ, ട്രീസ എന്നിവർ 6-5-2015 വൈകിട്ട് മൂന്ന് മണിയോടുകൂടി വിഷംകഴിച്ച നിലയിൽ കാണപ്പെടുകയും ഇതിനെത്തുടർന്ന് അപർണ്ണ എന്ന പെൺകുട്ടി മരണപ്പെടുകയും ആയതിന് ആലപ്പുഴ നോർത്ത് പി.എസ്.ക്രൈം. 554/15 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസിന്റെ ഇപ്പോഴത്തെ അന്വേഷണം ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിവരുന്നതുമാണ്.

(ബി) ടി കേസിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണത്തിൽ ആരെയെങ്കിലും കുറ്റക്കാരായി കണ്ടെത്തുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ടൂറിസം പോലീസിന്റെ സഹായത്തോടെ ബോട്ട് പട്രോളിംഗ് നടത്തുന്നതാണ്.

## നിർഭയ കേരളം സുരക്ഷിത കേരളം

206 (210) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി മറുപടി നൽകുമോ :

(എ) സ്ത്രീ സുരക്ഷയ്ക്കായി ആവിഷ്കരിച്ച 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിരുന്നത് ; ഇതിനകം എന്തെല്ലാം കാര്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചതിനുശേഷം സ്ത്രീകൾക്കെതിരെയുണ്ടായ ആക്രമണങ്ങൾ/പീഡനങ്ങൾ/ബലാത്സംഗങ്ങൾ എന്നിവ എത്ര വീതമാണ് ;

(ഡി) സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെട്ട സ്ത്രീകൾ എത്രയാണ്; ബലാത്സംഗങ്ങളുടെയും പീഡനങ്ങളുടെയും ഫലമായി ആത്മഹത്യ ചെയ്യുകയോ കൊല്ലപ്പെടുകയോ ചെയ്ത കേസുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'നിർഭയ കേരളം സുരക്ഷിത കേരളം'. സ്ത്രീ പീഡനവും സ്ത്രീധനത്തിന്റെ പേരിലുള്ള അതിക്രമങ്ങളും ഗാർഹിക പീഡനങ്ങളും പൊതുസ്ഥലങ്ങളിൽവച്ച് സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന അതിക്രമങ്ങളും അവസാനിപ്പിച്ച് സ്ത്രീകൾക്ക് ഏതുസമയത്തും എവിടെയും സുരക്ഷിതമായി കഴിയാനുള്ള സാഹചര്യമുണ്ടാക്കുക

എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി ഏഴ് കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. 2014-15-ൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ മാത്രമാണ് ഉപധനാഭ്യർത്ഥനവഴി അനുവദിച്ചത്.

(സി) ആക്രമണങ്ങൾ/പീഡനങ്ങൾ - 15842

ബലാത്സംഗങ്ങൾ - 1703

(ഡി) സ്ത്രീധനത്തിന്റെ പേരിൽ കൊല്ലപ്പെട്ട സ്ത്രീകൾ - 15

ബലാത്സംഗങ്ങളുടെയും പീഡനങ്ങളുടെയും ഫലമായി ആത്മഹത്യ ചെയ്യുകയോ കൊല്ലപ്പെടുകയോ ചെയ്ത കേസുകളുടെ എണ്ണം - 33

**നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതികൾ**

207 (211) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി നിർഭയ കേരളം, സുരക്ഷിത കേരളം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ - സി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമ പ്രവർത്തനങ്ങൾ തടഞ്ഞ് അവർക്ക് സുരക്ഷിതത്വം നൽകുന്നതിനായാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. എറണാകുളം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം എന്ന മഹാവിപത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ഇതിന് കാരണമാകുന്ന ഗാർഹിക

പീഡനം, മദ്യപാന ഉപയോഗാസക്തി എന്നിവ തടയുന്നതിനായി നടപടികൾ സ്വീകരിക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് കോടതി നടപടികൾ വേഗത്തിലാക്കി പരമാവധി ശിക്ഷ ഉറപ്പുവരുത്തുകയും ലൈംഗികാതിക്രമത്തിന് ഇരയായ പീഡിതർക്ക് അത്യാവശ്യമായി ചെയ്തുകൊടുക്കേണ്ട സംരക്ഷണവും പുനഃരധിവാസവും പുനരേകീകരണവും സാദ്ധ്യമാക്കുകയും ഒക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. കുറ്റകൃത്യങ്ങൾക്ക് ഇരയായ സ്ത്രീകളുടെയും കുട്ടികളുടെയും തുടർവിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ മാന്യമായി ജീവിക്കാൻ ഇവരെ പ്രാപ്തരാക്കുന്നതും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. സ്കൂൾ, കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികളെ ശക്തിപ്പെടുത്തുകയും കുറ്റകൃത്യങ്ങൾക്കെതിരെ പ്രതിരോധിക്കാനുള്ള പരിശീലനവും അവബോധവും നൽകുകയും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ.ക്കെതിരെയുള്ള ആക്രമണം**

208 (212) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിലെ എസ്.ഐ. രാജനെ മണൽമാഫിയ സംഘം ആക്രമിച്ച കേസിൽ പ്രതികളെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തു ; എത്ര പ്രതികളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) മണൽ മാഫിയയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന എസ്.ഐ.-യ്ക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) മണൽ മാഫിയയെ നേരിടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പരിയാരം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. രാജനെ മണൽ കടത്ത് സംഘം ആക്രമിച്ച കേസിൽ (പരിയാരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 531/15) സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതികളുടെ കോൾ ഡീറ്റയിൽസ് പരിശോധിച്ചും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും അന്വേഷണം നടത്തുകയും തിരിച്ചറിഞ്ഞ പ്രതികളുടെ വീടുകളിൽ പരിശോധന നടത്തിയും പ്രതികൾ പോകാനിടയുള്ള ബന്ധുക്കളുടെ വീടുകളിലും മറ്റും അന്വേഷണം നടത്തിയും പ്രതികളെ കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കേസിൽ ആകെ 11

പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തു. പ്രതികളുടെ പേരുവിവരം താഴെ ചേർക്കുന്നു: (1) എം. വി. ലത്തീഫ്, S/o. അഹമ്മദ്, (2) റാഷിദ് ടി. കെ @ തേൾ റാഷിദ്, S/o. ഹംസ, (3) അബ്ദുൾ ഷുക്കൂർ കെ., S/o. മുഹമ്മദ് കുഞ്ഞി, (4) സജ്ജാദ് എ. സി., S/o. ലത്തീഫ് ( 5) ആരിഫ് വി. വി, S/o. അബ്ദു (6) മുഹാസ് സി. ടി., S/o. മുസ്തഫ, (7) സജീർ പി. സി., S/o. മുഹമ്മദ്, മറ്റ് കണ്ടാലറിയാവുന്ന നാല് പേരും. മേൽ പ്രതികളിൽ ഒന്നാം പ്രതി സംഭവത്തിനു ശേഷം ഒളിവിലാണ്. മറ്റ് ആറ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നാലുപേരെ തിരിച്ചറിയാനുണ്ട്.

(ബി) ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന ഗ്രേഡ് എസ്.ഐ. ശ്രീ. കെ. എം. രാജന് കേരള പോലീസ് വെൽഫെയർ ബ്യൂറോയിൽ നിന്നും മൂന്ന് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് കൈമാറിയിട്ടുണ്ട്.

(സി) മണൽ കടത്തുകാരെ നേരിടുന്നതിന് സബ് ഡിവിഷൻ പരിധിയിലെ അനധികൃത മണൽ കടത്തുന്ന കടവുകളിൽ രാത്രികാലങ്ങളിൽ പരിശോധന കർശനമായി നടത്തിവരുന്നു. കൂടാതെ വാഹന പരിശോധനയും നടത്തിവരുന്നു.

**സോളാർ അന്വേഷണം**

209 (213) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; വിശദമാക്കുമോ ;

(ബി) ഈ കേസ് അന്വേഷിക്കുന്ന ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ എന്നാണ് നിലവിൽ വന്നത് ; എത്രകാലംകൊണ്ട് നടപടി പൂർത്തിയാക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) സോളാർ കേസിൽ വകുപ്പിന്റെ കണക്കുപ്രകാരം എത്ര പ്രതികൾ ഉണ്ട് ; ഇവർ ആരൊക്കെ ; വിശദമാക്കുമോ ?

ഉത്തരം

(എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് 36 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതിൽ 31 കേസുകൾ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും വിവിധ കോടതികളിൽ വിചാരണയിലിരിക്കുന്നതുമാണ്. 2 കേസുകൾ കോമ്പൗണ്ട് ചെയ്യുകയും 2 കേസുകൾ FAD ആയി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1 കേസ് (മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്) അന്വേഷണാവസ്ഥയിലുമാണ്.

(ബി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളെയും

കുറിച്ചന്വേഷിക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ അന്വേഷണ കമ്മീഷനെ 28-10-2013-ൽ സർക്കാർ നിയമിച്ചു. ആറുമാസക്കാലംകൊണ്ട് അന്വേഷണം പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും കമ്മീഷന്റെ അഭ്യർത്ഥന പ്രകാരം കാലാവധി 3 തവണ നീട്ടി നൽകുകയുണ്ടായി.

(സി) കെ. ആർ. ബിജു @ ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ, ശാലു മേനോൻ, കലാദേവി, ടെന്നി ജോപ്പൻ, മണിമോൻ @ മണിലാൽ സന്തോഷ് കുമാർ, ആർ. സി. രവി, ഇന്ദിര, പി., എ. കെ. വാര്യർ, ഇബ്രാഹിം, ഹാഷിം, സന്ദീപ് എന്നിവർ സോളാർ തട്ടിപ്പ് കേസുകളിൽ പ്രതികളാണ്.

**ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി**

210 (214) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) സ്കൂൾ-കോളേജ് ക്യാമ്പസുകളെ ലഹരി വിമുക്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതിയുമായി സഹകരിക്കുന്നത് ആരൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ, ആഭ്യന്തര, ആരോഗ്യ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ലഹരി മുക്തമായ, ആരോഗ്യവും അച്ചടക്കവുമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണ്. ഈ പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും NDPS Act, COTPA, MV Act, Abkari Act, KP Act, JJ Act, POCSO Act എന്നിവയുടെ ഫലപ്രദമായ നടപ്പിലാക്കൽ.
2. സാമൂഹ്യവിരുദ്ധരുടെ അതിക്രമങ്ങളിൽനിന്നും ചൂഷണത്തിൽനിന്നും നമ്മുടെ കുട്ടികളുടെ സംരക്ഷണം.
3. കുട്ടികളുടെ ഇടയിലുള്ള, പുകയില ഉൽപ്പന്നങ്ങൾ/ ലഹരി മരുന്നുകൾ/മറ്റ് നിരോധിത വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിൽപ്പനയും തടയൽ.
4. വിദ്യാലയ പരിസരങ്ങളിലെ ഗതാഗത സുരക്ഷ ഉറപ്പാക്കൽ.
5. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് തടയൽ.
6. വിദ്യാലയങ്ങളിൽ സുരക്ഷിതമായ ഒരു അന്തരീക്ഷം ഉണ്ടാക്കൽ.
7. നിയമങ്ങളെ അനുസരിക്കുന്ന, സാമൂഹ്യ ഉത്തരവാദിത്തമുള്ള, സംസ്കാരമുള്ള കുട്ടികളെ വാർത്തെടുക്കൽ.
8. കുട്ടികൾക്ക് നേരെയുള്ള വിവിധയിനം ചൂഷണങ്ങളെ മനസ്സിലാക്കി അതിനെതിരെ ഫലപ്രദമായ നടപടികൾ.
9. കുട്ടികൾ ക്ലാസ്സുകളിൽ ഹാജരാകാതെ മറ്റുകാര്യങ്ങളിൽ ഏർപ്പെടുന്നത് തടയൽ.
10. അധ്യാപകരെയും രക്ഷിതാക്കളെയും സമൂഹത്തെ മൊത്തത്തിലും കൂടുതൽ ഉത്തരവാദിത്തത്തോടെ കുട്ടികളെ വളർത്താനുള്ള മാർഗ്ഗദർശനവും പ്രോത്സാഹനവും.
11. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളായ പോലീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, വിവിധ NGOs എന്നിവയുടെ പങ്കാളിത്തം.

(സി) സംസ്ഥാനത്തെ സ്കൂൾ, കോളേജ് ക്യാമ്പസുകൾ ലഹരി വിമുക്തമാക്കാൻ കർശനമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ കണ്ടെത്തുന്നതിനായി വിദ്യാലയ പരിസരങ്ങളിൽ റെയ്ഡുകൾ നടത്തിയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവരശേഖരണത്തിന് 'ക്ലീൻ

ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻ മസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും, റെയ്ഡുകൾ നടത്തി ഇത്തരം ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരിക്കെതിരെ സെമിനാറുകളും പി.ടി.എ. യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമെങ്കിൽ കൗൺസിലിംഗ് നൽകുക, സ്കൂൾ പരിസരങ്ങൾ ട്രാഫിക് സുരക്ഷാ പരിധിയിലാണെന്ന് ഉറപ്പുവരുത്തുക, സ്കൂൾ വിടുന്ന സമയത്തും പോലീസ് സാന്നിധ്യം ഉറപ്പുവരുത്തുക, കുട്ടികൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുവെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കുക എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ പദ്ധതിയുടെ ശക്തമായ നടത്തിപ്പുകൾക്കായി സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികളും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

(ഡി) ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ. കച്ചവടക്കാർ, ഓട്ടോ, ടാക്സി ഡ്രൈവർമാർ, അതാത് പ്രദേശത്തെ റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവർ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചുവരുന്നു.

## പോലീസ് കംപ്ലയിന്റ് അതോറിറ്റി

211 (215) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിനായി ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പോലീസ് സൂപ്രണ്ടിന്റെയും അതിനുമുകളിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും എല്ലാതരത്തിലുമുള്ള നടപടി ദൂഷ്യത്തെപ്പറ്റിയുള്ള പരാതികൾ, കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗികമായി പീഡിപ്പിക്കൽ, ഏതെങ്കിലും ആളുകളുടെ മരണത്തിന് കാരണമാകൽ അല്ലെങ്കിൽ ഏതെങ്കിലും ആളെ ഗുരുതരമായി പരിക്കേൽപ്പിക്കൽ, ബലാൽസംഗം എന്നിവ സംബന്ധിച്ചും ഗുരുതര സ്വഭാവത്തിലുള്ള പരാതികൾ പരിശോധിക്കുകയും അന്വേഷിക്കുകയുമാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ചുമതല. പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെയും പ്രസ്തുത പദവി വരെയുമുള്ള ഉദ്യോഗസ്ഥർക്കെതിരെയുമുള്ള പരാതികൾ പരിശോധിക്കുകയും അന്വേഷിക്കുകയുമാണ് ജില്ലാ പോലിസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ ചുമതല.

(സി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജീവനക്കാർ, ടെലഫോൺ കണക്ഷൻ, ചെയർപേഴ്സൺമാരുടെ ഉപയോഗത്തിനായി ഔദ്യോഗിക വാഹനം, കെട്ടിടം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കംപ്ലയിന്റ്സ് അതോറിറ്റികൾ അതിന്റെ നിയമപരമായ ചുമതലകളും കർത്തവ്യങ്ങളും തൃപ്തികരമായി നിർവ്വഹിച്ചുവരുന്നുണ്ട്.

**നിയമസഭാ സാമാജികരിൽനിന്ന് ലഭിച്ച പരാതികൾ**

212 (216) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ധനമന്ത്രി സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കരുതെന്ന നിലപാടിന്റെ ഭാഗമായി 13-3-2015-ന് നിയമസഭയിൽ പ്രതിഷേധിച്ച പ്രതിപക്ഷ അംഗങ്ങളെ ചില യു.ഡി.എഫ്. എം.എൽ.എ.-മാരും വാച്ച് ആന്റ് വാർഡും മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്തുവെന്ന് കാണിച്ച് സംസ്ഥാന പോലീസ് മേധാവിക്ക് ഏതെല്ലാം നിയമസഭാ സാമാജികരിൽനിന്ന് പരാതി ലഭിച്ചിട്ടുണ്ട് ;

(ബി) എം.എൽ.എ.-മാരിൽനിന്ന് ലഭിച്ച പരാതികളിന്മേൽ ഡി.ജി.പി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം പരാതികളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ., ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ., ശ്രീ. എളമരം കരീം എം.എൽ.എ., ശ്രീ. രാജു എബ്രഹാം എം.എൽ.എ., ശ്രീമതി ജമീലാ പ്രകാശം എം.എൽ.എ., ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ., ശ്രീമതി കെ. എസ്. സലീഖ എം.എൽ.എ., ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ., ശ്രീമതി കെ. കെ. ലതിക എം.എൽ.എ., ശ്രീമതി ഗീതാ ഗോപി എം.എൽ.എ. എന്നിവരിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലായതിനാൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ പരാതികളും ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. പരാതി സംഗതികൾ നിയമസഭാ സാമാജികർക്കുള്ള പ്രിവിലേജുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധകൂടി ആവശ്യമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി ഈ വിഷയം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നതേയുള്ളൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. 20-3-2015-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതി നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 303/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ**

213 (217) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത കേസുകളുടെ പുരോഗതി വിവരം വ്യക്തമാക്കാമോ ?

ഉത്തരം

സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ 31 എണ്ണം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകൾ വിവിധ കേടതികളിൽ വിചാരണയിലാണ്.

**ജനമൈത്രി പോലീസ് പദ്ധതി**

214 (218) ശ്രീ. പാലോട് രവി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ജനമൈത്രി സുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും നാട്ടിൽ സമാധാനം നിലനിർത്തുന്നതിനുമായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ബീറ്റ് ഓഫീസർമാർക്ക് പദ്ധതിയുടെ അടിസ്ഥാനപാഠങ്ങൾ നൽകുന്നതിനായി ബേസിക് ട്രെയിനിംഗ് പ്രോഗ്രാമുകളും തുടർ പരിശീലന പരിപാടികളും നടത്തുന്നുണ്ട്. ഇതിനുപുറമെ വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി കൃത്യമായ ഇടവേളകളിൽ സി.ആർ.ഒ. മാർക്കും മറ്റ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർക്കുംവേണ്ടി സംസ്ഥാന, ജില്ലാതലങ്ങളിൽ സെമിനാറുകളും ശില്പശാലകളും നടത്തിവരുന്നു.

(ബി) Influence of Janamaithri Suraksha Project on the Communities എന്ന വിഷയത്തിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചിയും, An evaluation of the Community Policing programme in Kerala എന്ന വിഷയത്തിൽ റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് എന്ന സ്ഥാപനവും പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടുകൾ www.keralapolice.org

എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിവരുന്നു.

**കവർച്ച കേസുകളുടെ വിവരം**

215 (219) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കവർച്ചകളും ഭവനഭേദനങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ ഇനിയും പ്രതികളെ പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കേസ്സുകളിൽ മോഷണ മുതലുകൾ ഇനിയും കണ്ടെത്താനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ കാലയളവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള മോഷ്ടാക്കളും മോഷണസംഘങ്ങളും സംസ്ഥാനത്ത് എത്ര മോഷണങ്ങളും കവർച്ചകളും നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര കേസ്സുകളിൽ മോഷ്ടാക്കളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കവർച്ച കേസുകൾ - 3346

ഭവനഭേദനം - 11538

ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 6116 കേസുകളിൽ.

(സി) 6555 കേസുകളിൽ.

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മോഷ്ടാക്കളും മോഷണ സംഘങ്ങളും സംസ്ഥാനത്ത് 712 മോഷണവും 95 കവർച്ചകളും നടത്തിയിട്ടുണ്ട്. ഇതിൽ 56 കേസുകളിൽ മോഷ്ടാക്കളെ പിടികൂടാനുണ്ട്.

**ഡ്യൂട്ടി സമയത്തുള്ള ലഹരി ഉപയോഗം**

216 (220) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മദ്യത്തിനും ലഹരി പദാർത്ഥങ്ങൾക്കും വിധേയരായി ഡ്യൂട്ടിക്ക് ഹാജരായതിന് ഈ വർഷം പോലീസ് സേനയിലുള്ള എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മദ്യവും ലഹരിമരുന്നുകളും ഉപയോഗിച്ച് ഡ്യൂട്ടിക്ക് ഹാജരാകുന്നില്ലെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടി എന്തെല്ലാമാണ് ;

(സി) മദ്യപിച്ചും ലഹരിമരുന്നുകൾ ഉപയോഗിച്ചും ഡ്യൂട്ടിക്കെത്തിയവരുടെ പേരിൽ നടപടി എടുക്കാത്ത മേലധികാരികളുടെ ആരുടെയെങ്കിലും പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) മദ്യത്തിനും ലഹരി പദാർത്ഥത്തിനും വിധേയരായി ഡ്യൂട്ടിക്ക് ഹാജരായതിന് ഈ വർഷം നടപടി സ്വീകരിച്ച പോലീസ് സേനാംഗങ്ങളുടെ (ജില്ല/യൂണിറ്റ് തിരിച്ച്) വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | 1 | |
| കൊല്ലം സിറ്റി | 4 | |
| കൊല്ലം റൂറൽ | 3 | |
| പത്തനംതിട്ട | 4 | |
| ആലപ്പുഴ | 1 | |
| കോട്ടയം | 1 | |
| ഇടുക്കി | 4 | |
| എറണാകുളം സിറ്റി | | 3 |
| കോഴിക്കോട് സിറ്റി | 1 | |
| കോഴിക്കോട് റൂറൽ | | 2 |
| വയനാട് | 1 | |
| എസ്.സി.ആർ.ബി. | 1 | |
| കെപ്പ | 1 | |
| എസ്.എ.പി. | 2 | |
| കെ.എ.പി. 2 | 1 | |
| ആകെ | 30 | |

(ബി) സ്റ്റേഷനുകളിൽ അപ്രതീക്ഷിത പരിശോധന നടത്തി സേനാംഗങ്ങൾ ഡ്യൂട്ടി സമയത്ത് മദ്യവും ലഹരിമരുന്നുകളും ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. സബ് ഡിവിഷൻ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി ഇല്ല.

**നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്**

217 (221) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ് കേസിലെ പ്രതിയും കുറ്റവാളിയുമെന്ന് ആരോപിക്കപ്പെടുന്ന ശ്രീ. ഉതുപ്പ് വർഗ്ഗീസും കോട്ടയത്തെ ആശ്രയ ചാരിറ്റബിൾ ട്രസ്റ്റും തമ്മിലുണ്ടായിരുന്ന ബന്ധം അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ട്രസ്റ്റിന് ശ്രീ. ഉതുപ്പ് വർഗ്ഗീസിൽനിന്നും ലഭിച്ച സാമ്പത്തിക സഹായം എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം**

218 (222) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മൂന്നിയൂർ സ്കൂളിലെ അദ്ധ്യാപകൻ അനീഷിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) പ്രതികളെ കണ്ടെത്തുന്നതിൽ പോലീസ് തികഞ്ഞ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അന്വേഷണം ഊർജ്ജിതമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം മുന്നിയൂർ സ്കൂളിലെ അദ്ധ്യാപകൻ അനീഷ് മാസ്റ്ററുടെ മരണവുമായി ബന്ധപ്പെട്ട് മലമ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 405/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ 66-ഓളം സാക്ഷികളെ കണ്ട് ചോദിച്ചിട്ടുള്ളതും കേസ്സിലേക്കായി ആവശ്യമുള്ള തെളിവ് രേഖകളും രജിസ്റ്ററുകളും മറ്റും ബന്തവസ്സിൽ എടുത്ത് ബഹുമാനപ്പെട്ട കോടതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. കേസിന്മേൽ ഊർജ്ജിതമായ അന്വേഷണം തുടർന്നുവരുന്നു.

(ബി) പ്രസ്തുത കേസിൽ താഴെപ്പറയുന്നവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. സെയ്താലി@ കുഞ്ഞാപ്പു : സ്കൂൾ മാനേജർ
2. മുഹമ്മദ് അഷ്റഫ് : FTM, മുന്നിയൂർ സ്കൂൾ
3. അബ്ദുൾ റസാഖ് : സ്കൂൾ ക്ലാർക്ക്
4. അബ്ദുൾ ഹമീദ് : സ്കൂൾ പ്യൂൺ
5. സുധ, പി. നായർ : സ്കൂൾ പ്രധാന അദ്ധ്യാപിക
6. കെ. സി. ഗോപി : റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്, മലപ്പുറം.
7. ഹൈദർ കെ. മുന്നിയൂർ : സ്കൂൾ പി.റ്റി.എ. പ്രസിഡന്റ്

പ്രതികളെ കണ്ടുകിട്ടാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ജാമ്യാപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

(സി) ഇല്ല.

(ഡി) ഈ കേസിന്മേൽ ഊർജ്ജിത അന്വേഷണം തുടർന്നുവരുന്നു.

**രാഷ്ട്രീയ സംഘട്ടനങ്ങളും വർഗ്ഗീയ കലാപങ്ങളും**

219 (223) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയ ബന്ധം ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) വർഗ്ഗീയ കലാപങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 4625 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. 4633 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 20537 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ 30 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുന്ന ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**രാഷ്ട്രീയ കൊലക്കേസ്സുകൾ**

220 (224) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിൽ എന്നും വിശദമാക്കാമോ ;

(ബി) ഓരോ കേസ്സിന്റേയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര ;

(ഇ) ഇതിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയ കേസ്സുകൾ ഏതെല്ലാം ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 കേസുകളിലായി 28 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇവയിൽ 17 കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 2 കേസുകളിന്മേൽ ശിക്ഷ വിധിച്ചിട്ടുണ്ട്. ബാക്കിയുള്ള 10 കേസുകൾ അന്വേഷണാവസ്ഥയിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രധാന പ്രതികളെയെല്ലാംതന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ 17 എണ്ണത്തിന്മേൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 2 എണ്ണത്തിൽ ശിക്ഷ വിധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ പയ്യോളി മനോജൻ, അനീഷ് രാജൻ, ടി. പി. ചന്ദ്രശേഖരൻ, മനോജ് കുമാർ, മുരളീധരൻ, ദീപക് എന്നീ കൊലപാതക കേസുകളിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചാണ് അന്വേഷണം നടത്തിവരുന്നത്.

**ക്രമസമാധാന രംഗത്തെ നേട്ടങ്ങൾ**

221 (225) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് ക്രമസമാധാന രംഗത്ത് കേരളം ദേശീയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യ ടു ഡേ' വാർഷിക സർവ്വേയിൽ ക്രമസമാധാന പാലനത്തിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യ ടു ഡേ' യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിലും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ ജില്ലകളിലും കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ മാസംതോറും മതസൗഹാർദ്ദ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിലെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും സൈ്വര സഞ്ചാരത്തിനുമായി 'നിർഭയ' പദ്ധതി ആസൂത്രണം ചെയ്ത്, അതിന്റെ ആദ്യഘട്ടം എറണാകുളം ജില്ലയിൽ പ്രാവർത്തികമാക്കി. കൊള്ളപ്പലിശക്കാരേയും ബ്ലേഡ് മാഫിയകളെയും അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. കൂടാതെ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിന് 'ഓപ്പറേഷൻ സുരക്ഷ' എന്ന പദ്ധതി നടപ്പാക്കി. ഈ പദ്ധതികൾ ഊർജ്ജിതമായി ഇപ്പോഴും നടന്നുവരുന്നു.

**ഓപ്പറേഷൻ കുബേര**

222 (226) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓപ്പറേഷൻ കുബേര മുഖേന എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഓപ്പറേഷൻ കുബേര പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇപ്പോഴും തുടർന്നുവരുന്നു. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികൾ പ്രകാരവും രഹസ്യ വിവരങ്ങളനുസരിച്ചും അമിത പലിശക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, അമിത പലിശ ഈടാക്കുന്നവർ, ബ്ലേഡ് മാഫിയ തുടങ്ങിയ നിയമാനുസരണമല്ലാത്ത പണമിടപാട് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചൂഷണങ്ങളിൽ നിന്ന് പൊതുജനങ്ങളെ രക്ഷിക്കുന്നതിനും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) അനധികൃത പണമിടപാട് നടത്തുന്നവർക്കും സ്ഥാപനങ്ങൾക്കുമെതിരെ റെയ്ഡുകൾ നടത്തി, ബ്ലാങ്ക് ചെക്കുകളും, മുദ്രപ്പത്രങ്ങളും, പ്രമാണങ്ങളും, അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന പണവും കണ്ടെത്തി കോടതി മുമ്പാകെ ഹാജരാക്കി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന, ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യുവാൻ വേണ്ട മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) ജനമൈത്രി സംവിധാനം പ്രയോജനപ്പെടുത്തി പൊതുജനങ്ങളെ ബോധവൽക്കരിച്ചും അനധികൃത പണമിടപാട് നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും റെയിഡുകൾ നടത്തിയും പ്രതികളെ അറസ്റ്റ് ചെയ്തും അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉച്ചഭാഷിണി ഉപയോഗം**

223 (227) <u>ശ്രീ. എം. ഉമ്മർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത വ്യവസ്ഥകളിൽനിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉച്ചഭാഷിണി ഉപയോഗം സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകളടങ്ങുന്ന വിജ്ഞാപനം, എക്സിക്യൂട്ടീവ് ഓർഡർ, സർക്കുലർ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഉച്ചഭാഷിണി ഉപയോഗിക്കുമ്പോൾ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അതാത് ജില്ലാ പോലീസ് മേധാവിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണ് ഉച്ചഭാഷിണി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുന്നതെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

(സി) ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകുന്നത് നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ചാണ്. ഇതിൽനിന്നും ആരെയും ഒഴിവാക്കിയിട്ടില്ല.

**ചന്ദ്രബോസ് വധക്കേസ്**

224 (228) <u>ശ്രീ. പി. സി. ജോർജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ചന്ദ്രബോസ് വധക്കേസിലെ പ്രതിയായ നിസ്സാമിനെതിരെയുള്ള കേസ് അന്വേഷണം ഏത് ഘട്ടം വരെയായി ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ടി കേസ്സുമായി ബന്ധപ്പെട്ട്, ഡി.ജി.പി. നൽകിയ പരാതിയിൽ നിയമ സെക്രട്ടറിയുടെ ശുപാർശ പ്രകാരം മൂന്ന് പേരെ പ്രോസിക്യൂട്ട് ചെയ്യാൻ പോകുന്നു എന്ന വാർത്ത ശരിയാണോ ; എന്ത് മാനദണ്ഡം വച്ചാണ് മൂന്ന് പേരെ പ്രോസിക്യൂട്ട് ചെയ്യാൻ പോകുന്നത് ; വിവരിക്കുമോ ;

(സി) ഇതിനായി നൽകിയ നിയമോപദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് ഫയൽ ചെയ്യാൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(ഇ) ഡി.ജി.പി. ബാലസുബ്രഹ്മണ്യം കേസ്സിൽ പ്രതിയായ നിസ്സാമിനെ രക്ഷിക്കാൻ ശ്രമിച്ചതായി ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; ടി പരാതിയിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ചന്ദ്രബോസ് വധക്കേസ് ബഹുമാനപ്പെട്ട തൃശ്ശൂർ ഒന്നാം ക്ലാസ് അഡീഷണൽ സെഷൻസ് കോടതിയിൽ 300/2015 നമ്പർ ആയി വിചാരണയിലാണ്.

(ബി -ഡി) ഇക്കാര്യം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഇ) പരാതി നൽകിയിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ ഷാഹുൽ ഹമീദിന്റെ മരണം**

225 (229) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര മുക്കൂട് സ്വദേശിയും ഉദുമ കണ്ണംകുളത്ത് വാടക ക്വാർട്ടേഴ്സിൽ താമസക്കാരനുമായ ഷാഹുൽ ഹമീദ് അക്രമത്തിൽ മരിക്കുകയും സഹോദരൻ ബാദുഷ ഗുരുതരമായി പരുക്കേൽക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; എത്ര പേരെ പിടികൂടിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രതികളായിട്ടുള്ളവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായോ സംഘടന കളുമായോ ബന്ധമുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രദേശത്ത് കരുതിക്കൂട്ടി കലാപം ഉണ്ടാക്കുക എന്ന ഗൂഢ ഉദ്ദേശം മേൽ കൊലപാതകത്തിന്റെ പിന്നിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12-5-2015-ാം തീയതി രാത്രി 1.15 മണിക്ക് പള്ളിക്കര ഗ്രാമത്തിൽ മണ്ണംകുളം ഗ്രീൻവുഡ് ഹൈസ്കൂളിന് മുൻവശം റോഡിൽ വച്ച് മോട്ടോർ സൈക്കിളിൽ സഞ്ചരിക്കുകയായിരുന്ന ഷാഹുൽ ഹമീദ്, സഹോദരൻ ബാദുഷ എന്നിവരെ പ്രതികൾ തടഞ്ഞുനിർത്തി മാരകായുധമായ മരവടികൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും പരിക്കേറ്റ ഷാഹുൽ ഹമീദ് മരണപ്പെടുകയും സഹോദരൻ ബാദുഷയെ ചികിൽസയ്ക്കായി മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായി.

(ബി) സംഭവം സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 362/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിലെ അറസ്റ്റ് ഉൾപ്പെടെയുള്ള പ്രതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. മുഹമ്മദ് റഹീസ്, S/o ഹംസ (15-5-2015-ൽ അറസ്റ്റ് ചെയ്തു)
2. മുഹമ്മദ് ഇർഷാദ് @ കാവു, S/o ഹംസ (15-5-2015-ൽ അറസ്റ്റ് ചെയ്തു)
3. ഷാഹിദ്
4. ഷിയാബ്, S/o. ഹംസ (28-5-2015-ൽ അറസ്റ്റ് ചെയ്തു)
5. സർഫ്രാസ്
6. ആസിഫ്
7. ഷബീർ ഷാഫി
8. ഹാരൂഫ്

(പ്രസ്തുത കേസിലെ 3, 5, 6, 7, 8 പ്രതികളെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചു വരുന്നു.)

(സി) പ്രതികൾ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രവർത്തകരാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി) സ്ഥലത്ത് രാഷ്ട്രീയ സംഘർഷം ഉണ്ടാക്കുകയെന്ന ഉദ്ദേശത്തോടുകൂടി ആറാട്ടുകടവുകാരനായ സി.പി.ഐ.(എം) പാർട്ടി പ്രവർത്തകനാണെന്ന് തെറ്റിദ്ധരിച്ച് കൊല ചെയ്യപ്പെട്ട ഷാഹുൽ ഹമീദിനെ ആളുമാറി കൊലപ്പെടു ത്തുകയാണുണ്ടായതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

**ക്രിമിനൽ കേസുകൾ പിൻവലിക്കൽ**

226 (230) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നിരാക്ഷേപ പത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട് ;

(ഡി) ഏതെല്ലാം കേസ്സുകളാണ് ഇത്തരത്തിൽ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5089 കേസുകൾ.

(ബി) 1657 കേസുകൾ.

(സി) 11 കേസുകൾ.

(ഡി)
1. വി.സി.01/2004/കെ.റ്റി.എം.(സി.സി.29/09)
2. വി.സി.11/2008/എ.എൽ.പി.
3. വി.സി.12/2003/കെ.എൻ.ആർ.
4. വി.സി.08/2006/കെ.എൻ.ആർ.
5. വി.സി.02/2005/കെ.എൻ.ആർ. (സി.സി.43/08)
6. വി.സി.02/2006/എസ്.സി.ഇ.
7. വി.സി.12/2003/എസ്.ഐ.യു-1
8. വി.സി.03/1997/കെ.എസ്.ഡി.
9. വി.സി.01/2001/എ.എൽ.പി.

10. വി.സി.06/2009/സി.ആർ.ഇ.

11. വി.സി.07/2009/സി.ആർ.ഇ.

**കാസർഗോഡ് ജില്ലയിൽ നിരാക്ഷേപപത്രം നൽകിയ കേസുകൾ**

227 (231) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കോടതിയിൽ കുറ്റപത്രം നൽകിയിട്ടുള്ളതുമായ എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

| പോലീസ് സ്റ്റേഷന്റെ പേര് | കേസുകളുടെ എണ്ണം |
|---|---|
| 1. കാസർഗോഡ് | 99 |
| 2. വിദ്യാനഗർ | 22 |
| 3. കുമ്പള | 24 |
| 4. മഞ്ചേശ്വരം | 13 |
| 5. അദൂർ | 44 |
| 6. ബദിയടുക്ക | 16 |
| 7. ബേഡകം | 5 |
| 8. ഹോസ്ദുർഗ്ഗ് | 139 |
| 9. ബേക്കൽ | 148 |
| 10. അമ്പലത്തറ | 8 |
| 11. വെള്ളരിക്കുണ്ട് | 7 |
| 12. ചിറ്റാരിക്കൽ | 17 |
| 13. രാജപുരം | 2 |

| | | |
|---|---|---|
| 14. | നീലേശ്വരം | 42 |
| 15. | ചീമേനി | 17 |
| 16. | ചന്തേര | 96 |
| 17. | റെയിൽവേ പി.എസ്. കാസർഗോഡ് | 1 |
| | ആകെ | 700 |

**പട്ടികജാതി വിഭാഗങ്ങൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ**

228 (232) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാനുള്ള സംസ്ഥാന ജില്ലാ മോണിറ്ററിംഗ് സംവിധാനത്തിൽ വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതിനാൽ പ്രസ്തുത വിഭാഗങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിയ്ക്കാത്തതുമൂലം പോലീസ് അന്വേഷണം അട്ടിമറിയ്ക്കപ്പെടുകയും പ്രതികൾ ശിക്ഷിയ്ക്കപ്പെടാതിരിയ്ക്കുയും ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് നീതി ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ് അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുകയോ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി കർശന നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നത്. അതിക്രമങ്ങൾ ഉണ്ടായാലുടൻതന്നെ പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ

ചെയ്ത് നിലവിലുള്ള വ്യവസ്ഥ പ്രകാരം അന്വേഷണം നടത്തി കുറ്റക്കാർക്ക് ശിക്ഷ ലഭിക്കാൻ തക്ക നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണം

229 (233) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആക്രമിക്കപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായക്കാർ ആക്രമിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്ന കേസ്സുകളിൽ നിയമാനുസരണം കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി നടപടികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി)

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | കുറ്റപത്രം സമർപ്പിച്ച കേസുകളുടെ എണ്ണം |
|---|---|---|
| 2011 (18-5-2011- | 566 | 277 |

| | | |
|---|---|---|
| 31-12-2011) | | |
| 2012 | 824 | 374 |
| 2013 | 796 | 402 |
| 2014 | 854 | 382 |
| 2015 (31-5-2015 വരെ) | 354 | 50 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ സംഘടിത മോഷണം**

230 (234) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2014-15 വർഷങ്ങളിൽ എത്ര മോഷണങ്ങൾ നടന്നിട്ടുണ്ടെന്നും ഏതെല്ലാം ക്രൈം നമ്പറിൽ എത്ര കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാമാണ് തെളിയിക്കപ്പെട്ടിട്ടുള്ളത് ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) സംഘടിത മോഷണം തുടർച്ചയായി നടക്കുന്നത് കണ്ടുപിടിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2014 വർഷത്തിൽ 71 കേസുകളും 2015 വർഷത്തിൽ 35 കേസുകളും മോഷണത്തിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ പോലീസ് സ്റ്റേഷൻ,

ക്രൈം നമ്പർ, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, അന്വേഷണ അവസ്ഥയിലുള്ള കേസിന്റെ വിവരം, തെളിയിക്കപ്പെട്ട കേസുകളിന്മേൽ കുറ്റപത്രം നൽകിയ കേസുകളുടെ വിവരം എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നത്* കണ്ടാലും.

(സി) കൊണ്ടോട്ടി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ച് അന്വേഷണം നടത്തിവരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ നടന്ന അതിക്രമങ്ങൾ

231 (235) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേർ പ്രതികളായിട്ടുണ്ട് ; ഇതിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ; വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) ഈ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേർ പ്രതികളായിട്ടുണ്ട് ; എത്ര പേർ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട് ; ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) <u>പട്ടികജാതി വിഭാഗം:</u>

3,489 പരാതികൾ ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3,181 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4,983 പേർ പ്രതികളായിട്ടുണ്ട്.

661 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു*.

പട്ടികവർഗ്ഗ വിഭാഗം:

646 പരാതികൾ ലഭിച്ചിട്ടുണ്ട്.

608 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1,081 പേർ പ്രതികളായിട്ടുണ്ട്.

84 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I -ൽ ചേർത്തിരിക്കുന്നു*.

(ബി) പട്ടികജാതി വിഭാഗം:

1,442 പരാതികൾ ലഭിച്ചിട്ടുണ്ട്.

1,352 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2,112 പേർ പ്രതികളായിട്ടുണ്ട്.

263 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

പട്ടികവർഗ്ഗ വിഭാഗം:

351 പരാതികൾ ലഭിച്ചിട്ടുണ്ട്.

340 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

441 പേർ പ്രതികളായിട്ടുണ്ട്.

28 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു*.

(സി) ഇതുസംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധം III-ൽ ചേർത്തിരിക്കുന്നു*.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ ആക്രമണം**

232 (236) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആക്രമിക്കപ്പെടുകയുണ്ടായി ;

(ബി) എത്ര പേർ കൊല ചെയ്യപ്പെടുകയുണ്ടായി ;

(സി) എത്ര പേർ ആത്മഹത്യ ചെയ്യുകയുണ്ടായി ; ആയതിൽ സ്ത്രീകൾ എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 3,585 പേർ ആക്രമിക്കപ്പെടുകയുണ്ടായി.

(ബി) 59 പേർ കൊല ചെയ്യപ്പെടുകയുണ്ടായി.

(സി) 2,286 പേർ ആത്മഹത്യ ചെയ്യുകയുണ്ടായതിൽ 560 പേർ സ്ത്രീകളാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

233 (237) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എത്ര വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുതിയ അദ്ധ്യയന വർഷത്തിൽ എത്ര സ്കൂളുകളിലേക്ക് കൂടിയാണ് ഈ പദ്ധതി വ്യാപിപ്പിക്കുക ; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ മൊത്തം എത്ര വിദ്യാർത്ഥികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 420 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ അദ്ധ്യയന വർഷം കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) 31500 കുട്ടികളെ എസ്.പി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നു.

**പയ്യന്നൂർ ഹക്കീം വധകേസിൽ സി.ബി.ഐ. അന്വേഷണം**

234 (238) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഏതെല്ലാം സാഹചര്യങ്ങളിലാണ് സംസ്ഥാന സർക്കാർ ഒരു കേസ് സി.ബി.ഐ. അന്വേഷണത്തിനായി ശുപാർശ ചെയ്യുന്നത് ; വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ എത്ര കേസ്സുകൾ സി.ബി.ഐ. അന്വേഷണത്തിന് വിട്ടിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) പയ്യന്നൂർ ഹക്കീം വധക്കേസ്സ് സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ റഫർ ചെയ്ത എത്ര കേസ്സുകൾ ഇനിയും സി.ബി.ഐ. ഏറ്റെടുക്കാനുണ്ട് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേസിന്റെ സ്വഭാവവും വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ കണക്കിലെടുത്തുമാണ് സി.ബി.ഐ. അന്വേഷണത്തിന് കേസുകൾ വിടുന്നത്. കോടതി ഉത്തരവ് പ്രകാരവും കേസ്സുകൾ സി.ബി.ഐ.-ക്ക് വിടാറുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാരും കോടതിയും CBI-ക്ക് റഫർ ചെയ്ത കേസുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഉണ്ട്. പയ്യന്നൂർ ഹക്കീം വധക്കേസ് 14-11-2014-ലെ G.O(Ms) 227/14/Home പ്രകാരം സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു*.

**മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മ പദ്ധതികൾ**

235 (239) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക പോലീസ്സേന രൂപീകരിക്കുന്നകാര്യം പരിഗണന യിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഭീഷണി നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ബി) കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന സേനാവിഭാഗം മാവോയിസ്റ്റ് ആക്രമണമുൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി പ്രവർത്തിച്ചുവരുന്നു.

(സി) മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലംമുതൽ ജില്ലാ പോലീസ് മേധാവി തലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാം വണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. ആവശ്യമായിവരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

(ഡി) വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**മാവോയിസ്റ്റ് പ്രവർത്തനം**

236 (240) <u>ശ്രീ. പി. സി. ജോർജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മാവോയിസ്റ്റ് പ്രവർത്തനം കുറ്റകരമല്ലെന്ന ഹൈക്കോടതിവിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിനെതിരെ അപ്പീൽ പോകാൻ സർക്കാരിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കേരളത്തിൽ മാവോയിസ്റ്റുകളുടെ എണ്ണം എത്രയെന്ന് ആഭ്യന്തര വകുപ്പ് കണക്കാക്കിയിട്ടുണ്ടോ ; വിവരിക്കുമോ ;

(ഡി) കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തകർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും വിശദമാക്കുമോ ;

(ഇ) കേരളത്തിൽ മാവോയിസ്റ്റുകളുടെ പ്രധാന നേതാക്കൾ ആരെന്ന് ആഭ്യന്തര വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പേരുവിവരം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മാവോയിസ്റ്റ് പ്രവർത്തനം കുറ്റകരമല്ലെന്ന് ഹൈക്കോടതി വിധിച്ചിട്ടില്ല. ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

" Being a Maoist is no crime, though the political ideology of Maoist does not synchronize with our constitutional polity. It is a basic human right to think in terms of human aspirations. The freedom of thought and liberty of conscience is a natural right and cannot be surrendered by any human being and that freedom is ingrained in human mind and soul. However, that freedom becomes unlawful when it confronts with the positive laws of the State. If the Maoist organization is a proscribed organization under law, activities of the Maoist organization can be interfered. If an individual or organization abhors and resorts to physical

violence, law agency can prevent or take action against that individual or organization. It is only when private thoughts or ideas become repugnant to the public values as envisaged under law, the private activities become unlawful" .

(ബി) ഹൈക്കോടതി വിധി പരിശോധിച്ചുവരുന്നു.

(സി) കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തകരുടെയും അവരുടെ സഹായി കളുടേയും വിവരങ്ങൾ പോലീസിന്റെ പക്കലുണ്ട്. പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) നിയമവിരുദ്ധ മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 101 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഇ) നിയമവിരുദ്ധ മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കേസുകളിലെ പ്രതികളെ പോലീസ് അന്വേഷിക്കാറുണ്ട്. അതിൽ നേതാവെന്നോ അനുയായിയെന്നോ വേർതിരിവില്ല.

**ആലപ്പുഴയിൽ നടന്നിട്ടുള്ള കൊലപാതക കേസുകൾ**

237 (241) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2011 മുതൽ 2015 വരെ ആലപ്പുഴയിൽ നടന്നിട്ടുള്ള കൊലപാതക കേസുകൾ ഏതെല്ലാമാണ് ; അതിൽ പോലീസ് അന്വേഷണം പൂർത്തിയാക്കി വിചാരണ നടപടികൾ കാത്തിരിക്കുന്നത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും അന്വേഷണം പൂർത്തീകരിക്കാത്തത് ഏതെല്ലാം കേസ്സുകളാണ് ; പ്രസ്തുത കേസ്സുകൾ ആരാണ് അന്വേഷിക്കുന്നത് ; അന്വേഷണം എന്നത്തേക്ക് പൂർത്തിയാകും ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011 മുതൽ 2015 വരെ ആലപ്പുഴ ജില്ലയിൽ 90 കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറയുന്ന 90 കേസുകളിൽ ഒരെണ്ണം ക്രൈം ബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. പ്രസ്തുത 90 കേസുകളുടെയും പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരവും ഇതിൽ നിലവിൽ

വിചാരണയിൽ ഇരിക്കുന്ന കേസുകളുടെ വിവരവും അനുബന്ധം I ആയി ചേർത്തിട്ടുണ്ട്*.

(ബി) നിലവിൽ ജില്ലയിൽ അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*. ഇതിനു പുറമേ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയ ക്രൈം നം.732/CR/HHW-1/2012(ചെങ്ങന്നൂർ പി.എസ്. ക്രൈ നം. 937/2012) എന്ന കേസ് ഇപ്പോൾ അന്വേഷണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.

**പോലീസുകാർ പ്രാകൃത മർദ്ദനമുറകൾ ഉപയോഗിച്ച സംഭവം**

238 (242) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഠിനംകുളം പുതുവല്ലിയിലെ വീട്ടിൽ അജീഷിനെ മഫ്ടിയിലെത്തിയ പോലീസുകാർ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി മർദ്ദിച്ചതായ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) അജീഷിനെ കമിഴ്ത്തിക്കിടത്തി കാലിലും കൈയ്യിലും പോലീസുകാർ പിടിച്ചുവച്ച് തേങ്ങാകൊണ്ട് മുതുകിൽ ഇടിക്കുകയും കാന്താരിമുളക് ജനനേന്ദ്രിയത്തിലും മലദ്വാരത്തിലും തേച്ച് പീഡിപ്പിക്കുകയും ചെയ്തുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടിയെടുത്തുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കഠിനംകുളം പുതുവല്ലിയിലെ വീട്ടിൽ അജീഷിനെ മഫ്ടിയിലെത്തിയ പോലീസുകാർ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയതായ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മർദ്ദിച്ചതായി വെളിവായിട്ടില്ല.

(ബി) ഇത്തരത്തിൽ ദേഹോപദ്രവം ഏൽപ്പിച്ചതായി വെളിവായിട്ടില്ല.

(സി) ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ, ഗുരുതരമായ കൃത്യവിലോപം നടത്തിയതിന് കഴക്കൂട്ടം എസ്.ഐ. ശ്രീ. കെ. രാജേന്ദ്രൻ നായരെ സസ്പെന്റ് ചെയ്യുകയും ടിയാനെതിരെയും കഴക്കൂട്ടം സി.ഐ. ശ്രീ. അരുണിനെതിരെയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ശിക്ഷാ കാലാവധി കഴിഞ്ഞ തടവുകാർ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

239 (243) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിവിധ ജയിലുകളിലായി ശിക്ഷാ കാലാവധി കഴിഞ്ഞ എത്ര തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തടവുകാരെ മോചിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇത്തരം തടവുകാരെ മോചിപ്പിക്കുന്നതിൽ നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സഹബുൾ, S/o സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ശിക്ഷാകാലാവധി പൂർത്തിയാക്കിയിട്ടും വിയ്യൂർ സെൻട്രൽ ജയിലിൽ കഴിയുന്നുണ്ട്.

(ബി) ഡീപോർട്ടേഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ ജയിലിൽ തന്നെ പാർപ്പിച്ചിരിക്കുന്ന സഹബുൾ എന്ന തടവുകാരനെ ഡീപോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഡീപോർട്ടേഷൻ നടപടികളിൽ ഉണ്ടാകുന്ന കാലതാമസമല്ലാതെ മറ്റൊരു നിയമ തടസ്സവും ഇത്തരം തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തിൽ ഇല്ല.

## ഇന്റർനെറ്റ് കേബിൾ മുറിച്ചു മാറ്റിയ കേസ്

240 (244) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇന്റർനെറ്റ് കേബിൾ രണ്ട് കിലോമീറ്റർ ദൂരത്തിലുള്ളത് മുറിച്ചുമാറ്റിയത് സംബന്ധിച്ച് 19-5-2015-ന് കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കുറ്റകൃത്യം സംബന്ധിച്ച് ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കേസിന്റെ ക്രൈം നമ്പർ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി പ്രാകരം കടയ്ക്കൽ പോലീസ് അന്വേഷണം നടത്തിയപ്പോൾ

കേബിൾ മുറിച്ച് മാറ്റിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

**ജനശ്രീ മിഷനിലെ സാമ്പത്തിക തട്ടിപ്പ്**

241 (245) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജനശ്രീമിഷന്റെ നേതൃത്വത്തിൽ നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ പറ്റിയുള്ള പോലീസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് ജനശ്രീമിഷന്റെ ഏതെല്ലാം ആഫീസുകളിൽ പോലീസ് റെയ്ഡ് നടത്തുകയുണ്ടായി ; എത്ര കോടി രൂപയുടെ തട്ടിപ്പുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റിയിൽ പ്രസ്തുത തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർ ആരൊക്കെയായിരുന്നു; ആരെയെല്ലാം പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ടവരെത്ര ; ആരൊക്കെ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനശ്രീമിഷനുമായി ബന്ധപ്പെട്ട് നടന്നതായി ആരോപിക്കപ്പെട്ട സാമ്പത്തിക തട്ടിപ്പിനെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 280/15 u/s 406, 420, 434 IPC & 13 &17 of the Kerala Money Lenders Act പ്രകാരമുള്ള കേസ് വെഞ്ഞാറമൂട് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്.

(ബി) ഇതു സംബന്ധിച്ച് വെഞ്ഞാറമൂട് ജനശ്രീ സുസ്ഥിര വികസന മിഷൻ, നെല്ലനാട് മണ്ഡലം സഭാ ഓഫീസിൽ റെയ്ഡ് നടത്തുകയുണ്ടായി. എഴുപതോളം പേർ തട്ടിപ്പിനിരയായിട്ടുണ്ട്. 28 ലക്ഷം രൂപയുടെ തട്ടിപ്പുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) ജനശ്രീ നെല്ലനാട് മണ്ഡലം കമ്മിറ്റി സെക്രട്ടറിയായ പൊങ്ങൻവിള ചന്ദ്രൻ @ വിജയചന്ദ്രൻ നായർ ഒന്നാം പ്രതിയായും, ടി കമ്മിറ്റിയുടെ പ്രസിഡന്റായ വയ്യേറ്റ് ചന്ദ്രൻ എന്ന ചന്ദ്രശേഖരൻ നായർ എന്നയാളെ രണ്ടാം പ്രതിയായും രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി

ഹൈക്കോടതി ജാമ്യത്തിലുമാണ്.

## ആരാധനാലയങ്ങളിലെ മോഷണം

242 (246) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങളിൽ മോഷണം നടന്നത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളുടെ വിസദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി ; എത്ര എണ്ണത്തിൽ മോഷണ വസ്തു തിരികെ ലഭിച്ചു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണം എത്ര ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ആരാധനാലയങ്ങളിൽ മോഷണം നടന്നത് സംബന്ധിച്ച് 1285 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മേൽപ്പറഞ്ഞ കേസുകളിൽ 625 എണ്ണത്തിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്. 468 കേസുകളിൽ മോഷണ വസ്തുക്കൾ തിരികെ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് 276 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

## കുറ്റകൃത്യങ്ങളുടെ എണ്ണം

243 (247) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം അറിയിക്കുമോ ;

(സി) ഇതിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം എത്രയെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2319161 കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇവയിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം 2521569 ആണ്.

(സി) ഇതിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം 40368 ആണ്.

## സ്ത്രീ സുരക്ഷയ്ക്കായി നിയമനിർമ്മാണം

244 (248) <u>ശ്രീമതി കെ. കെ. ലതിക</u> :
<u>ശ്രീമതി കെ. എസ്. സലീഖ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ സുരക്ഷയ്ക്ക് നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും എത്രത്തോളം പര്യാപ്തമാണ് ;

(ബി) സ്ത്രീകൾക്ക് നേരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) സ്ത്രീകൾക്ക് നേരെയുണ്ടായിട്ടുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ക്രൈം റിക്കോർഡ്സ് ബ്യൂറോ തയ്യാറാക്കിയ കണക്കുകൾ വിശദമാക്കുമോ ;

(ഡി) ഈ കുറ്റകൃത്യങ്ങളിൽപ്പെട്ട എത്ര പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട്; എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട് ;

(ഇ) സ്ത്രീകളുടെ സുരക്ഷയ്ക്ക് കൂടുതൽ നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്ത്രീകളുടെ സുരക്ഷയ്ക്ക് നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും പര്യാപ്തമാണ്.

(ബി) കഴിയുന്നുണ്ട്.

(സി&ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ**

245 (249) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടികൾക്കെതിരെ എത്ര അതിക്രമങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെയും എണ്ണം ലഭ്യമാക്കാമോ ;

(സി) അന്വേഷണം പൂർത്തിയായ കേസ്സുകളെത്രയെന്നും കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിൽ വിചാരണ പൂർത്തിയായ കേസ്സുകളെത്രയാണ് ; ശിക്ഷിക്കപ്പെട്ടവർ എത്രയെന്നും വെറുതെ വിട്ടവർ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 7095 അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) 7443 പേരെ അറസ്റ്റ് ചെയ്യുകയും 670 പേരെ അറസ്റ്റ് ചെയ്യാനുമുണ്ട്.

(സി) അന്വേഷണം പൂർത്തിയായ കേസുകൾ - 5402
കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസുകൾ - 5183

(ഡി) വിചാരണ പൂർത്തിയായ കേസുകൾ - 276
ശിക്ഷിക്കപ്പെട്ടവർ - 133
വെറുതെ വിട്ടവർ - 138

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ**

246 (250) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ എത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതിക്രമക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാലയളവിൽ നടന്ന കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ മറ്റ് പീഢനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കേസ്സുകളിലെല്ലാമായി ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവർ, ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസ്സുകൾ എത്രയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 53692 കേസുകൾ

(ബി) കൊലപാതകങ്ങൾ - 468

ബലാത്സംഗങ്ങൾ - 4703

മാനഭംഗപ്പെടുത്തലുകൾ - 17824

മറ്റുതരത്തിലുള്ള പീഡനങ്ങൾ - 30697

(സി) അറസ്റ്റ് ചെയ്യപ്പെട്ടവർ - 60886

അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവർ - 5811

(ഡി) 43850 കേസുകൾ.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ**

247 (251) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഇന്ത്യയിൽ സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളുടെ കാര്യത്തിൽ സംസ്ഥാനം തിരിച്ചുള്ള പട്ടികയിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ത്രീകൾക്കുനേരെ നടന്ന അതിക്രമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2014-ൽ ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് 2014-ൽ ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) പട്ടികജാതി സ്ത്രീകൾക്കുനേരെനടന്ന അതിക്രമവുമായി ബന്ധപ്പെട്ട് 2014-ൽ ആകെ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) പട്ടികവർഗ്ഗ വിഭാഗം സ്ത്രീകൾക്കുനേരെനടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2014-ൽ ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിവരം ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(ബി) 13856 കേസുകൾ.

(സി) 144 കേസുകൾ.

(ഡി) 373 കേസുകൾ.

(ഇ) 86 കേസുകൾ.

**അന്യസംസ്ഥാനത്തൊഴിലാളികൾ**

248 (252) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് ജോലിക്കായി വരുന്നവർ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതിയി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കൊലപാതകം, മോഷണം, നിരോധിത ഉൽപ്പന്നങ്ങളുടെ വില്പന എന്നിവയുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര പേർ പിടിക്കപ്പെട്ടു ; എത്ര പേർ പിടിക്കപ്പെടാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്ന് താമസിക്കുന്നവരുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലും സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊലപാതകം - 49

മോഷണം - 240

നിരോധിത ഉൽപ്പന്നങ്ങളുടെ
വിൽപ്പനയുമായി ബന്ധപ്പെട്ടവ - 173

(സി) പിടിക്കപ്പെട്ടവർ - 625

പിടിക്കപ്പെടാനുള്ളവർ - 18

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്ന് താമസിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം, ഫോട്ടോ, ഫോൺ നമ്പർ, നിലവിലെ താമസസ്ഥലത്തെ വിലാസം തുടങ്ങിയവ ഉൾപ്പെട്ട രജിസ്റ്റർ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ട്. ടി രജിസ്റ്ററിലെ വിവരങ്ങൾ യഥാസമയം പുതുക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ട വ്യക്തികളെയും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്.

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കെട്ടിട ഉടമകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്ക് ധനസഹായം**

249 (253) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവാൻ സഹായിക്കുന്നവർക്ക് ചെലവാകുന്ന പണം പോലീസ് നൽകുന്നതാണെന്ന തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തുക നൽകുന്നതിന് ആരെയാണ് ചുമതലപ്പെട്ടുത്തിയിട്ടുള്ളത് ; എത്ര രൂപ വരെ നൽകുന്നതിനാണ് ചുമതല നൽകിയിട്ടുള്ളത് ;

(സി) എത്ര തുക ഈ ഇനത്തിൽ നാളിതുവരെ നൽകിയിട്ടുണ്ട് ;

(ഡി) തുക നൽകുന്നതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ വിമുഖത കാണിച്ചതായ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പരിക്കേറ്റവരെ സഹായിക്കുന്നവർക്ക് പോലീസിൽ നിന്നും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) സർക്കിൾ ഇൻസ്പെക്ടർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഒരു വ്യക്തിക്ക് 200 രൂപവരെ നൽകുന്നതിനാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതുവരെ 6,55,200 രൂപ നൽകിയതായി ജില്ലാ പോലീസ് മേധാവിമാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിക്കേറ്റവരെ സഹായിക്കാൻ എത്തുന്നവർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകണമെന്നും അവർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കരുതെന്നുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊല്ലം റൂറൽ പോലീസിനായി 2 കമ്പനി സേനയെ ലഭ്യമാക്കുന്നത്

250 (254) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസിനായി 2 കമ്പനി സേനയെ ലഭ്യമാക്കുമെന്ന ബഹു. ആഭ്യയന്തരമന്ത്രിയുടെ പ്രഖ്യാപനം നാളിതുവരെ നടപ്പിലാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം എ. ആർ. ക്യാമ്പിൽ നിന്നും 2 കമ്പനി സേനയെ കൊല്ലം റൂറൽ പോലീസിന് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ ശിപാർശ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ അംഗബലം സമീപ ജില്ലകളിൽനിന്നും ലഭ്യമാക്കാറുണ്ട്.

## ഹക്കീം വധം CBI-യെക്കൊണ്ട് ഏറ്റെടുപ്പിക്കാനുള്ള നടപടി

251 (255) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കൊറ്റിയിൽ കൊലചെയ്യപ്പെട്ട അബ്ദുൾ ഹക്കീമിന്റെ കൊലപാതകം CBI-ക്ക് കൈമാറിയിട്ടും CBI ഏറ്റെടുക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും

നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഹക്കീം വധം CBI-യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഹക്കീം വധവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 142/2014 കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് 14-11-2014-ലെ G.O. (Ms) No. 227/2014/Home പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 3-12-2014-ൽ പ്രസ്തുത വിജ്ഞാപനം കേന്ദ്ര സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 7-5-2015-ൽ വീണ്ടും കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തോട് ടി കേസ് CBI-ക്ക് കൈമാറിയിട്ടുണ്ടോയെന്ന വിവരം ആരാഞ്ഞിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് CBI-യിൽ നിന്നും നാളിതുവരെയായി അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. കേസുകളുടെ ബാഹുല്യം നിമിത്തം സംസ്ഥാന സർക്കാർ റഫർ ചെയ്യുന്ന എല്ലാ കേസുകളും സി.ബി.ഐ. ഏറ്റെടുക്കാറില്ല. പരാമർശ കേസ് സി.ബി.ഐ. ഏറ്റെടുത്തിട്ടില്ലെന്ന നിഗമനത്തിൽ പൂർണ്ണമായും എത്തിച്ചേരാൻ ഇപ്പോൾ സാധിക്കുകയില്ല.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുള്ള കേന്ദ്ര ഫണ്ട്

252 (256) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ 2011 മുതൽ 2015 വരെയുള്ള കാലയളവിൽ ഓരോ വർഷവും എത്ര തുക കേന്ദ്രഫണ്ടായി അനുവദിച്ചു ; എത്ര തുക ലാപ്സായി ; വിശദാംശം നൽകുമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ആയിരുന്നു ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കേന്ദ്ര ഫണ്ടിനത്തിൽ സംസ്ഥാന ബഡ്ജറ്റ് വഴി ലഭിച്ച തുകയുടെ വിശദവിവരം താഴെപ്പറയുന്നു.

| വർഷം | ലഭിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|

| | | |
|---|---|---|
| 2011-2012 | 2149.19 | 487.33 |
| 2012-2013 | 929.42 | 167.79 |
| 2013-2014 | 200.00 | 200.00 |
| 2014-2015 | 500.00 | 224.42 |

കേന്ദ്ര ഫണ്ടായി അനുവദിച്ച തുകയിൽ ഓരോ സാമ്പത്തികവർഷവും ചെലവഴിച്ചതിൽ ബാക്കി നിൽക്കുന്ന തുകകൾ റീ-വാലിഡേറ്റ് ചെയ്ത് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ആകയാൽ തുകകൾ ലാപ്സാകാറില്ല.

(ബി) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും വാങ്ങൽ, അഗ്നിശമനസേനയുടെ ശക്തിപ്പെടുത്തൽ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം എന്നിവ.

(സി) ആധുനിക അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനും അഗ്നിശമനസേനയെ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പൂർണ്ണമായിട്ടില്ല. ആയവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മിഠായി തെരുവിലെ തീപിടുത്തം**

253 (257) <u>ശ്രീ. കെ. ദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് മിഠായി തെരുവിൽ സമീപ കാലങ്ങളിൽ എത്ര തവണ തീപിടുത്തമുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഏറ്റവുമൊടുവിൽ ഉണ്ടായ അഗ്നിബാധയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) അഗ്നിബാധയിലേക്ക് നയിച്ച കാരണങ്ങൾ എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) മിഠായി തെരുവിന്റെ പുനരുദ്ധാരണത്തിനും വ്യാപാരികളുടെ പുനരധിവാസത്തിനും സ്വീകരിച്ച നടപടിയും ആവിഷ്കരിച്ച പദ്ധതിയും വിശദമാക്കാമോ ;

(ഇ) നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് പ്രഖ്യാപിച്ച പാക്കേജ് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2010 മുതൽ 2015 വരെ 67 തവണ.

(ബി) ഏകദേശം 6,04,28,000 രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(സി) എളുപ്പത്തിൽ തീപിടിക്കുന്ന തുണിത്തരങ്ങൾ, ഫാബ്രിക് പെയിന്റുകൾ, കെമിക്കലുകൾ, എംബ്രോയിഡറി മെറ്റീരിയൽസ് തുടങ്ങിയവ വലിയ അളവിൽ കൂട്ടിയിട്ട് വിൽക്കുന്ന മുറികളായിരുന്നു തീ പിടുത്തത്തിൽപ്പെട്ടത്. ഇലക്ട്രിക് പോയിന്റുകളുടെ സമീപത്തുപോലും ഇവ സ്റ്റോക്ക് ചെയ്തിട്ടുണ്ടായിരുന്നു. ഒരു ചെറിയ സ്പാർക്ക് ഉണ്ടായാൽപ്പോലും എളുപ്പം കത്തിപ്പിടിക്കാവുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

**വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

254 (258) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദമാക്കുമോ ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും മുൻഗണനാ പട്ടിക നിലവിലുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നാട്ടിക മണ്ഡലത്തിൽ റവന്യൂ വകുപ്പിൽനിന്ന് ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് കൈമാറി കിട്ടിയ ഭൂമിയിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 21-12-2011-ലെ ജി.ഒ. (ആർ.റ്റി) 3764/2011/ ആഭ്യന്തര നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) നാട്ടിക മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചേർത്തല ഫയർ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

255 (259) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ചേർത്തല ഫയർ സ്റ്റേഷനിലെ സൗകര്യക്കുറവുകളും വാഹനങ്ങൾ, രക്ഷാ ഉപകരണങ്ങൾ എന്നിവയടക്കമുള്ളവയുടെ പോരായ്മകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് എറിയിക്കുമോ ?

<u>ഉത്തരം</u>

ചേർത്തല നിലയത്തിലെ സ്റ്റേഷൻ കെട്ടിടത്തിന് സ്റ്റോർ പണിയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ചേർത്തല നിലയത്തിൽ നിലവിൽ മൂന്ന് എം.റ്റി.യു, ഒരു എമർജൻസി ടെണ്ടർ, ഒരു റിക്കവറി വെഹിക്കിൾ, ഒരു ആംബുലൻസ്, ഒരു ജീപ്പ് എന്നിവയാണുള്ളത്. ഇതിനുപുറമേ, ഫ്ലോട്ട് പമ്പ് - 1, ഫോൾഡിംഗ് സ്ട്രെച്ചർ -3, സീറോ ടോർക്ക് നോസിൽ - 2, ഡെലിവറി ഹോസ് - 10, ചെയിൻസോ - 1, ബാറ്ററി - 1, എന്നിവ നിലവിൽ നിലയത്തിൽ ലഭ്യമാണ്. പുതുതായി വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ചേർത്തല ഫയർ സ്റ്റേഷനിലേക്ക് അനുവദിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## ഐ.എ.എസ് /ഐ.പി.എസ്. /ഐ.എഫ്.എസ്. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

256(260) <u>ഡോ. കെ. ടി. ജലീൽ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഐ.എ.എസ്/ ഐ.പി.എസ്./ ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട് ; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദവിവരം നൽകുമോ ;

(ബി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന് സർക്കാർ സർവ്വീസിലെ എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നു ; ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പന്ത്രണ്ട് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) നാൽപ്പത് പേർ. വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു*.

(സി) റവന്യൂ-തദ്ദേശ സ്വയംഭരണ-സഹകരണ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസുകൾ ഉണ്ടായിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ബാർ കോഴ കേസ്**

257 (261) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ബാർ കോഴ കേസ്സുമായി ബന്ധപ്പെട്ട് നടത്തിയ ന്ദണപരിശോധനയുടെ ഫലം കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ ?

ഉത്തരം

ബാർ കോഴ കേസ്സുമായി ബന്ധപ്പെട്ട് നടത്തിയ ന്ദണപരിശോധനയുടെ ഫലം ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

**ബാർ കോഴ ഇടപാടിലെ വിജിലൻസ് അന്വേഷണം**

258 (262) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജുപോൾ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ ഇടപാടുകൾ അന്വേഷിക്കുന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ബാർ കോഴ ഇടപാടുകളിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ്; എന്തെല്ലാം കുറ്റകൃത്യങ്ങളാണ് ആരോപണങ്ങളിൽ അടങ്ങിയിരിക്കുന്നത്; ഏതെല്ലാം എഫ്.ഐ.ആറുകളിൽ ഏതെല്ലാം മന്ത്രിമാർ പ്രതികളായിരുന്നു.

(സി) സി.ആർ.പി.സി. സെക്ഷൻ 164 സ്റ്റേറ്റ്മെന്റിലൂടെ ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ഉന്നയിച്ച ആരോപണങ്ങൾ എന്തെല്ലാം ; ഏതെല്ലാം മന്ത്രിമാരുടെ കുറ്റകൃത്യങ്ങളാണ് ആരോപിക്കപ്പെട്ടത് ;

(ഡി) നിലവിലെ മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ തെളിവുകൾ സഹിതം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിജിലൻസ് അതിന്റെ നിയമപരമായ കടമ നിറവേറ്റുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ സമ്മർദ്ദങ്ങൾകൊണ്ട് വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപങ്ങൾ പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) (1) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ വി.സി.06/14/എസ്.ഐ.യു. - I എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. കെ. എം. മാണി ഒരു കോടി രൂപ ബാർ ഉടമകളിൽനിന്ന് കൈക്കൂലി ആവശ്യപ്പെട്ടു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.

(2) ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് വി.സി.06/14/എസ്.ഐ.യു. - I എന്ന കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി മജിസ്ട്രേറ്റ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ഉടമകളിൽനിന്നും രൂപ വാങ്ങിയതായുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

(ഡി) പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങൾ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമമായും, നിഷ്പക്ഷമായും അന്വേഷിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെമേൽ യാതൊരു സമ്മർദ്ദവുമില്ല.

**ബാർ കോഴ കേസ്**

259 (263) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ കേസിൽ ആരോപണവിധേയനായ എക്സൈസ് വകുപ്പ് മന്ത്രിയുടെ സ്വത്തുക്കൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണ സംഘത്തിന് പരാതി ലഭിച്ചിട്ടുണ്ടായിരുന്നോ ; അന്വേഷിക്കുകയുണ്ടായോ ;

(ബി) ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പുമന്ത്രിക്ക് സെക്രട്ടേറിയറ്റിൽ എത്തി എത്ര ലക്ഷം രൂപ കൈമാറിയതായിട്ടാണ് ശ്രീ. ബിജുരമേശ് വിജിലൻസിന് മൊഴി നൽകിയിരുന്നത് എന്ന് അറിയിക്കാമോ ;

(സി) ബാർ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജുരമേശ് എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ മജിസ്ട്രേറ്റിന് മുൻപാകെ നൽകിയ രഹസ്യമൊഴിയുടേയും വിജിലൻസ് സംഘത്തിന് നൽകിയ വിശദമായ മൊഴിയുടേയും അടിസ്ഥാനത്തിൽ വിജിലൻസ് സംഘം എത്തിയ നിഗമനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാർ ലൈസൻസ് ഫീസ് 30 ലക്ഷം രൂപയായി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിച്ചത് 23 ലക്ഷം രൂപയായി കുറയ്ക്കുന്നതിന് 10 കോടി രൂപ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു കൈക്കൂലി വാങ്ങിയെന്നാണ് ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റായ ശ്രീ. ബിജു രമേശ് വി.സി. 06/2014/എസ്.ഐ.2 യു. I കേസന്വേഷണ വേളയിൽ മജിസ്ട്രേറ്റ് മുമ്പാകെ മൊഴി നൽകിയത്. ഇതേക്കുറിച്ച് പ്രാഥമിക അന്വേഷണം നടന്നുവരുന്നതേയുള്ളൂ.

(സി) ടി വിഷയവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടക്കുന്നതിനാൽ വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

**മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ.അരുൺകുമാറിനെതിരെയുള്ള വിജിലൻസ് കേസ്**

260 (264) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ട്.

(ബി) ശ്രീ. വി. എ. അരുൺ കുമാർ, 1999 ജൂൺ മുതൽ 2001 ജൂൺ വരെയുള്ള കാലഘട്ടത്തിൽ കയർഫെഡ് എം.ഡി. ആയിരിക്കെ, ചേർത്തല കയർ

പാർക്കിൽ ഗോഡൗൺ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന ആരോപണത്തിൽ വി.സി. 03/2014/ എസ്.സി.റ്റി. എന്ന കേസ് 18-12-2014 - ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വിജിലൻസ് കേസന്വേഷണം പുരോഗമന ഘട്ടത്തിലാണ്.

**ബാർ കോഴക്കേസിലെ വിജിലൻസ് അന്വേഷണം**

261 (265) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴക്കേസിലെ വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആറിലെ ഒന്നാം പ്രതി ആരാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നത്തേക്കാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ബാർ കോഴ കേസിലെ വിജിലൻസ് കേസന്വേഷണം പുരോഗതിയിലാണ്.

(ബി) ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ ഒന്നാം പ്രതിയാക്കിയാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(സി) കേസന്വേഷണം പുരോഗതിയിലാണ്.

(ഡി) അന്വേഷണം പൂർത്തിയാക്കിവരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**മലബാർ സിമന്റ്സിലെ അഴിമതിയും വിജിലൻസ് കേസുകളും**

262 (266) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സിലെ അഴിമതികളുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട് ; ഈ കേസുകൾ എന്ന് ചാർജ് ചെയ്തവയാണ് ; ഓരോ കേസിലും ആരെല്ലാമാണ് പ്രതികൾ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകളിലെ ഏതെങ്കിലും പ്രതികളെ പിന്നീട് കേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെയെല്ലാം ; എന്നാണ് ഒഴിവാക്കിയത് ;

എന്തായിരുന്നു കാരണം ;

(സി) വിജിലൻസ് കേസ് ഉൾപ്പെടെയുള്ള അഴിമതികൾ സി.ബി.ഐ. അന്വേഷിക്കണമെന്ന് ഈ സർക്കാർ എപ്പോഴെങ്കിലും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തുകൊണ്ടാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) 2001-2006, 2011-2015 കാലഘട്ടത്തിൽ മലബാർ സിമന്റ്സിൽ വിജിലൻസ് കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ ; ആരെല്ലാമാണ് പ്രതികൾ ?

## ഉത്തരം

(എ) മലബാർ സിമന്റ്സിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന എട്ട് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയവയിൽ രണ്ടു കേസുകളുടെ അന്വേഷണം നടന്നുവരുന്നു. ആറ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

1. വി.സി.20/2000/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 27-10-2000):

    1. ശ്രീ. എൻ. ഗോപകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ (പി. ആന്റ് എ), മലബാർ സിമന്റ്സ്.
    2. ശ്രീ. പി. അബ്ദുൾ റഹ്മാൻ, ഇൻഡസ്ട്രീയൽ റിലേഷൻസ് ഓഫീസർ.
    3. ശ്രീ. കെ. വിജയരാഘവൻ, മെറ്റീരിയൽ മാനേജർ, മലബാർ സിമന്റ്സ്.
    4. ശ്രീ. പി. ആർ. ലക്ഷ്മണൻ, ഡെപ്യൂട്ടി ഫിനാൻസ് മാനേജർ.
    5. ശ്രീ. ആൻഡ്രൂസ് സി. പാട്രിക്, സീനിയർ ക്ലാർക്ക്.
    6. ശ്രീ. ആർ. മുകുന്ദൻ, കാന്റീൻ കോൺട്രാക്ടർ.
    7. ശ്രീ. റ്റി.പി. പാപ്പച്ചൻ, സ്വാകാര്യ വ്യക്തി.

മലബാർ സിമന്റ്സിന്റെ ഡയറക്ടർ ബോർഡ് പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുവാദം നിഷേധിച്ചതിനാൽ തുടർനടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള അന്തിമ റിപ്പോർട്ട് തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും ആയത് 6-7-2012-ൽ കോടതി അംഗീകരിക്കുകയും ചെയ്തു.

2. <u>വി.സി.03/2008/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 13-5-2008)</u>:

1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ.
2. ശ്രീ. മുരളീധരൻ നായർ, മുൻ മാനേജിംഗ് ഡയറക്ടർ.
3. ശ്രീ. ഉദയകാന്തി, മുൻ ജിയോളജിസ്റ്റ്.
4. ശ്രീ. ആനന്ദകുമാർ, മുൻ ചീഫ് കെമിസ്റ്റ്.
5. ശ്രീ. മുഹമ്മദ് ഫിറോസ് ക്രസന്റ് മൈൻസ് ആന്റ് മിനറൽസ് പാർട്ട്ണർ.
6. ശ്രീ. ജോൺ മത്തായി, ഐ.എ.എസ്., മുൻ ചെയർമാൻ.
7. ശ്രീ. എൻ കൃഷ്ണകുമാർ, മുൻ മാനേജിംഗ് ഡയറക്ടർ.
8. ശ്രീ. റ്റി. പദ്മനാഭൻ നായർ, മുൻ ഡയറക്ടർ.
9. ശ്രീ. ജയപ്രകാശ്, മുൻ ഡയറക്ടർ.
10. ശ്രീ. അബ്ദുൾ ഗനി ബാഷ പർവീൺ മൈൻസ് ആന്റ് മിനറൽസ് പ്രൊപ്രൈറ്റർ.
11. ശ്രീ. വി.എം. രാധാകൃഷ്ണൻ, ക്രസന്റ് മൈൻസ് ആന്റ് മിനറൽസ് മാനേജിംഗ് പാർട്ട്ണർ.

ഒൻപതാം പ്രതി ശ്രീ. ജയപ്രകാശിനെതിരെ തെളിവില്ലാത്തതിനാൽ ഈ കേസിൽ നിന്നും ഒഴിവാക്കി. പത്താം പ്രതി ശ്രീ. അബ്ദുൾ ഗനി ബാഷയേയും തെളിവില്ലാത്തതിനാൽ ടി കേസിൽ നിന്നും ഒഴിവാക്കി. അന്വേഷണ വേളയിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ശ്രീ. ഗുലാം അഹമ്മദ് ബാഷ, ശ്രീമതി സുബൈദാ ബീഗം, മാനേജിംഗ് പാർട്ട്ണർ, ഏഷ്യാ മൈൻസ് ആന്റ് മിനറൽസ് എന്നിവരെ ഈ കേസിന്റെ പ്രതി പട്ടികയിൽ ഉൾപ്പെടുത്തി 1-1-2010-ന് കുറ്റപത്രം സമർപ്പിച്ചു.

3. <u>വി.സി.07/2008/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 12-11-2000)</u>:

1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ.
2. ശ്രീ. മുരളീധരൻ നായർ, മുൻ മാനേജിംഗ് ഡയറക്ടർ.

3. ശ്രീ. വി.എം. രാധാകൃഷ്ണൻ @ ചാക്ക് രാധാകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, M/s. ആർക്ക് വുഡ് ആന്റ് മെറ്റൽസ്, കോയമ്പത്തൂർ.

4. ശ്രീ. എസ്. വടിവേലു, എക്സിക്യൂട്ടീവ് ഡയറക്ടർ, M/s. ആർക്ക് വുഡ് ആന്റ് മെറ്റൽസ്, കോയമ്പത്തൂർ.

5. ശ്രീ. ജോൺ മത്തായി, ഐ.എ.എസ്., മുൻ മാനേജിംഗ് ഡയറക്ടർ.

6. ശ്രീ. എൻ. കൃഷ്ണകുമാർ, മുൻ ഡയറക്ടർ.

7. ശ്രീ. റ്റി. പദ്മനാഭൻ നായർ, മുൻ ഡയറക്ടർ.

ടി കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്ന വേളയിൽ ആരെയും ഒഴിവാക്കിയിട്ടില്ല.

4. <u>വി.സി.08/2008/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 12-4-2008)</u>:

1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ.

2. ശ്രീ. മുരളീധരൻ നായർ, മുൻ മാനേജിംഗ് ഡയറക്ടർ.

3. ശ്രീ. വി.എം. രാധാകൃഷ്ണൻ @ ചാക്ക് രാധാകൃഷ്ണൻ, പ്രൊപ്രൈറ്റർ, M/s. എസ്.ആർ.വി. ട്രാൻസ്പോർട്ട്, ളുത്തുക്കുടി.

4. ശ്രീ. എസ്. വടിവേലു, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ.

5. ശ്രീ. ജോൺ മത്തായി, ഐ.എ.എസ്., മുൻ ചെയർമാൻ.

6. ശ്രീ. എൻ. കൃഷ്ണകുമാർ, മുൻ ഡയറക്ടർ.

7. ശ്രീ. റ്റി. പദ്മനാഭൻ നായർ, മുൻ ഡയറക്ടർ.

ടി കേസിന്റെ കുറ്റപത്രം സമർപ്പിക്കുന്ന വേളയിൽ ആരെയും ഒഴിവാക്കിയിട്ടില്ല.

5. <u>വി.സി.01/2009/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 2-1-2009)</u>:

1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ്.

2. ശ്രീ. കെ. മുരളീധരൻ നായർ, മുൻ ജനറൽ മാനേജർ.

3. ശ്രീ. ജെ.പി. ജയിംസ്, എക്സിക്യൂട്ടീവ് ഡയറക്ടർ.

4. ശ്രീ. സുഭാഷ് ചന്ദ്രൻ, പ്ലാന്റ് എഞ്ചിനീയർ.

5. ശ്രീ. സി.കെ. ദിലീപ് കുമാർ, സീനിയർ മാനേജർ, M/s. എ.ഐ.എ. എഞ്ചിനീയറിംഗ് ലിമിറ്റഡ്.

6. ശ്രീ. ഭദ്രേസ് ഷാ, മാനേജിംഗ് ഡയറക്ടർ, M/s. എ.ഐ.എ. എഞ്ചിനീയറിംഗ് ലിമിറ്റഡ്.

ടി കേസിൽ നിന്നും ആരെയും ഒഴിവാക്കിയിട്ടില്ല.

6. വി.സി.08/2011/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 28-6-2011):

1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ്.
2. ശ്രീ. കെ. മുരളീധരൻ നായർ, മുൻ ജനറൽ മാനേജർ.
3. ശ്രീ. ശ്രീധർ, മുൻ ജനറൽ മാനേജർ.
4. ശ്രീ. ബി.ശെൽവം, മുൻ മാനേജർ.
5. ശ്രീ. ഇ. രവി, മുൻ ഡെപ്യൂട്ടി ജനറൽ മാനേജർ.
6. ശ്രീ. വി.എം. രാധാകൃഷ്ണൻ @ ചാക്ക് രാധാകൃഷ്ണൻ, പ്രൊപ്രൈറ്റർ, M/s. എസ്.ആർ.വി. ട്രാൻസ്പോർട്ട്, ഉത്തുക്കുടി
7. ശ്രീ. നിധിൻ രാധാകൃഷ്ണൻ, പാർട്ട്ണർ പൈനിയർ എന്റർപ്രൈസസ്.
8. ശ്രീ. ചന്ദ്രമൗലി, പാർട്ട്ണർ പൈനിയർ എന്റർപ്രൈസസ്.
9. ശ്രീ. ഹഷദ് ബി. പട്ടേൽ, മാനേജിംഗ് ഡയറക്ടർ, ഋഷി പാക്കേഴ്സ്.

കേസന്വേഷണം പൂർത്തിയാക്കി. റിപ്പോർട്ട് നിയമവിഭാഗത്തിന്റെ പരിശോധനയിലാണ്.

7. വി.സി.07/2015/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 19-1-2015):

1. ശ്രീ. ബൈജു മാളിയേക്കൽ, മുൻ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ.
2. ശ്രീ. അജിത്ത് കുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ.
3. ശ്രീ. സുന്ദര മൂർത്തി, മുൻ ഡെപ്യൂട്ടി ജനറൽ മാനേജർ.
4. ശ്രീ. എൻ.ആർ. സുബ്രഹ്മണ്യം, മുൻ മാനേജിംഗ് ഡയറക്ടർ.
5. ശ്രീ. ജോസഫ് മാത്യൂ, മുൻ മാനേജിംഗ് ഡയറക്ടർ.
6. ശ്രീ. പി. ഉണ്ണി, മുൻ ഡയറക്ടർ.

7. ശ്രീ. മനോജ് ഗാർഗ്, മാനേജിംഗ് ഡയറക്ടർ, M/s. ഹിമാചൽ എൻവയോൺ മെന്റൽ എഞ്ചിനീയറിംഗ് കമ്പനി, പ്രൈവറ്റ് ലിമിറ്റഡ്.

അന്വേഷണം പുരോഗമിക്കുന്നു.

8. വി.സി.02/2003/പി.കെ.ഡി. (രജിസ്റ്റർ ചെയ്ത തീയതി 25-2-2003):

1. ശ്രീ. എൻ.ആർ. സുബ്രഹ്മണ്യം, മുൻ മാനേജിംഗ് ഡയറക്ടർ.

2. ശ്രീ. പി. ഹരിഹരൻ, ജോയിന്റ് മെറ്റീരിയൽ മാനേജർ.

3. ശ്രീ. ബാല സുബ്രഹ്മണ്യം, അസിസ്റ്റന്റ് ജനറൽ മാനേജർ, കോസ്റ്റൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ.

ടി കേസിലെ പ്രതി ശ്രീ. എൻ.ആർ. സുബ്രഹ്മണ്യം ഫയൽ ചെയ്ത 67/2007 റിട്ട് അപ്പീൽ ഹൈക്കോടതി തീർപ്പാക്കാത്തതിനാൽ ഈ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) 22-2-2012 തീയതിയിലെ ജി.ഒ (എംഎസ്.) 11/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സി.സി.32/2010, സി.സി.2/2011, സി.സി.22/2011 എന്നീ കേസുകളിലെ പ്രതികളായ ശ്രീ. ജോൺ മത്തായി, ഐ.എ.എസ്. (റിട്ടയേർഡ്) മുൻ എക്സ്-ഒഫിഷ്യോ ചെയർമാൻ, മലബാർ സിമന്റ്സ്, ശ്രീ. എൻ. കൃഷ്ണകുമാർ, ശ്രീ. റ്റി. പദ്മനാഭൻ നായർ, മുൻ എക്സ്-ഒഫിഷ്യോ ഡയറക്ടർമാർ എന്നിവരെ ഒഴിവാക്കാനായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസുകളിൽ ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ കോടതി ഇവരെ ഒഴിവാക്കിയിട്ടില്ല.

(സി) മലബാർ സിമന്റ്സിലെ അഴിമതി കേസുകൾ CBI അന്വേഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. എന്നാൽ WP(C) No. 30073/2011 കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, കോടതി മുമ്പാകെ ചാർജ് ഷീറ്റ് ചെയ്ത കേസുകളിലെ അന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറുന്ന പ്രശ്നം ഉദിക്കുന്നില്ലയെന്ന് അഭിപ്രായപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് മലബാർ സിമന്റ്സ് അഴിമതിയുമായി ബന്ധപ്പെട്ട് കോടതിയിൽ ചാർജ് ഷീറ്റ് ചെയ്ത കേസുകൾ സി.ബി.ഐ.-യ്ക്ക് വിടേണ്ടതില്ലയെന്നും അന്വേഷണത്തിലിരിക്കുന്ന വി.സി.08/2011/പി.കെ.ഡി (മലബാർ സിമന്റ്സിനുവേണ്ടി എൽ.പി.പി. ബാഗുകൾ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച കേസ്) ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിന്

എതിർപ്പില്ലായെന്നും തീരുമാനിക്കുകയുണ്ടായി.

(ഡി) ഉണ്ട്. 2001-06 കാലയളവിൽ കേസുകൾ ചാർജ് ഷീറ്റ് ചെയ്തിട്ടില്ല. 2011-15 കാലയളവിൽ കേസ് ചാർജ് ഷീറ്റ് ചെയ്തിട്ടുണ്ട്.

1. വി.സി.08/2008/പി.കെ.ഡി. (ചാർജ് ഷീറ്റ് ചെയ്ത തീയതി 18-1-2011)
2. വി.സി.07/2008/പി.കെ.ഡി. (ചാർജ് ഷീറ്റ് ചെയ്ത തീയതി 18-6-2011)
3. വി.സി.01/2009/പി.കെ.ഡി. (ചാർജ് ഷീറ്റ് ചെയ്ത തീയതി 25-8-2011)

പ്രതികളുടെ വിവരം

1. വി.സി.08/2008/പി.കെ.ഡി.

   1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ.
   2. ശ്രീ. മുരളീധരൻ നായർ, മുൻ മാനേജിംഗ് ഡയറക്ടർ.
   3. ശ്രീ. വി.എം. രാധാകൃഷ്ണൻ @ ചാക്ക് രാധാകൃഷ്ണൻ, പ്രൊപ്രൈറ്റർ, M/s. എസ്.ആർ.വി. ട്രാൻസ്പോർട്ട്, ഉത്തുക്കടി.
   4. ശ്രീ. എസ്. വടിവേലു, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ.
   5. ശ്രീ. ജോൺ മത്തായി, ഐ.എ.എസ്., മുൻ ചെയർമാൻ.
   6. ശ്രീ. എൻ. കൃഷ്ണകുമാർ, മുൻ ഡയറക്ടർ.
   7. ശ്രീ. റ്റി. പദ്മനാഭൻ നായർ, മുൻ ഡയറക്ടർ.

2. വി.സി.07/2008/പി.കെ.ഡി.

   1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ.
   2. ശ്രീ. മുരളീധരൻ നായർ, മുൻ മാനേജിംഗ് ഡയറക്ടർ.
   3. ശ്രീ. വി.എം. രാധാകൃഷ്ണൻ @ ചാക്ക് രാധാകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, M/s. ആർക്ക് വുഡ് ആന്റ് മെറ്റൽസ്, കോയമ്പത്തൂർ.
   4. ശ്രീ. എസ്. വടിവേലു, എക്സിക്യൂട്ടീവ് ഡയറക്ടർ, M/s. ആർക്ക് വുഡ് ആന്റ് മെറ്റൽസ്, കോയമ്പത്തൂർ.
   5. ശ്രീ. ജോൺ മത്തായി, ഐ.എ.എസ്., മുൻ മാനേജിംഗ് ഡയറക്ടർ.

6. ശ്രീ. എൻ. കൃഷ്ണകുമാർ, മുൻ ഡയറക്ടർ.

7. ശ്രീ. റ്റി. പദ്മനാഭൻ നായർ, മുൻ ഡയറക്ടർ.

3. വി.സി.01/2009/പി.കെ.ഡി.

1. ശ്രീ. എസ്.എസ്. മോനി, മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ്.

2. ശ്രീ. കെ. മുരളീധരൻ നായർ, മുൻ ജനറൽ മാനേജർ.

3. ശ്രീ. ജെ.പി. ജയിംസ്, എക്സിക്യൂട്ടീവ് ഡയറക്ടർ.

4. ശ്രീ. സുഭാഷ് ചന്ദ്രൻ, പ്ലാന്റ് എഞ്ചിനീയർ.

5. ശ്രീ. സി. കെ. ദിലീപ് കുമാർ, സീനിയർ മാനേജർ, M/s. എ.ഐ.എ. എഞ്ചിനീയറിംഗ് ലിമിറ്റഡ്.

6. ശ്രീ. ഭദ്രേസ് ഷാ, മാനേജിംഗ് ഡയറക്ടർ, M/s. എ.ഐ.എ. എഞ്ചിനീയറിംഗ് ലിമിറ്റഡ്.

**എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ഉണ്ടായ അഴിമതി ആരോപണം**

263(267) ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ഉണ്ടായ അഴിമതി ആരോപണം അന്വേഷിച്ച വിജിലൻസ് വിഭാഗത്തിന് നേതൃത്വം നല്കിയത് ആരാണ്; ആരെല്ലാം അടങ്ങിയതായിരുന്നു അന്വേഷണ വിഭാഗം ;

(ബി) ക്വിക്ക് വെരിഫിക്കേഷന്റെ ഭാഗമായി ആരിൽ നിന്നെല്ലാം തെളിവ് എടുക്കുകയുണ്ടായിട്ടുണ്ട് ; എന്തെല്ലാം രേഖകൾ പിടിച്ചെടുക്കുകയുണ്ടായിട്ടുണ്ട് ;

(സി) അന്വേഷണ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ മൊഴിയിലൂടെ ആരെങ്കിലും പരാതി പറയുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ?

ഉത്തരം

(എ) പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള ആരോപണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം യൂണിറ്റ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള Facts and Circumstances-നെ സംബന്ധിച്ച് ഏതാനും ആൾക്കാരുടെ മൊഴി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട രേഖകൾ

പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം നടക്കുന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) കേരള എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ഇപ്പോൾ നടന്നുവരുന്ന വിജിലൻസ് അന്വേഷണം തൃപ്തികരമല്ലെന്നുകാണിച്ച് ശ്രീ. ബിജു രമേശ് വിജിലൻസ് ഡയറക്ടർക്ക് 14-5-2015-ൽ പരാതി സമർപ്പിക്കുകയുണ്ടായി. ടി പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കി അനന്തര നടപടികൾ എടുക്കുവാൻ എറണാകുളം വിജിലൻസ് പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ട്.

## നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പ്

264 (268) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ പുറത്തുവന്ന നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിൽ എത്ര സ്വകാര്യ ഏജൻസികളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ ഏജൻസികൾ ഏതെല്ലാം ; വെളിപ്പെടുത്തുമോ ;

(ബി) എത്ര ഏജൻസികൾക്കെതിരെ കേസ് എടുത്തിട്ടുണ്ട് ; ഏജൻസികളുടെ ഉടമകൾ ആരൊക്കെ ; ഇവർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത തട്ടിപ്പ് മുഖാന്തിരം പോലീസ് ഏതെങ്കിലും റിക്രൂട്ട്മെന്റ് ഏജൻസി അടപ്പിച്ച് സീൽ വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ അടുത്ത കാലത്തായി നടത്തിയ നഴ്സിംഗ് റിക്രൂട്ട്മെന്റ് തട്ടിപ്പിൽ 4 സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികൾ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

1. ഷൈൻ അസോസിയേറ്റ്സ്, കോട്ടയം.
2. നിസാ ട്രാവൽസ്, കൊച്ചി സിറ്റി.
3. സേഫ് ട്രാവൽസ്, കൊച്ചി സിറ്റി.
4. സോഗോ ഇന്റർനാഷണൽ, കൊച്ചി സിറ്റി.

(ബി) മേൽപ്പറയുന്ന 4 ഏജൻസികളിലെ ഉടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഉടമയുടെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | ഷൈൻഅസോസിയേറ്റ്സ്, കോട്ടയം | നിഷാദ് |
| 2 | നിസാ ട്രാവൽസ്, കൊച്ചി സിറ്റി | മുഹമ്മദ് അലി |
| 3 | സേഫ് ട്രാവൽസ്, കൊച്ചി സിറ്റി | ഷിജു മാത്യു |
| 4 | സോഗോ ഇന്റർനാഷണൽ, കൊച്ചി സിറ്റി | എമിൽ കെ. ആന്റണി |

(സി) ഇല്ല.

**സർവ്വകലാശാല പരീക്ഷകളിലെ കോപ്പിയടി**

265 (269) ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വകലാശാല പരീക്ഷകളിലുൾപ്പെടെ കോപ്പിയടി വ്യാപകമായിരിക്കെ, ഇത്തരം കേസ്സുകളിൽ പോലീസ് അന്വേഷണം ഫലപ്രദവും സമയബന്ധിതവുമാക്കാൻ സർക്കാർ തയ്യാറാകുമോ ;

(ബി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയ്ക്ക് കോപ്പിയടിച്ചെന്ന് ആരോപണം നേരിടുന്ന ഐ.ജി. ടി. ജെ. ജോസിനെതിരെ സർക്കാർ സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കാമോ ;

(സി) എ.ഡി.ജി.പി.-യുടെ അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങളിന്മേലുള്ള അന്വേഷണത്തിൽ പോലീസ് സഹകരണം ആവശ്യപ്പെട്ടാൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) എം. ജി. സർവ്വകലാശാല എൽ.എൽ.എം. പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണവിധേയനായ ഐ.ജി. ടി. ജെ. ജോസിനെതിരെ

നോർത്ത് സോൺ എ.ഡി.ജി.പി. പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി. യുടെ ചുമതലയിൽ നിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായി ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ഡി.ജി.പി. യുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**വിജിലൻസ് റെയ്ഡുകൾ**

266 (270) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇതുവരെ വിജിലൻസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 14 ജില്ലകളിലെ വിവിധ ഓഫീസുകളിലായി 4227 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**വിജിലൻസ് കേസ് അന്വേഷണം നേരിടുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ**

267 (271) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് കേസ് അന്വേഷണം നേരിടുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അന്വേഷണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേരിടുന്ന കേസുകൾ ഏതൊക്കെയാണെന്നും പേരുവിവരങ്ങൾ സഹിതം വിശദമാക്കാമോ ?

ഉത്തരം

വിവരം അനുബന്ധമായി ചേർക്കുന്നു*.

## ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൈക്കൂലിക്കെതിരെയുള്ള നടപടി

268 (272) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൈക്കൂലി വാങ്ങിയതായി പരാതി ഉണ്ടായാൽ സർക്കാർ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ ; ഈ വ്യവസ്ഥകൾ ഒരു മന്ത്രിയ്ക്ക് ബാധകമാണോ ;

(ബി) ഈ സർക്കാർ, കൈക്കൂലി കുറ്റത്തിന് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും സർവ്വീസിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട് ;

(സി) കൈക്കൂലി വാങ്ങിയതായി ആരോപിച്ചുകൊണ്ട് ഏതെല്ലാം മന്ത്രിമാർക്കെതിരെ പരാതിയുണ്ടായിട്ടുണ്ട്; ഏതെല്ലാം കേസ്സുകളിൽ ; ഏതെല്ലാം കേസ്സുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി ; എഫ്.ഐ.ആറിൽ ഒന്നാം പ്രതിയായ മന്ത്രി ഇപ്പോഴും മന്ത്രിസ്ഥാനത്ത് തുടരുന്നുണ്ടോ ;

(ഡി) ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെയുണ്ടായിരുന്ന കേസുകൾ പിൻവലിച്ചിട്ടുണ്ട്; നിലവിൽ വിജിലൻസ് കേസുകൾ നേരിടുന്ന മന്ത്രിമാർ ആരെല്ലാം?

ഉത്തരം

(എ) പരാതികളിൽ കഴമ്പുണ്ടോ എന്നുള്ള പ്രാഥമിക അന്വേഷണം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തി പരാതിയിൽ കഴമ്പുണ്ടെങ്കിൽ കേസ് രജിസ്റ്റർ ചെയ്യാൻ ശിപാർശ ചെയ്യും. ഇതിൽ എല്ലാ പൗരന്മാരും ഉൾപ്പെടും.

(ബി) കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് 121 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 86 പേരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്.

(സി) കൈക്കൂലി വാങ്ങിയ ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാണി (ധനകാര്യ വകുപ്പുമന്ത്രി)- ക്കെതിരെ വി.സി.6/2014/എസ്.ഐ.യു. -I എന്ന കേസ് നിലവിലുണ്ട്. ശ്രീ. കെ. ബാബു (എക്സൈസ് വകുപ്പുമന്ത്രി)-വിനെതിരെ ശ്രീ. ബിജു രമേശ് കോടതിയിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിൽ കൈക്കൂലി വാങ്ങിയതായി പരാമർശമുണ്ടായിരുന്നു. ഇതിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

(ഡി) കേസുകൾ ഒന്നുംതന്നെ പിൻവലിച്ചിട്ടില്ല. നിലവിൽ ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

## കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർക്കെതിരെയുള്ള വിജിലൻസ് കേസ്സ്

269 (273) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസിലർ, പ്രൊ.-വൈസ്-ചാൻസിലർ എന്നിവരടക്കം 4 പേർക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർവ്വകലാശാലയുടെ ഉന്നതസ്ഥാനത്തിരിക്കുന്ന വൈസ് ചാൻസിലർ, പ്രൊ.-വൈസ്-ചാൻസിലർ എന്നിവർക്കെതിരെയുള്ള ആരോപണം എന്തായിരുന്നു ; ഇത് സംബന്ധിച്ച വിശദാംശം നല്കുമോ ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 14-5-2015-ന് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വി.സി.21/2015/എം.പി.എം.)

(സി) PC Act 13 (1) @ (d) r/w 13 (2)-ഉം IPC 120 (B) 409 പ്രകാരവുമാണ് പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നത്.

## വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ

270 (274) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർകോഴക്കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘം, ബാറുടമസംഘം പ്രസിഡന്റ് ബിജു രമേശിൽനിന്നും മൊഴി എടുത്തിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) ബിജു രമേശ് കോടതിയിൽ നൽകിയ 164 സ്റ്റേറ്റ്മെന്റ്, വിജിലൻസ് വകുപ്പിന് ലഭിച്ചത് ഏത് തീയതിയിലായിരുന്നു ;

(സി) എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണവുമായി ബന്ധപ്പെട്ട് ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി ; ഏതെല്ലാം രീതിയിൽ ;

(ഡി) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് ഉദ്യോഗസ്ഥർ ബാറുടമ സംഘം വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിൽനിന്നും 19-12-2014, 22-1-2015 എന്നീ തീയതികളിൽ മൊഴി എടുത്തിട്ടുണ്ട്.

(ബി) ബിജു രമേശ് കോടതിയിൽ നൽകിയ 164 സ്റ്റേറ്റ്മെന്റ് 22-4-2015-നാണ് വിജിലൻസിന് ലഭിച്ചത്.

(സി&ഡി) പ്രസ്തുത വിഷയവുമായി ബന്ധമുള്ള ഏതാനും ആൾക്കാരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാഥമികാന്വേഷണം പുരോഗതിയിലായതിനാൽ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

**ബാർകോഴക്കേസ്**

271 (275) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴക്കേസിൽ സാക്ഷികളെ സ്വാധീനിക്കാനും കേസ് അട്ടിമറിക്കാനും ഉന്നതതലത്തിൽ നീക്കങ്ങൾ നടന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആക്ഷേപങ്ങൾക്കിടയായ നടപടികളെക്കുറിച്ച് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട കുറ്റപത്രങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ബി) ടി വിഷയം സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാർകോഴക്കേസ് സംബന്ധിച്ച വിജിലൻസ് കേസന്വേഷണം പുരോഗമിച്ചുവരുന്നു. ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

**അഴിമതിക്കെതിരെ ഫലപ്രദമായ നടപടി**

272 (276) ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ :
ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സമസ്ത മേഖലകളിലും അഴിമതി കൊടികുത്തി വാഴുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അഴിമതി ഫലപ്രദമായി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) സർക്കാർ തലത്തിൽ അഴിമതി വർദ്ധിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; മന്ത്രിമാർ ആരോപണ വിധേയരാകുന്നതും, പല കേസുകളിലും പ്രതികളാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഴിമതിക്കാരെ ഭരണത്തിന്റെ എല്ലാ തലത്തിൽനിന്നും അകറ്റി നിർത്തുന്നതിനും ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ മുഖംനോക്കാതെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) വിവിധ മേഖലകളിലെ അഴിമതിയെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വ്യക്തമായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നിലവിലെ അധികാരമുപയോഗിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ അതാതു വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യേകം വിജിലൻസ് സെല്ലുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽനോട്ടത്തിൽ

പ്രവർത്തിച്ചുവരുന്നു. അഴിമതി ഫലപ്രദമായി നേരിടാൻ ഇത്തരം സംവിധാനങ്ങൾ പര്യാപ്തമാണ്.

(ബി) അഴിമതി കർശനമായി നേരിടാൻ നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് അഴിമതി സംബന്ധിച്ച കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ആരോപണ വിധേയരാകുന്നവരുടെ പദവിയോ, ആരോപണ കർത്താവിന്റെ ഉദ്ദേശ്യ ശുദ്ധിയോ നോക്കാതെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളിൽ നിയമം അനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാറുണ്ട്.

## മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്

273 (277) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട് ; മന്ത്രിമാരുടെ പേരും വിശദാംശങ്ങളും വ്യക്തമാക്കുമോ ; ഓരോ അന്വേഷണവും എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് കോടതികൾ ഉത്തരവിട്ടുണ്ട് ; മന്ത്രിമാരുടെ പേരും കേസ്സിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിവിധ കോടതികളും ലോകായുക്തയും അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോഴത്തെ മന്ത്രിസഭയിൽ വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. <u>ശ്രീ. അടൂർ പ്രകാശ് (കുറ്റാരോപിതൻ - 1)</u>:

2004-06 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന സമയത്ത് ശ്രീ. വി. രാജുവുമായി (കുറ്റാരോപിതൻ - 2; മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി) ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി റേഷൻ കടകൾക്കുവേണ്ടി (Authorised Wholesale Dealer) അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്നയാളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടുമായി ബന്ധപ്പെട്ട് ഒരു

വിജിലൻസ് കേസ്. (വി.സി.02/2008/എൻ.ആർ.കെ) 20-2-2008-ൽ രജിസ്റ്റർ ചെയ്യുകയും ഈ കേസിന്റെ കുറ്റപത്രം 28-2-2011-ൽ സമർപ്പിക്കുകയും അതിനു ശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് (Further Investigation) കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവിടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ചുവരുന്നു.

2. <u>ശ്രീ. കെ. എം. മാണി</u>:

ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണി, ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ കോഴ വാങ്ങിയെന്ന ആരോപണത്തിൽ ഒരു വിജിലൻസ് കേസ് (വി.സി. 06/2014 എസ്.ഐ.യു -I) 10-12-2014-ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

3. <u>ശ്രീ. പി. ജെ. ജോസഫ്</u>:

1997-ൽ റവന്യൂ വകുപ്പുമന്ത്രിയായിരിക്കെ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുകവഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭമുണ്ടാക്കിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് പ്രകാരം ഒരു വിജിലൻസ് കേസ് (വി.സി.05/2012/ഇ.ആർ.കെ) 6-10-2012-ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി&സി) കേരള മോട്ടോർ വാഹന വകുപ്പിൽ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എന്നവകാശപ്പെട്ട സുവനീർ പ്രസിദ്ധീകരിക്കുന്നതിനായി ഗതാഗത വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അനുമതിയോടെ മാനദണ്ഡങ്ങൾ പാലിക്കാതെ കൂപ്പണുകൾ അടിച്ച് മോട്ടോർ വാഹന ഉടമകളിൽ നിന്നും വൻതുക പിരിച്ചെടുക്കുന്നതായ ആരോപണം സംബന്ധിച്ച് ശ്രീ. ജോൺസൺ പടമാടൻ, പ്രസിഡന്റ്, കേരള ബസ് ട്രാൻസ്പോർട്ട് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഫയൽ ചെയ്ത് സി.എം.പി. 367/2015 എന്ന പരാതിയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതിയുടെ 10-3-2015-ലെ ഉത്തരവിൻപ്രകാരം ബഹുമാനപ്പെട്ട ഗതാഗതവും വനവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർക്കെതിരായി ഒരു പ്രാഥമിക അന്വേഷണം (Preliminary Enquiry) സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് II-ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമുമ്പാകെ നടത്തിവരുന്നു. മറ്റ് കോടതികളോ, ലോകായുക്തയോ മന്ത്രിമാർക്കെതിരെ അന്വേഷണത്തിന് വിജിലൻസിന് നിർദ്ദേശം നൽകിയിട്ടില്ല.

**മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി അനുവദിച്ച കേസിന്റെ അന്വേഷണം**

274 (278) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് 3-12-2012 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതി ഉത്തരവുപ്രകാരം കേസ്സിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി)
1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ - മുൻ മുഖ്യമന്ത്രി
2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പുമന്ത്രി
3. ശ്രീ. ടി.കെ. സോമൻ - സ്വകാര്യ വ്യക്തി
4. ശ്രീ. എൻ. എ കൃഷ്ണൻകുട്ടി, ഐ.എ.എസ് (റിട്ടയേർഡ്) - മുൻ ജില്ലാകളക്ടർ, കാസർഗോഡ്
5. ശ്രീ. എ. സുരേഷ് - മുൻമുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് എന്നിവർക്കെതിരെ പ്രോസിക്യൂഷന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഈ കേസുമായി ബന്ധപ്പെട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സമർപ്പിച്ച

ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കേസിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. കേസ് വേഗത്തിൽ തീർപ്പാക്കി കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതിന് അഡ്വക്കേറ്റ് ജനറലി നോടാവശ്യപ്പെട്ടിട്ടുണ്ട്.

**മന്ത്രിമാർക്കെതിരായ വിജിലൻസ് കേസ്**

275 (279) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

മുഖ്യമന്ത്രിയ്ക്കെതിരായി ഏതെല്ലാം വിജിലൻസ് കേസുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

മുഖ്യമന്ത്രിക്കെതിരെ വിജിലൻസ് കേസുകളൊന്നും നിലവിലില്ല.

**മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ്/പോലീസ് കേസുകൾ**

276 (280) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നിലവിലെ മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾക്കെതിരെ വിജിലൻസ്/ പോലീസ് കേസുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം എതിരെയാണ് കേസുകൾ ഉള്ളത് ; പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ;

(സി) മന്ത്രിമാർക്കെതിരെ വിജിലൻസിൽ പരാതി നിലവിലുണ്ട് ; എങ്കിൽ ആർക്കെല്ലാം എതിരെ ഏതെല്ലാം വിഷയത്തിൽ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിലെ മന്ത്രിസഭയിലെ ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടികെതിരെ ഒരു പോലീസ് കേസ് നിലവിലുണ്ട്.

ശ്രീ. അടൂർ പ്രകാശ് :

2004-06 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരിക്കേ

ശ്രീ. വി. രാജുവുമായി (മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി) ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി Authorised Wholesale Dealer ക്കുവേണ്ടി അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്നയാളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് വി.സി.02/ 2008/എൻ.ആർ.കെ നമ്പരായി രജിസ്റ്റർ ചെയ്യുകയും ഈ കേസിൽ 28-2-2011-ൽ കുറ്റപത്രം സമർപ്പിക്കുകയും അതിനുശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവിടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ചുവരുന്നു.

ശ്രീ. പി. ജെ. ജോസഫ്:

1997-ൽ റവന്യൂ വകുപ്പുമന്ത്രിയായിരിക്കെ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുർവിനിയോഗപ്പെടുത്തി ഗ്രീൻബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുകവഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭമുണ്ടാക്കിയെന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് (വി.സി.05/2012/ഇ.ആർ.കെ) നടന്നുവരുന്നു.

ശ്രീ. കെ. എം. മാണി:

ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. മാണി, ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ കോഴ വാങ്ങിയെന്ന ആരോപണത്തിൽ ഒരു വിജിലൻസ് അന്വേഷണം (വി.സി. 06/2014/എസ്.ഐ.യു-I) നടത്തിവരുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ Fort PS Cr.No.130/2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണാവസ്ഥയിലാണ്.

(സി) ശ്രീ. അടൂർ പ്രകാശ്, ശ്രീ. കെ. എം. മാണി, ശ്രീ. പി. ജെ. ജോസഫ് എന്നീ മന്ത്രിമാർക്കെതിരെയുള്ള ആരോപണങ്ങളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**വിവിധ ജയിൽ വികസന പ്രവർത്തനങ്ങൾ**

277 (281) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജയിലുകളുടെ ആധുനികവൽക്കരണത്തിനും ജയിൽ വികസനത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ

എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി ;

(ബി) നടപ്പിലാക്കിയ ജയിൽ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു ;

(സി) നടപ്പിലാക്കിയ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു ;

(ഡി) തടവുകാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നടത്തിയ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. *

(സി) വിശദാംശങ്ങൾ അനുബന്ധം IIII-ൽ ചേർത്തിരിക്കുന്നു. *

(ഡി) വിശവിവരം അനുബന്ധം IV-ൽ ചേർത്തിരിക്കുന്നു. *

**തടവുകാരുടെ നിരാലംബരായ കുട്ടികൾ**

278 (282) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ നിരാലംബരായ കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമായി എന്തെങ്കിലും സഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണ് ;

(ബി) ഇത്തരം കുട്ടികൾ സാമൂഹികമായ ഒറ്റപ്പെടലുകൾ അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനസഹായമായി 1 മുതൽ 5 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് 3000 രൂപയും 6 മുതൽ 10 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് 5000 രൂപയും +1, +2 വിദ്യാർത്ഥികൾക്ക് 7500 രൂപയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപയും പ്രതിവർഷം നൽകിവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടവുകാരുടെ കുട്ടികളെ സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികൾ അതിജീവിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി പ്രാഥമികതലംമുതൽ ബിരുദതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

### ഇ-ഓക്ഷൻ സംവിധാനം

279 (283) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ ഇ-ഓക്ഷൻ സംവിധാനംമൂലം തടി ലേലത്തിലും വരുമാനത്തിലും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം ഡിപ്പോകൾ മുഖേന പ്രസ്തുത ലേലം നടന്നുവരുന്നുണ്ട് ; എല്ലാ ഡിപ്പോകളിലും ഇ-ഓക്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനത്തിനെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ലേലത്തിലെ സുതാര്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിലെ തടി വില്പന ഇ-ഓക്ഷൻ സംവിധാനംവഴി ആയതിനാൽ ശരാശരി 17.5% വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ടിമ്പർ സെയിൽസ് ഡിവിഷനു കീഴിലുള്ള ൌയം, കടയ്ക്കാമൺ,

പത്തനാപുരം, കോന്നി, വീയപുരം, അരിക്കക്കാവ്, കോതമംഗലം, തലക്കോട്, വെട്ടിക്കാട്, പാറാമ്പുഴ, ചാലക്കുടി, വിട്ടൂർ, മുടിക്കല, ചെട്ടിക്കുളം, വാരാപ്പുഴ, സെൻട്രൽ ഡിപ്പോ, അരുവാക്കോട്, നെടുങ്കയം, വാളയാർ, ചാലിയം, കുപ്പാടി, മഞ്ചയ്യൽ, പരപ്പ, കണ്ണോത്ത്, ബാവേലി എന്നീ ഡിപ്പോകളിലും ടെറിട്ടോറിയൽ ഡിവിഷനു കീഴിലുള്ള ഡംമ്പിംഗ് ഡിപ്പോകളിലും ഇ-ലേലം നടന്നു വരുന്നുണ്ട്. കൂടാതെ മറയൂർ ഡിവിഷനുകീഴിലുള്ള മറയൂർ സാൻഡൽ ഡിപ്പോകളിലും ഇ-ഓക്ഷൻ നടന്നുവരുന്നുണ്ട്.

(സി) പ്രസ്തുത സംവിധാനത്തിനെതിരെ ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ താഴെപ്പറയുന്നു:

i. ഇ-ലേലം റെയിഞ്ചുകളിൽ നടപ്പിലാക്കിയാൽ കാലാവസ്ഥ പ്രശ്നവും കയറ്റുകൂലി തർക്കവും കാരണം ഉൽപ്പന്നങ്ങൾ നീക്കം ചെയ്യാൻ സാധിക്കുകയില്ല.

ii. ഇ-ലേലം കൊണ്ടുള്ള ലാഭം വൻകിട കുത്തക മുതലാളിമാർക്കുമാത്രം. കുറഞ്ഞ ക്ലാസുകളുടെ വിലയ്ക്ക് ഉയർന്ന നിലവാരമുള്ള തടികൾ ഇ-ലേലം മുഖേന വിൽക്കുന്നു.

iii. വൻതുക കമ്മീഷൻ നൽകി MSTC എന്ന കമ്പനിയെ വനംവകുപ്പ് ഇടനിലക്കാരാക്കിയിരിക്കുന്നു.

iv. വനംവകുപ്പിന്റെ തടിയും മറ്റു വിഭവങ്ങളും ലേലത്തിലെടുത്തു വന്നിരുന്ന ചെറുകിട കച്ചവടക്കാരെ ഈ രംഗത്തുനിന്നും പിന്തള്ളി.

മേൽ ആക്ഷേപങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്.

(ഡി) ലേലത്തിലെ സുതാര്യത വർദ്ധിപ്പിച്ച സാഹചര്യത്തിൽ എല്ലാ ഡിപ്പോകളിലും ഈ സംവിധാനം ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഊരിനുണർവ് - കാടിനുണർവ് പദ്ധതി**

280 (284) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി വനം വകുപ്പ് 'ഊരിനുണർവ് - കാടിനുണർവ്' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. കൃഷിരക്ഷാ പദ്ധതി-വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 259 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.

2. 'ഊരിനുണർവ് - കാടിനുണർവ് - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വന സൗഹൃദ പദ്ധതി. 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

3. 'ജലസമൃദ്ധി' - ജല ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

4. ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥിസേനയെ വാർത്തെ ടുക്കുന്നപദ്ധതി 25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

5. കുരുവിക്കൊരു കൂട്-സംസ്ഥാന വ്യാപകമായി മാദ്ധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

6. പ്രകൃതി മിത്ര അവാർഡ്-ഓരോ പഞ്ചായത്തിലും ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്തുതലത്തിൽ 2000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പ്രകൃതി മിത്ര

അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

7. Budding birders (തുടക്കക്കാരായ പക്ഷി നിരീക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

**8.** രക്ഷക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2014-15 വർഷം നടപ്പാക്കി.

**9.** തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016-ൽ നടത്താനുള്ള പദ്ധതി.

10. അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ നവീന സൗകര്യങ്ങളും കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

(സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-5-2014-ലും ഡിവിഷൻതല ഉദ്യോഗസ്ഥരുടെ ഒരു യോഗം 7-6-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

(ഡി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കിവരുന്നു. മറ്റ് പദ്ധതികളിൽ കൃഷി രക്ഷാ പദ്ധതി, ഇക്കോ കേഡറ്റ്സ്, കരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. രക്ഷക്കൊരു വൃഷം പദ്ധതി 2014-15-ൽ നടപ്പാക്കി "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ചു. ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

**വനം വകുപ്പിന്റെ ഭൂമി ലഭിക്കുന്നതിന് നടപടി**

281 (285) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വാഴക്കോട് ഭാഗത്തെ അപകടകരമായ

വളവ് ഒഴിവാക്കിക്കിട്ടുന്നതിന് വനം വകുപ്പിന്റെ ഭൂമി ലഭിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപേക്ഷ എന്നാണ് ലഭിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത ഭൂമി വിട്ടുകൊടുക്കുന്നതിന് അപേക്ഷ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. എന്നാൽ ഭേദഗതി വരുത്തിയ വനസംരക്ഷണ നിയമത്തിന്റെയും റൂളിന്റെയും അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ നൽകേണ്ടതായിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും 20-10-2014-ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂരിന് അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 15-7-2014 മുതൽ അപേക്ഷകൾ ഓൺലൈനായി നൽകേണ്ടതുള്ളതിനാൽ പ്രസ്തുത വിവരം യൂസർ ഏജൻസിയെ അറിയിച്ചുവെങ്കിലും ഓൺലൈനായി അപേക്ഷ ഇതുവരെ സമർപ്പിച്ചിട്ടില്ല.

(സി) (ബി)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**വനം വകുപ്പിന്റെ കീഴിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ**

282 (286) <u>ശ്രീ. കെ. അജിത്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് പ്രവേശനമുള്ള വനം വകുപ്പിന്റെ കീഴിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിനോദ സഞ്ചാരകേന്ദ്രങ്ങളിൽനിന്നും കഴിഞ്ഞവർഷം ലഭിച്ച വരുമാനം ഇനം തിരിച്ച് വിശദമാക്കുമോ ;

(സി) ഓരോ വിനോദ സഞ്ചാരകേന്ദ്രവുമായി ബന്ധപ്പെട്ട് മുൻ വർഷം വന്ന ചെലവുകൾ പ്രത്യേകം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് പ്രവേശനമുള്ള വനം വകുപ്പിന്റെ കീഴിലെ വിനോദ

സഞ്ചാരകേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -1 *ആയി ചേർക്കുന്നു.

(ബി&സി) വനോദസഞ്ചാര കേന്ദ്രങ്ങളിൽനിന്നും കഴിഞ്ഞ വർഷം ലഭിച്ച വരുമാനം, മുൻ വർഷം വന്ന ചെലവുകൾ എന്നിവ അനുബന്ധം - 2* ആയി ചേർക്കുന്നു.

**കാവുസംരക്ഷണ പദ്ധതി**

283 (287) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2010 മുതൽ ആരംഭിച്ച കാവുസംരക്ഷണ പദ്ധതിക്കായി ഓരോ വർഷവും നീക്കിവച്ച തുകയെത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയിൻകീഴിൽ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം കാവുകൾ സംരക്ഷിക്കാൻ എത്ര രൂപ വീതം നിക്കിവെച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2010 മുതൽ ആരംഭിച്ച കാവുസംരക്ഷണ പദ്ധതിക്കായി സംസ്ഥാനത്ത് ഓരോ വർഷവും നീക്കിവച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | നീക്കിവച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2010-11 | 65.50 | 33.61 |
| 2 | 2011-12 | 45.10 | 30.40 |
| 3 | 2012-13 | 39.25 | 28.55 |
| 4 | 2013-14 | 53.70 | 28.758 |
| 5 | 2014-15 | 48.13 | 22.02 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൻകീഴിൽ തിരുവനന്തപുരം ജില്ലയിൽ മേൽ പദ്ധതിക്കായി നീക്കിവച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | നീക്കിവച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2010-11 | 4,60,000 | 1,80,000 |
| 2 | 2011-12 | 3,45,000 | 2,00,000 |
| 3 | 2012-13 | 6,00,000 | 2,40,000 |
| 4 | 2013-14 | 8,00,000 | 1,81,000 |
| 5 | 2014-15 | 7,27,000 | 3,45,000 |

തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കാവുകൾ സംരക്ഷിക്കാൻ എത്ര തുക വീതം ചെലവഴിച്ചുവെന്നതിന്റെ വിശദവിവരം ഇതോടൊപ്പം Annexure I* ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

**റോഡ് നിർമ്മാണ അനുമതി**

284 (288) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി പണി കഴിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഇടുക്കി-ഉടുമ്പന്നൂർ റോഡിൽ മണിയാറൻകുടി-പാപ്പൻതോട് ഭാഗം മുതൽ വേളൂർ ചെക്ക് പോസ്റ്റ് വരെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതിയ്ക്കായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിലേക്ക് ബന്ധപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇടുക്കി-ഉടുമ്പന്നൂർ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ, വന സംരക്ഷണത്തിന്റെ ഭാഗമായി ഉൾക്കൊണ്ടുകൊണ്ട് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വനവികസന ഏജൻസി മുഖേന വനം വകുപ്പിന്റെ പ്രവർത്തിയായി നടത്തുന്നതിനുള്ള നടപടികൾ ഡിവിഷൻ, സർക്കിൾ തലങ്ങളിൽ കൈക്കൊണ്ടുവരികയാണ്.

(ബി) നിലവിലുള്ള വനം നിയമങ്ങളുടേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കാവും കുളവും സംരക്ഷണ പദ്ധതി**

285(289) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാവും കുളവും സംരക്ഷണ പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പ്രവർത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് എന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കാവുകളും കുളങ്ങളും സംരക്ഷണ പദ്ധതിപ്രകാരം ആലപ്പുഴ ജില്ലയിൽ വനം വകുപ്പ് പദ്ധതികളൊന്നും ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ കാവ് സംരക്ഷണ പദ്ധതി പ്രകാരം കാവുകളുടെയും കാവുകളിൽ സ്ഥിതി ചെയ്യുന്ന കുളങ്ങളുടെയും സംരക്ഷണത്തിനായി ധനസഹായം വനംവകുപ്പ് നൽകുന്നുണ്ട്. 2014-15 വർഷത്തിൽ ടി ആവശ്യത്തിനായി ആലപ്പുഴ ജില്ലയിൽ 29 കാവുകൾക്ക് (പുതിയതായി തെരഞ്ഞെടുത്തതു് മുൻവർഷങ്ങളിൽ ദീർഘകാല സംരക്ഷണത്തിന് തെരഞ്ഞെടുത്തതുമായ) ധനസഹായം നൽകിയിട്ടുണ്ട്. ആയത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയോജക മണ്ഡലം | ധനസഹായം നൽകിയ കാവുകളുടെ എണ്ണം (2014-15) |
|---|---|---|
| (1) | (2) | (3) |
| 1 | ചേർത്തല | 7 |

| | | |
|---|---|---|
| 2 | ചെങ്ങന്നൂർ | 4 |
| 3 | ഹരിപ്പാട് | 6 |
| (1) | (2) | (3) |
| 4 | ആലപ്പുഴ | 4 |
| 5 | മാവേലിക്കര | 3 |
| 6 | കായംകുളം | 2 |
| 7 | അരൂർ | 3 |
| | ആകെ | 29 |

(ബി) 12-9-2013 ലെ ജി.ഒ (ആർ.റ്റി)354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്ന് വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവ് സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ദ്ധസമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവവൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീതം ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുകയും, തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോ പ്ലാനിന്റെ അംഗീകാരത്തിന് വിധേയമായിട്ടുമാണ് ധനസഹായം നൽകിവരുന്നത്. കാവുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു:

1. കാവുകളിലെ സസ്യജന്തു വൈവിദ്ധ്യം തിട്ടപ്പെടുത്തുക.
2. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വഭാവിക സസ്യ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
3. സംരക്ഷണത്തിനായി കാവിന് ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
4. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

## വനഭ്രമി കയ്യേറ്റം

286 (290) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനധികൃതമായി വനഭ്രമി കൈവശം വച്ചുവരുന്നത് സംബന്ധിച്ച കേസ്സുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വനഭ്രമി കയ്യേറാൻ ശ്രമിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; കൈയ്യേറ്റം ചെയ്ത ഭ്രമിയിൽ ഇനിയും തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലാത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച എത്ര ഏക്കർ ഭ്രമിയിൽ വീണ്ടും കൈയ്യേറ്റം നടക്കുകയുണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 413 കേസുകളാണുള്ളത്. അവയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 7 |
| പത്തനംതിട്ട | 3 |
| എറണാകുളം | 118 |
| തൃശ്ശൂർ | 12 |
| ഇടുക്കി | 53 |
| പാലക്കാട് | 111 |
| വയനാട് | 161 |
| മലപ്പുറം | 27 |
| കോഴിക്കോട് | 3 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 17 |
| ആകെ | 413 |

(ബി) 3123 പേർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കയ്യേറ്റം ചെയ്ത ഭൂമിയിൽ തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ലാത്ത 68 കേസ്സുകളുണ്ട്.

(സി) മൂന്നാർ ഡിവിഷനിലെ അടിമാലി റെയിഞ്ചിൽ 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3 മീറ്റർ വീതിയിലും 36 മീറ്റർ നീളത്തിലും മണ്ണെടുക്കാൻ ശ്രമിച്ചതിനാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**വന്യജീവി ആക്രമണത്താൽ കൃഷിനാശം**

287 (291) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനാതിർത്തിയോടുചേർന്ന് എത്രമാത്രം കൃഷിഭൂമി ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത് ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വനം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നത് ;

(സി) കൃഷിനാശത്തിന്റെ തോതനുസരിച്ച് ഓരോ വിളവിനും സംഭവിച്ച നാശ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ചുള്ള ഏറ്റവും പുതിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) വന്യജീവി ആക്രമണംകാരണം ഒരു വർഷം ശരാശരി എത്ര ഹെക്ടർ ഭൂമിയിലെ എത്ര തുകയ്ക്കുള്ള കൃഷിനാശം സംഭവിക്കുന്നതായാണ് കണക്കാക്കപ്പെടുന്നത് ;

(ഇ) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വനാതിർത്തിയോടുചേർന്നു കിടക്കുന്ന കൃഷിഭൂമിയുടെ കണക്ക് എത്രയെന്ന് അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി 8-1-2015 (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*) പ്രകാരമുള്ള വില നിലവാരം അടിസ്ഥാനമാക്കി ഓരോ കേസ്സിനും നഷ്ടത്തിന്റെ 100% (പരമാവധി 75,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപ) എന്ന നിരക്കിൽ വർഷത്തിൽ പരമാവധി 4 തവണ നഷ്ടപരിഹാരം നൽകുന്നു.

(സി) ഇതു സംബന്ധിച്ചുള്ള ഏറ്റവും പുതിയ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി 8-1-2015 പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളവിനും നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധം-1 ആയി ചേർക്കുന്നു.* സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഉത്തരം (സി) യിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം ഭൂരിഭാഗം കാർഷിക വിളകളുടെയും നഷ്ടം കണക്കാക്കുന്നത് നാശം സംഭവിച്ച വിളകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ്. ആയതിനാൽ ഇത്തരത്തിലുള്ള വിവരശേഖരണം ലഭ്യമല്ല.

(ഇ) 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ വന്യജീവി ആക്രമണത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തികവർഷം | നഷ്ടപരിഹാരം നൽകിയ തുക (രൂപയിൽ ) |
|---|---|
| 2011-12 | 27191059 |
| 2012-13 | 27375594 |
| 2013-14 | 42510199 |
| 2014-15 | 39209607 |

## പുനലൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പ്രവൃത്തികൾ

288 (292) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ, എം.എൽ.എ. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് 2014-15 വർഷത്തിൽ ഉൾപ്പെടുത്തി വനം വകുപ്പുമുഖേന

നടപ്പിലാക്കേണ്ട ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

1. തൊടിയിൽകണ്ടം-ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം.

2. അച്ചൻകോവിൽ-കഴുതുരുട്ടി-പ്രിയാ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. സമർപ്പിച്ചിട്ടുള്ള കത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സദയം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 1. 4-6-2015 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 240/2015/വനം പ്രകാരം തൊടിയിൽകണ്ടം - ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2. അച്ചൻകോവിൽ-കഴുതുരുട്ടി-പ്രിയാ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിക്കുള്ള ധനാനുമതിക്കായി 16332/സി3/ 2014/വനം നമ്പർ പ്രകാരം ഫയൽ ധനകാര്യ [നോഡൽ സെന്റർ (ബി)] വകുപ്പിന് 25-5-2015-ൽ നൽകിയിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) തൊടിയിൽകണ്ടം - ഓലപ്പാറ വലിയതോടിന് കുറുകെ ചപ്പാത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ 18-10-2014 ന് ലഭ്യമാക്കിയ കത്തിലെ വിവരം 28-10-2014-ലെ കത്ത് പ്രകാരം (13049/സി3/2014/വനം) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസറെ അറിയിക്കുകയും ഇത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസറുടെ 19-3-2015 തീയതിയിലെ കത്ത് പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്

സംരക്ഷണ വിഭാഗമായതിനാൽ സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് റിപ്പോർട്ട് സമർപ്പിക്കാൻ 20-3-2015-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. സതേൺ സർക്കിൾ, കൊല്ലം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 4-5-2015 തീയതിയിലെ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമായ മുറയ്ക്കുതന്നെ ഫയൽ ധനാനുമതിക്കായി ധനകാര്യ [നോഡൽ സെന്റർ (ബി)] വകുപ്പിന് നൽകുകയും ചെയ്തിരുന്നു. ധനകാര്യ വകുപ്പ് ഫയൽ പരിശോധിച്ച് ധനാനുമതിയോടുകൂടി ഫയൽ തിരികെ നൽകിയപ്പോൾ കാലവിളംബം കൂടാതെ തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. അച്ചൻകോവിൽ - കഴുതുരുട്ടി-പ്രിയാ എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായ മുറയ്ക്കുതന്നെ ഫയൽ ധനാനുമതിക്കായി ധനകാര്യ [നോഡൽ സെന്റർ (ബി)] വകുപ്പിന് നൽകിയിട്ടുണ്ട്.

**ഫോറസ്റ്റ് ഐ.ബി.**

289 (293) <u>ശ്രീ. കെ. അജിത്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ എറണാകുളം ഫോറസ്റ്റ് ഐ.ബി. യിൽ (റെസ്റ്റ് ഹൗസ്) കഴിഞ്ഞ ഒരു വർഷത്തെ വൈദ്യുതി ചാർജ്ജിന്റെയും മറ്റു ചെലവുകളുടെയും പ്രതിമാസ വിവരം വ്യക്തമാക്കുമോ ;

(ബി) വനം വകുപ്പിന്റെ ഇടപ്പള്ളി ഫോറസ്റ്റ് ഐ.ബി.-യിലെ കഴിഞ്ഞ ഒരു വർഷത്തെ വൈദ്യുതി ചാർജ്ജിന്റെയും മറ്റു ചെലവുകളുടെയും പ്രതിമാസ വിവരം വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ ഇടപ്പള്ളി ഫോറസ്റ്റ് ഐ.ബി.യിലെ ഓരോ ദിവസത്തെയും താമസക്കാരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഫോറസ്റ്റ് ഐ.ബി.-യിൽ മുറി ബുക്ക് ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ കീഴിലുള്ള എറണാകുളം ഫോറസ്റ്റ് ഐ.ബി.-യിൽ

(റെസ്റ്റ് ഹൗസ്) കഴിഞ്ഞ ഒരു വർഷത്തെ വൈദ്യുതി ചാർജ്ജിന്റെയും മറ്റു ചെലവുകളെയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| മാസം | വൈദ്യുതി ചാർജ്ജ് | വാട്ടർ ചാർജ്ജ് | ടെലഫോൺ ചാർജ്ജ് | ഐ.ബി. വാച്ചറുടെ വേതനം | മറ്റ് അനുബന്ധ ചെലവുകൾ | ആകെ മാസം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 4/14 | | | 579 | 9838 | 780 | 11197 |
| 5/14 | | | 573 | 10624 | 395 | 115922 |
| 6/14 | | | 622 | 9838 | 1638 | 12098 |
| 7/14 | 4495 | | 680 | 10465 | 1962 | 1760220 |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 8/14 | | | 722 | 10465 | 877 | 120644 |
| 9/14 | | | 594 | 10465 | 966 | 12025 |
| 10/14 | | | 625 | 10465 | 1223 | 12313 |
| 11/14 | 4562 | | 732 | 10465 | 3811 | 19570 |
| 12/14 | 1570 | | 658 | 10465 | 1349 | 14042 |
| 1/15 | 1572 | 3309 | 609 | 10769 | 1185 | 217444 |
| 2/15 | | | 631 | 9941 | 2742 | 13314 |
| 3/15 | 2863 | 2384 | 567 | 10769 | 495 | 17078 |

(ബി) വനം വകുപ്പിന്റെ കീഴിലുള്ള ഇടപ്പള്ളി ഫോറസ്റ്റ് ഐ.ബിയിലെ വൈദ്യുതി ചാർജ്ജ് സെൻട്രലൈസ്ഡ് പേയ്മെന്റ് ആയതിനാൽ വിവരങ്ങൾ ലഭ്യമല്ല. മറ്റു ചെലവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| മാസം | മറ്റ് അനുബന്ധ ചെലവുകൾ (രൂപ) |
|---|---|
| (1) | (2) |
| 4/14 | ഇല്ല |
| 5/14 | ഇല്ല |
| 6/14 | ഇല്ല |
| 7/14 | 30762 |
| 8/14 | ഇല്ല |
| 9/14 | 26950.49 |
| (1) | (2) |
| 10/14 | 18201 |
| 11/14 | 10254 |
| 12/14 | 10254 |
| 1/15 | 21081 |
| 2/15 | 10254 |
| 3/15 | 25029 |

(സി) കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ വനം വകുപ്പിന്റെ കീഴിലുള്ള ഇടപ്പള്ളി ഫോറസ്റ്റ് ഐ.ബിയിലെ ഓരോ ദിവസത്തെയും താമസക്കാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | W.S. സൂട്ടിംഗ് IFS (റിട്ടയേർഡ്) | 7-3-2015 മുതൽ 8-3-2015 വരെ 9-3-2015 മുതൽ2 12-3-2015 വരെ |

| | | |
|---|---|---|
| 2. | ഡോ. ജിതേന്ദർ, ഹരിയാന | 19-3-2015 മുതൽ 20-3-2015 വരെ |
| 3. | ജാവേദ് പാർവ, ജേർണലിസ്റ്റ് | 22-3-2015 മുതൽ 23-3-2015 വരെ |
| 4. | എസ്. ആർ. വി. മൂർത്തി IFS, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ചെന്നൈ | 24-3-2015 മുതൽ 25-3-2015 വരെ |
| 5. | കെ. ജെ. വറുഗ്ഗീസ് Addl. PCCE (E&TW) | 27-3-2015 മുതൽ 28-3-2015 വരെ |
| 6. | എ. കുമാർ | 28-3-2015 മുതൽ 29-3-2015 വരെ |
| 7. | പി. സുബ്രഹ്മണ്യം IFS, Gcr. TFRI | 29-3-2015 മുതൽ 30-3-2015 വരെ |
| 8. | കെ. തങ്കമണി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, O/o APCCF (SF), എറണാകുളം | 6-4-2015 മുതൽ 9-4-2015 വരെ |
| 9. | കരൺസിംഗ്, കേന്ദ്രീയ വിദ്യാലയ, ദ്വാരക | 10-4-2015 മുതൽ 13-4-2015 വരെ |
| 10. | കെ. തങ്കമണി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, O/o APCCF (SF), എറണാകുളം | 16-4-2015 മുതൽ 17-4-2015 വരെ |
| 11. | ശാരദാ പ്രസാദ് IFS (റിട്ടയേർഡ്), എ.പി.സി.സി.എഫ്, ഹൈദരാബാദ് | 17-4-2015 മുതൽ 20-4-2015 വരെ |
| 12. | പ്രശാന്ത് ജാദവ് IFS CCF & Prof. IIFM | 22-4-2015 മുതൽ 23-4-2015 വരെ |
| 13. | പ്രശാന്ത് ജാദവ് IFS CCF & Prof. IIFM | 24-4-2015 മുതൽ 25-4-2015 വരെ |

| | | |
|---|---|---|
| 14. | കെ. തങ്കമണി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, O/o APCCF (SF), എറണാകുളം | 1-5-2015 മുതൽ 2-5-2015 വരെ |
| 15. | ജിജ്ഞ. റ്റി. സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, വനം വന്യജീവി വകുപ്പ് | 4-5-2015 മുതൽ 5-5-2015 വരെ |
| 16. | എൽ. ചന്ദ്രശേഖർ, ഐ.എഫ്.എസ്, സി.സി.എഫ് (എസ്.എഫ്), എറണാകുളം | 6-5-2015 മുതൽ 8-5-2015 വരെ |
| 17. | ജയകുമാർ ശർമ്മ | 9-5-2015 മുതൽ 10-5-2015 വരെ |
| 18. | എൽ. ചന്ദ്രശേഖർ, ഐ.എഫ്.എസ്, സി.സി.എഫ് (എസ്.എഫ്), എറണാകുളം | 12-5-2015 മുതൽ 13-5-2015 വരെ |
| 19. | എൽ. ചന്ദ്രശേഖർ, ഐ.എഫ്.എസ്, സി.സി.എഫ് (എസ്.എഫ്), എറണാകുളം | 19-5-2015 മുതൽ 22-5-2015 വരെ |
| 20. | എസ്. ഉണ്ണികൃഷ്ണൻ, DCF (SF) Extenstion, എറണാകുളം | 21-5-2015 മുതൽ 22-5-2015 വരെ |
| 21. | ജി.ജെ. തെഗ്ഗി ഐ.എഫ്.എസ്, PCCF (Working Plam & Research) | 21-5-2015 മുതൽ 22-5-2015 വരെ |
| 22. | ബി.കെ. ശ്രീവാസ്തവ, ജോയിന്റ് ഡയറക്ടർ, ന്യൂഡൽഹി | 23-5-2015 മുതൽ 27-5-2015 വരെ |
| 23. | W.S സൂട്ടിംഗ് IFS (റിട്ടയേർഡ്) | 26-5-2015 മുതൽ 31-5-2015 വരെ |
| 24. | എൽ. ചന്ദ്രശേഖർ, ഐ.എഫ്.എസ്., സി.സി.എഫ്. (എസ്.എഫ്.), എറണാകുളം | 26-5-2015 മുതൽ 31-5-2015 വരെ |

(ഡി) വനം വകുപ്പിന്റെ www.kerala.forest.gov.in എന്ന വെബ്സൈറ്റിൽ

നിന്നും ഫോറസ്റ്റ് ഐ.ബി. ബുക്ക ചെയ്യുന്നതിനുള്ള പ്രൊഫോർമ ലഭിക്കുന്നതാണ്. പൂരിപ്പിച്ച പ്രൊഫോർമ apccf-ed.for@karala.gov.in എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് അയച്ച് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുള്ള ഐ.ബികളിൽ മുറി ബുക്ക് ചെയ്യുന്നു. സർക്കാരിന്റെ പ്രോട്ടോകോൾ അനുസരിച്ചുള്ള വിശിഷ്ടവ്യക്തികൾക്കും, ഉന്നത ഉദ്യോഗസ്ഥർക്കും ആവശ്യമായി വരുന്നപക്ഷം നേരത്തേ ബുക്ക് ചെയ്തിട്ടുള്ള മുറികളുടെ ബുക്കിംഗ് റദ്ദ് ചെയ്ത് ബന്ധപ്പെട്ട വ്യക്തിയെ എസ്.എം.എസ്. സംവിധാനം മുഖേന അറിയിക്കുകയും ചെയ്യുന്നു.

## വനങ്ങളുടെ ജൈവ വൈവിദ്ധ്യ സംരക്ഷണം

290 (294) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാർ കേരള വനം വന്യജീവി വകുപ്പും പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന ഭൂവിസ്തൃതിയുടെ 29.10 ശതമാനം വനഭൂമിയും (ദേശീയ ശരാശരി 19 ശതമാനം) ആകെ വനവിസ്തൃതിയിൽ 28.41 ശതമാനം വന്യജീവി (സംരക്ഷണ) നിയമപ്രകാരം സംരക്ഷിച്ചുവരുന്ന പ്രദേശങ്ങളുമാണ്. വന ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അംഗീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം.
2. വനത്തിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ.
3. വനത്തിലും വനേതര ഭൂമിയിലും വൃക്ഷാവരണം വർദ്ധിപ്പിക്കൽ.

4. വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവികളുടെ സംരക്ഷണവും പരിപാലനവും.

5. ഭൗതിക ആവശ്യങ്ങൾക്കായി വനത്തിന്മേലുള്ള ആശ്രിതത്വവും സമ്മർദ്ധവും ലഘൂകരിക്കൽ.

6. വനത്തിലുള്ള സസ്യ-ജന്തു ജനസ്സുക്കളുടെ ജീൻ പൂൾ സംരക്ഷണം.

7. ആദിവാസി ഗോത്രവിഭാഗങ്ങളുടെയും പരമ്പരാഗത വനവാസികളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ.

8. കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പ് നിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടുപുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ ജൈവ വൈവിധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

9. വനത്തിന്റെ ജലഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ

10. ജനപങ്കാളിത്ത വനപരിപാലന പ്രക്രീയയിലൂടെയുള്ള വന സംരക്ഷണത്തിന് സാമൂഹിക പ്രതിബദ്ധത സംജാതമാക്കുന്നതിനുള്ള നടപടികൾ.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA), ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി, ലോക ബാങ്ക്, യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം(UNDP), ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ-പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവല്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക

ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

**വനസംബന്ധമായ കേസ്സുകൾ**

291 (295) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ വന സംബന്ധമായ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്താകെ വന സംബന്ധമായ 10106 കേസ്സുകൾ നിലവിലുണ്ട്.

(ബി) വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് 2665 കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഇടമലക്കുടിയുടെ വികസനത്തിനായി ചെലവഴിച്ച തുക**

292 (296) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 2015 മാർച്ച് 31 വരെ ചെലവഴിച്ച തുകയെത്രയെന്നും പ്രസ്തുത തുക എന്തിനെല്ലാം വേണ്ടിയാണ് ചെലവഴിച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഇടമലക്കുടിയുടെ സമഗ്ര വികസന പദ്ധതിയിൽ ലഭിച്ച 6.20 കോടി രൂപയിൽ 2015 മാർച്ച് 31 വരെ 2,55,14,099 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,18,49,943 രൂപ ഇടമലക്കുടിയിലെ ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനും 36,64,156 രൂപ ഇടമലക്കുടി മേഖലയിലേയ്ക്കുള്ള റോഡിന്റെ വികസനത്തിനും വേണ്ടിയാണ് ചെലവഴിച്ചത്.

**ആന പരിപാലന മാർഗ്ഗങ്ങളും എഴുന്നള്ളിപ്പിനുള്ള വ്യവസ്ഥകളും**

293 (297) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടാനയുടെ ആക്രമണങ്ങളിൽ പാപ്പാന്മാർ ഉൾപ്പെടെയുള്ളവർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ആന എഴുന്നെള്ളിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകളും പരിപാലന മാർഗ്ഗങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇതിന്റെ കാരണങ്ങൾ വനം വകുപ്പ് പരിശോധിക്കുകയും 2012-ലെ നാട്ടാന പരിപാലന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള മുൻകരുതലുകൾ പാലിക്കാതിരിക്കുന്നതുമൂലമാണ് അപകടങ്ങൾ സംഭവിക്കുന്നതെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. 2002 മുതൽ നാട്ടാന പരിപാലന ചട്ടങ്ങളും ലംഘനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് 254 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജില്ലാതലത്തിൽ ഉത്സവകാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ദേവസ്വം ബോർഡ് മെമ്പർ, കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ പ്രതിനിധി, ആനത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, കേരളാ ഉത്സവ കോർഡിനേഷൻ കമ്മിറ്റി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്സവകാലത്തിനു മുമ്പായി കമ്മിറ്റി യോഗം ചേർന്ന് ആനകളുടെ ക്ഷേമവും പൊതുജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവാഘോഷങ്ങൾക്കും മറ്റ് പൊതു പരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകളെ സംബന്ധിച്ച 21-1-2012-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 3/2011/വനം നമ്പരായ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനായി എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും (സോഷ്യൽ ഫോറസ്റ്റ്രി), അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നാട്ടാന പരിപാലന ചട്ടങ്ങളെക്കുറിച്ചും മറ്റ് ബന്ധപ്പെട്ട നിയമങ്ങളേയും മാർഗ്ഗ നിർദ്ദേശങ്ങളേയും കുറിച്ച് ആനപ്പാപ്പാൻമാർ, ആനയുടമസ്ഥർ, വനം വകുപ്പ് ജീവനക്കാർ തുടങ്ങിയവർക്ക് വിവിധ പരിശീലന

പരിപാടികളും നടത്തിവരുന്നുണ്ട്. ഈ വിധത്തിലുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിലെ നാട്ടാനകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എല്ലാനടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

**റെഡ് ഡേറ്റാബുക്കിൽ ഉൾപ്പെട്ട വന്യജീവികൾ**

294 (298) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെഡ് ഡാറ്റാ ബുക്കിൽ ഉൾപ്പെട്ട വന്യജീവികൾ ഏതെല്ലാം ;

(ബി) ഇവയെ സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വന്യജീവികളിൽ IUCEN Red Data Book-ൽ ഉൾപ്പെടുത്തിയിട്ടുള്ള സസ്തനികൾ, പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, മത്സ്യങ്ങൾ എന്നിവയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇവയുടെ സംരക്ഷണത്തിനായി ആവാസ വ്യവസ്ഥയുടെ സംരക്ഷണം, വേട്ടയാടൽ തടയുക, പൊതുജനങ്ങളിൽ ഈ വിധമുള്ള ജീവികളുൾപ്പെടെയുള്ള ജൈവവൈവിദ്ധ്യ സംരക്ഷണാവബോധം വളർത്തുകയും വിജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയുമായുള്ള പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം വന്യജീവികളുടേയും വനങ്ങളുടേയും സംരക്ഷണത്തിനായി 15 വന്യജീവി സങ്കേതങ്ങളും 5 ദേശീയോദ്യാനങ്ങളും 2 കടുവാ സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവ്വും ഉൾപ്പെടെ 23 സംരക്ഷിത വനപ്രദേശങ്ങൾ രൂപീകരിച്ച് ശാസ്ത്രീയമായി വന്യജീവി പരിപാലനം നടപ്പിലാക്കിവരുന്നു. കൂടാതെ ആന, കടുവ എന്നീ പ്രധാന സസ്തനികളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് ടൈഗർ പ്രോജക്ട് എലിഫന്റ് എന്നിവയും നടപ്പിലാക്കുന്നുണ്ട്.

**മനുഷ്യവാസ മേഖലകളിലെ വന്യമൃഗശല്യം**

295 (299) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൃഷിഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഒരു സ്ഥിരം ടാസ്ക് ഫോഴ്സ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇവയുടെ പ്രവർത്തനം പ്രയോജന പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൃഷിഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തിരികെ ഉൾക്കാട്ടിലേയ്ക്ക് തുരത്തിയോ ടിക്കുന്നതിനായി 8 റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തിന്റെ വിവിധ വനമേഖലകളിലായി വിന്യസിച്ചിട്ടുണ്ട്.

(ബി) റാപ്പിഡ് റെസ്പോൺസ് ടീമുകൾ ഇതിനായുള്ള നിലവിലെ ഒരു സ്ഥിരം ടാസ്ക്ഫോഴ്സ് സംവിധാനമാണ്.

(സി) വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങൾ ആസ്ഥാനമാക്കി സംസ്ഥാനത്ത് നിലവിൽ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

**വന്യജീവികളുടെ ആക്രമണം**

296 (300) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വന്യജീവികളുടെ ആക്രമണത്തിൽ കേരളത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ബി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച പരാതികളിൽ ഏതൊക്കെ റേഞ്ചുകളാണ് ഉൾപ്പെട്ടിട്ടുള്ളത് ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണത്തിൽ കേരളത്തിൽ

459 പേർ കൊല്ലപ്പെട്ടു. ഇതിൽ 387 പേർ പാമ്പുകടിമൂലവും 72 പേർ മറ്റു വന്യജീവികളുടെ ആക്രമണം മൂലവുമാണ് മരണപ്പെട്ടത്.

(ബി) സംസ്ഥാനത്തെ 105 ഫോറസ്റ്റ് റെയിഞ്ചുകളിൽ, 91 റെയിഞ്ചുകളിലും വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച് പരാതി ലഭിക്കാറുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും വന്ധീകരിക്കുവാനുമുള്ള നടപടികൾ.

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

14. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

**വന്യമൃഗങ്ങളാൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പിന്റെ ധനസഹായം**

297 (301) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനത്തിലും പരിസരപ്രദേശങ്ങളിലും പാമ്പ് കടിയേറ്റും വന്യമൃഗങ്ങളുടെ ആക്രമണത്താലും മരിക്കുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ കുടുംബത്തിന് വനംവകുപ്പ് നിലവിൽ നഷ്ടപരിഹാരമായി അഞ്ച് ലക്ഷം രൂപ നൽകിവരുന്നു. അതേസമയം മരണം സംഭവിച്ചത് വനത്തിന് പുറത്തുവച്ച് പാമ്പുകടി മൂലമാണെങ്കിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപയാണ് നൽകുന്നത്.

(ബി) സംഭവം നടന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്തെ അധികാര പരിധിയിലുള്ള റെയിഞ്ച് ഓഫീസർക്ക്/അസി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ/അസി. വൈൽഡ് ലൈഫ് വാർഡൻ മതിയായ അന്വേഷണം നടത്തി ലഭ്യമാക്കുന്ന ശിപാർശയിന്മേൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്

ലൈഫ് വാർഡൻ അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

**അനുമതി നൽകിയ ക്വാറികൾ**

298 (302) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരിസ്ഥിതി ആഘാത പഠനം നടത്തി എത്ര ക്വാറികൾക്ക് അനുമതി നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ബി) അനുമതി നൽകിയ ക്വാറികളുടെ പേരും പൂർണ്ണ വിലാസവും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 65 ക്വാറികൾക്ക്

(ബി) അനുമതി നൽകിയ ക്വാറികളുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പരിസ്ഥിതിദിനത്തിലെ വൃക്ഷതൈ നടീൽ**

299 (303) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ലോക പരിസ്ഥിതി ദിനമായ 2015 ജൂൺ 5-ന് സംസ്ഥാനത്ത് എത്ര വൃക്ഷത്തൈകളാണ് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നട്ടത് ;

(ബി) പ്രസ്തുത ഉദ്യമത്തിൽ ഏതൊക്കെ സംഘടനകളാണ് വനം വകുപ്പുമായി സഹകരിച്ചത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലോക പരിസ്ഥിതി ദിനമായ 2015 ജൂൺ 5-ന് വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും 75,000 തൈകൾ വച്ച് ആകെ 10,50,000 തൈകൾ വിവിധ പൊതുസ്ഥലങ്ങളിൽ നടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുകൂടാതെ, ഹരിതകേരളം ഏഴാം ഘട്ടം പ്രകാരം വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒ., എൻ.എസ്.എസ്., പഞ്ചായത്ത്, കുടുംബശ്രീ തുടങ്ങിയവ മുഖാന്തിരം 6,45,000 വൃക്ഷത്തൈകളാണ് വിതരണം ചെയ്യാൻ സാമൂഹ്യവനവൽക്കരണ വിഭാഗം ഉദ്ദേശിക്കുന്നത്.

(ബി) വിദ്യാഭ്യാസ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, ആർമി, നേവി,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്കൗട്ട്സ് & ഗൈഡ്സ്, ഐ.ഒ.സി., ബി.പി.എൽ, പെട്രോളിയം കമ്പനികൾ, കേരള റോഡ് ഫണ്ട് ബോർഡ്, കോർപ്പറേറ്റ്സ്, പ്രിന്റ് മീഡിയ തുടങ്ങിയ സംഘടനകളാണ് ഈ ഉദ്യമത്തിൽ വനം വകുപ്പുമായി സഹകരിച്ചത്.

**ഉൾനാടൻ ജലാശയങ്ങളിലെ മണലെടുപ്പ് തടയൽ**

300 (304) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന രീതിയിൽ, ഉൾനാടൻ ജലാശയങ്ങളിൽ നിന്നും വ്യാപകമായ തോതിലുള്ള മണലെടുപ്പ് നടത്തുന്നത് തടയുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും പരിസ്ഥിതി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA)യുടെ മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാതെ നദികളിൽ നിന്ന് മണൽ വാരുന്നത് നിരോധിച്ചിട്ടുണ്ട്. ഈ നടപടി അനധികൃതവും ക്രമാതീതമായതുമായ മണലെടുപ്പ് തടയുന്നതിനും അതുവഴി നദികളുടെ സംരക്ഷണം സാധ്യമാക്കാനുമാണ്. കൂടാതെ സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണത്തിനായി 12-12-2014-ന് സ.ഉ. (അച്ചടി) നമ്പർ 16/2014/പരിസ്ഥിതി നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

**വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി**

301 (305) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവ ലഭിക്കുന്നതിനായി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദീകരിക്കാമോ ;

(ബി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യക്തമാക്കാമോ ;

(സി) ഫിർമ O.C.M./2007/തീയതി 11-4-2014 പ്രകാരമുള്ള കത്തിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി ഫിഷറീസ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 6-5-2014-ൽ അപേക്ഷ ലഭിച്ചു. പാരിസ്ഥിതിക അനുമതിക്കുള്ള അപേക്ഷ 2014 ജൂൺ 6, 7 തീയതികളിൽ നടത്തിയ സംസ്ഥാനതല വിദഗ്ധ സമിതിയുടെ 30-ാമത് യോഗത്തിൽ അവലോകനം ചെയ്യുകയും തീരദേശ പരിപാലന ചട്ടപ്രകാരമുള്ള ശിപാർശയുൾപ്പടെ 15 കാര്യങ്ങളിൽ വിശദീകരണം തേടുകയും ചെയ്തു. 3-11-2014 മുതൽ 19-3-2015 വരെ സംസ്ഥാനത്ത് പാരിസ്ഥിതിക അവലോകന നിർണ്ണയ അതോറിറ്റി നിലവിലില്ലാതിരുന്നതിനാൽ ഇത്തരം അപേക്ഷകൾ പരിഗണിക്കാനായില്ല. 5-6-2014-ൽ സർവ്വേ നമ്പരിലുണ്ടായ പിശക് പരിഗണിക്കാനായുള്ള ഒരു കത്തല്ലാതെ ഇക്കാര്യത്തിൽ അപേക്ഷകരായ 'ഫിർമ'യിൽ നിന്ന് വിശദീകരണമൊന്നും ലഭിച്ചിട്ടില്ല. എന്നിരിക്കിലും അപേക്ഷ 2015 മേയ് 28, 29 തീയതികളിൽ നടന്ന വിദഗ്ധ അവലോകന സമിതിയുടെ 40-ാമത് യോഗത്തിൽ പരിഗണിക്കുകയുണ്ടായി. തീരുമാനം ആയിട്ടില്ല.

(സി) ഇല്ല.

**സാഫ് ഗെയിംസ് കേരളത്തിൽ**

302 (306) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ സാഫ് ഗെയിംസ് നടത്തുന്നതിന് കേന്ദ്രത്തിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(ബി) കേരളത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത ഗെയിംസ് നടത്തുവാൻ ഉദ്ദേശിക്കുന്നത് ; ഓരോ ഇനവും നടത്തുന്ന വേദി വ്യക്തമാക്കാമോ ;

(സി) ഫുട്ബോൾ പോലുള്ള കായിക ഇനങ്ങൾ മലബാർ പ്രദേശത്ത് നടത്തുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിൽവച്ച് സാഫ് ഗെയിംസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും അറിയിപ്പൊന്നും ഇതേവരെ ലഭിച്ചിട്ടില്ല.

സാഫ് ഗെയിംസ് കേരളത്തിൽ നടത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന കായികമന്ത്രി കേന്ദ്രകായികമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

**ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി**

303 (307) ശ്രീ. എം. എ. ബേബി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതി സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്നതാണ് അന്വേഷണ സംഘമെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആരോപണങ്ങളാണ് പോലീസ് സംഘം അന്വേഷിക്കുന്നത് ; ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. നൽകിയ പരാതി അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) 35-ാമത് ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി പ്രസിദ്ധീകരിക്കേണ്ടിയിരുന്ന അവസാന ദിവസം കേന്ദ്ര നിർദ്ദേശപ്രകാരം എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ആഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തെല്ലാമായിരുന്നു ; ഇപ്പോൾ നടന്നതായ ആഡിറ്റ് പൂർണ്ണമാണോ ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ് ; ആഡിറ്റ് പൂർത്തിയാക്കി എന്നത്തേക്ക് പ്രസിദ്ധീകരിക്കും ; എത്ര കോടി രൂപയുടെ ആഡിറ്റ് നടത്താൻ ബാക്കി നിൽപുണ്ട് ; വ്യക്തമാക്കുമോ ;

(ഇ) സർക്കാർ ഫണ്ട് വിനിയോഗിച്ച് സർക്കാരിന്റേതല്ലാത്ത ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ എത്ര തുക വിനിയോഗിച്ച് നടത്തിയിട്ടുണ്ട് ; അവ ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥയും ഉടമസ്ഥാവകാശവും സംബന്ധിച്ച് വിശദമാക്കാമോ ;

(എഫ്) ആഡിറ്റ് പ്രകാരം കണ്ടെത്തിയ ന്യൂനതകളും ക്രമക്കേടുകളും സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അന്വേഷണം നടത്താൻ ഒരു ഏജൻസിയേയും സർക്കാർ ചുമതല

പ്പെടുത്തിയിട്ടില്ല.

(സി) കേന്ദ്ര സർക്കാർ ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) 35-ാമത് ദേശീയ ഗെയിംസിന്റെ 15-3-2008 മുതൽ 31-3-2015 വരെയുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(എഫ്) ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് പദ്ധതികൾ**

304 (308) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കായിക താരങ്ങളെ വാർത്തെടുക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളത് ; ഇവയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ കളിസ്ഥലങ്ങളും സ്പോർട്സ് പഠന പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു*

(ബി) ഗ്രാമീണതലങ്ങളിൽ കായിക പരിശീലനത്തിനും കളികൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച് ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും കൂടുതൽ കായികപ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകായിക മന്ത്രാലയത്തിന്റെയും, സംസ്ഥാന സർക്കാരിന്റെയും, സഹായത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2008 മുതൽ നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ "പൈക്ക" എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ 1-4-2014 മുതൽ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" RGKA എന്ന് പുനഃനാമകരണം ചെയ്ത് കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയം ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ പദ്ധതിപ്രകാരം ഗ്രാമീണതലങ്ങളിൽ കളിസ്ഥലങ്ങളുടെ അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകി ബ്ലോക്ക് തലങ്ങളിൽ ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന രീതിയിലാണ് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പഞ്ചായത്തുകളിൽ കായികതാരങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റൂറൽ കോച്ചിംഗ് സെന്റേഴ്സ്, 15-ഓളം റൂറൽ കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തിച്ചുവരുന്നു.

## ദേശീയ ഗെയിംസിനുവേണ്ടി ഉപയോഗിച്ച സ്റ്റേഡിയങ്ങളുടെ സംരക്ഷണം

305 (309) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിനുവേണ്ടി നവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കളിസ്ഥലങ്ങളുടെ സംരക്ഷണം എപ്രകാരമായിരിക്കുമെന്നും അതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സംരക്ഷണ ചുമതല ആരെ ഏൽപ്പിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി&സി) ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

## ആലപ്പുഴ സായി കേന്ദ്രത്തിൽ ആത്മഹത്യ ചെയ്ത വിദ്യാർത്ഥിനിയുടെ കുടുംബത്തിന് സർക്കാർ ജോലി

306 (310) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ സായി കേന്ദ്രത്തിൽ ആത്മഹത്യ ചെയ്ത അപർണ്ണ രാമചന്ദ്രന്റെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) അപർണ്ണയുടെ മരണത്തോടുകൂടി പ്രതീക്ഷയറ്റ കുടുംബത്തിന് സംസ്ഥാന സർക്കാർ അടിയന്തര സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ആത്മഹത്യാശ്രമത്തെത്തുടർന്ന് ശാരീരികമായും മാനസികമായും തളർന്ന മറ്റ് മൂന്ന് കുട്ടികൾക്ക് അടിയന്തര സാമ്പത്തിക സഹായവും സർക്കാർ ജോലിയും നൽകുവാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടി സ്വീകരിക്കുമോ ;

(ഡി) ആത്മഹത്യയും ആത്മഹത്യാശ്രമത്തിനും ഇടയായ കാരണങ്ങളെക്കുറിച്ച് സ്പോർട്സ് വകുപ്പ് അന്വേഷണം നടത്തുന്നുണ്ടോ ; കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഇ) ആലപ്പുഴ സായി ഹോസ്റ്റലിൽ പെൺകുട്ടികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മരണമടഞ്ഞ കുട്ടിയുടെ മാതാവിന് സായി കേന്ദ്രത്തിൽ ജോലി നൽകാമെന്ന് സായി ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

(ബി&സി) മരണമടഞ്ഞ കുട്ടിയുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 3 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കൂടാതെ ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് 25,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം നടന്നുവരുന്നു.

(ഇ) പ്രസ്തുത ഹോസ്റ്റൽ സായിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതുകൊണ്ട് സുരക്ഷ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാൻ സായിയോട് അഭ്യർത്ഥിക്കുന്നതാണ്.

**ഇടുക്കി വോളിബാൾ അക്കാദമി**

307 (311) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇടുക്കി വോളിബാൾ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി ;

(ബി) പ്രസ്തുത അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥതലത്തിലുള്ള ഏകോപനത്തിന് എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടു വോളിബോൾ കോർട്ടുകൾ ഉൾപ്പെട്ട ഇൻഡോർ സ്റ്റേഡിയം, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, പുരുഷന്മാരുടേയും സ്ത്രീകളുടേയും ഹോസ്റ്റൽ

ബിൽഡിംഗുകൾ എന്നിവയുടെ പ്രീഫാബ് സ്ട്രക്ച്ചറൽ ഫ്രെയിംവർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ ഫിനിഷിംഗ് പണികൾ, സ്പോർട്സ് ഫ്ലോറിംഗ് പണികൾ എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

(ബി) നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥതലത്തിലുള്ള ഏകോപനം നിലവിലുണ്ട്.

**നടക്കാവ് വലിയകൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണം**

308 (312) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിലെ നടക്കാവ് വലിയകൊവ്വൽ മൈതാനിയിൽ നിർമ്മിക്കുന്ന സിന്തറ്റിക് ടർഫ് ഗ്രൗണ്ട് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളത് ;

(സി) പ്രസ്തുത പ്രവൃത്തിക്കായി നേരത്തെ അനുവദിച്ച 4.60 കോടി രൂപയിൽ അവശേഷിക്കുന്ന തുക കൂടി പ്രസ്തുത ഗ്രൗണ്ടിൽ ഗാലറി നിർമ്മിക്കാൻ അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ) സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിനുള്ള സബ്ബ് ബെയ്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് ടർഫ് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടർഫ് എത്തുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതും ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതുമാണ്.

(ബി) 2.66 കോടി രൂപയ്ക്കാണ് പ്രസ്തുത പ്രവർത്തി ടെണ്ടർ ചെയ്തിട്ടുള്ളത്.

(സി) നിലവിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായശേഷം, തുകയുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**അവധിക്കാല കായികപരിശീലന പരിപാടി**

309 (313) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര വിദ്യാഭ്യാസ

പദ്ധതിയുമായി ബന്ധപ്പെട്ട് കായിക പ്രേമികളായ സ്കൂൾ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി സഹകരിച്ച് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ 2015 മേയ് 16 മുതൽ 280 ഓളം കുട്ടികൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി വരുംവർഷങ്ങളിലും തുടർന്നുകൊണ്ടുപോകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ 2015-ലെ വേനലവധിക്കാലത്ത് ഒരു കായിക പരിശീലനപദ്ധതി ആരംഭിച്ചിരുന്നു. എല്ലാ വർഷവും ഏപ്രിൽ/മേയ് മാസങ്ങളിൽ കായിക തത്പരരായ 16 വയസ്സിനു താഴെയുള്ള വിദ്യാർത്ഥികൾക്കാണ് (സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ) കായിക പരിശീലനം നടത്തുന്നത്. എല്ലാ വേനലവധിക്കാലത്തും ശ്രീപാദം സ്റ്റേഡിയത്തിൽ പരിശീലന പരിപാടി സംഘടിപ്പിയ്ക്കാനാണുദ്ദേശിക്കുന്നത്.

**ഗ്രീൻഫീൽഡ് സ്റ്റേഡിയം**

310 (314) <u>ശ്രീ. സി. ദിവാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ;

(ബി) ഇത് പൂർണ്ണരൂപത്തിൽ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാക്കും എന്ന് വ്യക്തമാക്കുമോ ; ഇതിന്റെ ആകെ ചിലവ് എത്രയാണ് ; ഇതിന്റെ സംരക്ഷണ ചുമതല ആർക്കാണ് ?

<u>ഉത്തരം</u>

(എ) ആന്യൂറ്റി മോഡലിൽ നിർമ്മിക്കുന്ന സ്റ്റേഡിയമാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം. പൂർണ്ണമായും സജ്ജമാകുമ്പോൾ താഴെപ്പറയുന്ന സംവിധാനങ്ങൾ സ്റ്റേഡിയത്തിൽ ലഭ്യമാകുന്നതാണ്.

1. രാജ്യാന്തര നിലവാരത്തിലുള്ള ക്രിക്കറ്റും ഫുട്ബോളും കളിക്കാൻ

പറ്റുന്ന കളിസ്ഥലം.

2. 50,000 പേർക്ക് ഇരുന്ന് കളികാണാവുന്ന ഗ്യാലറി.
3. VIP കൾക്കും മീഡിയയ്ക്കും പ്രത്യേക ഗ്യാലറികൾ.
4. ക്രിക്കറ്റിനും ഫുട്ബോളിനും പ്രത്യേക കോർപ്പറേറ്റ് ബോക്സുകൾ.
5. ജിം, സ്പാ സൗകര്യങ്ങൾ
6. ഒളിമ്പിക് സ്റ്റൈലിലുള്ള സ്വിമ്മിംഗ്പൂൾ.
7. 2000 പേർക്കുള്ള കൺവെൻഷൻഹാൾ.
8. കൂടാതെ താഴെപ്പറയുന്ന 8 മുതൽ 13 വരെയുള്ള കായിക ഇനങ്ങൾക്ക് പര്യാപ്തമായ മൾട്ടി പർപ്പസ് കോർട്ട്
9. ടേബിൾ ടെന്നീസ് കോർട്ടുകൾ - 20 എണ്ണം
10. ഹാൻഡ്ബോൾ കോർട്ട് - 2
11. വോളിബോൾ കോർട്ട് - 2
12. ബാഡ്മിന്റൺ കോർട്ട് - 12
13. ബാസ്കറ്റ്ബോൾ കോർട്ട് - 3
14. ടെന്നീസ് കോർട്ട് - 3
15. സ്ക്വാഷ് കോർട്ട്
16. റീറ്റെയിൽ/ഫുഡ്കോർട്ട്/ക്ലബ്ബ് സൗകര്യങ്ങൾ
17. 2500 കാർ പാർക്ക് ചെയ്യാനുള്ള സൗകര്യങ്ങൾ
18. ഡോർമിറ്ററി ഗസ്റ്റ് ഹൗസ് സൗകര്യങ്ങൾ
19. ഫസ്റ്റ് എയ്ഡ് സൗകര്യങ്ങൾ
20. ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ആയുള്ളവർക്ക് കളി കാണാനുള്ള പ്രത്യേക സൗകര്യങ്ങൾ
21. വീതിയേറിയ സ്റ്റെയർകേസ് റാംപ്, ലിഫ്റ്റ് സൗകര്യങ്ങൾ
22. ആധുനിക നിലവാരത്തിലുള്ള സ്പോർട്സ് ലൈറ്റുകൾ
23. സ്കോർ ബോർഡുകൾ.

(ബി) 2015 സെപ്തംബറിൽ സ്റ്റേഡിയം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആകെ നിർമ്മാണച്ചെലവ് 161 കോടിയായി കണക്കാക്കിയിരിക്കുന്നു. കരാർ പ്രകാരം സ്റ്റേഡിയത്തിന്റെ നിർമ്മാണസമയം മുതൽ 15 വർഷത്തേയ്ക്കുള്ള സുരക്ഷാചുമതല

കരാറുകാരായ IL & FS Transportation Network Ltd. എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്.

**നീന്തൽക്കുളം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി**

311 (315) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുളം നിർമ്മാണം സംബന്ധിച്ച LAC-ADF വഴി സമർപ്പിച്ച 107303/NCB/Fin/2014 നമ്പർ ഫയൽ കേരളാ സ്പോർട്സ് കൗൺസിലിന് അയച്ചതിനുശേഷം തിരികെ കിട്ടുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; ഈ ഫയൽ എത്രയും വേഗം ക്ലിയർ ചെയ്ത് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേരളാ സ്പോർട്സ് കൗൺസിൽ ഈ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഈ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ് ; ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുള നിർമ്മാണത്തിനായി സർക്കാരിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ LAC-ADF വിഹിതം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി വിഹിതം മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് 331/എ 2/15/കാ.യു.വ തീയതി, 25-2-2015 പ്രകാരം കത്ത് അയച്ചിരുന്നു. ഇതു സംബന്ധിച്ച് പ്രൊപ്പോസലുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമല്ലാതിരുന്നതിനാലും 2015-16-ലെ പദ്ധതിവിഹിതത്തിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും SMILE പദ്ധതിയിലുൾപ്പെടുത്തി 'ടി' നീന്തൽക്കുളനിർമ്മാണം നടപ്പിലാക്കാനാകുമോ എന്നതും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി കായികയുവജന കാര്യാലയത്തിലേയ്ക്ക് 8-4-2015-ലെ KSSC/B3/2377/14 നമ്പർ കത്ത് റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച സർക്കാർ ഫയൽ കായിക യുവജനകാര്യ (എ) വകുപ്പിൽ ലഭ്യമാണ്.

**ചലച്ചിത്ര രംഗത്തെ പരിഷ്ക്കരണം**

312 (316) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേള തുടങ്ങിയവയുടെ പരിഷ്കരണം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ഫിലിം സബ്സിഡി തുകയും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പ്, ഫിലിം അവാർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ജെ.സി. ഡാനിയേൽ അവാർഡ് തുക വർദ്ധിപ്പിക്കൽ, സിനിമാറ്റോഗ്രഫി നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായും ശ്രീ. ഷാജി എൻ. കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി. സുരേഷ്കുമാർ എന്നിവർ അംഗങ്ങളായും ശ്രീമതി റാണി ജോർജ്ജ് മെമ്പർ സെക്രട്ടറിയായും ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നടത്തിപ്പ്, ജെ.സി. ഡാനിയേൽ പുരസ്കാരം, ആയുഷ്കാല സംഭാവനയ്ക്കുള്ള ആഗോളപുരസ്കാരം, സംസ്ഥാന ചലച്ചിത്ര അവാർഡുകളെ സംബന്ധിച്ച സമിതിയുടെ നിരീക്ഷണ ശിപാർശകൾ, സിനിമാ സബ്സിഡി സംബന്ധിച്ച നിർദ്ദേശങ്ങൾ, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, നിലവിലുള്ള സിനിമാ റെഗുലേഷൻ ആക്ട് ഉടച്ചുവാർത്ത് പുതിയ നിയമം കൊണ്ടുവരുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സംസ്ഥാനത്ത് ഒരു ചലച്ചിത്ര ആർക്കൈവ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ, ചലച്ചിത്രമേളയ്ക്ക് തിയേറ്റർ സമുച്ചയം തുടങ്ങിയ മറ്റു നിർദ്ദേശങ്ങളുമാണ്

സമിതിയുടെ പരിഗണനയിലുള്ളത്.

(സി) അവാർഡ് നിർണ്ണയം, ചലച്ചിത്രമേളയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച സമിതിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സമിതിയുടെ റിപ്പോർട്ടിലെ അവാർഡ് നിർണ്ണയം സംബന്ധിച്ചുള്ള ശിപാർശകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര അവാർഡ് ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളിൽ ചലച്ചിത്രമേളയുടെ നടത്തിപ്പു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

1. ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ എണ്ണം 139 ആയി കുറച്ചു.
2. ഡെലിഗേറ്റ് ഫീ ഏകീകരിച്ച് 500 രൂപയായി നിശ്ചയിച്ചു. വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്ക് 300 രൂപയായി നിശ്ചയിച്ചു.
3. ഡെലിഗേറ്റ് രജിസ്ട്രേഷൻ ചുമതലകൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയും ചലച്ചിത്ര അക്കാദമിയും സംയുക്തമായാണ് നിർവ്വഹിച്ചത്.
4. ഡെലിഗേറ്റുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിക്കുവാൻ കഴിയുന്ന തരത്തിൽ അപേക്ഷാഫോറം പരിഷ്കരിച്ചു.
5. സമിതി നിർദ്ദേശപ്രകാരം ഓരോ പ്രദർശനവും കഴിഞ്ഞാലുടൻ കൃത്യസമയത്തുതന്നെ അടുത്ത പ്രദർശനം ആരംഭിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കി.
6. ശ്രദ്ധാഞ്ജലി പരമ്പരയിൽ സിനിമയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള വ്യക്തികളെപ്പറ്റിയുള്ള 100 പേജിൽ കവിയാത്ത പുസ്തകങ്ങൾ ഫെസ്റ്റിവൽ വേദിയിൽ പ്രകാശനം ചെയ്യണമെന്നുള്ള സമിതി തീരുമാനം നടപ്പിലാക്കി.
7. മേളയ്ക്ക് ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതും ഉദ്ഘാടന ചിത്രം തീരുമാനം നിശ്ചയിക്കുന്നതും വിദഗ്ദ്ധ സമിതി അംഗീകരിച്ചതിനു ശേഷമായിരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.
8. മേള തുടങ്ങുന്നതിനു മുമ്പേ ഫെസ്റ്റിവൽ കാറ്റലോഗ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകി.
9. മത്സരചിത്രങ്ങൾ കൂടുതൽ സീറ്റുകളുള്ള തീയേറ്ററുകളിൽ പ്രദർശിപ്പിക്കണമെന്ന വിദഗ്ദ്ധ സമിതി നിർദ്ദേശം നടപ്പിലാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10. ഉദ്ഘാടന സമാപന ചടങ്ങുകൾ ലളിതമായ രീതിയിൽ പരമാവധി ചെലവ് കുറച്ച് നടത്തുവാൻ കഴിഞ്ഞു.

11. ഫെസ്റ്റിവൽ ബുള്ളറ്റിൻ നിലവാരമുള്ള നിലയിൽ പ്രസിദ്ധീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കി.

12. സമിതി തീരുമാനം അനുസരിച്ച് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെട്ട 18 മലയാള ചിത്രങ്ങൾ ഫിലിം മാർക്കറ്റിംഗിന്റെ ഭാഗമായി ഒരു അന്താരാഷ്ട്ര ജ്യൂറിയെ നിയോഗിച്ച് വിലയിരുത്തി അതിൽ നിന്നും 4 ചിത്രങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.

## ഒറ്റപ്പാലം ഫിലിം സിറ്റി നിർമ്മാണ പുരോഗതി

313 (317) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഒറ്റപ്പാലത്ത് ഫിലിംസിറ്റി നിർമ്മാണത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ധനകാര്യ വകുപ്പുമന്ത്രിമാരാണ് പ്രഖ്യാപനങ്ങൾ നടത്തിയത് ; ഓരോ ധനമന്ത്രിയും എത്ര തുക വീതമാണ് നീക്കിവെച്ചത് ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഫിലിം സിറ്റി നിർമ്മാണത്തിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിക്കുന്നതിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഉണ്ടായിട്ടുള്ളത് ;

(ഇ) കെ.എസ്.എഫ്.ഡി.സി.-ക്ക് സ്ഥലം കൈമാറ്റം ചെയ്യുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയോ ;

(എഫ്) ഫിലിം സിറ്റി നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് ; ഒറ്റപ്പാലം ഫിലിം സിറ്റിയ്ക്കായി മുഖ്യമന്ത്രി മുൻകൈ എടുത്ത എത്ര യോഗങ്ങൾ നടത്തി ; സിനിമാ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാർ എത്ര യോഗങ്ങൾ നടത്തി ; യോഗ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; എം.എൽ.എ.-യുടെ അസറ്റ് ഡെവലപ്മെന്റ്

ഫണ്ടിൽ നിന്നും നീക്കിവെച്ച തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻ ധനമന്ത്രി ശ്രീ. തോമസ് ഐസക് 2011-12 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഒരു കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി വകയിരുത്തി.

(സി) ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രഖ്യാപിച്ച സമയത്ത് തുക കൈമാറുന്നതിന് സാധിച്ചില്ല. തുടർന്ന് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി ഫിലിംസിറ്റി നിർമ്മാണത്തിനായി കെ.എസ്.എഫ്.ഡി.സി.-ക്ക് നൽകി 4-7-2014-ൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിക്കുവാൻ കെ.എസ്.എഫ്.ഡി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. 18-6-2014-ലെ മന്ത്രിസഭാ യോഗത്തിൽ.

(ഇ) റവന്യൂ വകുപ്പിൽ നിന്നും പാട്ടവ്യവസ്ഥയിൽ കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ച ഭൂമി കൈമാറ്റത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-12-2012, 13-6-2013 തീയതികളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഫിലിം സിറ്റി നിർമ്മാണം തത്വത്തിൽ അംഗീകരിച്ചു. സിനിമാ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26-12-2014-ലും 9-7-2014-ലും 3-6-2015-ലും യോഗം ചേർന്നു. യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* എം.എൽ.എ.-യുടെ ഫണ്ടിൽ നിന്നും ഫിലിംസിറ്റി സ്ഥാപിക്കുന്നതിന് അനുവദിച്ച തുക കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് വിശദമായ പ്രോജക്ട് ലഭ്യമാക്കാൻ 3-6-2015-ൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

**ലോ ഫ്ലോർ ബസ്സുകൾ**

314 (318) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ലോ ഫ്ലോർ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര ബസ്സുകളാണ് കാസർഗോഡ് ജില്ലയിൽ അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര ലോ ഫ്ലോർ ബസ്സുകൾ ഇപ്പോൾ നഷ്ടമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ വർഷം സംസ്ഥാനത്ത് 64 ലോ ഫ്ലോർ ബസ്സുകളും, 22 നോൺ എ.സി സെമി ലോ ഫ്ലോർ ബസ്സുകളും അനുവദിച്ചിട്ടുണ്ട്. ഇതിൽ അഞ്ച് നോൺ എ.സി ബസ്സുകൾ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 52 എ.സി. ലോ ഫ്ലോർ ബസുകൾ ഇപ്പോൾ ലാഭകരമായി സർവ്വീസ് നടത്തുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ നഷ്ടം

315 (319) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ പ്രതിമാസ നഷ്ടം എത്ര രൂപയാണ് ;

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് അവസാനമായി പെൻഷൻ നൽകിയത് എന്നാണ് ;

(സി) എത്രമാസത്തെ പെൻഷൻ തുക കുടിശ്ശിക ആയി നൽകാനുണ്ട് ;

(ഡി) പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുമൂലം ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയാണ് ;

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ പ്രതിമാസ വരവ് ചെലവ് അന്തരം 107 കോടി രൂപയാണ്.

(ബി) 14-5-2015-ലാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ അവസാനമായി വിതരണം ചെയ്തത്.

(സി) 2015 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 15,000 രൂപയ്ക്ക് മുകളിൽ പെൻഷനുള്ള പെൻഷൻകാർക്ക് ശേഷിക്കുന്ന തുക 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ട്.

(ഡി) പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുമൂലം ഇത്തരം സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിതമായി (പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 2014 ഡിസംബർ മാസത്തെ പെൻഷൻ തുക (15,000 രൂപ വരെയുള്ളത്) വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ യൂണിഫോം പരിഷ്കരണം

316 (320) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജിവനക്കാരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) യൂണിഫോം പരിഷ്കരണം എന്ന് മുതൽ നടപ്പിലാക്കാനാണ് നിശ്ചയി ച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) യൂണിഫോം അലവൻസ് തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ ;

(ഡി) യൂണിഫോം പരിഷ്കരണംമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(a) <u>കണ്ടക്ടർ/ഡ്രൈവർ</u>:- എല്ലാത്തരം ബസുകളിലെയും കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നിലവിലെ കാക്കി നിറത്തിന് പകരം ഏകീകൃതമായി നേവി ബ്ലൂ പാന്റ്സ് & സ്കൈ ബ്ലൂ ഷർട്ട്/ചുരിദാർ.

(b) <u>ഇൻസ്പെക്ടർ/ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ</u>:- കറുത്ത പാന്റ്സ് & തൂവെള്ള ഷർട്ട്, കോർപ്പറേഷന്റെ പേരും എംബ്ലവും തസ്തികയും രേഖപ്പെടുത്തിയ നാമഫലകം (ഡെസിഗ്നേഷൻ ബോർഡ്) വച്ച ഒരു പോക്കറ്റ് ഉള്ള അരക്കൈ ഷർട്ട് ഇൻ ചെയ്യേണ്ടതാണ്. ഷർട്ടിനോടൊപ്പം ധരിക്കേണ്ട കോർപ്പറേഷന്റെ പേരും, എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം കോർപ്പറേഷൻ നിർമ്മിച്ച് നൽകും.

(c) <u>വെഹിക്കിൾ സൂപ്പർവൈസർ/ചാർജ്ജ്മാൻ/സ്റ്റേഷൻമാസ്റ്റർ</u>:- കറുത്ത പാന്റ്സ് & ഇരുണ്ട ക്രീം (Dark Cream) ഷർട്ട്. കോർപ്പറേഷന്റെ പേരും, എംബ്ലവും, തസ്തികയും രേഖപ്പെടുത്തിയ നാമഫലകം (ഡെസിഗ്നേഷൻ ബോർഡ്) വച്ച ഒരു പോക്കറ്റ് ഉള്ള അരക്കൈ ഷർട്ട് ഇൻ ചെയ്യേണ്ടതാണ്. ഷർട്ടിനോടൊപ്പം ധരിക്കേണ്ട നാമഫലകം കോർപ്പറേഷൻ നിർമ്മിച്ച് നൽകും.

(d) <u>സ്റ്റോർ ഇഷ്യൂവർ/പ്യൂൺ</u>: ബ്രൗൺ പാന്റ്സും ഷർട്ടും, വനിതകൾക്കും ബ്രൗൺ സാരിയും ബ്ലൗസും.

(e) <u>സ്വീപ്പർ/ഗ്യാരേജ് മസ്ദൂർ</u>:-നേവി ബ്ലൂ പാന്റ്സും ഷർട്ടും, വനിതകൾക്ക് നേവി ബ്ലൂ സാരിയും ബ്ലൗസും.

(f) <u>മെക്കാനിക്ക്/പമ്പ് ഓപ്പറേറ്റർ</u>:- ഇരുണ്ട ചാര നിറത്തിലുള്ള (Dark Ash) പാന്റ്സ് & ഷർട്ട്.

(g) ടയർ ഇൻസ്പെക്ടർ:- നേവി ബ്ലൂ പാന്റ്സും, സ്കൈ ബ്ലൂ ഷർട്ടും.

(h) സെക്യൂരിറ്റി വിഭാഗം:- കാക്കി പാന്റസ് & ഷർട്ട്, ബൽറ്റ്, തൊപ്പി, രണ്ട് പോക്കറ്റോടുകൂടിയ അരകൈ ഷർട്ട് ഇൻ ചെയ്ത് ബൽറ്റ് ധരിക്കേണ്ടതാണ്.

(ബി) 2015 ജൂലൈ 1 മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ജൂൺ 20-നകം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരുടെ യൂണിഫോമിന്റെ നിറവും ഘടനയും മാത്രമാണ് പരിഷ്ക്കരിച്ചിരിക്കുന്നത്. യൂണിഫോം അലവൻസായി അനുവദിച്ച് വന്നിരുന്ന തുകയിൽ (1,000 രൂപ, 1,250 രൂപ) യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിൽ അധിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

## കെ.എസ്.ആർ.ടി.സി - ഫെയർ സ്റ്റേജിലെ അപാകതകൾ

317 (321) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

സംസ്ഥാനത്ത് ബസ്ചാർജ് വർദ്ധിപ്പിക്കുമ്പോൾ ഫെയർ സ്റ്റേജിലുണ്ടാകുന്ന അപാകത സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഫെയർ സ്റ്റേജുകൾ കൃത്യമായി കണക്കാക്കി അതിനനുസരണമായി ചാർജ് നിശ്ചയിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ഇതിലെ അപാകതകൾ അടിയന്തരമായി പരിഹരിച്ച് ചാർജുകൾ പുനർനിർണ്ണയിക്കുന്നതിന് നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

ഉണ്ട്. അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളാണ് ഫെയർസ്റ്റേജുകൾ കൃത്യമായി കണക്കാക്കി അതിനനുസരണമായി ചാർജ് നിശ്ചയിക്കുന്നത്. ഫെയർ സ്റ്റേജ് സംബന്ധിച്ചുള്ള പരാതികളോ അപാകതകളോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് ലഭിച്ചാൽ വേണ്ട അന്വേഷണം നടത്തി ഇത്തരം പരാതികൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുടെ പരിഗണനയ്ക്കായി സമർപ്പിച്ച് പരിഹാരം കണ്ടെത്താവുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ കടബാദ്ധ്യത

318 (322) ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാദ്ധ്യത എത്രയെന്നും

ഈ കടബാദ്ധ്യതകൾ ഏതൊക്കെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ ;

(ബി) ഓരോ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടങ്ങൾക്ക് കോർപ്പറേഷൻ എത്ര ശതമാനം വീതമാണ് പലിശയായി നൽകുന്നതെന്നും ഇതനുസരിച്ച് ഓരോ മാസവും എത്ര തുക വീതം പലിശയിനത്തിൽ നൽകുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) കടം എടുത്തിരിക്കുന്നത് എത്ര വർഷം വീതമുള്ള തിരിച്ചടവ് കാലയളവിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 31-3-2015-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ ആകെ വായ്പാ ബാദ്ധ്യത 1,788.84 കോടി രൂപയാണ്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | വായ്പാതുക |
|---|---|
| HUDCO | 142.86 കോടി |
| KTDFC | 1,380.78 കോടി |
| LIC | 65.00 കോടി |
| DCB, PLKD | 191.32 കോടി |
| KST - 133 | 8.88 കോടി |
| ആകെ | 1,78.84 കോടി |

(ബി) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പകൾക്ക് 14.50 മുതൽ 16.25 ശതമാനം വരെയും ഹഡ്കോയിൽ നിന്നുള്ള വായ്പയ്ക്ക് 11.25 ശതമാനവും പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പയ്ക്ക് 12 ശതമാനവും എൽ.ഐ.സി.-യിൽ നിന്നുള്ള വായ്പയ്ക്ക് 13 ശതമാനവും കെ.എസ്.റ്റി.133-ൽ നിന്നുള്ള വായ്പയ്ക്ക് 11 ശതമാനവുമാണ് പലിശ നിരക്കുകൾ. പലിശയിനത്തിൽ നൽകി വരുന്ന തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| സ്ഥാപനം | പലിശ തുക (രൂപ) |
|---|---|
| HUDCO | 1.32 കോടി |
| KTDFC | 12.50 കോടി |
| LIC | 0.75 കോടി |
| DCB, PLKD | 1.87 കോടി |
| KST - 133 | 0.08 കോടി |

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തിരിച്ചടവ് കാലാവധി |
|---|---|
| HUDCO | 7 വർഷം |
| KTDFC | 5 വർഷം |
| LIC | 13 വർഷം |
| DCB, PLKD | 7 വർഷം |
| KST - 133 | 5 വർഷം |

## കെ.എസ്.ആർ.ടി.സി. പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്ക് ധനസഹായം

319 (323) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷൻ യഥാസമയം ലഭിക്കാതെ വന്നിട്ടുള്ള സാഹചര്യംമൂലം എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; അപ്രകാരം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായങ്ങൾ

നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പെൻഷൻ മുടങ്ങാതെ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെൻഷൻ വിതരണത്തിലെ കാലതാമസംമൂലം ഇത്തരം സംഭവങ്ങളുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ. എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതണത്തിനായി ഏപ്രിൽ 1 മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം കോർപ്പറേഷൻ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായി, പ്രതിവർഷം പരമാവധി 240 കോടി രൂപ നോൺ പ്ലാൻ വിഹിതമായി സർക്കാർ കോർപ്പറേഷന് അനുവദിക്കുന്നതാണ്. ഇത്തരത്തിൽ 2015 ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതവും ചേർത്ത് 28.80 കോടി രൂപ ഇതിനകം കോർപ്പറേഷന് അനുവദിച്ചുനൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം കോർപ്പറേഷനിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ കാലതാമസം കൂടാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂൺ മാസത്തിൽ പെൻഷൻ ഫണ്ടിലേക്ക് 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറി അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്**

320 (324) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നവീകരിച്ച് കരകയറ്റി ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായാണ് പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയത്.

(ബി) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമാണ്:

1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമയ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.
2. ഓൺലൈൻ റിസർവ്വേഷൻ സമ്പ്രദായം പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.
3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുക.
4. പാർസൽ/കൊറിയർ സർവ്വീസ്സുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.
5. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.

6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയായി മാറ്റുക.
7. ആസ്തിമൂല്യം നിർണ്ണയിക്കുക.
8. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുക.

(ഡി) 1. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്.

2. കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു.

3. KTDFC-യിൽനിന്നുമെടുത്ത വായ്പാ തിരിച്ചടവിലേയ്ക്ക് കോർപ്പറേഷൻ പ്രതിമാനം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേയ്ക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേയ്ക്ക് നൽകിക്കഴിഞ്ഞു. വായ്പാ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, KTDFC-യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

4. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ

പെൻഷൻ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക Non Plan വിഹിതമായി (പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

5. 2013-14 വരെ സർക്കാർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ള വായ്പ ഇക്വിറ്റിയായി മാറ്റുന്നതിനായി കെ.എസ്.ആർ.ടി.സി. സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

6. കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യം നിർണ്ണയിക്കുന്നതിനായി M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ആകെ ആസ്തിമൂല്യം 3328.90 കോടി രൂപയാണ്.

7. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരു ന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി**

321 (325) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ വരവ്ചെലവ് അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരികയുമാണ്. KTDFC-യിൽ നിന്നുമെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശകസ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. വായ്പ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, KTDFC യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടിരൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുന്നതിനു തീരുമാനമായിട്ടുണ്ട്. ഇതിൻപ്രകാരം പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യം പുനർനിർണ്ണയിച്ച് വിപണിമൂല്യം

വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) പെൻഷൻ വിതരണം മുടങ്ങുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമയ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.
2. ഓൺലൈൻ റിസർവ്വേഷൻ സമ്പ്രദായം പരിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.
3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുക.
4. പാർസൽ/കൊറിയർ സർവ്വീസ്സുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.
5. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.
6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയായി മാറ്റുക.
7. ആസ്തിമൂല്യം നിർണ്ണയിക്കുക.
8. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുക.
9. നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനക്രമീകരിക്കുക.
10. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുക.

(സി) 1. വരുമാനം കുറഞ്ഞ സർവ്വീസുകൾ

പുനഃക്രമീകരിച്ച് ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.

2. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.

3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാൽകൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പ ആക്കി മാറ്റുക. ഇതുവഴി പ്രതിമാസ വായ്പ തിരിച്ചടവ് 50 കോടിയിൽ നിന്നും 15-20 കോടി രൂപയായി കുറയ്ക്കാൻ കഴിയും.

4. പാർസൽ/കൊറിയർ സർവ്വീസ്സുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.

5. പെൻഷൻ വിതരണത്തിനായി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.

6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയായി മാറ്റുക.

7. ആസ്തിമൂല്യം നിർണ്ണയിക്കുക.

(ഡി) 1. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കാലോചിതമായി പരിഷ്കരിച്ചു.

2. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റു ദേശസാൽകൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുക. ഇതുവഴി പ്രതിമാസ വായ്പ തിരിച്ചടവ് 50 കോടിയിൽനിന്നും 15-20 കോടി രൂപയായി കുറയ്ക്കാൻ കഴിയും.

3. പാർസൽ/കൊറിയർ സർവ്വീസ്സുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതാണ്.

4. പെൻഷൻ വിതരണത്തിനായി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക്
ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി പെൻഷൻ ചെലവിനത്തിനുള്ള കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു.

5. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുന്നതാണ്.

6. മാനേജ്മെന്റ്തലത്തിൽ പ്രോഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കാൻ തീരുമാനമെടുക്കുകയുണ്ടായി.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനവും ചെലവും

322 (326) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയും 2015 ജനുവരി 1 മുതൽ മേയ് 31 വരെയുമുള്ള ഓരോ മാസത്തേയും കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും പ്രതിനാസ ചെലവും സംബന്ധിച്ച വിവരങ്ങൾ നല്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ ആകെ വായ്പാ ബാദ്ധ്യത എത്രയാണ് ;

(സി) ഈ ബാദ്ധ്യത ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

| മാസം | വരവ് (രൂപ കോടിയിൽ) | ചെലവ് (രൂപ കോടിയിൽ) |
|---|---|---|

| (1) | (2) | (3) |
|---|---|---|
| 1/2014 | 156.15 | 252.89 |
| 2/2014 | 137.82 | 235.57 |
| 3/2014 | 141.28 | 250.84 |
| 4/2014 | 146.28 | 249.89 |
| 5/2014 | 161.58 | 259.62 |
| 6/2014 | 162.16 | 253.84 |
| 7/2014 | 159.17 | 260.80 |
| 8/2014 | 160.64 | 265.41 |
| 9/2014 | 158.87 | 300.49 |
| 10/2014 | 160.83 | 274.80 |
| 11/2014 | 159.76 | 262.62 |
| 12/2014 | 170.54 | 276.63 |
| 1/2015 | 169.41 | 277.08 |
| 2/2015 | 145.71 | 254.60 |
| 3/2015 | 153.35 | 257.49 |
| 4/2015 | 157.87 | 267.63 |
| 5/2015 | 176.44 | 273.33 |

(ബി) 31-3-2015-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ആകെ വായ്പാ ബാദ്ധ്യത 1,788.84 കോടി രൂപയാണ്.

(സി) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | വായ്പാതുക |
|---|---|
| HUDCO | 142.86 കോടി |

| | |
|---|---|
| KTDFC | 1380.78 കോടി |
| LIC | 65.00 കോടി |
| DCB, PLKD | 191.32 കോടി |
| KST-133 | 8.88 കോടി |
| ആകെ | 1,788.84 കോടി |

**കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം**

323 (327) ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പ്രായം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വിഭാഗം ജീവനക്കാർ പെൻഷൻ പ്രായം ഉയർത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ ഹർജി പരിഗണിക്കവെ സർക്കാർ അഭിഭാഷകനും കെ.എസ്.ആർ.ടി.സി.യുടെ അഭിഭാഷകനും മൗനം പാലിച്ചതിനാൽ ഹർജിക്കാർക്ക് അനുകൂലമായ കോടതി ഉത്തരവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പെൻഷൻ പ്രായം ഉയർത്തുന്ന നിലപാട് സ്വീകരിക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് കനത്ത പ്രഹരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടില്ല.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ അഭിഭാഷകൻ കെ.എസ്.ആർ.ടി.സി.യുടെ ഭാഗം ബഹുമാനപ്പെട്ട കോടതിയെ ബോദ്ധ്യപ്പെടുത്തിയതായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ബസ് ചാർജ്ജ് വർദ്ധനവ്**

324 (328) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര തവണ സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ബസ് ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) ഓരോ തവണയും ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഉണ്ടായ സാമ്പത്തിക നേട്ടം വിശദമാക്കാമോ ;

(ഡി) ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മൂന്ന് തവണ. (8-8-2011, 11-11-2012, 20-5-2014)

(ബി) ഡീസൽ, സ്പെയേഴ്സ്, ലൂബ്രിക്കൻസ് ഇവയിലുണ്ടാകുന്ന വില വർദ്ധനവിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, പെൻഷൻ, ബസ്സിന്റെ ഇൻഷ്വറൻസ് പ്രീമിയം തുടങ്ങി മറ്റ് അനുബന്ധ ചെലവുകളിലുണ്ടാകുന്ന വർദ്ധനവിന്റെ വെളിച്ചത്തിലുമാണ് കാലാകാലങ്ങളിൽ സർക്കാർ ബസ് ചാർജ് വർദ്ധിപ്പിക്കുന്നത്.

(സി) 8-8-2011-ൽ 9.28 ശതമാനവും 11-11-2012-ൽ 18.24 ശതമാനവും 20-5-2014-ൽ 15.60 ശതമാനവും വർദ്ധനവ് ടിക്കറ്റ് നിരക്കിൽ ഉണ്ടായിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന പെൻഷൻ ബാധ്യത നിറവേറ്റുന്നതിനായുള്ള തുക കണ്ടെത്താൻ കഴിയാത്തതും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുത്ത് വന്നതിന്റെ തിരിച്ചടവ് ഇനത്തിൽ 50 കോടി രൂപയോളം പ്രതിമാസം ചെലവഴിക്കേണ്ടി വരുന്നതുമാണ് കോർപ്പറേഷന് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം. ഇതിനുപുറമെ, പ്രതിമാസം പെൻഷൻ വിതരണത്തിനായി വീണ്ടും വീണ്ടും കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുക്കേണ്ടി വരുന്നതു വഴി വായ്പാ തിരിച്ചടവ് തുക പ്രതിമാസം വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. കൂടാതെ സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ വിവധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നത് വഴിയും കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്.

**വാഹനാപകടങ്ങൾ**

325 (329) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2015 ജനുവരി മുതൽ മേയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ

പാതയിലും സംസ്ഥാനപാതയിലുമായി എത്ര വാഹന അപകടങ്ങളിലായി എത്ര മരണങ്ങളുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) മഴക്കാലത്ത് റോഡ് അപകടങ്ങൾ ഇല്ലാതാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) കോഴിക്കോട്- കണ്ണൂർ, കോഴിക്കോട്-കുറ്റിയാടി റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം മൂലമുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റൂട്ടുകളിൽ ഓടുന്ന സ്വകാര്യ ബസ്സുകൾ സ്പീഡ് ഗവർണർ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മുഴുവൻ ബസ്സുകളും അടിയന്തിരമായി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2015 ജനുവരി മുതൽ മേയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ പാതയിൽ 344 വാഹനാപകടങ്ങളിൽ 78 പേർ മരണപ്പെടുകയും സംസ്ഥാന പാതയിൽ 52 വാഹനാപകടങ്ങളിൽ 24 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ യഥാസമയം PWD അധികാരികളെ അറിയിച്ചും റോഡിന്റെ പല ഭാഗത്തുമായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, ഡ്രൈവേഴ്സ് യൂണിയനുകളെ സംഘടിപ്പിച്ച് സ്റ്റുഡൻസ് പോലീസിന്റെ സഹകരണത്തോടെ ബോധവൽക്കരണം നടത്തിയും മഴക്കാലത്ത് റോഡപകടങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു. അമിതവേഗത, റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ സ്പീഡ്ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റുവകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചു വരുന്നു. മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വകാര്യ ബസുകളുടെ മത്സരഓട്ടം നിയന്ത്രിക്കുവാനായി വാഹന പരിശോധന നടത്തിയും സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചും ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിയും അതിവേഗതക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ വിഷയത്തിൽ അടിയന്തരമായി വാഹന പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**റോഡപകടങ്ങൾ**

326 (330) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷത്തിനിടെ എത്ര റോഡ് അപകടങ്ങളുണ്ടായി എന്നും എത്ര മരണങ്ങൾ സംഭവിച്ചു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാവുന്നതും മരണം സംഭവിക്കുന്നതും ഇരുചക്ര വാഹന അപകടങ്ങളിലാണെന്നതും മരണപ്പെടുന്നത് 18-നും 25-നും ഇടയിൽ പ്രായമുള്ളവരാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇരുചക്ര വാഹനങ്ങൾക്ക് വേഗപരിധി നിർബന്ധമാക്കിക്കൊണ്ട് സ്പീഡ് ഗവർണർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ്സ്

327 (331) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിനായി പരിചയ സമ്പന്നരല്ലാത്ത ഡ്രൈവർമാരെയും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങളും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് മതിയായ പരിശീലനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലെ ഓവർ ലോഡിംഗ് നിയന്ത്രിക്കുന്നതിനും വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശീലനം നൽകിവരുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## നാട്ടിക മണ്ഡലത്തിലെ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

328 (332) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) ഇതിൽ നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണ് ; അവ നിർത്തലാക്കിയത് എന്നുമുതലാണ് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയതിന്റെ കാരണങ്ങൾ അറിയിക്കുമോ ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ സർവ്വീസ് നടത്തുന്ന ഷെഡ്യൂളുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) നാട്ടിക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലൂടെ സർവ്വീസ് നടത്തിയിരുന്ന 78 ഷെഡ്യൂളുകളുടെ ഡിപ്പോതല എണ്ണം ചുവടെ ചേർക്കുന്നു. കൊടുങ്ങല്ലൂർ - 13, ഇരിങ്ങാലക്കുട - 10, മാള - 2, മലപ്പുറം - 2, മണ്ണാർക്കാട് - 1, ചിറ്റൂർ - 2, പൊന്നാനി - 6, തൃശ്ശൂർ - 13, ഗുരുവായൂർ - 29.

(ബി) കൊടുങ്ങല്ലൂർ ഡിപ്പോയിലെ 6.00 മണി മുനക്കൽ ബീച്ച് ഷെഡ്യൂളിന്റെ സ്നേഹതീരം ട്രിപ്പ്, ഇരിങ്ങാലക്കുട ഡിപ്പോയുടെ 6.40 ഗുരുവായൂർ, ചാലക്കുടി ഡിപ്പോയുടെ 6.20 പെരിഞ്ഞനം, ഗുരുവായൂർ ഡിപ്പോയുടെ 5.10 എറണാകുളം, 5.40 എറണാകുളം, 6.40 എറണാകുളം, 10.10 എറണാകുളം, 6.30 വാഴാനി ഡാം പൊന്നാനി ഡിപ്പോയുടെ 5.35 എറണാകുളം ജെട്ടി, 12.20 എറണാകുളം ജെട്ടി എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല.

(സി) ബസ്സുകളുടെ ലഭ്യതക്കുറവും വരുമാനക്കുറവും മൂലമാണ് ടി സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കിയിരിക്കുന്നത്.

(ഡി) നിലവിൽ കൊടുങ്ങല്ലൂരിൽ നിന്ന് 9, മാളയിൽ നിന്ന് 2, നിലമ്പൂരിൽ നിന്ന് 2, മലപ്പുറത്ത് നിന്ന് 2, മണ്ണാർക്കാട് നിന്ന് 1, ചിറ്റൂരിൽ നിന്ന് 2, പൊന്നാനിയിൽ നിന്ന് 6, തൃശ്ശൂരിൽ നിന്ന് 5, ഗുരുവായൂരിൽ നിന്ന് 23 അടക്കം 64 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

## സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്

329 (333) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്ത് നടത്തിയ സ്കൂൾ ബസ്സുകളുടെ വാഹന പരിശോധനയിൽ എത്ര സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂൾ ബസ്സുകളിൽ കുട്ടികളെ കയറ്റി യാത്ര ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തുവാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 2014-15 വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് നടത്തിയ പരിശോധനയിൽ 38 സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ്സ് ഇല്ല എന്ന് കണ്ടെത്തിയിരുന്നു.

(ബി) എല്ലാ അദ്ധ്യയന വർഷവും തുടങ്ങുന്നതിനു മുൻപ് ജില്ലാതലത്തിലും താലൂക്കതലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ മോട്ടോർ

വാഹനവകുപ്പ് പരിശോധിക്കാറുണ്ട്. പരിശോധനയിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് തീർന്നതായി കാണപ്പെടുന്ന സ്കൂൾ വാഹനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഇവ ഫിറ്റ്നസ്സ് ഇല്ലാതെ ഓടുന്നില്ലായെന്ന് ഉറപ്പുവരുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പ് വരുത്തണമെന്ന നിർദ്ദേശം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സ്കൂൾ അധികാരികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ ബസുകളുടെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സും, സെമിനാറുകളും മോട്ടോർ വാഹന വകുപ്പ് സംഘടിപ്പിക്കാറുണ്ട്. പാലിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലൂടെ പത്രക്കുറിപ്പുകൾ നൽകാറുണ്ട്.

**ബസ്സുകളിലെ സീറ്റ് റിസർവേഷൻ**

330 (334) <u>ശ്രീ. ബി. സത്യൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ നിലവിലുള്ള സീറ്റ് റിസർവേഷൻ സംവിധാനത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ മുതിർന്ന പൗരന്മാർക്കായി 20% സീറ്റുകളും, അംഗ പരിമിതർക്കായി 5% (അതായത് രണ്ട്) സീറ്റുകളും, സ്ത്രീകൾക്കായി 25% സീറ്റുകളും, അന്ധർക്കായി ഒരു സീറ്റും (2.5%), 3 വയസ്സിന് താഴെ പ്രായമുള്ള കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്കായി 5% സീറ്റുകളും സംവരണം ചെയ്തിട്ടുണ്ട്.

(ബി) സീറ്റ് റിസർവേഷൻ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ&മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ച മെമ്മോറാണ്ടങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ ഷെഡ്യൂളുകൾ**

331 (335) <u>ശ്രീ. ആർ. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പ്രവർത്തിക്കുന്ന ഷെഡ്യൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എല്ലാ ഷെഡ്യൂളുകളും കൃത്യമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പൂർണ്ണമായി പ്രവർത്തിക്കുന്നതിനുള്ള പോരായ്മകൾ വിശദമാക്കുമോ ; ആവശ്യമായ ബസ്സുകൾ അനുവദിക്കുന്നതിനും സ്റ്റാഫിനെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മാവേലിക്കര ഡിപ്പോയിൽ നിന്നും 3 സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും, l12 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 28 ഓർഡിനറി സർവ്വീസുകളും നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബസ്സുകളുടെ അഭാവവും ഡ്രൈവർമാരുടെ കുറവും ഷെഡ്യൂളുകളുടെ പൂർണ്ണമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നിലവിലെ ഷെഡ്യൂൾ അനുസരിച്ച് 28 ഡ്രൈവർമാരുടെയും, 8 ബസ്സുകളുടെയും (3 ഫാസ്റ്റ് പാസഞ്ചർ, 5 ഓർഡിനറി) കുറവ് അനുഭവപ്പെടുന്നുണ്ട്. കൂടുതൽ ബസ് തയ്യാറാകുന്ന മുറയ്ക്ക് ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ബസ്സുകൾക്കാനുപാതികമായി സ്റ്റാഫിനെ നിയമിക്കുന്നതാണ്.

**പുതുക്കാട് ബസ് സ്റ്റേഷൻ**

332 (336) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുതുക്കാട് ബസ് സ്റ്റേഷനിൽ നിന്നും മലയോര പ്രദേശമായ ആറ്റപ്പിള്ളി, വല്ലൂർ തുടങ്ങിയ. മേഖലകളിലേക്കുള്ള സർവ്വീസുകൾ ഇടയ്ക്ക് മുടങ്ങുന്നതുമൂലം മലയോര പ്രദേശങ്ങളിലെ ജനങ്ങൾക്ക് രൂക്ഷമായ യാത്രാക്ലേശം ഉണ്ടാകാറുള്ളതും, പ്രസ്തുത ബസ്സ് സ്റ്റേഷനിൽ ആവശ്യമായ ജീവനക്കാരും, ബസ്സുകളും ഇല്ലായെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വീസ് മുടങ്ങാതിരിക്കാൻ ആവശ്യമായ ജീവനക്കാരും, ബസ്സും പുതുക്കാട് സ്റ്റേഷനിൽ എന്നേക്ക് അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുക്കാട് ബസ് സ്റ്റേഷനിൽ നിലവിൽ 36

ഷെഡ്യൂളുകൾക്ക് 34 ബസുകളാണുള്ളത്. മൂന്ന് സ്പെയർ ബസുകളടക്കം അഞ്ച് ബസുകളുടെ കുറവാണുള്ളത്. നിലവിലുള്ള ബസുകൾക്കായി 85 ഡ്രൈവറും, കണ്ടക്ടറും ആവശ്യമുണ്ട്. എന്നാൽ 71 ഡ്രൈവറും 66 കണ്ടക്ടറുമാണ് നിലവിലുള്ളത്.

(ബി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ബസുകൾക്ക് ആനുപാതികമായി ജീവനക്കാരെ നിയമിക്കാവുന്നതുമാണ്.

**കോഴിക്കോട് ജില്ലയിലെ ലോ-ഫ്ലോർ ബസുകളും റൂട്ടും**

333 (337) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ എത്ര എ.സി./നോൺ-എ.സി. ലോ-ഫ്ലോർ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് ; വെളിപ്പെടുത്താമോ ;

(ബി) ഈ ബസ്സുകൾക്ക് റൂട്ടുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) ഒന്നിൽ കൂടുതൽ ക്ലസ്റ്ററുകൾ മാറി ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(ഡി) ലോ ഫ്ളോർ ബസ്സുകളുടെ റൂട്ടുകൾ നിർണ്ണയിക്കുമ്പോൾ നിയോജക മണ്ഡലങ്ങളിലെ പ്രധാന സ്ഥലങ്ങൾ പരിഗണിക്കണമെന്ന് എം.എൽ.എ.-മാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഗണിച്ച് റൂട്ട് അനുവദിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസ്സുകൾ ആ ജില്ലയ്ക്കുവേണ്ടിമാത്രം അനുവദിച്ചതാണോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ 9 എ.സി. ലോ-ഫ്ലോർ ബസും 2 നോൺ എ.സി. സെമി ലോ-ഫ്ലോർ ബസും സർവ്വീസ് നടത്തുന്നുണ്ട്.

(ബി) NATPAC നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് റൂട്ടുകൾ നിശ്ചയിച്ചിരിക്കുന്നത്.

(സി) ഉണ്ട്. കോഴിക്കോട് - പാലക്കാട്, കോഴിക്കോട് - എറണാകുളം, കോഴിക്കോട്-നെടുമ്പാശ്ശേരി, കൽപ്പറ്റ-കണ്ണൂർ എന്നീ സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഡി) ഉണ്ട്. കോഴിക്കോട് - കുന്ദമംഗലം, കോഴിക്കോട് - ബേപ്പൂർ,

കോഴിക്കോട് - കൊയിലാണ്ടി, കോഴിക്കോട് - ബാലുശ്ശേരി, കോഴിക്കോട് - കുടരഞ്ഞി, കോഴിക്കോട് - രാമനാട്ടുകര ബൈപ്പാസ് വഴി - യൂണിവേഴ്സിറ്റി.

(ഇ) അല്ല. കോഴിക്കോട്, കൽപ്പറ്റ, മലപ്പുറം എന്നീ പട്ടണങ്ങൾ അടങ്ങിയ ക്ലസ്റ്ററിനാണ് ബസുകൾ അനുവദിച്ചത്. ജനസംഖ്യ, യാത്രക്കാരുടെ എണ്ണം എന്നീ ഘടകങ്ങളും സർവ്വീസ് ലാഭകരമായി ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ പരിഗണിച്ചാണ് ഈ ബസുകൾ വിന്യസിച്ചിരിക്കുന്നത്.

## മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടി

334 (338) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ ഒരു പ്രധാന കാരണം മദ്യപിച്ച് വാഹനമോടിക്കുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2014-15 വർഷത്തിൽ മദ്യപിച്ച് വാഹനമോടിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) നിലവിൽ മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ ഏത് വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത് ; പരമാവധി ശിക്ഷ എന്താണ് ;

(ഡി) മദ്യപിച്ച് വാഹനമോടിച്ച് ഒന്നിൽ കൂടുതൽ തവണ പിടിക്കപ്പെട്ടാൽ ഇവരുടെ ലൈസൻസ് ആജീവനാന്തം റദ്ദ് ചെയ്യുന്നതിന് ആവശ്യമായ ഭേദഗതി നിയമത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2014 വർഷത്തിൽ 206053 പേർക്കെതിരെയും 2015 മേയ് 31 വരെ 78218 പേർക്കെതിരെയും മദ്യപിച്ച വാഹനമോടിച്ചതിന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 279 IPC, 185MV Act എന്നീ വകുപ്പുകൾ പ്രകാരമാണ് നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. പരമാവധി ശിക്ഷ 6 മാസംവരെ തടവോ 3000 രൂപ വരെ പിഴയോ രണ്ടും കൂടിയോ ആണ്. കേന്ദ്ര മോട്ടോർ വാഹന നിയമം 185 അനുസരിച്ചാണ് നിലവിൽ മദ്യപിച്ച് വാഹനമോടിക്കുവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നത്. ആദ്യ തവണ രണ്ടായിരം രൂപ വരെ പിഴയോ ആറുമാസം വരെ

തടവോ അതോ രണ്ടും കൂടിയോ നൽകാവുന്നതാണ്. മൂന്ന വർഷത്തിനുള്ളിൽ ഇതേ കുറ്റത്തിന് രണ്ടാമതും പിടിക്കപ്പെടുകയാണെങ്കിൽ രണ്ട് വർഷം വരെ തടവോ മൂവായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

## പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വാണിജ്യ സമുച്ചയത്തിലെ മുറികളുടെ ലേലം

335 (339) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പൂർത്തിയായിവരുന്ന വാണിജ്യ സമുച്ചയത്തിലെ എത്ര മുറികൾ ലേലം ചെയ്തു കൊടുത്തിട്ടുണ്ടെന്നും ആർക്കൊക്കെയാണ് അനുവദിച്ചതെന്നും അറിയിക്കാമോ ;

(ബി) ബാക്കി വരുന്ന മുറികളുടെ ലേല നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ ;

(സി) വാണിജ്യ സമുച്ചയത്തിലെ മുറികൾ ലേലം ചെയ്യുന്നതിനുള്ള നിബന്ധനകൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2 കടമുറികൾ ലേലം ചെയ്തു നൽകിയിട്ടുണ്ട്. മൂലക്കാരൻ രാജൻ (മൂലക്കാരൻ ഹൗസ്, കുഞ്ഞിമംഗലം) എന്ന വ്യക്തിയാണ് 2 മുറികളും ലേലം കൊണ്ടിട്ടുള്ളത്.

(ബി) നിലവിൽ ബാക്കി വരുന്ന മുറികളുടെ ലേലം ടെണ്ടർ നടപടികൾ 23-6-2015-ന് നിശ്ചയിച്ച് പരസ്യം നൽകിയിട്ടുണ്ട്.

(സി) ലേലം ടെണ്ടർ നടപടികളുടെ നിബന്ധനകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഇരുചക്രവാഹന അപകടങ്ങൾ

336 (340) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-ൽ എത്ര ഇരുചക്രവാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മരണപ്പെട്ടവരിൽ എത്രപേർ അപടകം നടക്കുമ്പോൾ ഹെൽമറ്റ് ധരിച്ചിരുന്നില്ല എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഹെൽമറ്റ് ധരിച്ച് യാത്ര ചെയ്തവരിൽ എത്ര പേർ ഈ അപടകങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-ൽ 18612 ഇരുചക്രവാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 1712 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

(ബി) മരണപ്പെട്ടവരിൽ 815 പേർ അപടകം നടക്കുമ്പോൾ ഹെൽമറ്റ് ധരിച്ചിരുന്നില്ല.

(സി) ഹെൽമറ്റ് ധരിച്ച് യാത്ര ചെയ്തവരിൽ 897 പേർ ഈ അപടകങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

**തൊട്ടിൽപാലം - വടകര റൂട്ടിലെ ജനങ്ങളുടെ യാത്രാക്ലേശം**

337 (341) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തൊട്ടിൽപാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്ന്, തൊട്ടിൽപാലം-വടകര റൂട്ടിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വർദ്ധിപ്പിച്ച യാത്രാക്കൂലി കുറയ്ക്കുന്നതിന് നടപടി**

338 (342) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വില 2012-13 കാലഘട്ടത്തെ അപേക്ഷിച്ച് കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഓട്ടോ, ടാക്സി മറ്റ് വാഹനങ്ങൾ, കെ.എസ്. ആർ.ടി.സി., സ്വകാര്യ ബസ്സുകൾ എന്നിവയുടെ ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുന്നത് അധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പെട്രോൾ, ഡീസൽ വിലയിലെ കുറവ് സാധാരണ ജനങ്ങൾക്ക് കൂടി ലഭ്യമാക്കുന്നതിന് വർദ്ധിപ്പിച്ച ഓട്ടോ, ടാക്സി, ബസ് യാത്രാക്കൂലിയും, ചരക്ക് കൂലിയും കുറയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) പെട്രോൾ, ഡീസൽ വിലയുടെ അടിസ്ഥാനത്തിൽ ഓരോ ആറുമാസവും ചാർജ്ജുകൾ പരിശോധിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ചാർജ് വർദ്ധിപ്പിക്കുന്നതിനോ, കുറയ്ക്കുന്നതിനോ ഒരു സർക്കാർ ഏജൻസിയെ ഏൽപ്പിക്കുന്നതിനോ റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നതിനോ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി അന്താരാഷ്ട്ര വിപണിയിൽ പെട്രോളിന്റെയും ഡീസലിന്റെയും വില സ്ഥായിയായി നിലനിൽക്കാത്തതിനാലും വാഹനങ്ങൾ സർവ്വീസ് നടത്തുന്നതിനുള്ള മറ്റ് അനുബന്ധ ചെലവുകൾ വർദ്ധിച്ചിരിക്കുന്നതിനാലും ഓട്ടോ, ടാക്സി, ബസ് യാത്രാകൂലി ഇപ്പോൾ കുറയ്ക്കേണ്ട സാഹചര്യമല്ല നിലനിൽക്കുന്നതെന്ന ശിപാർശ ചെയ്തിരിക്കുന്നു. മാത്രവുമല്ല ഇപ്പോൾ ഡീസലിന്റെ വില വീണ്ടും ഉയർന്ന് 57.99 രൂപയോളമായിരിക്കുകയാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഓട്ടോ, ടാക്സി, ബസ് യാത്രാകൂലി നിരക്ക് കുറയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാർത്ഥികൾക്ക് പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി**

339 (343) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി കെ.എസ്.ആർ.ടി.സി. നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ഇത് പ്രകാരമുള്ള സൗജന്യ യാത്രാനുമതി നൽകി ;

(ബി) ഈ അദ്ധ്യയന വർഷം അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ

തുറക്കുന്ന സമയം മുതൽ ഈ യാത്രാ സൗജന്യം അനുവദിക്കാൻ അനുമതി നൽകാതിരുന്നത് എന്തുകൊണ്ട് ;

(സി) കഴിഞ്ഞ അധ്യയന വർഷം കെ.എസ്.ആർ.ടി.സി. കൺസഷൻ ഉപയോഗിച്ചവർക്ക് കഴിഞ്ഞ വർഷം മാത്രമായി പ്രഖ്യാപിച്ച സൗജന്യ യാത്രാനുമതി നിജപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അറിയിപ്പിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഉദ്യോഗസ്ഥരുടേതായ ഇത്തരം നിബന്ധനകളൊഴിവാക്കി ഈ വർഷം മുതൽ എല്ലാ പ്ലസ് ടു തലം വരെയുള്ള കുട്ടികൾക്കും യാത്രാ സൗജന്യാനുമതി അനുവദിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഏകദേശം 1,32,000 വിദ്യാർത്ഥികൾക്ക്.

(ബി&സി) പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചുകൊണ്ട് 31-1-2015-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ചില അവ്യക്തതകൾ ഉണ്ടായിരുന്നതിനാലാണ് എല്ലാ വിദ്യാർത്ഥികൾക്കും ഈ അദ്ധ്യായന വർഷാരംഭം മുതൽ യാത്രാസൗജന്യം അനുവദിക്കാൻ കഴിയാതെവന്നത്. ഇതുസംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 4/2015/ഗതാ. എന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യനിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക്, 10 രൂപ ഈടാക്കിക്കൊണ്ട് വേണ്ടത്ര വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന ഒരു കാർഡ് അനുവദിച്ചുനൽകി. പൂർണ്ണമായും സൗജന്യയാത്ര അനുവദിച്ച് 10-6-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അനധികൃത നിയമനം**

340(344) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന മതിയായ യോഗ്യതയില്ലാത്തവർക്ക് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നല്കിയിരുന്നോ ;

(ബി) അപ്രകാരം നിയമനം നൽകിയെങ്കിൽ ആയതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെല്ലാം കോടതികളിൽ കേസുകൾ നിലവിലുണ്ട് ; ആയത് സംബന്ധിച്ച കോടതി വിധികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ടി വിഷയം സംബന്ധിച്ച് ഒരു കോടതിയിലും കേസുകൾ നിലവിലുള്ളതായി അറിവില്ല. എന്നാൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ നമ്പർ. 3033/2013 ആയി നിലനിന്നിരുന്ന പൊതുകേസുകളിൽ 20-10-2014-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി പ്രത്യേക ചട്ട ഭേദഗതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ജി.ഒ (എം.എസ്) നമ്പർ 111/2013/ട്രാൻസ് ഉത്തരവ്, ടി തസ്തികയുടെ പ്രത്യേക ചട്ടങ്ങളിലെ ഭേദഗതിയ്ക്ക് വിധേയമായി നടപ്പിലാക്കാമെന്ന് വിധിച്ചിരുന്നു. ടി പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരാത്ത സാഹചര്യത്തിൽ 11-12-2013 തീയതിയിലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ നിയമനം നൽകിയ ജീവനക്കാരെ അവരുടെ മാതൃതസ്തികയിലേയ്ക്ക് തരംതാഴ്ത്തി നിയമിക്കാവുന്നതാണെന്നും ടി ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിഷ്കർഷിച്ചിരുന്നു. ഇതിനെതിരെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൽസ് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ച ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഒ.പി.(കെ.എ.റ്റി) നമ്പർ 374, 375, 376, 377 ആയി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. അപ്പീൽ ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞതിനെ തുടർന്ന് അവരെ മാതൃതസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്തിരുന്നു. ടി വിധിക്കെതിരെ അവർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു. സുപ്രീംകോടതിയുടെ SLP നമ്പർ CC-5231-34/15-27-3-2015-ലെ ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷകർക്ക് സംസ്ഥാന സർക്കാർ മുമ്പാകെ നിവേദനം നൽകാൻ അനുമതി നൽകുകയും അത് നിയമപ്രകാരം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം

341 (345) ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമന രീതി വ്യക്തമാക്കുമോ ; ഇതിൽ നേരിട്ടും, തസ്തികമാറ്റം വഴിയും, ഉദ്യോഗക്കയറ്റം വഴിയും എത്ര ശതമാനം വീതമാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായി നേരിട്ടുള്ള നിയമനമല്ലാത്തവർക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനവുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാർ എതിർപ്പോ, ആശങ്കയോ സർക്കാരിന്റെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 7-4-2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി.ഒ (പി) നമ്പർ 16/2008/ട്രാൻ. പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ നിയമന രീതി താഴെപ്പറയും പ്രകാരമാണ്. നേരിട്ടുള്ള നിയമനവും മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനവും. എന്നാൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരില്ലാത്തപക്ഷം നിശ്ചിത യോഗ്യതയുള്ള ക്ലാസ് ഫോർ ജീവനക്കാരെയും പരിഗണിക്കുന്നതിനായി 3-6-2015-ലെ ജി.ഒ.(പി) നമ്പർ 35/2015/ട്രാൻ. പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:4 എന്ന അനുപാതത്തിൽ നടത്താവുന്നതാണ്.

ഉദ്യോഗക്കയറ്റം വഴി ടി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നില്ല.

(ബി) ഉണ്ട്. കോടതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 7-4-2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി.ഒ.(പി) നമ്പർ 16/2008/ട്രാൻ. പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനു താഴെപ്പറയുന്ന യോഗ്യതകൾ നിഷ്കർഷിക്കുന്നു.

1. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.
2. 1. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന മൂന്ന് വർഷ ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് അഥവാ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ;

   അല്ലെങ്കിൽ

   2. 2(1) ഖണ്ഡികയിൽ പറയും പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത യോഗ്യത.
3. മുകളിൽ പറയും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷം ഒരു സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുമുള്ള ഒരു വർഷത്തെ ഫുൾടൈം വർക്ക്ഷോപ്പ് പ്രവൃത്തി പരിചയം.
4. മോട്ടോർ സൈക്കിൾ, ഹെവി ഗുഡ്സ് വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്.
5. ശാരീരിക യോഗ്യത – പുരുഷന്മാർക്ക് 165 സെ.മി. സ്ത്രീകൾക്ക് 152 സെ.മീ. ഉയരം 5 സെ.മി വികാസത്തോടുകൂടിയ 81 സെ.മി. (നെഞ്ചളവ് സ്ത്രീകൾക്ക് ബാധകമല്ല), നേർക്കാഴ്ച യോഗ്യത.
6. അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഉം മോട്ടോർ വാഹന നിയമവും ജയിച്ചിരിക്കണം.
7. മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ 3 വർഷത്തെ പ്രവർത്തിപരിചയം.

(ഡി) ഉണ്ട്. കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, കേരള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇൻസ്പെക്ടേഴ്സ് അസോസിയേഷൻ എന്നീ സംഘടനകൾ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് നിശ്ചിത യോഗ്യതയുള്ള ക്ലാസ് ഫോർ ജീവനക്കാരെ കൂടി പരിഗണിക്കുന്നതിനായി സ്പെഷ്യൽ റൂൾ പരിഷ്ക്കരിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിനെതിരെ എതിർപ്പ് അറിയിച്ചിരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[46, 65, 80, 84 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.]

9.30 P.M.]

## II ചരമോപചാരം

### എ. നഫീസത്ത് ബീവിയുടെ നിര്യാണം

മി. സ്പീക്കർ: മുൻ ഡെപ്യൂട്ടി സ്പീക്കർ എ. നഫീസത്ത് ബീവി 2015 മേയ് 11-ന് അന്തരിച്ചു.

കായംകുളത്ത് കറ്റാനം കടവുങ്കൽ പുത്തൻപുരയിൽ അബ്ദുൾ കരീമിന്റെയും ഹവ്വാഉമ്മയുടെയും മകളായി 1924 മാർച്ച് 22-ന് എ. നഫീസത്ത് ബീവി ജനിച്ചു. ആലപ്പുഴ എസ്.ഡി. കോളേജിൽ നിന്നും ബിരുദ പഠനത്തിനുശേഷം എറണാകുളം ലോ കോളേജിൽനിന്നും നിയമ ബിരുദവും നേടി ആലപ്പുഴയിൽ അഭിഭാഷകയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകയായി പൊതുപ്രവർത്തനരംഗത്ത് എത്തിയ നഫീസത്ത് ബീവി മുസ്ലീം വനിതകൾ പൊതു പ്രവർത്തന രംഗത്തേയ്ക്ക് കടന്നുവരാൻ മടി കാണിച്ചിരുന്ന കാലത്ത് തന്റേടത്തോടെ രാഷ്ട്രീയ രംഗത്ത് കടന്നുവന്ന വനിതയായിരുന്നു.

1960-ൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും രണ്ടാം കേരള നിയമസഭയിലേയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. 1960 മാർച്ച് മുതൽ 1964 സെപ്തംബർ വരെ ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചിട്ടുള്ള നഫീസത്ത് ബീവി ഈ കാലയളവിൽ രണ്ടു തവണ സ്പീക്കറുടെ ചുമതലയും വഹിച്ചിട്ടുണ്ട്.

വനിതാ സംഘടനകളും സഹകരണ സംഘങ്ങളും സംഘടിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനം നടത്തിയ നഫീസത്ത് ബീവി മഹിളാ കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ്, കെ.പി.സി.സി, എ.ഐ.സി.സി, സംസ്ഥാന വനിതാ കമ്മീഷൻ എന്നിവയിൽ അംഗം, കാൻഫെഡ് കേരളാ ഘടകം സ്റ്റാൻഡിംഗ് കമ്മിറ്റി, കേരള സംസ്ഥാന ഫിലിം അവാർഡ് കമ്മിറ്റി, നാഷണൽ കൗൺസിൽ ഫോർ വിമൻസ് എഡ്യൂക്കേഷൻ സ്റ്റേറ്റ് കമ്മിറ്റി എന്നിവയിൽ അംഗമായും കൊച്ചിൻ

റിഫൈനറി, എച്ച്.ഐ.എൽ. എന്നിവയുടെ ഡയറക്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

എ. നഫീസത്ത് ബീവിയുടെ നിര്യാണത്തോടെ മികച്ച ഒരു സംഘാടകയേയും പൊതുപ്രവർത്തനരംഗത്ത് മാതൃകയായ നേതാവിനെയുമാണ് നഷ്ടമായിട്ടുള്ളത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. ശിവദാസൻ നായർ, കെ.എൻ.എ. ഖാദർ, രാജു എബ്രഹാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV റൂളിംഗ്

### ചോദ്യങ്ങൾ അനുവദിക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. എ. കെ. ബാലനും ഇവിടെ ക്രമപ്രശ്നം എഴുതിത്തന്നിട്ടുണ്ട്. ഇന്ന് നിയമസഭയിൽ വന്ന രണ്ടുമൂന്ന് ചോദ്യങ്ങളെ സംബന്ധിച്ചാണ് ക്രമപ്രശ്നം എഴുതിത്തന്നത്. ശ്രീ. എ. കെ. ബാലൻ ചോദ്യോത്തര സമയത്ത് ഇക്കാര്യം ഉന്നയിക്കുകയും ചെയ്തു. നമ്മുടെ നിയമസഭയിൽ ചോദ്യങ്ങൾ അനുവദിക്കുന്നതിന് വ്യക്തമായ ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എപ്പോഴും ചോദ്യങ്ങൾ അനുവദിക്കുന്നത്. ചോദ്യോത്തരങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായ നിർദ്ദേശങ്ങൾ വരുന്നത് ചട്ടം 36-ൽ ആണ്. 36 (2) (സി) പ്രകാരം ചോദ്യത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ വിശേഷണങ്ങളോ അപകീർത്തികരമായ സ്റ്റേറ്റുമെന്റുകളോ ഉണ്ടാകരുതെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. അതുപോലെ 36(2) (ഡി) വകുപ്പുപ്രകാരം അഭിപ്രായ പ്രകടനത്തിനായി ചോദ്യം ചോദിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയ ചോദ്യം മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ വരുന്നതിനാലാണ് അനുമതി നിഷേധിച്ചത്. ബാർ കോഴ കേസുമായി ബന്ധപ്പെട്ട കാര്യത്തിൽ കോടതിയിൽ ഹർജി നൽകിയതിന്റെ അടിസ്ഥാനത്തിലും 164 സ്റ്റേറ്റ്മെന്റ് കോടതി മുൻപാകെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് വിജിലൻസ് നടപടി സ്വീകരിച്ചിട്ടുള്ളത്. നിയമസഭാ

നടപടി ചട്ടം 36 (2) (റ്റി) പ്രകാരം നീതിന്യായ കോടതിയുടെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച് ചോദ്യങ്ങൾ അനുവദിക്കാറില്ല. ആയതിനാലാണ് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലന്റെ ചോദ്യത്തിന് അനുമതി നിഷേധിച്ചത്.

ശ്രീ. എ. കെ. ബാലൻ: അങ്ങ് എനിക്ക് ഇത് ഉന്നയിക്കാനുള്ള അവസരം തരാമെന്ന പറഞ്ഞിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ബാലൻ, അങ്ങ് ഉന്നയിച്ചു, ഞാൻ അതിനെപ്പറ്റി റൂളിംഗും നൽകി. ഇനിയൊരു ഡിസ്കഷനിലേക്ക് പോകുന്നത് ശരിയല്ല. ദയവായി അങ്ങ് തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കരുത്.

ശ്രീ. എ. കെ. ബാലൻ: ഞാൻ തെറ്റായ ഒരു കീഴ്വഴക്കവും സൃഷ്ടിക്കുന്നില്ല. അങ്ങ് നേരത്തെ തന്നെ ക്രമപ്രശ്നം ഉന്നയിക്കാനുള്ള അവസരം തരണമായിരുന്നു. അതിനുശേഷമാണ് റൂളിംഗ് നൽകേണ്ടിയിരുന്നത്.

മി. സ്പീക്കർ: അങ്ങ് രേഖാമൂലം ചെയറിന് എഴുതിത്തന്നു. അങ്ങ് എഴുതി തരാതെ റെയ്സ് ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അതിനുശേഷം റൂളിംഗ് നൽകുമായിരുന്നു. ദയവായി റൂളിംഗിനുശേഷം വിശദീകരിക്കാൻ ശ്രമിക്കരുത്. തെറ്റായ ഒരു കീഴ്വഴക്കം സൃഷ്ടിക്കാൻ അങ്ങ് ശ്രമിക്കരുത്. അങ്ങ് ഇരിക്കൂ. 36 (റ്റി) ഞാൻ വായിക്കാം. "നീതിന്യായ സംബന്ധമായ ഏതെങ്കിലും ജോലികളോ അല്ലെങ്കിൽ അർദ്ധ നീതിന്യായ കോടതി സംബന്ധമായ ഏതെങ്കിലും ജോലികളോ നിർവ്വഹിക്കാനായി നിയമപ്രകാരം ഏർപ്പെടുത്തപ്പെട്ട ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിന്റെയോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടെയോ ഏതെങ്കിലും കാര്യത്തെപ്പറ്റി അന്വേഷണ വിചാരണയോ അന്വേഷണമോ നടത്താനായി നിയമിക്കപ്പെട്ട ഏതെങ്കിലും കമ്മീഷന്റെയോ അന്വേഷണ വിചാരണ കോടതിയുടെയോ മുൻപാകെ തീർപ്പാകാതെ നിലവിലിരിക്കുന്ന കാര്യങ്ങളെപ്പറ്റി സാധാരണയായി ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല." അതു വ്യക്തമായി ചട്ടത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് ചോദ്യം നിരസിച്ചത്. ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് നിയമസഭയിൽ ചോദ്യം നിഷേധിച്ചതാണ്. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ അങ്ങ് ദയവായി സഹകരിക്കണം. ക്രമപ്രശ്നം ഉന്നയിക്കേണ്ടതായിരുന്നു. അങ്ങ് അത് ആവശ്യപ്പെട്ടില്ല.

ശ്രീ. എ. കെ. ബാലൻ: ഞാൻ ആവശ്യപ്പെട്ടിരുന്നു.

മി. സ്പീക്കർ: രണ്ടാമത് ഞാൻ റൂളിംഗ് നൽകാൻ തുടങ്ങിയപ്പോൾ അങ്ങ് പറഞ്ഞാൽ മതിയായിരുന്നു. എന്നാൽ അപ്പോൾ അങ്ങ് പറഞ്ഞില്ല.

9.40 A.M.]

## V അടിയന്തരപ്രമേയം

### ബാർ കോഴ

മി. സ്പീക്കർ: എക്സൈസ് മന്ത്രിക്ക് 10 കോടി രൂപ കോഴ നൽകിയതിന്റെ തെളിവുകളുമായി ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ ക്രിമിനൽ നടപടി നിയമം 164-ാം വകുപ്പനുസരിച്ച് മൊഴി നൽകി മാസം രണ്ടു കഴിഞ്ഞിട്ടും മന്ത്രി

ശ്രീ. കെ. ബാബുവിനെതിരെ പ്രത്യേക എഫ്.ഐ.ആർ. തയ്യാറാക്കി ത്വരിത അന്വേഷണം നടത്താതിരിക്കുകയും ശ്രീ. കെ. എം. മാണിക്കെതിരായിട്ടുള്ള കുറ്റപത്രം സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, വിജിലൻസ് ഡയറക്ടർക്ക് 1-11-2014-ൽ നൽകിയ 535/എൽ.ഒ./2014 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, ദക്ഷിണമേഖല, തിരുവനന്തപുരം, Q.V. 14/ 2014/SRT ആയി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണസംഘം നിലവിലുള്ള നിയമവ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കുമനുസൃതമായി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണപുരോഗതിയുടെ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കുകയും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ WP(C) 68/2008 Lalithakumari Vs State of U.P. and others എന്ന വിധിയുടെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവ് നൽകുകയും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I, പോലീസ് സൂപ്രണ്ട് VC 06/2014/SIU1 u/s 7 & 13(i)(d) of P.C. Act 1988 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരെയും സർക്കിൾ ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I അന്വേഷണ സംഘം കേസിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണത്തിന്റെ വെളിച്ചത്തിൽ കണ്ടെത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ഈ കേസിൽ സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണമാണ് നടന്നുവരുന്നത്. ഈ കേസിന്റെ അന്വേഷണത്തിൽ ഒരു സാക്ഷി നൽകിയ സി.ആർ.പി.സി 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെ സംബന്ധിച്ച് ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ഒരു പ്രാഥമിക അന്വേഷണത്തിന് T3/VC06/2014/SIU1/44753/2014 ആയി ഉത്തരവിട്ടിട്ടുണ്ട്. പ്രസ്തുത അന്വേഷണം വിജിലൻസ് എറണാകുളം യൂണിറ്റ് ഡിവൈ.എസ്.പി. നടത്തി വരികയാണ്. അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടി വ്യക്തമാക്കുന്നത് സർക്കാരിന് എന്തൊക്കെയോ ഒളിച്ചു വയ്ക്കാനുണ്ട് എന്നുള്ളതാണ്. ഗവൺമെന്റ് നിയമപരമായിട്ടല്ല പ്രവർത്തിക്കുന്നത് എന്നതാണ് ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടി സാക്ഷ്യപ്പെടുത്തുന്നത്. 2015 മാർച്ച് 30-നാണ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് II മുമ്പാകെ ക്രിമിനൽ നടപടി നിയമം 164 വകുപ്പ് അനുസരിച്ച് ബിജു രമേശ് എന്ന വ്യക്തി ഒരു രഹസ്യ മൊഴി നൽകിയത്. ഈ മൊഴി നൽകി 70 ദിവസം കഴിഞ്ഞിട്ടും ഒരു പ്രത്യേക കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറായില്ല. ഇവിടെയാണ് Lalithakumari Vs State of U.P. കേസ് പ്രസക്തമാകുന്നത്. 70 ദിവസം കഴിഞ്ഞിട്ടും നടപടി സ്വീകരിച്ചിട്ടില്ല. എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കേണ്ട കാര്യമാണ് ക്രിമിനൽ നടപടി നിയമം 164 പ്രകാരം കോടതിക്ക് മുമ്പാകെ വന്നിട്ടുള്ള സ്റ്റേറ്റ്മെന്റ്. അന്വേഷണം നടത്തിയിട്ടല്ല എഫ്.ഐ.ആർ. ഇടേണ്ടത്, എഫ്.ഐ.ആർ. ഇട്ടിട്ട് അന്വേഷണം നടത്തുകയാണ് വേണ്ടത്. പ്രത്യേകിച്ച് ഒരു പ്രമുഖ വ്യക്തിയെ സംബന്ധിച്ചാകുമ്പോൾ എഫ്.ഐ.ആർ. ഇട്ടിട്ടാണ് അന്വേഷണം നടത്തേണ്ടത്. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ പേരിൽ ആരോപണം വന്നപ്പോൾ എഫ്.ഐ.ആർ. ഇട്ടിട്ടാണ് അന്വേഷണം നടത്തിയത്. അതുപോലെ ഇവിടെ മന്ത്രി ശ്രീ. കെ. ബാബുവിന്റെ പേരിൽ ആരോപണം വന്നപ്പോൾ എഫ്.ഐ.ആർ. ഇട്ടിട്ട് അന്വേഷണം നടത്താൻ തയ്യാറാകുന്നില്ല. ഒരു കടയിൽ രണ്ടു കച്ചവടമാണ് നടക്കുന്നത്. ശ്രീ. കെ. എം. മാണിക്ക് ഒരു നിയമം, ശ്രീ. കെ. ബാബുവിന് വേറൊരു നിയമം. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ നിയമപരമായി പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് അനുവദിക്കുന്നില്ല. ഇവിടെ കോടതിയിൽ കൊടുത്ത സ്റ്റേറ്റ്മെന്റിനകത്ത് ബിജുരമേശ് പറഞ്ഞത്, പ്രീ ബഡ്ജറ്റ് ചർച്ചയിൽ ബാർ ലൈസൻസ് ഫീസ് 30 ലക്ഷമാക്കുമെന്ന് പ്രഖ്യാപിച്ചുവെന്നും ചർച്ച കഴിഞ്ഞപ്പോൾ 25 ലക്ഷമെന്ന് തീരുമാനിക്കുകയും ചെയ്തു എന്നാണ്. ഈ 25 ലക്ഷം 23 ലക്ഷമായി കുറച്ചുകൊടുക്കാൻ വേണ്ടിയാണ് കൈക്കൂലി ചോദിച്ചതും കൈക്കൂലി വാങ്ങിയതുമെന്ന പ്രശ്നമാണ് ഇവിടെ ഉയർന്നുവന്നിരിക്കുന്നത്. ബിജു രമേശ് കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ പറയുന്നത്, ഞാനും സുഹൃത്തായ റസീലും മാനേജരും ചേർന്ന് മന്ത്രിയുടെ ഓഫീസിൽ പോകുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം 50 ലക്ഷം രൂപ പ്രൈവറ്റ് സെക്രട്ടറിയായ സുരേഷ് പൈ-യെ ഏല്പിക്കുകയും ചെയ്തുവെന്നാണ്. ഡിപ്പാർട്ട്മെന്റ് ശിപാർശ പ്രകാരം ബാർ ലൈസൻസ് ഫീസ് 25 ലക്ഷം രൂപയാണ്. അത് 23 ലക്ഷം രൂപയാക്കി കുറച്ചുകൊടുത്തു. ഇതിന്റെ ഏറ്റവും വലിയ തെളിവ് ക്യാബിനറ്റ് നോട്ട് നോക്കിയാലറിയാം, 25 ലക്ഷം രൂപ എന്നുള്ളത് തടഞ്ഞിട്ടാണ് 23 ലക്ഷം രൂപ

ആക്കിയിരിക്കുന്നത്. ആ ക്യാബിനറ്റ് നോട്ട് വിളിച്ചുവരുത്തി പരിശോധിച്ചാൽ ഈ വസ്തുത ശരിയാണെന്ന് തെളിയിക്കപ്പെടും. ഇങ്ങനെ 25 ലക്ഷം രൂപ 23 ലക്ഷമാക്കി കുറച്ചുകൊടുത്തതിന്റെ പേരിൽ നമ്മുടെ സംസ്ഥാന ഖജനാവിന് 14 കോടി 60 ലക്ഷം രൂപ സാമ്പത്തിക നഷ്ടമുണ്ടായി. 14 കോടി 60 ലക്ഷം രൂപ നമ്മുടെ സംസ്ഥാന ഖജനാവിൽ വരേണ്ട തുക കുറച്ചുകൊടുത്തുകൊണ്ട് അതിന്റെ ഭാഗമായി എക്സൈസ് വകുപ്പുമന്ത്രി കൈക്കൂലി വാങ്ങിയെന്ന വിവരമാണ് കോടതിയിൽ സമർപ്പിച്ച രേഖ. Lalithakumari Vs State of U.P. കേസിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. ഇടാൻ ഈ ഗവൺമെന്റ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഈ മന്ത്രിയെ രക്ഷിക്കുകയെന്ന ഉദ്ദേശ്യത്തിന്റെ ഭാഗമായി ഭരണകൂടസംവിധാനത്തെ ദുരുപയോഗപ്പെടുത്തുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഇവിടെ മറ്റൊരു കാര്യം കൂടി മന്ത്രി പറഞ്ഞു, 11-12-2014-ലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തത്. ഈ കേസ് രജിസ്റ്റർ ചെയ്ത് 8 മാസം കഴിഞ്ഞിട്ടും കുറ്റപത്രം കൊടുക്കുന്നില്ല. 418 ബാറുകൾ അടച്ചുപൂട്ടിയപ്പോൾ തുറക്കുന്നതിനായി എനിക്ക് അഞ്ചുകോടി രൂപ തന്നാൽ മതിയെന്ന് മന്ത്രി പറയുന്നത് കൈക്കൂലി ചോദിക്കലാണ്. അഴിമതി നിരോധന നിയമത്തിലെ 7(13) വകുപ്പ് അനുസരിച്ച് 7 കൊല്ലം ജയിലിൽ കിടക്കേണ്ട കുറ്റമാണ് ബഹുമാനപ്പെട്ട കെ. എം. മാണിക്ക് എതിരെയുള്ളത്. അഞ്ചുകോടി രൂപ ചോദിച്ചതിൽ ഒരു കോടി രൂപ കൊടുത്തു. ഒരു കോടി രൂപ കൊടുത്തതിന്റെ തെളിവാണ് സാക്ഷികൾ നൽകിയത്. ഇതിനെപ്പറ്റി അറിയാവുന്നവരുടെ സാക്ഷി മൊഴികളും പണം കൈപ്പറ്റുന്നത് കണ്ടവരുടെ മൊഴിയും ലഭിച്ചിട്ടുണ്ട്. ബാർ ഉടമകളുടെ മൊബൈൽ ഫോൺ ടവർ ലൊക്കേഷൻ പരിശോധിച്ചപ്പോൾ ഇവിടെ ആരോപണ വിധേയനായ മന്ത്രിയുടെ സ്ഥലത്തുതന്നെയാണ് ബാർ ഉടമസ്ഥരുടെ മൊബൈൽ ഫോൺ ഉണ്ടായിരുന്നത്. ശബ്ദരേഖകൾ പുറത്തുവന്നുകഴിഞ്ഞു. ബാർ അസോസിയേഷന്റെ മിനിറ്റ്സ്, കണക്കു പുസ്തകം, ബാങ്കിൽ നിന്നും പണം പിൻവലിച്ചതിന്റെ രേഖ ഇങ്ങനെ ഒട്ടനവധി തെളിവുകളാണ് അന്വേഷണ സംഘത്തിന് ലഭിച്ചത്. വാഹനപരിശോധന നടത്തിയപ്പോൾ ബാർ ഉടമസ്ഥരുടെ വാഹനം മന്ത്രിയുടെ വീട്ടിനകത്തുവന്നിട്ടുണ്ടെന്നുള്ള സാധൂകരിക്കുന്ന തെളിവ് ലഭിച്ചു. ഇതുസംബന്ധിച്ച് പോലീസ് ആസ്ഥാനത്തുള്ള ഫോറൻസിക് ലാബിൽ 18-5-2015-ൽ ഒരു സാക്ഷിയെ നുണ പരിശോധനയ്ക്ക് വിധേയമാക്കി. ഡ്രൈവർ അമ്പിളിയുടെ മൊഴി നുണപരിശോധന പ്രകാരം നേരത്തേ നൽകിയ മൊഴി സാധൂകരിക്കപ്പെട്ടിരിക്കുകയാണ്. ഇതിൽ കൂടുതൽ എന്താണ് തെളിവായി വേണ്ടത്. ഇനി ഇത് തെറ്റാണെന്ന് കാണിക്കാൻ ബഹുമാനപ്പെട്ട കെ. എം. മാണിയെ നുണ പരിശോധനയ്ക്ക് വിധേയമാക്കണം. ബഹുമാനപ്പെട്ട മാണി അതിനൊട്ടും തയ്യാറല്ല.

യന്ത്രം കാണുമ്പോൾ തന്നെ എനിക്ക് പേടിയാണ് അതുകൊണ്ട് യന്ത്രത്തിന്റെ മുമ്പിൽ നിൽക്കുന്ന പ്രശ്നമേയില്ല. നോട്ടെണ്ണുന്ന യന്ത്രത്തിന്റെ മുമ്പിൽ മാത്രമെ കെ. എം. മാണി നിൽക്കു. നുണപരിശോധന യന്ത്രത്തിന്റെ മുമ്പിൽ മാണി നിൽക്കില്ല. അമ്പിളിയെന്ന ഡ്രൈവർ നുണപരിശോധനയ്ക്ക് തയ്യാറായിട്ടുണ്ട്. അമ്പിളിക്ക് നുണപരിശോധന നടത്താൻ പേടിയില്ല പിന്നെ എന്തിനാണ് മാണിസാർ പേടിക്കുന്നത്. ഡ്രൈവറായ അമ്പിളി കാണിക്കുന്ന ചങ്കൂറ്റം എന്തുകൊണ്ട് മാണി സാർ കാണിക്കുന്നില്ല. ഇതാണ് നുണ ഒളിച്ചുവയ്ക്കാനുള്ള ശ്രമം. മാണിസാർ നുണ പരിശോധനയ്ക്ക് തയ്യാറായാൽ ഞങ്ങൾ ഈ പ്രശ്നം മുഴുവൻ ഇന്ന് അവസാനിപ്പിക്കാം. ശ്രീ. ടി. ഒ. സൂരജ് വരെ പറഞ്ഞു നുണപരിശോധനയ്ക്ക് തയ്യാറാകാമെന്ന്. ഐ.എ.എസ്.-കാരനായ ടി. ഒ. സൂരജിനാകാം, അമ്പിളിക്ക് ആകാം ശ്രീ. മാണിക്ക് ആയിക്കൂടായെന്ന് പറഞ്ഞാൽ എന്താണ്. ഈ കേസിന്റെ കാര്യത്തിൽ ഗവൺമെന്റ് നിഷ്പക്ഷമായ അന്വേഷണം നടത്തിയെങ്കിൽ ബഹുമാനപ്പെട്ട കെ. എം. മാണിയെ നുണപരിശോധനയ്ക്ക് വിധേയമാക്കണ്ടേ. അതിന് തയ്യാറല്ല. ഈ കേസിൽ കുറ്റപത്രം ഇതുവരെ കൊടുത്തിട്ടില്ല. വിജിലൻസ് തയ്യാറാക്കിയ കുറ്റപത്രം ഇതുവരെ കോടതിയിൽ സമർപ്പിച്ചിട്ടില്ല. ഈ കേസിന്റെ മേൽനോട്ടത്തിൽ എ.ഡി.ജി.പി. (വിജിലൻസ്) ജേക്കബ് തോമസിനെ നിയമിച്ചു. അദ്ദേഹത്തെ ഇപ്പോൾ അതിൽനിന്ന് ഒഴിവാക്കി. പ്രൊമോഷൻ കൊടുത്തതുകൊണ്ടാണ് അന്വേഷണ ചുമതലയിൽ നിന്ന് ഒഴിവാക്കിയെന്നാണ് പറയുന്നത്. സാധാരണ ഇതുപോലുള്ള കേസ്സുകൾ അന്വേഷിക്കുന്ന ഓഫീസർക്ക് പ്രൊമോഷൻ ലഭിച്ചുകഴിഞ്ഞാൽ അയാൾക്ക് പ്രൊമോഷൻ കൊടുത്തുകൊണ്ട് ആ കേസ് അവസാനിക്കുന്നതുവരെ ഇതിന്റെ അന്വേഷണ ചുമതല ഏൽപ്പിക്കുന്ന രീതിയാണ് കേരളാ പോലീസിൽ ഇദംപര്യന്തം സ്വീകരിച്ചിട്ടുള്ളത്. അതിന് വ്യത്യസ്തമായി ജേക്കബ് തോമസിനെ അന്വേഷണ ചുമതലയിൽനിന്ന് മാറ്റിയത് എന്തടിസ്ഥാനത്തിലാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇവിടെ ഇപ്പോൾ നടക്കുന്നത് സുപ്രീംകോടതി വിധിയെ കാറ്റിൽ പറത്തിക്കൊണ്ടാണ്. അഴിമതിക്കേസുകൾ അട്ടിമറിക്കാൻ നിയമോപദേശകരെ സമ്മർദ്ദത്തിലാക്കുകയാണ് ഗവൺമെന്റ് ചെയ്തത്. ആഭ്യന്തര വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പ് ലംഘിച്ചിരിക്കുകയാണ്. അന്വേഷണത്തിന് മേൽനോട്ടം നൽകുന്ന ഉദ്യോഗസ്ഥരെ മാറ്റില്ലെന്ന് സഭയ്ക്ക് നൽകിയ ഉറപ്പ് ആഭ്യന്തര വകുപ്പുമന്ത്രി ലംഘിച്ചു. ഇപ്പോൾ ആ ഉദ്യോഗസ്ഥനെ മാറ്റി ദർവേഷ് സാഹിബ് എന്ന ഓഫീസറെ നിയമിച്ചു. ദർവേഷ് സാഹിബിനെ ഒരു കേസിന്റെ ചുമതലയേൽപ്പിക്കുകയെന്ന് പറഞ്ഞാൽ ആ കേസ് പിന്നെ ഇല്ലായെന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ നിയമം നിമയത്തിന്റെ വഴിക്ക് പോകട്ടെ. ആ നിയമം നിയമത്തിന്റെ വഴിക്ക് പോകാനാണ് ദർവേഷ് സാഹിബ്

എല്ലാ അന്വേഷണത്തിന്റെയും മേൽനോട്ടക്കാരനായി വരുന്നത്. ഇതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ സമയമില്ലാത്തതുകൊണ്ട് വിശദീകരിക്കുന്നില്ല. വ്യക്തവും ശക്തവുമായ തെളിവുകൾ നിരത്തി അന്വേഷണ ഉദ്യോഗസ്ഥർ തയ്യാറാക്കിയ കുറ്റപത്രം കോടതിയിൽ ഹാജരാക്കാത്തത് എന്തുകൊണ്ടാണ്. ഇതിനുവേണ്ടി പ്രോസിക്യൂട്ടറോട് നിയമോപദേശം ചോദിച്ചിരിക്കുകയാണ്. പ്രോസിക്യൂട്ടർക്ക് ഇതിൽ എന്താണ് കാര്യം? ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് കിട്ടിയ തെളിവിന്റെ അടിസ്ഥാനത്തിലാണ് കോടതിയിൽ കുറ്റപത്രം കൊടുക്കേണ്ടത്. അത് നിലനിൽക്കുമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് കോടതിയാണ്, വിജിലൻസിന്റെ ലീഗൽ അഡ്വൈസർ അല്ല. ഇവിടെ വിജിലൻസിന്റെ ലീഗൽ അഡ്വൈസർ കോടതിയായി പ്രവർത്തിക്കുകയാണ്. അങ്ങനെ പ്രവർത്തിക്കാൻ അധികാരമില്ലായെന്നാണ് സുപ്രീംകോടതി വിവിധ വിധിന്യായത്തിനകത്ത് വ്യക്തമാക്കിയിട്ടുള്ളത്. സുപ്രീംകോടതി ജസ്റ്റിസ് കെ.ടി.തോമസ് ഉൾപ്പെട്ട ബെഞ്ചിന്റെ വിധി ഇക്കാര്യം അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. കുറ്റപത്രം സമർപ്പിക്കേണ്ട കാര്യത്തിൽ ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ മാത്രമാണ് തീരുമാനമെടുക്കേണ്ടതെന്ന വ്യക്തമായ റൂളിംഗാണ് വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. ഒരു ലീഗൽ കൗൺസിൽ ഇടപെടേണ്ട യാതൊരു ആവശ്യവുമില്ലെന്ന സുപ്രീംകോടതി വിധി ലംഘിച്ചുകൊണ്ടാണ് ഈ നിയമോപദേശം വാങ്ങിക്കൊണ്ട് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഈ ഗവൺമെന്റ് നിഷേധിച്ചിരിക്കുന്നത്. എസ്. ബി. സിൻഹ, കപാഡിയ എന്നിവർ ഉൾക്കൊള്ളുന്ന സുപ്രീംകോടതി ബെഞ്ച് മറ്റൊരു ജഡ്ജ്മെന്റിൽ ഇത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതായത് " This opinion is not legal evidence. At the stage of section 173 (2) of the question of interpretation of legal evidence does not arise. In any event that function is not of the court. ഒരു പബ്ലിക് പ്രോസിക്യൂട്ടർ ഈ ഘട്ടത്തിൽ ഇടപെടേണ്ട പ്രശ്നമേയില്ലായെന്ന് സുപ്രീംകോടതി വിധി നിലനിൽക്കേ ഈ പ്രോസിക്യൂട്ടറോട് നിയമോപദേശം ചോദിച്ചത് എന്തടിസ്ഥാനത്തിലാണ്. മാത്രമല്ല, ഈ ലീഗൽ അഡ്വൈസർ അഡ്വക്കേറ്റ് ജനറലുമായി കൺസൾട്ട് ചെയ്തു. അഡ്വക്കേറ്റ് ജനറലിന് ഈ കേസിനകത്ത് എന്താണ് കാര്യം. കോടതിയിൽ ബഹുമാനപ്പെട്ട കെ. എം. മാണിക്കനുകൂലമായി കേസ് വാദിക്കേണ്ട വക്കീലിനോട് പോയി നിയമോപദേശം ചോദിച്ചിരിക്കുകയാണ്. അസാധാരണമായ നിലയിലാണ് ഈ പ്രശ്നത്തിൽ നിന്ന് മന്ത്രിയെ രക്ഷിക്കാൻ വേണ്ടി ഇക്കാര്യങ്ങളെല്ലാം ചെയ്തിരിക്കുന്നത്. ആഭ്യന്തര വിജിലൻസ് മന്ത്രിയെ നോക്കുകുത്തിയാക്കി നിർത്തിക്കൊണ്ട് മുഖ്യമന്ത്രിയാണ് എല്ലാ അവിഹിതമായ ഇടപെടലുകളും നടത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ കീഴിലാണ് അഡ്വക്കേറ്റ് ജനറൽ പ്രവർത്തിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയുടെയും നിയമ വകുപ്പുമന്ത്രിയുടെയും കീഴിലല്ല. ആ

അഡ്വക്കേറ്റ് ജനറലിന്റെ പിന്തുണയോടുകൂടിയാണ് ലീഗൽ കൗൺസിലറായിട്ടുള്ള വിജിലൻസിലെ ലീഗൽ അഡ്വൈസറെ ഉപയോഗിച്ച് ഇത്തരത്തിൽ ഈ കേസ് നിലനിൽക്കുന്നതല്ലായെന്ന് പറഞ്ഞിരിക്കുന്നത്. അത് ശരിയാണെങ്കിൽ വിജിലൻസ് ലീഗൽ അഡ്വൈസറുടെ നിയമോപദേശം ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറാകണം. വിജിലൻസ് ഉദ്യോഗസ്ഥന്മാർ ഇനി എങ്ങനെ പ്രവർത്തിക്കും. ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ അന്വേഷിച്ച് തെളിവുകൾ ശേഖരിച്ച് കോടതിയിൽ കൊടുക്കുമ്പോൾ ഇത് കൊടുക്കേണ്ടതില്ലായെന്ന നിലപാട് സ്വീകരിച്ചാൽ ഇനി ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർമാർക്ക് ആർക്കെങ്കിലും വിജിലൻസിൽ ആത്മാർത്ഥമായി പ്രവർത്തിക്കാൻ സാധിക്കുമോ? നമ്മുടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഈ തരത്തിലേയ്ക്ക് ആക്കി. കൂട്ടിലടച്ച തത്തയെന്നത് സുപ്രീംകോടതി നടത്തിയ പരാമർശമാണ്. ഇത് അതിനേക്കാളും മോശമായി. ഒരു പൂച്ചയെപോലെ കെട്ടിയിട്ടിരിക്കുകയാണ് വിജിലൻസ് ഓഫീസർമാരെ. ഇത്തരത്തിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ജനങ്ങൾക്ക് എങ്ങനെയാണ് വിശ്വാസം ഉണ്ടാകുന്നത്. മുഖ്യമന്ത്രി ഇടപെട്ട് കേസ് അട്ടിമറിച്ചു എന്നുള്ളതാണ് ഇവിടെയുണ്ടായ അവസ്ഥ. ഇവിടെ എനിക്കെതിരായി കുറ്റപത്രം കൊടുത്താൽ ഈ ഗവൺമെന്റുണ്ടാകില്ലെന്ന് ശ്രീ. കെ. എം. മാണി ഭീഷണി പ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് നിയമപരമായി പ്രവർത്തിക്കാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കഴിയാതെ വന്നിരിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ബാറുടമസ്ഥന്മാരെ പരമാവധി സ്വാധീനിച്ചുകൊണ്ട് തെളിവ് കൊടുക്കാ തിരിക്കാനുള്ള സമ്മർദ്ദം ചെലുത്തി. അവരോട് പറഞ്ഞത് നിങ്ങൾ തെളിവൊന്നും കൊടുക്കണ്ടായെന്നാണ്. നിങ്ങൾ നേരത്തെ നടത്തിയ ബാറുകളിലെല്ലാം ബിയർ, വൈൻ പാർലർ ലൈസൻസ് നൽകാമെന്ന് പറഞ്ഞു. ബിയർ, വൈൻ പാർലർ ലൈസൻസ് കൊടുക്കണമെങ്കിൽ ചട്ട പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം അനുമതി കൊടുക്കണം. ഈ പ്രത്യേകമായ കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടി ചട്ടത്തിൽ ഇളവ് ചെയ്തുകൊടുത്തു. ബാറുടമസ്ഥരെ സഹായിച്ച് മാണിക്കെതിരെയുള്ള തെളിവുകൾ പുറത്തുവരാതിരിക്കാൻ ഗവൺമെന്റ് ഇടപെട്ടുവെന്നതിന്റെ വ്യക്തമായ തെളിവാണ് ബിയർ, വൈൻ പാർലറുകൾ കൊടുക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരം കവർന്നെടുത്ത് ചട്ടം ഭേദഗതി ചെയ്ത് അനുവാദം കൊടുത്തത്. അതുകൊണ്ടുതന്നെ പലരും സാക്ഷി പറയാൻ തയ്യാറായില്ല. എന്നാൽ വന്ന സാക്ഷിമൊഴികൾ നോക്കിയാൽ ശ്രീ. കെ. എം. മാണിക്കെതിരായുള്ള കേസ് നിലനിൽക്കു മെന്നുള്ളതിന്റെ വ്യക്തമായ തെളിവുകൾ പുറത്തുവന്നിട്ടും അത് കോടതിയുടെ പരിശോധനയ്ക്ക് വിട്ടുകൊടുക്കാതെ സർക്കാരിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ

ഉപയോഗിച്ചുകൊണ്ട് ഈ കേസ് അട്ടിമറിച്ചുവെന്നുള്ളതാണ് ഇവിടെയുണ്ടായ അവസ്ഥ. ഇതിനെ സംബന്ധിച്ച് മന്ത്രിസഭാ രേഖ വിജിലൻസ് പരിശോധിച്ചതായി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. മന്ത്രിസഭാ രേഖയിൽ തന്നെ ശ്രീ. കെ. എം. മാണിക്ക് എതിരായി ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് തെളിയിക്കുന്ന തരത്തിലുള്ള തെളിവുകളാണ് ഉള്ളത്. മന്ത്രിസഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ ഈ 418 ബാറുകൾ തുറന്നുകൊടുക്കാൻ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം മാത്രം പോരാ, നിയമവകുപ്പിന്റെ ഉപദേശം കൂടി വേണമെന്ന് പറഞ്ഞുകൊണ്ട് അഴിമതിക്കുള്ള പഴുതിട്ടുകൊടുത്തതായി ക്യാബിനറ്റ് രേഖ സാക്ഷ്യപ്പെടുത്തുന്നു. അതെല്ലാം ശേഖരിച്ചു കൊണ്ട് വിജിലൻസിന്റെ ലീഗൽ അഡ്വൈസർ തയ്യാറാക്കിയിട്ടുള്ള കുറ്റപത്രം കോടതിയിൽ കൊടുക്കാതെ പിടിച്ചുവച്ചിരിക്കുന്നത് ആരാണ്; ഇതിന് ആർക്കാണ് അധികാരം; ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ തയ്യാറാക്കുന്ന കുറ്റപത്രം, കോടതിയിൽ കൊടുക്കേണ്ട സ്റ്റേറ്റ്മെന്റ് പിടിച്ചുവയ്ക്കാൻ മന്ത്രിക്ക് അധികാരമുണ്ടോ; മുഖ്യമന്ത്രിക്ക് അധികാരമുണ്ടോ? ആ കുറ്റപത്രം എന്താണെന്നുള്ളത് മന്ത്രിപോലും കാണേണ്ട കാര്യമില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയമവാഴ്ച അട്ടിമറിച്ചുകൊണ്ട് സർക്കാരിനെ നിലനിർത്താൻ വേണ്ടിയാണ് ഇത്തരത്തിലുള്ള തെറ്റായ കാര്യങ്ങൾ ചെയ്യുന്നതെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. സുപ്രീംകോടതി വിധികളെപ്പോലും ലംഘിച്ചുകൊണ്ടുള്ള സമീപനമാണ് ഗവൺമെന്റ് ഈ വിഷയത്തിൽ സ്വീകരിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ പ്രശ്നം ഞങ്ങൾ ശക്തമായി ഉന്നയിച്ചു. ബഹുമാനപ്പെട്ട കെ. എം. മാണിയെ ഞങ്ങൾ ബഹിഷ്കരിച്ചു. ഞങ്ങൾ ബഡ്ജറ്റ് അവതരണം തടഞ്ഞു. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും ഇവിടെ ചെയ്തത് ഈ പ്രശ്നത്തിന്റെ പേരിലാണ്. ഞങ്ങൾ ആ പ്രശ്നം ഉപേക്ഷിച്ചിട്ടില്ല. അപ്പുറത്തിപ്പോൾ ആഗ്രഹിക്കുന്നത് ഞങ്ങൾ എല്ലാ ദിവസവും സഭ സ്തംഭിപ്പിക്കുക, എന്നിട്ട് എല്ലാദിവസവും ധനാഭ്യർത്ഥനകൾ പാസ്സാക്കി പോകുക. ഏതായാലും ഇത്തവണ അങ്ങനെ ചെയ്യാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾ ഓരോദിവസവും സമ്മേളനത്തിൽ പങ്കെടുക്കും. ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റ് ഞങ്ങൾ അംഗീകരിക്കുന്നില്ല. ആ ബഡ്ജറ്റ് പാലയിൽ കൊണ്ടുപോയി ചർച്ച് ചെയ്ത് അംഗീകരിപ്പിച്ചാൽ മതി. ഇവിടെ ചർച്ച ചെയ്യാൻ പറ്റില്ല. പക്ഷേ ഈ ഗവൺമെന്റിന്റെ, വകുപ്പുമന്ത്രിമാരുടെ ഓരോ ദിവസത്തേയും ചർച്ചയിൽ ഞങ്ങൾ പങ്കെടുക്കും. നിങ്ങളോരോരുത്തരും ചെയ്തിരിക്കുന്ന കാര്യങ്ങൾ ഓരോ ദിവസവും ഞങ്ങളിവിടെ അവതരിപ്പിക്കും. ഈ നിയമസഭാ സമ്മേളനത്തെ ഫലപ്രദമായി ഉപയോഗിക്കാൻ തന്നെയാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഞങ്ങളിൽ പ്രകോപനമുണ്ടാക്കി ഈ സഭ നടത്തിക്കൊണ്ടു പോകാൻ സാധിക്കാത്ത സ്ഥിതിയുണ്ടാക്കരുത്. ഇപ്പോൾ തന്നെ ഈ സഭ നിർത്തിവച്ച് നിങ്ങളെല്ലാവരും ഒളിച്ചോടാൻ ഉദ്ദേശിക്കുന്നത്

എന്തുകൊണ്ടാണ്? ഈ സഭയെ നേരിടാൻ നിങ്ങൾക്ക് കഴിയില്ല. അരുവിക്കര തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ സഭയിൽ ഇതുപോലെയുള്ള പ്രശ്നം ചർച്ച ചെയ്യാൻ നിങ്ങൾക്ക് സാധിക്കുകയില്ല. ഈ സാഹചര്യത്തിലാണ് സഭ കൂടണമോയെന്ന് ചിന്തിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുന്നത്. ഇതൊക്കെ ഇവിടെ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെ എന്താണ്. ഇന്നത്തെ സഭാനടപടികൾ നിർത്തി വയ്ക്കണമെന്നാണ് ഞാൻ പറയുന്നത്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, ശ്രീ. കെ. എം. മാണിക്ക് കൂടുതൽ പണം വാങ്ങാനുള്ള യൂണിവേഴ്സിറ്റി, ഇത്തരം ബില്ലുകളൊക്കെ മാറ്റിവയ്ക്കുക. ഈ വിഷയം നമുക്ക് ചർച്ച ചെയ്യാം. കഴിഞ്ഞ നിയമസഭാ സമ്മേളനത്തെ സ്തംഭിപ്പിച്ച ഒരു വിഷയമല്ലേ ഇത്. അസാധാരണമായ സാഹചര്യങ്ങളുണ്ടായ ഒരു വിഷയമല്ലേ. ഇത് നമുക്ക് ചർച്ച ചെയ്തുകൂടെ? ഈ പ്രശ്നത്തിന്റെ പേരിൽ നിയമസഭാ സാമാജികൻമാരും വനിതാ എം.എൽ.എ.-മാരും ആക്രമിക്കപ്പെട്ടു. നിയമസഭയെ ഒരു യുദ്ധക്കളമാക്കി മാറ്റി. അങ്ങനെ യുദ്ധക്കളമാക്കിമാറ്റിയിട്ട് ഈ അഴിമതികൾക്കെല്ലാം ഞങ്ങൾ കൂട്ടുനിൽക്കണോ? അതാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ശ്രീ. കെ. എം. മാണി മന്ത്രിസ്ഥാനത്ത് തുടർന്നുകൊണ്ട് ഈ കാര്യങ്ങൾ കൊണ്ടുപോകുന്നത് ശരിയല്ല. ശ്രീ. കെ. എം. മാണിയെ മന്ത്രിസഭയിൽനിന്നും പുറത്താക്കണം. ശ്രീ. കെ. ബാബുവിനെതിരായി കേസ് രജിസ്റ്റർ ചെയ്തുകൊണ്ട് അന്വേഷിക്കണം. ഈ രണ്ട് മന്ത്രിമാരെയും മന്ത്രിസഭയിൽനിന്നും പുറത്താക്കണം. ബാർ കുംഭകോണം സംബന്ധിച്ച എല്ലാ തെളിവുകളും പുറത്തുവന്ന സാഹചര്യത്തിൽ ഈ രണ്ട് മന്ത്രിമാർക്കും അധികാരത്തിൽ തുടരാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. സർക്കാരിന് ഒന്നും ഒളിച്ചുവയ്ക്കാനില്ലെങ്കിൽ നമുക്ക് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കാം, ഈ വിഷയം ചർച്ച ചെയ്യുക. ഈ തെളിവുകളെല്ലാം സഭ ചർച്ച ചെയ്യപ്പെടട്ടെ, അത് നാട് കാണട്ടെ. അഴിമതിക്കാരായ മന്ത്രിമാരെ വിചാരണ ചെയ്യാനുള്ള അവസരം ഒഴിവാക്കരുത്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് വസ്തുതകൾ മനസ്സിലാക്കാതെയാണ് പ്രസംഗം നടത്തിയത്. ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിൽ ആരോപണം വന്നപ്പോൾ ക്വിക്ക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. എടുക്കുകയുണ്ടായി. എക്സൈസ് വകുപ്പുമന്ത്രിയുടെ പേരിൽ വരുന്ന ആരോപണത്തെ സംബന്ധിച്ച് ഇപ്പോൾ പ്രാഥമികാന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് എന്ത് നടപടി സ്വീകരിക്കണമെന്നുള്ള കാര്യം വിജിലൻസ് തീരുമാനിക്കുന്നതാണ്. ഇവിടെ വസ്തുതാപരമായി കാര്യങ്ങൾ പരിശോധിക്കണം. കേരളത്തിലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വളരെ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിലാണ് പ്രവർത്തനം നടത്തി മുന്നോട്ടുവരുന്നത്. വിജിലൻസ് അന്വേഷണത്തെപ്പറ്റി

പ്രതിപക്ഷത്തുനിന്നോ ഭരണപക്ഷത്തുനിന്നോ പൊതുസമൂഹത്തിൽനിന്നോ ഒരു ഘട്ടത്തിലും പരാതി ഉയർന്നുവന്നിട്ടില്ലാ യെന്നുള്ളത് വിജിലൻസിന്റെ നിഷ്പക്ഷതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. വളരെ സത്യസന്ധമായ നിലയിലുള്ള അന്വേഷണം നടക്കുന്നു. ഈ മന്ത്രിസഭയിലുള്ള രണ്ട് മന്ത്രിമാരുടെ പേരിൽ അന്വേഷണം നടത്താൻ ഈ ഗവൺമെന്റും വിജിലൻസും മുന്നോട്ടു വന്നതുതന്നെ വിജിലൻസിന്റെ നിഷ്പക്ഷതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ആരോപണങ്ങളെ ഞങ്ങൾ ഭയപ്പെട്ട് ഒളിച്ചുവയ്ക്കുകയല്ല ചെയ്തത്. ആരോപണ ങ്ങളുണ്ടായാൽ ആരോപണങ്ങളുടെ നിജസ്ഥിതി എന്താണെന്ന് പരിശോധിക്കേണ്ടത് വിജിലൻസിന്റെ ചുമതലയാണെന്ന് കണ്ടുകൊണ്ട് അന്വേഷണം നടത്തുകയാണ് ചെയ്തത്. അന്വേഷണം നടത്തി തെളിവുണ്ടോയെന്ന് പരിശോധിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ ഇല്ലാത്ത തെളിവുകളുണ്ടാക്കാൻ വിജിലൻസിന് കഴിയില്ല. ഇല്ലാത്ത തെളിവുകളുണ്ടാ ക്കണമെന്ന് വിജിലൻസിനോട് പറയാൻ എനിക്ക് കഴിയില്ല. ഉണ്ടാകുന്ന ആരോപണങ്ങളെ സത്യസന്ധവും നീതിപൂർവ്വവും നിഷ്പക്ഷവുമായി പരിശോധിച്ച് അന്വേഷണത്തിൽ കഴമ്പുണ്ടെങ്കിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടപടികളുമായി മുന്നോട്ടു പോകുമെന്നുള്ളതിന് ഒരു സംശയവും വേണ്ട. പക്ഷേ ആരോപണങ്ങളിൽ കഴമ്പില്ലായെങ്കിൽ പ്രതിപക്ഷത്തെ തൃപ്തിപ്പെടുത്താൻവേണ്ടി ആരോപണങ്ങൾക്ക് തെളിവുണ്ടാക്കുന്ന ജോലി വിജിലൻസിനില്ലായെന്ന് വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാണി സാറിന് എതിരായി ആരോപണമുണ്ടായി. Lalita Kumari Vs. Government of U.P. & Others എന്ന കേസിൽ ക്വിക്ക് വെരിഫിക്കേഷൻ എടുത്തു. ക്വിക്ക് വെരിഫിക്കേഷൻ വന്നപ്പോൾ അതിൽ കൊഗ്നൈസബിൾ ഒഫൻസിന്റെ അംശമുണ്ടെന്ന് കണ്ടപ്പോൾ എഫ്.ഐ.ആർ. എടുത്തു. അന്ന് ഈ സഭയിൽ പറഞ്ഞത് കൊഗ്നൈസബിൾ ഒഫൻസുണ്ടോയെന്നു മാത്രമേ നോക്കിയിട്ടുള്ളൂ എന്നാണ്. ആ കേസിന്റെ veracity-യെപ്പറ്റി അന്വേഷിച്ചിട്ടില്ല. സത്യസന്ധമായ ഒരു പരിശോധന നടക്കണമെങ്കിൽ ഇനി എഫ്.ഐ.ആർ. എടുത്തിട്ട് നടത്തും. എഫ്.ഐ.ആർ. എടുത്ത് കേസിന്റെ അന്വേഷണം പുരോഗമിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു, വിജിലൻസ് വകുപ്പ് കൈകാര്യം ചെയ്തയാളുമാണ്. അദ്ദേഹം കൈകാര്യം ചെയ്ത അതേ വിജിലൻസ് മാനുവലും സർക്കുലറുകളും സുപ്രീംകോടതി വിധികളും നിയമങ്ങളും അനുസരിച്ചാണ് ഇപ്പോഴും വിജിലൻസ് പ്രവർത്തിക്കുന്നത്. ഒരു വ്യത്യാസവും വരുത്തിയിട്ടില്ല. വിജിലൻസ് കേസുകളെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ ഓഫീസർ റിപ്പോർട്ട് കൊടുത്താൽ അതിനെക്കുറിച്ച് വെരിഫിക്കേഷൻ നടത്തണം. അതിന് നിയമോപദേശം തേടണം. നിയമോപദേശം കിട്ടി ക്കഴിഞ്ഞാൽ അതിന് മുകളിലുള്ള എ.ഡി.ജി.പി. പരിശോധിക്കണം. എ.ഡി.ജി.പി.യുടെ പരിശോധനക്കു ശേഷം ഡയറക്ടർ പരിശോധിക്കണം. ഡയറക്ടർക്കും എ.ഡി.ജി.പി.ക്കും നിയമോപദേശങ്ങൾ തേടാനുള്ള സാഹചര്യങ്ങളുണ്ട്, നിയമപരമായ standing ഉണ്ട്. അതുകഴിഞ്ഞാണ് പൂർണ്ണമായ റിപ്പോർട്ട് ഇൻവെസ്റ്റിഗേഷൻ ഓഫീസർക്ക് മടക്കിക്കൊടുത്തിട്ട് അത് കോടതിയിൽ ഹാജരാക്കേണ്ടത്. ഇത് വിജിലൻസിന്റെ

നടപടിക്രമങ്ങളാണ്. ഞാനുണ്ടാക്കിയതല്ല. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയതല്ല. എല്ലാ കാലഘട്ടങ്ങളിലും വിജിലൻസ് കേസ്സുകളിൽ സ്വീകരിച്ചു വരുന്ന സമീപനങ്ങളുടെയും നിയമപരമായ നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇത് ചെയ്തിട്ടുള്ളത്. ഇത് ഒരന്വേഷണത്തിന്റെ ഘട്ടത്തിൽ നിൽക്കുന്ന കേസ്സാണ്. ഇവിടെ ഉന്നയിക്കപ്പെടുന്ന കാര്യങ്ങൾ അന്വേഷണത്തെ സ്വാധീനിക്കുമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഒരു പുകമറയുണ്ടാക്കാൻ സഹായിക്കുമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. കുറ്റപത്രം സമർപ്പിക്കണമെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുന്നത്. കുറ്റപത്രം സമർപ്പിക്കണോ വേണ്ടയോയെന്ന് തീരുമാനിക്കേണ്ടത് ഗവൺമെന്റ് അല്ല, ഇൻവെസ്റ്റിഗേഷൻ ഏജൻസിയാണ്. സുപ്രീംകോടതിയുടെ വിധി ഉന്നയിച്ചുകൊണ്ട് അദ്ദേഹം ഇവിടെ രണ്ട് കാര്യങ്ങൾ പറഞ്ഞു. ജസ്റ്റിസ് കെ. ടി. തോമസിന്റെ വിധിയും മറ്റൊരു വിധിയുമാണ് അദ്ദേഹമിവിടെ ഉന്നയിച്ചത്. ഞാൻ മറ്റൊരു വിധി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. State of Gujarat Vs Kishan Bhai. 7th January 2014-ലെ സുപ്രീം കോടതിയുടെ ഏറ്റവും latest വിധിയാണ്. തെളിവില്ലാത്ത കേസ്സുകൾ പ്രോസിക്യൂഷന് ശിപാർശ ചെയ്താൽ അത് സജസ്റ്റ് ചെയ്യുന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ പേരിലും അത്തരം കേസ്സുകൾ കോടതിയിലേയ്ക്ക് അയയ്ക്കാമെന്ന് ശിപാർശ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിലും നടപടിയെടുക്കാൻ സ്റ്റേറ്റ് ഗവൺമെന്റിനെ അധികാരപ്പെടുത്തുന്ന വിധിയാണിത്. ......(ബഹളം)......... ഞാനുണ്ടാക്കിയ വിധിയല്ല. 7-1-2014-ലെ സുപ്രീംകോടതിയുടെ വിധിയാണിത്. ചന്ദ്രമൗലി കുമാർ പ്രസാദ്, ജഗ്ദീപ് സിംഗ് കെഹർ എന്നീ രണ്ട് സുപ്രീംകോടതി ജഡ്ജിമാരുടെ ഡിവിഷൻ ബഞ്ച് വിധിയാണിത്. അതിൽ പറയുന്നത്, '....that the completion of the investigation in a criminal case, Prosecuting Agency should apply its independent mind and require all shortcomings to be rectified' എന്നാണ്. ഏറ്റവും പുതിയ സുപ്രീംകോടതി വിധിയിൽ മറ്റൊരു കാര്യംകൂടി സ്റ്റേറ്റ് ഗവൺമെന്റിനെ അധികാരപ്പെടുത്തുകയാണ്. പ്രോസിക്യൂഷനുവേണ്ടി ശിപാർശ ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ വസ്തുതകൾ പരിശോധിച്ചില്ലായെങ്കിൽ, സത്യം അനലൈസ് ചെയ്യുന്നില്ലായെങ്കിൽ തെളിവുകളുടെ പിൻബലമില്ലായെങ്കിൽ അത്തരം ഉദ്യോഗസ്ഥന്മാരുടെ പേരിൽ, '....each erring Officer must suffer the consequences of his lapse by appropriate departmental action whenever called for, taking into consideration the seriousness of the matter, the concerned Official may be withdrawn from the investigation responsibilities permanently or temporarily depending purely on the culpability.' 7-1-2014-ലെ സുപ്രീംകോടതി വിധിയാണിത്. ഇൻവെസ്റ്റിഗേഷൻ ഓഫീസർ സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണം നടത്തണം. തെളിവുകളുടെ പിൻബലത്തോടെ മുന്നോട്ടുപോകണം. അല്ലാതെ സമർപ്പിക്കപ്പെടുന്ന ശിപാർശകൾ അങ്ങനെ കൊടുത്താൽ അവരുടെ പേരിൽ നടപടിയുണ്ടാകും. സുപ്രീംകോടതിയുടെ ഈ നടപടികൾ എന്തിനുവേണ്ടിയാണ് ? അനാവശ്യമായി, തെളിവുകളില്ലാതെ

പ്രോസിക്യൂഷനുവേണ്ടി ശിപാർശ ചെയ്യുന്ന ആളുകൾക്കെതിരെയുള്ള വിധിയാണിത്. ഏറ്റവും പ്രധാനപ്പെട്ട വിധിയാണ്. അതുകൊണ്ട് ഇൻവെസ്റ്റിഗേഷൻ ഓഫീസർ ഒരു നിഗമനം കൊടുത്താൽ അത് ആരും നിയമപരമായി പരിശോധിക്കുകയോ, ലീഗൽ ഒപ്പീനിയൻ തേടുകയോ ചെയ്യാതെ നേരെ കോടതിയിൽ കൊടുക്കാമെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്? അങ്ങ് ആഭ്യന്തര മന്ത്രിയായിരുന്ന ആളല്ലേ; ഇത് ഡയറക്ടറും എ.ഡി.ജി.പി.യും പരിശോധിക്കില്ലേ; നിയമോപദേശം തേടില്ലേ? വിജിലൻസ് ആന്റ് ലീഗൽ അഡ്വൈസറായ അഗസ്റ്റിനെ 2007-ലെ ഗവൺമെന്റാണ് നിയോഗിച്ചത്. ലീഗൽ അഡ്വൈസർ നിയമോപദേശം നല്കുമ്പോൾ അത് രാഷ്ട്രീയ ലക്ഷ്യത്തിന് ഗുണകരമാണെങ്കിൽ അതിനെ പ്രശംസിക്കുകയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് ഹാനികരമാണെങ്കിൽ ആക്ഷേപിക്കുകയും ചെയ്യുന്ന സമീപനം ശരിയല്ല. ഇതേ എ.എൽ.ഒ. ആണ് മാണിസാറിന്റെ പേരിൽ എഫ്.ഐ.ആർ. എടുക്കണമെന്ന് പറഞ്ഞത്. അന്ന് ആ എ.എൽ.ഒ. മഹാനായിരുന്നു, വിജിലൻസ് മഹത്വമുള്ള ഏജൻസിയായിരുന്നു, ഇപ്പോഴാണ് കൂട്ടിലടച്ച തത്തയായത്. പാമോലിൻ കേസിന്റെ വിധിയെ സംബന്ധിച്ച് പറയാം. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പാമോലിൻ കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് വിധി പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത വിധിയിൽ കേസ് പിൻവലിക്കുന്നത് പൊതുതാല്പര്യത്തിന് ഉതകുന്നതല്ല എന്ന കാരണത്താലാണ് അത് അനുവദിക്കാതിരുന്നത്. അല്ലാതെ ലീഗൽ അഡ്വൈസറെപ്പറ്റി ഒരു കുറ്റവും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞുവരുന്നത് നിയമോപദേശം തേടുന്നത് സാധാരണ വിജിലൻസ് നടപടി മാത്രമാണ്. ആ നടപടിക്രമം അനുസരിച്ചാണ് ചെയ്തിട്ടുള്ളത്. ആരെയും രക്ഷപ്പെടുത്താൻ വിജിലൻസിന് ഒരു താല്പര്യവുമില്ല. തെളിവുകളുടെ അടിസ്ഥാനത്തിലും നടപടി ക്രമങ്ങളുടെയും ചട്ടങ്ങളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിലും മാത്രമാണ് വിജിലൻസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ലീഗൽ അഡ്വൈസർ ഇങ്ങനെയൊരു ഉപദേശം കൊടുത്തു എന്ന് അങ്ങ് സമ്മതിച്ചിരിക്കുകയാണ്. അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ ലീഗൽ അഡ്വൈസിന്റെ കോപ്പി നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുമോ ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്ന ഒരു കാര്യമാണിത്. അങ്ങും ആഭ്യന്തരമന്ത്രിയായിരുന്നതല്ലേ, ഒരു ലീഗൽ ഒപ്പീനിയൻ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് പറഞ്ഞാൽ എത്ര ബാലിശമായ കാര്യമാണ്. .............(ബഹളം)............2..

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഡോക്യുമെന്റ് സഭയിൽ വയ്ക്കണമെന്ന് പ്രതിപക്ഷം പറഞ്ഞാൽ ഡോക്യുമെന്റ് വയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒരു ഡോക്യുമെന്റിനെ ബെയ്സ് ചെയ്ത് സംസാരിച്ചാൽ അത് വയ്ക്കണം എന്ന് പ്രതിപക്ഷത്തുനിന്നു പറഞ്ഞു കഴിഞ്ഞാൽ, you have to lay on the table.

ശ്രീ. രമേശ് ചെന്നിത്തല: സർ,2 അത് ഞാൻ വായിച്ചാൽ മാത്രം സഭയിൽ വച്ചാൽ മതി. പാർലമെന്റിലും നിയമസഭയിലുമൊക്കെയുള്ള കീഴ്വഴക്കങ്ങളും മറ്റും നമുക്ക് അറിയാവുന്നതാണ്. ക്വാട്ട് ചെയ്താൽ മാത്രം മേശപ്പുറത്ത് വച്ചാൽ മതി. .............. (ബഹളം).......

മി. സ്പീക്കർ: ......... യെസ്...........യെസ്............

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട ലീഗൽ അഡ്വൈസർ സീൽഡ് കവറിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ട് ആഭ്യന്തരമന്ത്രി വായിച്ചിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വായിച്ചിട്ടില്ല. ഞാൻ ക്വാട്ട് ചെയ്തിരുന്നുവെങ്കിൽ നിയമസഭയിൽ വയ്ക്കുമായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എ.എൽ.ഒ-യെ ക്വട്ടേഷൻ സംഘമാണെന്നു പറഞ്ഞു. അദ്ദേഹം Real opinion വായിച്ചിട്ടാണോ; ഞാൻ വായിച്ചിട്ടില്ല. അത് ഒന്നും ശരിയായ നടപടിയല്ല. എഫ്.ഐ.ആർ. ഇടാമെന്ന് പറഞ്ഞപ്പോൾ അഗസ്റ്റിൻ നല്ലവൻ. നിയമോപദേശം കൊടുത്തപ്പോൾ അദ്ദേഹം ക്വട്ടേഷൻ സംഘം. ഉദ്യോഗസ്ഥരുടെ പേരിൽ ഇങ്ങനെയൊന്നും പറയുന്നത് ശരിയല്ല. ഉദ്യോഗസ്ഥന്മാർ നിഗമനങ്ങളും സത്യസന്ധമായ പരിശോധനകളും നടത്തുമ്പോൾ അവരെ ഭീഷണിപ്പെടുത്തുന്നത് ശരിയല്ല. അവർക്കെതിരെയുള്ള ഇത്തരം പരാമർശങ്ങൾ ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട മെമ്പർ കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് സ്വീകരിച്ച അതേ നടപടികളുമായിട്ടാണ് വിജിലൻസ് വകുപ്പ് ഇപ്പോഴും മുന്നോട്ടുപോകുന്നത്. കിട്ടിയ നിഗമനങ്ങൾ പരിശോധിക്കുകയാണ്. നിങ്ങൾ തോക്കിൽ കയറി വെടിവയ്ക്കരുത്, വെയ്റ്റ് ചെയ്യുക. നിഗമനം എന്താണെന്ന് നോക്കാം. നിഗമനം വരുന്നതിനുമുൻപ് ഇത്തരം കാര്യങ്ങൾ ഉന്നയിക്കുന്നത് ഒരിക്കലും ശരിയായ നടപടിയല്ല. വിജിലൻസ് ഡയറക്ടർ ഉൾപ്പെടെയുള്ളവർ പരിശോധിക്കട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അന്തിമ റിപ്പോർട്ട് തന്നാലേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതിനിടയിൽ മുഖ്യമന്ത്രി ഇതിൽ ഒന്നുമില്ല; നിരപരാധിയാണ്, അവസാന റിപ്പോർട്ട് വരുമ്പോൾ എല്ലാം ക്ലിയറാകും എന്നുപറയുന്നത് മുഖ്യമന്ത്രി വേറൊരു തരത്തിൽ നിർദ്ദേശം കൊടുക്കുന്നുവെന്നതിന്റെ തെളിവല്ലേ.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുഖ്യമന്ത്രി പറഞ്ഞതിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ട്. ഓരോ സാക്ഷിയും മൊഴി കൊടുത്തശേഷം വെളിയിലിറങ്ങി ചാനലുകളുടെ മുന്നിൽ സംസാരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എനിക്കു മനസ്സിലാകുന്നത് ഇതിനകത്ത് തെളിവുകളില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അരി ആഹാരം കഴിക്കുന്ന ഏതൊരു കേരളീയനും മനസ്സിലാകുന്ന കാര്യം മാത്രമാണ് മുഖ്യമന്ത്രി

പറഞ്ഞത്. കേരള ചരിത്രത്തിൽ ഇതുപോലെ നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരന്വേഷണം നടത്തിയിട്ടില്ല. ........(ബഹളം)....... അങ്ങ് പറഞ്ഞതുപോലെ 350 സാക്ഷികളെ വിസ്തരിച്ച് എല്ലാ തെളിവുകളും എടുക്കുകയും നുണപരിശോധന നടത്തുകയും ചെയ്തിട്ടാണ് ഈ കേസ് മുന്നോട്ടുപോകുന്നത്. അല്ലാതെ ധനകാര്യമന്ത്രിയായ മാണിസാറിന്റെ പേരിൽ ആരോപണം കിട്ടിയപ്പോൾ ഒന്നുമില്ലായെന്ന് പറഞ്ഞു അടച്ചുപൂട്ടി റിപ്പോർട്ട് കൊടുക്കുകയല്ല ചെയ്തത്. ഇത്രയും കാര്യങ്ങൾ ചെയ്തതിലൂടെ കേരളീയ മനഃസാക്ഷിയുടെ മുമ്പിൽ വിജിലൻസിന്റെ സത്യസന്ധതയും ആത്മാർത്ഥതയുമാണ് തെളിയക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ കുറെ മാസക്കാലമായി ആർക്കെങ്കിലും ഒരു ആരോപണം ഉന്നയിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇവിടെ നുണ പരിശോധനയെപ്പറ്റി പറഞ്ഞു. നുണ പരിശോധന കോടതി അംഗീകരിക്കുന്ന ഒരു തെളിവല്ല. സുപ്രീംകോടതിയുടെ ജഡ്ജ്മെന്റ് ഇവിടെ ഉന്നയിച്ചല്ലോ. അത് ശാസ്ത്രീയമായ തെളിവുകളായി സ്വീകരിക്കപ്പെടുന്നില്ല. ഇൻവെസ്റ്റിഗേഷൻ ഉള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ കേസന്വേഷണം നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ നടക്കുന്നു. നിങ്ങൾ വെയ്റ്റ് ചെയ്യുക. എന്തിനാണ് ഇത്രയും ആകാംക്ഷ കാണിക്കുന്നത്. നിങ്ങൾ ഉന്നയിച്ച കാര്യമല്ലല്ലോ? ഒരു ബാർമുതലാളി ഉന്നയിച്ച കേസാണ്......(ബഹളം).......അതുകൊണ്ട് മുൻവിധി വേണ്ട. ഇതെല്ലാം കോടതിയുടെ മുൻപിൽ വരുന്ന കാര്യമാണ്. ആർക്കും ഒന്നും മറച്ചുവയ്ക്കാൻ കഴിയില്ല. ഹൈക്കോടതിയുടെ സ്കൂട്ടിനി ഉള്ള കാര്യമാണ്. വിജിലൻസിന്റെ എല്ലാ നടപടികളും കോടതിയുടെ സ്കൂട്ടിനിക്ക് വിധേയമായിട്ടുള്ളതും അത് ജനങ്ങൾക്ക് അറിയാവുന്നതുമായ കാര്യങ്ങളുമാണ്. ഇവിടെ ആരും ആരെയും സംരക്ഷിക്കാൻ ശ്രമിക്കുന്നില്ല. അന്വേഷിക്കുന്ന ഏജൻസിയാണ് തീരുമാനിക്കേണ്ടത്. ഒരു കേസിൽ കുറ്റക്കാരുണ്ടോ ഇല്ലയോ എന്ന് രമേശ് ചെന്നിത്തലയോ കോടിയേരി ബാലകൃഷ്ണനോ അല്ല തീരുമാനിക്കേണ്ടത്. അത് ആ ഏജൻസിക്ക് വിട്ടുകൊടുക്കുക; ഏജൻസി നിഷ്പക്ഷമായി അന്വേഷിക്കട്ടെ. അവരെ സ്വാധീനിക്കാൻ ഗവൺമെന്റ് ഒരു ഘട്ടത്തിലും ശ്രമിച്ചിട്ടില്ല. അവരുടെമേൽ ഒരു സമ്മർദ്ദവും ചെലുത്തിയിട്ടില്ല. എന്നെ നോക്കുകുത്തിയാക്കി മുഖ്യമന്ത്രി ഒന്നും ചെയ്തിട്ടില്ല. അതൊക്കെ പ്രചരണത്തിനുവേണ്ടി പറയുന്ന കാര്യങ്ങളാണ്. ആഭ്യന്തര വകുപ്പിന് ഇത്രയും സ്വാതന്ത്ര്യം നല്കിയ ഒരു മുഖ്യമന്ത്രി ഉണ്ടായിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല അങ്ങ് ഒരു കാര്യം കൂടി എന്നോട് പറഞ്ഞു, ജേക്കബ്ബ് തോമസിനെ ഒഴിവാക്കിയെന്ന്. മാധ്യമങ്ങൾ കുറെക്കൂടി ഉത്തരവാദിത്വത്തോടുകൂടി കാര്യങ്ങൾ പറയും എന്നാണ് എന്റെ വിശ്വാസം. വിജിലൻസിൽ രണ്ട് എ.ഡി.ജി.പി.മാരാണുള്ളത്. ഒരാൾക്ക് തിരുവനന്തപുരം മുതൽ എറണാകുളം വരെയും, മറ്റൊരാളിന് എറണാകുളം മുതൽ കാസർഗോഡ് വരെയുമാണ് ചാർജ് കൊടുത്തിരിക്കുന്നത്. എന്റെ കാലത്തുമാത്രമല്ല, അങ്ങയുടെ കാലത്തും ഇതുതന്നെയാണ്. ബാർ കോഴക്കേസ് അന്വേഷിക്കുന്നത് തിരുവനന്തപുരം എസ്.ഐ.യു.-1 യൂണിറ്റാണ്. അതിന്റെ ചാർജ്ജ് ജേക്കബ് തോമസിന് ഒരു ഘട്ടത്തിലും ഇല്ലായിരുന്നു. അതിന്റെ അന്വേഷണച്ചുമതല വഹിക്കുന്നത് ദർവേഷ്

സാഹിബ് ആണ്. ഇപ്പോൾ മാത്രമല്ല നേരത്തെയും എസ്.ഐ.യു.-1 ന്റെ അന്വേഷണ ചുമതല അവിടെയുള്ള എ.ഡി.ജി.പി.-ക്കാണ്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ചുമതല വഹിക്കുന്ന എ.ഡി.ജി.പി.-ക്ക് ഈ അന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും ചുമതല നല്കിയിട്ടില്ല. നല്കാത്ത ഒരു കാര്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് ഇപ്പോൾ ഡി.ജി.പി. ആയി പ്രൊമോഷൻ കിട്ടി. ആ ഉദ്യോഗസ്ഥന്റെ പ്രൊമോഷൻ ഞാൻ തടഞ്ഞുവയ്ക്കണമായിരുന്നോ ? ഡി.ജി.പി. ആയിരിക്കുന്ന ഒരാളിനെ മറ്റൊരു ഡി.ജ.പി.യുടെ കീഴിൽ നിയമിക്കാൻ കഴിയില്ല. അദ്ദേഹത്തിന് മറ്റൊരു പോസ്റ്റ് കൊടുക്കണം. ഒഴിവ് വന്നത് രണ്ട് പോസ്റ്റാണ്. ഡി.ജി.പി. (പ്രിസൺസ്)-ന്റെയും ഡി.ജി.പി. (ഫയർ)-ന്റെയും രണ്ട് പോസ്റ്റാണ് ഒഴിവുവന്നത്. രണ്ടുപേർക്ക് പ്രൊമോഷൻ കൊടുത്തു. സ്വാഭാവികമായും അദ്ദേഹം വിജിലൻസിൽ നിന്നും മാറും. അത് ഗവൺമെന്റിന്റെ സാധാരണ നടപടിക്രമം ആണ്. അതിനകത്ത് ഒരു കുറ്റവും ഉണ്ടായിട്ടില്ല. അദ്ദേഹത്തെ അന്വേഷണ ചുമതലയിൽനിന്നും മാറ്റണമെന്നാണ് ഇപ്പോൾ പറയുന്നത്. അന്വേഷണ ചുമതല ഇല്ലാത്ത ഒരാളെ എങ്ങനെയാണ് അതിൽനിന്നും മാറ്റുന്നത്? ഇതെല്ലാം പത്രത്തിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ നമ്മുടെ അഭിപ്രായങ്ങളെ സ്വാധീനിക്കുന്നതാണ്. ആ പത്രവാർത്തകൾ ശരിയല്ല. ഞാൻ വീണ്ടും ആവർത്തിക്കുന്നു. ജേക്കബ് തോമസിന് ഒരു ഘട്ടത്തിലും ബാർകോഴ കേസിന്റെ ചാർജ് ഇല്ലായിരുന്നു. മാണി സാർ ഇക്കാര്യത്തിൽ ഭീഷണിപ്പെടുത്തിയെന്ന് മറ്റൊരു കാര്യംകൂടി അദ്ദേഹം പറഞ്ഞു. മാണി സാർ എവിടെ ഭീഷണിപ്പെടുത്തി? ഈ കേസിന്റെ ഒരു ഘട്ടത്തിലും ശ്രീ. കെ. എം. മാണി ഈ കേസിനെ ഇങ്ങനെ വഴിതിരിച്ച് വിടണമെന്ന് ആരോടെങ്കിലും പറഞ്ഞതായി തെളിവുണ്ടോ? എന്നോട് പറഞ്ഞിട്ടില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഇതിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് പറഞ്ഞു. ഗൂഢാലോചനയുടെ പിന്നിൽ ആരൊക്കെയാണെന്നുള്ളതിന്റെ കമ്മീഷൻ റിപ്പോർട്ട് അവരുടെ കയ്യിൽ ഉണ്ട്. അത് ആരാണെന്ന് പറയട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, രാഷ്ട്രീയ പാർട്ടി എന്നുള്ള നിലയിൽ അവർക്ക് അവരുടെ നിഗമനങ്ങളിൽ എത്താനുള്ള സ്വാതന്ത്ര്യം ഉണ്ട്. ഒരു പൊളിറ്റിക്കൽ പാർട്ടിക്ക് അവരുടെ നിഗമനത്തിൽ എത്താനുള്ള അധികാരം ഉണ്ട്. അതിനകത്ത് തെറ്റൊന്നുമില്ല. അതൊന്നും വിജിലൻസിന്റെ മുൻപിലുള്ള കാര്യമല്ല. തെളിവുകളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നത്. ഒരു ഭീഷണിയും ആരുടെയും ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ കേസിൽ ഒരു ബാഹ്യ ഇടപെടലും ഉണ്ടായിട്ടില്ല. ഇതുപോലെ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ സ്വതന്ത്രമായി വിജിലൻസ് പ്രവർത്തിച്ച ചരിത്രം കേരളത്തിൽ ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് ഉയർന്നുവന്ന ഒരു ആരോപണത്തെയും ഞങ്ങൾ മായ്ച്ചു കളഞ്ഞിട്ടില്ല. ഞങ്ങൾ

നിഷ്പക്ഷവും നീതിപൂർവ്വവുമായി അന്വേഷിക്കുന്നു. ഈ അന്വേഷണം ഉടനടി പൂർത്തിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കും. അതോടൊപ്പം ശ്രീ. കെ. ബാബുവിന്റെ കേസ്. ശ്രീ. കെ. ബാബുവിന്റെ കേസന്വേഷണം അന്തിമ ഘട്ടത്തിലാണ്. ഏതായാലും ഒരു കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പാർട്ടി സെക്രട്ടറിയായി മാറിയപ്പോൾ നല്ലൊരു മാറ്റം ദൃശ്യമാകുന്നു. കാരണം, നിയമസഭ സ്തംഭിപ്പിക്കേണ്ട എന്ന് അങ്ങ് തീരുമാനിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. നിയമസഭയിൽ അന്ന് കാട്ടിക്കൂട്ടിയ കാര്യങ്ങൾ ഇനി ആവർത്തിക്കില്ലായെന്ന് കേരളത്തിലെ ജനങ്ങളോട് പറഞ്ഞതിൽ എനിക്ക് വളരെ സന്തോഷം ഉണ്ട്. ഏതായാലും നിയമസഭ നടക്കട്ടെ. നമുക്ക് കാണാൻ കഴിയുന്നത് അരുവിക്കരയിൽ ആണ്. അരുവിക്കരയിൽ എന്തായാലും യു.ഡി.എഫ്. വൻഭൂരിപക്ഷത്തോടുകൂടി ജയിക്കും എന്ന കാര്യത്തിൽ തർക്കം വേണ്ട. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എന്നെ പരാമർശിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അത് ഞാൻ ഇതിനുമുൻപും നിഷേധിച്ചിട്ടുണ്ട്. ഇപ്പോഴും അത് നിഷേധിക്കുന്നു. സത്യമായിട്ടും എനിക്ക് അതിൽ ഒരു ബന്ധവുമില്ല. ഇവിടെ 164 സ്റ്റേറ്റ്മെന്റ് അനുസരിച്ചാണ് എന്റെ പേര് ഉണ്ടെന്ന് പറഞ്ഞത്. ശ്രീ. ബിജുരമേശ് ഒരു പത്രസമ്മേളനം നടത്തി. ആ പത്ര സമ്മേളനത്തിൽ പറഞ്ഞത്, "സർക്കാരിന്റെ നയത്തിന്റെ മറവിൽ നടന്ന അഴിമതികളെക്കുറിച്ച് പറയാൻ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. പിണറായി വിജയൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുടങ്ങിയ നേതാക്കളെ കണ്ടിരുന്നു. ശ്രീ. കെ. ബാബുവിന് താൻ നേരിട്ട് പണം നൽകിയെന്ന് മജിസ്ട്രേറ്റിന് മൊഴി നൽകിയിട്ടില്ല. ബാർ ഉടമകളായ കൃഷ്ണദാസ്, രാജ്മോഹനൻ ഉണ്ണി, ധനേഷ് തുടങ്ങിയവർ പണം നൽകിയെന്ന് അസോസിയേഷൻ യോഗത്തിൽ പറഞ്ഞ കാര്യങ്ങളാണ് മൊഴി നൽകിയത്." ഇതാണ് പ്രശ്നം. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ഞാൻ ലൈസൻസ് ഫീസുമായി ബന്ധപ്പെട്ട് യോഗം വിളിച്ചുകൂട്ടിയത് എന്റെ ഓഫീസിലാണ്. രഹസ്യമായിട്ടല്ല. അതിൽ അസോസിയേഷന്റെ ഒരു നിവേദനം കിട്ടി. ആ നിവേദനത്തിലെ ഒന്നാമത്തെ കാര്യം, ബാർ സമയത്തിൽ വരുത്തിയ മാറ്റവും പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ബുദ്ധിമുട്ടുകളും കാരണം ദൈനംദിനം ബാർ ഹോട്ടലുകളിലെ ബിസിനസ്സിൽ ഗണ്യമായ കുറവു സംഭവിച്ചിട്ടുണ്ട്, ആയതുകൊണ്ട് ബാർ ലൈസൻസ് ഫീസ് 18 ലക്ഷം രൂപയാക്കി കുറച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു എന്നാണ്. ബാർ ഹോട്ടലുകളിൽ 2007-നുശേഷം ലൈസൻസ് ഫീസ് വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും ആയതുകൊണ്ട് ഫീസ് വർദ്ധനവ് അനിവാര്യമാണെന്നും

മന്ത്രി അറിയിച്ചു. ഇവരുടെ പതിനൊന്ന് ഡിമാന്റുകൾ പോയിന്റ് ബൈ പോയിന്റ് ആയിട്ട്ഡിസ്കസ് ചെയ്തിരുന്നു. എനിക്ക് കിട്ടിയ ഈ നിവേദനം ഞാൻ എക്സൈസ് കമ്മീഷണർക്കു കൊടുത്തു. കമ്മീഷണർ റിപ്പോർട്ടുതന്നു. കമ്മീഷണറും സെക്രട്ടറിയും ഉദ്യോഗസ്ഥരും ഒരു ഭാഗത്തും അസോസിയേഷൻ മറുഭാഗത്തും ഇരിക്കുന്നു. ഒരോ പോയിന്റായി ചർച്ച ചെയ്യുകയാണ്. ബാർ ലൈസൻസ് ഫീസ്, 18 ലക്ഷം രൂപയാക്കി കുറയ്ക്കണമെന്ന് അവർ പറഞ്ഞപ്പോൾ ഒരു പൈസ കുറയ്ക്കാൻ സാധിക്കുകയില്ലായെന്ന് ഞാൻ പറഞ്ഞു. 2013 ഫെബ്രുവരി 4-ന് യോഗം ചേർന്നു. ഫെബ്രുവരി 6-ന് ഉദ്യോഗസ്ഥ തലത്തിൽ യോഗം കൂടി 1 ലക്ഷം രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. 23 ലക്ഷം രൂപയുടെ ശിപാർശ ക്യാബിനറ്റ് അംഗീകരിച്ചു. ഒരു ലക്ഷം രൂപ വർദ്ധിപ്പിക്കുകയാണുണ്ടായത്. ഇനി കേരളത്തിലെ ബാർ ലൈസൻസ് ഫീസിന്റെ വർദ്ധനവിന്റെ ചരിത്രം കൂടി നോക്കണം. സമയക്കുറവുകൊണ്ട് ചുരുക്കിയാണ് ഞാൻ പറയുന്നത്. ഒരു കാലഘട്ടത്തിന്റെ തുടർച്ചയായി 11 വർഷം കൊണ്ട് ഇവിടെ ഫീസ് ആകെ വർദ്ധിപ്പിച്ചത് 8 ലക്ഷം രൂപയാണ്. 2007-ൽ 18 ലക്ഷം രൂപയായിരുന്നത് 2013-ലാണ് 22 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത്. 2007-ന് ശേഷം 2013-ലാണ് അതിനൊരു വർദ്ധനവ് വരുന്നത്. ആറു വർഷം കൊണ്ട് നാലു ലക്ഷം രൂപയാണ് വർദ്ധിപ്പിച്ചത്, നിങ്ങളുടേയും ഞങ്ങളുടേയും കാലത്ത്. കേരളത്തിൽ പതിനേഴുവർഷം കൊണ്ട് പന്ത്രണ്ടു ലക്ഷം രൂപയാണ് വർദ്ധിച്ചിട്ടുള്ളത്. ആവറേജ് ഒരു ലക്ഷം രൂപ പോലും വർദ്ധിച്ചിട്ടില്ല. ഞാൻ ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ചു. മനസ്സിലാക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം പറഞ്ഞത്, ബാർ ലൈസൻസിന്റെ ഫീസ് ഇരുപത്തിയഞ്ചു ലക്ഷം രൂപയായി കുറച്ചതിന്റെ ഫലമായി പതിനാലുകോടി അറുപതു ലക്ഷം രൂപയുടെ നഷ്ടം സർക്കാരിന് ഉണ്ടായി എന്നാണ്. അസോസിയേഷനിൽ ഏകദേശം 550 മെമ്പർമാരാണുള്ളത്. അങ്ങനെവന്നാൽ പത്തു കോടിയോ പതിനൊന്നര കോടിയോ രൂപ അവർക്ക് ലാഭം കിട്ടും. അതിൽ പത്തുകോടി രൂപ എനിക്ക് തരുമോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഒരു ഡീൽ നടത്തുമ്പോൾ എന്തെങ്കിലും വിശ്വസനീയത വേണ്ടേ? മറ്റൊരു കാര്യം, ഞാൻ പറഞ്ഞ സ്ഥലത്ത് കൊണ്ടു കൊടുത്തുവെന്ന് 164 സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുകയാണ്. ആർക്കാണ് കൊടുത്തതെന്ന് പറഞ്ഞിട്ടുണ്ടോ? പത്തുകോടി രൂപ ഞാൻ പറഞ്ഞ സ്ഥലത്ത് കൊടുത്തു എന്നു പറയുന്നത് ആർക്കുകൊടുത്തു, എവിടെ കൊടുത്തു എന്നു കൂടി പറയണ്ടേ? പറഞ്ഞില്ലല്ലോ. 2013 ഫെബ്രുവരി 4-ാം തീയതിയാണ് യോഗം നടന്നത്. എനിക്കെതിരായി 164 സ്റ്റേറ്റ്മെന്റ് കൊടുത്തത് 2015 മാർച്ച് 30-ന് അല്ലേ? അപ്പോൾ ഞാൻ നടത്തിയിരുന്ന അഴിമതിയെക്കുറിച്ച് പുറത്തുപറയാൻ രണ്ടരകൊല്ലം കാത്തിരുന്നു. 2014 ഒക്ടോബർ 31-ന് ശ്രീ. ബിജു രമേശ്, മാണിസാറിനെതിരായി ഒരു ആരോപണം ഉന്നയിച്ചു. ഞാനതിന്റെ പിറ്റേദിവസം

നവംബർ 1-ാം തീയതി എറണാകുളം പ്രസ്സ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തി. മാണിസാറിനെതിരായിട്ടല്ലല്ലോ ആരോപണം ഉന്നയിക്കേണ്ടത്, ഞാനല്ലേ എക്സൈസ് വകുപ്പ് മന്ത്രി, എനിക്കെതിരായിട്ടല്ലേ ആരോപണം ഉന്നയിക്കേണ്ടത് എന്ന് ഞാൻ ആ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇതാ പത്രസമ്മേളനത്തിന്റെ കുറിപ്പ്. ശ്രീ. ബിജുരമേശ് ഓരോ പ്രാവശ്യവും വിജിലൻസിന് മൊഴി കൊടുത്ത് ഇറങ്ങിവരുമ്പോഴെല്ലാം പത്രസമ്മേളനം നടത്തിയിട്ടുണ്ട്. എന്നെക്കുറിച്ച് എന്തെങ്കിലും പറഞ്ഞോ? പറഞ്ഞില്ലല്ലോ. ഒക്ടോബർ 31 മുതൽ തുടർച്ചയായി പത്രസമ്മേളനം, എനിക്കെതിരായിട്ട് എന്തെങ്കിലും പറഞ്ഞോ? ഇല്ല. പിന്നെ എപ്പോഴാണ് ശ്രീ. ബിജുരമേശ് പറഞ്ഞത്; ഒൻപതുവട്ടം പത്രസമ്മേളനം കൂടിയതിനുശേഷമാണ് ഈ ആരോപണം ഉന്നയിച്ചത്. ഞാൻ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോട് ഒരുകാര്യം ചോദിക്കുകയാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരന്വേഷണം നടത്തണം. കഴിഞ്ഞ ഡിസംബർ മാസം 15-ാം തീയതി ഏഴ് മണിക്ക് നിങ്ങളുടെ ഒരു പാർട്ടി എം.എൽ.എ.യുടെ വീട്ടിൽ വച്ച് ബാർ ഹോട്ടൽ അസോസിയേഷൻ നിങ്ങളിലുള്ളൊരു പ്രമുഖനേതാവുമായി ചർച്ച നടത്തി. ഞാൻ പേരു വെളിപ്പെടുത്തുന്നില്ല. എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട, ....(ബഹളം)..... പറഞ്ഞത് പൂർത്തിയാക്കട്ടെ. എന്റെ മാന്യതകൊണ്ട് പേര് പറയാത്തതാണ്. വെറുതെ നിർബന്ധിക്കേണ്ട. സി.പി.ഐ.ക്കാരുടെ താൽപര്യം എനിക്ക് മനസ്സിലായി. 2014 ഡിസംബർ മാസം 15-ാം തീയതി ഏഴ് മണിക്ക് തിരുവനന്തപുരത്ത് ഒരു എം.എൽ.എ.യുടെ വീട്ടിൽ ബാർ ഹോട്ടൽ അസോസിയേഷനും നിങ്ങളുമായി ഒരു യോഗം ചേർന്ന് ചർച്ച നടത്തിയെന്ന് ഞാൻ പറയുന്നു. അത് നിങ്ങൾ അന്വേഷിക്കൂ. ആ യോഗത്തിൽ ശ്രീ. ബിജു രമേശും അസോസിയേഷൻ ഭാരവാഹികളും എന്താണ് പറഞ്ഞത്? സഖാവേ, ഈ 418 ഹോട്ടൽ തുറന്നുതരണം, ഞങ്ങളെ സഹായിക്കണം എന്ന്. അപ്പോൾ ഈ നേതാവ് എന്താണ് ഉറപ്പു കൊടുത്തത്? നിങ്ങൾ കൂടുതൽ മന്ത്രിമാരുടെ പേരിൽ അഴിമതിയാരോപണം ഉന്നയിക്കണം, മന്ത്രിസഭയെ വലിച്ചു താഴെയിടണം.

<u>ശ്രീ. സി. ദിവാകരൻ</u>: മന്ത്രി ഗൗരവമായ ആരോപണം നടത്തുകയാണ്. അങ്ങ് എം.എൽ.എ.യുടെ പേര് തന്റേടത്തോടെ പറയണം. നിയമസഭയെ തെറ്റിദ്ധരിപ്പിക്കരുത്. നിയമസഭയെ ഇരുട്ടിലാക്കരുത്.

<u>ശ്രീ. കെ. ബാബു:</u> ഇതു സംബന്ധിച്ച് നിങ്ങളുടെ പാർട്ടി ജനറൽ സെക്രട്ടറി അന്വേഷിക്കട്ടെ. 2014 ഡിസംബർ മാസം 7-ാം തീയതി ഒരു പാർട്ടിയോഗം കൂടിയിരുന്നു. ആ യോഗത്തിൽ വച്ച് കൂടുതൽ മന്ത്രിമാരുടെ പേരിൽ ആരോപണം ഉന്നയിച്ച് ഈ ഗവൺമെന്റിനെ താഴെയിടണമെന്ന് നിർദ്ദേശമുണ്ടായി. (.........ബഹളം.....)

മി. സ്പീക്കർ: യെസ്......യെസ്.......ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ചുരുക്കണം. (.........ബഹളം.....) പ്ലീസ്...പ്ലീസ്.... ഒരു മിനിസ്റ്റർ എങ്ങനെ സംസാരിക്കണമെന്ന് ചെയറിന് പറയാൻ പറ്റുമോ? അത് മിനിസ്റ്റർ തീരുമാനിക്കേണ്ട കാര്യമല്ലേ?

ശ്രീ. കെ. ബാബു: മാർച്ച് മാസം 10-ാം തീയതി ശ്രീ. ബിജു രമേശ് എറണാകുളത്തെ ഗോകുലം പാർക്കിൽ ഒരു യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ ബാർ ഹോട്ടലുകാരോട് ബിജുരമേശ് പറഞ്ഞത് ബാർ ഹോട്ടൽ അസോസിയേഷൻ സഹകരിക്കാത്തതുകൊണ്ട് മന്ത്രിസഭയെ താഴെയിറക്കാൻ സാധിച്ചില്ല. കൂടുതൽ മന്ത്രിമാർക്കെതിരെ ആരോപണം ഉന്നയിക്കാൻ ആവശ്യപ്പെട്ടെങ്കിലും അസോസിയേഷൻ നേതൃത്വം സഹകരിച്ചില്ല. അതുകൊണ്ട് മന്ത്രിസഭയെ വലിച്ച് താഴെയിടാൻ പറ്റിയില്ല. അങ്ങനെ താഴെയിട്ടിരുന്നുവെങ്കിൽ ഹോട്ടലുകളെല്ലാം തുറന്നുകിട്ടിയേനെ എന്നാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മന്ത്രിമാർക്കെതിരെ ആരോപണമുന്നയിച്ചാൽ ഗവൺമെന്റ് താഴെ വീഴുമെന്ന് കരുതുന്ന വിഡ്ഢികളാണോ ഞങ്ങൾ. ഈ ഗവൺമെന്റിനെ അട്ടിമറിക്കാൻ പരിപാടിയുണ്ടായിരുന്നെങ്കിൽ ഞങ്ങൾ 68 പേരുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്ന് അവിടുന്ന് രണ്ടുപേർ ഇങ്ങോട്ടു വരാൻ തയ്യാറായിട്ടുപോലും ഞങ്ങൾ അതിന് തയ്യാറായില്ല. അതുകൊണ്ട് ഈ ഗവൺമെന്റിനെ കാലുമാറ്റത്തിലൂടെ അട്ടിമറിക്കുക എന്നുള്ളത് ഞങ്ങളുടെ പരിപാടിയല്ല. അതുകൊണ്ട് മന്ത്രി ഇത്തരത്തിലുള്ള ആരോപണമുന്നയിച്ച് സമയം കളയണ്ട.

ശ്രീ. കെ. ബാബു: മാർച്ച് 10-ാം തീയതി ഗോകുലം പാർക്കിൽ നടന്ന യോഗത്തിൽ ബിജു രമേശ് ഇത് വെളിപ്പെടുത്തി. മാർച്ച് 23-ന് റിനയ് ഹോട്ടലിൽ യോഗം ചേർന്നപ്പോഴും ഇത് ആവർത്തിച്ചു എന്ന് പത്രങ്ങളിൽ വന്നിട്ടുണ്ട്. ഗവൺമെന്റിനെതിരായി, മന്ത്രിമാർക്കെതിരായി കൂടുതൽ ആരോപണമുന്നയിച്ച് ഗവൺമെന്റിനെ വലിച്ച് താഴെയിടണമെന്നുള്ള നിങ്ങളുടെ ഗൂഢാലോചനയുടെ ഭാഗമാണിത്. 164 സ്റ്റേറ്റ്മെന്റിന്റെ മഹത്വത്തെക്കുറിച്ച് നിങ്ങൾ ഇവിടെ പറഞ്ഞല്ലോ. ഈ സ്റ്റേറ്റ്മെന്റ് നിങ്ങൾക്ക് ബാധകമാണോ? ഈ പ്രതിപക്ഷനേതാവിനെ ബോദ്ധ്യപ്പെടുത്താമോ? ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്, വാസ്തവവിരുദ്ധമാണ്. ബാക്കി അന്വേഷണം കഴിഞ്ഞശേഷം പറയാം. (...........ബഹളം........)

മി. സ്പീക്കർ: ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മറുപടി പറയട്ടെ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബാറുകൾ നിർത്താൻ വേണ്ടിയുള്ള ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8 ബാറുകൾ അടച്ചുപൂട്ടേണ്ടി വന്ന ഒരു ബാറുടമയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ നടത്തിയ പ്രസ്താവന രാഷ്ട്രീയ പ്രേരിതമാണ്. ഞാൻ അത് നിഷേധിക്കുന്നു.

മി. സ്പീക്കർ: (..........ബഹളം........) യെസ്.........യെസ്....... ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ സർക്കാരുമായി ബന്ധപ്പെട്ട ഏത് കാര്യം പറഞ്ഞാലും വരുന്ന പൊതുഘടകമാണ് അഴിമതി. അഴിമതി എന്നുപറഞ്ഞാൽ പോര, നാണംകെട്ട അഴിമതി. മുമ്പ് പല യു.ഡി.എഫ് ഗവൺമെന്റുകളുടെയും കാലത്ത് അഴിമതികൾ ധാരാളമുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്തുണ്ടായിട്ടുള്ള അഴിമതികൾ പോലെ, ഇത്ര നാറുന്ന അഴിമതി കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ല. അഴിമതിയിൽ ജനിച്ച്, അഴിമതിയിൽ ഉണ്ട്, അഴിമതിയിൽ ഉറങ്ങുന്ന സർക്കാരാണിത്. അടിമുടി അഴിമതിയെന്നൊക്കെ പറഞ്ഞാൽപ്പോലും ഈ സർക്കാരിന്റെ അഴിമതിയുടെ കാഠിന്യം പൂർണ്ണമാകില്ല. അത്ര ഭീകരമായ അഴിമതിയുടെ ചെളിക്കുണ്ടിലാണ് ഈ സർക്കാർ. പാമോയിൽ തൊട്ട് തുടങ്ങിയ അഴിമതി ഇപ്പോൾ ബാർ കോഴയിൽ എത്തി നിൽക്കുകയാണ്. കോഴവാങ്ങലിൽ ഒരു പുതിയ ചരിത്രം തന്നെ സൃഷ്ടിച്ചിരിക്കുകയാണ് ഉമ്മൻചാണ്ടി സർക്കാർ. ആ ചരിത്രസ്രഷ്ടാവിനെ തേടിപ്പോകുന്നവർ ആദ്യം കണ്ടെത്തുന്നത് കെ. എം. മാണിയെന്ന പേരാണ്. എന്താണ് ശ്രീ. മാണി ചെയ്തത് ? ബാറുകൾ പൂട്ടാതിരിക്കാൻ കോഴ, പിന്നെ പൂട്ടിയ ബാറുകൾ തുറക്കാതിരിക്കാൻ കോഴ. ആണ്ടുതോറും നേർച്ച എന്നൊക്കെയല്ലേ നാം കേട്ടിട്ടുള്ളത്. അതുപോലെ ആണ്ടുതോറും കോഴ, ബാറിന് മാത്രമല്ല, ബഡ്ജറ്റിനും കോഴ. പണ്ട് "ആന നിന്നാലും ചരിഞ്ഞാലും പന്തീരായിരം" എന്നൊരു ചൊല്ലുണ്ട്. അതുപോലെയാണ് മാണിയുടെ കാര്യം. ബാർ തുറന്നാലും ബാർ പൂട്ടിയാലും മാണിക്ക് കോഴ സ്വന്തമാണ്. അരനൂറ്റാണ്ടിന്റെ പൊതുജന സേവനത്തിന്റെ മേനിപറയുന്ന ആളാണല്ലോ ശ്രീ. കെ. എം. മാണി, ആ മാണി കൈക്കൂലി ചോദിച്ചുവാങ്ങി എന്നതല്ലേ കേസ്. ഒരു വില്ലേജ് ഓഫീസിലെ ശിപായി പത്തോ ഇരുപത്തിയഞ്ചോ രൂപ കൈക്കൂലി വാങ്ങിയാൽ നമ്മുടെ വിജിലൻസ് ഏമാൻമാർ എന്താണ് ചെയ്യുന്നത്? ആളെ വിലങ്ങ് വച്ച് കോടതിയിൽ കൊണ്ടുപോകുകയും പിന്നെ ജയിലിലാക്കുകയും ചെയ്യും. ഒരു ശിപായി കാണിക്കുന്ന തെറ്റിന്റെ പതിനായിരം മടങ്ങ് കുറ്റമല്ലേ ശ്രീ. മാണി ചെയ്തിരിക്കുന്നത്. അങ്ങനെയുള്ള ശ്രീ. മാണിയെ വിലങ്ങുവയ്ക്കേണ്ട പോലീസുകാർ മാണിയെ സല്യൂട്ട് ചെയ്യുകയാണ്. ശ്രീ. മാണി കൊടിവച്ച കാറിൽ പറക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയിൽ വന്നിരുന്ന് സഭയെ പങ്കിലമാക്കുന്നു. ഇത് എന്ത് വിരോധാഭാസമാണ്. ശ്രീ. മാണി കാശ് വാങ്ങിയില്ലെന്നുപറഞ്ഞാൽ കൊച്ചുകുട്ടികൾപോലും വിശ്വസിക്കുകയില്ലെന്ന് പറഞ്ഞത് ഒരു കോൺഗ്രസ് നേതാവല്ലേ? അതിപ്പോൾ ശ്രീ. പി. സി. ജോർജ്ജും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുമൊക്കെ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെയുള്ള ശ്രീ. കെ. എം. മാണിയെ രക്ഷപ്പെടുത്താനും കേസ്സ് അട്ടിമറിക്കാനും എല്ലാ നിയമ ജനാധിപത്യസംവിധാനങ്ങളെയും ബലാൽക്കാരം ചെയ്യുകയാണ് ഈ സർക്കാർ.

ഞാൻ നൽകിയ കത്തിന്റെയടിസ്ഥാനത്തിൽ ക്വിക്ക് വെരിഫിക്കേഷൻ എന്ന പേരിൽ 45 ദിവസം കഴിഞ്ഞ് എഫ്.ഐ.ആർ. ഇടേണ്ടിവന്നു. പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും ശ്രീ. കെ. എം. മാണിയെ എഫ്.ഐ.ആർ-ൽ ഒന്നാം പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കാൻ സർക്കാരിന് സാധിച്ചില്ല. അന്വേഷണം നടത്തിയപ്പോഴോ ഓറൽ എവിഡൻസും സാഹചര്യത്തെളിവും ഉണ്ടെന്ന് വിജിലൻസിന് പറയേണ്ടിവന്നു. ഝണപരിശോധനയും കഴിഞ്ഞു. സത്യം തെളിഞ്ഞു. ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നത്; വിജിലൻസ് അഡ്വൈസറായ സി. സി. അഗസ്റ്റിനിൽ നിന്ന് മാണിക്ക് ക്ലീൻ ചീട്ട് വാങ്ങിക്കൊടുത്തിരിക്കുകയാണ്. ഇത് സംബന്ധിച്ച് ഞാൻ ഒരു പ്രസ്താവന മാധ്യമങ്ങൾക്ക് നൽകിയിരുന്നു. പാമോയിൽ കേസ്സിന്റെ പ്രോസിക്യൂഷൻ അട്ടിമറിക്കാൻ ശ്രമിച്ചതിന് ഹൈക്കോടതിയുടെ നിശിതമായ വിമർശനം ഏറ്റുവാങ്ങിയ ആളാണ് ശ്രീ. സി. സി. അഗസ്റ്റിൻ. ആ വിദ്വാനാണ് ഇപ്പോൾ ബാർ കോഴക്കേസ്സിൽ ശ്രീ. കെ. എം. മാണിയെ വിശുദ്ധനാക്കാൻ വാറോല ചമച്ചിരിക്കുന്നത്. ഇത് നിയമവ്യവസ്ഥയോടുള്ള കടുത്ത വെല്ലുവിളിയാണ്. കോഴ വാങ്ങിയ ശ്രീ. കെ. എം. മാണി കുറ്റക്കാരനല്ലെന്ന് ഉപദേശം നൽകാൻ ധൈര്യം കാണിച്ച സി. സി. അഗസ്റ്റിൻ ആരാണ് ? സുപ്രീം കോടതി ശരിവച്ച എഫ്.ഐ.ആർ. ആണ് പാമോയിൽ കേസ്സിന്റേത്. ആ പാമോയിൽ കേസ്സ് പിൻവലിക്കാൻ ഉപദേശം നൽകിയ 'മുട്ടുമുട്ടുക്കനാണ്' ഈ അഗസ്റ്റിൻ. 'മുട്ടുമുട്ടുക്കനാണ്' അഗസ്റ്റിൻ. ആ കേസ്സിലെ 23-ാം സാക്ഷിയായ ശ്രീ. ഉമ്മൻചാണ്ടി പ്രതിയാകുമെന്ന് കണ്ടപ്പോൾ കേസ്സ് പിൻവലിക്കാൻ രണ്ടുപ്രാവശ്യമാണ് ശ്രമിച്ചത്. രണ്ടാമത്തെ പ്രാവശ്യം ഉപദേശം നൽകിയത് സി. സി. അഗസ്റ്റിനാണ്. ഈ വിദ്വാനെ തൃശ്ശൂർ വിജിലൻസ് കോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതിയും നിശിതമായി വിമർശിച്ചിട്ടുണ്ട്. 2015 ജനവരി 8-ന് പാമോയിൽ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഒരു വിധിയുണ്ട്. ആ വിധിപ്പകർപ്പ് എന്റെ പക്കലുണ്ട്. വിധിപ്പകർപ്പിന്റെ 45-ാം ഖണ്ഡികയിൽ ഖണ്ഡം (ബി)യിൽ പറഞ്ഞിരിക്കുന്നത്, "പാമോയിൽ കേസ്സിൽ നിയമോപദേശകനായ പബ്ലിക് പ്രോസിക്യൂട്ടർ, അതായത് സി.സി. അഗസ്റ്റിൻ, ഉത്തമവിശ്വാസമില്ലാതെയും പൊതുജനതാൽപ്പര്യം മാനിക്കാതെയും അഴിമതിക്കാരായ മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും രക്ഷപ്പെടുത്താനുതകുന്ന ലക്ഷ്യത്തോടെയും നിയമ നടപടികളുടെ കഴുത്തിൽ കത്തിവയ്ക്കാൻ ശ്രമിച്ചു" എന്നാണ്. ഇതിനെതിരെ ഉമ്മൻചാണ്ടി സർക്കാർ അപ്പീൽപോലും പോയിട്ടില്ല. ഈ വിധി സ്റ്റേ ചെയ്യണമെന്ന് പ്രതികളായ മുൻമന്ത്രി റ്റി.എച്ച്. മുസ്തഫയുടെയും ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ജിജി തോംസണിന്റെയും ആവശ്യം സുപ്രീം കോടതി തള്ളുകയാണ് ചെയ്തത്. അതിന്റെയർത്ഥം നിയമോപദേശകൻ സി. സി. അഗസ്റ്റിന്റെ ഉപദേശം തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ ആണെന്നാണ് ഇത് കാണിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഒരുദ്യോഗസ്ഥനെതിരെ ഇത്തരത്തിൽ പരാമർശം നടത്തിയാൽ അയാളെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കാമോ; ഈ സർക്കാർ അയാൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഇല്ല, യാതൊന്നും ചെയ്തില്ല. എന്താണ് നമ്മുടെ മുഖ്യമന്ത്രി ചെയ്തത്; അയാളെത്തന്നെ ബാർ

കോഴക്കേസ്സിൽ നിയമോപദേശത്തിന് തേടിപ്പിടിച്ച് ഏൽപ്പിച്ചു. നിയമം അട്ടിമറിക്കുന്ന ആളാണ് എന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നിലനിൽക്കെ അയാളുടെ കയ്യിൽനിന്നുതന്നെ നിയമോപദേശം ലഭിക്കണമെന്ന വാശിയാണ് സർക്കാരിന്റേത്. ഇങ്ങനെയാണ് നിയമം നിയമത്തിന്റെ വഴിക്ക് പോകുന്നത്. നിയമം നിയമത്തിന്റെ വഴിക്കല്ല, ശ്രീ. ഉമ്മൻചാണ്ടിയുടെ വഴിക്കാണ് പോകുന്നത് എന്ന് ഇപ്പോൾ വ്യക്തമായില്ലേ; ഇത് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകും. അരുവിക്കരയിലെ ജനങ്ങൾ ഉടൻ ഇതിന് മറുപടി നൽകുകതന്നെ ചെയ്യും. ചുട്ട മറുപടി തന്നെ നൽകും.

ഒരു വിജിലൻസ് അഡ്വൈസറുടെ ചുമതല എന്താണ്; അന്വേഷണ ഉദ്യോഗസ്ഥൻ കൊണ്ടുവരുന്ന തെളിവുകൾ കുറ്റം തെളിയിക്കാൻ അപര്യാപ്തമാണെങ്കിൽ കൂടുതൽ അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ കണ്ടുപിടിക്കാൻ ഉപദേശിക്കലാണ്. ഒരു കേസിലെ കുറ്റവാളി ഒരു തരത്തിലും രക്ഷപ്പെടാതിരിക്കാൻ സഹായിക്കേണ്ട ആളാണ് ലീഗൽ അഡ്വൈസർ. ഇവിടെ ഈ അഗസ്റ്റിൻ എന്താണ് ചെയ്തിരിക്കുന്നത്; ശ്രീ. കെ. എം. മാണി കോഴ വാങ്ങിച്ചുവെന്നതിന് ഓറൽ എവിഡൻസുണ്ട്, സാഹചര്യത്തെളിവുണ്ട്. എന്നിട്ടും പ്രോസിക്യൂട്ട് ചെയ്യാൻ തെളിവില്ലെന്നാണ് ഈ 'നിയമ ദുരുപദേശകൻ' കണ്ടുപിടിച്ചിരിക്കുന്നത്. കേസ്സുകളിൽ സാക്ഷികൾ കൂറുമാറി പ്രതിഭാഗം ചേർന്നതായി കേട്ടിട്ടുണ്ട്. ഇവിടെ ഇതാ പ്രോസിക്യൂട്ടർ കൂറുമാറി പ്രതിഭാഗം ചേർന്നിരിക്കുകയാണ്. ഇക്കാര്യത്തിലും ഉമ്മൻചാണ്ടി സർക്കാരിന് നേട്ടം അവകാശപ്പെടാൻ കഴിയും. കൂറുമാറി പ്രതിഭാഗം ചേർന്ന പ്രോസിക്യൂട്ടർ എന്ന അപൂർവ്വ ബഹുമതിയും ഈ സർക്കാർ സ്വന്തമാക്കിയിരിക്കുകയാണ്. നാഴികയ്ക്ക് നാൽപ്പതുവട്ടം നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന് വച്ചുകാച്ചുന്ന ആളല്ലേ ശ്രീ. ഉമ്മൻചാണ്ടി. എന്നിട്ട് എന്തുകൊണ്ടാണ് ശ്രീ. ഉമ്മൻചാണ്ടി നിയമവിരുദ്ധമായി പ്രവർത്തിച്ചുവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞയാളിൽ നിന്നുതന്നെ നിയമോപദേശം തേടിയത്? എന്തുകൊണ്ടാണ് നിയമവും നീതിയും ധാർമ്മികതയുമൊക്കെ അട്ടിമറിച്ച് ശ്രീ. കെ. എം. മാണിയെ രക്ഷിക്കാൻ ശ്രമിക്കുന്നത്? ഇതുതന്നെയല്ലേ മന്ത്രി ശ്രീ. കെ. ബാബുവിന്റെ കാര്യത്തിലും സംഭവിച്ചിട്ടുള്ളത്? ശ്രീ. കെ. എം. മാണി ഒരുകോടി, ശ്രീ. കെ. ബാബു 10 കോടിരൂപ, അത്ര മാത്രമേ വ്യത്യാസമുള്ളൂ. കാശ് കൊടുത്ത ബിജു രമേശ് നുണപരിശോധനയ്ക്ക് തയ്യാറാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ശ്രീ. കെ. ബാബു തയ്യാറാണോ; അല്ല. കാരണമെന്താണ്; നുണപരിശോധനയ്ക്ക് ശ്രീ. കെ. ബാബു തയ്യാറായാൽ ചോദ്യം എന്തായിരിക്കും; "താങ്കൾ 10 കോടിരൂപ ബിജു രമേശിൽ നിന്നും വാങ്ങിയോ;" അപ്പോൾ ബാബു വാങ്ങി എന്ന് പറയേണ്ടിവരും. അതുകൊണ്ടാണ് നുണപരിശോധനയുടെ കാര്യം പറഞ്ഞപ്പോൾ ശ്രീ. കെ. ബാബുവിന്റെ നാവ് കീഴോട്ട് ഇറങ്ങിപ്പോയത്. ഇതൊക്കെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്കും അറിയാവുന്നതല്ലേ; ഇതുകൊണ്ടാണ് ശ്രീ. കെ. ബാബുവിനെതിരെയും കേസ്സെടുക്കണമെന്ന് കേരളാ കോൺഗ്രസ്സുകാർ പറയുന്നത്.

ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം മാത്രം പറയുന്നു. സത്യം നിങ്ങൾക്ക് ഏറെ നാൾ മൂടിവയ്ക്കാൻ ആവില്ല. ഒരുനാൾ അതെല്ലാം പുറത്തുവരും. അത് ശ്രീ. കെ. എം. മാണിയുടെയും ശ്രീ. കെ.ബാബുവിന്റെയും മാത്രമല്ല ശ്രീ. ഉമ്മൻചാണ്ടിയുടെയും അടി തന്നെ ഇളക്കും. ഇതൊക്കെ ജനങ്ങൾ മനസ്സിലാക്കുമെന്നതുകൊണ്ടാണ് നിങ്ങൾ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ടവരും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് അതിശക്തമായി സർക്കാരിനു വേണ്ടി വാദിച്ചു. അങ്ങ് ആഭ്യന്തരവകുപ്പുമന്ത്രിയായി വന്നപ്പോൾ എന്നെപ്പോലെയുള്ള ആളുകൾക്ക് വലിയ പ്രതീക്ഷയായിരുന്നു. അങ്ങയുടെ തുടക്കവും നന്നായിരുന്നു. അങ്ങയുടെ ഇപ്പോഴത്തെ അവസ്ഥ പരമദയനീയമാണ്. പണ്ട് ആരോ പറഞ്ഞ കഥ പോലെയാണ്. സത്യം പറഞ്ഞാൽ പട്ടി ഇറച്ചി തിന്നും, കള്ളം പറഞ്ഞാൽ അടിയും കിട്ടും. രണ്ടിന്റേയും നടുവിലാണ് അങ്ങ് ഇപ്പോൾ നിൽക്കുന്നത്. അങ്ങ് ഇവിടെ പറഞ്ഞത് വല്ല അർത്ഥവുമുള്ള കാര്യങ്ങളാണോ; എത്രനാളായ ഒരു കേസ്സാണ്. എട്ടുമാസമായ ഒരു കേസ്സിൽ നിങ്ങളുടെ ഒരു മന്ത്രിയുടെ പേരിൽ, താങ്കൾ തന്നെ ഇൻവെസ്റ്റിഗേഷൻ നടത്തി, നിങ്ങളുടെ തന്നെ സ്വന്തം ഉദ്യോഗസ്ഥന്മാർ, താങ്കൾ തന്നെ ഒന്നാം പ്രതി എന്നുപറയുന്നു. കേസ്സ് ഇപ്പോൾ പൂർത്തിയായില്ല എന്ന് പറയുന്നു. ഈ സഭയിൽ പറയാമോ; ഞങ്ങൾ ഉന്നയിച്ചത് കള്ളമല്ലല്ലോ; ആര് ഉന്നയിച്ചാലും അത് എഴുതിത്തള്ളാവുന്ന ഒരു കേസ്സായിരുന്നില്ലല്ലോ; എഫ്.ഐ.ആർ. ഇട്ട് നടപടികൾ പൂർത്തിയാക്കി അടുത്ത നടപടിയിലേയ്ക്ക് പോകാത്തതാണ് ആളുകൾക്ക് സംശയം. ഗവൺമെന്റിന്റെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇടപെടുന്നില്ല എന്നുപറഞ്ഞു. വിജിലൻസ് ഡയറക്ടർ വിൻസെന്റ് പോളിന്റെ വെളിപ്പെടുത്തലുകൾ പബ്ലിക്കായി ഉണ്ടായിരുന്നു. അങ്ങ് അത് ശ്രദ്ധിച്ചതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾക്ക് വിശ്വാസമുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ, ഉന്നത ഉദ്യോഗസ്ഥൻ പരസ്യമായി പറഞ്ഞു, അതിശക്തമായ സമ്മർദ്ദമാണ്. രാഷ്ട്രീയനേതൃത്വവും ഭരണനേതൃത്വവും പരസ്പരം മുതുകുചൊറിഞ്ഞാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വിജിലൻസ് ഡയറക്ടർ പൊതുവായ കാര്യമാണ് പറഞ്ഞത്. അല്ലാതെ ബാർ കോഴ കേസിൽ ആരെങ്കിലും ഇടപെട്ടുവെന്ന് അദ്ദേഹം ഒരിടത്തും പറഞ്ഞിട്ടില്ല. തന്നെയുമല്ല ഞാൻ ഈ കേസിൽ ഒരു ഘട്ടത്തിലും ഇടപെടത്തില്ല. ഞാൻ ഇടപെടുന്നില്ല എന്നുള്ളതാണ് എന്റെ പേരിലുള്ള എല്ലാവരുടേയും പരാതി.

<u>ശ്രീ. സി. ദിവാകരൻ:</u> അങ്ങ് ആ സ്റ്റേറ്റ്മെന്റ് ശ്രദ്ധിച്ചുവെന്നുള്ളത് എനിക്ക് സന്തോഷമായി. കേരളത്തിന്റെ സ്ഥിതി അദ്ദേഹം പറഞ്ഞു. രണ്ടാമത്തെ സാക്ഷിയെ ഞാൻ ഹാജരാക്കുന്നു. കേരളത്തിൽ നമ്മളെല്ലാവരും സ്നേഹിക്കുന്ന ബഹുമാനപ്പെട്ട എ. കെ. ആന്റണി പറഞ്ഞു, കേരളത്തിൽ വ്യാപകമായ അഴിമതിയാണ്, പണം കൊടുക്കാതെ ഒരു കാര്യവും നടക്കില്ലെന്ന്.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> ആഗോളമായാണ് അദ്ദേഹം അത് പറഞ്ഞത്.

<u>ശ്രീ. സി. ദിവാകരൻ:</u> ആഗോളത്തിൽ ശ്രീ. എ. കെ. ആന്റണി ഉണ്ടോ; ആഗോളവും ഇന്ത്യയും ഇപ്പോൾ ഇല്ലല്ലോ? കേരളത്തിലെ കാര്യമാണ് അദ്ദേഹം പറഞ്ഞത്. ഡൽഹിയിൽ വച്ചോ അദ്ദേഹം മന്ത്രിയായിരിക്കുമ്പോഴോ പറഞ്ഞതല്ല. കേരളത്തിൽ സാർവത്രികമായി അഴിമതിയാണെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങ് എൻഡോഴ്സ് ചെയ്തു, ശ്രീ. വി. ഡി. സതീശൻ എൻഡോഴ്സ് ചെയ്തു. ആളുകൾ മണ്ടന്മാരാണോ; ശ്രീ. വി. എം. സുധീരൻ എൻഡോഴ്സ് ചെയ്തു. ശ്രീ. കെ. സി. ജോസഫ് ഡിസ്പ്യൂട്ട് ചെയ്തപ്പോൾ ശ്രീ. വി. ഡി. സതീശൻ എന്താണ് മറുപടി പറഞ്ഞത്, അദ്ദേഹം ഈ ഭൂമിയിൽ അല്ല ജീവിക്കുന്നതെന്നാണ്. ഈ അഴിമതിയെക്കുറിച്ചുള്ള ഒരുപാട് വിവാദങ്ങൾ നിങ്ങൾതന്നെ ഉണ്ടാക്കുകയാണ്. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. തോറ്റാൽ ആ നിമിഷം ഈ മന്ത്രിസഭ രാജിവയ്ക്കാൻ തയ്യാറുണ്ടോ; നിങ്ങൾക്ക് കഴിയില്ല, തെരഞ്ഞെടുപ്പാണ്. നിങ്ങളുടെ ഡി.ജി.പി. ജേക്കബ് തോമസ്, മനോരമ ചാനലിന് കൊടുത്ത അദ്ദേഹത്തിന്റെ ഇന്റർവ്യൂവിൽ പറഞ്ഞത്, ഞാൻ ചെയ്ത കാര്യങ്ങളെല്ലാം നിഷ്പക്ഷമായിരുന്നു, കാലം അത് തെളിയിക്കും, ബാഹ്യമായ ഒട്ടേറെ സമ്മർദ്ദങ്ങളെ എനിക്ക് അതിജീവിക്കേണ്ടി വന്നിട്ടുണ്ട് എന്നാണ്. നിങ്ങൾ പറയുന്ന ഏറ്റവും സത്യസന്ധനായ രണ്ടാമത്തെ പോലീസ് ഉദ്യോഗസ്ഥനാണ് ഇത് പറഞ്ഞത്. കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നയിക്കുന്ന ഈ ഗവൺമെന്റിൽ ഇനി ആരെങ്കിലും അഴിമതിക്കാരല്ലാതെ ബാക്കിയുണ്ടോ ; ഐ.എ.എസ്.കാരുണ്ടോ ; ഐ.പി.എസ്.കാരുണ്ടോ; പോലീസ് കോൺസ്റ്റബിൾ ശ്രീ. സലീംരാജ് ഇന്ന് വെളിപ്പെടുത്താൻ പോകുന്നതെന്താണ് ; ഞങ്ങൾ ഓരോന്നായി നിയമസഭയിൽ പറഞ്ഞു, ഇന്ന് ഓരോന്നായി തെളിഞ്ഞുകൊണ്ടിരിക്കുന്നു. പാമോയിൽ കേസ് ഒരുപാട് നാൾ വേട്ടയാടി. ഇപ്പോൾ ശ്രീ. ജിജി തോംസൺ പറയുന്നത്, പാമോയിൽ ഇറക്കുമതി ചെയ്തതിനെതിരായി ഞാൻ നോട്ടെഴുതിയെന്ന്. നിങ്ങളുടെ ചീഫ് സെക്രട്ടറി, നിങ്ങളുടെ ഇടനാഴിയിലിരുന്നുകൊണ്ട്, നിങ്ങളുടെ ഫയലുകൾ കൈകാര്യം ചെയ്യുന്ന കേരളത്തിന്റെ ചീഫ് സെക്രട്ടറി പഴയ ഞെട്ടിപ്പിക്കുന്ന ഒരു അഴിമതിയുടെ സത്യാവസ്ഥ വിളിച്ചുപറയുകയാണ്. കേരളം കേൾക്കുകയല്ലേ; നിങ്ങൾ നിയമസഭയിൽ വന്ന് എന്തെല്ലാം പറഞ്ഞ് ഞങ്ങളുടെ വായടച്ചാലും,

നിങ്ങൾ തൽക്കാലം ജയിച്ചാലും, നിങ്ങൾ അധികാരംകൊണ്ട് എന്തെല്ലാം ചെയ്താലും സത്യം ഒരുദിവസം പുറത്തുവരും. സരിതയുടെ കേസ് ഇപ്പോൾ എന്തായി; ജോപ്പനും സലിംരാജും ജിക്കുവും എവിടെയാണ്; എന്താണ് നടപടികൾ? നിങ്ങൾ പോയി തെളിവ് കൊടുക്കുന്നില്ലേ; ശ്രീ. വി. എം. സുധീരനെ വിളിച്ചു, പോയില്ല. മെമ്മോ അയയ്ക്കുമെന്ന് ജസ്റ്റിസ് ജി. ശിവരാജൻ പറഞ്ഞു. പോകാമെന്ന് ഏറ്റിരിക്കുന്നു. എന്താണ് പോയി പറയാൻ പോകുന്നത്. അങ്ങനെയൊരു സംഭവം ഇല്ലായെന്നാണോ. നിങ്ങൾ പരസ്പരം കാണിക്കുന്ന അഴിമതിയാണ്. നാട്ടുകാർ വിളിച്ചുപറയുകയാണ്, അത് കേട്ടുകൊണ്ടിരിക്കുന്ന ഞങ്ങൾ, ന്യായമായ നീതിക്കും അന്വേഷണത്തിനുംവേണ്ടി സഭയിൽ അത് ഉന്നയിക്കുന്നു, അന്വേഷണം നടത്തണമെന്ന് പറയുന്നു. ഡിലേ എന്ന് പറഞ്ഞാൽ ഡിനൈൽ ഓഫ് ജസ്റ്റിസ് ആണെന്ന് നമ്മളെല്ലാം അംഗീകരിക്കുന്നു. ബാർ കോഴ കേസിൽ എന്തിനാണ് ശ്രീ. കെ. എം. മാണിയെ ഇങ്ങനെ പീഡിപ്പിക്കുന്നത്. എക്സോണറേറ്റ് ചെയ്ത് വിട്ടു. എല്ലാ നടപടികളും നിർത്തിവച്ചുവെന്ന് നിങ്ങൾ നാളെ ക്യാബിനറ്റ്കൂടി തീരുമാനിക്കു. അതിന് തയ്യാറുണ്ടോ ? കോൺഗ്രസ്സിനകത്തുള്ള (ഐ)-ക്കാർ ഗൂഢാലോചന നടത്തി കുറ്റവാളിയാക്കിയെന്നാണ് ശ്രീ. കെ. എം. മാണിയുടെ വിശ്വാസം. അല്ലെങ്കിൽ മാണിസാർ പറയട്ടെ, അവരുടെ അന്വേഷണ കമ്മീഷൻ അതാണ്. വാർത്ത പത്രങ്ങളിലെല്ലാം വരുന്നുണ്ട്. അദ്ദേഹത്തെ കേസിൽ കുരുക്കിയെന്നാണ് പറയുന്നത്. ഇപ്പോൾ ശ്രീ. കെ. ബാബുവും കൂടി കുരുങ്ങി. അതിൽ രണ്ട് നീതിയല്ലേ. ശ്രീ. കെ. ബാബുവിന് ഒരു നീതി. ശ്രീ. കെ. ബാബുവിന്റെ എഫ്.ഐ.ആർ. എവിടെ; ശ്രീ. കെ. എം. മാണിക്ക് മാത്രമേ എഫ്.ഐ.ആർ. ഉള്ളോ; ഈ എഫ്.ഐ.ആർ. ശ്രീ. കെ. ബാബുവിന്റെ അടുത്ത് ചെല്ലുമ്പോൾ വെറുമൊരു പ്രിലിമിനറി അന്വേഷണമായി എഴുതിത്തള്ളാമോ; നീതി എല്ലാവർക്കും ഒരുപോലെയല്ലേ; ഇതിൽ നഗ്നമായ കാര്യങ്ങൾ തെളിഞ്ഞിരിക്കുകയാണ്. ഇനി നിങ്ങൾക്ക് ഈ കടലാസുകൾ വലിച്ചുകീറാൻ പറ്റില്ല. എല്ലാ രേഖകളുമുണ്ട്. ഇന്നല്ലെങ്കിൽ നാളെ ഇത് തെളിയാൻ പോകുകയാണ്. അങ്ങ് കുബേര ഓപ്പറേഷനൊക്കെ നടത്തിയത് നല്ല കാര്യം. അങ്ങയുടെ ഇടത്തും വലത്തും കുബേര ഓപ്പറേഷനുള്ള ആളുകൾ ഇരിക്കുകയല്ലേ, എന്താണ് പിടിച്ച് അകത്തിടാത്തത്; അറസ്റ്റ് ചെയ്ത് തൊണ്ടി എടുക്കാത്തതെന്താണ്; കുറ്റപത്രം കൊടുക്കാത്തതെന്താണ്; ഇനി ആരുവേണം. ശ്രീ. കെ. ബാബു ഇടയ്ക്കൊരു വെടി പൊട്ടിച്ചു, ഇവിടെ ഏതോ ഒരു എം.എൽ.എ.യുടെ വീട്ടിൽ വച്ച് ഗൂഢാലോചന നടത്തിയെന്ന്. പറയാനുള്ള തന്റേടമില്ല. അത് ഭീരുത്വമാണ്. ഒരു കാര്യം പറയണം, നിങ്ങൾ ബാർ ലൈസൻസിന് ശിപാർശ ചെയ്യാൻ ഇതുപോലൊരു വർത്തമാനം പറഞ്ഞു. അന്ന് ഞാൻ ചോദിച്ചപ്പോൾ നിങ്ങൾ പറഞ്ഞു. ഇന്നെന്താണ് പറയാത്തത്. അടിസ്ഥാനരഹിതമായ, നഗ്നമായ ആരോപണങ്ങൾ ഉന്നയിച്ച്, കട്ടുവെന്ന് പറഞ്ഞാൽ എല്ലാവരും കട്ടുവെന്ന് പറയുന്നത് ന്യായമാണോ;

അതുകൊണ്ട് ഇവിടെ ഒരു ഗൂഢാലോചന നടത്തി. എന്ത് ഗൂഢാലോചന; ഗൂഢാലോചന നടത്തി അന്വേഷണം നടത്തുന്ന കമ്മീഷന്റെ പാർട്ടിക്കാർ നിങ്ങളുടെകൂടെ ഇരിപ്പുണ്ട്. കേരള കോൺഗ്രസിന്റെ കമ്മീഷൻ റിപ്പോർട്ട് ഇതുവരെ കാണാനില്ല. അവരാണ് പറയുന്നത് നിങ്ങൾ ഗൂഢാലോചന നടത്തിയെന്ന്. അതിനുപകരം ഞങ്ങൾ ഇവിടെ ഒരു എം.എൽ.എ.യുടെ വീട്ടിൽ ഗൂഢാലോചന നടത്തിയെന്ന് പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ; ഇതുകൊണ്ട് തീരുമോ; നിങ്ങൾ കേസെടുക്ക്. നിങ്ങളുടെ പോലീസും വിജിലൻസും ക്രൈംബ്രാഞ്ചും എല്ലാമുണ്ടല്ലോ; കേസെടുത്ത് ആ എം.എൽ.എ.-യെ അറസ്റ്റ് ചെയ്യൂ. ഗവൺമെന്റിനെതിരായി, ഗവൺമെന്റിനെ അട്ടിമറിക്കാൻ conspiracy നടത്തിയാൽ ആക്ഷനെടുക്കാൻ നിയമമുണ്ട്. അതുമിതും പറഞ്ഞിട്ട് കാര്യമില്ല. ആരായാലും പ്രതിപക്ഷത്തെ അടക്കി ആക്ഷേപിക്കുന്നത് ശരിയല്ല. ഇപ്പോൾ പറഞ്ഞതിരിക്കട്ടെ. എം.എൽ.എ.മാരെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ വളരെ മോശമായ അഭിപ്രായം ഉണ്ടാകും. നിങ്ങളെക്കുറിച്ചും ഉണ്ടാകും. അത് ശരിയല്ല. കഴിഞ്ഞതവണ എന്നെ നിങ്ങളുടെ ഒരു വാച്ച് ആന്റ് വാർഡ് ചവിട്ടി. ഞാൻ ഒന്നും ചെയ്തില്ല. ഞാൻ ഈ അഴിമതി ആരോപണങ്ങൾ ഇവിടെ ഉന്നയിച്ചതിന്റെ ഒരു കുഴപ്പമാണെന്നാണ് പറയുന്നത്. അങ്ങയുടെ കസേരയൊക്കെ താഴെവീണു. അത് സത്യമാണ്.

മി. സ്പീക്കർ: കസേര തനിയെ വീണോ?

ശ്രീ. സി. ദിവാകരൻ: പക്ഷെ എന്നെ കയ്യേറ്റം ചെയ്യാമോ; സ്ത്രീകളെ കടന്നാക്രമിക്കാമോ; ഞങ്ങളുടെ അടുത്ത് വന്നതെന്തിനെന്ന് അദ്ദേഹം ചോദിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജനങ്ങൾക്ക് അതൊന്നും ബോദ്ധ്യപ്പെടുന്നില്ലല്ലോ; പാർലമെന്റ് തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്ത് നിങ്ങളുടെ പാർട്ടി മൂന്നാം സ്ഥാനത്തായല്ലോ; എന്തുപറ്റി?

ശ്രീ. വി. എസ്. സുനിൽകുമാർ: നിങ്ങൾ ഇന്ത്യയൊട്ടാകെ 40 സീറ്റിൽ ഒതുങ്ങിയതെങ്ങനെയെന്നുകൂടി പറയണം.

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞാൻ അങ്ങയേയും അങ്ങയുടെ രാഷ്ട്രീയ പാർട്ടിയേയും പാർട്ടിയുടെ പാരമ്പര്യത്തെയും ബഹുമാനിക്കുന്നു. പക്ഷേ, അങ്ങൊരു മുഖ്യമന്ത്രിയാണ്, ഇങ്ങനെ തരം താണുപോകരുത്. ഞാനൊരു മറുചോദ്യം ചോദിക്കട്ടെ; 65 കൊല്ലം ഇൻഡ്യ ഭരിച്ചിട്ട് നിങ്ങൾക്ക് എന്തുകിട്ടി; നിങ്ങൾ ഏതു സംസ്ഥാനത്തുണ്ട്; നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; പാർലമെന്റിൽ പ്രതിപക്ഷത്തിരുന്ന് ഒരു നോട്ടീസ് കൊടുക്കാൻപോലും കഴിയാത്ത പാർട്ടിയാണ് ഞങ്ങളോട് ചോദിക്കുന്നത്. ഞങ്ങളുടെ സീറ്റ് പോയി, ഞങ്ങൾ തോറ്റു. പണ്ടും തോറ്റിട്ടുണ്ട്. ചിലപ്പോൾ ഇനിയും തോൽക്കാം. തെരഞ്ഞെടുപ്പിൽ

ജയവും തോൽവിയുമുണ്ടാകും. നിങ്ങളുടെ പ്രതാപമിപ്പോൾ എവിടെയാണ്? എന്നെ പ്രകോപിപ്പിക്കരുത്. അങ്ങ് പറഞ്ഞത് അങ്ങയുടെ നിലപാടിനും, കസേരയ്ക്കും യോജിച്ചതല്ല എന്നുമാത്രമേ പറയുവാനുള്ളൂ. ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, ഞങ്ങളുടെ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാൻ നിങ്ങൾ സമ്മതിച്ചില്ല. ബാർകോഴക്കേസിന്റെ നടപടി ക്രമങ്ങൾ എന്ന് പൂർത്തിയാകുമെന്ന് നിങ്ങൾ ഇനിയെങ്കിലും സഭയിൽ പറയണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വളരെ വേഗം പൂർത്തിയാകും.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇതുപറയാൻ തുടങ്ങിയിട്ട് 8 മാസമായി.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഞങ്ങൾ അന്വേഷണം നടത്തി അതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാക്കി മുന്നോട്ടുപോവുകയാണ്. അന്വേഷണ നടപടികൾ ഉടൻ തന്നെ പൂർത്തിയാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ ഉറപ്പുനൽകുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇനി രണ്ടാമതൊരുകാര്യംകൂടിയുണ്ട്. അരുവിക്കരയിൽ എന്തുസംഭവിക്കുമെന്ന് അങ്ങ് ഞങ്ങളെ വെല്ലുവിളിച്ചു. അരുവിക്കരയിൽ ഞങ്ങൾ ജയിച്ചാൽ നിങ്ങൾ രാജിവയ്ക്കുമോ എന്ന ചോദ്യത്തിനുകൂടി മറുപടി പറയുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അരുവിക്കര ഉപതെരഞ്ഞെടുപ്പ് ഭരണത്തിന്റെ വിലയിരുത്തലായിരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. 2006 മുതൽ കേരളത്തിൽ നടന്ന എല്ലാ തെരഞ്ഞെടുപ്പിലും യു.ഡി.എഫ്. മാത്രമാണ് വിജയിച്ചിട്ടുള്ളതെന്നുള്ള കാര്യം മറന്നുപോകരുത്. എല്ലാ ഉപതെരഞ്ഞെടുപ്പിലും ഞങ്ങൾ ജയിച്ചിട്ടുണ്ട്, ഇപ്പോഴും ഞങ്ങൾ ജയിക്കും.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, നിങ്ങൾ ജയിച്ചതെല്ലാം യു.ഡി.എഫ്. ജയിച്ച സീറ്റുകളിൽ തന്നെയായിരുന്നു. ടി.എം. ജേക്കബ് മരിച്ചപ്പോൾ അവിടെ ഇലക്ഷൻ വന്നു. വേറൊരാളെ നിങ്ങൾ ചാക്കിട്ടു പിടിച്ചു. അവിടെയും ഇലക്ഷൻ വന്നു. എല്ലാം യു.ഡി.എഫ്.-ന്റെ സീറ്റുകൾ തന്നെയായിരുന്നു. ഈ വിഷയത്തിൽ ശ്രീ. കെ. എം. മാണി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവരും കൂടാതെ പല എം.എൽ.എ.-മാരും സംസാരിച്ചു. ഇനി ശ്രീ. സി. പി. മുഹമ്മദിനും സംസാരിക്കാനുണ്ടെങ്കിൽ എന്തുകൊണ്ട് ഈ അടിയന്തരപ്രമേയം ചർച്ച ചെയ്തുകൂടാ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ പ്രസ്താവനയിൽ ഞാൻ അതിയായ ഖേദം പ്രകടിപ്പിക്കുന്നു.

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, ഒന്നും ഖേദിക്കേണ്ടതില്ല. ഞാനൊരു ഫാക്ട് പറഞ്ഞതാണ്. തിരുവനന്തപുരത്ത് നിങ്ങൾ മൂന്നാം സ്ഥാനത്തായില്ലേ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അത് നിങ്ങൾക്കും ബാധകമാണ്, അത് അംഗീകരിക്കുമോ; അങ്ങ് അങ്ങനെ പറയരുത്. അങ്ങ് ഉന്നതനായ നേതാവും മുഖ്യമന്ത്രിയുമാണ്. മൂന്നാമതും നാലാമതുമൊക്കെയായെന്ന് ഏതെങ്കിലുമൊരു പാർട്ടിയെക്കുറിച്ച് പുച്ഛമായി സംസാരിക്കരുത്. നിങ്ങൾ ബി.ജെ.പി.ക്ക് വോട്ടു ചെയ്തിട്ടാണ് ഞങ്ങൾ മൂന്നാമതായത്. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, അസാധാരണവും അത്യന്തം വേദനാജനകവുമായ ഒട്ടനവധി സംഭവവികാസങ്ങൾക്ക് സഭയ്ക്കകത്തും പുറത്തും വഴിയൊരുക്കിയ സംഭവമാണ് ഇന്നത്തെ പരാമർശ വിഷയം. അസാധാരണമായതും വഴിവിട്ടതുമായ നടപടികളുടെ അവസാനത്തെ കണ്ണിയാണ് വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയതിനു ശേഷം വിജിലൻസിന്റെ ലീഗൽ അഡ്വൈസർ കുറ്റപത്രം സമർപ്പിക്കണമോയെന്ന് അഡ്വക്കേറ്റ് ജനറലിനോട് അഭിപ്രായം ചോദിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ credential ഇവിടെ ചർച്ച ചെയ്യാൻ ഞാനിഷ്ടപ്പെടുന്നില്ല. പക്ഷേ അഡ്വക്കേറ്റ് ജനറൽ കോടതിയല്ല. കേസ് അന്വേഷണം നടത്തിക്കഴിഞ്ഞ് കുറ്റപത്രം കൊടുക്കണമോയെന്ന് വിജിലൻസിനെ ഉപദേശിക്കുന്നതിനുവേണ്ടി വിജിലൻസിൽ ലീഗൽ അഡ്വൈസർമാർ ഉണ്ടായിരിക്കെ അഡ്വക്കേറ്റ് ജനറലിനെ ഒരു കോടതിയായി അംഗീകരിച്ച് അന്തിമ വിധികൊടുക്കാൻ അഡ്വക്കേറ്റ് ജനറലിന്റെ അടുത്ത് പോയതുതന്നെ ഈ അസാധാരണ സംഭവവികാസങ്ങളുടെ അവസാനത്തെ കണ്ണികളിലൊന്നാണ്. ഇവിടെ പ്രസക്തമായൊരു ചോദ്യമുണ്ട്. ബാർ ഉടമകളിൽത്തന്നെ രണ്ട് വിഭാഗമുണ്ട്. ചില ആളുകൾ കോഴ കൊടുത്തെന്നും ചിലയാളുകൾ കോഴ കൊടുത്തില്ലെന്നും പറയുന്നു. കോഴകൊടുത്തു എന്നു പറയുന്നവർ നുണ പരിശോധനയ്ക്ക് തയ്യാറാണ്. കോഴ കൊടുത്തിട്ടില്ല എന്നു പറയുന്നവരും ആരോപിതരായ മന്ത്രിമാരും മാത്രമാണ് നുണപരിശോധന പാടില്ലെന്നും അത് അനുവദിക്കാൻ പാടില്ലെന്നും പറയുന്നത്. അവർ പറയുന്നത് സുപ്രീംകോടതി നുണപരിശോധന ശരിയല്ലെന്ന് പറഞ്ഞിട്ടുണ്ടെന്നാണ്. അപ്പോൾ സ്വാഭാവികമായും ജനങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന അനുമാനം എന്താണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒരു കോടി രൂപയുടെ കോഴ ആരോപണമുണ്ടായ ശ്രീ. കെ. എം. മാണിക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവർ ഈ സഭയിൽ പറഞ്ഞ ന്യായം ലളിതകുമാരി കേസിലെ സുപ്രീംകോടതി വിധിയാണ് ഇതിന് കാരണമെന്നാണ്.

അതേ കാരണമെന്തുകൊണ്ടാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ കാര്യത്തിൽ ആപ്ലിക്കബിൾ ആകാത്തത്; കേരള കോൺഗ്രസിന്റെ നേതാക്കൻമാർ ചോദിക്കുന്ന ചോദ്യം വളരെ പ്രസക്തമല്ലേ? ഒരു കോടിയാണോ പത്ത് കോടിയാണോ വലുത് എന്നല്ല ഞാൻ ചോദിക്കുന്നത്; ഒരു കോടി രൂപ വാങ്ങിയെന്ന് ആരോപണമുണ്ടായ ശ്രീ. കെ. എം. മാണിക്കെതിരെ സുപ്രീം കോടതിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ടുമാത്രമാണ് കേസെടുത്തതെന്ന് പറയുന്നവർ എന്തുകൊണ്ട് ആ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശ്രീ. കെ. ബാബുവിനെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ തയ്യാറാകുന്നില്ല?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ശ്രീ. കെ. ബാബുവിനെതിരായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണത്തിനുശേഷം cognizable offence ഉണ്ടോ എന്ന് നോക്കിയിട്ടല്ലാതെ ചെയ്യാൻ പറ്റുമോ; മാണിസാറിന്റെ കാര്യത്തിൽ അതല്ലേ ചെയ്തത്; വസ്തുതകൾ മനസ്സിലാക്കിയിട്ട് ശ്രീ. മാത്യു റ്റി. തോമസിനെപ്പോലുള്ള ആളുകൾ സംസാരിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, സുപ്രീംകോടതി ഇതിനൊക്കെ ഒരു സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ലളിതകുമാരി കേസിൽ പറഞ്ഞിരുന്നത് ഒരാഴ്ചത്തെ സമയമായിരുന്നുവെങ്കിൽ പിന്നീടുവന്ന വിധിയിലൂടെ ആറ് ആഴ്ച സമയം നീട്ടി തന്നിട്ടുണ്ട്. ആറ് ആഴ്ച സമയം കഴിഞ്ഞല്ലോ; ശ്രീ. കെ. എം. മാണിക്കെതിരെ കേസ്സെടുത്ത നിങ്ങൾ നിങ്ങളുടെ പാർട്ടിക്കാരനായ മന്ത്രിക്കെതിരെ കേസ്സെടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് കേരള കോൺഗ്രസ്സുകാർ ചോദിച്ചാൽ ആ ചോദ്യത്തിന് യുക്തിപരമായ മറുപടി നിങ്ങൾക്ക് പറയാനുണ്ടോ? അതിനുള്ള മറുപടി ഞാൻ പറയാം, തൊണ്ടി അന്വേഷിച്ചുപോയാൽ ഇതിന്റെ അന്വേഷണം എവിടെയൊക്കെ ചെല്ലുമെന്ന് ഭയപ്പെടുന്നതുകൊണ്ടുതന്നെയാണ് കോൺഗ്രസ് മന്ത്രിയെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിരിക്കുന്നതെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. ഉദ്യോഗസ്ഥൻമാരെ പ്രലോഭിപ്പിക്കുന്നില്ല, കേസന്വേഷണത്തിൽ ഇടപെടുന്നില്ല എന്നൊക്കെ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി 7-1-2014-ൽ ഉണ്ടായ സുപ്രീംകോടതി വിധി ഇവിടെ പറഞ്ഞു. അനാവശ്യമായി കേസെടുത്താൽ ഉദ്യോഗസ്ഥരുടെ മേൽ നടപടിയെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട് എന്ന് മാത്രമാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. പക്ഷേ അങ്ങ് ഇവിടെ നടത്തിയ പരാമർശം ഉദ്യോഗസ്ഥൻമാർക്ക് ഒരു സന്ദേശം കൊടുത്തതാണ്. കേസ് രജിസ്റ്റർ ചെയ്താൽ ഞങ്ങൾക്ക് നടപടിയെടുക്കാനുള്ള എല്ലാ സംവിധാനവും ഉണ്ട് എന്ന് മുൻവിധി ജനിപ്പിച്ചുകൊണ്ടുള്ള പ്രസ്താവനയാണ് അങ്ങിവിടെ നടത്തിയത്. അന്വേഷണത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ അങ്ങ് പറഞ്ഞല്ലോ, ശ്രീ. കെ. എം. മാണി സേഫാണെന്ന്. ശ്രീ. കെ. എം. മാണി ഒരു

കുറ്റവും ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയ്ക്കകത്തും പുറത്തും പറഞ്ഞിട്ടില്ലേ? മുഖ്യമന്ത്രി വിജിലൻസിന് കൊടുത്ത മൊഴികളിൽ, കേസെടുക്കാൻ മതിയായ ഘടകങ്ങളില്ല എന്നുമാത്രമാണ് മുഖ്യമന്ത്രി പറഞ്ഞതെന്നാണ് അങ്ങ് ഇപ്പോൾ നൽകിയ വ്യാഖ്യാനം. പക്ഷേ മുഖ്യമന്ത്രി അന്ന് പറഞ്ഞത് ഈ സാക്ഷികൾ പുറത്തുവന്ന് പറഞ്ഞ കാര്യങ്ങൾ വിജിലൻസിലെ ഉദ്യോഗസ്ഥൻമാരോട് പറയുന്നില്ല എന്നാണ്. ഓർമ്മിക്കുന്നെങ്കിൽ അദ്ദേഹം പറയട്ടെ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ പത്രം വായിക്കുന്ന ഒരു സാധാരണക്കാരനാണ്. ഞാൻ വിഷ്വൽ മീഡിയയിൽ കണ്ട കാര്യങ്ങളാണ് പറഞ്ഞത്. വിജിലൻസിന് മൊഴി കൊടുത്ത് തിരിച്ചുവരുന്നവർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേട്ടിട്ടാണ് ഒരാളും മാണി സാറിനെതിരെ മൊഴികൊടുത്തിട്ടില്ല എന്ന് ഞാൻ പറഞ്ഞത്. ഈ ആരോപണം ഉന്നയിച്ചയാൾ പുറത്തുപറഞ്ഞ കാര്യങ്ങൾ വിജിലൻസ് മൊഴിയിൽ വന്നിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് രണ്ടും രണ്ടാണ്. തെളിവ് കൊടുക്കാൻ പോയവർ ആരുംതന്നെ ധനകാര്യ വകുപ്പ് മന്ത്രിക്കെതിരെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ സാഹചര്യത്തിൽനിന്ന് അടർത്തിയെടുക്കരുത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. അങ്ങ് വെറുമൊരു സാധാരണക്കാരനല്ല, കേരളത്തിലെ മുഖ്യമന്ത്രിയാണ്. കേരളത്തിലെ ഭരണ സംവിധാനത്തെ മുഴുവൻ നിയന്ത്രിക്കുന്ന മുഖ്യമന്ത്രി പറയുന്നത് മന്ത്രിമാർ ഒരു കുറ്റവും ചെയ്തിട്ടില്ല, അവർക്കെതിരെ മൊഴി കൊടുത്തിട്ടില്ല എന്നാണ്. അന്വേഷണം നടത്തി കുറ്റപത്രം കൊടുക്കേണ്ട ഉദ്യോഗസ്ഥൻമാരുടെയൊക്കെ മുകളിലുള്ള, അവരെ നിയന്ത്രിക്കുന്ന ഭരണാധിപൻ നേരത്തേതന്നെ ഇത്തരത്തിൽ പ്രഖ്യാപിക്കുകവഴി ഒരു മുൻവിധി സൃഷ്ടിക്കുകയല്ലേ ചെയ്തിരിക്കുന്നത്; പിന്നെ ഈ അന്വേഷണത്തിന് എന്താണ് പ്രസക്തിയുള്ളത്? സംസ്ഥാനത്തിന്റെ ഭരണം മുഴുവൻ കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പറയുന്നത് തെളിവ് പോരായെന്നാണ്. ഇന്നസെന്റ് അവതരിപ്പിച്ച ഒരു പ്രശസ്തമായ കഥാപാത്രമാണ് കുമ്പിടി. ആ കഥാപാത്രം നടന്നുപോകുമ്പോൾ മറ്റൊരാളുടെ കയ്യിൽ നിന്ന് 1000 രൂപ നോട്ട് തറയിൽ വീണു. കുമ്പിടി ഇത് ചവിട്ടിപ്പിടിച്ചു. നോട്ട് തന്റേതാണെന്ന് അയാൾ പറഞ്ഞപ്പോൾ തെളിവുണ്ടോ എന്നായി കുമ്പിടിയുടെ ചോദ്യം. നോട്ട് തന്റെ പോക്കറ്റിൽനിന്ന് വീണതാണെന്ന് പറഞ്ഞപ്പോൾ "എന്നാൽ കുറഞ്ഞപക്ഷം നോട്ടിലെ നമ്പർ പറയൂ, അത് തെളിവായി സ്വീകരിച്ച് നോട്ട് തരാം" എന്നായി കുമ്പിടി. കേരളത്തിലെ ഗവൺമെന്റും ഇങ്ങനെയാണ്. തെളിവുണ്ടോ, തെളിവുണ്ടോ, എന്ന് ചോദിച്ചു കൊണ്ടിരിക്കുകയാണ്. സരിതാ കേസ്സിൽ തെളിവില്ല, സിവിൽ സപ്ലൈസ് അഴിമതിയെപ്പറ്റി തെളിവില്ല, പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയായിരുന്ന ടി. ഒ.

സൂരജിനെതിരെ തെളിവില്ല, പൊതുമരാമത്ത് വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ആരോപണത്തിന് തെളിവില്ല, ഇപ്പോൾ ബാർ കോഴക്കേസ്സിലും തെളിവില്ലെങ്കിൽ കേരളത്തെ ഒരു തെളിവ് രഹിത സംസ്ഥാനമായി പ്രഖ്യാപിച്ചുകൂടെ? സീറോ ലാൻഡ് ലെസ്സ് എന്നുപറയുന്നതുപോലെ ഒരു തെളിവില്ലാത്ത സംസ്ഥാനമായി കേരളം മാറട്ടെ. കോഴ വാങ്ങിയത് എന്തിനാണ്? ഘട്ടംഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനമെന്ന് യു.ഡി.എഫ്. ഒരു നയം പ്രഖ്യാപിച്ചു. ആ നയത്തെ തോൽപ്പിക്കുവാൻ വേണ്ടിയാണ് കോഴ വാങ്ങിയിരിക്കുന്നത്. ക്രിസ്തുദേവനെ 30 വെള്ളിക്കാശിന് ഒറ്റുകൊടുത്തു എന്ന് പറയുന്നതുപോലെ, സ്വന്തം മുന്നണിയും സ്വന്തം ഗവൺമെന്റും പ്രഖ്യാപിച്ച നയത്തെ തോൽപ്പിക്കുവാൻ വേണ്ടി കോഴ വാങ്ങിച്ച അസാധാരണമായ സംഭവ വികാസങ്ങളും അതിന്റെ തുടർച്ചയായി ഉണ്ടാകുന്ന അസാധാരണവും നിയമവിരുദ്ധവുമായ സംഭവവികാസങ്ങളും സംബന്ധിച്ച് സഭ നിർത്തിവെച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽ പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. തോമസ് ചാണ്ടി: സർ, ഇവിടെ ഇപ്പോൾ നടക്കുന്ന ആരോപണ പ്രത്യാരോപണങ്ങളിൽ ഒന്നും തലയിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നിരുന്നാലും ഇതെല്ലാം നിങ്ങൾ വരുത്തിവച്ചതാണെന്ന് ഞാൻ പറഞ്ഞാൽ അതിൽ പിണങ്ങിയിട്ട് കാര്യമില്ല. ഇവിടെ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുവാൻ നിങ്ങൾ നടപടിയെടുത്തു. ആദ്യഘട്ടമായി 10 ശതമാനം ബിവറേജസ് ഔട്ട്ലെറ്റുകൾ അടയ്ക്കാൻ തീരുമാനിച്ചു. അതുകൊണ്ട് എന്ത് പ്രയോജനമാണുണ്ടായത്? അടുത്ത 10 വർഷത്തേയ്ക്ക് വേണ്ടവർക്കെല്ലാം ഈ രാജ്യത്ത് മദ്യം കിട്ടും, ക്യൂവിന്റെ നീളം കൂടുമെന്നേയുള്ളൂ. മുമ്പ് 100 മീറ്റർ നീളമുണ്ടായിരുന്ന ക്യൂ ഇപ്പോൾ ഒരു കിലോമീറ്ററായി. അടുത്ത 10 ഔട്ട്ലെറ്റുകൾകൂടി പൂട്ടുമ്പോൾ അത് രണ്ട് കിലോമീറ്ററാകും. പണ്ട് സായിപ്പും മദാമ്മയും ഇവിടെ വന്നാൽ അവർക്ക് ഇരുന്ന് മദ്യപിക്കാൻ ഒരു സംവിധാനമുണ്ടായിരുന്നു. അത് നിങ്ങൾ ഇല്ലാതാക്കിയതിനാൽ ഇപ്പോൾ സായിപ്പിനേയും മദാമ്മയേയും ക്യൂവിൽ കാണാം. ഇതല്ലാതെ എന്താണ് നിങ്ങൾ ഇവിടെ ചെയ്തത്; ഇതെല്ലാം വരുത്തിവച്ചതിന് ഈ ഗവൺമെന്റിനാണോ അതോ ഹൈക്കമാന്റിൽനിന്നും ഇങ്ങോട്ട് അയച്ച കെ.പി.സി.സി. പ്രസിഡന്റിനാണോ ഉത്തരവാദിത്വം? ഞാനിപ്പോൾ അതിലൊന്നും തലയിടാൻ ആഗ്രഹിക്കുന്നില്ല, ഇതെല്ലാം നിങ്ങൾ വരുത്തിവച്ചതാണ്. ഈ നയം ടൂറിസം മേഖലയെ ഉൾപ്പെടെ കശക്കിയെറിഞ്ഞു എന്ന് ഞാൻ പറഞ്ഞാൽ അതിൽ പരിഭവിച്ചിട്ട് കാര്യമില്ല,

അത് സത്യമാണ്, ഞാൻ അനുഭവസ്ഥനാണ്. നൂറുകണക്കിന് കോൺഫറൻസുകൾ ഈ സംസ്ഥാനത്തുവച്ച് നടത്തിക്കൊണ്ടിരുന്നതാണ്, അതെല്ലാം നഷ്ടപ്പെട്ടു. നിങ്ങളുടെ ടൂറിസം മന്ത്രിയോട് ചോദിച്ചാൽ ഇന്നത്തെ അവസ്ഥയെന്താണെന്നറിയാം. അതുകൊണ്ടാണ് ഇത്തരം അരോപണങ്ങളും പ്രത്യാരോപണങ്ങളുമൊക്കെ വരുന്നത്. ഇത് ചർച്ച ചെയ്യാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽ പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെയെത്തി.)

11.15 A.M.]

## VI ശ്രദ്ധ ക്ഷണിക്കൽ

### 1. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് 25 കൊല്ലം മുൻപാണ് ഹയർസെക്കണ്ടറി സംവിധാനം നിലവിൽ വന്നത്. അതുവരെ എസ്.എസ്.എൽ.സി. ടെർമിനൽ കോഴ്സ് ആയിരുന്നത് ഹയർസെക്കണ്ടറി ആയതോടെ അതിന്റെ പ്രാധാന്യം വളരെകൂടി. ജീവിതത്തിന്റെതന്നെ വഴിതിരിക്കുന്ന ഒരു പ്രധാനപ്പെട്ട, വളരെ നിർണ്ണായകമായ കാലഘട്ടമാണ് പ്ലസ് ടു/ഹയർസെക്കണ്ടറി തലം. നിലവിൽവന്ന് 25 വർഷം കഴിഞ്ഞിട്ടും ആ രംഗത്തെ വേണ്ടവിധം പരിഗണിക്കുന്നില്ല. നാളുകൾ കഴിയുന്തോറും പ്രശ്നങ്ങൾ കൂടിക്കൂടി വരുന്നു എന്നതാണ് സത്യം. ഇത് പരീക്ഷണാർത്ഥം നടപ്പിൽ വരുത്താൻ ശ്രമിച്ചപ്പോൾ ഉണ്ടായ വാദകോലാഹലങ്ങളും വിവാദങ്ങളും ക്രമേണ കെട്ടടങ്ങി, കൂടുതൽ കൂടുതൽ വിദ്യാലയങ്ങളിൽ നടപ്പിലാക്കി. പരമാവധി സ്കൂളുകളിലേക്ക് ഇത് വ്യാപിപ്പിക്കുകയും കുട്ടികൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം പഠിക്കാൻ വേണ്ടി പുതിയ കോഴ്സുകളും അനുവദിച്ചു എന്നത് ഈ ഗവൺമെന്റ് ചെയ്ത സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ പുതിയ കോഴ്സുകൾ അനുവദിക്കുകയും പുതിയ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തെങ്കിലും ആവശ്യമായ തസ്തികകളുടെ കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് പറയുന്നത് ഫയൽ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചിരിക്കുന്നുവെന്നാണ്. ധനകാര്യ വകുപ്പ് പല തടസ്സങ്ങളും പറയും, 500 ചോദിക്കുന്നിടത്ത് 50 അനുവദിക്കും. ഇപ്പോഴത്തെ സ്ഥിതി എന്തെന്നാൽ അനുവദിച്ച സ്കൂളുകളിൽ അധ്യാപകരില്ല, ഗസ്റ്റ് ലക്ചറർമാരെപോലും നിയമിക്കാൻ സാധിക്കുന്നില്ല. തസ്തിക സൃഷ്ടിക്കാതെ അധ്യാപകരെ നിയമിക്കുവാനോ നിയമിച്ചവർക്ക് ശമ്പളം കൊടുക്കാനോ പറ്റുന്നില്ല. ദിവസ

വേതനം പോലും കൊടുക്കാൻ സാധിക്കുന്നില്ല. ഇതെല്ലാം അൺഎയ്ഡഡ് സ്കൂളുകളിലേതുപോലെ പി.റ്റി.എ.യുടെ ചുമതലയിൽ വരികയാണ്. പി.റ്റി.എ.-ക്ക് പണം പിരിക്കാൻ നിർവ്വാഹമില്ല, വേതനമില്ലാതെ അധ്യാപകർ സേവനമനുഷ്ഠിക്കുകയുമില്ല. ഏതെങ്കിലും കാലത്ത് ശമ്പളം കിട്ടും എന്നു കരുതി കുറെ പാവപ്പെട്ട അധ്യാപകർ രണ്ടുവർഷമായി സൗജന്യസേവനം നടത്തി വരികയാണ്. ഇവിടെ ഫിക്സേഷൻ നടക്കുന്നില്ല. ഇതിനെല്ലാം ഗവൺമെന്റ് മാത്രമാണ് ഉത്തരവാദിയെന്ന് ഞാൻ പറയുന്നില്ല. വിവിധ താൽപ്പര്യമുള്ളവർ പരസ്പരം കോടതിയിൽ കേസ് കൊടുത്ത് താമസിപ്പിക്കുന്നുവെന്നുള്ളത് ശരിയാണ്. പക്ഷെ അതൊരു ന്യായീകരണമല്ല. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും പുതിയ കോഴ്സുകൾ അനുവദിക്കുകയും ചെയ്ത സ്ഥലത്ത് സമയബന്ധിതമായി ആവശ്യമായ തസ്തികകൾ അനുവദിക്കാൻ വേണ്ട സംവിധാനം അടിയന്തരമായി ചെയ്യണം. അല്ലെങ്കിൽ ആ മേഖലയാകെ തകർന്ന് തരിപ്പണമാകും എന്നതാണ് സ്ഥിതി. പ്രിൻസിപ്പൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ഹെഡ് അല്ല, ടീച്ചിംഗ് പ്രിൻസിപ്പൽ ആണ്. 15 മുതൽ 20 മണിക്കൂർവരെ പ്രിൻസിപ്പൽ പഠിപ്പിക്കണം എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. അവിടെ ക്ലാർക്ക് ഇല്ല, പ്യൂൺ ഇല്ല, ലൈബ്രേറിയൻ ഇല്ല. ഇവരുടെ എല്ലാ പണിയും പ്രിൻസിപ്പൽ ചെയ്യണം. അദ്ദേഹം ഒരു സെൽഫ് ഡ്രോയിംഗ് ഓഫീസർ അല്ല. ഇങ്ങനെ പ്രിൻസിപ്പലിനെ പീഡിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. പ്രിൻസിപ്പൽമാരെ ടീച്ചിംഗ് ജോലിയിൽനിന്ന് ഒഴിവാക്കണമെന്നും അഡ്മിനിസ്ട്രേറ്റീവ് ഹെഡ് ആയിമാത്രം കണക്കാക്കണമെന്നുമുള്ള അവരുടെ സംഘടനയുടെ ആവശ്യം ന്യായമാണ്. പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുമ്പോൾ പ്യൂണിന്റേയും ക്ലാർക്കിന്റേയും ലൈബ്രേറിയന്റേയും തസ്തികകൾ സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. ഇതെല്ലാം ന്യായമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. പക്ഷേ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഇവിടെ നിലവിലുള്ള സംവിധാനം ശാക്തീകരിക്കാതെ പുതിയ കുറെ സ്കൂളുകൾ കൊടുത്ത് അവരെയൊക്കെ വഴിയാധാര മാക്കണമോയെന്ന് ആലോചിക്കേണ്ട കാര്യമാണ്. 16 പിരീഡിൽ താഴെയാണെങ്കിൽ ജൂനിയർ ലക്ചറർ ആയിട്ടാണ് നിയമനം. 'Once a Junior Lecturer, always a Junior Lecturer' എന്നതാണ് അവസ്ഥ. മലയാളം, അറബി, ഹിന്ദി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങൾക്ക് പലപ്പോഴും പിരീഡ് തികയുകയില്ല. സെറ്റ് പാസ്സായ, എല്ലാ ക്വാളിഫിക്കേഷനുമുള്ളവരെ പിരീഡ് കുറവാണ് എന്നുപറഞ്ഞ് ജൂനിയർ ലക്ചറർ എന്ന് നാമകരണം ചെയ്തു. അതിൽ തെറ്റുപറയുന്നില്ല, പക്ഷേ അഞ്ച് വർഷം കഴിയുമ്പോഴെങ്കിലും അവരെ സീനിയേഴ്സ് ആക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ലബ്ബാ കമ്മീഷനെ നിയോഗിച്ചു. കമ്മീഷൻ വസ്തുനിഷ്ഠമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. പക്ഷേ അതിന്മേൽ സർക്കാർ ഒരു തീരുമാനവും എടുത്തിട്ടില്ല. ഈ രംഗം ആകെ കുത്തഴിഞ്ഞ രീതിയിലാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ]

പഠിപ്പിക്കാൻ ആളില്ല, പഠിപ്പിച്ചവർക്ക് ശമ്പളവുമില്ലാത്ത സ്ഥിതിയാണുള്ളത്. റിസൾട്ടൊക്കെ നന്നായി എന്നത് ശരിയാണ്. അത് കുട്ടികൾ മത്സരബുദ്ധിയോടു കൂടി പഠിച്ച് പാസ്സായതാണ്. പക്ഷെ അദ്ധ്യാപകരുടെ സ്ഥിതി എന്താണ്? ഫിക്സേഷൻ കൃത്യമായ സമയത്ത് നടത്താതെ, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാതെ ഇങ്ങനെ വിദ്യഭ്യാസരംഗത്തെ താറുമാറാക്കുന്നത് ഭാവിക്ക് നല്ലതല്ല എന്ന് ബഹുമാനപ്പെട്ട വിദ്യഭ്യാസ വകുപ്പുമന്ത്രിയുടെ മുന്നിൽ ഞാൻ വിനീതമായി പറയുകയാണ്. ഈ കാര്യത്തിൽ സർക്കാർ ഉണരണം. അഡ്മിഷൻ കഴിഞ്ഞാൽ ഒരു മാസത്തിനകം സമയബന്ധിതമായി ഇതിൽ തീർപ്പുകൽപ്പിക്കണം. ഈ പ്രശ്നത്തിനൊരവസാനം വേണം. കഴിഞ്ഞ ഗവൺമെന്റ് കുറെ സ്കൂളുകൾ കൊടുത്തു, തസ്തികകൾ സൃഷ്ടിക്കാതെ ആ ഭാരം ഈ സർക്കാരിന്റെതലയിൽവച്ചു എന്നത് ശരിയാണ്. അങ്ങനെ ചെയ്യാൻ തന്നെയാണോ ഈ ഗവൺമെന്റും ഉദ്ദേശിക്കുന്നത്? ധാരാളം സ്കൂളുകൾ അനുവദിച്ചു, അഡീഷണൽ കോഴ്സുകൾ അനുവദിച്ചു, പക്ഷെ അദ്ധ്യാപകരില്ല. ഈ സ്ഥിതി തുടരരുത്. ജൂനിയർ ലക്ചറർമാരുടെയും പ്രിൻസിപ്പൽമാരുടെയും ക്ലാർക്കുമാരുടെയും ലൈബ്രേറിയൻമാരുടെയും പ്രശ്നങ്ങൾ പരിഹരിക്കണം, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണം, ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിന് നടപടി സ്വീകരിക്കണം. വിദ്യഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഹയർസെക്കണ്ടറി വിഭാഗത്തിൽ നിലനിൽക്കുന്ന ഈ ഗൗരവതരമായ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, 2011-12 അധ്യയന വർഷത്തിൽ അനുവദിച്ച അധിക ബാച്ചുകൾക്കായി 1809 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2014-15, 2015-16 അധ്യയനവർഷങ്ങളിൽ ആരംഭിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലും അധിക ബാച്ചുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനാണ് സർക്കാർ ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്. 2015-ലെ പ്രവേശന നടപടികൾ പൂർത്തിയായശേഷംമാത്രമെ പ്രസ്തുത ബാച്ചുകൾക്കും സ്കൂളുകൾക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 14-5-2004-ലെ ജി.ഒ.(ആർടി.) നമ്പർ 134/04/ പൊ.വി.വ. പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം, ഭൗതിക സാഹചര്യം എന്നിവ ഹയർസെക്കണ്ടറി പ്രിൻസിപ്പൽ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവർ പങ്കുവയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ഇതിലേയ്ക്കായി ക്ലാർക്കിന് 130 രൂപയും പ്യൂണിന് 60 രൂപയും സ്പെഷ്യൽ അലവൻസായി അനുവദിച്ചിട്ടുണ്ട്. എന്നാൽ പല ജീവനക്കാരും ഹയർ സെക്കണ്ടറി വിഭാഗത്തിൽ ജോലികൾ ചെയ്യാൻ തയ്യാറാകുന്നില്ലെന്ന വിവരം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർസെക്കണ്ടറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായി സർക്കാർ നിയോഗിച്ച പ്രൊഫ. പി. ഒ. ജെ. ലബ്ബ അദ്ധ്യക്ഷനായ കമ്മിറ്റി ഇത് ഒരിനമായി പരിഗണിക്കുകയും ഹയർസെക്കണ്ടറി സ്കൂളുകളുടെ സമഗ്രവും സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് ഓരോ സ്കൂളിനും ഒന്നുവീതം ക്ലാർക്ക്, പ്യൂൺ എന്നീ തസ്തികകൾ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു. ക്ലാർക്കിന്റെയും പ്യൂണിന്റെയും തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് ഭാരിച്ച അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ ഹയർസെക്കണ്ടറി സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ അനദ്ധ്യാപക തസ്തികകൾ സർക്കാരിന്റെ ധനസ്ഥിതികൂടി കണക്കിലെടുത്ത് ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. നിശ്ചിതവർഷം സേവന ദൈർഘ്യമുള്ള ഹയർസെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകർക്ക് എച്ച്.എസ്.റ്റി. ആയി സ്ഥാനക്കയറ്റം നൽകുന്ന വിഷയം ഉൾപ്പെടെ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തി എല്ലാ വിഷയങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയും വകുപ്പ് ഡയറക്ടറും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമുൾപ്പെടുന്ന ഒരു സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, പുതിയ കോഴ്സുകളുടെയും തസ്തികകളുടെയും കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ല. തസ്തികകൾ ഇല്ലാത്ത സ്ഥലത്ത് ജോലി ചെയ്യുന്നവർക്ക് ഡെയ്‌ലി വേജസ് പോലും കിട്ടുന്നില്ല. പുതിയ സ്കൂളുകളനുവദിച്ചിട്ട് തസ്തികകൾ സൃഷ്ടിക്കാൻ ധനകാര്യവകുപ്പ് അനുവദിക്കുന്നില്ലെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? ക്ലാസ്സുകൾ തുടങ്ങിയാൽ അദ്ധ്യാപകർക്ക് ശമ്പളമില്ല, അദ്ധ്യാപകരെ നിയമിക്കാനും പറ്റില്ല എന്നതാണ് സ്ഥിതി. ഇത് ഘട്ടം ഘട്ടമായി ചെയ്താൽ പോരാ. അതുകൊണ്ട് അഡ്മിഷൻ കഴിഞ്ഞാൽ ഒരു മാസത്തിനകം ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി അർഹതപ്പെട്ട തസ്തികകൾ സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാവുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം പരിശോധിക്കാം.

## 2. അനിശ്ചിതകാല നിരാഹാരസമരം

ശ്രീ. സി. കൃഷ്ണൻ: സർ, കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭാ അതിർത്തിയിൽ കൊറ്റിയിൽ ജുമാ മസ്ജിദിലെ ജീവനക്കാരൻ അബ്ദുൾ ഹക്കിം അതിദാരുണമായി കൊല ചെയ്യപ്പെട്ടിട്ട് 16 മാസം പൂർത്തിയാകുകയാണ്. 2014 ഫെബ്രുവരി 10-ന് രാവിലെയാണ് ജുമാ മസ്ജിദ് കോമ്പൗണ്ടിനകത്ത് കത്തിക്കരിഞ്ഞ നിലയിൽ ഹക്കിമിന്റെ മൃതദേഹം കണ്ടെത്തിയത്. തലേദിവസം വൈകുന്നേരം പള്ളിക്കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുക്കുവാൻ വീട്ടിൽനിന്നും പോയതാണ് ഹക്കിം. ഹക്കിമിന്റെ

സഹധർമ്മിണിക്കും ഏക മകനും കുടുംബാംഗങ്ങൾക്കും ഹക്കിമിന്റെ ശരീരം പോലും കാണാൻ കഴിയാതെ പള്ളി കോമ്പൗണ്ടിനകത്ത് ചുട്ടുകരിച്ച നിലയിലാണ് മൃതശരീരം കാണപ്പെട്ടത്. രാവിലെ ശരീരം കത്തിക്കൊണ്ടിരിക്കുന്നതാണ് അവിടെയുള്ളവർ കണ്ടത്. ഈ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ആദ്യഘട്ടം മുതൽതന്നെ ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടായിരുന്നു. ഈ കേസിലെ കൊലയാളികളെ ഇതുവരെയും അറസ്റ്റ് ചെയ്യാൻ സാധിക്കാത്തതിൽ ശക്തമായ പ്രതിഷേധം അവിടെ നിലനിൽക്കുകയാണ്. അതിന്റെ ഭാഗമായി കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും ചേർന്നുകൊണ്ട് രൂപീകരിച്ച സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ ഹക്കിമിന്റെ കൊലയാളികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയോ കേസന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് 25 ദിവസമായി നിരാഹാര സമരം നടന്നുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടത്തിൽ പയ്യന്നൂർ നഗരസഭാ ചെയർപേഴ്സൺ ശ്രീമതി കെ. ബി. ലളിതയാണ് നിരാഹാരസമരം തുടങ്ങിയത്. എന്നാൽ ഡോക്ടർമാരുടെ നിർദ്ദേശമനുസരിച്ച് ലളിതയെ പോലീസ് അറസ്റ്റ് ചെയ്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അതിനെത്തുടർന്ന് ഒരു മനുഷ്യാവകാശ പ്രവർത്തകൻ കൂടിയായ അത്തായി ബാലൻ നിരാഹാര സമരമാരംഭിക്കുകയും 11-ാം ദിവസം അദ്ദേഹത്തെയും അറസ്റ്റ് ചെയ്ത് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അതേത്തുടർന്ന് അവിടത്തെ സി.പി.ഐ.(എം)-ന്റെ നേതാവായ കെ. രാഘവൻ ആരംഭിച്ച നിരാഹാര സമരം ഇന്ന് 9 ദിവസം പിന്നിടുകയാണ്. ഈ വിധത്തിലുള്ള തുടർച്ചയായ സമരത്തിനുശേഷവും ഈ കേസിലെ പ്രതികളെ പിടികൂടാൻ സാധിച്ചിട്ടില്ല. ഇപ്പോഴും അന്വേഷിക്കുന്നുണ്ടെങ്കിൽപ്പോലും കൊലയാളികളെ കണ്ടെത്താതെ ഇരുട്ടിൽ തപ്പുന്ന ഒരു നിലപാടാണ് പോലീസ് അവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പോലീസിന്റെയും അധികൃതരുടെയും നിലപാടിൽ പ്രതിഷേധിച്ചുകൊണ്ടുള്ള സമരം അവിടെ ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഇന്ന് ഈ സഭ ചേരുന്ന ദിവസം, പയ്യന്നൂർ നഗരസഭാതിർത്തിയിലെ മുപ്പതോളം കേന്ദ്ര, സംസ്ഥാന ഗവൺമെന്റ് ഓഫീസുകൾ ഉപരോധിച്ചുകൊണ്ട് ആയിരക്കണക്കിനാളുകൾ അവിടെ സമരം ചെയ്യുന്നത്. അതുകൊണ്ട് ഈ കേസിലെ പ്രതികളെ കണ്ടെത്താൻ അടിയന്തര നടപടി സ്വീകരിക്കണം. 2014 നവംബർ മാസത്തിൽ ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടുകൊണ്ട് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിൽപോലും സി.ബി.ഐ. ഏറ്റെടുത്തിട്ടില്ല. സി.ബി.ഐ.യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനാവശ്യമായ ഇടപെടലോ സമ്മർദ്ദമോ ആഭ്യന്തരവകുപ്പിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു സാധാരണ കൊലപാതകമായിട്ട് ഇതിനെ കാണാൻ കഴിയില്ല. ഒന്നാമത്തെ കാര്യം, അബ്ദുൾ ഹക്കിം ഒരു കുടുംബത്തിന്റെ അത്താണിയാണ്. ഒരു പള്ളി കോമ്പൗണ്ടിനകത്താണ് ഈ മൃതശരീരം കത്തിക്കരിഞ്ഞതായി കാണപ്പെടുന്നത്.

സാധാരണ ഗതിയിൽ ഒരു മുസ്ലീം മതവിശ്വാസിയാകുക, അദ്ദേഹത്തിന്റെ ശരീരം ഒരു പള്ളി കോമ്പൗണ്ടിനകത്ത് കത്തിക്കുക, ഈ തരത്തിൽ വളരെ ഉത്കണ്ഠാജനകമായ ഒരു കൊലപാതകമാണ് അവിടെ നടന്നിട്ടുള്ളത്. അതിന്റെ ഗൗരവമനുസരിച്ച് ആദ്യംഘട്ടം മുതൽ തന്നെ പോലീസ് ഇടപെട്ടില്ല. വിവരമറിഞ്ഞ് ഒന്നേമുക്കാൽ മണിക്കൂർ കഴിഞ്ഞതിനുശേഷമാണ് പോലീസ് അവിടെയെത്തിയതെന്ന കാര്യവും ആക്ഷേപത്തിന് ഇടയായിട്ടുള്ളതാണ്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം. അവിടെ നടന്നുവരുന്ന നിരാഹാര സമരം അവസാനിപ്പിക്കാൻ സാധിക്കത്തക്കനിലയിൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റുകൂടി ഇടപെട്ടുകൊണ്ട് സി.ബി.ഐ.യെ കൊണ്ട് ഈ കേസ് ഏറ്റെടുപ്പിക്കുകയോ ചെയ്യണമെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. പയ്യന്നൂരിൽ മറ്റൊരു സംഭവം കൂടിയുണ്ട്. എന്റെ മണ്ഡലത്തിൽ ചെറുപുഴ പഞ്ചായത്തിൽ മറിയക്കുട്ടിയെന്ന ഒരു വയോവൃദ്ധ ദാരുണമായി കൊലചെയ്യപ്പെട്ടിട്ട് രണ്ടര വർഷമാകുകയാണ്. ആ കേസ്സിൽ ഇതുവരെ തുമ്പുണ്ടാക്കാൻ സാധിച്ചിട്ടില്ല. പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. ഈ വിധത്തിൽ കൊലപാതകങ്ങൾ തുടരുന്നു, പ്രതികളെ പിടികൂടുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഇത്രയും ഉത്കണ്ഠാജനകമായ സംഭവങ്ങളിൽ വ്യാപകമായ പ്രതിഷേധം വളർന്നുവരികയാണ്. ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. കൃഷ്ണൻ ഉന്നയിച്ചകാര്യം വളരെ ഗൗരവമുള്ളതാണ്. പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കൊറ്റിയിൽ ജുമാ മസ്ജിദ് ജോലിക്കാരനായ ദാമോദരൻ എന്ന അബ്ദുൾ ഹക്കിമിന്റെ ശരീരം കത്തിക്കരിഞ്ഞ നിലയിൽ 10-2-2014 രാവിലെ 6.45-ാടെ പള്ളിയുടെ കീഴിലുള്ള മഹമൂന്നിൽ മദ്രസയുടെ പിൻവശത്ത് കാണപ്പെട്ടതുമായി ബന്ധപ്പെട്ട് അബ്ദുഹക്കിമിന്റെ സഹോദരൻ ശ്രീ. പി. വി. ഭാസ്കരന്റെ മൊഴി പ്രകാരം പയ്യന്നൂൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 142/14 U/s 174 സിആർ.പി.സി. നമ്പറായി രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടത്തി വീണ്ടും 302 ഐ.പി.സി. കൂടിച്ചേർത്ത് തളിപ്പറമ്പ് ഡിവൈ.എസ്.പി. സുദർശനന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം വിശദമായ അന്വേഷണം നടത്തിവരവെ പ്രതികളെപ്പറ്റി സൂചനകളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ 21-6-2014.ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ ഡി4-48171/2014 പ്രകാരം ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്തു. പിന്നീടുള്ള സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേസിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറികൊണ്ട് 14-11-2014 -ൽ ജി.ഒ. (എംഎസ്.) നമ്പർ 227/2014/ഹോം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 3-12-2014-ൽ പ്രസ്തുത വിജ്ഞാപനം കേന്ദ്ര

സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സി.ബി.ഐ. ആവശ്യപ്പെട്ട പ്രകാരം കേസിന്റെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പെർഫോമയും കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്. 7-5-2015-ൽ വീണ്ടും രണ്ടാം തവണയും കേന്ദ്ര-പരിസ്ഥിതി മന്ത്രാലയത്തോട് ഈ കേസ് സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ടോ എന്ന് വിവരം ആരാഞ്ഞു. കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇതുസംബന്ധിച്ച് സി.ബി.ഐ.യിൽ നിന്ന് നാളിതുവരെ ഒരു അറിയിപ്പും ലഭിച്ചിട്ടില്ല. എന്നാൽ കേസ് സി.ബി.ഐ. ഏറ്റെടുത്തിട്ടില്ല എന്നുള്ള നിഗമനത്തിൽ പൂർണ്ണമായി എത്തിച്ചേരാൻ ഈ സാഹചര്യത്തിൽ കഴിയില്ല. സിബി.ഐ.യിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ഗുരുതരമായ ഒരു സ്ഥിതി അവിടെയുണ്ടെന്നാണ്. പക്ഷേ, തെളിവുകളില്ലാതെ ആരെയും അറസ്റ്റ് ചെയ്യാൻ പറ്റില്ല. അങ്ങനെ ഒരു നടപടി ഗവൺമെന്റ് സ്വീകരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കൃഷ്ണനും അവിടെയുള്ള ഐക്യജനാധിപത്യ മുന്നണിയുടെ ഭാരവാഹികളും കോൺഗ്രസ്സിന്റെ നേതാക്കന്മാരും എന്നെവന്ന് കണ്ട സന്ദർഭത്തിൽ അവരുമായി ഗൗരവമായി ചർച്ച ചെയ്ത് എ.ഡി.ജി.പി. ക്രൈംസ് ശ്രീ. അനന്തകൃഷ്ണനെ അങ്ങോട്ട് അയയ്ക്കുകയുണ്ടായി. അദ്ദേഹം അവിടെയുള്ള അന്വേഷണ ടീമുമായി വളരെ വിശദമായി ചർച്ച ചെയ്തു. ഇവിടെ ഉന്നയിച്ച മറിയക്കുട്ടി കൊലക്കേസ് നടന്ന പ്രദേശത്ത് എ.ഡി.ജി.പി. അനന്തകൃഷ്ണൻ നേരിട്ടുപോയി വിവരങ്ങൾ അന്വേഷിക്കുകയും മുൻസിപ്പൽ അധികൃതരുമായും എം.എൽ.എ.യുമായും അതോടൊപ്പം സമരം ചെയ്യുന്ന ആളുകളുമായിട്ടും ചർച്ച നടത്തുകയും ചെയ്തു. പക്ഷേ, ഒരു കൊലപാതകത്തിന്മേൽ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പോലീസിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. എനിക്ക് സമരം ചെയ്യുന്നവരോട് പറയാനുള്ളത് ദയവായി ഈ സമരം വിത്ഡ്രോ ചെയ്യണം. കൊലപാതകത്തിന്റെ പേരിൽ ഇങ്ങനെ നിരാഹാരം നടത്തിയാൽ, പ്രതികളെ കണ്ടെത്തണമെന്ന പറയുന്നതിന് അതിന്റേതായ ബുദ്ധിമുട്ടുകളുണ്ട്. അതിന് സമയമെടുക്കും. തെളിവുകളില്ലാതെ ആരെയും വെറുതെ അറസ്റ്റ് ചെയ്യാൻ സാധിക്കില്ല. കൊലപാതക കേസ്സുകളിൽ നിരാഹാരസമരം ഉൾപ്പെടെയുള്ളത് സ്വീകരിക്കുന്നത് ഒരു എക്സ്ട്രീം സ്റ്റെപ്പാണ്. ലോക്കൽ പോലീസ് അന്വേഷിച്ചു, ക്രൈംബ്രാഞ്ച് അന്വേഷിച്ചു, സി.ബി.ഐയ്ക്ക് വിട്ടുകൊടുക്കാമെന്നും പറഞ്ഞു. ഇതിൽ കൂടുതൽ ഒരു ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുന്നത്? എ.ഡി.ജി.പി.യെ ഞാൻ അവിടെയ്ക്ക് വിട്ടു. ദയവായി എം.എൽ.എ. മറ്റുള്ളവരുമായി സംസാരിച്ച് ഈ നിരാഹാര സമരം അവസാനിപ്പിക്കണം. സി.ബി.ഐ. അന്വേഷിക്കണമെന്ന് നാം ആവശ്യപ്പെടുകയാണ്. ഗവൺമെന്റ് രണ്ടുതവണ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രമന്ത്രിയെ കണ്ടു ഞാൻ സംസാരിക്കാൻ ഇരിക്കുകയാണ്. പക്ഷേ, എല്ലാ കൊലപാതക കേസ്സുകളും സി.ബി.ഐ. എടുക്കില്ല എന്നൊക്കെയാണ് അവരുടെ നിലപാട്. ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. ഒരു കൊലപാതക കേസാകുമ്പോൾ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ക്രൈംബ്രാഞ്ചിന് മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ. അങ്ങനയെ പാടുള്ളൂ.

നമ്മൾ നിർബന്ധിക്കാൻ പാടില്ല. ഇത്തരം ജനകീയ സമങ്ങളോട് അനുഭാവമുള്ള ആളാണ് ഞാൻ. നിരാഹാരസമരങ്ങളും പ്രതിഷേധ സമരങ്ങളും ധർണ്ണകളുമൊക്കെ നല്ലതാണ്. പക്ഷേ, ഒരു കൊലപാതകകേസ് ഇന്ന ദിവസം തീർക്കണമെന്ന് പറഞ്ഞു കൊണ്ട് സമരം ചെയ്താൽ ബഹുമാനപ്പെട്ട മെമ്പർ കൃഷ്ണൻ തന്നെ മനസ്സിലാക്കണം, ഈ സഭ മനസ്സിലാക്കണം, എങ്ങനെ ഒരു നിഗമനത്തിൽ എത്തിച്ചേരാൻ കഴിയും. അങ്ങ് ഒരു അഭിഭാഷകൻകൂടിയാണ്. കോടതിയുടെ മുന്നിൽ വരേണ്ട കാര്യങ്ങളാണ് ഇത്. വെറുതെ കാണുന്നവരെ അറസ്റ്റ് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഒരു കൊലപാതകം ഇന്ന ദിവസം തെളിയിക്കണമെന്ന് പറഞ്ഞുകൊണ്ട് അനിശ്ചിതകാല നിരാഹാരം നടത്തുന്നത് എത്രമാത്രം അഭിലഷണീയമാണെന്ന് ദയവായി ചിന്തിക്കണം. ഇതിൽ ഗവൺമെന്റിന് ഉത്കണ്ഠയുണ്ട്. ആഭ്യന്തര വകുപ്പ് എല്ലാ ശക്തിയും ഉപയോഗിച്ചുകൊണ്ട് തെളിവുകൾക്കുവേണ്ടി അന്വേഷണം മുന്നോട്ടുകൊണ്ടു പോകുകയാണ്. അന്വേഷണം ശരിയായ ദിശയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നുമുള്ളതിന്റെ അടിസ്ഥാ നത്തിൽ അവിടത്തെ സമരം പിൻവലിക്കണമെന്ന് ഈ സഭയിലൂടെ സമര സമിതിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. കൃഷ്ണൻ : സർ, ഇതിൽ തെളിവുകളില്ലാതെ പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് ആരും ആവശ്യപ്പെടുന്നില്ല. മറ്റ് കൊലപാതകങ്ങളിൽനിന്ന് വ്യത്യസ്തമായി ഇതിനുള്ള ഒരു പ്രത്യേകത ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു പള്ളിയിലെ ജീവനക്കാരൻ പള്ളിയുടെ കോമ്പൗണ്ടിൽ ചുട്ടുകരിക്കപ്പെട്ടു. ദാമോദരൻ എന്നറിയപ്പെട്ടിരുന്ന ഹക്കിം. അയാൾ മതപരിവർത്തനം നടത്തിയത് 13 വർഷം മുമ്പാണ്. അദ്ദേഹം മലപ്പുറത്തുനിന്നുള്ള ഒരു കുട്ടിയെ വിവാഹം കഴിച്ച് കുടുംബസമേതം അവിടെ താമസിക്കുകയാണ്. വേറെ പ്രശ്നങ്ങളൊന്നുമില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ടു കൊണ്ട് പല ഊഹാപോഹങ്ങളും പ്രചരിപ്പിക്കാൻ അവിടെ പരിശ്രമം നടക്കുന്നുണ്ട്. 16 മാസക്കാലമായിട്ടും ലോക്കൽ പോലീസും പ്രത്യേക സ്ക്വാഡും അതുപോലെതന്നെ ക്രൈംബ്രാഞ്ചും അന്വേഷിച്ചിട്ടും കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഇത് ഉന്നത ഏജൻസിയായിട്ടുള്ള സി.ബി.ഐ.ക്ക് വിടാൻ അങ്ങെടുത്ത തീരുമാനം ഉചിതമായിട്ടുള്ളതാണ്. പക്ഷേ, ഏജൻസി ഇതുവരെ ഈ കേസ് ഏറ്റെടുത്തിട്ടില്ല. സി.ബി.ഐ.യെ ഗവൺമെന്റുതന്നെ ഏൽപ്പിക്കുന്നു. പാവപ്പെട്ട ഒരു മനുഷ്യൻ ഈ വിധത്തിൽ കൊല്ലപ്പെട്ടപ്പോൾ എന്തുകൊണ്ട് ഇത്തരം ഏജൻസികൾ സത്വര നടപടികൾ സ്വീകരിക്കുന്നില്ല. സംസ്ഥാന ഗവൺമെന്റിന് അതിൽ ഇടപെടാൻ സാധിക്കുന്നില്ല എന്ന ചോദ്യം ഉയർന്നുവന്നിരിക്കുകയാണ്. തെളിവില്ലാതെ അറസ്റ്റ് ചെയ്യുന്നില്ല. ഇവിടെ ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരം സി.ബി.ഐ. ഈ കേസ്സ് ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചാൽ മാത്രമെ അവിടുത്തെ സമരം അവസാനിക്കുകയുള്ളൂ. ഈ കാര്യത്തിൽ അങ്ങ് അടിയന്തരമായും ഇടപെടണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിന്റെ പകർപ്പ് ഗവൺമെന്റ് ബഹുമാനപ്പെട്ട കാസർഗോഡ് എം.പി. ശ്രീ. പി. കരുണാകരന് കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ബഹുമാനപ്പെട്ട എ.പി.യോടും അങ്ങ് പറയണം. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇനിയും എഴുതാനും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ കാണാനും തയ്യാറാണ്. പക്ഷേ ഇങ്ങനെയുള്ള കൊലപാതക കേസ്സുകളിൽ നിരാഹാരമനുഷ്ഠിക്കാൻ തുടങ്ങിയാൽ കേരളം എവിടെ ചെന്നെത്തും; ഇങ്ങനെയായാൽ ഏത് കേസ്സാണ് തെളിയിക്കാൻ കഴിയുന്നത്; അതുകൊണ്ട് ദയവായി ഈ സമരം അവസാനിപ്പിക്കണം. ശ്രീ. പി. കരുണാകരനും അങ്ങും എന്നോട് സംസാരിച്ചതാണ്. അതിനുശേഷം കത്തിന്റെ പകർപ്പും ഞാൻ അങ്ങേയ്ക്ക് നൽകി. അദ്ദേഹം പാർലമെന്റിലും ഇക്കാര്യം ഉന്നയിക്കട്ടെ.

ശ്രീ. സി. കെ. നാണു: സർ, ജനങ്ങൾ വളരെ സമാധാനപരമായാണ് നിരാഹാരമനുഷ്ഠിച്ചുവരുന്നത്. അവിടത്തെ സാഹചര്യം മനസ്സിലാക്കി അദ്ദേഹം ആവശ്യപ്പെട്ടതുപോലെയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുകയാണ്. ആദ്യം ലോക്കൽ പോലീസ് അന്വേഷിച്ചു, ക്രൈംബ്രാഞ്ച് അന്വേഷിച്ചു, പോരാത്തതിന് രണ്ടുതവണ സി.ബി.ഐ.ക്ക് എഴുതി. എം.എൽ.എ., എം.പി. ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതാക്കാൾ വന്നുപറഞ്ഞു, എ.ഡി.ജി.പി-യെ അങ്ങോട്ട് അയച്ചു. എ.ഡി.ജി.പി. അന്വേഷണസംഘത്തിന്റെ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്തു. ശ്രീ. പി. കരുണാകരൻ എം.പി., എന്നോട് പറഞ്ഞു. ഞാൻ അദ്ദേഹത്തിന് ശ്രീ സി. കൃഷ്ണന്റെ കയ്യിൽത്തന്നെ കത്ത് കൊടുത്തുവിട്ടു. അദ്ദേഹം സമ്മർദ്ദം ചെലുത്തട്ടെ. സി.ബി.ഐ. അന്വേഷണത്തിനുവേണ്ടി നമുക്ക് സമ്മർദ്ദം ചെലുത്താനെ കഴിയൂ. പക്ഷേ ക്രൈംബ്രാഞ്ച് അന്വേഷണം നല്ല രീതിയിൽ ഇപ്പോഴും മുന്നോട്ട് പോകുകയാണ്. പക്ഷേ ശരിയായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമെ നമുക്കൊരു കൺക്ലൂഷനിൽ എത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ-യോട് എനിക്ക് പറയാനുള്ളത് സമരസമിതിയോട് സമരം അവസാനിപ്പിക്കാൻ അങ്ങുകൂടി അഭ്യർത്ഥിക്കണം. എത്രനാൾ സമരം മുന്നോട്ടു കൊണ്ടുപോകും. ചില ക്രൈംബ്രാഞ്ച് കേസ്സുകൾ തെളിയാൻ വർഷങ്ങളെടുക്കും. താമരശ്ശേരി എ.എൽ.എ.യുടെ മണ്ഡലത്തിലെ ഒരു കേസ് പെട്ടെന്ന് തെളിയിച്ചു. ചില കേസ്സുകൾ പെട്ടെന്ന് തെളിയും. ചില കേസ്സുകൾ തെളിയിക്കുന്നതിന് സമയമെടുക്കും. അതുകൊണ്ട് ദയവായി അങ്ങുകൂടി ഇടപെട്ട് അവിടെ നടക്കുന്ന നിരാഹാര സമരം അവസാനിപ്പിക്കണം. അന്വേഷണം ശക്തമായി കൊണ്ടുപോകാം. സി.ബി.ഐ-യോട് വീണ്ടും ആവശ്യപ്പെടാം. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം.

11.41 P. M.]

## VII സബ്മിഷൻ

### 1. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കേരളത്തിലെ പന്ത്രണ്ടര ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരും ആ മേഖലയിൽ പണിയെടുക്കുന്ന എട്ട് ലക്ഷത്തോളം വരുന്ന പാവപ്പെട്ട റബ്ബർവെട്ട് തൊഴിലാളികൾ ഉൾപ്പെടെയുള്ളവരും ഒന്നരക്കൊല്ലമായി മുഴുപ്പട്ടിണിയിലാണെന്നുള്ളകാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് യാതൊരു മാനദണ്ഡവുമില്ലാതെ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തി ഏകദേശം 4,11,000 ടൺ റബ്ബറാണ് സംഭരിച്ചുവച്ചത്. ഇന്ത്യയിലെ റബ്ബറിന്റെ ഉപഭോഗം പരിശോധിക്കുമ്പോൾ ഒരുവർഷം 70,000 ടൺ റബ്ബറിന്റെ കുറവുണ്ടെന്നാണ് റബ്ബർ ബോർഡ് പറയുന്നത്. സത്യസന്ധമായി പരിശോധിച്ചാൽ റബ്ബർ ബോർഡിൽ രജിസ്ട്രേഷനില്ലാത്ത സ്ഥാപനങ്ങളുടെ തോട്ടത്തിലെ റബ്ബർകൂടി വരുമ്പോൾ യാതൊരുവിധ കുറവും ഇന്ത്യാ രാജ്യത്തില്ല.

അങ്ങനെ റബ്ബർ മിച്ചം എന്ന് കണക്കാക്കാൻ കഴിയുന്ന ഈ അവസരത്തിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തമിഴ്നാട്ടുകാരൻ ചിദംബരം മന്ത്രിയായിരുന്നുകൊണ്ട് കേരളത്തിലെ കർഷകരോട് ഈ പാപം ചെയ്തത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ആ പാപം ചെയ്തപ്പോൾ 248 രൂപ വിലയുണ്ടായിരുന്ന റബ്ബർ ഇന്ന് 120 രൂപയ്ക്കുപോലും ആർക്കും വേണ്ടാത്ത അവസ്ഥയിലെത്തി. ഇന്ന് റബ്ബർ വെട്ടാൻ കഴിയാത്ത അവസ്ഥയാണ്. റബ്ബർ വെട്ടിച്ചാൽ കർഷകന് വെട്ടുകൂലി കൊടുക്കണമെങ്കിൽ വേറെ പണമുണ്ടാക്കേണ്ടിവരും. നമ്മുടെ സംസ്ഥാന ഗവൺമെന്റ് സഹായിക്കുമെന്ന് പറഞ്ഞു, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻതന്നെ സബ്മിഷനും ശ്രദ്ധക്ഷണിക്കലും കൊണ്ടുവന്ന വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ചുകൂട്ടി റബ്ബർ സംഭരിക്കുമെന്ന് പറഞ്ഞു. റബ്ബർ സംഭരിക്കാൻ 100 കോടിരൂപ കൊടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 100 കോടി രൂപ കൊടുക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞു. അവസാനം ചർച്ച വന്നപ്പോൾ 30 കോടി രൂപ കൊടുക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. കൊടുത്തുകൊടുത്ത് വന്നപ്പോൾ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് 5 കോടി രൂപയും റബ്ബർ മാർക്കറ്റിംഗ് ഫെഡ്സിന് 5 കോടി രൂപയും ഉൾപ്പെടെ 10 കോടി രൂപ ആകെ കൊടുത്തു. അതിനുശേഷം റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് രണ്ടരക്കോടി രൂപയും കൂടി കൊടുത്തു. അങ്ങനെ പന്ത്രണ്ടരക്കോടി രൂപ ആകെ കൊടുത്തു. അതുകഴിഞ്ഞ് റബ്ബർ സംഭരണമേ നടക്കുന്നില്ല. ആ സമയത്ത് എന്താവശ്യത്തിനാണെന്ന് അറിയില്ല രണ്ട് സംഘങ്ങൾക്കും ഓരോ കോടി രൂപകൂടി കൊടുത്തു. ആകെ പതിന്നാലരക്കോടി രൂപയാണ് ഈ ഗവൺമെന്റ് പാവപ്പെട്ട റബ്ബർ കർഷകരെ രക്ഷിക്കാൻ, റബ്ബർ സംഭരിക്കാൻ വേണ്ടി കൊടുത്തത് എന്നുപറയുമ്പോൾ ഇത് എത്രയോ അപമാനകരമാണ് എന്നുള്ളത് ആലോചിക്കണം. അതുതന്നെയുമല്ല ജനങ്ങളുടേത് എന്നുപറയുന്ന റബ്ബർ മാർക്കറ്റിംഗ്

ഫെഡറേഷൻ റബ്ബർ സംഭരിച്ച് വിറ്റ് കാശാക്കി, അത് അവരുടെ കയ്യിൽ ഇരിപ്പുണ്ട്. എന്നാൽ ഒരു എം.പി.യുടെ നേതൃത്വത്തിൽ നടക്കുന്ന റബ്ബർ മാർക്കറ്റിംഗ് ഫെഡ് സംഭരിച്ച റബ്ബർ വിറ്റിട്ടില്ല. ഒരു കോടി രൂപ എന്തിനാണ് നൽകിയതെന്ന് അതിന്റെ എം.ഡി.-യോട് ചോദിച്ചപ്പോൾ, ആ തുക ബാങ്കിലിട്ടിട്ടുണ്ട് എന്തിനാണെന്ന് അറിയില്ല എന്നുപറഞ്ഞു. റബ്ബർ സംഭരണമേയില്ല. ഈ സമയത്താണ് ബഡ്ജറ്റിൽ 300 കോടി രൂപ വച്ചിരിക്കുന്നു എന്നു പറയുന്നത്. കേട്ടപ്പോൾ വളരെ സന്തോഷം തോന്നി. പാവപ്പെട്ട കേര കൃഷിക്കാർ പട്ടിണി കിടന്നപ്പോൾ, തേങ്ങയ്ക്ക് വിലയില്ലാതായപ്പോൾ കൊപ്ര സംഭരിച്ചു. അന്ന് സഹകരണ ഡിപ്പാർട്ടുമെന്റ് എൻക്വയറി നടത്തിയപ്പോൾ 120 കോടി രൂപ കൊപ്ര സംഭരണത്തിന്റെ പേരിൽ മോഷ്ടിക്കപ്പെട്ടതായി കണ്ടെത്തി എന്നുമാത്രമല്ല, അത്ഭുതകരമായി പറയാം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ചില നേതാക്കന്മാർ രണ്ടരക്കോടി രൂപയ്ക്കാണ് കൊപ്ര സംഭരിച്ചത്. അതിനെക്കുറിച്ച് വിജിലൻസ് എഴുതിവച്ചിരിക്കുന്നത് വായിക്കാനിടയായി. 30 കൊല്ലം പൂഞ്ഞാർ നിയോജകമണ്ഡലത്തിലുള്ള തേങ്ങ മുഴുവൻ വെട്ടിയെടുത്താലും രണ്ടരക്കോടി രൂപയുടെ തേങ്ങ കിട്ടുകയില്ല. കാരണം അവിടെ തെങ്ങില്ല. റബ്ബറാണുള്ളത്. അവിടെനിന്നാണ് തേങ്ങ സംഭരിച്ചത്. സിലോണിൽനിന്നും കൊപ്ര ഇറക്കുമതി ചെയ്ത് കച്ചവടം നടത്തി, ഇവിടെ മഹത്വം പറഞ്ഞ മന്ത്രി പോയി, ആ കേസ് ചാർജ് ചെയ്ത് അന്വേഷണം നടത്താതെ നേതാക്കന്മാരെ രക്ഷിച്ചുകൊണ്ട് നടക്കുകയാണ്. നിങ്ങളോട് ദൈവം തമ്പുരാൻ ചോദിക്കും. കൃഷിക്കാരന്റെതാണ് കട്ടുതിന്നുന്നത് എന്നുള്ളതോർക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 300 കോടി രൂപ എവിടെപ്പോകും ; ഇപ്പോഴത്തെ ഗവൺമെന്റ് പ്രഖ്യാപനം എന്താണ്; കർഷകൻ റബ്ബർ കൊണ്ടുപോയി കടയിൽ കൊടുത്താൽ 120 രൂപ ലഭിക്കും. 150 രൂപ കൊടുക്കുമെന്നാണ് പറഞ്ഞത്. ഇന്ന് 120 രൂപയ്ക്കുപോലും റബ്ബറെടുക്കാൻ ആളില്ല. ചെറുകിട കച്ചവടക്കാർ മുഴുവനും റബ്ബർ കട നിർത്തിക്കഴിഞ്ഞു. ഇവിടെ ഏറ്റവും ദുഃഖകരമായത് purchase tax എടുത്തുകളഞ്ഞാൽ ഒരു കിലോയ്ക്ക് 5 രൂപ കൂട്ടി ഗവൺമെന്റ് ഖജനാവിൽനിന്നും പണം തരാതെ സംഭരിച്ചുകൊള്ളാം എന്ന് ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥൻ ഞാനും മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത മീറ്റിംഗിൽ പറഞ്ഞു. പക്ഷേ purchase tax എടുത്തുകളയാൻ പറ്റില്ലെന്ന് പറഞ്ഞു. എന്നാൽ ഈ ഗവൺമെന്റ് ആരും അറിയാതെ ഡിസംബർ മാസം 20-ാം തീയതി മുതൽ മാർച്ച് 31-വരെ purchase tax ഒഴിവാക്കിക്കൊണ്ട് റബ്ബർ സംഭരണം വ്യവസായികൾക്ക് വിട്ടുകൊടുത്തു. 120 കോടി രൂപയാണ് purchase tax-ലൂടെ റബ്ബർ വ്യവസായികൾ തട്ടിക്കൊണ്ടുപോയത്. അത് കൃഷിക്കാരന് കിട്ടിയിട്ടില്ല. ഇപ്പോൾ 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതായി പറയുന്നു. പഴയ കൊപ്ര സംഭരണംപോലെയുള്ള സംഭരണമാണോ ഉദ്ദേശിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. കൃഷിക്കാരൻ റബ്ബർ കടയിൽ കൊണ്ടുകൊടുത്താൽ 120 രൂപ കിട്ടും. ബാക്കി 30 രൂപയ്ക്ക് രസീത് കൊണ്ടുപോയി റബ്ബർ ബോർഡിന്റെ ഫീൽഡ് ഓഫീസറെ ഏൽപ്പിക്കണം. ഫീൽഡ് ഓഫീസർ അത് പരിശോധിച്ചശേഷം

കൃഷിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സർക്കാരിൽനിന്ന് നൽകും എന്നാണ് പറയുന്നത്. ഇത് പഴയ കൊപ്ര സംഭരണംപോലെ തന്നെയാകും. അതിന്റെ ആവശ്യമുണ്ടോ; കർഷകരെ രക്ഷിക്കാനാണുദ്ദേശിക്കുന്നതെങ്കിൽ ഏത് വിധത്തിൽ റബ്ബർ സംഭരിക്കും; എത്ര രൂപയ്ക്ക് റബ്ബർ സംഭരിക്കും; അതിന് ഈ കുറുക്കുവഴി വിട്ട് കർഷകനുതന്നെ നേരിട്ട് പണം കൊടുക്കാൻ എന്താണ് മാർഗ്ഗം? അതിനെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് ഉന്നയിച്ചത് കേരളത്തിലെ ലക്ഷക്കണക്കിന് റബ്ബർ കർഷകരുടേയും തൊഴിലാളികളുടേയും നീറുന്ന പ്രശ്നമാണ്. ഇത് കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വളരെയധികം പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇതറിഞ്ഞുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി, കൃഷിവകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരെ കാണുകയും വിവിധ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്തത്. അതിൽ പ്രധാനപ്പെട്ടത് റബ്ബറിന്റെ ഇറക്കുമതി തടയുക, റബ്ബർ വ്യവസായത്തെ Make in India പദ്ധതിയിൽ ഉൾപ്പെടുത്തുക, റബ്ബർ ഷീറ്റിന്റേയും റബ്ബർ ഉൽപ്പന്നങ്ങളുടേയും ഇറക്കുമതിച്ചുങ്കം 8 ശതമാനത്തിൽനിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക, റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിന് കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ്സ് ഏർപ്പെടുത്തുക, സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിങ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം 40 ശതമാനമായി വർദ്ധിപ്പിക്കുക, റബ്ബർ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക, സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്താൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക, റബ്ബർ തടിയെ കാർഷികോൽപ്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക, സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷക പ്രാതിനിധ്യം ഉറപ്പാക്കുക, ഇതൊക്കെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. ഇതിൽ പ്രധാനപ്പെട്ടത് സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണ് കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണ് കുറവ് എന്ന നിരക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ അംഗീകരിക്കുകയും കേരളത്തിലെ റബ്ബർ കർഷകർക്ക് കൂടുതൽ സഹായകരമായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽപ്പോലും കർഷകരെ കൂടുതലായി സഹായിക്കാൻ കഴിയുന്ന രൂപത്തിൽ അല്ല ഉള്ളത്. ഇതിനെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യാനും ഇത്തരം കാര്യങ്ങൾ കൂടുതലായി പരിഗണിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ കൃഷിവകുപ്പിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകും.

മി. ചെയർമാൻ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിക്കുന്ന അതേ വിഷയംതന്നെ ശ്രീ. ബെന്നി ബെഹനാനും സബ്മിഷനായി ചോദിച്ചിട്ടുണ്ട്.

## 2. പാഠപുസ്തക വിതരണം

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിൽ വളരെ അസാധാരണമായൊരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. സ്കൂളുകൾ തുറന്നിട്ട് ആഴ്ചകൾ പിന്നിട്ടെങ്കിലും ഇതുവരെയും സ്കൂളുകളിൽ കുട്ടികൾക്കാവശ്യമായ പാഠപുസ്തകമെത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ പ്രക്രിയയിൽ പാഠപുസ്തകത്തിന്റെ പ്രാധാന്യമെന്താണെന്ന് പ്രത്യേകമായി സൂചിപ്പിക്കേണ്ട ആവശ്യമില്ല. സ്കൂളിൽ പോകാത്ത ആളുകൾക്കുപോലും ഇക്കാര്യം അറിയാവുന്നതാണ്. ഇവിടെ ഇപ്പോൾ കുട്ടികൾക്ക് പഠിക്കാൻ പാഠപുസ്തകമില്ല. പൊതുവിദ്യാഭ്യാസ മേഖല തകർക്കാൻ ക്വട്ടേഷൻ എടുത്തതുപോലെയാണ് ഒരു സർക്കാർ പ്രവർത്തിക്കുന്നത് എന്ന് പറയുന്നതിൽ അങ്ങേയറ്റം ഖേദമുണ്ട്. പക്ഷേ എങ്ങനെ പറയാതിരിക്കാൻ സാധിക്കും? എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യതയെ ഈ സർക്കാർ തകർത്തില്ലേ? ഒരു വർഷത്തിൽ രണ്ട് പരീക്ഷാഫലം; പരീക്ഷ എഴുതാത്ത ആളുകൾപോലും ജയിക്കുന്നൊരു സാഹചര്യമുണ്ടായില്ലേ? കേരളത്തിന്റെ വിദ്യാഭ്യാസ മേഖല പുകൾപെറ്റ വിദ്യാഭ്യാസ മേഖലയായിരുന്നു. അതിന്റെ വിശ്വാസം മുഴുവനും ഇവിടെ തകർത്തു. ഇപ്പോൾ നാല് ക്ലാസ്സുകളിലെ പാഠപുസ്തകം മാറി. സാധാരണയായി ജൂലൈ മാസമാണ് കുട്ടികളുടെ തലയെണ്ണുന്നത് എന്ന് നമുക്കാറിയാവുന്നതാണ്. അതുകഴിഞ്ഞാൽ സ്വാഭാവികമായും നവംബർ മാസം അച്ചടി ആരംഭിച്ചാൽ ഏപ്രിൽ മാസത്തിനുമുമ്പായി പുസ്തകം വിതരണം ചെയ്യാൻ കഴിയും. എന്താണ് സംഭവിച്ചത്? കഴിഞ്ഞ വർഷവും വെക്കേഷൻ കഴിഞ്ഞിട്ടാണ് പാഠപുസ്തകം കൊടുത്തത്. കഴിഞ്ഞവർഷത്തെ അനുഭവത്തിന്റെയടിസ്ഥാനത്തിൽ ഇക്കാര്യത്തിലാവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതായിരുന്നില്ലേ; എന്താണ് ഇവിടെ ചെയ്തത് ? ഇത്തവണ പാഠപുസ്തകത്തിന്റെ അച്ചടിസാമഗ്രികൾ വാങ്ങിച്ചു കൊടുത്തതും, എസ്.സി.ഇ.ആർ.ടി.-യുടെ സി.ഡി. കൊടുത്തതും, കടലാസ് വാങ്ങിച്ചു കൊടുത്തതും ഫെബ്രുവരി മാസത്തിലാണ്. പാഠപുസ്തകത്തിന്റെ കാര്യം ചോദിച്ചപ്പോൾ പടച്ചോൻ വിചാരിച്ചാലേ കുട്ടികളെ രക്ഷിക്കാൻ കഴിയുവെന്നാണ് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നത്. അങ്ങനെയാണോ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയേണ്ടത്? ഇവിടെ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.)-യെ കുറ്റപ്പെടുത്തുകയാണ്. കെ.ബി.പി.എസ്-ന് വളരെ വൈകിയിട്ടാണ് ഇക്കാര്യങ്ങൾ നൽകിയത്. കെ.ബി.പി.എസ്-ന് പൂർണ്ണമായി അച്ചടിക്കാൻ കഴിയില്ലായെന്നൊരു സാഹചര്യമുണ്ടായപ്പോൾ മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളെ ഏൽപ്പിച്ചു. മെയ് ആറിനാണ് ഈ പ്രസ്സുകളെ ഏൽപ്പിക്കാൻ തീരുമാനിക്കുന്നത്. പക്ഷേ മേയ് ആറിന് എൽപ്പിക്കാൻ തീരുമാനിച്ചിട്ടും മെയ് 21-ന് മാത്രമാണ് വിദ്യാഭ്യാസ വകുപ്പ് ഈ അച്ചടി സാമഗ്രികൾ അവർക്ക് എത്തിച്ചുകൊടുത്തത്. ഇവിടെയും ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. 'പാഠപുസ്തക അച്ചടി കുടിയനിരക്കിൽ സ്വകാര്യ പ്രസ്സുകൾക്ക് നൽകാൻ നീക്കം, ബദൽ മാർഗ്ഗം തേടി ഇന്ന് ചർച്ച, ഇന്ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടക്കാൻ പോകുന്നു' എന്നൊക്കെയാണ് ഇന്നത്തെ മലയാള മനോരമയിൽ പ്രധാന

വാർത്തയായി വന്നിരിക്കുന്നത്. പ്രിന്റ് ഓർഡർ നേരത്തെ നൽകാനോ കടലാസ് സമയത്ത് ലഭ്യമാക്കാനോ പ്രതിദിന പ്രിന്റിംഗ് ക്ഷമത വർദ്ധിപ്പിക്കാനോ യാതൊരുവിധ നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. എന്നിട്ട് ഇപ്പോൾ അതിന്റെ മറവിൽ സ്വകാര്യ പ്രസ്സുകളെ അച്ചടി ഏൽപ്പിക്കാനുള്ള നീക്കമാണ് ഇവിടെ നടക്കുന്നത്. ഇവിടെ അഴിമതിക്ക് ഇത് വഴിയൊരുക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ കർശനമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഇപ്പോൾ 'സി-ആപ്റ്റ്' എന്ന് പറയുന്ന സർക്കാർ നിയന്ത്രിത സംവിധാനംവഴി ഈ അച്ചടി സ്വകാര്യ മേഖലയ്ക്ക് ഏൽപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. ഇതിന്റെ പിന്നിൽ വലിയൊരു അഴിമതിയാണ് നടക്കുന്നത്. ഇന്നത്തെ മംഗളം ദിനപത്രത്തിൽ ഒരു പ്രധാന വാർത്തയായി വന്നിരിക്കുന്നത്, 'അച്ചടിക്കുള്ള ഫയൽ 6 മാസം പൂഴ്ത്തി' എന്നാണ്. ഇതിൽ ഏതൊക്കെ ഉദ്യോഗസ്ഥന്മാർ പ്രവൃത്തിച്ചിട്ടുണ്ട്, ഇത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഒത്താശയോട് കൂടിയാണോ. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതിനൊരു ഉത്തരം നൽകേണ്ടതാണ്. കഴിഞ്ഞ ആഗസ്റ്റ് മാസത്തിലെടുത്ത തീരുമാനം ആറ് മാസക്കാലം പൂഴ്ത്തിവച്ചതാരാണ്, ഏത് ഉദ്യോഗസ്ഥനാണ്? ഇത് കുട്ടികളുടെ വിദ്യാഭ്യാസം കൊണ്ട് കളിക്കുകയാണ്. ആ ഉദ്യോഗസ്ഥനെതിരായി മാതൃകാപരമായ നിലപാട് സ്വീകരിക്കാൻ ബഹുമാന്യമായ വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകുമോ എന്നത് ഇവിടെ വ്യക്തമാക്കേണ്ടതാണ്. പാഠപുസ്തകത്തിന്റെ കാര്യത്തിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരായി കർശനമായ നിലപാട് സ്വീകരിക്കണം. അതോടൊപ്പം പാഠപുസ്തകം പൂർണ്ണമായും എന്ന് വിതരണം ചെയ്യാൻ കഴിയും, പാഠപുസ്തകങ്ങളുടെ അച്ചടി എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നത് സംബന്ധിച്ച് സഭയിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പുനൽകണം; ഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ അരക്ഷിതാവസ്ഥയിൽ തള്ളിവിടരുത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, വളരെ ഗൗരവമായി ഈ വിഷയത്തെ കുറിച്ച് ഞാനും ഒരു സബ്മിഷൻ കൊടുത്തിരുന്നു. ഈ വിഷയം ഇപ്പോൾതന്നെ വളരെ താമസിച്ചുപോയി. അതുകൊണ്ട് അടിയന്തരമായി, ഒരാഴ്ചയ്ക്കുള്ളിൽ പാഠപുസ്തകം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. എവിടെയാണ് ക്രമക്കേട് സംഭവിച്ചത് എന്നുള്ളത് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്നുവർഷങ്ങളിലും കൃത്യസമയത്തു തന്നെ പാഠപുസ്തകങ്ങൾ നൽകിയിരുന്നു. ഈവർഷവും അതിനനുസരിച്ചുള്ള നടപടിക്രമങ്ങൾ അതാത് സമയങ്ങളിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആറ് മാസം പൂഴ്ത്തിവച്ചാൽ പിന്നെ എങ്ങനെയാണ് രണ്ടരകോടി പുസ്തകങ്ങളിൽ രണ്ടു കോടി പുസ്തകങ്ങൾ അച്ചടിക്കുക? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും കെ.ബി.പി.എസ്. തന്നെയാണ് പുസ്തകങ്ങൾ അച്ചടിക്കാറുള്ളത്. ഈ വർഷം മേയ് മാസത്തിലാണ് പാഠപുസ്തകം മുഴുവനും അച്ചടിക്കാൻ കഴിയില്ലായെന്ന് അവർ പറയുന്നത്. അതുകൊണ്ടാണ് കാബിനറ്റ്കൂടി ആലോചിച്ച് ഗവൺമെന്റ് പ്രസ്സിന് കൂടി കൊടുക്കാൻ

തീരുമാനിച്ചത്. ഗവൺമെന്റ് പ്രസ്സിൽ സാധനങ്ങളുടെ ലഭ്യതയില്ലാത്തതുകൊണ്ട്, ഇതിന്റെ പ്ലേറ്റ് വരെ മുംബൈയിൽനിന്നും കൊണ്ടുവരേണ്ട സ്ഥിതിവിശേഷമുണ്ടായപ്പോൾ, അവർക്കും ആകെ പത്തുദിവസം കൊണ്ട് രണ്ടുലക്ഷത്തിൽ ചില്വാനം പുസ്തകങ്ങൾ മാത്രമേ അച്ചടിക്കാൻ സാധിച്ചിട്ടുള്ളൂ. രണ്ട് സെക്രട്ടറിമാരും രണ്ട് മന്ത്രിമാരുംകൂടി ആലോചിച്ചശേഷമാണ് കഴിഞ്ഞ കാബിനറ്റിൽ എന്ത് ചെയ്യണമെന്ന് തീരുമാനിച്ചത്. ഇനി 40 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിക്കാനുണ്ട്. അത് പെട്ടെന്ന് അച്ചടിച്ച് കിട്ടണമെങ്കിൽ അതിനനുസരിച്ചുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിവരും. സി-ആപ്റ്റ് ആണെങ്കിലും ഗവൺമെന്റ് പ്രസ്സ് ആണെങ്കിലും ഔട്ട്സോഴ്സ് ചെയ്തു കൊടുക്കുന്നത് ഒരു പുതിയ സംഭവമൊന്നുമല്ല. അത് എല്ലാ കാലഘട്ടങ്ങളിലും, അടിയന്തര ഘട്ടങ്ങളിലും എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ചെയ്യാറുള്ളതാണ്. അതിനപ്പുറം അവിടെയൊന്നും ചെയ്തിട്ടില്ല. ഒരു ഭാഗത്ത് കുട്ടികൾക്ക് പുസ്തകം കിട്ടിയില്ലെന്ന് പറയുക, മറുഭാഗത്ത് ഇവർ പുസ്തകം അച്ചടിക്കുന്നില്ല അതുകൊണ്ട് ബദൽ സംവിധാനം ഏർപ്പെടുത്തുന്നത് അഴിമതി നടത്താനാണെന്ന് പറയുക, രണ്ടുംകൂടി പറഞ്ഞാൽ എങ്ങനെയാണ് നടക്കുന്നത്; അതിൽ എന്ത് അർത്ഥമാണുള്ളത്? സംസ്ഥാനത്തെ സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിന് കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 2015-16 അദ്ധ്യയന വർഷത്തേയ്ക്ക് ഒന്നാം പാതത്തിൽ ആകെ 2,33,26,800 പുസ്തകങ്ങളാണ് ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാവശ്യമുള്ളത്. ഇതിൽ രണ്ട്, നാല്, ആറ്, എട്ട് എന്നീ ക്ലാസ്സുകളിൽ പുതിയ സിലബസ് അനുസരിച്ചുള്ള പരിഷ്കരിച്ച പാഠപുസ്തകങ്ങളാണ് ഈ വർഷം മുതൽ നടപ്പിലാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ആകെ 2,33,26,800 പുസ്തകങ്ങളുടെ അച്ചടി നിർവ്വഹിക്കാൻ എല്ലാവർഷവും ഏൽപ്പിക്കുന്നതുപോലെതന്നെ കെ.ബി.പി.എസ്-ന് വളരെ നേരത്തെതന്നെ ഇപ്രാവശ്യവും ഏൽപ്പിച്ചിട്ടുണ്ട്. യഥാസമയങ്ങളിൽ അച്ചടിയുടെ പുരോഗതി വിദ്യാഭ്യാസ വകുപ്പും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വിലയിരുത്തുകയുണ്ടായി. 15-5-2015-നുമുമ്പായി മുഴുവൻ പാഠപുസ്തകങ്ങളും അച്ചടി പൂർത്തീകരിച്ച് നൽകുന്നതാണെന്ന് കെ.ബി.പി.എസ്. സർക്കാരിന് ഉറപ്പ് നൽകിയിരുന്നു. പാഠപുസ്തകങ്ങളുടെ അച്ചടി ഈ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയില്ലെന്ന് 29-4-2015-ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പിലെയും കെ.ബി.പി.എസ്-ലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ അവലോകന യോഗത്തിൽ കെ.ബി.പി.എസ്. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഉടൻതന്നെ ഇക്കാര്യത്തിൽ നേരിട്ട് ഇടപെടുകയും പ്രിന്റിംഗ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പാഠപുസ്തക അച്ചടി ഗവൺമെന്റ് പ്രസ്സിനെകൂടി ഏൽപ്പിക്കാൻ തീരാമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നേരത്തെ കെ.ബി.പി.എസ്-ന് അച്ചടി അനുമതി നൽകിയിരുന്നതിൽ നിന്നും 60.38 ലക്ഷം പാഠപുസ്തകങ്ങൾ സംസ്ഥാനത്തെ മൂന്ന് ഗവൺമെന്റ് പ്രസ്സുകളിലായി അച്ചടിക്കുന്നതിന് സർക്കാർ തലത്തിൽ ഉത്തരവാവുകയും ഷൊർണ്ണൂർ, വാഴൂർ, മണ്ണന്തല എന്നീ പ്രസ്സുകളിൽ പാഠപുസ്തകങ്ങളുടെ അച്ചടി നിർവ്വഹിക്കാൻ തീരുമാനിക്കുകയും അച്ചടി നടന്നുവരികയുമാണ്. എന്നാൽ 7-6-2015 വരെ കെ.ബി.പി.എസ്-ൽ 1.65 കോടി രൂപയുടെയും മൂന്ന് ഗവൺമെന്റ് പ്രസ്സുകളിലായി 5.5 ലക്ഷം പുസ്തകങ്ങളുടെയും അച്ചടിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കെ.ബി.പി.എസ്-ൽ അച്ചടി

പൂർത്തീകരിക്കാനുള്ള 4.88 ലക്ഷവും ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്കാനുള്ള 48.12 ലക്ഷവും അടക്കം 53 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി ഇനിയും പൂർത്തീകരിക്കാനുണ്ട്. അച്ചടി പൂർത്തീകരിച്ചിട്ടുള്ള 1.71 കോടി അതായത് ആകെ ആവശ്യമുള്ള പുസ്തകങ്ങളുടെ 75 ശതമാനവും സ്കൂളുകൾക്ക് വിതരണത്തിനായി 14 ജില്ലകളിലെ പോസ്റ്റൽ ഹബ്ബുകളിൽ കെ.ബി.പി.എസ്. മുഖേന എത്തിച്ചിട്ടുണ്ട്. പാഠപുസ്തങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ചുമതല തപാൽ വകുപ്പ് നിർവ്വഹിച്ചുവരുന്നു. ഇനിയും അച്ചടി പൂർത്തികരിക്കാനുള്ള 25 ശതമാനം പുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഈ മാസം തന്നെ പൂർത്തീകരിക്കാനുള്ള തീവ്രശ്രമം വിദ്യാഭ്യാസ വകുപ്പ് നടത്തിവരികയാണ്. വകുപ്പിന്റെ നിയന്ത്രണത്തിനതീതമായ കാരണങ്ങളാലാണ് നടപ്പുഅദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പായി സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാക്കാൻ കഴിയാതിരുന്നത്. എങ്കിലും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പാഠഭാഗങ്ങൾ ഇന്റർനെറ്റ് മുഖേന ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## 3. കായലോര ടൂറിസം വികസനം

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം ജില്ലയിലെ കായലോര ടൂറിസം വികസിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഒരു സബ്മിഷനാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കൊച്ചിയുടെ കായൽ മനോഹാരിത കേരളത്തിന്റെ ടൂറിസം മാപ്പിൽ ഇടം നേടേണ്ട ഒന്നുതന്നെയാണ്. എറണാകുളത്തിന്റെ സമീപ പ്രദേശങ്ങളായ മുളവുകാട്, താന്തോന്നിതുരുത്ത്, കുറംകോട്ട, മൂലമ്പിള്ളി, പിഴല, ചേരാനെല്ലൂർ, ചേന്നൂർ, വരാപ്പുഴ എന്നീ പ്രദേശങ്ങൾ സംയോജിപ്പിച്ചുകൊണ്ട് എക്കാലവും നമുക്ക് ബാക്ക് വാട്ടർ ടൂറിസത്തിൽ അഭിമാനിക്കാൻ കഴിഞ്ഞിട്ടുള്ള കുമരകം പോലുള്ള പ്രദേശമായി, ഒരു സർക്യൂട്ടായി രൂപീകരിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ ഉണ്ടാകണം. പ്രത്യേകിച്ച്, ഈ ദ്വീപുകളിൽ റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി ഹോം സ്റ്റേകളും നാടൻ ഭക്ഷണവുമെല്ലാം ഏർപ്പാടാക്കുന്ന, അവർക്കെല്ലാം സ്വയം തൊഴിൽ കണ്ടെത്താനുള്ള ഒരു അവസരം കൂടിയായി ഇതിനെ വികസിപ്പിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും ഇന്നുവരെ ഹൗസ് ബോട്ടുകളുടെ ഒരു1 ഹബ്ബോ അല്ലെങ്കിൽ ടൂറിസം സർക്യൂട്ടോ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച്, ഫോർട്ട് കൊച്ചി പോലുള്ള പൈതൃക മേഖലയിലും കൊച്ചി മുസിരിസ് ബിനാലേ നടക്കുന്ന പ്രദേശവും ഉൾനാടൻ ജലഗതാഗതവും ഹൗസ് ബോട്ട് ടൂറിസവുമായി ബന്ധപ്പെടുത്താൻ കഴിയുന്ന ഒന്നാണ് എന്നുള്ളത് ഇതിൽനിന്നുതന്നെ ടൂറിസം വകുപ്പിന് അറിയാവുന്ന ഒന്നാണ്. അതുകൊണ്ട് ഇതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു ഏജൻസിയെ ഏൽപ്പിച്ച് ഇതിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങളും ഒരുക്കി ഇത് യാഥാർത്ഥ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ സംസ്ഥാന ടൂറിസം വകുപ്പ് കൈകൊള്ളണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കായലോര ടൂറിസത്തിന്റെ ഭാഗമായി ഹൗസ് ബോട്ട് സർവീസ് നടത്തപ്പെടുന്ന കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായിട്ടാണ് കൊച്ചിയെ കണക്കാക്കപ്പെട്ടിട്ടുള്ളത്. ആലപ്പുഴ കേന്ദ്രമാക്കിയുള്ള പ്രധാന ഹൗസ് ബോട്ട് സർക്യൂട്ടുകളായ ആലപ്പുഴ-കുമരകം, ആലപ്പുഴ-കൊച്ചി, ആലപ്പുഴ-കൊല്ലം, ആലപ്പുഴ ബാക്ക് വാട്ടർ ക്രൂയിസ് എന്നിവയിലെല്ലാംകൂടി 900 മുതൽ 1200 വരെ ഹൗസ് ബോട്ടുകൾ സർവീസ് നടത്തുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ആലപ്പുഴയിലെ ഉൾനാടൻ ജലാശയങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിന്റെ ഏകദേശം രണ്ടിരട്ടിയിലധികമാണ്. ആയതിനാൽ കൊച്ചി ആസ്ഥാനമാക്കിക്കൊണ്ടൊരു ടൂറിസം ഹബ്ബ് വികസിപ്പിക്കുകയാണെങ്കിൽ ഈ മേഖലയിലെ കായലോര ടൂറിസം വികസനത്തിന് പുതിയൊരുണർവ് നൽകുന്നതിനും കൊച്ചി ഹബ്ബിന് ആലപ്പുഴയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന സംയോജിത കായലോര ടൂറിസം ഹബ്ബുമായി ബന്ധിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട കായലോര ടൂറിസം സർക്യൂട്ടായി കൊച്ചി-ആലപ്പുഴ സർക്യൂട്ടിനെ വികസിപ്പിച്ചെടുക്കുവാനും കഴിയുന്നതാണ്. എന്നാൽ കൊച്ചിയിൽ കായൽ ടൂറിസം വികസനത്തിനുള്ള ഹബ്ബ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനങ്ങളൊന്നുംതന്നെ ഇതുവരെ നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതോടൊപ്പം വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു സാധ്യതാ പഠനം നടത്തി സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സംസ്ഥാന ടൂറിസം വകുപ്പ് നടപ്പാക്കുന്നതാണെന്ന് അറിയിക്കുകയാണ്.

## 4. എക്സൈസ് കോംപ്ലക്സിന്റെയും റെയ്ഞ്ച് ഓഫീസിന്റെയും നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എല്ലാവിധ സംവിധാനങ്ങളും അനുകൂല ഘടകങ്ങളുമുണ്ടായിട്ടും കാസർഗോഡ് ജില്ലയിൽ ഇതുവരെ എക്സൈസ് കോംപ്ലക്സും റെയ്ഞ്ച് ഓഫീസും ഇല്ലായെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. എക്സൈസ് കോംപ്ലക്സിന് 1981-ൽ റവന്യൂ ഡിപ്പാർട്ടുമെന്റ് 50 സെന്റ് സ്ഥലം കാസർഗോഡ് നഗരത്തിന്റെ ഹൃദയ ഭാഗത്ത് അനുവദിച്ചിരുന്നു. അതിന്റെ ജി.ഒ. 2090/81, 10-12-1981-ൽ ഇറങ്ങിയതാണ്. രണ്ട് കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 6-2-2013-ന് സമർപ്പിച്ചിരുന്നു. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ ഈ ഫയലുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ ബദിയടുക്കയിൽ ഒരു റെയ്ഞ്ച് ഓഫീസ് വേണമെന്നതും അത്യന്താപേക്ഷിതമാണ്. അതിനും 25 സെന്റ് സ്ഥലം 2009-ൽ അനുവദിച്ചിരുന്നു. 79 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സമർപ്പിച്ചിരുന്നു. പക്ഷേ ഇത് രണ്ടും യാഥാർത്ഥ്യമായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സജീവമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും ഇത് രണ്ടും യാഥാർത്ഥ്യമാക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അപേക്ഷിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാസർഗോഡ് ഡിവിഷൻ ഓഫീസ്, സ്പെഷ്യൽ സ്ക്വാഡ് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, റെയ്ഞ്ച് ഓഫീസ്, ഐ.ബി. ഓഫീസ് എന്നിവയെല്ലാം വെവ്വേറെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസുകളെല്ലാം ഒന്നിച്ചു പ്രവർത്തിക്കുന്നതിന് കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1981-ൽ 46 സെന്റ് ഭൂമി അനുവദിച്ചുനൽകിയിരുന്നു. തുടർന്ന്, ടി കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2012 പ്രകാരം 255 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയത് ഭരണാനുമതി ലഭിക്കുന്നതിനായി 21-7-2014-ൽ എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കമ്മീഷണറോട് ആവശ്യപ്പെടുകയും ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറോട് 9-12-2014-ലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറേറ്റിൽനിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. അവിടെ റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നത് വളരെ ന്യായമായ ആവശ്യമാണ്. അത് വേഗത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## 5. ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. സാജു പോൾ: സർ, കേരളത്തിന്റെ സംസ്ഥാന ഖജനാവിലേയ്ക്ക് ഏറ്റവും കൂടുതൽ തുക നൽകുന്ന എറണാകുളം ജില്ലയിൽ വാണിജ്യ നികുതിയിനത്തിലും വൈദ്യുതചാർജ്ജായും ഏറ്റവും കൂടുതൽ പണം സർക്കാരിലേയ്ക്കടയ്ക്കുന്ന ഒരു പ്രദേശമാണ് പെരുമ്പാവൂർ. പെരുമ്പാവൂർ പട്ടണം രൂക്ഷമായ ഗതാഗതക്കുരുക്കുമൂലം ഇപ്പോൾ വീർപ്പുമുട്ടുകയാണ്. രണ്ട് സംസ്ഥാന പാതകൾ കടന്നുപോകുന്ന പെരുമ്പാവൂരിലൂടെയാണ് ശബരിമല യാത്രക്കാർ, വിമാനത്താവളത്തിലേയ്ക്കും മൂന്നാറിലേയ്ക്കും പോകുന്നവർ, മലയാറ്റൂർ തീർത്ഥാടകർ ഉൾപ്പെടെ നൂറ് കണക്കിന് തടി ലോറികൾ, ഭാരവണ്ടികൾ, എന്നിവയെല്ലാം കടന്നുപോകുന്നത്. ഈ സ്ഥിതി കണക്കിലെടുത്താണ് 29-4-2010-ന് പെരുമ്പാവൂർ ഠൗൺ ബൈപ്പാസ് റോഡിന് മുൻസർക്കാർ ഭരണാനുമതി നൽകിയത്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയായിരുന്നു നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്നത്. റോഡ് ഫണ്ട് ബോർഡിൽനിന്ന് ആവശ്യമായ തുക വിനിയോഗിക്കാനും തീരുമാനിച്ചിരുന്നു. സ്ഥലമുടമകൾക്ക് ഏറ്റവും സൗകര്യപ്രദമായ അലൈൻമെന്റാണ് നിശ്ചയിച്ചിട്ടുള്ളത്. ലാൻഡ് അക്വിസിഷന് ഓഫീസറെ നിയമിക്കുകയും 6(i) നോട്ടിഫിക്കേഷൻ

ഇറക്കുകയും അലൈൻമെന്റ് സ്റ്റോണുകൾ ഇടുകയും ചെയ്തു. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇന്ന് കിട്ടാൻ ബുദ്ധിമുട്ടുള്ള ഇളവ് ഈ പദ്ധതിയുടെ 25 ഏക്കർ സ്ഥലത്തിന് ലഭിച്ചു. ഈ സർക്കാരാണ് ആ ഉത്തരവ് നൽകിയത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. അടൂർ പ്രകാശും റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോൾ രണ്ട് യോഗങ്ങൾവീതം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ ചേരുകയുണ്ടായി. കാലടി പാലത്തിന്റെ പ്രശ്നം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലും ഈ വിഷയം പരിഗണിച്ചു. സ്ഥലം ഏറ്റെടുക്കാനും പദ്ധതി നടപ്പാക്കാനും ഇക്കൊല്ലം തുക അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉറപ്പ് നൽകിയിരുന്നതുമാണ്. സ്ഥലമുടമകളായ മൂന്നുപേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ പരാതികൾ പരിശോധിച്ച് ദിശയിൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് സംബന്ധിച്ച് വിശദമായ ഉത്തരവിറങ്ങുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും നാടിന് ഏറ്റവും ഗുണകരമായ ഈ പദ്ധതി ഫയലിൽ ഉറങ്ങുകയാണ്. ബൈപ്പാസ് പ്രശ്നത്തിൽ വലിയ ജനവികാരമാണ് അവിടെ ഉയർന്നുവന്നിട്ടുള്ളത്. ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ. വി. പി. സജീന്ദ്രന്റെ മണ്ഡലത്തിൽ നിന്നാണ് ഈ റോഡ് ആരംഭിക്കുന്നത്. ബഹുമാന്യനായ യു.ഡി.എഫ്. കൺവീനർ, മുനിസിപ്പൽ ചെയർമാൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങി എല്ലാവരും ഒറ്റക്കെട്ടായി ഈ പദ്ധതി നടപ്പാക്കണമെന്ന അഭിപ്രായക്കാരാണ്. ഇതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും നേരിട്ട് അറിയാവുന്ന പ്രശ്നമാണ്. നടപടിക്രമങ്ങളിലെ കാലതാമസംമൂലം ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞെങ്കിൽ അത് റീവാലിഡേറ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ലാൻഡ് അക്വിസിഷന്റെ അടുത്ത നടപടിയായ 4(i) നോട്ടിഫിക്കേഷൻ ഇറക്കണം. ഇപ്പോഴത്തെ അനിശ്ചിതാവസ്ഥ മാറ്റാൻ ഉന്നതതല യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി 3000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചതിൽ പെരുമ്പാവൂർ ബൈപ്പാസ് ഉണ്ടായില്ല. അതുകൊണ്ട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ ഫണ്ട് അനുവദിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പെരുമ്പാവൂരിൽ വന്നുപോകുന്നതാണ്. അദ്ദേഹം ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്ന് വിനയപൂർവം ഞാൻ അപേക്ഷിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സാജുപോൾ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ള പെരുമ്പാവൂർ ബൈപ്പാസിന്റെ അലൈൻമെന്റിനായി സർവ്വേ നടത്തുകയും വാസഗൃഹങ്ങൾ ഒഴിവാക്കിയിട്ടുള്ളതും കാലങ്ങളായി തരിശായി കിടക്കുന്നതുമായ പ്രദേശങ്ങളിലൂടെ ഇതിന്റെ ദിശ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. കുന്നത്തുനാട് താലൂക്കിലെ പെരുമ്പാവൂർ, രായമംഗലം, വെങ്ങോല, മാറമ്പിള്ളി വില്ലേജുകളിൽ നിന്നും 10.02

ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കേണ്ടതായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 1-8-2012-ലെ ഉത്തരവുപ്രകാരം സർക്കാർ ബൈപ്പാസിന്റെ അലൈൻമെന്റ് അംഗീകരിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിർത്തി നിർണ്ണയിക്കൽ ആരംഭിക്കുകയും ചെയ്തു. എന്നാൽ പെരുമ്പാവൂർ ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിന്മേലുള്ള 1-10-2012-ലെ വിധി പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി നിർത്തിവച്ചു. തുടർന്ന് 16-3-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അലൈൻമെന്റ് പുതുക്കി നിർണ്ണയിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി പുനരാരംഭിച്ചെങ്കിലും, പുതുക്കിയ അലൈൻമെന്റ് അവരുടെ സ്വത്ത് വകകളെ ബാധിക്കുമെന്ന് പറഞ്ഞ് രണ്ട് വ്യക്തികൾ നിയമ നടപടികൾ ആരംഭിക്കുകയുണ്ടായി. നടപടിക്രമങ്ങൾക്കിടയിലെ കാലതാമസംമൂലം ഭരണാനുമതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചു. ജനപ്രതിനിധികളുടെ ആവശ്യപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ ആകെ തുക ഉൾക്കൊള്ളിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള അലൈൻമെന്റ് സംബന്ധിച്ച് വീണ്ടും തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി കാലാവധി അവസാനിച്ചത് റീവാലിഡേറ്റ് ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ചുള്ള ഉന്നതതല യോഗം ഉടനെ വിളിച്ചുചേർക്കുന്നതാണ്.

## 6. കുളിമാട് പാലത്തിന് ഭരണാനുമതി

<u>ശ്രീ. പി. ടി. എ. റഹീം:</u> സർ, കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലവും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലവും തമ്മിൽ ബന്ധിപ്പിക്കുന്ന കുളിമാട് പാലം, 2002-ൽ പ്രൊപ്പോസൽ തയ്യാറാക്കി, 2004-ൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകി, 2006-ൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, 2008-ൽ ഡിസൈൻ പൂർത്തിയാക്കി, 2012-ൽ അപ്രോച്ച് റോഡ് ഭൂമി സർക്കാരിലേയ്ക്ക് ലഭിച്ചു. ധാരാളമാളുകളുടെ വീട് പൊളിച്ചു മാറ്റുന്നതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തിയും കഴിഞ്ഞു. ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 2.29 കോടി രൂപ ചെലവഴിച്ച് രണ്ടുഭാഗത്തും മനോഹരമായ റോഡ് നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ നാട്ടുകാർ സമരത്തിലാണ്, അവർ കോടതിയെ സമീപിക്കാനൊരുങ്ങുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പാലത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കണമെന്നാണ് എന്റെ ആവശ്യം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കോഴിക്കോട് ജില്ലയിലെ കുളിമാട് പാലത്തിനുവേണ്ടി കോഴിക്കോട് ഭാഗത്തുള്ള സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. മലപ്പുറം ഭാഗത്തുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയായിട്ടുണ്ട്. കുളിമാട് പാലത്തിന്റെ മലപ്പുറം ഭാഗത്തുള്ള സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പാലം പണിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 7. സി.എച്ച്.സി.ക്ക് ആവശ്യമായ തസ്തികകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, 1988-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പഴയതുപോലെതന്നെയാണ്. അവിടെ നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സ്പെഷ്യലൈസേഷൻ വന്നതിനുശേഷം അതിനും കഴിയുന്നില്ല. അവിടെ ജനകീയ സമരം നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഹൈക്കോടതിയിൽ കേസും കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. സി.എച്ച്.സി.-ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. സമരമുണ്ടായതിനുശേഷം അധികമായി രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയോഗിച്ചതിന്റെ ഫലമായി ഇപ്പോൾ 24 മണിക്കൂറും ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. പക്ഷെ അത് സ്ഥായിയായിട്ടുള്ളതല്ല എന്നതാണ് അവിടത്തെ സമരക്കാരുടെ നിലപാട്. അതുകൊണ്ട് അടിയന്തരമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കുമ്പളങ്ങി ആശുപത്രി തുടർന്നും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വേണം, ഇപ്പോൾ ഡോക്ടർമാർ 7 പേരുണ്ടെങ്കിലും നഴ്സ്മാരോ മറ്റ് തസ്തികകളോയില്ല. അതുകൊണ്ട് റീ-ഡിപ്ലോയ്മെന്റ് നടത്തിയെങ്കിലും ഇത് തുടർന്നുകൊണ്ടു പോകണം. എന്നുമാത്രമല്ല, ഈ ആശുപത്രി സി.എച്ച്.സി.യായി ഉയർത്തിയിട്ട് വളരെക്കാലമായിട്ടും അതിനനുസൃതമായി തസ്തികകൾ സൃഷ്ടിക്കാത്തത് ശരിയല്ല. അതുകൊണ്ട് സി.എച്ച്.സി.-ക്ക് ആവശ്യമായ പെർമനന്റ് തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സി.എച്ച്.സി.യായി ഉയർത്തിയ കുമ്പളങ്ങി ആരോഗ്യകേന്ദ്രത്തിൽ സി.എച്ച്.സി. നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടില്ലായെന്നുള്ളത് ശരിയാണ്. ഇവിടെ ശരാശരി ഒ.പി. 300-ഉം, ഐ.പി. 5-ൽ താഴെയുമാണ്. ഇവിടെ 30 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. 4 ഡോക്ടർമാരുൾപ്പെടെ 34 തസ്തികകൾ നിലവിലുണ്ട്. കൂടാതെ, സമരങ്ങളും മറ്റ് പരിപാടികളും ആരംഭിച്ചതിനുശേഷം എൻ.എച്ച്.എം. മുഖേന 3 ഡോക്ടർമാരുടെ അധിക തസ്തികകൾ അനുവദിക്കുകയും ആ ഡോക്ടർമാർ ചുമതലയേറ്റെടുക്കുകയും അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ കണ്ടകടവ് പി.എച്ച്.സി., പള്ളുരുത്തി

താലൂക്ക് ആശുപത്രി എന്നിവയുണ്ട്. ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗത്തോടു കൂടിയുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ കുമ്പളങ്ങി സി.എച്ച്.സി.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ 2-3-2015-ൽ ഡി.എം.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൂടാതെതന്നെ നിലവിൽ ഐ.പി. സംവിധാനമില്ലാത്ത പി.എച്ച്.സി.കളിൽനിന്നും ആവശ്യംവേണ്ട തസ്തികകൾ കുമ്പളങ്ങി സി.എച്ച്.സി.യിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ കാര്യങ്ങൾ നടപ്പിലാക്കിവരുന്ന ഒരു പശ്ചാത്തലത്തിൽ അവിടെ തുടർന്നുവരുന്ന സമരം പിൻവലിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കണമെന്ന് ഞാൻ എം.എൽ.എ.യോട് ആവശ്യപ്പെടുകയാണ്. ഇക്കാര്യങ്ങളെല്ലാം തീർച്ചയായും പരിശോധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## 8. ആയുർവേദാശുപത്രിയിൽ കിടത്തി ചികിത്സാ വിഭാഗം

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഞാൻ നേരത്തെ ഒരു തവണ ഈ സഭയ്ക്കുമുമ്പാകെ കൊണ്ടുവന്ന ഒരു വിഷയം വീണ്ടുമൊരിക്കൽകൂടി അവതരിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താലയെക്കുറിച്ച് താങ്കൾക്ക് നേരിട്ടറിയാം, ആയുർവേദ ചികിത്സാ രംഗത്ത് എത്രയോ നൂറ്റാണ്ടുകളുടെ പ്രൗഢമായ പാരമ്പര്യമുള്ള ഒരു പ്രദേശമാണത്. നിരവധി പ്രമുഖമായിട്ടുള്ള സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ കിടത്തി ചികിത്സയുള്ള ഒരു ആയുർവേദ സ്ഥാപനം എന്റെ നിയോജകമണ്ഡലത്തിൽ ഇതുവരെയില്ല. കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദാശുപത്രി ഇപ്പോൾ ഡിസ്പെൻസറിയായി പ്രവർത്തിച്ചുവരികയാണ്. അവിടെ അനുബന്ധ കെട്ടിടങ്ങളടക്കമുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ബഹുമാന്യനായ മന്ത്രിതന്നെ അവിടെ മൂന്നു വ്യത്യസ്ത പൊതുപരിപാടികളിൽ വന്നയവസരത്തിൽ ഈ വിഷയം സൂചിപ്പിച്ചപ്പോൾ അത് തീർച്ചയായും അനുവദിക്കാമെന്ന താങ്കളുടെ ഉറപ്പ് പൊതുസമൂഹത്തിന് മുമ്പിലുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് കൊഴിക്കര ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഐ.എസ്.എം. ഡയറക്ടർ ഓഫീസിൽ ഇതുമായി ബന്ധപ്പെട്ടുള്ള ഫയൽ താങ്കളുടെ പരിഗണനയിലുണ്ട്. എത്രയും പെട്ടെന്ന് ആ ഫയലിൽ അനുകൂല തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ, സൗജന്യമായി ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഈ ആശുപത്രി വലിയ വികസന സാധ്യതകൾ തേടുകയാണ്. ഇതിന്റെ ഭാഗമായി 24x7 എന്ന രീതിയിൽ ഈ ആശുപത്രിയെ പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സ്റ്റാഫ് പാറ്റേൺ അംഗീകരിക്കണമെന്നു കൂടി ഞാൻ താങ്കളോട് അഭ്യർത്ഥിക്കുകയാണ്. എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകളും

പ്രതിസന്ധികളുമൊക്കെയുണ്ടെന്ന് അറിയാമെങ്കിൽപ്പോലും അതിനെയെല്ലാം മറികടന്ന് ഈ രണ്ട് പ്രധാനപ്പെട്ട ആവശ്യങ്ങളിലും എത്രയുംവേഗം അനുകൂലമായ തീരുമാനം സഭയ്ക്കുമുമ്പാകെ പ്രഖ്യാപിക്കണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃത്താല നിയോജകമണ്ഡലത്തിലെ കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദ ഡിസ്പെൻസറിയെ 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് കപ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25-1-2014-ലെ തീരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. എം.എൽ.എ.യുടെ ആവശ്യവും സർക്കാർ പരിഗണിച്ചുവരികയാണ്. ഈ ആയുർവേദ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുന്നതിന് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാണെന്നുറപ്പുവരുത്തി ആവശ്യമായ തസ്തികകളുടെ എണ്ണം, ഫണ്ടിന്റെ ലഭ്യത എന്നിവ സഹിതം വിശദമായ ശിപാർശ സമർപ്പിക്കുവാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഡിസ്പെൻസറി കോമ്പൗണ്ടിൽ 31-1-2004-ൽ നിർമ്മിതി കേന്ദ്രം മുഖേന പണി പൂർത്തീകരിച്ച കെട്ടിടവും ആവശ്യമായ ഭൗതീക സാഹചര്യങ്ങളും നിലവിലുണ്ട്. കിടത്തി ചികിത്സയ്ക്കുള്ള 20 കിടക്കയുള്ള ആശുപത്രിയായി ഉയർത്തുന്നതിന് പുതിയതായി 10 തസ്തികകൾ ആവശ്യമുണ്ട്. അതിന് 26,47,736 രൂപ ആവശ്യമുണ്ടെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ശിപാർശ, ഫണ്ട് ലഭ്യത എന്നിവ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്ന് ലഭ്യമായിട്ടില്ല. ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈകാര്യം പരിഗണിക്കുന്നതാണ്. ചാലിശ്ശേരി സി.എച്ച്.സി.യുടെ കാര്യം എം.എൽ.എ. പറഞ്ഞു. ഡയാലിസിസ് സെന്റർ അവിടെ ആരംഭിക്കാൻ എം.എൽ.എ.യുടെ നേതൃത്വത്തിൽതന്നെ നടപടിയെടുത്ത് ആരംഭിക്കുകയും അത് ഭംഗിയായി നടക്കുകയും ചെയ്യുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതു പോലെ 154 സി.എച്ച്.സി.കളിൽ ഗൈനക്കോളജി, പീഡിയാട്രിക് ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആലോചനകൾ ഗവൺമെന്റ് നടത്തുന്നുണ്ട്. അതിനൊരു തീരുമാനമാകുമ്പോൾ തീർച്ചയായും ഈ ആശുപത്രിയും പരിഗണിക്കുന്നതാണ്.

## 9. സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്ക് സംവരണം

ശ്രീ. കെ. അജിത്: സർ, കേരളത്തിലെ ആരോഗ്യരംഗം വലിയ കുതിച്ചു ചാട്ടത്തിന്റെ വക്കിൽ നിൽക്കുകയാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ കേരളത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ നിരവധി വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ഇല്ലെന്നുള്ളതാണ് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. 100 സീറ്റുകളാണ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്കുള്ളത്. അവിടെ സംവരണം പാലിക്കപ്പെടുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിയമം അനുശാസിക്കുന്ന 10% സംവരണം നൽകുകയാണെങ്കിൽ മികച്ച ഡോക്ടർമാരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് സൃഷ്ടിക്കപ്പെടാനും

അവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ ജോലി ചെയ്യാനും സാധിക്കും. അവിടെ സർവ്വീസ് ക്വാട്ടയുണ്ട്. പക്ഷെ സംവരണ ക്വാട്ട പാലിക്കപ്പെടുന്നില്ല. ഇവിടെ ഇതുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടെന്നാണ് പിന്നീട് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. അതിൽ സർക്കാർ കക്ഷിചേർന്നുകൊണ്ട് നിരാലംബരും നിർധനരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ ഡോക്ടർമാരാകാനുള്ള അവകാശം നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ജൂലൈ മാസത്തിൽ നടക്കുന്ന എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് അനുകൂലമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 4-11-2003-ലെ സൗരവ് ചൗധരി ആന്റ് അദേഴ്സ് എന്ന കേസ്സിലെ വിധിയിൽ കോൺസ്റ്റിറ്റ്യൂഷണൽ റിസർവേഷൻസ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ നടപ്പാക്കരുത് എന്ന് പരാമർശിച്ചിട്ടുണ്ട്. 15-5-2015 ൽ കൂടിയ പി.ജി. സൂപ്പർ സ്പെഷ്യാലിറ്റി പ്രോസ്പെക്ടസ് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്തതിൻപ്രകാരം സുപ്രീംകോടതിയുടെ വിധിയനുസരിച്ച് സംവരണം നൽകേണ്ടെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കുന്നതാണ്. ഗവൺമെന്റ് കക്ഷി ചേരുന്ന സാഹചര്യമുണ്ടോയെന്നുള്ള കാര്യവും പരിശോധിക്കുന്നതാണ്.

## 10. കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമാണ് കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം. ഈ മ്യൂസിയം സ്ഥാപിതമായത് 1983-ലാണ്. അവിടെയുള്ള കഥകളി രൂപങ്ങളും വിലപ്പെട്ട ആടയാഭരണങ്ങളുമൊക്കെ നല്ലരീതിയിൽ ഡിസ്പ്ലേ ചെയ്തുവയ്ക്കാൻ കഴിയാത്ത നിലയിൽ അന്നുമുതൽ ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സാംസ്കാരിക വകുപ്പുമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയും ഒരുമിച്ച് കൊട്ടാരക്കരയിൽവന്ന് ഈ മ്യൂസിയം നേരിട്ട് കണ്ട് കൊട്ടാരക്കര തമ്പുരാന്റെ കൊട്ടാരത്തിലേയ്ക്ക് മാറ്റുന്നതിനായി രണ്ട് വകുപ്പുകളും ചേർന്ന് ആലോചിച്ച് തീരുമാനിക്കുകയുണ്ടായി. രണ്ട് വകുപ്പിന്റേയും ഐഡന്റിറ്റി പ്രത്യേകം കാത്തു സൂക്ഷിച്ചുകൊണ്ടുതന്നെ സാംസ്കാരിക വകുപ്പിന്റെയും സഹായത്തോടുകൂടി ഈ മ്യൂസിയവും പൈതൃക കലാമ്യൂസിയവുംകൂടി ചേർത്ത് തമ്പുരാന്റെ കൊട്ടാരത്തിൽ പ്രവർത്തിപ്പിക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2011-ൽ ഗണപതി ക്ഷേത്രത്തിന്റെ തൊട്ടുമുന്നിലുള്ള കൊട്ടാരക്കര തമ്പുരാന്റെ കൊട്ടാരത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചത്. അതിനുശേഷം ബാക്കിയുള്ള നവീകരണ പ്രവർത്തനങ്ങളും ആരംഭിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷവും ഞാൻ ഈ കാര്യത്തിലിടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16 ലക്ഷം രൂപ അനുവദിക്കാമെന്ന് പറഞ്ഞു. അതിൽ 8 ലക്ഷം രൂപ അനുവദിച്ച് കഥകളി രൂപങ്ങൾക്കെല്ലാം

ആടയാഭരണങ്ങളൊക്കെ തയ്ച്ച് അതിനെ അണിയിച്ചൊരുക്കിയ ദിവസംതന്നെ കൊട്ടാരത്തിൽനിന്നും ഈ സ്ഥാപനം മാറ്റണമെന്നുപറഞ്ഞ് ദേവസ്വം അധികൃതർ നോട്ടീസ് കൊടുത്തു. 14-2-2014-ൽ ഈ മ്യൂസിയം ഇവിടെനിന്നും ഒഴിയണമെന്ന നോട്ടീസ് വന്നപ്പോൾ അന്ന് ഞാൻ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയോടും സാംസ്കാരിക വകുപ്പുമന്ത്രിയോടും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി നിർത്തിവച്ചിരുന്നതാണ്. എന്നാൽ 8 ലക്ഷം രൂപയുടെ വർക്കെല്ലാം ചെയ്ത് നല്ല രീതിയിൽ അത് ഡിസ്പ്ലേ ചെയ്തതിന്റെ അന്ന് ഉച്ചയ്ക്ക് അവിടെനിന്നും ഒഴിയണമെന്ന പ്രശ്നം വന്നത്. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോടും ദേവസ്വം ബോർഡ് പ്രസിഡന്റിനോടും സംസാരിച്ചിരുന്നു. കഴിഞ്ഞ വർഷം ഈ നോട്ടീസ് വന്നപ്പോൾ തന്നെ ഗവൺമെന്റിന്റെ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ഫയലും പ്രസിഡന്റിനും രണ്ട് മന്ത്രിമാർക്കും തന്നിട്ടുള്ളതാണ്. പക്ഷെ ഇപ്പോൾ വീണ്ടും ഏതോ കുത്സിത താല്പര്യക്കാരായിട്ടുള്ളവർ ഈ കൊട്ടാരത്തിൽനിന്ന് ഇത് മാറ്റണമെന്നുപറഞ്ഞ് നടപടിയെടുക്കുന്നുണ്ട്. ആ നടപടി നിർത്തിവച്ച് കൊട്ടാരക്കര തമ്പുരാന്റെ ജന്മംകൊണ്ട് ധന്യമായ ആ കൊട്ടാരത്തിൽത്തന്നെ ഈ കലാമ്യൂസിയം കൂടുതൽ മെച്ചപ്പെട്ടനിലയിൽ പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടിയെടുക്കണം. ഇത് ഒഴിയാനുള്ള അനുമതി കൊടുക്കാതിരിക്കാനും അത് നിർത്തിവയ്ക്കാനും അടിയന്തര നടപടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നും രണ്ട് മന്ത്രിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സംസ്ഥാന പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം 2011 വരെ കൊട്ടാരക്കര ടൗണിൽനിന്ന് മൂന്നു കിലോമീറ്റർ അകലെയുള്ള ഒരു സ്വകാര്യ വ്യക്തിയുടെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പ്രസ്തുത കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് ഉടമസ്ഥൻ ആവശ്യപ്പെട്ടിരുന്നതിനാൽ മറ്റൊരു അനുയോജ്യമായ സ്ഥലവും കെട്ടിടവും പുരാവസ്തുവകുപ്പ് അന്വേഷിക്കുകയുണ്ടായി. അവർക്ക് സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതിനാൽ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ വകയിലും അധീനതയിലുമുള്ള കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിനു സമീപമുള്ള ദേവസ്വംബോർഡ് പൈതൃക കലാകേന്ദ്രത്തിലെ ഏതാനും മുറികൾ മറ്റൊരു അനുയോജ്യമായ ഇടം ലഭിക്കുന്നതുവരെ 36 മാസത്തെ കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പുരാവസ്തുവകുപ്പിന് 22-2-2011-ന് വാടകയ്ക്ക് ദേവസ്വംബോർഡ് നൽകിയിരുന്നു. 22-2-2014-ൽ കരാർ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിൽ ദേവസ്വംബോർഡിന്റെതന്നെ ഒരു പൈതൃക കലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിന് ദേവസ്വംബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ കെട്ടിടം മുഴുവനായും ദേവസ്വംബോർഡിന് ആവശ്യമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ദേവസ്വംബോർഡിന്റെ കീഴിലുള്ള നിരവധി ക്ഷേത്രങ്ങളിലെ പൈതൃക പ്രാധാന്യമുള്ള നിരവധി വസ്തുക്കൾ ടി കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. മാത്രവുമല്ല, ഈ

സ്ഥാപനത്തെ ഒഴിപ്പിച്ച് ഇവിടെ ദേവസ്വം ബോർഡിന്റെ വികസനത്തിനുതകുന്ന പദ്ധതികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് ക്ഷേത്രസംരക്ഷണ സമിതി ഒരു പരാതി ദേവസ്വം ഓംബുഡ്സ്മാന് സമർപ്പിച്ചിട്ടുമുണ്ട്. മേൽപ്പറഞ്ഞ സാഹചര്യങ്ങളിലാണ് സംസ്ഥാന പുരാവസ്തു വകുപ്പുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പുതുക്കേണ്ടതില്ലെന്നും കരാർ കാലാവധി കഴിഞ്ഞതിനാൽ കെട്ടിടം ഒഴിയണമെന്നും ദേവസ്വംബോർഡ് നോട്ടീസ് നൽകിയിട്ടുള്ളത്. സാംസ്കാരിക വകുപ്പുമന്ത്രിയും ഈ കാര്യത്തെക്കുറിച്ച് എന്നോട് സൂചിപ്പിച്ചിട്ടുണ്ട്. മന്ത്രിയുടെയും ദേവസ്വംബോർഡ് പ്രസിഡന്റിന്റേയും സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് അടിയന്തരമായി ഒരു യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

12.24 P. M.]

## VIII മേശപ്പുറത്തുവച്ച കടലാസുകൾ

### 1. ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ഓർഡിനൻസ് (2015-ലെ 8-ാം നമ്പർ ഓർഡിനൻസ്).

II. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് (2015-ലെ 4-ാം നമ്പർ ഓർഡിനൻസ്).

III. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. 2015-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 6-ാം നമ്പർ ഓർഡിനൻസ്).

2. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ഓർഡിനൻസ് (2015-ലെ 7-ാം നമ്പർ ഓർഡിനൻസ്).

IV. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 73/2015/ഹോം. തീയതി, 20-4-2015 (എസ്.ആർ.ഒ. നമ്പർ 227/2015)

2. ജി.ഒ.(പി) നമ്പർ 74/2015/ഹോം. തീയതി, 20-4-2015 (എസ്.ആർ.ഒ. നമ്പർ 228/2015)

V. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2015- ലെ 5-ാം നമ്പർ ഓർഡിനൻസ്).

2. ചട്ടം 47(2) പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 7706, ഏഴാം സമ്മേളനത്തിലെ 43, ഒൻപതാം സമ്മേളനത്തിലെ 1644, 4805, പത്താം സമ്മേളനത്തിലെ 73, പതിനൊന്നാം സമ്മേളനത്തിലെ 6173, 7627, 7558, പന്ത്രണ്ടാം സമ്മേളനത്തിലെ 1941, 1950, 3680, 3690, 3692, 3695, പതിമൂന്നാം സമ്മേളനത്തിലെ 51 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

II. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3747-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

III. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 225, 226 പതിനൊന്നാം സമ്മേളനത്തിലെ 3507, പന്ത്രണ്ടാം സമ്മേളനത്തിലെ 209, 3831, 3876 പതിമൂന്നാം സമ്മേളനത്തിലെ 161, 1906 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

IV. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 7782 പന്ത്രണ്ടാം സമ്മേളനത്തിലെ 3905, 3907 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

# IX ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## പാനൂരിലെ ബോംബ് സ്ഫോടനം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 6-6-2015 ഉച്ചയ്ക്ക് 12.30 മണിയോടെ കണ്ണൂർ കൊളവല്ലൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉണ്ടായ ബോംബ് സ്ഫോടനത്തിൽ രണ്ടുപേർ മരണമടയുകയും മറ്റ് രണ്ടുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ചെറ്റക്കണ്ടി ഭാഗത്തു വച്ചുണ്ടായ ഈ സ്ഫോടനത്തിൽ 29 വയസ്സുള്ള സുബീഷ്, 34 വയസ്സുള്ള ഷൈജു എന്നിവർ മരണപ്പെട്ടു. നിജീഷ് 28 വയസ്സ്, രതീഷ് 30 വയസ്സ് എന്നിവർ ഗുരുതരമായി പരിക്കേറ്റ് ഇപ്പോൾ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തെത്തുടർന്ന് പോലീസ് ക്രൈം നമ്പർ 489/2015 u/s 304 IPC, Explosive Substances Act 3, 4, 5 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

അത്യന്തം ഗുരുതരവും ദാരുണവുമായ സംഭവമാണ് കണ്ണൂർ കൊളവല്ലൂരിലുണ്ടായത്. മരണമടഞ്ഞവരും പരിക്കേറ്റവരുമായ ഈ യുവാക്കൾ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥലത്തെ സജീവ പ്രവർത്തകരാണ്. മരണമടഞ്ഞ ഷൈജു കോൺഗ്രസ്സ് പ്രവർത്തകരെ ആക്രമിച്ചതുൾപ്പെടെ നാല് ക്രിമിനൽ കേസ്സുകളിൽ പ്രതിയാണ്. പരിക്കേറ്റ രതീഷ് പോലീസിന് നേരെ ബോംബെറിഞ്ഞ കേസിലെ പ്രതിയാണ്. സംഭവത്തെത്തുടർന്ന് പോലീസ് നടത്തിയ പരിശോധനയിൽ പരിക്കേറ്റ നിജീഷിന്റെ വീടിന്റെ തൊട്ടടുത്തുനിന്ന് സ്റ്റീൽ ബോംബ് പിടിച്ചെടുക്കുകയുണ്ടായി.

പ്രാഥമിക അന്വേഷണത്തിൽ ലഭിച്ച വിവരമനുസരിച്ച് പുറമെനിന്നുള്ള ആരുടെയും ആക്രമണത്തിലല്ല ഈ ദുരന്തം ഉണ്ടായത്. മറിച്ച് മരണപ്പെട്ടവരും പരിക്കേറ്റവരുമായ യുവാക്കൾ ചെറ്റക്കണ്ടി ഭാഗത്ത് കക്കരോട് കുന്നിനടുത്ത് രഹസ്യമായി ബോംബ് നിർമ്മാണം നടത്തുന്നതിനിടയിൽ ഉണ്ടായ സ്ഫോടനത്തെത്തുടർന്നാണ് ഈ ഭീകരസംഭവം ഉണ്ടായത്. ബോംബ് നിർമ്മാണം അപകടത്തിൽപെട്ടില്ലായിരുന്നുവെങ്കിൽ, മാരകമായ ബോംബുകൾ രാഷ്ട്രീയവിരോധികൾക്കുനേരെ പ്രയോഗിച്ച് കൂടുതൽ അക്രമം നടത്തുന്നതിനുവേണ്ടി ഉപയോഗിക്കുമായിരുന്നു എന്ന് ന്യായമായും അനുമാനിക്കാവുന്നതാണ്.

ഈ സംഭവത്തിൽ ജീവൻ നഷ്ടപ്പെടുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത യുവാക്കളുടെ രാഷ്ട്രീയം എന്തായാലും, ഭീകരമായ ഇത്തരം സംഭവങ്ങൾ കേരള സമൂഹത്തിൽനിന്ന് തുടച്ചുനീക്കാൻ രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

രാഷ്ട്രീയപ്രവർത്തനം എന്നാൽ ബോംബ് നിർമ്മാണവും അക്രമവുമല്ല എന്ന സന്ദേശം നമ്മുടെ യുവാക്കൾക്ക് നൽകുവാൻ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് കഴിയണം. തികച്ചും പ്രാകൃതവും കേരളീയ സംസ്കാരത്തിന് അങ്ങേയറ്റം അപമാനകരവുമായ ഈ ഭീകര സംഭവത്തെ കേരള നിയമസഭ ഐക്യകണ്ഠേന അപലപിച്ചുകൊണ്ട് ശരിയായ സന്ദേശം സമൂഹത്തിന് നൽകുവാനാകണം. അതോടൊപ്പം തങ്ങളുടെ പ്രവർത്തകർ ഒരു കാരണവശാലും ഇത്തരം ഭീകരതയിലേക്ക് പോകുന്നില്ല എന്ന് ഉറപ്പുവരുത്തുവാനുള്ള ഉത്തരവാദിത്വവും ജനാധിപത്യബോധവും എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രകടിപ്പിക്കണം. രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രോത്സാഹനം ലഭിക്കുമ്പോഴാണ് ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ സമൂഹത്തിൽ തഴച്ചുവളരുന്നത് എന്ന യാഥാർത്ഥ്യത്തിനുനേരെ ഇനിയും ആരും കണ്ണടയ്ക്കരുത്. സംസ്ഥാന ഗവൺമെന്റ് ബോംബ് രാഷ്ട്രീയത്തെ ശക്തമായി അമർച്ചചെയ്യുമെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കണ്ണൂരിലെ ചില മേഖലകളുടെ ശാപമായി മാറിയ ഇത്തരം ഭീകരതയെ ശക്തമായി നേരിടുവാൻ സംസ്ഥാന പോലീസ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അതിനായി തലശ്ശേരിയിലും പരിസരത്തും വർഷത്തിൽ 365 ദിവസവും പ്രവർത്തനക്ഷമമായ NSG (നാഷണൽ സെക്യൂരിറ്റി ഗാർഡ്) പരിശീലനം ലഭിച്ച പോലീസ് വിദഗ്ധസംഘത്തെ വിന്യസിക്കുന്നതാണ്. ഈ സ്പെഷ്യൽ ബോംബ് സ്ക്വാഡ് കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യുടെ നിയന്ത്രണത്തിലായിരിക്കും. അതോടൊപ്പം ഇത്തരം കേസ്സുകളുടെ കാര്യക്ഷമവും സത്വരവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ എല്ലാവിധ നടപടികളും സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ രാഷ്ട്രീയ പാർട്ടികളും ബോംബ് രാഷ്ട്രീയത്തെ നിരുത്സാഹപ്പെടുത്തുന്ന സമീപനം ഇനിയെങ്കിലും സ്വീകരിച്ചുകൊണ്ട് സമാധാനവും ശാന്തിയും ഉറപ്പുവരുത്തുവാൻ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളും വിജയിപ്പിക്കുവാനും സഹകരിക്കുവാനും മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്....ബഹുമാന്യരായ അംഗങ്ങൾ ഇരിക്കണം..... (ബഹളം)... പ്ലീസ്.... (ബഹളം).....

## X റിപ്പോർട്ട് സമർപ്പണം

### കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അഞ്ചാമത് റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി I-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അഞ്ചാമത് റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി II-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അഞ്ചാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ജലവിഭവം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി III-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അഞ്ചാമത് റിപ്പോർട്ട്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IV-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും സബ്ജക്ട് കമ്മിറ്റി V-ന്റെ അഞ്ചാമത് റിപ്പോർട്ട്

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി V-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അഞ്ചാമത് റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അഞ്ചാമത് റിപ്പോർട്ട്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IX-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 1-4-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അഞ്ചാമത് റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി X-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 2014 ഏപ്രിൽ ഒന്നു മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അഞ്ചാമത് റിപ്പോർട്ട്

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അഞ്ചാമത് റിപ്പോർട്ട്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അഞ്ചാമത് റിപ്പോർട്ട്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 1-4-2014 മുതൽ 31-3-2015 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ടു മുതൽ മുപ്പത്തി ആറുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിരണ്ടു മുതൽ മുപ്പത്തിയാറുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ട്

ശ്രീ. റ്റി. യു. കുരുവിള: സർ, മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത്തെയും ആറാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്നു കൂടിയ കാര്യോപദേശക സമിതിയുടെ തീരുമാനം പ്രമേയമായി അവതരിപ്പിക്കാവുന്നതാണ്.

# XI പ്രമേയം

## പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ന് ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്യുന്നതിനും ജൂൺ 9 മുതൽ ജൂൺ 28 വരെ സഭ ചേരേണ്ടതില്ലെന്നും ജൂലൈ 6 മുതൽ ജൂലൈ 15 വരെ സഭ ചേരണമെന്നും ഈ സഭ തീരുമാനിക്കുന്നു. 2015 ജൂൺ 29, 30 ജൂലൈ 1,2, 6,7, 8, 9, 13, 14, 15, 20, 21 എന്നീ തീയതികളിൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കും വോട്ടെടുപ്പിനും ജൂലൈ 23-ന് ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗബില്ലിന്റെ പരിഗണനയ്ക്കും ജൂലൈ 28-ന് ഉപധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്കും വോട്ടെടുപ്പിനും ജൂലൈ 29-ന് ഒരു മണിക്കൂർ ധനവിനിയോഗബില്ലിന്റെ പരിഗണനയ്ക്കും ജൂലൈ 22, 27, 29, 30 എന്നീ തീയതികളിൽ ഗവൺമെന്റ് കാര്യത്തിനും ജൂലൈ 10, 24 എന്നീ തീയതികളിൽ അനൗദ്യോഗിക അംഗങ്ങളുടെ കാര്യത്തിനും വിനിയോഗിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രി ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്ന ബി.എ.സി.-യുടെ റിപ്പോർട്ട്, പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളോട് വരാൻ പറഞ്ഞു, വന്നു. പോകാൻ പറയുകയാണ്, പോകാം. അല്ലാതെ ഇത് മാറ്റുന്നതിന്റെ കാരണം പറഞ്ഞത് തെരഞ്ഞെടുപ്പ് എന്നാണ്. തെരഞ്ഞെടുപ്പായാലും ഇവിടെ സഭയിൽ പങ്കെടുത്തിട്ട് വൈകുന്നേരം തെരഞ്ഞെടുപ്പ് യോഗത്തിലും പങ്കെടുക്കാം. അത് ഒരു അസൗകര്യമായി ഞങ്ങൾ കരുതുന്നില്ല. പക്ഷേ ഗവൺമെന്റിന് ഭൂരിപക്ഷമുള്ളതുകൊണ്ട് അതനുസരിച്ച് തീരുമാനം വരുന്നു എന്നുള്ളതുകൊണ്ട് മാത്രം അനുകൂലിക്കാം.

മി. സ്പീക്കർ: മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ,

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

12.41 P.M.]

## XII നിയമ നിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1. 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, നമ്മുടെ സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾക്ക് ധനസഹായം നൽകുന്നതിനായി ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQIP) എന്ന കേന്ദ്ര പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കണമെങ്കിൽ ഓരോ എഞ്ചിനീയറിംഗ് കോളേജും സ്വയംഭരണ സ്വഭാവത്തോടു കൂടിയതായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളെയും ഒരു സ്വതന്ത്രമായ സർവ്വകലാശാലയുടെ കീഴിൽ കൊണ്ടു വരികയാണെങ്കിൽ സാങ്കേതിക വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും സംസ്ഥാനത്തിന് അക്കാദമിക മേന്മ കൈവരിക്കാനാകുന്നതാണ്. കൂടാതെ, ദേശീയ-അന്തർദേശീയ ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന ധനസഹായം പ്രയോജനപ്പെടുത്താനും

സാധിക്കുന്നതാണ്. ആയതിനാൽ, സംസ്ഥാനത്ത് സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും, സംസ്ഥാനത്തിന്റെ എഞ്ചിനീയറിംഗ് ആസൂത്രണത്തിനും നേതൃത്വം നൽകുക, എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയിലുള്ള ബിരുദ, ബിരുദാനന്തര ബിരുദ, ഗവേഷണ പരിപാടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോഴ്സുകൾ നടത്തുന്നതുമായ എല്ലാ സ്ഥാപനങ്ങളുടെയും അക്കാദമിക നിലവാരം വിലയിരുത്തുക, എഞ്ചിനീയറിംഗ് ഗവേഷണം പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്ത് ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അനിവാര്യമാണ്.

മാറുന്ന സാഹചര്യങ്ങളെയും സാങ്കേതികവിദ്യയെയും കൂട്ടിയോജിപ്പിച്ച് കാലഘട്ടത്തിന്റെ ആവശ്യത്തിനനുസൃതമായി പ്രയോജനപ്പെടുന്നരീതിയിലാണ് സാങ്കേതിക സർവ്വകലാശാല കോഴ്സുകൾ വിഭാവനം ചെയ്യുന്നത്. വിഭിന്ന സിലബസുകളും വ്യത്യസ്ത പരീക്ഷാ രൂപങ്ങളും പരിഷ്കരിച്ച് ഏകീകൃത സ്വഭാവത്തിലാകുന്നത് സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് പുതിയ ഉണർവ് കൈവരും. പഠനം പൂർണ്ണമായും ക്രെഡിറ്റ് സമ്പ്രദായത്തിലേയ്ക്ക് മാറ്റപ്പെടുകവഴി സാങ്കേതിക വിദ്യാഭ്യാസത്തിന് ആഗോളതലത്തിൽ കൂടുതൽ സ്വീകാര്യതയും പ്രാധാന്യവും ലഭ്യമാകും. പ്രായോഗികതയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകിയിട്ടുള്ള ഔട്ട് കം ബേസ്ഡ് വിദ്യാഭ്യാസമാണ് വിദ്യാർത്ഥി സമൂഹത്തിന് നൽകുന്നത്. പഠനത്തിൽ മിടുക്കരായവരെ പ്രോത്സാഹിപ്പിക്കുന്നതിനും എഞ്ചിനീയറിംഗ് ഗവേഷണ മേഖലകളിലേയ്ക്ക് തിരിച്ചുവിടുന്നതിനും ലക്ഷ്യമിട്ട് ബി.ടെക് ഓണേഴ്സ് ബിരുദത്തിന് KTU വഴിയൊരുക്കുന്നു. പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും ഡിജിറ്റലാക്കുകവഴി ഫലപ്രഖ്യാപനത്തിലെ കാലതാമസം ഒഴിവാകുന്നതാണ്. പോസ്റ്റ് ഗ്രാജ്വേറ്റ് പഠനത്തിന് അക്കാദമിക സ്വയംഭരണം നൽകി ക്ലസ്റ്ററുകൾ രൂപീകരിക്കുക വഴി അക്കാദമിക നിലവാരവും അന്തർദേശീയ സ്വീകാര്യതയും കൈവരുന്നതാണ്. തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകിയുള്ള നയങ്ങൾക്ക് രൂപം നൽകി പഠനത്തിനിടയിൽ ഒരു വർഷം പൂർണ്ണമായി മാറി നിൽക്കാനും വിവിധരീതിയിലുള്ള സംരംഭകത്വത്തിൽ ഏർപ്പെടാനും വീണ്ടും പഠനത്തിലേയ്ക്ക് തിരിച്ചുവരാനുമുള്ള അവസരം ഒരുങ്ങുന്നതുമാണ്.

എഞ്ചിനീയറിംഗ് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുംവേണ്ടി കോളേജുകളിൽ അക്കാദമിക് ഓഡിറ്റ് സമ്പ്രദായത്തിനും സർവ്വകലാശാല ലക്ഷ്യമിടുന്നു. അക്കാദമിക സ്വാതന്ത്ര്യവും സുതാര്യതയും ഉറപ്പുവരുത്തിയുള്ള സാങ്കേതിക സർവ്വകലാശാലയുടെ രൂപീകരണം കേരള സമൂഹത്തിന് ഏറെ പ്രതീക്ഷയാണ് നൽകുന്നത്.

കേരള സംസ്ഥാന നിയമസഭാ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻതന്നെ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2014-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് 2014 മേയ് 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അതേ തീയതിയിലെ 1168-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2014-ലെ 11-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2014 ജൂൺ 9-ാം തീയതി ആരംഭിച്ച് ജൂലൈ 17-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ വീണ്ടും അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

2014 ഡിസംബർ 1-ാം തീയതി ആരംഭിച്ച് ഡിസംബർ 18-ാം തീയതി അവസാനിച്ച സമ്മേളനത്തിലും 2015 മാർച്ച് 6-ാം തീയതി ആരംഭിച്ച് 23-ാം തീയതി അവസാനിച്ച സമ്മേളനത്തിലും ബിൽ സഭയിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിനില്ലാതിരുന്നതിനാലും 2014-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസ്, 2014 ജൂലൈ 20-ാം തീയതിയിലും 2015 ജനുവരി 9-ാം തീയതിയിലും 2015 ഏപ്രിൽ 10-ാം തീയതിയിലും ബഹു. ഗവർണ്ണർ വീണ്ടും വിളംബരപ്പെടുത്തുകയുണ്ടായി.

ആയത് യഥാക്രമം 2014-ലെ 17-ാം നമ്പർ ഓർഡിനൻസായി 2014 ജൂലൈ 20-ാം തീയതിയിലെ 1863-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 2015-ലെ 2-ാം നമ്പർ ഓർഡിനൻസായി 2015 ജനുവരി 9-ാം തീയതിയിലെ 70-ാം നമ്പർ ആയും 2015-ലെ 4-ാം നമ്പർ ഓർഡിനൻസായി 2015 ഏപ്രിൽ 10-ാം തീയതിയിലെ 815-ാം നമ്പർ ആയും കേരള അസാധാരണ ഗസറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ഓർഡിനൻസുകൾ സഭാ സമ്മേളനങ്ങളിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ ഈ ഓർഡിനൻസിന് പകരമായി സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അറിയിപ്പ്**

<u>മി. സ്പീക്കർ</u>: കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചുകഴിഞ്ഞു. നാളെ മുതൽ ചേരാനിരുന്ന നിയമസഭാ സമ്മേളനത്തിന്റെ ചോദ്യങ്ങൾ നേരത്തെ ബഹുമാന്യരായ അംഗങ്ങൾ നൽകിയിട്ടുണ്ട്. നിയമസഭാ സമ്മേളിക്കുന്നില്ലെങ്കിലും ഈ ചോദ്യങ്ങൾ 29-ാം തീയതി മുതലുള്ള ദിവസങ്ങളിലോട്ട് മാറ്റുന്നതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയം സഭ അംഗീകരിച്ച സാഹചര്യത്തിൽ നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 46, 214 എന്നിവ താല്ക്കാലികമായി ഇക്കാര്യത്തിനായി സസ്പെന്റ് ചെയ്യുന്നു.

ജൂൺ 9, 10, 11, 12, 15, 16, 17, 18, 19 എന്നീ തീയതികളിലേയ്ക്ക് അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുള്ള ചോദ്യങ്ങൾ ജൂൺ 29, 30 ജൂലൈ 1, 2, 6, 7, 8, 9, 10 എന്നീ തീയതികളിൽ യഥാക്രമം എടുക്കുന്നതാണ്. ചോദ്യങ്ങൾ സംബന്ധിച്ച പുതുക്കിയ ബുള്ളറ്റിനും പുതുക്കിയ കലണ്ടറും നിയമസഭാ സെക്രട്ടേറിയറ്റ് പുറപ്പെടുവിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ]

ശ്രീ. ജി. സുധാകരൻ: Sir, I move that - " This House resolves to disapprove The Kerala Technological University Ordinance, 2015 (Ordinance No.4 of 2015)."

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ നിരാകരിക്കണമെന്ന് ബഹുമാനപ്പെട്ട സഭയോട് അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയം അവതരിപ്പിക്കുകയാണ്. ശാസ്ത്രത്തെ സാങ്കേതികവിദ്യയിൽനിന്ന് വിഘടിപ്പിക്കുന്നതും വിദ്യാഭ്യാസത്തിന്റെ ഉന്നത ലക്ഷ്യങ്ങളെ കയ്യൊഴിയുന്നതുമായ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശാസ്ത്രസാങ്കേതിക സർവ്വകലാശാലകളിൽ ശാസ്ത്രം പടികടത്തപ്പെടുകയും വൻ കമ്പനികളിലെയും മുതലാളിത്ത സ്ഥാപനങ്ങളിലെയും മുതലാളിമാരായ ചില കമ്പ്യൂട്ടർ വിദഗ്ദ്ധന്മാരെയും മറ്റും വൈസ്ചാൻസലറുടെതലയിൽ കയറ്റിവയ്ക്കാനുള്ള, കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത വിചിത്രമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാമാന്യ വിദ്യാഭ്യാസം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസത്തിൽ തന്നെ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസം. ഈ സങ്കൽപ്പങ്ങൾക്ക് ഇന്നത്തെ സർവ്വകലാശാല ഭരണത്തിന്റെ വെളിച്ചത്തിൽ ഒരുപാട് അധഃപതനം ഉണ്ടായിട്ടുണ്ടെങ്കിലും ഗവൺമെന്റിന്റെ ഔദ്യോഗിക സങ്കൽപ്പത്തിൽ അത് കഴിഞ്ഞ നിമിഷം വരെ നിലനിൽക്കുന്നുണ്ടായിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ ബിൽ അവതരിപ്പിച്ചതോടുകൂടി ഇന്നത്തെ സാധാരണ സർവ്വകലാശാല സമിതിയെപ്പോലെ ഗവൺമെന്റും അധഃപതിച്ചിരിക്കുന്നുവെന്ന് കാണാവുന്നതാണ്. ഭാവി കേരളം, ഭാവി ഭാരതം, ഭാവി ലോകത്തെ കെട്ടിപ്പടുക്കാനുള്ള നിർമ്മാതാക്കളായ എഞ്ചിനീയർമാരെ വാർത്തെടുക്കുന്ന വിദ്യാഭ്യാസത്തെപറ്റിയുള്ള ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ നഷ്ടപ്പെട്ടത് ഔന്നത്യമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച നിയമത്തെ കരയുന്ന, "വിലപിക്കുന്ന നാണക്കേടെന്ന്" ഞാൻ വിശേഷിപ്പിക്കുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഒരു പ്രസംഗവും പ്രമേയം അവതരിപ്പിച്ചതും ഞാൻ

കേട്ടില്ല. നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടെങ്കിൽ എന്നോട് ക്ഷമിക്കണം. ഞാൻ കേട്ടില്ല. അദ്ദേഹം എന്തോ പിറുപിറുക്കുന്നുണ്ടായിരുന്നു. അദ്ദേഹം പ്രസംഗിച്ചില്ല, ഒരു പുതിയ നിയമം അവതരിപ്പിച്ചുകൊണ്ട് രണ്ട് വാചകമെങ്കിലും പ്രസംഗിക്കേണ്ടത് മന്ത്രിയുടെ അവകാശമല്ലേ. ആ അവകാശം ഇവിടെ നടപ്പിലാക്കണമെന്ന് യു.ഡി.എഫ്.-ന് താല്പര്യമില്ലേ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പ്രസംഗം കഴിഞ്ഞതിനു ശേഷമാണ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം ...........

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ഞാൻ പറയുന്നതിനുള്ള മറുപടി പറയുമെന്ന് മനസ്സിലാക്കികൊണ്ട്, മനസ്സിൽ വച്ചുകൊണ്ടാണ് പറയുന്നത്. അങ്ങ് പ്രസംഗിച്ചില്ല. അങ്ങയുടെ കാഴ്ചപ്പാടിൽ ഇതാണ് പ്രസംഗം; അത് ഞാൻ അംഗീകരിക്കുന്നു. എന്നാൽ പ്രസംഗം എന്നാൽ ഇതല്ല. ഇതാണ് പ്രസംഗമെങ്കിൽ പ്രസംഗിക്കുന്നവരൊക്കെ ഇനി പ്രസംഗിക്കാതിരിക്കണം. അതിനെപ്പറ്റിയുള്ള തർക്കം വേണോ? അങ്ങ് പ്രസംഗിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ രണ്ട് പ്രാവശ്യം ചോദിച്ചപ്പോൾ, ഞാൻ പ്രസംഗിക്കുന്നില്ലായെന്നും ഇവിടെ നടത്തിയതാണ് പ്രസംഗം എന്ന് പറഞ്ഞ സ്ഥിതിക്ക് അങ്ങേയ്ക്ക് ഇത് എങ്ങനെ നിഷേധിക്കാൻ കഴിയും? എനിക്ക് അങ്ങയോട് യാതൊരു വിരോധവുമില്ല. അങ്ങയോടുള്ള സ്നേഹം വ്യക്തിപരമായുണ്ട്. പക്ഷേ, അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നുകൊണ്ട് കാണിക്കുന്ന വഴിതെറ്റലുകൾ, നിസ്സാരവത്ക്കരണം, ഗഹനമായ കാര്യങ്ങൾ ഒരു വാചകത്തിൽ പറഞ്ഞാൽ പരിഹാരമായിയെന്നുള്ള അങ്ങയുടെ സ്വയം സങ്കല്പം ഇതൊന്നും ശരിയല്ല. നിയമസഭയുടെ പാരമ്പര്യത്തിന് വിരുദ്ധമാണ്. വിദ്യാഭ്യാസ ഔന്നിത്യങ്ങളെ അങ്ങ് നിരാകരിച്ചിരിക്കുകയാണ്. എല്ലാ അറിവിന്റെയും കണ്ടുപിടിത്തങ്ങളുടെയും മാതാവ് ശാസ്ത്രമാണ്. ശാസ്ത്രത്തിന്റെ ഒരു ആപ്ലിക്കേഷൻ മാത്രമാണ് ടെക്നോളജി. അങ്ങ് ഇവിടെ അമ്മയുടെ സ്ഥാനത്ത്, ശാസ്ത്രമാതാവിന്റെ സ്ഥാനത്ത് ടെക്നോളജിയെ സ്ഥാപിക്കുന്നതാണ് ഈ നിയമം. അതും ഏതോ കമ്പ്യൂട്ടർ കച്ചവടക്കാരെയും ഐ.ടി. മേഖലയിൽ സാമ്പത്തിക ലാഭം ഉണ്ടാക്കിയവരെയും ചെയർമാനും മെമ്പർമാരുമാക്കിയിരിക്കുകയാണ്. ഏഴാംകൂലികളായ ആയിരക്കണക്കിന് എഞ്ചിനീയർമാരെ ഇറക്കിവിട്ടിരിക്കുകയാണ്. ഇപ്പോൾ തന്നെ പൊളിഞ്ഞുകിടക്കുന്ന റോഡുകളും തകർന്നു വീഴുന്ന സർക്കാർ ഓഫീസുകളും ഒരിക്കലും പൊങ്ങുകയില്ല, ഒരിക്കലും നന്നാവുകയില്ല. നല്ല എഞ്ചിനീയർമാരെ സൃഷ്ടിക്കുകയില്ലായെന്ന് അങ്ങ് ഈ നിയമത്തിലൂടെ കൊണ്ടുവരികയാണ് ചെയ്തിരിക്കുന്നത്. നല്ല കോളേജുകളും സർവ്വകലാശാലകളും ഉണ്ടായിട്ടുതന്നെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ഇന്ന് എവിടെയാണ്? അതിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. അതുകൊണ്ട് ശാസ്ത്രത്തെ അപമാനിക്കുന്ന ഈ സാങ്കേതികയിൽ സർവ്വകലാശാലയുടെ ഔന്നിത്യത്തെ ചോദ്യം ചെയ്യുന്ന ഒരു സാധാരണ വിദ്യാഭ്യാസ നിയമം അങ്ങേയ്ക്ക് മാത്രമേ അവതരിപ്പിക്കാൻ കഴിയൂ. കേരളത്തിൽ വേറെയാർക്കും ഇത് അവതരിപ്പിക്കാൻ കഴിയില്ലായെന്ന് ഖേദപൂർവ്വം വിമർശനപൂർവ്വം ഞാൻ ഉന്നയിക്കുകയാണ്.

അങ്ങേയ്ക്ക് മനഃസമാധാനം ഉണ്ടാകുവാൻ ഞാനൊരു നിർദ്ദേശം വയ്ക്കുകയാണ്. 1968-ലെ ഇതേ കേരള നിയമസഭയിൽ (നിയമസഭ അന്ന് ഇവിടെയല്ല സെക്രട്ടേറിയറ്റ് മൈതാനിയിലായിരുന്നു) നിങ്ങളുടെ എക്കാലത്തേയും മഹാനായ നേതാവ്, ഞങ്ങളെല്ലാം ബഹുമാനിക്കുന്ന കേരളത്തിന്റെ നേതാക്കന്മാരിലൊരാളായ ബഹുമാന്യനായ സി.എച്ച്. മുഹമ്മദ്കോയ കേരള നിയമസഭയിൽ 1968-ൽ കോഴിക്കോട് സർവ്വകലാശാല നിയമം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗം ഉണ്ട്. ആ പ്രസംഗത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. താങ്കളുടെ കയ്യിലുണ്ടാവേണ്ടതല്ലേ ഉണ്ടെങ്കിൽ അത് പറയുക. നമ്മളൊന്നും എല്ലാത്തിനും മീതെയൊന്നുമല്ലല്ലോ. എന്റെ കയ്യിലുണ്ട് പുസ്തകം. മുണ്ടശ്ശേരി മാസ്റ്റർ 1957-ലെ കേരള സർവ്വകലാശാല നിയമം അവതരിപ്പിച്ചു നടത്തിയ പ്രസംഗം എന്റെ കയ്യിലുണ്ട്. ഞാൻ അതൊന്നും എടുക്കുന്നില്ല. അത് ശാസ്ത്രസാങ്കേതിക സർവ്വകലാശാലയല്ല എല്ലാംകൂടി അടങ്ങുന്നതായിരുന്നു. എല്ലാ വിജ്ഞാനവും അടങ്ങുന്നതാണ് യൂണിവേഴ്സിറ്റി. പക്ഷെ നമ്മുടെ ചില സൗകര്യങ്ങൾക്ക് പ്രത്യേകം പ്രത്യേകം വിഷയങ്ങൾക്ക് യൂണിവേഴ്സിറ്റികൾ ഉണ്ടാക്കുന്നു. താത്ത്വികമായി എനിക്ക് എതിർപ്പുണ്ടെങ്കിലും ഞാൻ ഇപ്പോൾ അതിലേയ്ക്ക് കടക്കുന്നില്ല. അത് എന്റെ പ്രശ്നമാണ്. നമ്മൾ പൊതുവേ അംഗീകരിക്കുന്നതാണ് ഇന്നത്തെ സർവ്വകലാശാലകൾ. ബഹുമാന്യനായ സി.എച്ച്. മുഹമ്മദ്കോയ 1968-ൽ കേരള നിയമസഭയിൽ കോഴിക്കോട് സർവ്വകലാശാല നിയമം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗം നിങ്ങളൊന്ന് വായിക്കാമോ? അത് വായിച്ചിട്ടുണ്ടെങ്കിൽ ഇവിടെ മറുപടിയിൽ പറയണം. വായിച്ചിട്ടില്ലെങ്കിൽ അങ്ങ് വായിക്കണം. 1957-ൽ കേരളാ സർവ്വകലാശാല നിയമം അവതരിപ്പിച്ചുകൊണ്ട് മുണ്ടശ്ശേരി മാസ്റ്റർ നടത്തിയ പ്രസംഗം വായിക്കണം. നിങ്ങൾ വിമർശിച്ചാലും ശ്രീ. ബേബിയുടെ പ്രസംഗം നിങ്ങൾക്ക് വായിക്കാം. ഇപ്പോഴുള്ളതെല്ലാം നിങ്ങൾ വിമർശിക്കുമല്ലോ. നിങ്ങൾ വായിക്കണം. നിങ്ങൾ ഇതൊന്നും വായിക്കുന്നില്ല. അങ്ങ് സംസാരിക്കുന്നത് ഞങ്ങളാരും കേട്ടില്ല. അങ്ങ് പിറുപിറുക്കുകയായിരുന്നു. ഈ വയ്യാവേലി എന്റെ തോളിലെന്തിനാണ് അടിച്ചേൽപ്പിച്ചതെന്ന് പറഞ്ഞുകൊണ്ട് അങ്ങയുടെ മനഃസാക്ഷിയോട് അങ്ങ് പിറുപിറുക്കുകയാണ് ചെയ്തത്. അങ്ങ് ദയനീയമായ പരാജയമാണെന്ന് ഞാൻ പറയുന്നത് വ്യക്തിപരമായല്ല. ഞാൻ മുസ്ലിംലീഗിനെ വിമർശിക്കുന്നില്ല. നിങ്ങളുടെയെല്ലാം നേതാവായ സി.എച്ച്. മുഹമ്മദ്കോയയുടെ മഹത്തായ പ്രസംഗമാണ് ഉദ്ധരിച്ചത്. എനിക്ക് നിങ്ങളുടെ പാർട്ടിയോട് ആശയപരമായ വ്യത്യാസമല്ലാതെ നല്ല സൗഹാർദ്ദമാണ്. ഇത് ഒരു ഗതികെട്ട നിയമമാണ്. ഇത് പാസ്സാക്കാൻ പാടില്ല. ചർച്ച ചെയ്ത് വിശദമായ പരിഗണനയ്ക്കായി മാറ്റിവയ്ക്കുകയാണ് വേണ്ടത്. ഇതുകൊണ്ട് ഒരു വോട്ട് പോലും നിങ്ങൾക്ക് അരുവിക്കരയിൽ കിട്ടാൻ പോകുന്നില്ല. അത് ഉറപ്പായിട്ട് ഞാൻ പറയുകയാണ്. വീരവാദമൊന്നും ഇവിടെ നിന്ന് പറയുന്നില്ല. ഞങ്ങൾക്ക് പറയാനുള്ളത് രാവിലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുകൊണ്ട് കൂടുതൽ ഈ ഭാഗത്ത് ഞാൻ പറയുന്നില്ല. ഇലക്ഷനെപറ്റിയൊന്നും ഞാൻ പറയുന്നില്ല. ബില്ലിലെ കാര്യങ്ങൾ വെബ്സൈറ്റിൽ തെറ്റായാണ് കൊടുത്തിരിക്കുന്നത്. 2014 മേയ് 5-ന് ഓർഡിനൻസ് ഇറങ്ങുകയും മെയ് 21-ന് താൽക്കാലിക ഭരണസമിതി നിലവിൽ വരികയും ചെയ്തു. വി.സി., പി.വി.സി. എന്നിവരെ നിയമിച്ചതായി കാണുന്നുണ്ട്. ഇവിടെ നിയമത്തിൽ കുറേ

യോഗ്യതകൾ പറയുന്നുണ്ട്. Board of governors list ഗവർണ്ണർക്ക് അയച്ചു കൊടുത്തപ്പോൾ യോഗ്യത വ്യക്തമല്ലാത്തതുകൊണ്ട് തിരിച്ചയച്ചുവെന്നാണ് കേൾക്കുന്നത്. ഗവർണ്ണർ അത് തിരിച്ചയച്ചോയെന്നുള്ളത് എനിക്കറിയില്ല. നിങ്ങളുടെ വെബ്സൈറ്റിൽ ഇരുപത് ലക്ഷ്യങ്ങൾ പറയുന്നുണ്ട്. വെബ്സൈറ്റിന്റെ വിഷയകോപ്പിയും എന്റെ കയ്യിലുണ്ട്. ഇരുപത് കാര്യമുണ്ട്. ഇരുപതെണ്ണം എന്നുപറയുന്നത് ശരിക്കും പത്തെണ്ണമാണ്. മിക്കവാറുമെല്ലാം ഡ്യൂപ്ലിക്കേഷനാണ്. അതായത് ഒരെണ്ണത്തിൽ എഴുതിയ ഇംഗ്ലീഷ് വാക്ക് മാറ്റി അതേ ആശയത്തെ രണ്ടാമത് മറ്റൊരു വാക്കിൽ എഴുതിയിരിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ ഇതൊന്നും പറയുന്നില്ല. എത്ര അലക്ഷ്യമായാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ വൈസ്-ചാൻസലർ എ.ഐ.സി.റ്റി.ഇ.-യുടെ മെമ്പർ സെക്രട്ടറിയായിരുന്നതല്ലേ. അദ്ദേഹം മോശക്കാരനാണെന്ന് പറയുന്നില്ല. അദ്ദേഹം ഇത് വായിച്ചുനോക്കണ്ടേ; എന്തുകൊണ്ടാണ് വായിച്ചു നോക്കാത്തത്? കുഞ്ചറിയാ-ഐസക് വിധി, ബഹുമാനപ്പെട്ട അബ്ദുൾ റഹിമാൻ അവർകളാണ് പി.വി.സി. അദ്ദേഹം എ.ഐ.സി.റ്റി.ഇ.-യുടെ ഒരു ഡയറക്ടറല്ലേ. അദ്ദേഹം അത് വായിച്ചുനോക്കണ്ടേ. തെറ്റായിട്ട് എഴുതിയത് കൊണ്ടല്ലേ. ഇരുപത് ലക്ഷ്യങ്ങൾ നിങ്ങൾ പറയുന്നുണ്ടെങ്കിലും ഇത് സംക്ഷിപ്തമാക്കി എടുത്താൽ ഏഴ് കാര്യങ്ങളാണ് ഇരുപതായിട്ട് നിങ്ങൾ പറഞ്ഞിരിക്കുന്നത്. ഒന്ന് പലതായി തോന്നുന്ന മായാജാലം പോലെയാണിത്. ഇതിൽ ആകെ ഏഴ് കാര്യങ്ങളാണ് പറയുന്നത്, സാങ്കേതിക നേതൃത്വം കൊടുക്കുക, അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക, ഘടക കോളേജുകളെ മെച്ചപ്പെടുത്തുക, ഗവേഷണം ത്വരിതപ്പെടുത്തുക, എ.ഐ.സി.റ്റി.ഇ.-യുടെ (അഖിലേന്ത്യാ കമ്മിറ്റിയുടെ) നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക, ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുക, പൗരസ്ത്യ സാങ്കേതികവിദ്യകൾക്ക് പ്രാധാന്യം നൽകുക തുടങ്ങിയവയാണ്. വെബ്സൈറ്റിൽ പത്താമത്തേത് വീണ്ടും എവിടെയോ ആവർത്തിച്ചിട്ടുണ്ട്. ഏഴാമത് പറഞ്ഞിട്ട് അതുതന്നെ പത്താമതും പറഞ്ഞിരിക്കുന്നു. ഏഴാമതാണ് ആദ്യം. അത് ഞാൻ വായിക്കാം. അതൊന്ന് പറഞ്ഞ് മനസ്സിലാക്കണം. ലോകം മുഴുവൻ കാണുകയാണ്. എഞ്ചിനീയറിംഗ് എഡ്യൂക്കേഷനെ ലോക നിലവാരത്തിലേക്ക് ഉയർത്തുകയാണ്. അതുമാത്രമല്ല എം.ബി.എ.-യും വരും. അത് എ.ഐ.സി.ടി.ഇ.-യുടെ കീഴിൽ വരാനാണ് സാദ്ധ്യത. ബിസിനസ് മാനേജ്മെന്റിനെയും എഞ്ചിനീയറിംഗ് എഡ്യൂക്കേഷനെയും ലോകനിലവാരത്തിലേക്ക് ഉയർത്തുന്ന സ്വന്തം വെബ്സൈറ്റിലെ വാചകം ഞാൻ വായിക്കുകയാണ്. To act as the nodal agency for linkages in the field of engineering sciences, technology and management with other national and international institution. ഏതോ വാക്ക് വിട്ടുപോയിട്ടുണ്ട്. ഇത് വാചകമല്ല. ഇതിന്റെ മർമ്മം എവിടെയോ വിട്ടു പോയിട്ടുണ്ട്. ആ വാക്ക് ഏതാണെന്ന് ഊഹിക്കാൻ കഴിയുന്നില്ല. അങ്ങേയ്ക്കും അറിയാൻ സാദ്ധ്യതയില്ല. അങ്ങ് അല്ലല്ലോ ഇത് എഴുതിയത്. അങ്ങിത് വായിച്ചിട്ടുണ്ടാവില്ലല്ലോ. ഞാൻ ഒന്നുകൂടി വായിക്കാം. തുടക്കത്തിൽത്തന്നെ പിഴച്ചിരിക്കുകയാണ്. To act as the nodal agency for linkages in the field of engineering sciences, technology and management with other national and international institution. ഇത് disorder ആണ്. ഇങ്ങനെ സെന്റൻസ് എഴുതുന്നതിനെയാണ് ഇംഗ്ലീഷിൽ disorder എന്ന വാക്കിൽ പറയുന്നത്. എന്നുപറഞ്ഞാൽ Disorderly

sentence. ക്രമം തെറ്റിയതാണ്. നല്ലതുപോലെ ഇംഗ്ലീഷിൽ ഒരു വാചകം എഴുതാൻ അറിയാത്തവരെയാണോ സർവ്വകലാശാലയിൽ നിയമിക്കുന്നത്. ഇംഗ്ലീഷിലാണ് വെബ്സൈറ്റിൽ കൊടുത്തത്. വെബ്സൈറ്റിൽ ഇംഗ്ലീഷിൽ കൊടുക്കണ്ടായെന്ന് ഞാൻ പറയുന്നില്ല. യാതൊരുതരത്തിലും നിങ്ങൾ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെയോ സാങ്കേതിക ശാസ്ത്രത്തേയോ മെച്ചപ്പെടുത്താനല്ല, നിങ്ങൾ മുതലാളിമാരെയും കുറച്ച് ആളുകളെയും ചില സ്ഥാപനങ്ങളുടെ മുകളിൽ വച്ചിരിക്കുകയാണ്. ഇപ്പോൾത്തന്നെ ആരോപണ വിധേയമായിരിക്കുകയാണ് വിദ്യാഭ്യാസ മേഖല. അങ്ങ് കൈക്കൂലി ക്കാരനാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ വകുപ്പ് മുഴുവൻ അഴിമതിയാണ്. അഴിമതി മാത്രമാണ് അവിടെ നടക്കുന്നത്. നല്ല കുറച്ചുകാര്യങ്ങൾ ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. നിങ്ങൾക്ക് സാങ്കേതിക നേതൃത്വം കൊടുക്കാൻ കഴിയുമോ? കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ജോലി എന്താണ്? അതല്ലേ കേരളത്തിലെ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ നേതൃത്വം. ഒരു സർവ്വകലാശാല എന്നുള്ളതരത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ ശാസ്ത്രമുണ്ട്. ഞാൻ അവിടത്തെ വിദ്യാർത്ഥിയായിട്ടില്ലെങ്കിലും ആ യൂണിവേഴ്സിറ്റിയെപ്പറ്റി എനിക്ക് അഭിമാനമുണ്ട്. അവിടെ സാങ്കേതികവിദ്യയുണ്ട്. ലോകോത്തരമായ ഒരു യൂണിവേഴ്സിറ്റിയാണത്. ലോകത്തിന്റെ ഏത് ഭാഗത്തും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റുമായി പോയാൽ അതിന് വിലയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. പ്രതിഭാധനരായ പ്രൊഫസർമാരും അദ്ധ്യാപകരും, നല്ല മിടുമിടുക്കൻ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ. വേണ്ടത്ര പണം കൊടുത്ത് നമുക്കവരെ സഹായിക്കാൻ കഴിയുന്നില്ലെങ്കിൽപ്പോലും, കുറച്ച് കൊടുക്കുന്നുണ്ടെങ്കിലും അത് പോരാ, അവരുടെ ശാസ്ത്രീയവും സാങ്കേതികവും അക്കാദമികവുമായ കഴിവുകൾകൊണ്ട് ഏതാണ്ട് ലോകനിലവാരത്തിൽ ഉയർന്നുനിൽക്കുന്ന ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട നാലഞ്ച് സ്ഥാപനങ്ങളിലൊന്നായി കൊച്ചിൻ യൂണിവേഴ്സിറ്റി മാറിയിരിക്കുകയാണ്. അതിന്റെ ജോലി എന്താണെന്ന് പറയണം. ഞാൻ സമ്മതിക്കുന്നു. അതിൽ വെറുതെ അഫിലിയേഷൻ നടത്താൻ കഴിയില്ല. അവർ തുടങ്ങുന്നതിന് മാത്രമെ കഴിയുകയുള്ളൂ. അത് ഞാൻ സമ്മതിച്ചു. അതിന് ചെയ്യാൻ കഴിയാത്ത ഏത് ജോലിയാണ് ഇതുവഴി ചെയ്യാൻ പോകുന്നത്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ലോകോത്തര എഞ്ചിനീയറിംഗ് കോളേജാണെന്ന് ഞാൻ പറയുന്നു. കേരള യൂണിവേഴ്സിറ്റി തുടങ്ങുന്നതിന് മുമ്പ് രാജവാഴ്ചക്കാലം മുതൽ അതുണ്ടാകും. കേരള യൂണിവേഴ്സിറ്റി 1957-ലാണ് ആരംഭിച്ചത്. തിരുവിതാംകൂർ യൂണിവേഴ്സിറ്റി 1937-ൽ ആരംഭിച്ചതാണ്. അതിനുമുമ്പ് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ഉണ്ടാകാനാണ് സാദ്ധ്യത. അതിന് മഹത്തായ നിലവാരമുള്ളതാണ്. അവർക്ക് ചെയ്യാൻ കഴിയാത്ത ഏത് കാര്യമാണ് അവിടെ ഈ പുതിയ യൂണിവേഴ്സിറ്റി ഭാരവാഹികൾ ചെയ്യാൻപോകുന്നതെന്ന് വ്യക്തമാക്കണം. അതൊന്നും നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യമല്ല. ആക്ടിൽ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എടുത്ത് വായിക്കുകയാണിവിടെ. ഇത് വായിക്കേണ്ട കാര്യമില്ല. ഇതെല്ലാം ഇവിടെ അവതരിപ്പിച്ചതാണ്. എന്നിട്ട് രണ്ട് വാക്ക് പറഞ്ഞാൽ പോരേ. വാക്ക് പറയാത്തത് അതിനെപ്പറ്റി ധാരണയില്ലാത്തതുകൊണ്ടാണ്. സർവ്വകലാശാല എന്നുപറഞ്ഞാൽ ലോകത്ത് ഇതഃപര്യന്തമുള്ള എല്ലാ കലകളുടെയും ശാസ്ത്രങ്ങളുടെയും ആവാസ ഭൂമിയെന്നാണ്.

ഒരു പ്രത്യേക വിഷയത്തിൽ യൂണിവേഴ്സിറ്റി ആകാം. അങ്ങനെ ആകണ്ടായെന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ ഒരെണ്ണം നേരത്തെ വന്നല്ലോ. 'യൂണിവേഴ്സിറ്റാസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഈ പദം വന്നത്. എന്നാൽ ഗ്രീക്കുകാർ ഈ പദം കണ്ടുപിടിക്കുന്നതിനുമുമ്പേ നമ്മുടെ രാജ്യത്ത് യൂണിവേഴ്സിറ്റിയുണ്ട്. ക്രിസ്തുവിന് മുമ്പ്, ഏകദേശം അയ്യായിരം, ഏഴായിരം വർഷം മുതൽ, അതാണ് നളന്ദയും തക്ഷശിലയുമെന്നൊക്കെ പറയുന്നത്. അതേപ്പറ്റി തായാട്ട് ശങ്കരൻ ചരിത്രപരമായ പുസ്തകമെഴുതിയിട്ടുണ്ട്. ഞാനത് മുപ്പത് വർഷം മുമ്പ് വായിച്ചിട്ടുള്ളതാണ്. ഇന്ത്യയിലെ സർവ്വകലാശാലകളിൽ ഒരു വിദ്യാർത്ഥിക്ക് പതിനാല് അദ്ധ്യാപകരുണ്ടായിരുന്നു. അന്ന് കുട്ടികൾ കുറവാണ്. ഇന്നിപ്പോൾ അതുപോലെ നടക്കുമെന്നല്ല. പക്ഷേ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാറുണ്ടോ? ഒരു വിദ്യാർത്ഥിക്ക് പതിനാലും പതിനഞ്ചും അദ്ധ്യാപകരുണ്ടായിരുന്നു. നളന്ദയിലും തക്ഷശിലയിലും ഒരു കുട്ടിയെ പല വിഷയങ്ങൾ അവർ പഠിപ്പിക്കും. ഓരോ വിദ്യാർത്ഥിയേയും എങ്ങനെ പരുവപ്പെടുത്തിയെടുക്കണം. അവൻ ആ യൂണിവേഴ്സിറ്റിയിൽനിന്ന് പഠിച്ചിറങ്ങിയാൽ, പഠിച്ച വിഷയത്തിൽ പ്രത്യേകിച്ചും പൊതുവായിട്ടുള്ള എല്ലാ വിഷയങ്ങളിലും അവനൊരു സർവ്വകലാ വല്ലഭനായിരിക്കും. അത്രമാത്രം കഴിഞ്ഞില്ലെങ്കിലും ഇതെല്ലാം സമർപ്പണബുദ്ധ്യാ ചെയ്യുകയാണെങ്കിൽ ഉന്നത വിദ്യാഭ്യാസ പ്രതിബദ്ധതയുണ്ടെങ്കിൽ അതിന് എതിരായ എല്ലാ വയ്യാവേലികളെയും അവിടന്ന് എടുത്തുകളഞ്ഞ് ഉന്നതമായ ചിന്തയും വിദ്യാഭ്യാസവും സാമൂഹ്യപരിരക്ഷബോധമുള്ള സി. വി. രാമനെപ്പോലെയുള്ള ശാസ്ത്ര മാനവ പ്രതിഭകളെ അവിടെ നിയമിക്കാൻ ശ്രമിക്കുകയാണെങ്കിൽ ധാരാളം മാറ്റങ്ങളുണ്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല. Universe - പ്രപഞ്ചമാണ്. മഹത്തായ ആ പദത്തിൽ നിന്നാണ് യൂണിവേഴ്സിറ്റി ഉണ്ടായിരിക്കുന്നത്. എല്ലാ ഗ്രഹങ്ങളും ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ജീവനില്ലാത്തവയുമെല്ലാം അടങ്ങുന്ന സർവ്വ പ്രപഞ്ചത്തിന്റെ പേരാണത്. നമുക്ക് പ്രപഞ്ചമെന്ന മനോഹരമായ ഒരു പദം മലയാളത്തിലുണ്ട്. ഇംഗ്ലീഷുകാരെക്കാൾ ഒട്ടും പുറകിലല്ല മലയാളികൾ. യൂണിവേഴ്സിറ്റിയെന്ന് പറഞ്ഞാൽ അതാണ്. യൂണിവേഴ്സലെന്നും യൂണിവേഴ്സലി, യൂണിവേഴ്സാലിറ്റി എന്നും യൂണിറ്റിയെന്നും പറയുന്നത് അതിൽനിന്നാണ്. ഈ വൈവിദ്ധ്യത്തിലെ ഏകത്വമാണ്. ഈ പദങ്ങൾക്കെല്ലാം പരസ്പരം ബന്ധമുള്ളതാണ്. ആദിമകാലത്ത് ഡിക്ഷ്ണറികൾ കാണാൻ കഴിഞ്ഞില്ലെങ്കിലും ഡിക്ഷണറികളിൽ പറയുന്നത്, ഉന്നത വിദ്യാഭ്യാസവും ഗവേഷണവും പഠനവുമൊക്കെ നടത്തി ഡിഗ്രി നൽകുന്ന ഒരു സ്ഥാപനം എന്നൊക്കെ ലിറ്ററിയായി അതിന് അർത്ഥം വരുന്നുണ്ടെങ്കിലും വിശദമായി നോക്കുകയാണെങ്കിൽ ഡിക്ഷണറിയിലുള്ളതല്ല, യൂണിവേഴ്സ്സിറ്റി എന്നാൽ Universe in a city. ഒരു നഗരത്തിൽ അല്ലെങ്കിൽ ഒരു സർവ്വകലാശാലയിൽ പ്രപഞ്ചത്തെ നിങ്ങൾ ദർശിക്കുകയാണ്. ശരിയല്ലേ? എല്ലാ ശാസ്ത്രവും ഇവിടെ പഠിപ്പിക്കുകയല്ലേ. എല്ലാ സാഹിത്യവും കലകളും തത്വചിന്തകളും വിപ്ലവങ്ങളും പ്രതിവിപ്ലവങ്ങളും എല്ലാം വരുകയല്ലേ. ജനാധിപത്യവും സോഷ്യലിസവും ഫാസിസവും പട്ടാള മേധാവിത്വവും വിപ്ലവങ്ങളും സാമ്പത്തിക ശാസ്ത്രങ്ങളും ചരിത്രങ്ങളും ഭൂമിശാസ്ത്രവുമെല്ലാം വരുന്നതല്ലേ യൂണിവേഴ്സിറ്റി. ആർട്ടിക്കയും അന്റാർട്ടിക്കയുമെല്ലാം അവിടെ പഠിപ്പിക്കുകയല്ലേ. സാമാന്യമായിട്ടൊക്കെ അറിയാം. സവിശേഷമായി പഠിക്കുകയാണ്. അങ്ങനെ ഒരു

യൂണിവേഴ്സിറ്റിയെ തൊടുമ്പോൾ വിജ്ഞാനത്തിന്റെ ദീപത്തിന്മേലാണ് തൊടുന്നതെന്ന് മനസ്സിലാക്കണം. സൂക്ഷിച്ചുവേണം ആ പ്രശ്നം കൈകാര്യം ചെയ്യാൻ. അവതരിപ്പിക്കുന്നതും സൂക്ഷിച്ചുവേണം. വലിയ കാര്യങ്ങൾ ചെയ്തില്ലെങ്കിലും മോശപ്പെട്ടകാര്യങ്ങൾ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒന്നാമത്തെ ലക്ഷ്യം, സാങ്കേതിക നേതൃത്വമാണ്. പക്ഷേ ഇവിടെ നിങ്ങൾ ഒരു നേതൃത്വവും നൽകാൻ പോകുന്നില്ല. അക്കാദമിക നിലവാരം എങ്ങനെ മെച്ചപ്പെടുത്തും. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഈ നിയമം ഞാൻ വായിച്ചു. ഈ നിയമത്തിൽ വൈസ് ചാൻസിലർക്ക് യാതൊരു അധികാരവുമില്ല. കേരളത്തിലാദ്യമായി വൈസ് ചാൻസിലറിന് മുകളിൽ ഒരു ചെയർമാൻ വരുകയാണ്. ആരാണ് ഈ ചെയർമാൻ? നിങ്ങൾ ഉദ്ദേശിക്കുന്ന ചെയർമാൻ ഒരു കമ്പ്യൂട്ടർ വിദഗ്ധൻ, കമ്പ്യൂട്ടർ കച്ചവടക്കാരൻ. അദ്ദേഹം ഐ.ടി.യിൽ കച്ചവടം നടത്തി പത്തോ രണ്ടായിരമോ കോടി രൂപ ആദായമുണ്ടാക്കിയെന്ന് പറയുന്ന ഒരു പുതിയ പ്രമാണി. വൈസ് ചാൻസിലർ ഒരു പൈസയുടെപോലും സമ്പത്തുള്ളവനാകേണ്ട. അദ്ദേഹം സാമ്പത്തികമായി അങ്ങേയറ്റം നിർദ്ധനനായികൊള്ളട്ടെ. പക്ഷേ വൈജ്ഞാനികമായി സമ്പന്നനായിരിക്കും. അതാണ് വൈസ് ചാൻസിലർ. സർ, " The King is a beggar" എന്ന ഷേക്സ്പിയറുടെ വാചകം നോക്കുക, അദ്ധ്യാപകൻ ഒരുകാലത്ത് അങ്ങനെയായിരുന്നില്ലേ. സുകുമാർ അഴീക്കോടിനെ കണ്ടിട്ടില്ലേ. ഏറ്റവും വില കുറഞ്ഞ ഒരു ജൂബ്ബ, ഏറ്റവും വില കുറഞ്ഞ ഒരു മുണ്ട്. അദ്ദേഹത്തിന്റെ മുണ്ടിനും ഷർട്ടിനുംകൂടി ആകെ നൂറു രൂപയായിരിക്കും വില. പക്ഷേ അദ്ദേഹത്തിന്റെ വിജ്ഞാനം അളക്കാവുന്നതല്ല, വിലപറയാവുന്നതല്ല. നമ്മൾ എതിർത്താലും അനുകൂലിച്ചാലും അതെല്ലാം നമ്മൾ കേട്ടുനിൽക്കുകയില്ലേ. സർവ്വകലാശാലയിലെ അദ്ധ്യാപകരെക്കുറിച്ച് ഓർക്കുമ്പോൾ ഇങ്ങനെയുള്ള ആൾക്കാരെയാണ് നമ്മൾ ഓർക്കുന്നത്. അതുകൊണ്ട് ഇവിടെ ഒരു അക്കാദമിക നിലവാരവും മെച്ചപ്പെടുന്നില്ല. ചാൻസിലർ, പ്രോ-ചാൻസിലർ പിന്നെ വൈസ് ചാൻസിലറല്ല ചെയർമാൻ ആണ്. വൈസ് ചാൻസിലറെ ആറാമത്തെ സ്ഥാനത്തേക്ക് തട്ടിയിരിക്കുകയാണ്. ഈ ബില്ല് ആരും വായിച്ചിട്ടില്ല, വായിച്ചുനോക്കണം. ഈ ബില്ലിൽ വൈസ് ചാൻസിലറോട് യൂണിവേഴ്സിറ്റി നടത്തിക്കൊള്ളാൻ പറയുകയാണ്. പക്ഷേ വൈസ് ചാൻസിലർ ആറാം സ്ഥാനമാണ്. ഒരു ചെയർമാനെ എന്തിനാണ് മുകളിൽ വച്ചിരിക്കുന്നത്. Chairman of the Board of Governors എന്ന ഒരു പേരാണ്. മുമ്പ് സിൻഡിക്കേറ്റ്, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിങ്ങനെയായിരുന്നു. ചൈനയിലാണെങ്കിൽ പീക്കിംഗ് യൂണിവേഴ്സിറ്റിയുടെ അദ്ധ്യക്ഷനെ പ്രസിഡന്റ് എന്നാണ് വിളിക്കുന്നത്. പക്ഷെ അതിന്റെ മുകളിൽ ആരും ഇല്ല. പൂർണ്ണസ്വാതന്ത്ര്യമാണ്. അവർ കേരള യൂണിവേഴ്സിറ്റി സന്ദർശിച്ചപ്പോൾ ഞാൻ അവിടെ സിൻഡിക്കേറ്റ് മെമ്പറാണ്. ഞാൻ ആ യോഗത്തിലുണ്ടായിരുന്നു. നമ്മൾ വൈസ് ചാൻസലർ എന്നുപറയുന്നു. അവർ പ്രസിഡന്റ് എന്നുപറയുന്നു. President of the University. പ്രസിഡന്റായാലും വൈസ് ചാൻസലറായാലും സിൻഡിക്കേറ്റായാലും എക്സിക്യൂട്ടീവ് കമ്മിറ്റിയായാലും വൈസ് ചാൻസലറുടെ മുകളിൽ ദൈനംദിന ഭരണത്തിൽ ഇടപെടുന്ന ഒരു ചെയർമാനെ നിങ്ങൾ വച്ചിരിക്കുകയാണ്. നിങ്ങൾ ആളെ കണ്ടുവച്ചിട്ടുണ്ട്. അയാളുടെ യോഗ്യത ലോക നിലവാരത്തിലുള്ളതായിരിക്കണം എന്ന് ബില്ലിൽ പറയുന്നുണ്ട്. അമേരിക്കയിൽ രണ്ട് കമ്പ്യൂട്ടർ വിറ്റാൽ മതി ലോക നിലവാരമായി. ഇൻഡ്യയിൽ ഉണ്ടാക്കി

അമേരിക്കയിൽ നാല് കമ്പ്യൂട്ടർ വിറ്റാൽ ലോക നിലവാരമായല്ലോ ; ഇതാണോ ലോക നിലവാരം ? ഇതൊക്കെ തെറ്റായകാര്യമാണ്. വൈസ് ചാൻസലറുടെ മുകളിൽ ഒരു പ്രമാണിയെ വച്ചതോടുകൂടി സർവ്വകലാശാലയുടെ അന്തഃസത്തയെ പുതിയ നിയമത്തിലൂടെ നിങ്ങൾ തന്നെ നിരാകരിച്ചിരിക്കുന്നു. അതുപോലെതന്നെ Syndicate-നോ Executive Committee-ക്കോ അല്ല അധികാരം Board of Governors-ന് ആണ്. ഏത് തിരുത്താനും അവർക്ക് അവകാശമുണ്ട്. നിയമമുണ്ടാക്കുന്നത് അവരാണ്. സെനറ്റിന്റെ സ്ഥാനത്താണ് Board of Governors. ഇവിടെ സെനറ്റും ജനറൽ കൗൺസിലും ഒന്നുമില്ല. ബഹുമാനപ്പെട്ട മാണിസാർ, ഞങ്ങൾ അങ്ങുമായി വലിയ യുദ്ധത്തിലാണ്. അത് വേറെ കാര്യം. അങ്ങ് ഓക്സ്ഫോർഡിൽ പോയി സമ്മാനം വാങ്ങിയെന്ന് കേട്ടല്ലോ; അവിടെ Board of Governors ഉണ്ടോ; അവിടെ ഇങ്ങനയാണോ പറയുന്നത് ? നിങ്ങൾ അധികാരത്തിലിങ്ങനെ കടിച്ചുതൂങ്ങാനും അങ്ങോട്ടുമിങ്ങോട്ടും സഹായിക്കാനും വേണ്ടി ഇരിക്കുമ്പോൾ ഇതൊന്നും നിങ്ങൾ പറയില്ല. നിങ്ങൾക്കുള്ള കുഴപ്പവും അതാണ്. അതുപോലെതന്നെ ഘടക കോളേജുകളെ ഉൾപ്പെടുത്തുക. എന്താണ് കോളേജുകളുടെ സ്ഥിതി? ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സുരേഷ് കുറുപ്പ്, ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി, ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. രാജു എബ്രഹാം എന്നിവർക്ക് കഴിഞ്ഞ നിയമസഭയിൽ കൊടുത്ത മറുപടികളുണ്ട് കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കച്ചവടത്തിന്റെ അതിഭയാനകമായ ചിത്രം ഗവൺമെന്റ് തന്നെ തന്നിരിക്കുകയാണ്. അതുപ്രകാരം കേരളത്തിലെ എയ്ഡഡ്/ഗവൺമെന്റ് മേഖലകളിൽ വെറും 12 കോളേജുകളേയുള്ളൂ. 9 ഗവൺമെന്റ് കോളേജുകളും 3 എയ്ഡഡ് കോളേജുകളും. സെൽഫ് ഫൈനാൻസിംഗ് മേഖലയിൽ എം.ബി.എ. അടക്കം 133 കോളേജുകളുണ്ട്. അതായത് 13 മടങ്ങ് 1330 ശതമാനം കോളേജുകൾ. ഗവൺമെന്റ് സ്ഥാപനങ്ങളോ ഗവൺമെന്റ് ശമ്പളം കൊടുക്കുന്ന സ്ഥാപനങ്ങളോ അല്ലാത്തതാണ് അവ. അവയ്ക്കാണ് ഈ യൂണിവേഴ്സിറ്റി വരുന്നത്. ഈ യൂണിവേഴ്സിറ്റിയുടെ പേര് മാറ്റാൻ നിങ്ങൾ തയ്യാറുണ്ടോ? ഞങ്ങൾ എതിർക്കും. സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് യൂണിവേഴ്സിറ്റി. ആകെ 9 എണ്ണമുള്ള ഗവൺമെന്റ് കോളേജിന് എന്തു ചെയ്യാൻ പറ്റും? മൂന്ന് എയ്ഡഡ് കോളേജുകളാണ് എൻ.എസ്.എസ്.ന് ഉള്ളത്. ഒന്ന്, കൊല്ലം കരിക്കോട് പ്രസിദ്ധമായ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ്, കോതമംഗലത്തും ഒരു കോളേജുണ്ട്. ആകെ 9-ഉം 3-ഉം 12 എണ്ണം. 123 സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളും 10 സെൽഫ് ഫൈനാൻസിംഗ് എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടുകളും അടക്കം 133 എണ്ണത്തിന്റെ യൂണിവേഴ്സിറ്റിയാണിത്. ഗവൺമെന്റിനെ പ്രോത്സാഹിപ്പിക്കുന്ന, ഗവൺമെന്റ് ശമ്പളം കൊടുക്കുന്ന സ്ഥാപനങ്ങളേക്കാൾ 1330 ശതമാനം കൂടുതലാണ്. ഇതിനെ പൊതു താല്പര്യ പ്രകാരം എങ്ങനെ നിങ്ങൾക്ക് നിയന്ത്രിക്കാൻ പറ്റും? വിദ്യാഭ്യാസ കച്ചവടമല്ലേ ഇവിടെ നടക്കുന്നത്; ഈ യൂണിവേഴ്സിറ്റിയെ മുന്നിൽ കണ്ടുകൊണ്ട് നിങ്ങൾ വലിയ അഴിമതി കാണിച്ചു. മിനിമം മാർക്ക് 50 ശതമാനം എന്നുള്ളത് 45 ശതമാനമാക്കി കൊടുത്തു. 50 ശതമാനമായിട്ടുതന്നെ 25000 മാനേജുമെന്റ് സീറ്റിൽ ആളില്ല. അതിൽ 13000 മാനേജുമെന്റ് സീറ്റും 12000 ഗവൺമെന്റിന് കൊടുത്ത സീറ്റുകളുമാണെന്നാണ് അസംബ്ലിയിൽ ബഹുമാനപ്പെട്ട മെമ്പർമാർക്ക് മറുപടി കൊടുത്തിരിക്കുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അഖിലേന്ത്യാടിസ്ഥാനത്തിലെ പാറ്റേൺ അനുസരിച്ചാണ് ഇവിടെ മാറ്റം വരുത്തിയിരിക്കുന്നത്.

ശ്രീ. ജി സുധാകരൻ: സർ, അങ്ങനെ ഒരു പാറ്റേണും ആരും compulsory ആയിട്ട് പറഞ്ഞിട്ടില്ല. ഇതൊക്കെ യു.ജി.സി.യുടേയോ/എ.ഐ.സി.ടി.ഇ.യുടേയോ സർക്കുലറുകൾ ആണ്. compulsory ഒന്നുമല്ല. ഇതെല്ലാം വന്നതിന് ഏക ഉത്തരവാദി ബഹുമാനപ്പെട്ട ജോസഫ് ആണെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ പരിശോധിക്കണം. അഖിലേന്ത്യാതലത്തിലാണെങ്കിൽ എതിർക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കില്ലേ; അഖിലേന്ത്യ പറയുന്നത് എല്ലാം കേൾക്കുന്നതാണോ നിങ്ങളുടെ ജോലി? നിങ്ങളുടെ കൂട്ടത്തിൽ പലരും മോദി വലിയൊരു മന്ത്രിയാണെന്നും കൊള്ളാമെന്നുമൊക്കെ പറയുന്നു. ഒരു കാശിനും കൊള്ളാത്തവനാണെന്നാണ് എന്റെ അഭിപ്രായം. നിങ്ങളിൽ ചില മന്ത്രിമാർ പറയും മോദി കൊള്ളാം. ഒരു കാപ്പിയും വാങ്ങി തന്ന് രണ്ട് വർത്തമാനവും പറഞ്ഞാൽ കാര്യമായോ? അഖിലേന്ത്യാ പാറ്റേൺ ഇതിനെ നിങ്ങൾ എതിർക്കണം. നിങ്ങളിൽ ചിലർ എതിർക്കുന്നുണ്ട്. എല്ലാവരും എതിർക്കുന്നില്ലല്ലോ. ഒരു കോടി രൂപയുടെ ഡ്രസ്സ് ഇടുന്ന മഹാൻ, ഓരോരുത്തരെയും 'വാടാ ഞാൻ വെല്ലുവിളിക്കുന്നു' എന്ന മട്ടിൽ 56 ഇഞ്ചുമായി ഗോദയിലിറങ്ങിയിരിക്കുകയാണ്. ജനാധിപത്യപരമായി പരമപുച്ഛമാണ് എനിക്ക് അദ്ദേഹത്തെപ്പറ്റി. എന്റെ എം.എൽ.എ. സ്ഥാനം വേണമെങ്കിൽ എടുത്തുകളയാമെന്ന് കേന്ദ്രത്തിൽ ഇപ്പോൾ നിയമം നിർമ്മിക്കും. ഐ.ഐ.ടി.ഇ-ൽ ആരോ എന്തോ പറഞ്ഞതിന് നടപടി എടുത്തതുപോലെ. ഇദ്ദേഹമൊക്കെ എത്ര കാലമുണ്ടാകും ഇവിടെ; എത്ര കാലം ഈ ഇരുമ്പു ചട്ട അവിടെ ഉണ്ടാകും? ഞാൻ അതിലേക്ക് കടക്കുകയല്ല. കേന്ദ്രത്തിന്റെ നിയമം പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്; വലിയ മന്ത്രിമാരുടെയും ഗവർണ്ണർമാരുടെയും മാതൃക കാണിച്ച് ഏതെങ്കിലും തത്പരകക്ഷികൾ അഡ്മിഷനുവേണ്ടി ഇതൊക്കെ എഴുതിക്കൊടുക്കുന്നതാണ്. എന്നാൽ ഒരു കാര്യം ചെയ്യുക, മിനിമം മാർക്ക് വേണ്ട എന്നു പറയുക, ധൈര്യമുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കുന്നത് എ.ഐ.സി.റ്റി.ഇ. ആണ്. എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകളിൽ പറഞ്ഞിട്ടുള്ളത് aggregate 45% മാർക്ക് വേണമെന്നുള്ളതാണ്. അതാണ് ഇവിടെ നടപ്പിലാക്കുന്നത്.

ശ്രീ. ജി. സുധാകരൻ : സർ, അതുതന്നെയാണ് ശ്രീ. ജോസഫും പറഞ്ഞത്. എ.ഐ.സി.റ്റി.ഇ.-ക്ക് ഇങ്ങനെ പറയാൻ എങ്ങനെ തോന്നി ? മാത്തമാറ്റിക്സിന് ജയിക്കുകയും വേണ്ട, പൂജ്യം മാർക്കായാലും കുഴപ്പമില്ല. മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി ഇവയ്ക്ക് ഒരുമിച്ച് മതി 45%. എ.ഐ.സി.റ്റി.ഇ.-യുടെ ചെയർമാനെ അറസ്റ്റുചെയ്തു ജയിലിലിടണം എന്നാണ് ഞാൻ നിയമസഭയിൽ ആവശ്യപ്പെടുന്നത്. പണ്ട് റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെയർമാനെ അറസ്റ്റുചെയ്ത് ജയിലിലിട്ടില്ലേ; പതിനായിരം കോടി തകർത്ത യു.റ്റി.ഐ. ചെയർമാനെ അറസ്റ്റ് ചെയ്ത് ജയിലിലിട്ടില്ലേ; ബീഹാറിലെ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനെ അറസ്റ്റ്ചെയ്ത് ജയിലിലിട്ടില്ലേ;

ഇതുപോലെ വലിയ സ്ഥാനത്തിരിക്കുന്നതുകൊണ്ട് എന്താ അവർക്ക് ജയിൽ പറ്റത്തില്ലേ? തമിഴ്നാട്ടിലെ ചില കേന്ദ്രമന്ത്രിമാരെല്ലാം ജയിലിൽ കിടക്കുന്നു. ഇതൊന്നുമല്ല പ്രശ്നം. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അങ്ങയോട് ഒരഭിപ്രായ വ്യത്യാസവും വ്യക്തിപരമായിട്ടില്ല. ഇവിടെ പറയാതിരിക്കാൻ പറ്റില്ല. അങ്ങ് സന്ദർഭത്തിൽ ഉണരുന്നില്ല. അവർ അങ്ങനെ പറഞ്ഞാലും ശരിയല്ല എന്ന് പറയണ്ടേ; ഒരു പ്രസ്താവനയെങ്കിലും കൊടുക്കണ്ടേ. ചിലപ്പോൾ ഒഴിയാബാധ്യത ആയിരിക്കും. സഹകരണ സ്ഥാപനങ്ങളെ തകർക്കുന്ന ഭേദഗതി ഇവിടെ അംഗീകരിച്ചു എന്നുപറഞ്ഞു. നിങ്ങൾ അംഗീകരിച്ചു. ഞങ്ങൾ അംഗീകരിച്ചില്ല. നിങ്ങൾക്ക് അംഗീകരിക്കേണ്ടിവന്നു. നമുക്ക് ദോഷമാണെന്ന് നിങ്ങൾതന്നെ പറയുന്നുണ്ടല്ലോ. ദോഷമാണെങ്കിൽ അത് ഇപ്പോൾ ഞങ്ങൾക്കൊപ്പം പറയണ്ടേ? അപ്പോൾ കേരളത്തിൽ വന്ന ഇൻഡ്യാസുകളെല്ലാം ചുമന്ന് ഗണിതത്തിന് പൂജ്യം മാർക്കായാലും കുഴപ്പമില്ല. മൊത്തം 45 ശതമാനം മതി എന്നു പറഞ്ഞിരിക്കുകയാണ്. ഈ കണക്കുകൾ ഇവിടെ പറയുകയായിരുന്നു. ഇത്രയും സീറ്റുകൾ ഇവിടെ വെറുതെ കിടക്കുന്നത് എന്തുകൊണ്ടാണ്? ആകെ 59000 സീറ്റുകൾ ഉണ്ട്. അതിൽ 44000 സീറ്റുകൾ സെൽഫ് ഫൈനാൻസിംഗ് മേഖലയിലാണ്. ബാക്കി പതിനായിരത്തോളം സീറ്റുകളേയുള്ളൂ പൊതുമേഖലയിൽ. അത്രയും വന്നതുതന്നെ സഹകരണ വകുപ്പും വിദ്യാഭ്യാസവകുപ്പും നടത്തുന്ന സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ കാരണമാണ്. ഗവൺമെന്റ് ശമ്പളം കൊടുക്കാത്തതുകൊണ്ട് സാധാരണ ഫീസിനേക്കാൾ കുറച്ച് കൂടുതലാണ് അവിടെ എന്നാലും പ്രൈവറ്റ്/അൺഎയ്ഡഡ് കോളേജുകളെപ്പോലെ അല്ല. അതാണ് ഈ നാൽപ്പത് എണ്ണം. അതുകഴിഞ്ഞാൽ ഗവൺമെന്റിന് ആകെ 9 എഞ്ചിനീയറിംഗ് കോളേജുകളേയുള്ളൂ. ആ 9 കോളേജുകളിൽ നാലായിരമോ അയ്യായിരമോ സീറ്റുണ്ടാകും. എഞ്ചിനീയറിംഗ് പഠിക്കാൻ ആളില്ല. ഇപ്പോൾ സിവിലിനും മെക്കാനിക്കലിനും ആണ് തിരക്കുള്ളത്. ഒരു കാലത്ത് ഇതൊന്നും ആർക്കും വേണ്ടായിരുന്നു. എല്ലാവർക്കും ഐ.റ്റി. മതിയായിരുന്നു. ഇപ്പോൾ ഐ.റ്റി. ആർക്കും വേണ്ട. എഞ്ചിനീയറിംഗ് കോളേജുകളിൽ 30 ശതമാനം സീറ്റുകളിൽ പോലും ഐ.റ്റി.-ക്ക് ആളില്ല. ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽസ്, കമ്മ്യൂണിക്കേഷൻ സയൻസ് എന്നിവയ്ക്ക് ആളുകൾ കുറവാണ്. അതിനുകാരണം ഇഷ്ടംപോലെ വിദ്യാർത്ഥികൾ പഠിച്ചിട്ട് നിൽക്കുകയാണ്. സിവിലിനും മെക്കാനിക്കലിനും നല്ല തിരക്കാണ്. ജോലിയും കിട്ടും. ഗൾഫിലൊക്കെ പോയാൽ സിവിൽകാരെയാണ് ആവശ്യം. ഇപ്പോൾ സിവിൽകാർ ഇല്ല. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ നടത്തിപ്പിന്റെ തകരാറുകൊണ്ടാണ് ഇത്തരം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് വസ്തുതാപരമായി മനസ്സിലാക്കുമ്പോൾ അറിയാൻ സാധിക്കും. കുട്ടികൾക്ക് വേണ്ടത്ര താല്പര്യമില്ലാത്ത കോഴ്സുകൾക്ക് സീറ്റുകൾ കുറയ്ക്കുകയും കൂട്ടുകയും ചെയ്ത് വർഷംതോറും സീറ്റുകൾ അഡ്ജസ്റ്റ് ചെയ്യണം. അതിന് ഒരു ബോർഡും ഗവർണ്ണറും ചെയർമാനും വന്നതുകൊണ്ട് കാര്യമില്ല. അവർക്ക് ഇതിനൊന്നും സമയം ഉണ്ടാകില്ല. അവർക്ക് ബിസിനസ്സിൽ ആയിരിക്കും താല്പര്യം. അമേരിക്കൻ താല്പര്യം ഇതിന്റെ പിറകിലുണ്ടെന്നുള്ളത് ഞാൻ വ്യക്തമായി പറയുകയാണ്. അപ്പോൾ വിദ്യർത്ഥികളുടെ എണ്ണം നോക്കിയാലും ഇങ്ങനെ തന്നെയാണ്. സർക്കാർ എഞ്ചിനീയറിംഗ്/എയ്ഡഡ് കോളേജുകളിൽ 12 എണ്ണത്തിനുംകൂടി 5054 സീറ്റുകളേയുള്ളൂ. സെൽഫ് ഫൈനാൻസിംഗിൽ 54336 സീറ്റുകൾ ഉണ്ട്. അതിൽ സർക്കാരിന്റേത് 7514 സീറ്റുകളാണ്. അപ്പോൾ ഏകദേശം 47000 സീറ്റുകൾ വിദ്യാഭ്യാസ കച്ചവടക്കാരുടെ കയ്യിൽ ആണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ 12 സർക്കാർ എയ്ഡഡ് കോളേജുകളും അതിന്റെ ആയിരത്തിമൂന്നൂറ് ശതമാനം സ്വാശ്രയ കോളേജുകളുമാണെന്ന് പറയുകയുണ്ടായി. ദേശീയ അന്തർദേശീയ ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായം പ്രയോജനപ്പെടുത്താൻ സാധിക്കുന്നതാണെന്നാണ് ഈ ബില്ലിന്റെ ഉദ്ദേശകാര്യങ്ങളുടെ വിവരണങ്ങളിൽ പറയുന്നത്. ദേശീയ അന്തർദേശീയ ഏജൻസികളുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതോടൊപ്പം അങ്ങനെ കിട്ടുന്ന ധനസഹായം സ്വാശ്രയ കോളേജുകൾക്ക് കൈമാറുന്നതിനുള്ള ഒരു ഏജൻസിയാണ് ഈ സർവ്വകലാശാലയെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?15

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഞാൻ അത് കേന്ദ്രീകരിച്ച് സംസാരിക്കുന്നത്. ഇത് സെൽഫ് ഫൈനാൻസിംഗ് കോളേജുകളുടെ യൂണിവേഴ്സിറ്റിയായിരിക്കുമെന്നും അതുകൊണ്ടാണ് അതിന്റെ പേര് തന്നെ സെൽഫ് ഫൈനാൻസിംഗ് ശാസ്ത്രസാങ്കേതിക സർവ്വകലാശാല എന്ന് മാറ്റണമെന്ന് ആക്ഷേപ ഹാസ്യത്തിലൂടെ ഞാൻ പറഞ്ഞത് എല്ലാവർക്കും ബോധ്യപ്പെടുന്നകാര്യമാണ്. യാതൊരു രാഷ്ട്രീയ പ്രശ്നങ്ങളോ അരുവിക്കരയിലെ ഇലക്ഷൻ പ്രശ്നങ്ങളോ ഇതിനകത്തില്ല. ഇതെല്ലാം വസ്തുതകളാണ്. നമ്മുടെ നാട്ടിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് ദോഷം വരാൻ പോകുകയാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: നമുക്ക് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും ഗവൺമെന്റ് കോളേജുകളും എയ്ഡഡ് കോളേജുകളും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും ഉണ്ട്. ഗവൺമെന്റ് കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കുമാണ് കേന്ദ്രസഹായവും മറ്റ് ഏജൻസികളുടെ സഹായവും കൊടുക്കുന്നത്. അൺ-എയ്ഡഡ് കോളേജുകൾക്ക് കൊടുക്കുന്നില്ല. ഇവിടെമാത്രം അങ്ങനെയൊരു സംശയം ഉന്നയിക്കേണ്ട ആവശ്യമില്ല. ധനസഹായം വാങ്ങാൻ ഇങ്ങനെയൊരു യൂണിവേഴ്സിറ്റി വേണം എന്നാണ് പറയുന്നത്. ധനസഹായം അർഹതപ്പെട്ടവർക്കേ കൊടുക്കുകയുള്ളൂ.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ വീണ്ടും നിരാകരിക്കുകയാണ്. കാരണം സംശയം ചോദിക്കുകയെന്നുള്ളതാണ് മനുഷ്യന്റെ മനുഷ്യത്വം എന്നുള്ളതിന്റെ ഉദാഹരണം. മനനം നടത്തുന്നവൻ മനുഷ്യൻ. മനനം നടത്തുന്നവർ സംശയം ചോദിക്കും. സംശയം ചോദിക്കാൻ പാടില്ലേ? സംശയം ചോദിക്കലാണ് ഒരു വിദ്യാർത്ഥിയുടേതായ ഗുണം. നമ്മൾ എല്ലാം രാഷ്ട്രീയ വിദ്യാർത്ഥികളാണ്. സംശയം ചോദിച്ചുകൊണ്ടേയിരിക്കണം. ശ്രീ. പി. ശ്രീരാമകൃഷ്ണൻ സംശയം ചോദിക്കുന്ന ആളാണ്. ഉത്തമനായ ഒരു രാഷ്ട്രീയ വിദ്യാർത്ഥിയാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് നല്ല തിളക്കമുള്ളത്. അപ്പോൾ പെട്ടെന്ന് സംശയമൊന്നും ചോദിക്കാൻ പാടില്ല. സംശയം ചോദിക്കാതെ എങ്ങനെയാണ് ബിൽ അവതരിപ്പിക്കുന്നത്; സംശയമല്ലേ ഞങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സംശയം ചോദിക്കരുത് എന്ന് പറഞ്ഞിട്ടില്ല. ആവശ്യമില്ലാതെ വ്യഖ്യാനിക്കരുത് എന്നാണ് പറഞ്ഞത്.

<u>ശ്രീ. ജി. സുധാകരൻ:</u> നിയമനിർമ്മാണത്തിൽ ആവശ്യമില്ലാതെ സംസാരിക്കരുതെന്ന് പറയുന്നത് ശരിയല്ല. ഞാൻ ചോദിക്കട്ടെ, ഇപ്പോൾ സംസാരിക്കുന്നതിനുപകരം ബില്ല് അവതരിപ്പിച്ചുകൊണ്ട് പ്രസംഗം നടത്തിയിരുന്നെങ്കില്ലോ ? ഇപ്പോൾ എഴുന്നേറ്റുനിന്ന് പ്രസംഗിക്കുന്നുണ്ടല്ലോ; നല്ല ചുണയുണ്ടല്ലോ; അപ്പോൾ അവനവന് സംസാരിക്കാൻ വല്ലതും ഉണ്ടെങ്കിലേ എഴുന്നേൽക്കൂ. പൊതുവായ താൽപ്പര്യമില്ല. ഇതിനെല്ലാം മറുപടി ഉണ്ടാകും. സംശയം നന്നായി ചോദിക്കണം. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 3381 സ്റ്റുഡൻസും എയ്ഡഡ് കോളേജിൽ 1703 സ്റ്റുഡൻസും ആകെ 5084 സീറ്റേയുള്ളൂ. ഈ കഴിഞ്ഞ മാർച്ചിൽ നിയമസഭയിൽ കൊടുത്ത മറുപടിയാണ്. സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗിന് കോളേജിൽ 46662 സീറ്റ്. കേപ്പിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും 7514 അങ്ങനെ 54136. അതായത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സീറ്റുകളേക്കാൾ 1100 ശതമാനം കൂടുതലാണ്. സർക്കാരിനോട് തരും തരില്ലായെന്ന് പറഞ്ഞ് വാദപ്രതിവാദം നടത്തുന്ന ഈ വിദ്യാഭ്യാസ കച്ചവടക്കാർക്ക്, അതുകൊണ്ടുതന്നെ സെൽഫ് ഫൈനാൻസിംഗ്കാരുടെ യൂണിവേഴ്സിറ്റി അതാണ് ഉദ്ദേശിക്കപ്പെട്ടത്. അതെപ്പറ്റി സംശയം ചോദിക്കരുത്; ആവശ്യമില്ലാത്തകാര്യം പറയരുത് എന്ന് പറഞ്ഞാൽ പറഞ്ഞ് ശീലിച്ചവർ പറയും. ഞങ്ങൾ പറയും. നിങ്ങൾ വിദ്യാഭ്യാസ കച്ചവടക്കാരെ കാണുമ്പോൾ മുണ്ട് അഴിച്ചിടും. അവർ അത് അഴിച്ചിടുകയും ചെയ്യും. അത് രണ്ടും അവവരവരുടെ ഇഷ്ടം. ഞാൻ നിങ്ങളുടെ രീതികളോടൊന്നും യോജിക്കുന്നില്ല. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കണം; വീണ്ടും ഞാൻ പറയുകയാണ് വ്യക്തമാക്കണം; എല്ലാ സർവ്വകലാശാലാ നിയമത്തിലും ഗവേഷണം ത്വരിത പ്പെടുത്തണമെന്ന് പറയുന്നുണ്ട്. വെബ്സൈറ്റിൽ മര്യാദയ്ക്ക് ഒരു പരസ്യം കൊടുക്കാൻ കഴിയാത്തവരാണ് ഗവേഷണം ത്വരിതപ്പെടുത്തണമെന്ന് പറയുന്നത്. ഇരിക്കട്ടെ, നമുക്ക് കാണാം. പക്ഷെ എങ്ങനെ പണമുണ്ടാക്കാം എന്ന ഗവേഷണമായിരിക്കും ഈ എഞ്ചിനീയറിംഗ് കോളേജുകൾ ത്വരിതപ്പെടുത്താൻ പോകുന്നത് എന്ന ആശങ്ക ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. എ.ഐ.സി.ടി.ഇ. നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക. പിന്നെ അല്ലാതെ എങ്ങനെയാണ് പ്രവർത്തിക്കുന്നത്. അതൊരു ഉദ്ദേശ്യലക്ഷ്യമാണോ? എ.ഐ.സി.ടി.ഇ. പറയുന്നത് അനുസരിക്കാതെ അഫിലിയേഷൻ തരുകയില്ല. വലിയ പ്രക്ഷോഭങ്ങളും കാര്യങ്ങളും വരുമ്പോൾ വീട്ടിൽ കൊണ്ടുതരും അഫിലിയേഷൻ. അല്ലാതെ എവിടെ പോകാനാണ്. കേന്ദ്ര സമിതി ചെയർമാൻ അവിടെ കാണത്തില്ല. കേന്ദ്ര ഗവൺമെന്റ് നിയമിക്കുന്ന ആളാണ്. അല്ലാതെ ജനങ്ങൾ ഇലക്ട് ചെയ്യുന്ന ആളല്ല. എ.ഐ.സി.ടി.ഇ.യുടെ കമ്മിറ്റി ചെയർമാൻ എന്നുപറഞ്ഞാൽ അതാത് സർക്കാർ നിയമിക്കുന്ന ആൾക്കാർ ആണ്. മനസ്സിലായില്ലേ. വലിയ കാര്യമൊന്നുമല്ല. എപ്പോഴാണ് കസേര പോകുന്നതെന്ന് അറിയാൻ കഴിയില്ല. അവരുടെ നിലവാരം അനുസരിച്ച് പ്രവർത്തിക്കണമെന്നുള്ളത് ഉദ്ദേശലക്ഷ്യങ്ങളിൽ ബില്ലിൽ പറയേണ്ട യാതൊരു കാര്യവുമില്ല. അഫിലിയേഷന്റെ കാര്യം പറയുമ്പോൾ അത് പറഞ്ഞാൽ മതി. ലോകനിലവാരത്തെ സംബന്ധിച്ച് പറയാനുള്ളത്. അത് ഏകദേശം

മനസ്സിലായല്ലോ ഏത് നിലവാരത്തിലേയ്ക്കാണ് ഉയർന്നുകൊണ്ടിരിക്കുന്നതെന്ന്. ഒരു സംശയം ചോദിക്കാൻപോലും പാടില്ല എന്നുള്ളതാണ് കേരള വിദ്യാഭ്യാസ മേഖലയിലെ ഇപ്പോഴത്തെ സിദ്ധാന്തം എന്നുള്ളത് മനസ്സിലായി. സംശയം ചോദിക്കണമെന്നല്ലേ നെഹ്റു പറഞ്ഞത്? നിങ്ങൾ സംശയം ചോദിക്കരുത് എന്ന് പറഞ്ഞാൽ എങ്ങനെയാണ്. അത് ശരിയാകുകയില്ല. പൗരസ്ത്യ സാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകുക. അത് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. അഭിമാനപൂർവ്വമാണ് നിങ്ങൾ ഇത് പറയുന്നതെങ്കിൽ ലോകത്ത് ആദ്യമായി കൃഷിക്കുവേണ്ടി ജലസേചനം സംവിധാനം ഒരുക്കിയത് ഇന്ത്യാ രാജ്യത്താണ്. ആ എഞ്ചിനീയർമാർ ആരും കൈക്കൂലി വാങ്ങിക്കുമായിരുന്നില്ല. ബ്രിട്ടീഷ് എഞ്ചിനീയർമാർപോലും കൈക്കൂലി വാങ്ങിക്കുമായിരുന്നില്ല. അതുകൊണ്ടാണ് പത്തും നൂറ്റൻപതും വർഷമായിട്ടും സ്ഥാപനങ്ങൾ നിലനിൽക്കുന്നത്. യൂണിവേഴ്സിറ്റി കോളേജ് നിർമ്മിച്ചിട്ട് കാലം എത്രയായി; രാജവാഴ്ച കാലത്തല്ലേ? രാജവാഴ്ചയൊന്നും നമുക്ക് വേണ്ട. അഴിമതിയില്ലാതെ ഏതെങ്കിലും ഒരു സർക്കാർ കെട്ടിടം അടുത്ത മഴയത്ത് ചോരാതെ നിർമ്മിക്കാൻ പി.ഡബ്ല്യു.ഡി.-ക്ക് കഴിയുമോ എന്ന് വെല്ലുവിളിക്കുകയാണ്. അത് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ കുഴപ്പമല്ല. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ വകുപ്പിന്റെ കുഴപ്പമാണ്. ആ വകുപ്പിൽ ഒരു മാറ്റം വരുത്താൻ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് തയ്യാറല്ലായെന്നുള്ളതാണ് പ്രശ്നം. കഴിയുമോ; റോഡ് നിർമ്മിച്ചാൽ മൂന്നാം മാസം പോയില്ലേ; ആലപ്പുഴയിലെ റോഡുകളിൽക്കൂടി കാറുകൾക്ക് പോകാൻ പറ്റുമോ; കാരണം 250 കോടി രൂപയുടെ UIDSSMT ജലസേചനപദ്ധതിയിൽ ഇതുവരെ അവിടെ വെള്ളം വന്നിട്ടില്ല. തിരുവല്ല താലൂക്കിൽ നിന്നാണ് വെള്ളം വരുന്നത്, വെള്ളം ഇതുവരെ പമ്പുചെയ്ത് തുടങ്ങിയിട്ടില്ല. 1200 കോടി രൂപ മുടക്കി ഡോ. ടി. എം. തോമസ് ഐസക്കും ഞാനും മുൻകയ്യെടുത്ത് നിർമ്മിച്ചതാണ്. മുഴുവൻ റോഡുകളും വെട്ടിപൊളിച്ചു. 1200 കോടി രൂപയും പോയി ഈ 250 കോടിയും പോയി. എല്ലാ ജില്ലകളിലും ഇതുണ്ടാകും ഇതാണ് നിർമ്മാണം, ഇപ്പോഴത്തെ എൻജിനീയർമാരിൽ മഹാഭൂരിപക്ഷവും എന്താ ചെയ്യുന്നതെന്ന് എല്ലാവർക്കും അറിയാം. ചെറിയൊരു ഭാഗം മാത്രമേ ഉള്ളൂ കൊള്ളാവുന്നവർ. പണ്ട് അങ്ങനെയല്ലായിരുന്നു. ഇതിനെല്ലാം ഭരണാധികാരികൾക്ക് ഉത്തരവാദിത്തമില്ലേ? അപ്പോൾ എങ്ങനെയുള്ള എൻജിനീയർ മാരെയാണോ ഇവർ സൃഷ്ടിക്കാൻ പോകുന്നത്? To engineer എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താന്ന് ആദ്യം വിദ്യാഭ്യാസവകുപ്പുമന്ത്രി നിങ്ങളുടെ സർവ്വകലാശാല ഭരണാധികാരികളോട് ചോദിച്ച് മനസ്സിലാക്കണം. To engineer എന്നു വച്ചാൽ അതിനെ നയിക്കുക എന്നാണ്. ശരിയാക്കി മുന്നോട്ട് വിടുക എന്നതാണ്. പുരോഗതി മാത്രമാണ് എഞ്ചിനീയറിംഗ്, അത് താഴോട്ടില്ല. ഈ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യം ലോകത്ത് ഏറ്റവും കൂടുതൽ മനസ്സിലാക്കിയത് ജനകീയ ചൈനയാണ്. അവിടത്തെ പാർലമെന്റിൽ എഞ്ചിനീയർമാർക്ക് റിസർവേഷൻ ഉണ്ട്. ലോകത്ത് അവിടെ മാത്രമേ ഉള്ളൂ അത്. അതാണ് ചൈന അമേരിക്കയെ കടത്തിവെട്ടി കൊണ്ട് നിർമ്മാണമേഖലയിലും വികസനമേഖലയിലും ലോകത്തെ ഒന്നാമത്തെ രാജ്യമായി മാറുന്നത്. അവിടെ എഞ്ചിനീയറിംഗ് സയൻസിന്റേയും ടെക്നോളജിയുടെയും നേട്ടമാണ്. അവിടെ അഴിമതി ചിലർ കാണിക്കുന്നുണ്ട്. അവരെ പിടിക്കുന്നുമുണ്ട്. അവർ പ്രോത്സാഹിപ്പിക്കില്ല. പക്ഷെ ഇതുപോലെയല്ല. തീർച്ചയായിട്ടും ഇവിടെ

നിങ്ങൾ പറയുന്നതുപോലെയുള്ള യാതൊരു ഔന്നിത്യവും ഇല്ല. നമ്മുടേതിൽ ലോകനിലവാരമില്ല. പൗരസ്ത്യ സാങ്കേതികവിദ്യയുടെ യാതൊരുമണവും ഇന്നത്തെ എഞ്ചിനീയറിംഗിനില്ല. അതുണ്ടാകാനും സാധ്യതയില്ല കാരണം അതറിയാവുന്നവരാരും ഇപ്പോൾ ഇവിടെയില്ല. അപ്പോൾ ഈ പറഞ്ഞതു പോലെ നിങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യളൊന്നും തന്നെ സാക്ഷാത്കരിക്കപ്പെടുന്നതല്ല വെറുതെ നിങ്ങൾ പറയുന്നുവെന്നു മാത്രമേ ഉള്ളൂ. തീർച്ചയായിട്ടും നിരാകരിക്കാനുള്ള വാദത്തെ ശക്തിപ്പെടുത്തുന്നതാണ്. സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലും ഹൈക്കോടതിയിലുമൊക്കെ കേസ്സുകൾ ഉണ്ടാകും. ഇരിക്കട്ടെ, ഉദ്ദേശ്യശുദ്ധിയോടുകൂടി ഭരണഘടന ശരിയായി, ഭംഗിയായി പഠിച്ചുകൊണ്ട് ഇതിനെയൊക്കെ നിയന്ത്രിക്കണ്ടെ, ഇതിന്റെ എണ്ണം കുറയ്ക്കണ്ടെ, വിജയശതമാനം ഇല്ലാത്തതെല്ലാം പൂട്ടിയിട്ടുപോകാൻ പറയണ്ടേ, ഇവിടെ സീറ്റുകൾ വെട്ടി കുറയ്ക്കണ്ടേ, സീറ്റുകൾ നൽകുന്നത് സർക്കാരാണല്ലോ. ഒരു വിദ്യാഭ്യാസ കച്ചവടക്കാരന് കൈനീട്ടിയാലൊന്നും സീറ്റുകിട്ടുകയില്ല, മുകളിൽനിന്ന് വീഴാൻ ഇത് ഭസ്മമൊന്നുമല്ല. ഗവൺമെന്റാണ് കൊടുക്കുന്നത്. യൂണിവേഴ്സിറ്റിയാണ് കൊടുക്കുന്നത്. ഇക്കാലത്ത് യൂണിവേഴ്‌സിറ്റി സിൻഡിക്കേറ്റുകളുടെ നിലവാരം എത്രമാത്രം അധഃപതിച്ചു. ആരെങ്കിലും കൊള്ളാവുന്നവരില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഭൂരിപക്ഷവും നിലവാരമില്ലാത്ത ആളുകളെ നിങ്ങൾ അയയ്ക്കുകയാണ്. നോമിനേറ്റ് ചെയ്യുകയാണ്. അവിടെ എന്തെല്ലാമാണ് കാണിച്ചുകൊണ്ടിരിക്കുന്നത്? അതിനൊക്കെ ഒരു തിരുത്തൽ വേണ്ടേ; അങ്ങനെയൊരു ലക്ഷ്യബോധം വിദ്യാഭ്യാസവകുപ്പിന് ഇല്ലാത്തതുകൊണ്ട്, നമുക്ക് എന്താ ചെയ്യാൻ കഴിയുക; നിങ്ങളിപ്പോ പ്രവേശന മാർക്ക് കുറച്ചത് മുകളിൽ നിന്നും പറഞ്ഞിട്ടാണെന്ന് പറഞ്ഞല്ലോ, അങ്ങനെ വരുമ്പോൾ മാർക്കില്ലാത്തവന് അഡ്മിഷൻ കിട്ടും. മാനേജുമെന്റ് സീറ്റ് മൊത്തം തീരും. ഒരു വർഷം, സെൽഫ് ഫൈനാൻസിംഗ് മാനേജുമെന്റിന് 200 കോടി രൂപ അധിക വരുമാനമാണ് മാർക്ക് കുറവുള്ളവരെ എടുക്കുന്നതുവഴി കിട്ടുന്നത്. ഇപ്പോ അത് കിട്ടുന്നില്ല. പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. 200 കോടി രൂപയുടെ കച്ചവടമാണ് നടക്കുന്നത്, ആ കച്ചവടം പലയിടത്തും പോകും, അതിന്റെ വിഹിതം കേരളത്തിൽ സിൻഡിക്കേറ്റ് മെമ്പർമാരും വിദ്യാഭ്യാസ വകുപ്പിലും രാഷ്ട്രീയത്തിലും വാങ്ങുന്നവരും ഉണ്ടാകും. വിദ്യാഭ്യാസ വകുപ്പിൽ ആരെങ്കിലുമൊക്കെ ഉണ്ടാകും. ആരാണൊക്കെ മന്ത്രി അന്വേഷിക്കണം അല്ലാതെ വെറുതെ ഇതൊന്നും നടക്കത്തില്ല. എന്തെങ്കിലും കാണാതെ ഇങ്ങനെയുള്ള ഓർഡറുകളും കാര്യങ്ങളും വരുന്നതാണോ. ഇരിക്കാൻ പറയുമ്പോഴേക്കും അങ്ങ് കിടക്കുകയാണ് ചെയ്യുന്നത്. അതാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം]

നിങ്ങൾ ഇവിടെ ചില യൂണിവേഴ്സിറ്റികളെല്ലാമുണ്ടാക്കി, കൂടുതൽ യൂണിവേഴ്സിറ്റികൾ ഉണ്ടാക്കുമെന്ന് നിങ്ങൾ കരുതുന്നു. ഉണ്ടാക്കാതിരിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുന്നു. സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലും എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടുകളിലുമായി ഏഴായിരത്തിനും പതിനായിരത്തിനുമിടയിൽ അദ്ധ്യാപകരുണ്ടാകും. അവിടെ സംവരണമുണ്ടോ? ഇല്ല. ഇല്ല. ഇക്കാര്യത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ മൈനോരിറ്റിയാണ് മുസ്ലീം സമൂഹം.

അവരുടെ എണ്ണം പതിനാറ് കോടി കഴിഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തിന്റെ സംസ്കാരത്തിന്റെ, ചരിത്രത്തിന്റെ ഭാഗമാണവർ. അവരില്ലാതെ ഈ രാജ്യമില്ല, ഉണ്ടെന്നൊക്ക പറയുന്നത് വെറുതെയാണ്. പറയുന്ന വർഗ്ഗീയ ഫാസിസ്റ്റുകൾ, അവർക്കറിയാം അതൊന്നും നടക്കില്ലെന്ന്. രക്തപ്പുഴ ഒഴുക്കാമെന്നമാത്രം. ഇത് ഒന്നും മാറ്റപ്പെടാൻ കഴിയില്ല. മഹത്തായ ഒരു സംസ്കാരമാണത്. മലയാളിക്ക് എന്തെങ്കിലും ജോലിവേണമെങ്കിൽ, മാന്യമായ ശമ്പളം ലഭിക്കണമെങ്കിൽ മുസ്ലീങ്ങൾ അധികാരികളായ ഗൾഫ് രാജ്യങ്ങളിൽ പോകണം. കുറെപ്പേർക്ക് മോശപ്പെട്ട ശമ്പളവുമുണ്ടാകും. ഗൾഫ് രാജ്യത്ത് പോയി കോടിക്കണക്കിന് രൂപ ആദായമുണ്ടാക്കുന്ന ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഇരിപ്പുണ്ട്. മാന്യമായ രീതിയിലാണ്. തെറ്റായ രീതിയിലല്ല. ആ ഗൾഫ് രാജ്യമില്ലെങ്കിൽ ശ്രീ. തോമസ് ചാണ്ടി കൈനകരി ചാണ്ടിയായി വെള്ളത്തിൽ കിടന്നേനെ, ഇതുപോലെ ജീവിക്കാൻ കഴിയില്ല. അവർ അവിടെ ജോലി കൊടുക്കുന്നില്ലേ? അവർ സമുദായം നോക്കുന്നുണ്ടോ? അവർ ആർ.എസ്.എസ്. കാരനാണോ എന്നുപോലും നോക്കുന്നില്ല. അവർ മതം ഒന്നും നോക്കുന്നില്ല. അവർ എല്ലാപേർക്കും തൊഴിൽ കൊടുക്കുകയാണ്. നിങ്ങൾ യോഗ്യരാണോ, നിങ്ങൾക്ക് അതിനുള്ള കഴിവുണ്ടോ എന്നാണ് അവർ നോക്കുന്നത്. ലേബറാണെങ്കിൽ ലേബർ, മറ്റൊരു തരത്തിലാണെങ്കിൽ അങ്ങനെ. അവരുടെ വിദ്യാഭ്യാസത്തിന്റേയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ ജോലി കൊടുക്കുകയാണ്. എനിക്ക് വളരെ ബഹുമാനമുണ്ട്, മൈനോരിറ്റി കമ്മ്യൂണിറ്റിയിലെ ഒരംഗം, പ്രശസ്തനായ ഒരു പിതാവിന്റെ മകൻ, അങ്ങ് ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായതിൽ ഞങ്ങൾക്ക് പ്രശ്നമില്ല. പക്ഷേ സംവരണം മുസ്ലീങ്ങൾക്ക് കൊടുക്കാൻ നിങ്ങൾ ഉറപ്പ് തരുന്നില്ല. നിങ്ങൾ നിങ്ങളുടെ സമുദായത്തെ/മതത്തെ മറന്നിരിക്കുകയാണ്. അവരെ-വിദ്യാഭ്യാസ കച്ചവടക്കാരെ പിടിക്കാൻ ഇതൊരവ സരമല്ലായിരുന്നോ? ഈ ബിൽ ഔന്നത്യക്കുറവല്ലായിരുന്നോ? ഈ യൂണിവേഴ്സി റ്റികളൊക്കെ ഉണ്ടാക്കണോ; അവിടെ ഇത്തരത്തിലുള്ള കാര്യങ്ങൾ വേണോ; കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടെല്ലാം വാങ്ങി അവർക്ക് കൊടുക്കേണ്ട കാര്യമെന്താ? അതെന്തിനാണ്? ഇങ്ങോട്ടുതരുന്ന പൈസ മോദിയുടെ കുടുംബസ്വത്തല്ല, ഈ നാട്ടിലെ ജനങ്ങളുടെ ഫണ്ടാണ്. പണ്ട് കോൺഗ്രസ് ഭരിക്കുമ്പോൾ ഇങ്ങനെ പറയുന്നത് നിങ്ങൾക്ക് ഇഷ്ടക്കേടാണ്. ഇപ്പോൾ അത് പറയുമ്പോൾ നിങ്ങൾക്ക് ഇഷ്ടപ്പെടുമല്ലോ. മന്ത്രിമാർ ചെലവഴിക്കുന്ന പണം അവരുടെ കുടുംബസ്വത്തല്ല, അത് ജനങ്ങളുടെ പണമാണ്. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്തുകഴിഞ്ഞാൽ അത് ഇങ്ങോട്ടുവാങ്ങി ഇതെല്ലാം ചെയ്തുകൊടുക്കാം എന്നുപറയുന്നത് ശരിയല്ല. നിങ്ങൾ സംവരണം നൽകാൻ തയ്യാറുണ്ടോ? 1956-ൽ കേരളമുണ്ടായ കാലംമുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ പ്ലസ് ടു വരെയുള്ള സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ 5 ലക്ഷത്തോളം അദ്ധ്യാപകനിയമനം നടന്നിട്ടുണ്ട്. എല്ലാ അദ്ധ്യാപകരും ഇപ്പോൾ അവിടെയില്ല. 3 ലക്ഷത്തിലേറെ പേർ പിരിഞ്ഞു പോയിട്ടുണ്ട്. ഈ എയ്ഡഡ് സ്കൂളുകളിൽ ഒരൊറ്റ പട്ടികജാതിക്കാരനെയെങ്കിലും എടുത്തിട്ടുണ്ടോ ? ഞാൻ മൂന്നാമത്തെ തവണയും ഈ നിയമസഭയിൽ ഈ സർക്കാരിന്റെ കാലത്ത് ചോദിക്കുകയാണ്. ഭരണഘടനാപരമായി അവകാശമുള്ളതല്ലേ? 50 ശതമാനം പിന്നോക്ക സമുദായങ്ങൾക്ക്-ലാറ്റിൻ കാത്തലിക്സ്, മുസ്ലീം, ഈഴവരാദിയായ പിന്നോക്ക സമുദായങ്ങൾ. 50 ശതമാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കല്ലേ. നല്ലൊരുഭാഗം എസ്.സി/എസ്.റ്റി.-ക്ക് അല്ലേ?

<u>ശ്രീ. എ. കെ. ബാലൻ</u>: കേരളത്തിൽ ആദ്യമായി മുസ്ലീങ്ങൾക്ക് സംവരണം ലഭിച്ചത് ഏത് കാലഘട്ടത്തിലെ ഏത് നിയമമാണെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിക്ക് ഒന്ന് പറഞ്ഞുകൊടുക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: 1957-ൽതന്നെ മുസ്ലീങ്ങൾക്ക് സംവരണം തുടങ്ങി, 1967-ൽ ബാക്കി ചെയ്തു, ഇനിയും ചെയ്യും. മുസ്ലീങ്ങൾ നിങ്ങളുടെ കുത്തകയൊന്നുമല്ല. നിങ്ങൾ ആ കമ്മ്യൂണിറ്റിയിൽപ്പെട്ടവരാണ് എന്നുള്ളതുകൊണ്ടൊന്നും ഞങ്ങൾ അംഗീകരിക്കാതിരിക്കുന്നില്ല. പക്ഷേ നിങ്ങൾ ഒരു അധികാരം കയ്യാളാൻവേണ്ടി, സമൂഹത്തിന്റെ താൽപ്പര്യങ്ങൾ മറക്കേണ്ട കാര്യമില്ല. ന്യൂനപക്ഷതാല്പര്യം മറക്കാൻ പാടില്ല. ഈ ബില്ലിൽ സംവരണം ഉറപ്പാക്കാത്തതെന്തുകൊണ്ടാണ്; ആരുപറഞ്ഞു ഭരണഘടന ഇതിനെതിരാണെന്ന് ? അങ്ങനെയാണെങ്കിൽ ഭരണഘടനാ ഭേദഗതി വരുത്തണം. ആരുടേതാണ് ഈ ഭരണഘടന. ഈ രാജ്യത്തെ ജനങ്ങളുടേതാണ് ഭരണഘടന. 5 ലക്ഷം ആളുകളെ നിയമിച്ചപ്പോൾ ഒരൊറ്റ പട്ടികജാതിക്കാരനേയും പട്ടികവർഗ്ഗക്കാരനേയും നിയമിക്കാതിരുന്നത് നല്ലതാണെന്ന് പറയുന്ന ഭരണഘടന എന്ത് ഭരണഘടനയാണ്. അങ്ങനെ ഭരണഘടന പറയുന്നില്ല. അങ്ങനെ ഭരണഘടന യിലൊന്നും പറഞ്ഞിട്ടില്ല. അതൊക്കെ ദുർവ്യാഖ്യാനങ്ങളാണ്. ഹൈക്കോടതിയിലേയും സുപ്രീംകോടതിയിലേയും ചില ജഡ്ജിമാരാണ് ഇതിനനുകൂലമായി ഇരിക്കുന്നത്. ജഡ്ജിമാർ മാറിയും പറയും, നമ്മൾ പോരാടണം. ഇത് ചെയ്യാൻ നിങ്ങൾ തയ്യാറല്ല. ഇതിനകത്ത് എസ്.സി./എസ്.ടി.-ക്ക് മാത്രമല്ല, മുസ്ലീമിനും ലത്തീൻകാർക്കുമൊന്നും സംവരണമില്ല. എസ്.സി./എസ്.ടി.-ക്കാണ് ഏറ്റവും വലിയ അവഗണന. മറ്റ് സമുദായങ്ങൾക്ക് സംവരണമില്ലാതെ കുറച്ചെങ്കിലും ജോലി കിട്ടും. പക്ഷേ ഇവർക്ക് കൊടുക്കില്ല. അതുകൊണ്ടാണ് ഇതൊക്കെ പി.എസ്.സി.-ക്ക് വിടണമെന്ന് പറയുന്നത്. പി.എസ്.സി.-ക്ക് വിടുമ്പോൾ ചട്ടങ്ങളെല്ലാം മാറും. പെട്ടെന്നൊരു ദിവസം പി.എസ്.സി.-ക്ക് വിടണമെന്നല്ല, അതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ഇതെല്ലാം നമ്മൾ പരസ്യമായി പറയേണ്ട കാര്യങ്ങളാണ്. പക്ഷേ അങ്ങേയ്ക്ക് ഇതിനെപ്പറ്റി യാതൊരു ചിന്തയുമില്ല. ഞങ്ങൾ ചിന്തിക്കുന്നത് ശരിയല്ല, അത് അപ്രസക്തമാണ്, ചോദ്യം ചെയ്യരുതെന്ന് പറയുകയാണ്. മുസ്ലീം ലീഗിന് എം.എസ്.എഫ്. എന്ന ഒരു വിദ്യാർത്ഥി സംഘടന ഇപ്പോഴുമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രസ്താവനകളൊക്കെ ഞാൻ ചന്ദ്രികയിൽ ധാരാളം വായിക്കുന്നുണ്ട്. അതിന്റെ യോഗങ്ങൾ അവർ നടത്തുന്നുണ്ട്. ആലപ്പുഴയിലും ഈ സംഘടനയിലുള്ള കുറച്ച് ചെറുപ്പക്കാരുണ്ട്. കെ.എസ്.യു, എസ്.എഫ്.ഐ., എ.ഐ.എസ്.എഫ്. തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇവിടെയില്ലേ? ഈ കോളേജുകളിലെങ്ങാനും ഈ സംഘടനകളുടെ ഒരു പുല്ല് കിളിർക്കുമോ; സെൽഫ് ഫൈനാൻസിംഗ് കോളേജുകളെ ഇങ്ങനെ സംരക്ഷിച്ചാൽ ഈ സംഘടനയുണ്ടാകുമോ? ഞാൻ ഉൾപ്പെടെ ശ്രീ. എ. കെ. ബാലൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ഇ. പി. ജയരാജൻ ശ്രീ. എം. എ. ബേബി, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. ആർ. രാജേഷ്, ശ്രീ. ജയിംസ് മാത്യു തുടങ്ങിയവർ ഈ പ്രസ്ഥാനങ്ങൾവഴി വന്നവരാണ്, പല

നിലവാരത്തിൽ പ്രവർത്തിച്ചവരാണ്. നിങ്ങളും അങ്ങനെ പ്രവർത്തിച്ചവരല്ലേ. ഈ രാജ്യത്തിന് ധാരാളം മാറ്റങ്ങൾ ഉണ്ടാക്കിയവരല്ലേ വിദ്യാർത്ഥികൾ. സ്വന്തം കാര്യം നോക്കാതെ, രക്തസാക്ഷികളാകുകയും മർദ്ദനമേൽക്കുകയും ജയിലിൽ പോകുകയും ചെയ്തു. ചില സമയത്ത് ചില അധികപറ്റുകളൊക്കെയുണ്ടാകും അതൊക്കെ ചെറുപ്പക്കാരുടെ പ്രത്യേകതകളാണ്. പക്ഷേ മൊത്തത്തിൽ  അവർ വിശാലഹൃദയമുള്ളവരും ആദർശ സമ്പന്നൻമാരും ധീരന്മാരും ത്യാഗികളുമായിരുന്നു. ആ കുട്ടികളുടെ പ്രസ്ഥാനം മൊത്തം നിർത്തലാക്കിയില്ലേ ഇവർ? നിങ്ങൾ അതൊന്നും കാണുന്നില്ല. ഇത് വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ജനാധിപത്യവിരുദ്ധമായ നിയമമാണ്. അതുപോലെ നിങ്ങളുടെ ഐ.ടി സ്ഥാപനങ്ങളിൽ ട്രേഡ് യൂണിയൻ പാടില്ല. അപ്പോൾ ശത്രുക്കളാരാണ്. തൊഴിലാളികളാണ് ശത്രു. ഞങ്ങൾക്ക് സൗകര്യമുള്ളത് തൊഴിലാളികൾക്ക് കൊടുക്കും. വിദ്യാർത്ഥി പ്രസ്ഥാനം പാടില്ല. ഇതിനെല്ലാം സൗകര്യം ചെയ്തുകൊടുക്കുന്ന നിയമ നിർമ്മാണമായി ഇതൊക്കെ മാറുകയാണ്. ഈ രാജ്യത്തിന്റെ ഭാവിയെന്തായിരിക്കും? ഇപ്പോൾ വിദ്യാഭ്യാസ മേഖലകളിലും സാംസ്കാരിക മേഖലകളിലും ശാസ്ത്ര സാങ്കേതിക മേഖലകളിലും അരാഷ്ട്രീയവത്ക്കരണം ഔദ്യോഗികമായി കൊണ്ടുവരുന്നു. നാളെ ഇത് സാമ്പത്തിക സാമൂഹികമേഖലകളിലും അന്തിമമായി രാഷ്ട്രീയമേഖലകളിലും വരും. അങ്ങനെയൊന്നും ഇത് വരാൻ പറ്റില്ല. അതിനൊക്കെ രാജ്യത്ത് എതിർപ്പുണ്ടാകും. എതിർപ്പില്ലെങ്കിൽ ഇത് വരുമെന്നാണ് പറയുന്നത്. പക്ഷേ ജനങ്ങൾ അത് സമ്മതിക്കില്ല. ഈ കോളേജുകളെല്ലാം കലാപകേന്ദ്രങ്ങളായി മാറും. വൈസ്ചാൻസലറിന് മുകളിലുള്ള ബിസിനസ്സുകാരനായ ചെയർമാനും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ ചെയർമാനും ആറാംസ്ഥാനത്തേയ്ക്ക് തള്ളിയ വൈസ് ചാൻസലറും തമ്മിൽ എവിടെയെങ്കിലും മര്യാദയ്ക്ക് യോജിച്ച് പ്രവർത്തിക്കുമോ?  ഒരേ സ്കൂളിൽ തന്നെ ഒരു ഹെഡ്മാസ്റ്ററും പ്ലസ് ടുവിന് ഒരു പ്രിൻസിപ്പലും ഉള്ളിടത്ത് നമ്മൾ കണ്ടു കൊണ്ടിരിക്കുകയാണ്. രണ്ടിനുംകൂടി ഒരാൾ മതിയായിരുന്നു. ക്വാളിഫിക്കേഷൻ വേണമെന്നേയുള്ളായിരുന്നു. അങ്ങനെയാണ് ആദ്യം ആലോചിച്ചത്. 1987 കാലത്ത് ചന്ദ്രശേഖരൻ ഇത് കൊണ്ടുവന്നപ്പോൾ,  അങ്ങനെയാണ് നമ്മൾ ആലോചിച്ചത്. പിന്നെ എന്തെങ്കിലുമായിക്കൊള്ളട്ടെ എന്നായി. അവർ തമ്മിൽ വഴക്കല്ലേ? ഒരു പരിപാടിക്ക് ഒരാൾ പങ്കെടുത്താൽ മറ്റെയാൾ വരില്ല. യോജിച്ച് പ്രവർത്തിക്കുന്നത് കുറവാണ്. ഇവിടേയും വഴക്കല്ലേ നടക്കാൻ പോകുന്നത്? എക്സിക്യൂട്ടീവ് കമ്മിറ്റിയും ബോർഡ് ഓഫ് ഗവർണേഴ്സും തമ്മിൽ മുഖത്തോടുമുഖം നോക്കുമോ? ഇത് കലാപ കേന്ദ്രങ്ങളാകാൻ പോകുകയാണ്. ഇത് കുഴപ്പത്തിലേയ്ക്കാണ് പോകുന്നത്. വിദ്യാർത്ഥി പ്രസ്ഥാനമില്ല. അദ്ധ്യാപക പ്രസ്ഥാനമില്ല. സംഘടന പ്രസ്ഥാനങ്ങളൊന്നുമില്ല. തിരുത്താനും അവിടെ ആരുമുണ്ടാകില്ല. വെളുത്ത സായിപ്പ് പോയി കറുത്ത സായിപ്പ് വന്നുവെന്ന് നമ്മൾ ആലങ്കാരികമായി പറഞ്ഞെങ്കിലും പിന്നെ നമ്മളത് പറയാതെയായി. ഇപ്പോൾ കറുത്ത സായിപ്പിനെ വളർത്തി, വെളുത്ത സായിപ്പിന്റെ ജോലി ചെയ്യുന്ന കറുത്ത സായിപ്പിനെ കൊണ്ടുവരികയാണ് ഈ നിയമങ്ങളിലൂടെ ചെയ്യുന്നത്. എല്ലാം ഒരു യൂറോപ്യൻ മുതലാളിത്ത സ്റ്റൈൽ. ആരും ചോദിക്കാൻ

പാടില്ല എന്നുള്ള തരത്തിലാണ് നിങ്ങൾ കൊണ്ടുവരുന്നത്. ഒടുവിൽ കേരളത്തിന് വ്യക്തിത്വമില്ലാതാകും. ഇപ്പോൾ മുണ്ടുടുക്കുന്നത് വലിയ പ്രശ്നമാണ്. വെളിയിലോട്ട് ഇറങ്ങി കഴിഞ്ഞാൽ എല്ലാപേരും നിർബന്ധമായും പാന്റ് ഇടണം. സ്റ്റാറ്റ്യൂട്ട് വന്നില്ല, ഏതാണ്ട് ധാരണയായിരിക്കുകയാണ്. ഞാൻ പാന്റിടുന്നതിന് എതിരല്ല. നമ്മുടെ കുട്ടികളൊക്കെ പാന്റ് ഇടുന്നില്ലേ. അതല്ല ഞാൻ പറഞ്ഞുവന്നത്. മുണ്ട് നമ്മുടെ വേഷമല്ലേ. മലയാളം നമ്മുടെ ഭാഷയല്ലേ. എനിക്കുണ്ടായ ഒരനുഭവം ഞാൻ ഈ സഭയോട് പറയുകയാണ്. കഴിഞ്ഞമാസം പാർട്ടിപരമായ ചില പ്രസംഗങ്ങൾക്കു വേണ്ടി ഞാൻ മൂന്നുനാല് ഗൾഫ് രാജ്യങ്ങളിൽപോയി. നെടുമ്പാശ്ശേരിയിൽനിന്നും വിമാനത്തിൽ കയറുമ്പോൾ മുണ്ടുടുത്ത ഒരേ ഒരാൾ ഞാൻ മാത്രമാണ്. അതൊക്കെ അവരവരുടെ ഇഷ്ടം. അവിടെ പോയി പ്രസംഗം നടത്തി. ധാരാളം മലയാളികൾ കൂടി. ഞങ്ങൾ സന്തോഷത്തോടെ തിരിച്ച് ഒമാൻ എയർപോർട്ടിൽനിന്നും നെടുമ്പാശ്ശേരിയിൽ വരുന്നതിന് വിമാനത്തിൽ കയറി ഇരുന്നു. ഫ്ലൈറ്റ് പുറപ്പെടാൻ രണ്ടുമൂന്ന് മിനിട്ടേയുള്ളൂ. ഇക്കണോമി ക്ലാസ്സായതിനാൽ എനിക്ക് പുറകിലായിരുന്നു സീറ്റ്. കുറച്ച് പുറകിലായിട്ടാണ് മൂത്രപ്പുര. പ്രമാണിമാരുടേത് ഫ്രണ്ടിലാണ്. ഞാൻ മൂത്രമൊഴിക്കാൻ വേണ്ടി പുറകിലോട്ട് പോയി. പ്രമാണിയുടെ രൂപവും സാധാരണക്കാരന്റെ രൂപവും വിമാനത്തിലുണ്ട്. മുട്ടിനുമുകളിൽവരെയുള്ള പാവാട ഇട്ട്, മുഖത്ത് രണ്ട് ടൺ ചുവന്ന കളറൊക്കെയിട്ട് ഫ്ലൈറ്റിലുള്ളവർക്കു ഭക്ഷണം കൊണ്ടുകൊടുക്കുന്നതിനുള്ള ഒരു പെട്ടിയുടെ അടുത്ത് നാല് എയർഹോസ്റ്റസുമാർ നിൽക്കുകയാണ്. അപ്പോൾ അതിൽ ഒരു പെൺകുട്ടി എന്നോട് ചോദിക്കുകയാണ്, Where is your trousers? ഞാൻ പറഞ്ഞു, I have no trousers. അപ്പോൾ വീണ്ടും ആ പെൺകുട്ടി ചോദിക്കുകയാണ്, Where is your Pants? ഞാൻ പറഞ്ഞു, I have no pants. ആ കുട്ടി ഒരു പാലസ്തീൻകാരിയാണെന്ന് പിന്നീടാണ് മനസ്സിലായത്. പക്ഷേ അവൾ യൂറോപ്പിൽ പോയി പഠിച്ചതാണ്. ഞാൻ പറഞ്ഞു, I have no Pants. അപ്പോൾ ആ കുട്ടി പറയുകയാണ്, Then you cannot travel. You can not fly. ഞാൻ പറഞ്ഞു, I will fly. ആ പെൺകുട്ടി വീണ്ടും പറയുകയാണ്, No, you cannot. ഞാൻ പറഞ്ഞു, I will. മലയാളികളെല്ലാം ശ്വാസം പിടിച്ചിരിക്കുകയാണ്. കാരണം എന്നെ എടുത്ത് ഇവൾ വെളിയിൽ എറിയും എന്ന ഭയത്തിലാണ് അവർ ഇരിക്കുന്നത്. ഫ്ലൈറ്റിലൊക്കെ ഇരിക്കുമ്പോൾ നമുക്ക് അൽപ്പം ഗമയൊക്കെയുണ്ട്. അവസാനം ഞാൻ എന്റെ തനിനിറം കാണിച്ചു. ഞാൻ ചോദിച്ചു, " Who are you? How dare you to speak to me that I shall abandon my dhothi, my traditional clothes and wear European Pants. Are you an American lady? ആ പെൺകുട്ടി പറഞ്ഞു, No. ഞാൻ വീണ്ടും പറഞ്ഞു, Then what a nasty woman you are; Your people, including women, when come to Kerala... അപ്പോൾ ആ കുട്ടി ചോദിക്കുകയാണ്, Where is Kerala Sir? അപ്പോൾ എവിടെയാണ് കേരളം എന്ന് ഞാൻ പറഞ്ഞുകൊടുത്തു. They come in their own traditional clothes. We respect them. അറബി പുരുഷൻമാർ ധരിക്കുന്ന

തല മൂടുന്ന വെളുത്ത ഡ്രസ്സുണ്ടല്ലോ. അപ്പോൾ അവൾ എന്നോട് ചോദിച്ചു, Did you come to this land in the same dress? ഞാൻ പറഞ്ഞു, Yes. 'Then you may go.' അവൾ പറഞ്ഞു. ഇതെന്താണ് എന്നുവച്ചാൽ മുണ്ടുടുക്കുന്നത് നമ്മുടെ അവകാശമല്ലേ; മുണ്ടുടുക്കരുതെന്ന് ഇന്റർനാഷണൽ ഡ്രസ് കോഡിൽ എഴുതി വച്ചിട്ടുണ്ടോ? അത് അവരവരുടെ ഡ്രസ്സാണ്. നേരെമറിച്ച് പാകിസ്ഥാനിലെയും കാബൂളിലെയും ആളുകൾ കുർത്ത പോലുള്ള ഡ്രസ് ധരിച്ചുകൊണ്ടാണ് വരുന്നത്. തൊടുകയില്ല. ഇതൊക്കെ അറിഞ്ഞിരിക്കണം. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ നമ്മുടെ സംസ്കാരം, വാസ്തുവിദ്യ, എഞ്ചിനീയറിംഗ്, പാരമ്പര്യം, ആധുനികമായിട്ടുള്ള വളർച്ച ഇതെല്ലാം സമ്മിശ്രമായി സമ്മേളിപ്പിച്ചുകൊണ്ട് ഈ കാലത്തിനുവേണ്ടി ഏറ്റവും ബൗദ്ധികവും ശാസ്ത്രീയവും സാങ്കേതികവുമായ മികവിലേക്ക് പോകുന്നതിനു പകരം ഏതെങ്കിലും കമ്പ്യൂട്ടർ വിദഗ്ദ്ധന്മാർ പറഞ്ഞുതരുന്നതുകേട്ട് ചെയ്യരുത്. ഇപ്പോൾ കുറേ എക്സ്പെർട്ടുകൾ നടപ്പുണ്ട്. ഞാൻ കൂടുതലായി അവരെയൊന്നും പറയുന്നില്ല. അതൊക്കെ കേട്ടാൽ അങ്ങയുടെ സൽപ്പേര് പോകും എന്നുഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞാൻ അവസാനിപ്പിക്കണമെന്ന് വിചാരിക്കുകയാണ്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ, 52 മിനിട്ടായി.

<u>ശ്രീ. ജി. സുധാകരൻ</u>: ഏകദേശം മൂന്നുമിനിട്ട് കൊണ്ട് നിർത്തും. ഒരു മണിക്കൂർ പ്രസംഗിക്കണമെന്ന് എന്നോട് ഇവിടെയിരുന്ന് അങ്ങ് പറഞ്ഞതല്ലേ; ഇപ്പോൾ നിർത്താം. വിദ്യാഭ്യാസ വകുപ്പിന്റെ അഴിമതിയുടെകാര്യത്തിൽ ഞാൻ ആരോപണം ഉന്നയിക്കാൻ പോകുന്നില്ല. കാരണം ആരോപണം വന്നുകഴിഞ്ഞതാണ്. കോഴിക്കോട് വൈസ് ചാൻസലറുടെയും പി.വി.സി.യുടെയും ആഫീസിലെ പി.എ. പ്രത്യേക പരീക്ഷ നടത്തിയില്ലേ; വിജിലൻസ് റിപ്പോർട്ടാണ്. എന്നിട്ട് അയാളെ മാറ്റിയോ; ഇല്ലല്ലോ. അവിടെ ഡിഗ്രി സർട്ടിഫിക്കറ്റിൽ ക്രമക്കേട് കണ്ടല്ലോ; ബി.എസ്.സി. നേഴ്സിംഗുകാർക്ക് എം.ബി.ബി.എസ്. സർട്ടിഫിക്കറ്റ് അടിച്ചുകൊടുത്തു. എന്തായിരിക്കും രോഗികളുടെ സ്ഥിതി? എന്തെങ്കിലും നടപടിയെടുത്തോ; പണ്ട് കേരളാ യൂണിവേഴ്സിറ്റിയിലാണ് നടന്നിരുന്നത്. തോറ്റവരെ ജയിപ്പിച്ചു. അതിനെല്ലാം നടപടി എടുത്തു. ജയിലിൽ ഇട്ടു, സർട്ടിഫിക്കറ്റ് കളഞ്ഞു. അങ്ങനെയാണ് എൻട്രൻസ് പരീക്ഷ വന്നത്. ഇന്നിപ്പോൾ അതിന്റെയാവശ്യമില്ല. എൻട്രൻസ് പരീക്ഷ പുനഃപരിശോധിക്കേണ്ട സമയമായി. ഇപ്പോൾ അദ്ധ്യാപകർ വലിയ ക്രമക്കേടൊന്നും നടത്തുന്നില്ല. അന്നും യൂണിവേഴ്സിറ്റി ആഫീസിലാണ് ക്രമക്കേട് നടന്നത്. അപ്പോൾ അതിന് നിങ്ങൾ നടപടി എടുത്തില്ല. അവിടെയൊരു മുദ്രാവാക്യം കേട്ടു, " We are with the VC" . We with the VC എന്നൊരു പ്രസ്ഥാനം. അതായത് അങ്ങയുടെ ഓഫീസ് മാത്രമല്ല ഞങ്ങളും കൂടെമോഷ്ടിക്കാൻ തയ്യാറാണ് എന്നുപറഞ്ഞ് ഒരു സംഘടന ഉണ്ടായിരിക്കുകയാണ്. മോഷണത്തിന് ഞങ്ങളും ഉണ്ട് എന്നുപറയുകയാണ്. വലിയ നാണക്കേടല്ലേ ഇത്; ദേശീയ വിദ്യാഭ്യാസ ദൗത്യ (റൂസ)ത്തിന് 1300 കോടിരൂപ അങ്ങ് ഇവിടെ സമർപ്പിച്ചു. വെറും 186 കോടിരൂപയാണ് തന്നത്. ഹയർ എഡ്യൂക്കേഷൻ കൗൺസിലും ഗവൺമെന്റും തമ്മിലുള്ള തമ്മിലടിയാണ് കാരണം. സമാധാനം പറയണം. എങ്ങനെയാണ് പൈസ പോയത്; നിങ്ങൾ തമ്മിലടിച്ചതെന്തിനാണ്? സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ

എ.ഐ.സി.റ്റി.ഇ.യുടെ ശമ്പളം ഉറപ്പാക്കുന്നുണ്ടോ; CAPE നടപ്പാക്കിയിട്ടുണ്ട്. IHRD നടപ്പാക്കിയിട്ടുണ്ട്. ഗവൺമെന്റ് പറയുന്നതെല്ലാം ചെയ്യുന്നുണ്ട്. സർവ്വീസിൽ കയറുന്ന ഒരു യംഗ് എഞ്ചിനീയറിംഗ് അദ്ധ്യാപകന് മുപ്പതിനായിരം രൂപ കിട്ടും. ഇവിടെ പതിനായിരം രൂപ കൊടുക്കുകയില്ല. അങ്ങ് അത് ശ്രദ്ധിക്കണം. ഇത് അഴിമതിയാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ 30 ശതമാനം പോലും ആവറേജ് വിജയമില്ലെന്ന് ഹൈക്കോടതിയുടെ നിരീക്ഷണം ഉണ്ടായില്ലേ. അത്തരം കോളേജുകൾ അടച്ചുപൂട്ടണ്ടേ; അത് ഏതായാലും തൽക്കാലം അടയ്ക്കണ്ട എന്നുകരുതിയാൽതന്നെ ഇനി മെച്ചപ്പെട്ടവ തുറന്നാൽ പോരേ; അങ്ങനെയല്ലേ; ബഹുമാനപ്പെട്ട മന്ത്രി പത്രങ്ങളെല്ലാം വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വായിക്കുന്നുണ്ടാകും. ഫസ്റ്റ് ഇയറിന് എഞ്ചിനീയറിംഗ് ഫീസ് തൊണ്ണൂറ്റി ഒമ്പതിനായിരം രൂപയാണ്. 25000 രൂപ പ്രത്യേക ഫീസ്. ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ്. ഇത് എന്തിനാണ്. തമിഴ്നാട്ടിലും കർണ്ണാകയിലും 25,000 രൂപയേയുള്ളൂ. അവർ ഫീസൊക്കെ കുറച്ചു. ഈ ഫീസൊക്കെ കുറയ്ക്കണം. ഇതെല്ലാം വിദ്യാഭ്യാസ കച്ചവടക്കാരുടെ ആദായമാണ്. അങ്ങനെ ആദായം ഉണ്ടാക്കേണ്ട കാര്യമില്ല. കച്ചവടം നടത്തേണ്ട കാര്യമില്ല. എഞ്ചിനീയർമാരെ സൃഷ്ടിക്കാനാണെങ്കിൽ no profit, no loss. അത് നടത്തിക്കോളണം. ലാഭമുണ്ടാക്കാൻ പാടില്ല. അതിന് പഠനവും കാര്യങ്ങളും വേണം. വിദ്യാഭ്യാസത്തെ പറ്റി പ്രവാചകൻ പറഞ്ഞ കാര്യമൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾക്കറിയാ വുന്നതായതുകൊണ്ട് ഞാൻ പറയേണ്ട കാര്യമില്ല. കൊല്ലക്കുടിയിൽ സൂചി വിൽക്കാൻ പാടില്ലല്ലോ. പക്ഷേ ഇതൊന്നുമല്ല കാര്യം. നമുക്കൊരവസരം ലഭിച്ചാൽ, പ്രവാചകൻ ആകാൻ നമുക്ക് പറ്റില്ല. പക്ഷേ അദ്ദേഹത്തിന്റെ സൂക്തങ്ങളിൽ ഒരക്ഷരം എങ്കിലും ഇവിടെ മിന്നിത്തിളങ്ങണം. 10-12 മാസങ്ങൾ ഇനിയുമുണ്ട് എന്ന് അങ്ങ് കരുതുന്നുണ്ട്. ആയ്ക്കോട്ടെ. ഇല്ല എന്നൊന്നും ഞാൻ പറയുന്നില്ല. വീരവാദം മുഴക്കാൻ ഞാനില്ല. ഭരണം തുടരും എന്ന് അങ്ങ് കരുതുന്നു. പക്ഷേ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. തീർച്ചയായും ആ തലങ്ങളിലേക്കുള്ള സമീപനങ്ങളിലേയ്ക്ക് അങ്ങ് വരുമോ എന്നാണ് എനിക്ക് അറിയേണ്ടത്. അങ്ങയുടെ പ്രധാനപ്പെട്ട portfolio ഗവൺമെന്റ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ എന്നിവയാണ്. അൺ എയ്ഡഡ് ഒന്നും അങ്ങയുടെ കൺട്രോളിൽ അല്ല. അവരാരും പറഞ്ഞാൽ കേൾക്കില്ല. ഗവൺമെന്റ് സ്കൂളൊക്കെ വളരെ മെച്ചപ്പെട്ടില്ലേ; എം.എൽ.എ.മാർ, എം.പി.മാർ, തൃതല പഞ്ചായത്ത് അധികാരികൾ ഇവരെല്ലാം എന്തെല്ലാം നല്ല കാര്യങ്ങളാണ് അവിടെ ചെയ്യുന്നത്; വലിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നു. കംപ്യൂട്ടർ നൽകുന്നു. ബസ്സുകൾ വാങ്ങിക്കൊടുക്കുകയാണ്. സ്കൂളുകളിൽ കുട്ടികൾ വരികയാണ്. നാഷണൽ ഹൈവേയിൽകൂടി പോകുമ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മുന്നിൽ എസ്.ഡി.വി. ഗവൺമെന്റ് യു.പി. സ്കൂളിൽ 1800 കുട്ടികളാണുള്ളത്. ഇത്തവണ 300 കുട്ടികൾ വന്നു. എം.എൽ.എ., അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, പഞ്ചായത്തുകൾ ഇവയെല്ലാം നിങ്ങളുടെ എല്ലാവരുടെയും സ്ഥലത്തുമുണ്ട്. കോഴിക്കോട് എം.എൽ.എ. ശ്രീ. എ. പ്രദീപ്കുമാർ ഒരു സ്കൂളിനെ മെച്ചപ്പെടുത്തിയത് അറിയാം. എല്ലായിടത്തുമുണ്ട്, എല്ലാ മണ്ഡലത്തിലുമുണ്ട്. ഈ സ്കൂൾ കളഞ്ഞിട്ട് അൺ എയ്ഡഡ് സ്കൂളിലേയ്ക്ക് കുട്ടികളെ വിടാൻ ഗവൺമെന്റ് ഏജൻസികൾ നടപടി സ്വീകരിക്കുകയാണ്. സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ പോലെ അൺ എയ്ഡഡ് സ്കൂളുകൾ കയറി വരികയാണ്. അൺഎയ്ഡഡ് സ്കൂളുകളെ നിയന്ത്രി ക്കാനുള്ളകാലം വൈകി. കാരണം അവ ഭരണഘടനാവിരുദ്ധമാണ്. അവയ്ക്ക്

നിലനിൽക്കാൻ അവകാശമില്ല. അവ against the Constituition ആണ്. കാരണം 14 വയസ്സുവരെ നിർബന്ധിതവും സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസമാണ് മഹാനായ അംബേദ്കർ ഭരണഘടനയിൽ എഴുതിയിരിക്കുന്നത്. നമ്മുടെ സ്കൂളുകളിൽ 14 വയസ്സുവരെ അല്ല, 16 വയസ്സുവരെ അല്ലെങ്കിൽ 17 വയസ്സുവരെ, പ്ലസ്ടുവരെയും ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സൗജന്യ വിദ്യാഭ്യാസമാണ്. ഇവിടത്തെ വലതുപക്ഷ വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും മനസ്സിൽ വലതുപക്ഷ രാഷ്ട്രീയമുള്ള ആളുകളും യു.ഡി.എഫ്. വരുമ്പോൾ നിങ്ങളുടെ ഗവൺമെന്റും പ്രോൽസാഹിപ്പിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾ ഭരണഘടനാവിരുദ്ധമാണ്. എൽ.കെ.ജി.യിൽ അവിടെ ഒരുമാസത്തെ ഫീസ് 1000 രൂപയാണ്. യു.കെ.ജി.-യിൽ അവിടെ 2000 രൂപ. ഇങ്ങനെ തോന്നുന്ന ഫീസാണ്. ഒരുലക്ഷം രൂപ മുടക്കിയാലേ ഒന്നാം ക്ലാസ്സിനുമുമ്പുള്ള എൽ.കെ.ജി.യും യു.കെ.ജി.യും പഠിക്കാൻ പറ്റുകയുള്ളൂ. ഇവിടെ ഒന്ന് മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ മൂന്നുനാല് ലക്ഷം മുടക്കണം. മിഡിൽ സ്കൂളിലും ഹൈസ്കൂളിലും ലക്ഷങ്ങൾ മുടക്കണം. ഇത് സായ്പിന്റെ ഒരു വിദ്യാഭ്യാസമാണ് എന്നും ഇംഗ്ലണ്ടിലും അമേരിക്കയിലും പോയാൽ ജോലി കിട്ടും എന്നും പാവപ്പെട്ട രക്ഷകർത്താക്കൾ തെറ്റിദ്ധരിച്ച് ഇതിന്റെ പുറകെ പോകുകയാണ്. പാവപ്പെട്ട തൊഴിലാളികളും മക്കളെ വിടുകയാണ്. ഓണാട്ടുകരയിൽ മൂന്നര-നാല് വയസ്സുവരെ കോണകം ഉടുക്കുക എന്നൊരു പരിപാടിയുണ്ടായിരുന്നു. എല്ലാവരും ഉടുത്തേ പറ്റൂ. ധാരാളം കാശുള്ളവർ ഒരു നേര്യത് തോർത്തുകൂടി ചുറ്റും. ഞാനും മൂന്നര വയസ്സുവരെ കോണകം ഉടുത്തുനടന്നിട്ടുണ്ട്. വേറെ ഒന്നുമില്ല, വെറുതെ കോണകം മാത്രം. എല്ലാവരും ഉടുക്കും ആർക്കും ഒരു പ്രശ്നമില്ല. അതെടുത്ത് കഴുത്തിൽ കെട്ടുന്നതിനെയാണ് ഇംഗ്ലീഷ് ടൈ എന്നുപറയുന്നത്. ഇംഗ്ലീഷ് കോണകം. അത്രയേയുള്ളൂ. വേറെ എന്താണ് പ്രത്യേകിച്ച്. ഇത് കെട്ടണ്ട എന്നൊന്നും ഞാൻ പറയുന്നില്ല. മലയാളികൾ ഉടുത്തുകൊണ്ടിരുന്ന, കുട്ടികളുടെ കോണകം എടുത്ത് കഴുത്തിൽ കെട്ടിയാൽ അത് ഇംഗ്ലീഷ് ടൈ ആകും. എന്താണ് ഇതിന്റെ പ്രാധാന്യം; വേണമെങ്കിൽ നിങ്ങൾ കെട്ടിക്കോ; അത് കെട്ടിയാലോ വലിയ ഒരാളാണ്. കെട്ടിയില്ലെങ്കിൽ മോശമാണ്. ഇതാണ് സാംസ്കാരിക ശൂന്യത. അതാണ് മലയാളം വേണ്ട, മലയാളം മീഡിയം സ്കൂൾ വേണ്ട, ഗവൺമെന്റ് സ്കൂൾ വേണ്ട, എയ്ഡഡ് സ്കൂൾ വേണ്ട, ഗവൺമെന്റ് കോളേജ് വേണ്ട, എയ്ഡഡ് കോളേജ് വേണ്ട, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളജ്, ഗവൺമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് വേണ്ട. സെൽഫ് ഫൈനാൻസിംഗാണ് വേണ്ടത്. അതിനുവേണ്ടി ഒരു ഗവൺമെന്റ്, മന്ത്രിസഭ, മന്ത്രി, ഒരു ബോർഡ് ഓഫ് ഗവർണർ, ചെയർമാൻ. ഗവൺമെന്റ് ഇവിടെ എന്തിനു വേണം? മന്ത്രി എന്തിനു വേണം? നിങ്ങൾ നന്നായാൽ മതി. ഇല്ലെങ്കിൽ ജനങ്ങൾ നന്നാക്കിക്കോളും. അതുപോലെതന്നെ ബോർഡ് ഓഫ് ഗവർണറും. വൈസ് ചാൻസലറിന് മുകളിൽ യാതൊരു അധികാരിയെയും വയ്ക്കാൻ പാടില്ല. ആവശ്യമുണ്ടെങ്കിൽ, പ്രഗത്ഭരുണ്ടെങ്കിൽ സിൻഡിക്കേറ്റിലേയ്ക്ക്, എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയ്ക്ക് നോമിനേറ്റ് ചെയ്യുക. കോളേജുകളിൽ കലാപം നടക്കും. വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഇത് സമ്മതിക്കില്ല. ജനങ്ങൾ ഇത് സമ്മതിക്കില്ല. ഈ ഗവൺമെന്റ് കൊണ്ടുവന്ന ഭൂരിപക്ഷപ്രകാരം പാസ്സാക്കിയ ഒരുപാട് തെറ്റായ നിയമങ്ങളുണ്ട്. പക്ഷേ ഇതുപോലെ ഒരു തെറ്റായ നിയമം ഇതുവരെ കൊണ്ടുവന്നിട്ടില്ല. ഒരെണ്ണം വന്നു. സഹകരണ ഭേദഗതി നിയമം. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എല്ലാ സ്നേഹത്തോടും എല്ലാ ആത്മാർത്ഥതയോടുംകൂടി

അങ്ങയോട് പറയുകയാണ് അങ്ങ് ചെയ്തത് മഹാപാതകമാണ്. വലിയൊരു പാതകം. ഇത് മാറ്റിവയ്ക്കുക. ചർച്ചയെല്ലാം കഴിഞ്ഞതിനുശേഷം ഡിഫൻഡ് ചെയ്യുകയാണെങ്കിൽ ഡിഫൻഡ് ചെയ്യുന്നതിനുള്ള കാരണം പറയണം. നന്മകളൊക്കെ പറയണം. ഇതിൽ നന്മകൾ ഒന്നും ഞാൻ കണ്ടില്ല. കാരണം നന്മ കാണാൻ ഒന്നുമില്ല. ഇത് ഉള്ള സാങ്കേതിക വിദ്യാഭ്യാസത്തെക്കൂടി നശിപ്പിക്കും. ഞാൻ ഈ പറഞ്ഞ കാര്യങ്ങളൊക്കെ ഇതിനകത്ത് വരികയാണ്. അതുകൊണ്ട് അങ്ങ് ഇത് മാറ്റിവയ്ക്കണം. പൊതുജനങ്ങളും വിദ്യാർത്ഥികളും എഞ്ചിനീയർമാരും ശാസ്ത്രജ്ഞൻമാരും ഇത് ചർച്ച ചെയ്യട്ടെ. കേരളത്തിന്റെ മഹത്തായിട്ടുള്ള നിർമ്മാണ മേഖല അഴിമതി വിമുക്തമായി, ഒന്നാന്തരം സൗന്ദര്യം, aesthetics-ാടുകൂടി സൗന്ദര്യാത്മകമായി ദീർഘകാലം, നൂറ്റാണ്ടുകൾ നീണ്ടുനിൽക്കുന്ന സൗധങ്ങളും റോഡുകളും കനാലുകളും അണക്കെട്ടുകളും നിർമ്മിക്കുവാൻ കഴിവുള്ള എഞ്ചിനീയർമാർ ഉണ്ടാകട്ടെ. പണം കൊടുത്ത് പഠിക്കുക, ജോലി കിട്ടിയാൽ പണം വാങ്ങി നിർമ്മാണത്തെ മറക്കുക, തകർക്കുക. മുതലാളിത്ത ശക്തികൾക്കു വേണ്ടി സേവ അനുഷ്ഠിക്കുക, ഇഷ്ടംപോലെ ശമ്പളം വാങ്ങുന്ന, കണക്ക് പറയുന്ന അമേരിക്കൻ മോഡൽ വിദ്യാഭ്യാസം നമുക്ക് വേണ്ട. ശ്രീ. നരേന്ദ്രമോഡിയെ മാതൃകയാക്കരുത്. ഡോ. മൻമോഹൻ സിംഗും മാതൃകയല്ലായിരുന്നു. നിങ്ങൾ ചെയ്യേണ്ടത്, ഏറ്റവും ചുരുങ്ങിയത് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ്കോയയെ എങ്കിലും മാതൃകയാക്കണം. ഇക്കാര്യത്തിൽ നിങ്ങൾക്ക് ഇടതുപക്ഷക്കാരെ മാതൃകയാക്കാം. അത് ഇടതുപക്ഷ-വലതുപക്ഷ മൽസരമല്ല. നിങ്ങൾക്ക് നിങ്ങളിൽ വിശ്വാസമുണ്ടെങ്കിൽ നിങ്ങളെത്തന്നെ മാതൃകയാക്കാം. നിങ്ങളുടെ ആത്മാവ് ശുദ്ധമാണെങ്കിൽ നിങ്ങളുടെ ആത്മാവിനെത്തന്നെ മാതൃകയാക്കാം. നിങ്ങൾക്ക് പുറത്ത് ഞങ്ങളോടു സംസാരിക്കാൻ പറ്റുന്നില്ല. കാരണം സംസാരിക്കാൻ നന്മയായി ഒന്നുമില്ല. ഇവിടെ ബിൽ അവതരിപ്പിച്ചപ്പോൾ, ഞാൻ ആരംഭിച്ചിടത്തുതന്നെ അവസാനിപ്പിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ ആത്മാവിനോട് ഇത് എന്നെക്കൊണ്ട് ചെയ്യിക്കുന്നതാണ്, ഇത് ഞാനല്ല ചെയ്തത് എന്നുപറഞ്ഞുകൊണ്ട് നടത്തിയ ആ അവതരണം പ്രസംഗമല്ല, താങ്കളുടെ ശബ്ദമില്ലാത്ത വായനയെ ഞാൻ വീണ്ടും വിമർശിക്കുന്നു. ഈ ബിൽ നിരാകരിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ]

ശ്രീ. കെ. രാജു: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ നാട്ടിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന വിദഗ്ദ്ധരും പണ്ഡിതരുമൊക്കെ ചർച്ച ചെയ്യപ്പെടേണ്ട ഒരു നിയമമാണിത്. ഈ നിയമം പാസ്സാക്കുന്നതിന് മുമ്പ് നമ്മുടെ സമൂഹത്തിലൊട്ടാകെ ഇതിനെ സംബന്ധിച്ചുള്ള ഒരു ചർച്ച നടക്കേണ്ടതുണ്ട്. കേരളത്തിൽ ഒരു സാങ്കേതിക സർവ്വകലാശാല ഇപ്പോൾതന്നെ നിലവിലുണ്ട്, കുസാറ്റ് എന്നറിയപ്പെടുന്ന കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി. അത് സാങ്കേതിക സർവ്വകലാശാല തന്നെയാണ്. സയൻസുംകൂടി ഉണ്ടെന്നതെയുള്ളൂ. ഈ പുതിയ സർവ്വകലാശാലയുടെ രൂപീകരണത്തോടുകൂടി ശാസ്ത്രം, സാങ്കേതികവിദ്യ, മറ്റ് മാനവിക വിഷയങ്ങൾ എന്നിവയൊക്കെ ഇതിൽ നിന്നും ഒഴിവാക്കപ്പെടുകയാണ്. ശാസ്ത്രത്തെ ഒഴിവാക്കിനിർത്തിക്കൊണ്ട് സാങ്കേതിക വിദ്യയുടെ പഠനവും വളർച്ചയും എങ്ങനെയാണ് സാദ്ധ്യമാകുന്നത്. ഇന്നത്തെ ആധുനിക ശാസ്ത്ര വളർച്ചയും സാങ്കേതിക വളർച്ചയുമെല്ലാം അഭിവാജ്യമായ

നിലയിൽത്തന്നെ ഒന്നിച്ചുപോകുന്ന സംഗതികളാണ്. ശാസ്ത്രത്തെ ഒഴിവാക്കി കൊണ്ട് സാങ്കേതികവിദ്യയുടെ വളർച്ച മാത്രം മുന്നിൽക്കണ്ടുകൊണ്ട് ഒരു സർവ്വകലാശാലയുടെ രൂപീകരണം യഥാർത്ഥത്തിൽ വസ്തുതകൾക്ക് നിരക്കുന്നതല്ല. അതിന്റെ ആവശ്യകതയുണ്ടോ? മഹാനായ സി. അച്യുതമേനോന്റെ കാലഘട്ടത്തിൽ കേരളത്തിൽ രൂപംകൊണ്ട സർവ്വകലാശാലയാണ് കുസാറ്റ്. അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ജി. സുധാകരൻ ഇവിടെ വളരെ വിശദമായി പറയുകയുണ്ടായി. അദ്ദേഹം ആ സർവ്വകലാശാലയിൽ പഠിച്ചയാളാണെന്നും പറയുകയുണ്ടായി. ഇവിടെ യഥാർത്ഥത്തിൽ എന്താണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നൽകാൻ ഉദ്ദേശിക്കുന്ന ധനസഹായങ്ങൾക്ക് വേൾഡ് ബാങ്ക് ചില നിബന്ധനകൾ വച്ചു. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കാൻ പോകുന്ന ഒരു യൂണിവേഴ്സിറ്റിയാണ് യഥാർത്ഥത്തിൽ ഇത്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾക്ക് ധനസഹായം നൽകുന്നതിനായി ലോക ബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന കേന്ദ്ര പദ്ധതിയിൽനിന്ന് സഹായം വേണമെങ്കിൽ അതിന് അവർ ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ആ നിബന്ധനകൾക്ക് അനുസരിച്ച് കാര്യങ്ങൾ നിർവ്വഹിച്ചുപോയെങ്കിൽ മാത്രമേ കഴിയൂവെന്നുള്ളതു കൊണ്ടാണ് ഇപ്പോൾ ഇവിടെ ഈ രീതിയിൽ ഒരു സർവ്വകലാശാല രൂപീകരിക്കാൻ തീരുമാനിച്ചതെന്നാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഗവൺമെന്റുതന്നെ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ പറയുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള സർവ്വകലാശാലകളുടെ പൊതുവായ പ്രവർത്തനരീതിയും ശൈലിയുമെല്ലാം ഈ കാലഘട്ടത്തിൽ നമ്മളൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കേരള യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നിലവിലുള്ള അക്കാദമിക് കൗൺസിലുകളോ സെനറ്റ്, സിൻഡിക്കേറ്റ് തുടങ്ങിയവയോ പുതിയതായി നിർദ്ദേശിക്കപ്പെടുന്ന ഈ സാങ്കേതിക സർവ്വകലാശാലയിൽ ഇല്ല. ഒരു യൂണിവേഴ്സിറ്റി ആയാൽ അതിനൊരു ചാൻസലർ, പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലർ, സിൻഡിക്കേറ്റ്, സെനറ്റ്, ഗവേണിംഗ് ബോഡി തുടങ്ങിയവയൊക്കെ അടങ്ങുന്ന ഒരു രീതി നമുക്ക് പരിചിതവും മിക്കവാറും എല്ലാവരും പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ഇവിടെ അതിൽനിന്നും വ്യത്യസ്തമായി ക്ലോസ് 12-ലൂടെ ഈ യൂണിവേഴ്സിറ്റിക്ക് ഒരു ചെയർമാനെ കൊണ്ടുവരികയാണ്. എന്തിനാണ് അങ്ങനെയൊരു പദവി. ചെയർമാനാണ് എല്ലാ അധികാരവും കൊടുത്തിരിക്കുന്നത്. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്നത് ഈ ചെയർമാനാണ്. ഈ നിയമത്തിലെ സെക്ഷൻ 12 അനുസരിച്ച് ചെയർമാനാണ് എല്ലാ കാര്യങ്ങളുടെയും നിയന്ത്രണം. മറ്റൊരു പ്രധാനപ്പെട്ട സംഗതിയാണ് ചെയർമാനായി നിയമിക്കപ്പെടാനുള്ള യോഗ്യതയെ സംബന്ധിച്ചുള്ളത്. പ്രമുഖ വ്യവസായിയെ ചെയർമാനായി നിയമിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. നാഷണലായും ഇന്റർനാഷണലായുമൊക്കെ വ്യവസായം നടത്തുന്ന ഒരു വ്യവസായിയെ ചെയർമാനായി നിയമിക്കാം. ഈ സാങ്കേതിക സർവ്വകലാശാലയുടെ വൈസ് ചാൻസലറെക്കാളും അധികാരമുള്ള ചെയർമാനായി ഒരു വ്യവസായിയെ നിയമിക്കാമെന്നാണ് പറയുന്നത്. എന്തിനു വേണ്ടിയാണത്. അതിനകത്ത് വല്ല ഹിഡൻ അജൻഡയുമുണ്ടോയെന്ന് സംശയം

തോന്നുകയാണ്. ഈ ചെയർമാൻ സ്ഥാനത്തേയ്ക്ക് അവരോധിക്കാൻ ഏതെങ്കിലും വ്യവസായിയെ കണ്ടുവച്ചിട്ടുള്ള ഒരു സമീപനമല്ലേ ഇതെന്ന് ആരെങ്കിലും സംശയം പറഞ്ഞാൽ കുറ്റംപറയാൻ പറ്റുമോ. കേരളത്തിലെ 160-ലധികം വരുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ യൂണിവേഴ്സിറ്റിയുടെകീഴിൽ വരാൻ പോകുകയാണ്. 160-ലധികം വരുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെടുത്ത് പരിശോധിച്ചാൽ അതിൽ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾ 10 - 15 എണ്ണം മാത്രമായിരിക്കും ഉള്ളത്. ബാക്കിയുള്ളതെല്ലാം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും സ്വാശ്രയ സാങ്കേതിക വിദ്യാലയങ്ങളുമാണ്. 160 എണ്ണത്തിൽ പത്തോ പതിനഞ്ചോ എണ്ണം കഴിഞ്ഞുവരുന്ന ബഹുഭൂരിപക്ഷവും സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ ഈ പറയുന്ന സമിതികളിലെല്ലാം വരാൻ പോകുന്നത് ആരുടെ പ്രതിനിധികളായിരിക്കും. ഗവേണിംഗ് ബോഡിയിലും യൂണിവേഴ്സിറ്റിക്കുള്ള മറ്റ് സമിതികളിലെല്ലാം വരാൻ പോകുന്നതിൽ ബഹുഭൂരിപക്ഷവും സ്വാശ്രയ കോളേജുകളുടെ പ്രതിനിധികളും അവർ നിർദ്ദേശിക്കപ്പെടുന്ന ആളുകളുമായിരിക്കില്ലെ; അങ്ങനെയൊരു സ്ഥാപനം ഈ കേരളത്തിൽ എന്തിനാണ് കെട്ടിപ്പൊക്കുന്നത്. അതുകൊണ്ട് സമൂലമായ മാറ്റം ഇക്കാര്യത്തിൽ വരണം. വ്യവസായിയെ വേണമെങ്കിൽ ചെയർമാനായി ഇതിന്റെ തലപ്പത്ത് കൊണ്ടുവരാം. പക്ഷേ സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രതിനിധികൾക്ക് ഭൂരിപക്ഷമുള്ള ഒരു സ്ഥാപനമായി ഇതിനെ മാറ്റിക്കൊണ്ടു വന്നാൽ ഈ മേഖലയൊട്ടാകെ സ്വാശ്രയ സ്ഥാപനങ്ങളുടെ അധികാരികൾക്കും അവരുടെ പിണിയാളുകൾക്കും അല്ലെങ്കിൽ അവർക്കുവേണ്ടിയുള്ള കാര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന ഒരു സംവിധാനമായി ഇത് മാറും. വിദ്യാഭ്യാസ മേഖല മറ്റൊരു മേഖല പോലെയല്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഏതൊരു പരിഷ്ക്കാരവും യഥാർത്ഥത്തിൽ നമ്മുടെ സമൂഹത്തിൽ നല്ലതുപോലെ ആഴത്തിൽ ചർച്ച ചെയ്ത്, വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും കേട്ടതിനുശേഷം നടപ്പിലാക്കേണ്ടതാണ്. വിദ്യാഭ്യാസ മേഖലയിൽ അടിക്കടി പരിഷ്ക്കാരങ്ങൾ വരുന്നതായാണ് ഈ അടുത്ത സമയത്തായി കേരളത്തിൽ കണ്ടുവരുന്ന ഒരു പ്രത്യേകത. ഈ പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസ മേഖലയിലെ പണ്ഡിതരുമായോ വിദ്യാഭ്യാസ വിചക്ഷണരുമായോ എന്തിനേറെ നിയമസഭ പോലുള്ള സമിതികളുമായിപോലും ആവശ്യത്തിനുള്ള ചർച്ച നടത്താതെ അപ്പം ചുട്ടെടുക്കുന്നതുപോലെ ഏതെല്ലാം മേഖലകളിലാണ് പുതിയ യൂണിവേഴ്സിറ്റികൾ ഉണ്ടാകുന്നത്. ഓരോ മേഖല തിരിച്ച് യൂണിവേഴ്സിറ്റി എന്തിനാണ്. സർവ്വകലാശാല എന്ന് പറയുമ്പോൾ അവിടെ സർവ്വ കലയുടെയും വിദ്യാഭ്യാസ ശാലയല്ലേ. അവിടെനിന്ന് ഈ സർവ്വ എന്നുള്ളത് മാറ്റുന്നതെന്തിനാണ്. ഓരോ മേഖലയ്ക്കുമായി പ്രത്യേകം പ്രത്യേകം എന്തിനാണ്. ചിലപ്പോൾ ചില മേഖലയിൽ സർവ്വകലാശാല ആവശ്യമായി വരാം. ഉദാഹരണമായി മെഡിക്കൽ സർവ്വകലാശാലയും വെറ്ററിനറി സർവ്വകലാശാലയും മലയാളം സർവ്വകലാശാലയുമൊക്കെ ഇവിടെ രൂപീകരിച്ചിട്ടുണ്ട്. കുറച്ചൊക്കെ നമുക്ക് ആവശ്യമാണ്. പക്ഷേ എല്ലാ മേഖലയ്ക്കും പ്രത്യേകം പ്രത്യേകം സർവ്വകലാശാല എന്നത് സർവ്വകലാശാല എന്ന കൺസപ്റ്റിനു തന്നെ എതിരാണ്. അതുകൊണ്ട് ശാസ്ത്രത്തിൽ നിന്നുമാറി ടെക്നിക്കൽ എജ്യൂക്കേഷനു വേണ്ടി മാത്രം ഒരു സർവ്വകലാശാല നമുക്ക് ആവശ്യമാണോ; അതിന്റെ തലപ്പത്ത് വ്യവസായി വേണോ; സ്വാശ്രയ കോളേജിന്റെ അധികാരികൾക്കെല്ലാംകൂടി നോമിനേറ്റ് ചെയ്യാവുന്ന സമിതികൾ അതുമായി ബന്ധപ്പെട്ട് വേണോ എന്നതിനെ സംബന്ധിച്ചെല്ലാം യഥാർത്ഥത്തിൽ വളരെ കാര്യമായ ഒരു ചർച്ച നമ്മുടെ

സമൂഹത്തിൽ നടക്കും. ഗവൺമെന്റിന് എന്തെങ്കിലും വീഴ്ചയുണ്ടെന്നല്ല ഞാൻ പറയുന്നത്. ഈ രംഗവുമായി ബന്ധപ്പെട്ട വിദഗ്ധരുടെ അഭിപ്രായമടക്കമുള്ള ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇങ്ങനെയൊരു നിയമനിർമ്മാണത്തിലേയ്ക്ക് പോകാൻ കഴിയൂ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സിൻഡിക്കേറ്റിന് പകരം എക്സിക്യൂട്ടീവ് കൗൺസിലും ബോർഡ് ഓഫ് ഗവേണേഴ്സും. ബോർഡ് ഓഫ് ഗവേണേഴ്സിലും വ്യവസായികളുടെ കാര്യം പറയുന്നുണ്ട്. എന്തിനാണ് സർവ്വകലാശാലയിലെ ബോർഡിന് ബോർഡ് ഓഫ് ഗവേണേഴ്സ്. ബോർഡ് ഓഫ് ഗവേണേഴ്സിൽ വ്യവസായികൾക്ക് വരാം. സ്വാശ്രയകോളേജിന്റെ പ്രതിനിധികളായിരിക്കും കൂടുതൽ വരുന്നത്. അങ്ങനെയൊരു ബോർഡ് ഓഫ് ഗവേണേഴ്സിന്റെ ആവശ്യമെന്താണ്, സിൻഡിക്കേറ്റ് പോരെ; അല്ലെങ്കിൽ സെനറ്റ് പോരെ? കേരള യൂണിവേഴ്സിറ്റി സെനറ്റിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടല്ലോ. കേരള യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ സെനറ്റ് യോഗം നടക്കുന്ന സമയത്ത് യൂണിവേഴ്സിറ്റിക്കു വേണ്ടി ഒരു വനിതാ പ്രൊഫസർ എഴുന്നേറ്റുനിന്ന് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അവരുടെ മുൻപിൽനിന്ന് സ്പീക്കർ മൈക്കിന്റെ സെറ്റുകളും ബഡ്ജറ്റിന്റെ രേഖകളുമെല്ലാം വേറൊരു സിൻഡിക്കേറ്റംഗം പിടിച്ചുവലിച്ചുകൊണ്ടുപോയി. മറ്റൊരു സിൻഡിക്കേറ്റ് അംഗം അതിന് കൂട്ടുനിന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് അറിഞ്ഞിട്ടുണ്ടോ? അതുപോലെതന്നെ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളുടെയും അക്കാദമിക് നിലവാരത്തെകുറിച്ചും ഭരണപരമായിട്ടുള്ള സംഗതികൾ സംബന്ധിച്ചുമെല്ലാം ഏതെല്ലാം വാർത്തകളാണ് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ സംവരണം അട്ടിമറിക്കപ്പെടുന്നു. ഏറ്റവും അവസാനം ചില സംഭവങ്ങളെ സംബന്ധിച്ച് പത്രങ്ങളിൽ റിപ്പോർട്ട് വരുന്നു. ഇതിനെ സംബന്ധിച്ച് യഥാർത്ഥത്തിൽ നമ്മുടെ ഗവൺമെന്റോ വിദ്യാഭ്യാസവകുപ്പ് മന്ത്രിയോ ശ്രദ്ധിക്കുന്നുണ്ടോ. യഥാർത്ഥത്തിൽ ഭരണത്തിൽ പങ്കാളിയായിട്ടുള്ള കക്ഷികൾ പ്രതിനിധാനം ചെയ്യുന്ന സിൻഡിക്കേറ്റ് അംഗംതന്നെ സെനറ്റ് യോഗം അലങ്കോലമാക്കി. യഥാർത്ഥത്തിൽ സിൻഡിക്കേറ്റിൽ അവർക്ക് ഇപ്പോൾ ഭൂരിപക്ഷമുണ്ട്. ആ ഭൂരിപക്ഷം എങ്ങനെയുണ്ടാക്കിയെടുത്തു എന്നുള്ളത് എല്ലാവർക്കുമറിയാം. ഭൂരിപക്ഷം നിലവിലിരിക്കെ കേരള യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ സെനറ്റ് യോഗത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിപ്പിക്കാതെ ഭരണകക്ഷി അംഗമായിട്ടുള്ള സിൻഡിക്കേറ്റ് മെമ്പർ ബഡ്ജറ്റ് രേഖകൾ പിടിച്ചുകൊണ്ടുപോയി. ആ സിൻഡിക്കേറ്റ് മെമ്പറെ ഒരു ദിവസത്തേയ്ക്ക് യൂണിവേഴ്സിറ്റി സെനറ്റ് യോഗത്തിൽനിന്ന് സസ്പെന്റ് ചെയ്യുക, അവിടെ കയ്യാങ്കളിയുണ്ടാകുക, ഈ രീതിയിൽ കാര്യങ്ങൾ പോകുന്നു. ഞാൻ സാന്ദർഭികമായി സൂചിപ്പിച്ചു എന്നുള്ളതേയുള്ളൂ. യഥാർത്ഥത്തിൽ പുതിയ യൂണിവേഴ്സിറ്റികളല്ല ആവശ്യം, യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ടുള്ള അതിന്റെ വിദ്യാഭ്യാസ നിലവാരവും സാങ്കേതികത്തികവുമെല്ലാമാണ് യാഥാർത്ഥത്തിൽ ഏറ്റവും പ്രധാനമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഏതൊരു സർവ്വകലാശാല എടുത്തുപരിശോധിച്ചാലും അതിന്റെയെല്ലാം പ്രധാനി എന്നുപറയുന്നത് വൈസ് ചാൻസലറാണ്. എന്നാൽ ഇവിടെ പറയുന്നത് ചെയർമാനാണ് ഏറ്റവും പ്രധാനപ്പെട്ടയാളെന്നാണ്. ഈ ഓർഡിനൻസ് പ്രഖ്യാപിച്ചപ്പോൾതന്നെ കേരളത്തിലെ മറ്റ് സർവ്വകലാശാലയിൽപ്പെട്ട ജീവനക്കാരെല്ലാം തന്നെ ഇതിന്റെ നിയമനവുമായി ബന്ധപ്പെട്ട അവരുടെ ചില ആശങ്കൾ ഉയർത്തുകയുണ്ടായി. ഈ

യൂണിവേഴ്സിറ്റിയിൽ മറ്റ് യൂണിവേഴ്സിറ്റികളിൽനിന്ന് ഡെപ്യൂട്ടേഷനിലാണോ നിയമനം നടത്തുന്നത്, ഫ്രഷ് അപ്പോയിന്റ്മെന്റ് ആണോ നടക്കുന്നത്, പി.എസ്.സി. ആണോ അപ്പോയിന്റ്മെന്റ് നടത്താൻ പോകുന്നത്. പി.എസ്.സി. വഴിയല്ല അവിടെ നിയമനങ്ങൾ നടക്കുന്നതെങ്കിൽ സംവരണ തത്വങ്ങൾ പാലിക്കപ്പെടുമോ എന്നതിനെ സംബന്ധിച്ചൊന്നും യഥാർത്ഥത്തിൽ യാതൊരുവിധ വ്യക്തതയും ഇല്ലാത്ത സാഹചര്യം നിലവിലുണ്ട്.

160-ൽ അധികം എഞ്ചിനീയറിംഗ് കോളേജുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വരുന്ന ഈ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ, അഡ്മിഷൻ എന്നിവയെ സംബന്ധിച്ച സുവ്യക്തമായിട്ടുള്ള ധാരണകൾ ഉണ്ടാകേണ്ടതുണ്ട്. അതിനെ സംബന്ധിച്ചെല്ലാം അവ്യക്തമായിട്ടുള്ള ധാരണകളും വകുപ്പുകളും മാത്രമാണ് ഇന്ന് ഈ പറയുന്ന നിയമത്തിൽ വന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

നമ്മുടെ വിദ്യാഭ്യാസ മേഖല ഒട്ടാകെത്തന്നെ കുത്തഴിഞ്ഞ നിലയിലേയ്ക്ക് എത്തിയിരിക്കുന്നു എന്നുള്ളതിന്റെ നിരവധി തെളിവുകൾ കാണാൻ കഴിയും. ഏറ്റവും അവസാനം പരീക്ഷ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങൾ. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഐ.ജി.-യെപ്പോലുള്ള ആളുകൾ കോപ്പിയടിക്കുന്നതായ ആരോപണങ്ങൾ വരുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിലെ നിയമപാലകരായി അറിയപ്പെടുന്ന അല്ലെങ്കിൽ അതിന് ബാധ്യതയുള്ള ആളുകൾതന്നെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ കോപ്പിയടിക്കുകയും അന്വേഷണത്തെ നേരിടുകയും അതിൻമേൽ നടപടി വരികയും ചെയ്യുന്നു. ഇത്തരത്തിൽ കാര്യങ്ങൾ പോകുന്ന സ്ഥിതിയിലേയ്ക്ക് നമ്മുടെ കേരളത്തിലെ വിദ്യാഭ്യാസമേഖല പ്രത്യേകിച്ച് പരീക്ഷാ നടത്തിപ്പ് വന്നുചേർന്നിരിക്കുന്ന ഒരു സാഹചര്യമാണ്. ഗവൺമെന്റ് അക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. അത്തരമൊരു ജാഗ്രത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്നില്ലെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഈ കാര്യങ്ങൾ സൂചിപ്പിച്ചത്.

എന്റെ നാട്ടിൽ ഒരു ബി.എഡ്. സെന്റർ ഉണ്ടായിരുന്നു. കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തിയിരുന്ന ബി.എഡ്. സെന്ററായിരുന്നു അത്. അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികൾ നല്ല മാർക്ക് ഉള്ളവരായിരുന്നു. കേരളത്തിലെതന്നെ ഏറ്റവും മെച്ചപ്പെട്ട മാർക്ക് ഉള്ള കുട്ടികൾ. അപേക്ഷിച്ചവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടുന്നതായിരുന്നു. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 10 ബി.എഡ്. സെന്ററുകളിൽ ഒന്നായിരുന്നു. ആ ബി.എഡ്. സെന്ററിലെ അഡ്മിഷൻ താല്ക്കാലികമായി നിർത്തിവച്ചു. നിർത്തി വച്ചത് എ.ഐ.സി.റ്റി.ഇ.-യുടെ ഇടപെടൽ കൊണ്ടാണെന്നാണ് അതിന് വിശദീകരണം നൽകിയത്. ഏത് നിലയിലായാലും ഇപ്പോഴത് അഡ്മിഷൻ തുടങ്ങാനായി തീരുമാനിച്ചു. അഡ്മിഷൻ തുടങ്ങുന്നത് നല്ല കാര്യമാണ്. അഡ്മിഷൻ പുനഃസ്ഥാപിക്കാൻ വേണ്ടി ഞാനടക്കമുള്ളവർ സമരം ചെയ്തതാണ്. പക്ഷേ എന്താണ് സംഭവിച്ചത്, നമ്മുടെ പ്രൈവറ്റ് ബി.എഡ്. സെന്ററുകളിലേയ്ക്കുള്ള അഡ്മിഷനെല്ലാം ക്ലോസ് ചെയ്തതിനുശേഷം വീണ്ടും ഈ 10 ബി.എഡ്.

സെന്ററുകളിലേയ്ക്ക് അഡ്മിഷൻ കൊടുക്കാനാണ് ഇപ്പോൾ തീരുമാനം വന്നിട്ടുള്ളത്. അതുകൊണ്ട് ഏറ്റവും പാവപ്പെട്ട കുട്ടികളായിട്ടുള്ളവർ പോലും ഏറ്റവും മോശപ്പെട്ട പ്രൈവറ്റ് സ്വാശ്രയ ബി.എഡ്. സെന്ററുകളിൽ അഡ്മിഷൻ തേടിപ്പോകാൻ ബാധ്യസ്ഥരാവുകയും അവിടെ അഡ്മിഷൻ വാങ്ങിയശേഷമാണ് ഇവിടെ അഡ്മിഷൻ ആരംഭിക്കുന്നത്. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിട്ടേയുള്ളൂ. ഇങ്ങനെ തലതിരിഞ്ഞ, യഥാർത്ഥത്തിൽ സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് പലപ്പോഴും എടുക്കുന്നത്. ഇത്തരം സമീപനങ്ങൾ അവസാനിപ്പിച്ച് വിദ്യാഭ്യാസ മേഖല സംശുദ്ധമാക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഓരോ ദിവസവും കൊണ്ടുവരുന്ന പ്രത്യേകം പ്രത്യേകമായിട്ടുള്ള പദ്ധതികൾ അവസാനിപ്പിച്ച് ദീർഘകാല ചർച്ചയുടെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്ന ഗുണപരപമായ മാറ്റങ്ങളെ സംബന്ധിച്ച് ആലോചിക്കണം.

വിദ്യാർത്ഥികൾക്ക് പഠനത്തിന് ആവശ്യമായിട്ടുള്ള പുസ്തകം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തമെന്താണ്. പള്ളിക്കൂടങ്ങൾ തുറന്നിട്ട് ആഴ്ചകൾ പലതായില്ലേ. ആവശ്യമായിട്ടുള്ള പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പന്ത്രണ്ട് ലക്ഷത്തിലധികം പുസ്തകങ്ങൾ ഇവിടെ ആവശ്യമുണ്ട് എന്നാണ് പറയുന്നത്. എന്നാൽ വിദ്യാഭ്യാസ വകുപ്പിന്റെ തന്നെ ഉന്നതൻമാർ പറയുന്നത് അതിൽ ഒൻപത് ലക്ഷമേ അച്ചടിച്ചിട്ടുള്ളൂ എന്നാണ്. ബാക്കി പുസ്തകങ്ങൾ അച്ചടിച്ച് കൊടുക്കുന്നത് എന്നാണ്. കഴിഞ്ഞ വർഷം യൂണിഫോറം വിതരണം ചെയ്തത് പോലെ ആവില്ലേ. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച സൗജന്യ യൂണിഫോറം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എന്താണ് ഉണ്ടായത്. പള്ളിക്കൂടം അടച്ചിട്ടുപോലും കുട്ടികൾക്ക് യൂണിഫോറം കിട്ടിയിട്ടില്ല. പുസ്തകങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഈ പ്രാവശ്യം പള്ളിക്കൂടം അടച്ചാൽ പോലും, ഫസ്റ്റ് ടേം കഴിഞ്ഞാൽപോലും പാഠപുസ്തകങ്ങൾ നമ്മുടെ സ്കൂളുകളിൽ എത്താൻ പോകുന്നില്ല എന്നുള്ള കാര്യം ഉറപ്പാണ്. വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നവർക്ക് ഇക്കാര്യങ്ങളിൽ എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ? എസ്.എസ്.എൽ.സി. റിസൾട്ടിന്റെകാര്യം ഞാൻ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. എന്താണ് ഇങ്ങനെയുള്ള സ്ഥിതിഗതികളുണ്ടാകുന്നത്. ഏറ്റവുമധികം കെയർഫുളായി കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ട ഈ മേഖലകളിൽ ഏറ്റവും അശ്രദ്ധാപൂർവ്വമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. പത്രങ്ങളിൽ വരുന്ന വാർത്തകൾ അനുസരിച്ചാണെങ്കിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഉന്നത മേഖലകളിൽ ഇപ്പോൾ ഉദ്യോഗസ്ഥൻമാരില്ല പോലും. ഡി.പി.ഐ. അടക്കമുള്ള ഏതാണ്ട് പത്തോളം ഏറ്റവും പ്രധാനപ്പെട്ട തസ്തികകളിൽ ഉദ്യോഗസ്ഥൻമാർ നിലവിലില്ല. പലരും അവധി വാങ്ങിപ്പോവുകയാണ്. അവർ ഭയന്നുപോവുകയാണ്. ഇങ്ങനെ ഏതാണ്ട് കുളം തോണ്ടിയ ഒരു സ്ഥിതിയാണ് വിദ്യാഭ്യാസ വകുപ്പുമായിട്ടുള്ളത് എന്ന് ഈ അവസരത്തിൽ ഈ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി പങ്കെടുത്ത് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ ബിൽ യഥാർത്ഥത്തിൽ സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി മാത്രമായി കൊണ്ടുവന്നിട്ടുള്ളതാണ്.

വ്യവസായികളെയോ മറ്റാരെയോ മനസ്സിൽ കണ്ടുകൊണ്ട് അവരെ കീ സ്ഥാനത്ത് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ട് ഇത് തൽക്കാലത്തേയ്ക്ക് മാറ്റിവച്ച് ആവശ്യമായിട്ടുള്ള ചർച്ചകളും മറ്റും നടത്തിയതിനുശേഷം കൊണ്ടുവരാമെന്ന് അപ്പുറത്ത് ഇരിക്കുന്ന അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും ബാക്കിയുള്ളവരും ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

2.10 P.M.]

ശ്രീ വി. റ്റി. ബൽറാം: സർ, 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തരം, നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് അത്ഭുതപൂർവ്വമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. 1947-48-ൽ നമ്മുടെ രാജ്യത്ത് വെറും 38 ഡിഗ്രി ലെവൽ കോളേജുകളാണ് എഞ്ചിനീയറിംഗ് വിദ്യാഭ്യാസം നൽകിയിരുന്നത്. ആകെ ഒരുവർഷം അഡ്മിഷൻ ലഭിച്ചിരുന്നത് 2500 വിദ്യാർത്ഥികൾക്കാണ്, 53 ഡിപ്ലോമ ഇൻസ്റ്റിറ്റ്യൂഷനുമുണ്ടായിരുന്നു. അവിടെ ആകെ 3670 കുട്ടികൾക്ക് പഠിക്കുവാൻ പറ്റുമായിരുന്നു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രികൾ എഞ്ചിനീയറിംഗിൽ ലഭിക്കുന്നത് വെറും 70 കുട്ടികൾക്ക് മാത്രമായിരുന്നു. ആ ഒരു അവസ്ഥയിൽ നിന്നാണ് 67 വർഷം കൊണ്ട് ഇന്ന് ദശലക്ഷകണക്കിന് വിദ്യാർത്ഥികൾക്ക് ആശ്രയിക്കുവാൻ കഴിയുന്ന ആയിരക്കണക്കായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ രാജ്യത്ത് ഉയർന്നുവരുന്ന സാഹചര്യം നമുക്ക് കാണാൻ സാധിക്കുന്നത്. സ്വാഭാവികമായി വലിയ രീതിയിലുള്ള ഒരു expansion ഈ മേഖലയിൽ നടന്നിട്ടുണ്ട്. എന്നാൽ അന്തർദേശീയ നിലവാരത്തിനൊത്ത് ഉതകുന്ന തരത്തിൽ, മാറിവരുന്ന ലോകസാഹചര്യങ്ങളുമായി ഏറ്റവുമധികം ഇണങ്ങുന്ന തരത്തിൽ ഇതിനെ മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് എത്രത്തോളം സാധിക്കുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു പരിഗണനാ വിഷയമായി ഉയർന്നു വരികയാണ്. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ടെക്യൂപ്) എന്നപേരിലുള്ള ഒരു പദ്ധതി നടപ്പിലാക്കിവരികയാണ്. നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ പൊതുവിൽകൂടുതൽ dynamic ആക്കുക, കൂടുതൽ സചേതനമാക്കുക എന്നുള്ളത് ഇതിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. അതോടൊപ്പം മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി പൊതുസമൂഹത്തിന്റേയും ഇൻഡസ്ട്രിയുടേയും, മാർക്കറ്റിന്റേയും ഒക്കെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന തരത്തിൽ ഒരു demand driven ആയി ഇതിനെ മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളതും പ്രധാനപ്പെട്ട ലക്ഷ്യമാണ്. ഗുണ നിലവാരത്തെക്കുറിച്ചുള്ള നിരന്തരമായ ഒരു ബോധ്യത്തോടു കൂടി, അതിനുവേണ്ടിയുള്ളള നിരന്തരമായ ഒരു പെർസ്യൂ നമുക്ക് മുന്നോട്ട് കൊണ്ടു പോകേണ്ടതായിട്ടുണ്ട്. ഭാവിയെ അഭിസംബോധന ചെയ്യാൻ ഭാവിയുടെ സാധ്യതകളെ

പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തെ പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ നമ്മുടെ സാമ്പത്തിക രംഗത്തും, സാങ്കേതിക വിദ്യയുടെ രംഗത്തും അനുനിമിഷം വളർന്നു കൊണ്ടിരിക്കുന്ന, വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാനും, അതിനെ പ്രയോജനപ്പെടുത്താനും കഴിയുന്ന തരത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറണം എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. അതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ പ്രയോജനം കൂടുതലായി നമ്മുടെ നാട്ടിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കണമെങ്കിൽ ഇതുപോലെയുള്ള ഒരു ടെക്നോളജി യൂണിവേഴ്സിറ്റി വളരെ പ്രധാനമാണ് എന്ന് നമ്മൾ മനസ്സിലാക്കുകയാണ്. നിലവിൽ കുസാറ്റ് ഇവിടെയുള്ളപ്പോൾ വീണ്ടും ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെക്കുറിച്ച് എന്തിനാണ് നമ്മൾ ആലോചിക്കുന്നത് എന്ന ചോദ്യം എന്തുകൊണ്ടാണ് ഉയരുന്നത്. കുസാറ്റ്, അതിന്റെ പേരിൽ ശാസ്ത്രവും, സാങ്കേതികവും ഒക്കെ ഉണ്ടെങ്കിൽ പോലും കേരളത്തിൽ മുൻപ് കണ്ട്, പരിചയിച്ച്, നമ്മളൊക്കെ ശീലിച്ചിട്ടുള്ള തരത്തിലുള്ള ഒരു യൂണിവേഴ്സിറ്റി ആയി ഇന്നും ദൗർഭാഗ്യവശാൽ അത് നിൽക്കുകയാണ് എന്നുള്ള കാര്യത്തിൽ നമുക്കാർക്കും എതിരഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല. അതുകൊണ്ടുതന്നെ ഒരു പുതിയ സങ്കൽപ്പത്തിലുള്ള പുതിയ സമീപനരീതിയിലുള്ള, പുതിയ മനോഭാവങ്ങളെ ഉൾക്കൊള്ളുന്ന തരത്തിലുള്ള ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നമുക്ക് അനിവാര്യമായി വരികയാണ്. അവിടെയാണ് ഈ KTU-യുടെ പ്രാധാന്യം എന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെ എല്ലാ അർത്ഥത്തിലും ഈ സാങ്കേതിക വിദ്യാഭ്യാസ സർവ്വകലാശാലയിൽ പുതുമ ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഒരുപക്ഷേ കേരളത്തിലെ മുഴുവൻ എഞ്ചിനീയറിംഗ് കോളേജുകളെയും ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ സാധിക്കുകയാണെങ്കിൽ, കേരളത്തിലെ തന്നെ ഏറ്റവും വലിയ സർവ്വകലാശാല ആയി ഇത് മാറാൻ പോകുകയാണ്. നിലവിലുള്ള എല്ലാ സർവ്വകലാശാലകളിൽനിന്നും അവിടെ ഇപ്പോൾ അഫിലിയേറ്റു ചെയ്തിരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളെ മാറ്റി പുതിയ സർവ്വകലാശാലയ്ക്ക് കീഴിൽ കൊണ്ടു വരുന്നതോടുകൂടി കേരളത്തിലെ ഏറ്റവും വലിയ സർവ്വകലാശാല ആയി മാറാൻ പോകുകയാണ്. ആ ഒരു ഗൗരവ സ്വഭാവത്തോടുകൂടി ഇതിന്റെ ഭാവിയെ കുറിച്ചുള്ള ഓരോകാര്യങ്ങളും, വളരെ തലനാരിഴകീറി നമ്മൾ പരിശോധിക്കുകയും, വളരെ ദീർഘവീക്ഷണമായി അതിനെ അഭിസംബോധനചെയ്യുകയും വേണമെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരമാവധി സ്വയംഭരണം നൽകുക എന്നുള്ളത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ട സമീപനമായി മാറിക്കൊണ്ടിരിക്കുകയാണ്. മറ്റുതരത്തിലുള്ള ആട്ടോണമിയെക്കുറിച്ചുള്ള ആശങ്കകൾ നിലനിൽക്കുന്നുണ്ട് എങ്കിലും, അക്കാഡമിക് ആട്ടോണമിയെങ്കിലും ഇത്തരം സ്ഥാപനങ്ങൾക്ക് നൽകണം എന്നുള്ളതാണ് നമുക്കെല്ലാപേർക്കും പൊതുവായി എത്തിച്ചേരാനുള്ള ഒരു പൊതുസമവായം എന്ന് എനിക്ക് തോന്നുന്നു. കേരളത്തിലെ വളരെ

പ്രശസ്തമായ, നിലവാരമുള്ള പഴയ എഞ്ചിനീയറിംഗ് കോളേജുകൾ, തിരുവനന്തപുരത്തെ സി.ഇ.ടി., തൃശ്ശൂരിലെ എഞ്ചിനീയറിംഗ് കോളേജ് അടക്കം 1990-ന് മുൻപ് തുടങ്ങി മുന്നോട്ടുപോയ എഞ്ചിനീയറിംഗ് കോളേജുകളെ സ്വയംഭരണ കോളേജുകളാക്കി മാറ്റി, അതോടൊപ്പം മറ്റുള്ള എഞ്ചിനീയറിംഗ് കോളേജുകളേയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഈ പുതിയ സർവ്വകലാശാലയ്ക്കുകീഴിൽ കൊണ്ടുവരാൻ സാധിക്കുകയാണെങ്കിൽ അത് ഒരു വലിയ വിപ്ലവകരമായ മാറ്റം നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ, സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കും എന്നതിന് ഒരു സംശയവുമില്ല. ചില കാര്യങ്ങൾ നമുക്ക് അടിസ്ഥാനപരമായി ഉറപ്പിക്കേണ്ടതുണ്ട്. ഒന്ന്, സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണം കൂടുകയാണ്. രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ എന്ത് വിധേനയും എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കും, മെഡിക്കൽ കോഴ്സുകളിലേയ്ക്കും പറഞ്ഞയയ്ക്കാൻ ആഗ്രഹിക്കുകയാണ്. സ്വാഭാവികമായും ഒരു വലിയ ആഗ്രഹം, ഇത്തരത്തിലുള്ള ഒരു തള്ളിക്കയറ്റം ഈ മേഖലയിൽ ഉണ്ടാകുമ്പോൾ അവരിൽനിന്നും ഏറ്റവും ഗുണനിലവാരമുള്ള ആളുകളെ എടുക്കാനും, അവർ പിന്നീട് തങ്ങളുടെ തീരുമാനത്തിൽ പശ്ചാത്തപിക്കുന്ന ഒരു അവസ്ഥ ഉണ്ടാകാതിരിക്കാനുമുള്ള ജാഗ്രത നമുക്ക് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇന്ന് പലരും പ്ലസ് ടു കഴിഞ്ഞ് രക്ഷിതാക്കളുടെ താൽപര്യത്തിലാണ് എൻട്രൻസ് എഴുതുകയും ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടുകയും ചെയ്യുന്നത്. അവർക്ക് അതിനുള്ള അഭിരുചിയുണ്ടോ, ആ മേഖലയിൽ താൽപര്യമുണ്ടോ, അവർ ആ കോഴ്സ് പാസ്സാകാനെങ്കിലും കഴിയുന്ന ആൾക്കാരാണോ എന്ന് പരിശോധിക്കാനുള്ള ഒരുമാർഗ്ഗം നമുക്ക് പലപ്പോഴും ഉണ്ടാകുന്നില്ല. പ്രതിപക്ഷത്തുനിന്നും പല ബഹുമാന്യ സുഹൃത്തുക്കളും സൂചിപ്പിച്ചതുപോലെ നമ്മുടെ പല സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയും വിജയ ശതമാനം 25 ശതമാനം പോലും വരുന്നില്ല എന്നു പറയുമ്പോൾ ഗൗരവതരമായ ഇടപടൽ ഈ മേഖലയിൽ ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. കൂടുതൽ മെച്ചപ്പെട്ട വിദ്യാർത്ഥികളെ നമുക്ക് ഉണ്ടാക്കാൻ സാധിക്കണം. വിദ്യാർത്ഥികളുടെ composition മാറണം എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ മലയാളിക്കുട്ടികൾ പലപ്പോഴും അവരുടെ അറിവിന്റെ കാര്യത്തിലല്ല പുറകിൽ നിൽക്കുന്നത്. അവർ നല്ല അറിവുള്ള ആളുകളാണ്, സാങ്കേതികവിദ്യ അവർക്ക് പ്രയോഗിക്കുവാൻ അറിയാം, പരീക്ഷകൾ പാസ്സാകാൻ അവർക്ക് അറിയാം. ഒരുപക്ഷേ ജോലിക്ക് എടുത്തുകഴിഞ്ഞാൽ ആ ആങ്കിളിൽ, ആ ആസ്പെക്ടിൽ ഒക്കെ അവർ മികവുപുലർത്താൻ കഴിയുന്ന ആളുകളാണ്. പക്ഷേ ഇപ്പോഴും അന്തർദേശീയ work environment-മായി ഇഴുകിച്ചേരുന്ന ഒരു മനോഭാവത്തിൽ അവർക്ക് എത്തിച്ചേരാൻ സാധിക്കുന്നില്ല. അതിനുവേണ്ടി നമ്മുടെ വിദ്യാർത്ഥികളുടെ soft skills അടക്കം ഡെവലപ് ചെയ്യുന്നതിനുവേണ്ട ഒരു പ്രാധാന്യവും, എഫർട്ടും പുതിയ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും നിന്നും ഉണ്ടാകേണ്ടതാണ്. വിദ്യാർത്ഥികളുടെ composition-ൽതന്നെ മാറ്റം വരുത്താൻ സാധിക്കുമോ എന്നുള്ള കാര്യവും ആലോചിക്കണം. കേരളത്തിലെ കുട്ടികൾ മാത്രം

പഠിക്കുന്ന ഒരു കോളേജ് എന്നു പറയുമ്പോൾ തന്നെ സ്വാഭാവികമായും ഒരു എക്സ്പ്ലോഷർ കുറയുകയാണ്. ഇന്ത്യ മുഴുവൻ ഉള്ള വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കഴിയുന്ന തരത്തിൽ റീജനൽ എഞ്ചിനീയറിംഗ് കോളേജുകൾ, എൻ.ഐ.റ്റി. പോലുള്ള സ്ഥാപനങ്ങളിൽ ഇന്ത്യയുടെ പല ഭാഗത്തുനിന്നുള്ള കുട്ടികൾ വരുന്നതോടുകൂടി അവരുടെ എക്സ്പ്ലോഷർ ലെവൽ വർദ്ധിക്കുകയാണ്. അന്തർദേശീയ തലത്തിൽ തന്നെയുള്ള വിദേശ വിദ്യാർത്ഥികളെപ്പോലും ആകർഷിക്കുവാൻ കഴിയുന്ന തരത്തിൽ നമ്മുടെ ഓരോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കി എങ്ങനെ മാറ്റാൻ സാധിക്കും എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ സർവ്വകലാശാലയുടെ പരിധിയിൽ പരിശോധിക്കപ്പെടേണ്ടതായിട്ടുള്ള ഒരുകാര്യം, സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിലാവാരത്തെക്കുറിച്ചുള്ള പരിശോധനകൂടി അടിയന്തരമായി ഉണ്ടാകണം. വിജയശതമാനത്തിന്റെ കുറവിനെക്കുറിച്ച് സഭയിൽ ഈ ചർച്ചയിൽ പലരും പറഞ്ഞു. ഒന്ന്, കേരളത്തിൽ പഠിക്കാൻ യോഗ്യതയില്ലാത്ത ആൾക്കാർ അന്യസംസ്ഥാനത്ത് പോയി പഠിക്കും. അവിടെ നിന്ന് പരീക്ഷ പാസ്സായി വന്നിട്ട് അവർ ഇവിടെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ പഠിക്കാൻ യോഗ്യതയില്ലാത്തവർ പുറത്തുപോയി പഠിച്ച് വന്നിട്ട് ഇവിടത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപകരായിട്ടാണ് പീന്നീട് അവർ ജോയിൻ ചെയ്യുന്നത്. അദ്ധ്യാപകരെ തീരുമാനിക്കുന്നതിനോ, തെരഞ്ഞെടുക്കുന്നതിനോ ഉണ്ടാകുന്ന വലിയ ശ്രദ്ധക്കുറവ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ വല്ലാതെ ബാധിക്കുന്നുണ്ട് എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, വളരെ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഒരഭിപ്രായമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. ഞാൻ ഒരു എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിയായിരുന്നു. ഇപ്പോഴുള്ള എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾ എങ്ങനെയൊക്കെയാണ് നടക്കുന്നതെന്ന് നമുക്കെല്ലാപേർക്കും അറിയാം. ഈ പറഞ്ഞ രീതിയിൽ ബി-ടെക് അല്ലെങ്കിൽ എം-ടെക് കഴിഞ്ഞ് നേരിട്ട് ഒരു താൽക്കാലിക ജോലിയെന്ന നിലയിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലിക്ക് കയറുകയാണ് പതിവ്. മറ്റ് ജോലികളൊന്നും കിട്ടാതെ മറ്റ് ഇൻഡസ്ട്രീസുകളിൽ ജോലിക്കൊന്നും പോകാൻ കഴിയാത്ത ആളുകൾ, അവിടെ പരാജയപ്പെടുന്ന ആളുകൾ, അങ്ങനെയുള്ളവർ അദ്ധ്യാപകരായി കടന്നുവരികയാണ്. അദ്ധ്യാപകരുടെ നിലവാരം ഈ നിലയിൽ നിൽക്കുമ്പോൾ സ്വാഭാവികമായും അവർ പ്രവർത്തിക്കുന്ന മേഖലയുടെ ഗുണനിലവാരം ഏത് തലത്തിലേയ്ക്ക് പോകും എന്നതിനെക്കുറിച്ച് നമുക്ക് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. അദ്ധ്യാപക നിയമനങ്ങളിൽ കുറെക്കൂടി കർശനമായിട്ടുള്ള, മികവിന് പ്രാധാന്യം നൽകുന്ന ചില ഇടപെടലുകൾ ഈ പുതിയ സാങ്കേതിക സർവ്വകലാശാലയുടെ ഭാഗത്ത് നിന്നുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇപ്പോൾ സ്കൂളുകളിൽ

അധ്യാപകരാകാൻ ഡിഗ്രിയോടൊപ്പം ബി.എഡ്. എന്ന അധ്യാപക പരിശീലന കോഴ്സ് പാസാകണം. ഹയർസെക്കന്ററി സ്കൂളുകളിൽ അധ്യാപകരാകാൻ അത്തരത്തിലുള്ള കോഴ്സുണ്ട്, അതിന് പ്രത്യേക പരീക്ഷയെഴുതണം. പക്ഷേ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അധ്യാപകരായി കടന്നുവരുന്നതിന് ഇത്തരത്തിൽ പ്രത്യേകമായിട്ടുള്ള യാതൊരുവിധത്തിലുള്ള പരിശീലനമോ പ്രത്യേകമായിട്ടുള്ള അധികയോഗ്യതകളോ വേണ്ട എന്ന് പറയുന്നതാണ് ഇന്നത്തെ അവസ്ഥ. എന്തുകൊണ്ട് നമുക്ക് ആ തലത്തിൽ ഒന്ന് ആലോചിച്ചുകൂടാ? എം.ടെക്കിന് ശേഷം ഒന്നോ രണ്ടോ വർഷത്തെ ഫീൽഡ് എക്സ്പീരിയൻസ്, ഒരു ഇൻഡസ്ട്രി എക്സ്പോഷർ ഇവർക്ക് നിർബന്ധമാക്കണം. സാങ്കേതിക വിദ്യയുടെ പഠിപ്പിക്കൽ എന്ന് പറയുന്നത് ഒരിക്കലും നമ്മൾ പഠിച്ച സാങ്കേതിക വിദ്യകളായിരിക്കില്ല അടുത്ത തലമുറക്കാരായ കുട്ടികൾക്ക് പകർന്ന് കൊടുക്കേണ്ടത്. സ്കൂളുകളിലും കോളേജുകളിലുമൊക്കെ ഒരുപക്ഷേ കുറച്ചുകാലം ഇത് നീണ്ട് നിൽക്കും. നമ്മൾ പഠിച്ച അറിവ് അടുത്ത തലമുറിയിലെ കുട്ടികൾക്ക് പകർന്ന് കൊടുക്കാൻ കുറച്ചുകൂടുതൽ സമയം നമുക്ക് ലഭിക്കും അതിനുശേഷമേ അതിൽ മാറ്റമുണ്ടാകുകയുള്ളൂ. അതേസമയം സാങ്കേതിക വിദ്യയിൽ ഒരുപക്ഷേ ആറ് മാസം കഴിയുമ്പോഴേയ്ക്കും ഔട്ട്-ഡേറ്റഡ് ആകുന്ന നോളഡ്ജാണ് നമുക്ക് കിട്ടുന്നത്. അതുകൊണ്ട് നിരന്തരം അപ്ഡേറ്റ് ചെയ്യുകയെന്നത് അധ്യാപകരുടെ ചുമതലയാണ്. ഈ അർത്ഥത്തിൽ എം.ടെക് കഴിഞ്ഞ് രണ്ട് വർഷമെങ്കിലും ഇൻഡസ്ട്രി എക്സ്പോഷർ ഉള്ള ആളുകൾക്ക് മാത്രമെ അധ്യാപകരായി എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് കടന്നുവരാൻ സാധിക്കുകയുള്ളൂ. അവർക്കുവേണ്ടി പ്രത്യേകമായി അഭിരുചിപരീക്ഷകൂടി നടത്തുന്നകാര്യം സാങ്കേതിക സർവ്വകലാശാല പരിശോധിക്കണം എന്നുള്ളതാണ് ശ്രീ. വിഷ്ണുനാഥിനോടൊപ്പം ചേർന്നുകൊണ്ട് എനിക്കും മുന്നോട്ടു വയ്ക്കാനുള്ളത്. ഇപ്പോൾ യു.ജി.സി. തന്നെ സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങളിലെ അല്ലെങ്കിൽ ഇത്തരത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ കുട്ടികൾക്കുള്ള soft skills-ന്റെ അഭാവത്തെപ്പറ്റി ഗൗരതരമായി ഉന്നയിച്ചിട്ടുണ്ട്. നമുക്കറിയാം ഇത്തരത്തിലുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും സർവ്വകലാശാലകളെകുറിച്ചും ശാസ്ത്രത്തെക്കുറിച്ചും സാങ്കേതികവിദ്യകളെക്കുറിച്ചും ചർച്ച ചെയ്യുമ്പോൾ ഒരിക്കലും നമ്മൾ മറന്നുപോകാൻ പാടില്ലാത്ത ഒരു പേരാണ് ഇൻഡ്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റേത്. അദ്ദേഹമാണ് ഇത്തരം കാര്യങ്ങൾക്കൊക്കെ തുടക്കം കുറിച്ചത്. ആധുനിക ഇൻഡ്യയുടെ യഥാർത്ഥ ശിൽപിയെന്ന് നമ്മൾ അഭിമാനത്തോടെ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. ഐ.ഐ.ടി.-കൾ ആരംഭിക്കുന്ന കാലത്ത് ഐ.ഐ.ടി.-യിൽ മാനവിക വിഷയങ്ങൾ കൂടി പഠിപ്പിക്കണം എന്നായിരുന്നു നെഹ്റുവിന്റെ നിലപാട്. അത്തരത്തിലുള്ള വിഷയങ്ങളിൽ നിന്ന് അകന്നുമാറുന്നതുകൊണ്ട് പലപ്പോഴും നമ്മുടെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ അവരുടേതായിട്ടുള്ള സാങ്കേതിക വിദ്യകളിൽ മാത്രം മുഴുകി അതിൽ മാത്രം അഭിരമിച്ച് അതിനപ്പുറത്തേയ്ക്കുള്ള ഒന്നിനെക്കുറിച്ചും ഒരു ബോധവുമില്ലാത്ത തലത്തിലേയ്ക്ക് ചിലരെങ്കിലും മാറുന്നുവെന്നുള്ളത് വളരെ ഗൗരവത്തോടുകൂടിതന്നെ

നമുക്ക് കാണേണ്ടതായിട്ടുണ്ട്. ചരിത്രബോധമില്ലാത്തവരും സാമൂഹ്യ ബോധമില്ലാത്തവരുമായി നമ്മുടെ വിദ്യാർത്ഥികൾ വളർന്നുവരുന്നത് ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. അതുകൊണ്ടുതന്നെ പ്രത്യേകിച്ചും സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട് നാട്ടുകാർക്ക് പ്രയോജനമുള്ള, സമൂഹത്തിലെ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യാൻ സാധിക്കുന്ന, സാമൂഹ്യവിഷയങ്ങൾക്ക് സാങ്കേതിക വിദ്യകളിലൂടെ പരിഹാരം കാണാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ ഭാവി എഞ്ചിനീയർമാർ മാറണം. നമ്മുടെ നാട്ടിൽ സാമൂഹികമായി ഒരുപാട് വിഷയങ്ങളുണ്ട്. പ്രത്യേകമായ പരിഗണന അർഹിക്കുന്ന പല വിഭാഗങ്ങളില്ലേ? മുതിർന്ന പൗരന്മാർ, അവരുടെ വെൽഫെയർ എന്ന് പറയുന്നത് സമൂഹത്തിന്റെ ഒരു വലിയ കൺസേണായി മാറിയിരിക്കുകയാണ്. സ്ത്രീകളുടെ പ്രത്യേകമായിട്ടുള്ള പരിഗണന അർഹിക്കേണ്ട വിഷയങ്ങൾ, അതുപോലെതന്നെ ഭിന്നശേഷിയുള്ള ആളുകളുടെ കാര്യങ്ങൾ, ഇത്തരത്തിലുള്ള പല വിഭാഗങ്ങളിൽപ്പെടുന്നവരുടെയും പ്രശ്നങ്ങൾ വലിയ ഒരളവുവരെ സാങ്കേതിക വിദ്യ കൊണ്ട് പരിഹാരം കാണാൻ സാധിക്കും. പക്ഷേ അത്തരത്തിൽ ഈ രീതിയിൽ ജനസമൂഹത്തിന് പ്രയോജനം ലഭിക്കുന്ന സാങ്കേതിക വിദ്യകൾ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നില്ലായെന്നതാണ് പ്രശ്നം. വളരെ ചെലവ് കുറഞ്ഞ 'ഷീ ടോയ്‌ലറ്റ് ' ഉണ്ടാക്കാൻ കഴിയുന്ന സാങ്കേതികവിദ്യ ഇന്നും കേരളത്തിൽ ഇല്ല. വികലാംഗരായിട്ടുള്ള ആളുകൾക്ക് വളരെ സുഗമമായി ബസ്സിലേയ്ക്ക് കയറാൻ കഴിയുന്ന തരത്തിലുള്ള ചെറിയ ചെറിയ ഉപകരണങ്ങളും സാങ്കേതികവിദ്യകളും ഇന്നും നമ്മുടെ നാട്ടിൽ വ്യാപകമായി പ്രചാരത്തിൽ വന്നിട്ടില്ല. ഇത്തരത്തിൽ സാങ്കേതികവിദ്യയെന്ന് പറയുന്നത് അറിവിന്റെ ആപ്ലിക്കേഷൻ ആണ്. സയൻസിന്റെ ആപ്ലിക്കേഷനാണ് ടെക്നോളജി. അതുകൊണ്ട് ഈ ടെക്നോളജി അപ്ലൈഡ് ആയിരിക്കണം, സാമൂഹിക യാഥാർത്ഥ്യങ്ങളുമായി ചേർന്ന് നിൽക്കുന്നതും സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതുമായിരിക്കണം. ഇങ്ങനെയൊക്കെ കഴിയണമെങ്കിൽ ഇതിനെക്കുറിച്ചൊക്കെ ചിന്തിക്കുന്ന യുവാക്കൾ ഉണ്ടാകണം. വിദ്യാർത്ഥികൾ വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ ഇത്തരം പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുകയെന്നുള്ളതു കൂടി ഭാവിയിലെ തങ്ങളുടെ പ്രവർത്തന മേഖലയുടെ ഭാഗമായി വരേണ്ടതാണ് എന്ന ഒരു ബോധ്യത്തിലേയ്ക്ക്, അവെയർനസ്സിലേയ്ക്ക് നയിക്കാൻ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കഴിയണം. അപ്പോൾ അത്തരത്തിലുള്ള കാര്യങ്ങൾക്കുകൂടി മുൻതൂക്കം നൽകുന്നതരത്തിൽ നമ്മുടെ സാങ്കേതിക സർവ്വകലാശാലയുടെ സിലബസും കാര്യങ്ങളും മാറണം എന്ന് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സിലബസിന്റെ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ വ്യാപകമായി വരുന്ന അഭിപ്രായം ഇന്ന് രാവിലെ നിയമസഭയിൽ ഈ പ്രസംഗമുണ്ടെന്നറിഞ്ഞപ്പോൾ ഫേസ് ബുക്കിൽ 'ഞാൻ ഈ വിഷയത്തെ സംബന്ധിച്ച ഒരു പ്രസംഗം നടത്തുവാൻ പോകുകയാണ്, ആർക്കെങ്കിലും അഭിപ്രായം വല്ലതുമുണ്ടെങ്കിൽ സൂചിപ്പിച്ചാൽ നന്നായിരുന്നു' എന്നൊരു കമന്റ് പോസ്റ്റ് ചെയ്തപ്പോൾ ഈ കമന്റിന് മറുപടിയായി നൂറ് കണക്കിനാളുകളാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വളരെ

പ്രസക്തമായിട്ടുള്ള പല നിർദ്ദേശങ്ങളും മുന്നോട്ടുവച്ചത്. അത് മുഴുവനും ഇവിടെ പറയുന്നതിന് സമയക്കുറവുണ്ട്. പക്ഷേ ഏറ്റവും കൂടുതൽ ആളുകൾ ആശങ്ക പ്രകടിപ്പിച്ചതും ഏറ്റവും പ്രധാനപ്പെട്ട ഒരു ഇഷ്യൂ ആയി കണ്ടതും നമ്മുടെ സിലബസുകൾ അശാസ്ത്രീയവും കാലഹരണപ്പെട്ടതുമാണ് എന്നുള്ളതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മറ്റ് വിഷയങ്ങളുടെ സിലബസ്സുകളുടെ പരിഷ്കരണം രണ്ടോമൂന്നോ വർഷം കൂടുമ്പോൾ ആയാൽ കുഴപ്പമില്ല. പക്ഷേ സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുള്ള സിലബസുകളെന്ന് പറയുന്നത് ഓരോ സെമസ്റ്ററിലും പുതുക്കണം. ഒരു വർഷംപോലും കാത്തുനിൽക്കാൻ പലപ്പോഴും കഴിഞ്ഞെന്നു വരില്ല. ഓരോ സെമസ്റ്ററും പുതുക്കുന്ന തരത്തിൽ ഈ സിലബസിനെ മാറ്റാൻ സാധിക്കണം. ഇന്ന് കെ.റ്റി.യു. അതിന്റെ വെബ്സൈറ്റിൽ കരട് സിലബസിനെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. പലപ്പോഴും നിലനിൽക്കുന്ന ഒരു പാറ്റേണിനപ്പുറത്തേയ്ക്ക് ചിന്തിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. നമ്മുടെ കുട്ടികൾക്ക് വ്യത്യസ്തങ്ങളായ കോഴ്സുകൾ പരിചയപ്പെടാൻ അവസരമുണ്ടാകണം. പലപ്പോഴും സംഭവിക്കുന്നത് പല കോളേജുകളുടേയും വിജയശതമാനമെന്ന് പറയുന്നത് 25 ശതമാനമൊക്കെയാണ്. അതിന് ഒരു കാരണമായി എനിക്ക് തോന്നുന്നത് കുട്ടികൾക്ക് നമ്മൾ അങ്ങോട്ട് കൊടുക്കുന്ന കുറെ സിലബസ്സും, കുറെ പേപ്പറുകളുമാണ്. ഈ പേപ്പറുകൾ മുഴുവൻ നിങ്ങൾ പാസ്സായിക്കൊള്ളുണ മെന്നാണ് പറയുന്നത്. സ്വാഭാവികമായി ചില പേപ്പറുകളോടും ചില പ്രത്യേക വിഷയങ്ങളോടും വേണ്ടത്ര അഭിരുചിയില്ലാത്ത ആളുകൾ ആ വിഷയങ്ങളിൽ തോൽക്കും. അതിനുപകരം കുട്ടികൾക്കുതന്നെ തങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള വ്യത്യസ്ത വിഷയങ്ങളെ കണ്ടെത്താനും സ്വീകരിക്കാനും കഴിയുന്ന ഒരു ഫ്രീഡം നമുക്ക് കൊടുക്കാൻ സാധിച്ചാൽ, അത്രമാത്രം ഓപ്ഷൻസ് നമ്മൾ കൊടുത്താൽ, അവർക്ക് ഇഷ്ടമുള്ള വിഷയങ്ങൾ അവർ പഠിക്കട്ടെ. മൊത്തത്തിൽ ഇത്ര പേപ്പറുകൾ പാസ്സാകണമെന്ന കാര്യത്തിൽ ചില മാനദണ്ഡങ്ങളും ഇത്ര ക്രെഡിറ്റുമൊക്കെ വേണമെന്നുണ്ടാകും. ക്രെഡിറ്റ് ബേസ്ഡ് സെമസ്റ്റർ സിസ്റ്റത്തെ, അതിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു മേഖലയാണ് സാങ്കേതിക വിദ്യാഭ്യാസ മേഖല. അതിൽ മാനവിക വിഷയങ്ങളും മറ്റുതരത്തിലുള്ള വിഷയങ്ങളും വരാം. സാങ്കേതിക വിദ്യകളിൽ തന്നെ നമ്മൾ മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്ന പ്രത്യേകമായ മേഖലകളോട് ചേർന്നുനിൽക്കുന്ന സാങ്കേതിക വിദ്യകളെയും അതുമായി ബന്ധപ്പെട്ട പേപ്പറുകളും കൂടുതൽ പഠിക്കാനും എഴുതിയെടുക്കാനും കഴിയുന്ന ഒരു സാഹചര്യത്തിലേയ്ക്ക് കുട്ടികൾ വന്നാൽ, അത്തരത്തിൽ ഒരു വലിയ ഫ്രീഡം വിദ്യാർത്ഥികൾക്ക് കൊടുക്കാൻ സാധിച്ചാൽ തീർച്ചയായും വിജയശതമാനവും ഉയരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ രീതിയിൽ നമ്മുടെ സിലബസിനെ കൂടുതൽ നവീനമാക്കണം, ആനുകാലിക പ്രസക്തമാക്കണം. Industry, Academy and Linkage വളരെ പ്രധാനമാണ്. പലപ്പോഴും എഞ്ചിനീയറിംഗ് കോഴ്സ് ഒരു ഫൗണ്ടേഷൻ കോഴ്സ് പോലെയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഏത് മേഖലയിലേയ്ക്കും പോകാൻ കഴിയുന്ന

തരത്തിലുള്ള നാലുവർഷം ദൈർഘ്യമുള്ള ഒരു ഫൗണ്ടേഷൻ കോഴ്സായി ഇന്നത്തെ എഞ്ചിനീയറിംഗ് കോഴ്സ് മാറിക്കഴിഞ്ഞിരിക്കുന്നു. അതിനുശേഷമുള്ള യഥാർത്ഥ തൊഴിൽ സാഹചര്യത്തിലേയ്ക്ക് കടന്നുവരുമ്പോൾ ആ തൊഴിൽ സാഹചര്യങ്ങളുമായി ഒരു മുൻപരിചയം കുട്ടികൾക്കുണ്ടാക്കിക്കൊടുക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. ഈ ഒരു ഉത്തരവാദിത്വം സർവ്വകലാശാലയിലൂടെ നിർവ്വഹിക്കാൻ സാധിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ഒരോ എഞ്ചിനീയറിംഗ് കോളേജുകളിലും ഒരു ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂഷൻ ഇന്ററാക്ഷൻ സെൽ എന്നുള്ള അർത്ഥത്തിൽതന്നെ നിരന്തരം പ്രവർത്തിക്കുന്ന, ഒരു സ്ഥിരം സംവിധാനമായി വ്യവസായ സ്ഥാപനങ്ങളുമായും അവിടത്തെ സാഹചര്യങ്ങളുമായും അവിടെ വന്നുകൊണ്ടിരിക്കുന്ന ടെക്നോളജി അപ്ഡേഷൻസുമായി നിരന്തരം ബന്ധപ്പെടാനും അതനുസരിച്ച് തങ്ങളുടെ കുട്ടികളെ pre-equip ചെയ്യാനുള്ള തരത്തിലുള്ള ഒരു നിരന്തര മോണിറ്ററിംഗ് സംവിധാനം ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ഉണ്ടാകണം എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ഗവൺമെന്റ് തന്നെ start-up കൾക്ക് വളരെ പ്രാധാന്യം കൊടുക്കുകയാണ്. Start-up-ന്റെ കാര്യത്തിൽ വിദ്യാർത്ഥികളാണ് പല രീതിയിലും മുന്നോട്ടുവരുന്നത്. ലോകത്തിലെ വലിയ പല ബഹുരാഷ്ട്ര സ്ഥാപനങ്ങളും തുടക്കം കുറിച്ചത് വിദ്യാർത്ഥികൾ ആയിരിക്കുന്ന കാലത്തുള്ള ചില ആളുകളാണ്. അവയാണ് ഇന്ന് ലോകത്തിലെ വലിയ പല ബഹുരാഷ്ട്ര കുത്തകകളായി വളർന്നുവന്നിരിക്കുന്നത്. നമ്മുടെ കുട്ടികളുടെ പൊട്ടൻഷ്യൽ ഒരിക്കലും അണ്ടർ എസ്റ്റിമേറ്റ് ചെയ്യാൻ കഴിയുകയില്ല. വലിയ സാധ്യതകൾ അവർക്ക് മുന്നിലുണ്ട്, അതിനെ പ്രയോജനപ്പെടുത്താനും അവർക്ക് സാധിക്കും. അവരെ പ്രോത്സാഹിപ്പിക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് കേരളത്തിലെ സർക്കാർ പ്രവർത്തിക്കുന്നത്. ഒരു പക്ഷേ ഇൻഡ്യയിൽതന്നെ start-up-നെ ഇത്ര അധികം പ്രോൽത്സാഹിപ്പിക്കുന്ന മറ്റൊരു സർക്കാർ ഈ രാജ്യത്ത് തന്നെ വേറെ ഉണ്ടോയെന്ന് അറയില്ല. കഴിഞ്ഞദിവസം നമ്മൾ ഒരു start-up പോളിസിതന്നെ രൂപീകരിച്ചു. പക്ഷേ അതിനെ പ്രോൽത്സാഹിപ്പിക്കുന്ന ഒരു നയം ബില്ലിൽ വേണ്ടത്ര പ്രതിഫലിച്ച് കാണുന്നില്ലായെന്നാണ് എനിക്ക് തോന്നുന്നത്. അക്കാര്യത്തിൽ കുറച്ചുകൂടി കാര്യങ്ങൾ നമുക്ക് ഉറപ്പ് വരുത്തുവാൻ സാധിക്കേണ്ടതായിട്ടുണ്ട്. പേറ്റന്റുകൾ വളരെ പ്രധാനമാണ്. പേറ്റന്റുകൾ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇനിയും ഉണ്ടാകുന്നില്ല. നമ്മുടെ സർവ്വകലാശാലകളിൽ നിന്നും ഉണ്ടാകുന്നില്ല. അത്തരത്തിൽ പുതിയ പുതിയ പ്രോഡക്ടുകളിലേയ്ക്ക് പോകുകയും പുതിയപുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തുകയും ഉൽപ്പാദിപ്പിക്കുകയും അതിനെ വ്യാവസായികമായിപോലും പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസരംഗത്തെ മാറ്റിയെടുക്കുകയാണെങ്കിൽ അതുകൊണ്ടുള്ള പ്രയോജനം പല തരത്തിലാണ്. നമ്മുടെ സമൂഹത്തിന് അതിന്റെ പ്രയോജനമുണ്ടാകും. ഇത്തരത്തിൽ പേറ്റന്റുകൾ ഉണ്ടാക്കുന്നതിലൂടെ ആ സ്ഥാപനത്തിന് ഭാവിയിൽ വരുമാന വർദ്ധനവും മുന്നോട്ടുപോകാനുള്ള അവസരവുമുണ്ടാകുന്നു. അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കുട്ടികൾക്കും അതൊരു ആത്മവിശ്വാസവും പ്രചോദനവുമായിരിക്കും. അതുകൊണ്ട്

ഒരു പേറ്റന്റ് സെൽ ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും ഉണ്ടാകുന്ന എന്ന് നമുക്ക് ഉറപ്പുവരുത്താൻ സാധിക്കണം. ഇത്തരം കാര്യങ്ങൾ ദൗർഭാഗ്യവശാൽ ബില്ലിന്റെ രൂപത്തിൽ വേണ്ടത്ര പ്രതിഫലിച്ചുകാണുന്നില്ല എന്നാണ് തോന്നുന്നത്. അതുകൊണ്ടു തന്നെ തിയറി ഓറിയന്റഡായിട്ടുള്ള, സാമ്പ്രദായികമായിട്ടുള്ള അദ്ധ്യയന സമ്പ്രദായത്തിൽ നിന്നുംമാറി കൂടുതൽ എക്സ്പെരിമെന്റൽ റിസർച്ചിനും അതിന്റെ ആപ്ലിക്കേഷൻസിനും പ്രാമുഖ്യം നൽകുന്ന തരത്തിൽ, അതിൽനിന്ന് യഥാർത്ഥ ടെക്നോളജിക്കൽ പ്രോഡക്ടുകൾ ഉണ്ടാകുന്ന എന്നുറപ്പാക്കുന്ന തരത്തിൽ സർവ്വകലാശാലയുടെ പ്രവർത്തനത്തെ മാറ്റാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്. ഞാൻ മറ്റു വിഷയങ്ങളിലേയ്ക്ക് കൂടുതൽ കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ബിൽ വായിച്ചപ്പോൾ ചില പ്രതിപക്ഷ സുഹൃത്തുക്കൾ ഉന്നയിച്ച സംശയം ഒരു പരിധിവരെ ഞാനും അംഗീകരിക്കുകയാണ്. നമുക്കിവിടെ പരിചയമായ ഒരു സിസ്റ്റമുണ്ട്. സ്വാഭാവികമായും ചാൻസലർ ഗവർണ്ണറും പ്രോ-ചാൻസലർ വിദ്യാഭ്യാസ മന്ത്രിയുമായിരിക്കും. അതിനുശേഷം സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം അതിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വ്യക്തി ഒരു അക്കാദമിക് ചീഫ് എക്സിക്യൂട്ടീവ് എന്നുള്ള അർത്ഥത്തിൽ പ്രവർത്തിക്കുന്ന വ്യക്തി സ്വാഭാവികമായും വൈസ് ചാൻസലറാണ്. ഇതിനിടയിൽ എന്തിനാണ് ചെയർമാൻ എന്നുള്ള സംശയം ന്യായമാണ് എന്ന തന്നെയാണ് എനിക്കും തോന്നുന്നത്. അത്തരത്തിലുള്ള ഒരു പുതിയ സംവിധാനത്തെ കൊണ്ടുവരേണ്ട കാര്യമില്ല. ചെയർമാന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് 12-ാമത്തെ ക്ലോസ് വായിച്ചു. പ്രത്യേകിച്ച് പുതിയ അധികാരങ്ങളൊന്നുമില്ല. ചാൻസലറുടെ അസാന്നിദ്ധ്യത്തിൽ ചെയർമാൻ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കണ മെന്നുള്ളതാണ് ആധികാരികമായി പറയുന്നത്. അപ്പോൾ അദ്ധ്യക്ഷം വഹിക്കാൻ വേണ്ടിമാത്രമായി ഒരു ചെയർമാനെ നിയമിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണ്. അതിന്റെ അടുത്ത ക്ലോസ്സിൽ ഒരു കാര്യംകൂടി പറയുന്നുണ്ട്. അവിടെയാണ് ഒരു കൺഫ്യൂഷൻ വരുന്നത്. ബോർഡ് ഓഫ് ഗവർണേഴ്സ് എടുക്കുന്ന തീരുമാനങ്ങൾ ബോർഡ് തീരുമാനിച്ച രീതിയിൽ നടപ്പാക്കുന്ന എന്ന് ഉറപ്പ് വരുത്തേണ്ടത് ചെയർമാന്റെ കടമയാണ്. അപ്പോൾ സ്വാഭാവികമായും ഒരു എക്സിക്യൂട്ടീവ് പദവിയിലേയ്ക്ക്, ഇതിന്റെ ബോർഡ് ഓഫ് ഗവർണേഴ്സ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്ന ദൈനംദിന ഭരണാധികാരിയുടെ തലത്തിലേയ്ക്ക് ചെയർമാൻ വരികയാണ്. 14-ാം ക്ലോസ്സിൽ പറയുന്നതനുസരിച്ച് വൈസ് ചാൻസലറാണ് സ്വാഭാവികമായും നടത്തിപ്പ് അധികാരി. ഭരണപരമായ കാര്യങ്ങൾ നടത്തിക്കേണ്ട അധികാരിയായി സാധാരണഗതിയിൽ വരുന്നത് വൈസ് ചാൻസലറാണ്. ഇവർ തമ്മിലുള്ള ഒരു അധികാരത്തിന്റെ തർക്കത്തിലേയ്ക്ക് നയിച്ചേയ്ക്കാൻ കഴിയുന്ന ഒരു അവ്യക്തത ആ കാര്യത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ചെയർമാൻ എന്നുപറയുന്ന പദവി എത്രത്തോളം അനിവാര്യമാണ് എന്നുള്ള കാര്യത്തെക്കുറിച്ച് ഒരു പുനർവിചിന്തനം ആവശ്യമാണ് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അതോടൊപ്പം ചെയർമാന്റെ യോഗ്യതയിൽ പറയുന്ന ഒരു കാര്യം, ദേശീയ അഥവാ

അന്തർദ്ദേശീയ തലത്തിൽ പ്രവർത്തനം അംഗീകരിക്കപ്പെട്ട സമാന പദവിയിലുള്ള ഒരു പ്രഗൽഭനായ വ്യവസായി, ഏതൊരു വ്യവസായിക്കും ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും അംഗീകരിക്കപ്പെട്ട ആളുതന്നെ ആയിരുന്നാലും ഒരു ടെക്നോളജി യൂണിവേഴ്സിറ്റിയുടെ ചെയർമാനാകാൻ നമുക്ക് സ്വാതന്ത്ര്യം കൊടുത്തുകൂടാ. ഒരു ടെക്നോളജി റിലേറ്റഡ് വ്യവസായമാണ് അദ്ദേഹം മുന്നോട്ടുകൊണ്ടു പോകുന്നതെങ്കിൽ സ്വാഭാവികമായി വരട്ടെ. നമുക്ക് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും മലയാളികളായിട്ടുള്ള ഒരുപാട് പ്രശസ്തരായ ആൾക്കാരുണ്ട്. അവർ പലരും പ്രവർത്തിക്കുന്നത് റീട്ടെയിൽ രംഗത്തുംമറ്റുമാണ്. അവർ സാമൂഹ്യ പ്രവർത്തന മേഖലയിലുണ്ട്. അതിന്റെ പേരിൽ ദേശീയതലത്തിൽ പത്മശ്രീ അടക്കമുള്ള അവാർഡുകൾ വാങ്ങിയ വ്യവസായികളൊക്കെ നമ്മുടെ നാട്ടിലുണ്ട്. അത്തരത്തിലുള്ള ആളുകൾ ഒരു സാങ്കേതിക സർവ്വകലാശാലയുടെ തലപ്പത്തേയ്ക്ക് വരുന്ന ഒരു സാഹചര്യം ഒരിക്കലും ഉണ്ടാകരുത്. അതുകൊണ്ടുതന്നെ ഈ ചെയർമാൻ പദവി അനിവാര്യം ആണെങ്കിൽത്തന്നെ അതിന്റെ യോഗ്യതാ മാനദണ്ഡങ്ങളെക്കുറിച്ച് കുറച്ചുകൂടി സുതാര്യമായിട്ടുള്ള വിചിന്തനം ആവശ്യമാണ്. ചെയർമാൻ വേണ്ട എന്നുള്ളതാണ് പൊതുവിലുള്ള അഭിപ്രായം എങ്കിൽപ്പോലും അതിന്റെ മാനദണ്ഡങ്ങൾ കുറച്ചുകൂടി കൃത്യമായി നിർവ്വചിക്കാൻ നമുക്ക് സാധിക്കേണ്ടതായിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ : സർ, ഒരു ടെക്നോക്രാറ്റ്, ദേശീയ അന്തർദ്ദേശീയ അംഗീകാരം വാങ്ങിയ ഒരാൾ എന്ന് അയാളുടെ യോഗ്യത ഭേദഗതി ചെയ്യുന്നതുകൊണ്ടുമാത്രം നമുക്ക് ഈ ചെയർമാൻ എന്നുള്ള പദവി അംഗീകരിക്കാൻ കഴിയുമോ?

ശ്രീ. വി. റ്റി. ബൽറാം : സർ, ചെയർമാൻ എന്നു പറയുന്ന പദവിയുടെ അനിവാര്യതയെക്കുറിച്ചുതന്നെ എനിക്ക് സംശയമുണ്ട്. അതെടുത്തു കളയുക എന്നുള്ളതുതന്നെയാണ് ഏറ്റവും ഉചിതമായ കാര്യമായി കാണുന്നത്. അങ്ങനെ പറയുന്ന കാര്യത്തിൽ തന്നെ ഇത്തരത്തിൽ കുറച്ച് അവ്യക്തതകളുണ്ടെന്ന് സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ. അതുപോലെതന്നെ രസകരമായിട്ട് എനിക്ക് തോന്നുന്നത് വൈസ് ചാൻസലറുടെ യോഗ്യതയെക്കുറിച്ച് പറയുമ്പോൾ, സെക്ഷൻ 14-ലെ സബ്ക്ലോസ് 6-ൽ പറയുന്നത്, 'അറുപത്തിയൊന്നു വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും....' എന്നാണ്. അറുപത്തിയൊന്നു വയസ്സിന്റെ പ്രാധാന്യം എന്താണെന്ന് മനസ്സിലാകുന്നില്ല. ചെരുപ്പിനൊത്ത് കാല് മുറിക്കുക എന്നുപറയുന്ന സമീപനം ശരിയല്ല. ആരെയെങ്കിലും മുൻകൂട്ടി കണ്ടുകൊണ്ടുള്ള സമീപനമാണെന്നുള്ള ആക്ഷേപം ഏതായാലും ഞാൻ ഉന്നയിക്കുന്നില്ല. ഏതായാലും അത്തരത്തിൽ വൈസ് ചാൻസലറുടെ പ്രായപരിധി 61 വയസ്സും രണ്ടു ക്ലോസ് അപ്പുറത്ത് പ്രോ വൈസ്ചാൻസലറുടെ പ്രായപരിധി അറുപതു വയസ്സുമാണ്. ഇത്തരത്തിലുള്ള ചില അപാകതകൾ ഈ നിയമത്തിന്റെ ഡ്രാഫ്റ്റിൽ ഇപ്പോൾ കാണാൻ സാധിക്കുന്നുണ്ട്. ഏതായാലും ആ കാര്യത്തെക്കുറിച്ച് ഒരു കൃത്യത വരുത്തുന്നതാണ് ഉചിതം. അറുപതുവയസ്സാണെങ്കിൽ എല്ലാവർക്കും അറുപതുവയസ്സു വയ്ക്കുക അതല്ല, കോമണായിട്ട് അത്തരം കാര്യങ്ങളിൽ ഒരു തീരുമാനം എടുക്കുന്നതായിരിക്കും ഉചിതമായിട്ടുള്ളത്.

സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയാകണം എന്നുള്ളതിനെ കുറിച്ച് സമീപകാലത്ത് പത്രങ്ങളിലൂടെയൊക്കെ വലിയ ചർച്ചകൾ ഉയർന്നു വന്നിട്ടുണ്ട്. പ്രശസ്തനായിട്ടുള്ള ശ്രീ. ഇ. ശ്രീധരൻ അടക്കമുള്ള ആളുകൾ അക്കാര്യത്തെ കുറിച്ച് അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞാൻ തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഒരു പൂർവ്വ വിദ്യാർത്ഥികൂടിയാണ്. അതുകൊണ്ട് വ്യക്തിപരമായ ഒരു ആഗ്രഹംകൂടി ഞാൻ പറയുകയാണ്. വ്യക്തിപരമായ ആഗ്രഹം മാത്രമല്ല ഇത്, എല്ലാ സർവ്വകലാശാലകളും ചില പ്രത്യേക മേഖലകളിൽ മാത്രം കേന്ദ്രീകരിക്കുന്ന സമീപനം ശരിയല്ല. കേരളത്തിലെ മധ്യമേഖലയിൽതന്നെ ഏറ്റവും ഉചിതമായിട്ടുള്ള സ്ഥലമായി നമുക്ക് ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നത് എത്രയോ വർഷങ്ങളുടെ പാരമ്പര്യമുള്ള കേരളത്തിലെ പ്രശസ്തമായിട്ടുള്ള എഞ്ചിനീയറിംഗ് കോളേജായ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജാണ്. നൂറിലേറെ ഏക്കർ ഭൂമി അവിടെയുണ്ട്. മറ്റെല്ലാ സൗകര്യങ്ങളുമുണ്ട്. അതുകൊണ്ടുതന്നെ എല്ലാതരത്തിലും അനുയോജ്യതയുള്ള തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെതന്നെ ഈ സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനമാക്കി നിശ്ചയിക്കണം എന്നുള്ള ഒരഭ്യർത്ഥനകൂടി എനിക്ക് മുന്നോട്ടു വയ്ക്കാനുണ്ട്.

ശ്രീ. സി. പി. മുഹമ്മദ് : എല്ലാ സർവ്വകലാശാലകളും ഒരു സ്ഥലത്ത് കേന്ദ്രീകരിക്കണ്ട എന്നുപറഞ്ഞ അങ്ങ് കാർഷിക സർവ്വകലാശാലയും മെഡിക്കൽ സർവ്വകലാശാലയുമുള്ള തൃശ്ശൂരിൽതന്നെ ഈ സർവ്വകലാശാലയും വേണമെന്ന് പറയുന്നത് ശരിയല്ല. ഇത് വേണ്ടത് ഒരു സർവ്വകലാശാലയും ഇല്ലാത്ത പാലക്കാടാണ് എന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. റ്റി. ബൽറാം. : പാലക്കാട് വരുമ്പോൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന ആളാണ് ഞാൻ. പാലക്കാട് മാത്രമല്ല സംസ്ഥാനത്തിന്റെ ഒരു സെന്റർ എന്ന നിലയിൽ ബാക്കി എല്ലാകാര്യങ്ങൾക്കും കൂടുതൽ ആളുകൾക്ക് എത്തിപ്പെടാനുമൊക്കെ കഴിയുന്ന ഒരു സ്ഥലം എന്നുള്ള അർത്ഥത്തിൽ തൃശ്ശൂരിൽ വരുന്നത് പാലക്കാട് വരുന്നതിന് തുല്യമാണ് എന്ന കാര്യത്തിൽ ബഹുമാന്യനായ സി. പി. മുഹമ്മദുകൂടി യോജിക്കുമെന്ന് ഞാൻ കരുതുകയാണ്. ഇത് സംസ്ഥാനത്തിന്റെ പൊതു താല്പര്യമാണ്.

ശ്രീ. ബെന്നി ബെഹനാൻ : ഒരു പ്രാദേശികവാദി ആയതുകൊണ്ട് പറയുന്നതല്ല. അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ അങ്ങ് പഠിച്ച തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജുള്ളതുകൊണ്ട് തൃശ്ശൂർ ഇതിന്റെ ആസ്ഥാനമാകണമെന്നുള്ള വാദഗതിയാണ് ഉന്നയിച്ചത്. മറ്റ് യൂണിവേഴ്സിറ്റികളൊക്കെ അവിടെയുണ്ട്. സാങ്കേതിക സർവ്വകലാശാല വരുമ്പോൾ ഏറ്റവും കൂടുതൽ നഷ്ടം വരുന്നത് കുസാറ്റിനാണ്. കുസാറ്റ് എന്നത് ഒരു സാങ്കേതിക സർവ്വകലാശാലപോലെ നമ്മൾ ഉണ്ടാക്കിയതാണ്. 26 കോളേജുകളാണ് അവിടെ നിന്ന് ഡീലിങ്ക് ചെയ്ത് പോകുന്നത്. പുതിയ സർവ്വകലാശാലകൾ വരുമ്പോൾ ആ യൂണിവേഴ്സിറ്റിയുടെ നിലനിൽപ്പിനെത്തന്നെ അത് ബാധിക്കും. പുതിയ സർവ്വകലാശാല വേണമെന്ന് ഞാൻ വാദിക്കുന്നു. പക്ഷേ പ്രാദേശികവാദമായിട്ട് ഉന്നയിക്കുന്നതല്ല, അതുകൊണ്ട് ഏറ്റവും അനുയോജ്യമായ അതിന്റെ ആസ്ഥാനം കൊച്ചിയാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. റ്റി. ബൽറാം : സർ, കുസാറ്റിനെ കേന്ദ്രസർക്കാർതന്നെ ദേശീയ തലത്തിലുള്ള സ്ഥാപനമാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള പരിഗണനയിലാണ്. ഏതായാലും അതിനെക്കുറിച്ച് വിശദമായ ചർച്ചകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ അടക്കം സൂചിപ്പിച്ചതുപോലെ ഇത് പാലക്കാട് ജില്ലയിൽ വരിക എന്നുപറയുന്നത് എല്ലാവർക്കും അഭിമാനമായ കാര്യമാണ്. കേരളത്തിലെ ഐ.ഐ.റ്റി. തന്നെ പാലക്കാട് ജില്ലയിൽ ഈവർഷം പ്രവർത്തനം ആരംഭിക്കുകയാണ് എന്നുള്ളകാര്യം നമുക്കൊക്കെ അഭിമാനമായ കാര്യമാണ്. സംസ്ഥാന ഗവൺമെന്റും കേന്ദ്രസർക്കാരും അക്കാര്യത്തിൽ വളരെ സഹകരണാത്മകമായ നിലപാട് സ്വീകരിച്ചതുകാരണം ഈ വർഷംതന്നെ പാലക്കാട് ഐ.ഐ.റ്റി. യാഥാർത്ഥ്യമായ സാഹചര്യത്തിൽ നമുക്ക് തൃശ്ശൂരിന്റെ ഈ സാഹചര്യത്തെക്കൂടി പ്രത്യേകം പരിഗണിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും ഇത്തരത്തിലുള്ള ഒരു ബിൽ ഇവിടെ പൈലറ്റ് ചെയ്തതിന് ഞാൻ വിദ്യാഭ്യാസ മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, സാങ്കേതിക സർവ്വകലാശാലയാണ് തിരുവനന്തപുരത്തിന് ആകെ ലഭിച്ചത്. അതുകൂടി കൊണ്ടുപോകുക എന്നുപറഞ്ഞാൽ തിരുവനന്തപുരത്തിന് തലസ്ഥാനം എന്ന പേര് മാത്രം മതിയോ; ഇത് ശരിയാണോ?

ശ്രീ. വി. റ്റി. ബൽറാം: സർ, സെക്രട്ടേറിയറ്റ് തന്നെ ഇവിടുണ്ടല്ലോ. ഏതായാലും ആസ്ഥാനത്തെക്കുറിച്ചുള്ള കൂടുതൽ ചർച്ചയിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി ഇക്കാര്യത്തിൽ തീരുമാനം എടുത്താൽ പോരേ; ഞങ്ങളെ ഇതിൽ കക്ഷിയാക്കണോ; നിങ്ങളെല്ലാവരുംകൂടി തർക്കമുണ്ടാക്കണ്ട. അത് കോൺഗ്രസ്സും പാർലമെന്ററി പാർട്ടിയുംകൂടി തീരുമാനിച്ചാൽ പോരേ; അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. വി. റ്റി. ബൽറാം: സർ, മുൻപ് ഞങ്ങളുടെ പാർലമെന്ററി പാർട്ടിയിൽ വിളിച്ചിരുന്ന ആളാണ്. ഇപ്പോൾ അദ്ദേഹം വരുന്നില്ല. ഏതായാലും ഇത്തരമൊരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാൻ തയ്യാറെടുത്ത കേരള സർക്കാരിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇതിലെ എല്ലാകാര്യങ്ങളും, എല്ലാത്തരം നിയമനങ്ങളും പൂർണ്ണമായും സുതാര്യവും മികവുമാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ളതു മായിരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർവ്വകലാശാലയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ട്. ഏതായാലും ഈ സർവ്വകലാശാലയ്ക്ക് അത്തരത്തിലുള്ളൊരവസ്ഥ ഉണ്ടാകരുത്. കക്ഷിരാഷ്ട്രീയ പിടിമുറുക്കത്തിൽനിന്ന്, ജാതി-മത-സാമുദായിക താൽപ്പര്യങ്ങൾക്കതീതമായ ഒരു സർവ്വകലാശാലയാണ് കേരളത്തിലുണ്ടാകേണ്ടത്. ദൗർഭാഗ്യവശാൽ നമ്മുടെ മറ്റ് പല സർവ്വകലാശാലകളെക്കുറിച്ചും അക്കാര്യം

നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള എല്ലാ സ്ഥാപിതതാൽപ്പര്യങ്ങൾക്കുമതീതമായി മികവ് മാത്രം ലക്ഷ്യം വച്ചുകൊണ്ട് അടുത്ത തലമുറയെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിന് കഴിയുന്നതരത്തിലുള്ള ഒരിടപെടൽ കേരളീയ സമൂഹത്തിൽ നടത്താൻ സാധിക്കുക എന്നുള്ള നമ്മുടെ പ്രഖ്യാപിത ലക്ഷ്യത്തെ പൂർണ്ണമായ അർത്ഥത്തിൽ വിജിയിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു മുൻകരുതൽ ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട മുഴുവൻ നിയമനങ്ങളിലും ഉണ്ടാകണം എന്നുമാത്രം ഒരിക്കൽക്കൂടി ശക്തമായി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങേയ്ക്ക് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമികനിലവാരവും മെച്ചപ്പെടുത്തുന്നതിനായി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു എന്നിങ്ങനെയാണ് ഉദ്ദേശ്യകാരണങ്ങളുടെ വിവരണം ആരംഭിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്കും അതുവഴി സാങ്കേതിക വിദ്യാഭ്യാസത്തിനും ഉന്നതമായ ഒരു പൈതൃകം ഉണ്ടെന്ന അഭിപ്രായമാണ് എനിക്കിവിടെ പ്രകടിപ്പിക്കാനുള്ളത്. കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ നിന്നും പഠിച്ചുപോയ ആദരണീയനായ ശ്രീ. കെ. രാധാകൃഷ്ണൻ മംഗൾയാൻ ദൗത്യം വിജയിച്ചപ്പോൾ അതിന്റെ തലപ്പത്തുണ്ടായിരുന്നു. 22 കോടി കിലോമീറ്ററിനപ്പുറത്ത് കിടക്കുന്ന ചൊവ്വാ മണ്ഡലത്തിലേയ്ക്ക് 66 കോടി കിലോമീറ്റർ യാത്ര ചെയ്താണ് മംഗൾയാൻ എത്തിയത്. അത്തരമൊരു ദൗത്യം ഏറ്റെടുത്ത രാജ്യങ്ങളിൽ ആദ്യഅവസരത്തിൽത്തന്നെ വിജയിച്ച രാജ്യമാണ് ഇന്ത്യ. അമേരിക്ക, ഫ്രാൻസ്, ഇംഗ്ലണ്ട്, ചൈന തുടങ്ങിയ രാജ്യങ്ങൾക്കൊന്നും ആദ്യഅവസരത്തിൽ അവരുടെ പേടകങ്ങൾ ചൊവ്വ മണ്ഡലത്തിൽ എത്തിക്കാൻ കഴിഞ്ഞിരുന്നില്ല. നമ്മുടെ നാട്ടിലെ ഏതാണ്ട് നല്ലൊരു ശതമാനം ആളുകളും ചൊവ്വാദോഷത്തിൽ വിശ്വസിക്കുന്ന ആളുകളാണ്. പക്ഷെ ഇപ്പോൾ മംഗൾയാൻ അവിടെനിന്നും അയയ്ക്കുന്ന ചിത്രങ്ങളിലൊന്നും യാതൊരു ദോഷവുമില്ലായെന്നാണ് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ആ നിലയിൽ ലോകത്തിന്റെ നെറുകയിൽ, 2014-ൽ ശാസ്ത്രലോകത്ത് ഇന്ത്യയുടെ മഹത്തായ സംഭാവനയാണ് മംഗൾയാൻ ദൗത്യം വിജയകരമായി പൂർത്തീകരിച്ചത്. അതിന് നേതൃത്വം കൊടുത്ത, ഒന്നാംസ്ഥാനത്ത് നിന്ന മനുഷ്യനാണ് ശ്രീ. കെ. രാധാകൃഷ്ണൻ. അദ്ദേഹം മലയാളിയാണ്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലാണ് അദ്ദേഹം

എഞ്ചിനീയറിംഗ് ഡിഗ്രി പഠിച്ചത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെതന്നെ സാങ്കേതിക മേഖലയിൽ മികവ് തെളിയിച്ച, ഇന്ന് ഇന്ത്യയും ലോകവും അംഗീകരിക്കുന്ന, നമ്മളെല്ലാം വളരെ ബഹുമാനത്തോടുകൂടി കേരളത്തിലെ ഓരോ പ്രോജക്ടുകളും നടപ്പിലാക്കുന്നതിനുവേണ്ടി ക്ഷണിച്ചുകൊണ്ടുവരാൻ മത്സരിക്കുന്ന ബഹുമാന്യനായ മെട്രോമാൻ ശ്രീ. ഇ. ശ്രീധരൻ പാലക്കാട്ടുകാരനാണ്. എനിക്കുമുമ്പ് സംസാരിച്ച എന്റെ സുഹൃത്ത് ശ്രീ. വി. റ്റി. ബൽറാമിന്റെ നാട്ടുകാരനും അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കൂടല്ലൂർ സ്വദേശിയുമാണ്. ഒരു ടെക്നോക്രാറ്റ് എന്നുള്ളനിലയിൽ ഉജ്ജ്വലമായ സേവനമാണ് അദ്ദേഹം ഇന്ത്യാരാജ്യത്ത് ചെയ്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെ സാങ്കേതിക പരിജ്ഞാനമുള്ള ആളുകൾ നമ്മുടെ രാജ്യത്തിന്റെ മറ്റ് പല മേഖലകളിലുമില്ല. അത് കേരളത്തിലെ വിദ്യാഭ്യാസത്തിന്റേയും സാങ്കേതിക വിദ്യാഭ്യാസത്തിന്റേയും മികവിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. എനിക്ക് സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഈ നീക്കം, ഞാൻ അതിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുകയല്ല. പക്ഷേ നമ്മുടെ സാങ്കേതിക വിദ്യാഭ്യാസമേഖല എങ്ങനെ തകർന്നുപോയി എന്നതിനെക്കുറിച്ചാണ് ഇനി ഗൗരവമായി ആലോചിക്കേണ്ടത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത്, ഞാൻ നേരത്തെ സൂചിപ്പിച്ച നിലയിലുള്ള വ്യക്തികൾ തുടങ്ങി, നിരവധി സാങ്കേതിക പരിജ്ഞാന ബുദ്ധിവിശാരദന്മാരെ ഇന്ത്യക്ക് സംഭാവന ചെയ്ത അനുഭവമാണ് നമുക്കുള്ളത്. അത് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് നമ്മൾ ഗൗരവമായി ആലോചിക്കണം. എന്നാൽ സ്വാശ്രയ കോളേജുകൾ നമ്മുടെ നിലവാരത്തെ ഇടിച്ചുതാഴ്ത്തുന്നു എന്നാണ് എനിക്കിതിനെ സംബന്ധിച്ച് പറയാനുള്ളത്. ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ നികത്താൻ ഉദാരമായ ഇളവുകളാണ് എഞ്ചിനീയറിംഗ് പ്രവേശനത്തിനുവേണ്ടി അനുവദിച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്. മുൻപ് സാങ്കേതിക വിദ്യാഭ്യാസരംഗത്ത് എഞ്ചിനീയറിംഗ് പഠനത്തിനുവേണ്ടി വരുന്നത് മിടുമിടുക്കന്മാരായ കുട്ടികളായിരുന്നു. നല്ല കഴിവും ശേഷിയുമുള്ള സർഗ്ഗധനന്മാരായ കുട്ടികളാണ് എഞ്ചിനീയറിംഗ് പഠിക്കാൻവേണ്ടി വന്നിരുന്നത്. ഇപ്പോൾ ഈ ഗവൺമെന്റ് പറയുന്നത് 10 മാർക്കിൽ താഴെ കിട്ടിയ ആളും റാങ്ക് ലിസ്റ്റിൽ വരുമെന്നാണ്. പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളും റാങ്ക് ലിസ്റ്റിൽ വരും. ബഹുമാന്യനായ ചെയർ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഒരു ചോദ്യത്തിന് ഉത്തരം എഴുതിയാൽ മതി, തീർന്നില്ല മുൻപ് പ്ലസ് ടൂ-വിന് 50 ശതമാനം മാർക്ക് കിട്ടിയ കുട്ടിക്ക് മാത്രമേ മാനേജ്മെന്റ് സീറ്റിന് യോഗ്യതയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അത് 45 ശതമാനമാക്കി കുറയ്ക്കുകയാണ്. മെറിറ്റ് സീറ്റിന് 50 ശതമാനമായിരുന്നതും 45 ശതമാനമായി കുറയ്ക്കുകയാണ്. തോന്നിയപോലെ നിരവധി പുതിയ സ്ഥാപനങ്ങൾ അനുവദിച്ചതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത്. യാതൊരു പരിശോധനയോ പഠനമോയില്ലാതെ പുതിയ കോളേജുകൾ ഇഷ്ടംപോലെ അനുവദിച്ചു. വിജയ ശതമാനം 10 ശതമാനത്തിൽ താഴെയുള്ള നിരവധി അൺ-എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. അൺ-എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളുടെ ശരാശരി

വിജയശതമാനം 30 ശതമാനം മാത്രമാണ്. ഇത്തരമൊരു സ്ഥിതിവിശേഷം ഉണ്ടായപ്പോൾ കോടതി ഇതുസംബന്ധിച്ച് ശക്തമായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. പഠിക്കുന്നവരിൽ ഭൂരിഭാഗവും അഭിരുചിയില്ലാത്തവരും മാർക്ക് വളരെ കുറഞ്ഞവരുമാണ്-ഇത് കോടതിയുടെ നിരീക്ഷണമാണ്. രണ്ട്, പഠിപ്പിക്കുന്ന അദ്ധ്യാപകർ യോഗ്യതയുള്ളവരല്ല. ബി.ടെക്-ന് പഠിക്കുന്ന കുട്ടികളെ പഠിപ്പിക്കേണ്ടത് സ്വാഭാവികമായും എം.ടെക് അല്ലെങ്കിൽ അതിനുമുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരിക്കണം. അൺ-എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ യാതൊരു വിദ്യാഭ്യാസ യോഗ്യതയുമില്ലാത്തവരാണ്. യാതൊരു വിദ്യാഭ്യാസ യോഗ്യതയുമില്ലാത്ത ആളുകൾ കുട്ടികളെ പഠിപ്പിച്ചാൽ എങ്ങനെയുണ്ടാകും. അതിന്റെ പ്രതിസന്ധി കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉയർന്നു വന്നിരിക്കുകയാണ്. അതുപോലെതന്നെ ഇവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വേതനം പരിതാപകരമാണ്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യാതൊരു അടിസ്ഥാന സൗകര്യവുമില്ല. ഈ പറഞ്ഞ കാര്യങ്ങൾ ഞാൻ പറയുന്നതല്ല, കോടതിയുടെ നിരീക്ഷണങ്ങളാണ്. ഇത്തരം നിരീക്ഷണങ്ങൾക്കിടയാക്കുന്ന സാഹചര്യം എങ്ങനെയുണ്ടായി; കേരളം ഭരിക്കുന്ന ഗവൺമെന്റിന് ഇത് സംബന്ധിച്ചുള്ള കാഴ്ചപ്പാടില്ലായ്മയിൽനിന്നുമാണ് ഇത്തരം സ്ഥിതിവിശേഷമുണ്ടാകുന്നത്. ഇളവുകൾ അനുവദിക്കുകയല്ല വേണ്ടത്, കൃത്യമായ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നയം ആവിഷ്ക്കരിക്കാനാകണം. ആവശ്യം വേണ്ട കോഴ്സുകൾ, സ്ഥാപനങ്ങളുടെ നിലവാരം, അദ്ധ്യാപകരുടെ യോഗ്യത എന്നിവയെല്ലാം സജീവമായി പരിഗണിക്കണം. കണക്കിന്റെ മാർക്ക് കുറച്ചില്ലെങ്കിൽ സർക്കാരിന് സീറ്റ് കൊടുക്കില്ല എന്നുപറഞ്ഞ് മാനേജുമെന്റുകൾ സർക്കാരിനെ ഭീഷണിപ്പെടുത്തുകയാണ്. സർക്കാരിന് അവകാശപ്പെട്ട 50 ശതമാനം മെറിറ്റ് സീറ്റ് കണക്കിന്റെ മാർക്ക് കുറച്ചില്ലെങ്കിൽ നൽകില്ല എന്ന നിലയിലുള്ള പ്രസ്താവനയിറക്കാൻ മാനേജ്മെന്റ് തയ്യാറായി. സാങ്കേതിക വിദ്യാഭ്യാസത്തിന് കേരളം മാതൃകയാണ്. അത് തകർക്കരുത്. സ്ഥാപനങ്ങൾക്ക് നിലവാരമില്ല. ഇന്ന് കേരളത്തിൽ നിലവിലുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും 80 മുതൽ 90 ശതമാനം വരെയാണ് വിജയം. എന്നാൽ സ്വാശ്രയ കോളേജുകളിൽ കേവലം 10 ശതമാനം കുട്ടികൾ മാത്രമേ വിജയിക്കുന്നുള്ളൂ. 20,000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ പുതിയ കോളേജുകൾ വീണ്ടും കൊടുക്കുകയാണ്. എന്ത് അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത്; ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധി പരിശോധിക്കുന്നതിൽ ഗവൺമെന്റിന് യാതൊരു താൽപ്പര്യവുമില്ല. ഗവൺമന്റിന് വേറെ ചില താൽപ്പര്യങ്ങളാണ് ഇതിന്റെ പിറകിലുള്ളത് എന്നാണ് എനിക്ക് തോന്നുന്നത്. പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്റെ മണ്ഡലത്തിലെ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. അതിപ്പോൾ അടച്ചുപൂട്ടി. കാരണം പരീക്ഷ കഴിഞ്ഞതിനുശേഷം ആൻസർ ഷീറ്റ് പരിശോധിച്ചപ്പോൾ ഒരു ചോദ്യത്തിന്റെ ഉത്തരം എല്ലാവർക്കും ശരി. എന്നാൽ അടുത്ത ചോദ്യത്തിന്റെ ഉത്തരം എല്ലാവർക്കും തെറ്റി. ഇത് സൂക്ഷ്മാംശത്തിൽ പരിശോധിച്ചപ്പോൾ പരീക്ഷ

നടക്കുന്ന അവസരത്തിൽ മാനേജ്മെന്റ് തന്നെ കുട്ടികൾക്ക് ആവശ്യമായ ആൻസർ ഷീറ്റ് കൊടുത്തു. അതായത് ക്വസ്റ്റ്യനോടൊപ്പം ആൻസറുംകൂടി കൊടുത്തു. ഉത്തര കടലാസ്സിന്റെ മൂല്യനിർണ്ണയം നടക്കുന്ന സമയത്ത് യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥന്മാർ ഇത് കണ്ടുപിടിച്ച് കോളേജിന്റെ അംഗീകാരം തന്നെ റദ്ദാക്കി. ഒന്ന് ആലോചിച്ചു നോക്കണം? ഇന്ത്യാമഹാരാജ്യത്തിന് മാതൃകയായിട്ടുള്ള കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ്, ചില്ലറ കോളേജല്ല, ചില്ലറ സ്ഥാപനമല്ല, ഒരു എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റ്, അല്ലെങ്കിൽ അവിടത്തെ ഉത്തരവാദിത്വപ്പെട്ട ആളുകൾ, അവിടെ പഠിക്കുന്ന കുട്ടികളെ ജയിപ്പിക്കാൻവേണ്ടി, അവർക്ക് ഉത്തരക്കടലാസ് കൊടുക്കുക, അത് യൂണിവേഴ്സിറ്റി കണ്ടുപിടിക്കുക, എന്നിട്ട് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അംഗീകാരം റദ്ദാക്കുക. എവിടേയ്ക്കാണ് നമ്മുടെ നാട് പൊയ്ക്കൊണ്ടിരിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണന്റെയും മെട്രോമാൻ ശ്രീ. ഇ. ശ്രീധരന്റെയും പൈതൃകം അവകാശപ്പെടുന്ന സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് മഹനീയ മാതൃകയായിട്ടുള്ള കേരളത്തിന് അപമാനമാണിത്. അത്തരം നിലപാടുകൾ സ്വീകരിക്കുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുപകരം അവരെ താലോലിക്കുന്ന, അവരുടെ മുമ്പിൽ താഴ്ന്നുകേണ് വണങ്ങുന്നൊരു ഭരണസംവിധാനമായി കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മാറിയെന്നുപറഞ്ഞാൽ, അങ്ങനെ പറയുന്ന ആളുകളെ കുറ്റപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളത് എന്നാണ് എനിക്ക് പറയാനുള്ളത്.

സ്വാശ്രയ കോളേജിൽ 80-85 ശതമാനം കോളേജുകളിലും വിജയശതമാനം 40 ശതമാനത്തിൽ താഴെയാണ്. ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 80-90 ശതമാനം വരെ വിജയശതമാനം നിൽക്കുമ്പോൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ വിജയശതമാനം 85 ശതമാനം കോളേജുകളിലും 40 ശതമാനത്തിൽ താഴെയാണ്. 10 ശതമാനത്തിൽ താഴെയാണ് 6 കോളേജുകളുടെ വിജയശതമാനം. എങ്ങനെയാണ് നിലവാരം ഉയർത്തുന്നത്? 20 ശതമാനത്തിൽ താഴെയാണ് 15 കോളേജുകൾ; 50 ശതമാനത്തിൽ താഴെയാണ് 25 കോളേജുകൾ; 50 ശതമാനത്തിനുമുകളിൽ വിജയശതമാനമുണ്ട് എന്ന് അവകാശപ്പെടാൻ കഴിയുന്നത് കേവലം 10 കോളേജുകൾക്ക് മാത്രമാണ്. എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള അടിസ്ഥാന സൗകര്യമില്ലാത്ത അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഇഷ്ടംപോലെ നമ്മുടെ നാട്ടിലുണ്ട്. നിശ്ചിത യോഗ്യതയില്ലാത്ത അദ്ധ്യാപകർ. റാങ്ക് ലിസ്റ്റിലേറെ താഴെയുള്ളവർ പണം കൊടുത്ത് വിദ്യാർത്ഥിയായാൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം തകർന്നുപോകും. അതാണ് നമ്മൾ പരിശോധിക്കേണ്ടത്. പ്രവേശനത്തിന് 10 മാർക്ക് എന്നുള്ളത് തിരുത്തി ഇപ്പോൾ പൂജ്യം മാർക്ക് കിട്ടിയാലും പ്രവേശനം കൊടുക്കും. എവിടേയ്ക്കാണ് നമ്മുടെ നാട് പോകുന്നത് ? ഇങ്ങനെയൊക്കെയുള്ള കുട്ടികൾ പഠിക്കാൻ വന്നാൽ എങ്ങനെയാണ് മികവും നിലവാരവും വർദ്ധിക്കുന്നത്? പൂജ്യം മാർക്ക് കിട്ടിയാലും നെഗറ്റീവ് മാർക്ക് കിട്ടിയാലും കോളേജുകളിൽ

പ്രവേശനം നേടാം. പരീക്ഷ എഴുതിയ എല്ലാവരും റാങ്ക് ലിസ്റ്റിൽ, പ്ലസ് ടൂ മാർക്കിലും ഇളവ്. ഇങ്ങനെയാണ് ഈ ഗവൺമെന്റ് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ സമീപിക്കുന്നത്. ഇത്തരമൊരു സമീപനം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ മികവ് സംഭാവന ചെയ്യില്ല എന്നുള്ളതിന് യാതൊരു തർക്കവുമില്ല.

2015-ലെ പ്രോസ്പെക്ടസ് ഗവൺമെന്റ് തയ്യാറാക്കി. അതിൽ കണക്കിന് 50 ശതമാനം മാർക്ക് എന്നത് 45 ശതമാനമാക്കി കുറച്ചു. കണക്ക്, കെമിസ്ട്രി, ഫിസിക്സ് എന്നീ വിഷയങ്ങൾക്കെല്ലാംകൂടി 60 ശതമാനം മാർക്ക് വേണമെന്നാണ്. അതും 45 ശതമാനമാക്കിക്കുറച്ചു. ജസ്റ്റിസ് ജെയിംസ് കമ്മിറ്റിയെയും കോടതികളെയും പരിഹസിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. എൻട്രൻസ് ലിസ്റ്റിലെ പ്രവേശനത്തെ സംബന്ധിച്ചുള്ള സുപ്രീം കോടതിയുടെ നിർദ്ദേശത്തെ ഉൾപ്പെടെ മറികടക്കുന്നൊരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മാനേജ്മെന്റുകളുടെ നിബന്ധനയ്ക്ക് വഴങ്ങി സർക്കാർ പ്രവർത്തിക്കുകയാണ്. പ്രവേശന പരീക്ഷ എഴുതിയാൽ മതി, ജയിക്കണമെന്നില്ല എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന സമയത്ത് യാതൊരു മുൻകാലപരിചയവും വേണ്ടായെന്നതായിരുന്നു അവസ്ഥ. നമ്മുടെ നാട്ടിൽ കള്ള് ഷാപ്പ് ആരംഭിക്കാൻ മുൻകാല പരിചയം വേണമെന്ന് പറഞ്ഞ ഗവൺമെന്റാണ് ഇവിടെ അധികാരത്തിൽ ഇരിക്കുന്നത്. എന്നാൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ യാതൊരു മുൻപരിചയവും വേണ്ട. എന്ത് അപമാനമാണിത്? ഇത്തരമൊരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത്. നമ്മുടെ കേരളത്തിൽ വിദ്യാഭ്യാസംതന്നെ വൻകച്ചവടമായി മാറിയിരിക്കുകയാണ്. അതിൽ വൻലാഭമാണ് കിട്ടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എഞ്ചിനീയറിംഗ് ഫീസ് മൂന്നിരട്ടി വർദ്ധിപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ മെരിറ്റ് ഫീസ് 35,000 രൂപയായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ മൂന്ന് വർഷം കൊണ്ട് ഫീസ് 75,000 രൂപയാക്കി. വിദ്യാർത്ഥികൾ പഠിച്ച് പുറത്തിറങ്ങുമ്പോൾ 40 കോടി രൂപയുടെ ലാഭമാണ് മാനേജ്മെന്റിനുണ്ടാകാൻ പോകുന്നത്. ഈ നാലുവർഷംകൊണ്ട് അത് 160 കോടി രൂപയായി വർദ്ധിക്കും. ഈ നിലയിലുള്ളൊരു വിദ്യാഭ്യാസ കച്ചവടമാണ് നമ്മുടെ നാട്ടിൽ ഉയർന്നു വന്നിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും അദ്ദേഹം കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചും വീക്ഷണം പത്രത്തിലെ എഡിറ്റോറിയൽ, കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ഈജിയൻ തൊഴുത്ത് എന്നാണ് എഴുതിയിരിക്കുന്നത്. കേരള വിദ്യാഭ്യാസ രംഗത്തെ ഇതുപോലെ നശിപ്പിച്ച ഒരു കാലഘട്ടവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല കേരളത്തിന് ശാപമാണ് കേരളത്തിലെ വിദ്യാഭ്യാസവകുപ്പും അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയും എന്ന് വീക്ഷണം പത്രം മുഖപ്രസംഗം എഴുതിയത് താങ്കൾ വായിച്ചിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: പത്രം എന്റെ കയ്യിലുണ്ട്. ഞാൻ എന്റെ പ്രസംഗത്തിന്റെ അവസാനം പറയാം. കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കാവുന്ന ബിസിനസ്സായി കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ മേഖലയെ മാറ്റി. മെരിറ്റ് സീറ്റിന്റെ ഫീസ് മാനേജ്മെന്റ് സീറ്റിന്റെ ഫീസിന് തുല്യമാക്കി. വൻകൊള്ളയാണ് സർക്കാർ വിദ്യാഭ്യാസ മുതലാളിമാർക്ക് ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നത്. ഒരു കോളേജിൽ 100 സീറ്റും ഒരു സീറ്റിന് 40,000 രൂപയുമാണ്. 40,000x100= 40,00,000. നാല് വർഷംകൊണ്ട് ഒരു കോളേജിന് ഒരുകോടി അറുപത് ലക്ഷം രൂപ മിച്ചം അല്ലെങ്കിൽ കൂടുതൽ വരുമാനം. ഇങ്ങനെയാണ് കാര്യങ്ങൾ പോകുന്നത്. പ്രവേശനപരീക്ഷ പ്രഹസനമാക്കിയും യോഗ്യതാമാർക്കിൽ ഇളവുകൾ നൽകിയും മാനേജ്മെന്റിന് വർഷം 200 കോടി രൂപ സംഭാവന ചെയ്യുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ നിലയിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ മാനക്കേട് മാത്രമാണ് കഴിഞ്ഞ നാലുവർഷക്കാലമായി യു.ഡി.എഫ്. ഗവൺമെന്റ് സംഭാവന ചെയ്തുകൊണ്ടിരിക്കുന്നത്.

കാലടി സർവ്വകലാശാലയിൽ നിയമനത്തിൽ ക്രമക്കേട് നടന്നതുമായി ബന്ധപ്പെടുത്തിയിട്ടുള്ള പത്രവാർത്തകൾ പുറത്തുവന്നിട്ടുണ്ട്. കേരള സർവ്വകലാശാല ബഡ്ജറ്റ് യോഗം അടിച്ചുപിരിഞ്ഞു; കേരളത്തിന്റെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ സർവ്വകലാശാലകൾ സർവ്വ കലയുടെയും കശാപ്പുശാലകളാവുകയാണ്. കേരള വിദ്യാഭ്യാസം തകർന്ന് തരിപ്പണമാകുന്നു. കോഴിക്കോട് സർവ്വകലാശാല, അവിടെ എന്തൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത്? മന്ത്രിയുടെ നേരിട്ടുള്ള അനുഗ്രഹാശിസ്സോടു കൂടി പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖമായിട്ടുള്ള സർവ്വകലാശാലയാണ് കാലിക്കറ്റ് സർവ്വകലാശാല. അവിടെ ബി.എസ്സി നഴ്സിംഗ് പഠിച്ച് പുറത്തിറങ്ങിയ കുട്ടികൾക്ക് കൊടുത്തത് എം.ബി.ബി.എസ്. സർട്ടിഫിക്കറ്റ്. ഇങ്ങനെ ലോകത്ത് എവിടെയെങ്കിലും നടക്കുമോ? കേരളത്തിലാണ് ഇങ്ങനെയൊക്കെ നടക്കുന്നത് എന്നുള്ളത് നിങ്ങൾ ആലോചിച്ചു നോക്കണം. കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള മഹാത്ഭുതങ്ങളിൽ ഒരൽഭുതമാണിത്. ബി.കോം പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ബി.ബി.എ. സർട്ടിഫിക്കറ്റും ബി.എ. പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ബി.എസ്സി സർട്ടിഫിക്കറ്റുമാണ് കൊടുക്കുന്നത്. എന്തൊരു നാണക്കേടാണ് ഇത്? ഇതിനെ സംബന്ധിച്ചൊന്നും അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഒന്നും പറയാനില്ല. ചിലയാളുകളൊക്കെ രഹസ്യമായി പലതും പറഞ്ഞിട്ടുണ്ട്. എന്നാലും ഈ നാടിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് ഒട്ടേറെ പരിക്കുകൾ കഴിഞ്ഞ നാലുവർഷത്തിനിടയിൽ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കി എന്നാണ് എനിക്ക് പറയാനുള്ളത്. ആ ഗവൺമെന്റ് ഇത്തരം സർവ്വകലാശാലകൾ കൊണ്ടുവരുമ്പോൾ തികച്ചും സംശയിക്കത്തക്ക പല കാര്യങ്ങളുമുണ്ട്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് പ്രാക്ടിക്കൽ പരീക്ഷ തോറ്റ കുട്ടിയെ ചട്ടങ്ങൾ മറികടന്ന് പരീക്ഷ നടത്തി ജയിപ്പിച്ചു. ആ യൂണിവേഴ്സിറ്റിയിലെ പി.വി.സി. യുടെ പേഴ്സണൽ അസിസ്റ്റന്റ് എൻ. എസ്. രാമകൃഷ്ണന്റെ മകൾ സംഗീത എന്ന് പറയുന്ന കുട്ടിയെ ചട്ടങ്ങൾ മറികടന്ന് പരീക്ഷ എഴുതി വിജയിപ്പിച്ചു എന്നാണ് കേസ് വന്നിട്ടുള്ളത്. അധികാര ദുർവിനിയോഗം, വിശ്വാസ വഞ്ചന, അഴിമതി, സ്വജനപക്ഷപാതം,

ഗൂഢാലോചന എന്നിവ നടന്നുവെന്നാണ് ഇതുസംബന്ധിച്ചുള്ള തൃശ്ശൂർ വിജിലൻസ് കോടതിയുടെ നിരീക്ഷണം. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ഒരു ഉന്നതമായ സർവ്വകലാശാലയുടെ ദൈനംദിന നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഒരു കോടതിയുടെ നിരീക്ഷണം വന്നിരിക്കുകയാണ്. മാനമുണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കണം. മാനമെന്ന് പറയുന്ന സംഗതി ഇല്ലാത്തതുകൊണ്ട് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. ഇങ്ങനെയാണ് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വൻതോതിൽ ഫീസ് വർദ്ധിപ്പിച്ചു.

കോഴിക്കോട് സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ സമുന്നതനായ നേതാവ് അസിസ്റ്റന്റ് നിയമനത്തിന് കോഴ വാങ്ങുന്നത് ടി.വി.യിൽ വന്നു. അനക്കമില്ല, മറുപടിയില്ല. ഈ നിലയിൽ നമ്മുടെ കേരള സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ, വിവിധ തലങ്ങളിൽ അഴിമതി നടത്താനുള്ള വേദിയാക്കി മാറ്റിയ ആളുകൾ ഇതിനെ സംബന്ധിച്ച് എന്ത് പറഞ്ഞാലും അത് വിശ്വസിക്കാൻ കഴിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്ലസ് ടു ബാച്ച് അനുവദിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ ആക്ഷേപങ്ങളാണ് ഉണ്ടായിട്ടുള്ളത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ പ്ലസ് ടു ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടു സ്കൂളുകൾ ആരംഭിച്ചു. നമ്മുടെ നാട്ടിൽ അതേക്കുറിച്ച് ഒരാക്ഷേപവും വന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കോടതി ഇടപെടുന്നു. ആ നിലയിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ തച്ചുതകർക്കുന്ന സമീപനമാണ് കേരളത്തിന്റെ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളീയ സമൂഹത്തിലെ എല്ലാ രക്ഷിതാക്കളും അവരുടെ ദൈനംദിന ജീവിതത്തിൽ ഏറ്റവും ആശങ്കയോടുകൂടി സമീപിക്കുന്ന കാര്യമാണ് മക്കളുടെ വിദ്യാഭ്യാസം, പ്രത്യേകിച്ച് എസ്.എസ്.എൽ.സി. പഠനം. വളരെ വൈകാരികമായിട്ടാണ് ജനങ്ങൾ എസ്.എസ്.എൽ.സി. പരീക്ഷയെ കാണുന്നത്. എല്ലാ ആളുകളും ശ്രദ്ധിക്കുന്ന ഒരു വിദ്യാഭ്യാസ പ്രവർത്തനമാണ് എസ്.എസ്.എൽ.സി. പരീക്ഷ. ഐക്യകേരളം രൂപംകൊണ്ടതിനുശേഷം എസ്.എസ്.എൽ.സി. പരീക്ഷകൾ ധാരാളം നടന്നിട്ടുണ്ട്. ഈ വർഷത്തേതുപോലെ തലതിരിഞ്ഞൊരു ഫലപ്രഖ്യാപനം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൽട്ട് രണ്ടുപ്രാവശ്യം പ്രഖ്യാപിക്കുകയെന്നത് ഐക്യകേരളത്തിന്റെ ചരിത്രത്തിലെ ആദ്യസംഭവമാണ്. അത്തരമൊരു തെറ്റായ വിദ്യാഭ്യാസ പ്രവർത്തനത്തിന് നേതൃത്വം നൽകിയതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അവാർഡ് നൽകണമെന്നാണ് എന്റെ അഭിപ്രായം. നന്നായി പഠിച്ച് പരീക്ഷ എഴുതിയാണ് കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ ജയിക്കുന്നത്. നന്നായി പഠിച്ച് നല്ല നിലയിൽ വിജയിച്ച കുട്ടികളെ ഉൾപ്പെടെ ആളുകൾ സംശയത്തോടെ വീക്ഷിക്കുന്ന, അവരെ അപമാനിതരാക്കുന്ന രീതിയിലാണ് ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടന്നത്. എസ്.എസ്.എൽ.സി. റിസൽട്ട് പ്രഖ്യാപിച്ച് ചരിത്രത്തിലിടം പിടിച്ച മന്ത്രിയാണ് ഇന്ന് കേരളത്തിലുള്ളത്. പരീക്ഷയെഴുതാത്ത ആളിനും മന്ത്രിയുടെ വീട്ടിൽ പെയിന്റടിക്കാൻ പോയ ആളിനും

സ്കൂളിൽ ഉച്ചക്കഞ്ഞി വയ്ക്കാൻ പോയ ആളിനും എ പ്ലസ് ലഭിച്ചു എന്നാണ് പറയുന്നത്. ഇതുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയകളിൽ വളരെയധികം തമാശകളാണ് വന്നുകൊണ്ടിരിക്കുന്നത്. അതൊന്നും സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ വളരെ വൈകാരികമായും ഗൗരവത്തോടെയും സമീപിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ റിസൽട്ടിന്റെ കാര്യത്തിലുൾപ്പെടെ തലതിരിഞ്ഞ സമീപനം സ്വീകരിച്ച ഗവൺമെന്റാണ് ഇന്ന് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. വഴിയെ പോകുന്നവർക്കെല്ലാം എ പ്ലസ് എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം. കഷ്ടപ്പെട്ട് പഠിച്ച് ജയിച്ച കുട്ടികളെയെല്ലാം അപമാനിക്കുന്ന നടപടിയാണ് സർക്കാരിൽനിന്നുണ്ടായത്. ഇതൊന്നും നിഷേധിക്കാൻ കഴിയില്ല. ഇവിടെ പാഠപുസ്തക വിതരണം ക്രമത്തിലല്ല. ഇത് സംബന്ധിച്ച് ഇന്ന് ശ്രീ. റ്റി. വി. രാജേഷ് ഇവിടെയൊരു സബ്മിഷൻ അവതരിപ്പിച്ചു. നമ്മുടെ നാട്ടിലെ എല്ലാ കുട്ടികൾക്കും പുസ്തകം കൊടുക്കണമെങ്കിൽ രണ്ടരക്കോടി പുസ്തകങ്ങൾ വേണം. പുസ്തകങ്ങളുടെ അച്ചടി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല, കുട്ടികൾക്ക് പുസ്തകങ്ങൾ എന്ന് കൊടുക്കുമെന്ന് പറയാൻ കഴിയില്ല. കഴിഞ്ഞ വർഷം യൂണിഫോം കൊടുത്തില്ല. ഈ വർഷം പാഠപുസ്തകം അച്ചടിക്കുന്ന കാര്യത്തിൽ കെ.ബി.പി.എസ്. എന്ന പൊതുമേഖലാ സ്ഥാപനത്തെ ഒഴിവാക്കി. ആ സ്ഥാപനത്തിൽ ഇപ്പോൾ എം.ഡി. യോ ഫിനാൻസ് മാനേജരോ ആവശ്യത്തിന് ജീവനക്കാരോ ഇല്ല, പിന്നെങ്ങനെ സമയത്ത് അച്ചടിച്ച് കൊടുക്കാൻ കഴിയും? ഇവരെയെല്ലാം നിയമിച്ച് പാഠപുസ്തകം സമയബന്ധിതമായി അച്ചടിച്ച് കൊടുക്കുന്നതിനാവശ്യമായ നടപടിക്ക് നേതൃത്വം കൊടുക്കുന്നതിനുപകരം.............പ്രതിദിനം മൂന്ന് ലക്ഷം പുസ്തകങ്ങൾ അച്ചടിക്കാൻ കഴിയുന്ന ഈ സ്ഥാപനത്തിലിപ്പോൾ ഒന്നരലക്ഷം പുസ്തകങ്ങൾ മാത്രമേ അച്ചടിക്കാൻ കഴിയുന്നുള്ളൂ. രണ്ട് കോടി പുസ്തകങ്ങൾ കൊടുത്തു എന്ന് മന്ത്രി പറഞ്ഞല്ലോ, കേരളത്തിൽ എൽ.പി. ക്ലാസിൽ പഠിക്കുന്ന ഏതെങ്കിലുമൊരു കുട്ടിക്ക് എല്ലാ പുസ്തകങ്ങളും കിട്ടിയിട്ടുണ്ടോ? ഐ.ടി.യുടെ പുസ്തകം അച്ചടിച്ചിട്ടില്ല, 2, 4, 6, 8 എന്നീ ക്ലാസുകളിലെ കുട്ടികൾക്ക് പുസ്തകം ലഭ്യമായിട്ടില്ല. ഈ നിലയിലാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. നേരത്തെ ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ച വീക്ഷണം പത്രത്തിന്റെ മുഖപ്രസംഗത്തിൽ ഈ ഈഴജിയൻ തൊഴുത്ത് വൃത്തിയാക്കിയേ പറ്റൂ എന്നാണ് പറയുന്നത്. അങ്ങയുടെ രാഷ്ട്രീയ പാർട്ടിയുടെ മുഖപത്രമായ വീക്ഷണത്തിന്റെ എഡിറ്റോറിയലിൽ പറയുന്നത്, "വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും മുന്നിലെത്തിയവർ എന്നഭിമാനിക്കുന്നവരാണ് കേരളീയർ. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ പെരുമ നിലനിർത്തിപ്പോരാൻ നമുക്ക് കഴിയാറുണ്ട്. ദൗർഭാഗ്യവശാൽ ഇന്ന് ആ സ്ഥിതിക്ക് ഭംഗം വന്നുകൊണ്ടിരിക്കുന്നു. ദീർഘവീക്ഷണമില്ലാത്തതും പരസ്പര ബന്ധമില്ലാത്തതുമായ പല നടപടികളും കാരണം വിദ്യാഭ്യാസ വകുപ്പ് ആകമാനം കുത്തഴിഞ്ഞിരിക്കുകയാണ്." ഈ എഡിറ്റോറിയലിന്റെ അവസാനം പറയുന്നത്, "രാഷ്ട്രീയ ലക്ഷ്യമോ വ്യക്തി താൽപര്യങ്ങളോ മുന്നിൽവച്ചുകൊണ്ടുള്ള പ്രശ്നപരിഹാര പരിശ്രമങ്ങളാണ് വിദ്യാഭ്യാസ രംഗത്തെ ഇത്രയും കലുഷിതമാക്കുന്നതും വിവാദച്ചുഴിയിലെത്തിക്കുന്നതും. അതൊഴിവാക്കി കേരളത്തിന്റെ കാലങ്ങളായി നിലനിൽക്കുന്ന സൽപ്പേരിന് കോട്ടം തട്ടാതെ ഈ

രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവരും കൂടി പരിശ്രമിച്ച് ഈ ഈജിയൻ തൊഴുത്ത് ശുദ്ധിയാക്കാൻ കഴിയണം." കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് കേരളം ഭരിക്കുന്ന യു.ഡി.എഫ്.-ന് നേതൃത്വം കൊടുക്കുന്ന പ്രമുഖ രാഷ്ട്രീയ പാർട്ടിയായ കോൺഗ്രസിന്റെ മുഖപത്രമായ വീക്ഷണത്തിന്റെ എഡിറ്റോറിയലാണ് ഞാൻ വായിച്ചത്. ഇത് വായിച്ചാൽ അപ്പുറത്തിരിക്കുന്ന കോൺഗ്രസുകാർ ചിരിക്കും. അവർ ഒരു നടപടിയും സ്വീകരിക്കുകയില്ല. വീക്ഷണം പോലും കോൺഗ്രസുകാർ വായിക്കുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ആരെയും വ്യക്തിപരമായി ആക്ഷേപിക്കുന്നില്ല, പക്ഷേ കാണുമ്പോൾ അങ്ങനെ തോന്നും. ആ നിലയിലാണ് കാര്യങ്ങൾ പോകുന്നത്. വിദ്യാഭ്യാസരംഗത്ത് ഇന്നുവന്നിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നതിനാവശ്യമായ ശക്തമായ നടപടികളും അതിനാവശ്യമായ തീരുമാനങ്ങളുമാണ് ഉണ്ടാകേണ്ടത്. ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ കൊണ്ടുവന്നതുകൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയില്ല. ഒരു പുതിയ സ്ഥാപനം വന്നു; ഇവിടെ പലരും ആശങ്ക പ്രകടിപ്പിച്ചതുപോലെ അതും അഴിമതി നടത്താനുള്ള ഒരു വേദിയായി മാറും. സർവ്വകലാശാലയുടെ തലപ്പത്തൊരു ചെയർമാൻ, അദ്ദേഹമാണ് എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്. സർവ്വകലാശാലയുടെ തലപ്പത്തുവരുന്ന ചെയർമാന്റെ യോഗ്യത വ്യവസായി ആയിരിക്കണമെന്നതാണ്. ഏത് ലോകത്താണ് ഇങ്ങനെ നടക്കുന്നത്. ഇത്തരമൊരു സ്ഥിതിവിശേഷമാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അതിനെ ശക്തമായി എതിർക്കാതിരിക്കാൻ കഴിയില്ല. ആ നിലയിൽ കേരളത്തിൽ ഇതല്ല ഇതിനപ്പുറവും സംഭവിക്കും. നോട്ടെണ്ണുക എന്നത് ശ്രമകരമാണ് എന്നതുകൊണ്ട് അഴിമതിപ്പണം എണ്ണാൻ യന്ത്രം സ്ഥാപിച്ച അഴിമതിക്കാരനായ ധനകാര്യ വകുപ്പുമന്ത്രി ഭരിക്കുന്ന നാട്ടിൽ ഇതല്ല ഇതിനപ്പുറവും നടക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ഈ നാട്ടിലെ ജനങ്ങൾ ഈ ഗവൺമെന്റിനെ കൈകാര്യം ചെയ്യും. 27-ാം തീയതി അരുവിക്കരയിൽ നടക്കുന്ന ഉപതെരഞ്ഞെടുപ്പിൽ കേരളത്തിലെ യു.ഡി.എഫ്.-ന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയം അരുവിക്കരയിലെ ജനങ്ങൾ യു.ഡി.എഫ്.-ന് സമ്മാനിക്കും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ എല്ലാ അർത്ഥത്തിലും തകർത്ത് തരിപ്പണമാക്കിയ ഈ ഗവൺമെന്റിന്റെ ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

3.08 P.M.]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം]

ശ്രീ. കെ. അജിത്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബിൽ അവതരിപ്പിക്കാനുള്ള യാതൊരുവിധ യോഗ്യതയുമില്ലാത്ത ആളാണ് വകുപ്പുമന്ത്രി. മന്ത്രി ആള് പാവമാണ്, ഒന്നും അറിയാൻ വയ്യെന്നേയുള്ളൂ. നമ്മുടെ മഹാരഥൻമാരെല്ലാംതന്നെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ പ്രകീർത്തിച്ചുകൊണ്ടും ലക്ഷ്യമിട്ടുകൊണ്ടുമാണ് മുന്നോട്ടുവന്നിട്ടുള്ളത്. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ പറഞ്ഞ ശ്രീനാരായണ ഗുരുവും തന്റെ വിഭാഗത്തിൽനിന്ന് 10 ബി.എ. ക്കാരെ കണ്ട് മരിക്കണമെന്ന് പറഞ്ഞ അയ്യങ്കാളിയും അതുപോലെ

പണ്ഡിറ്റ് കറുപ്പനും മന്നത്ത് പത്മനാഭനുമൊക്കെ പഴയകാല ചരിത്രങ്ങളിൽ ജീവിച്ചത് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണ്ടുകൊണ്ടാണ്. ഇവിടെ ഐക്യകേരളം മുതൽ പരിശോധിച്ചാൽ വിദ്യാഭ്യാസ കാലഘട്ടത്തിലെ ഏറ്റവും കറുത്ത അധ്യായങ്ങൾ നൽകിയ നാലഞ്ച് വർഷക്കാലമാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടം. ഇവിടെ എനിക്ക് മുമ്പ് പ്രസംഗിച്ച ആളുകൾ ഒളിഞ്ഞും തെളിഞ്ഞും ഇക്കാര്യം പറയുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പിനെ പരിക്കേൽപ്പിച്ചുകൊണ്ട്, എത്രയൊക്കെ മോശമാക്കാമോ അത്രയും മോശമാക്കിക്കൊണ്ടാണ് ഇന്ന് വിദ്യാഭ്യാസ വകുപ്പ് പ്രവർത്തിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലപ്രഖ്യാപനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഈവർഷം രണ്ടുമൂന്ന് പ്രാവശ്യമായാണ് എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തിയത്. ഇത് ചരിത്രത്തിന്റെ ഭാഗമാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ കോപ്പിയടിച്ച് ജയിച്ച പല മഹാൻമാരും ഇപ്പോൾ മനസുരുകി പ്രാർത്ഥിക്കുന്നുണ്ട്, പി. കെ. അബ്ദു റബ്ബിന്റെ കാലത്ത് പരീക്ഷ എഴുതിയാൽ മതിയായിരുന്നുവെന്ന്. എന്താണ് സംഭവിക്കുന്നതെന്ന് ആർക്കും അറിയാൻ പാടില്ലാത്ത അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഈ ബില്ലിനെ സംബന്ധിച്ചുള്ള പ്രസംഗത്തിൽ ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചതുപോലെ, സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്കുവേണ്ടി സർക്കാർ ചെലവിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിലപ്പുറം യാതൊരുവിധ പ്രാധാന്യവുമിതിനില്ല. ശ്രീ. വി. ചെന്താമരാക്ഷൻ സൂചിപ്പിച്ചതുപോലെ, ഈ സർവകലാശാലയുടെ ചെയർമാൻ ഒരു വ്യവസായി ആയിരിക്കണമെന്നാണ് ശിപാർശ ചെയ്തിരിക്കുന്നത്. എങ്ങനെയാണ് ഒരു വ്യവസായിക്ക് ഇങ്ങനെയൊരു വിദ്യാഭ്യാസ സ്ഥാപനത്തെ നല്ലരീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നത്? വ്യവസായ മേഖലയിലെ ലാഭം വ്യക്തിപരമാണ്.*** തത്വത്തിൽ ഈ സർവ്വകലാശാല നിയമത്തിൽവരികയും പ്രാബല്യത്തിലെത്തുകയും ചെയ്തു. പക്ഷെ ആവശ്യമായ ജീവനക്കാരെ നിയമിക്കാനോ മറ്റ് സാങ്കേതികപരമായ കാര്യങ്ങൾ നടപ്പിലാക്കാനോ വകുപ്പിന് കഴിഞ്ഞിട്ടില്ല. കോൺഗ്രസും ലീഗും തമ്മിലുള്ള ആഭ്യന്തര തർക്കങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെ നേർവഴിക്കുള്ള പോക്ക് സുഗമമാകുന്നില്ല. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ ധാരാളം ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. ഇവിടെ പ്ലസ്ടു കോഴ്സ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കഴിഞ്ഞകാലങ്ങളിൽ പത്രമാധ്യമങ്ങളിലൂടെയും സഭയ്ക്കുള്ളിലും ആക്ഷേപമുന്നയിക്കുകയുണ്ടായി. സ്വാശ്രയ കോളേജുകളിലും പ്ലസ്ടുവിലുമുൾപ്പെടെ ആയിരക്കണക്കിന് സീറ്റുകൾ ഇന്ന് കേരളത്തിൽ ഒഴിഞ്ഞുകിടക്കുകയാണ്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുൾപ്പെടെയുള്ളവയിലൊക്കെത്തന്നെ ഉണ്ടാകുന്ന ചൂഷണത്തിന്റെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണക്കാരന്റെ മക്കൾക്ക് അവിടെ പഠിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. സംവരണാനുകൂല്യങ്ങൾ കൊടുക്കാതെ പലപ്പോഴും പീഡനത്തിന്റെ കേന്ദ്രങ്ങളായി അവ മാറിക്കൊണ്ടിരിക്കുകയാണ്. പ്ലസ്ടു ഉൾപ്പെടെയുള്ള കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആക്ഷേപം നിലനിൽക്കുകയാണ്. കോടാനുകോടി രൂപയുടെ

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാ രേഖയിൽ നിന്നും നീക്കം ചെയ്തു.

ആക്ഷേപങ്ങളാണ് പത്രമാധ്യമങ്ങളിലൂടെ വന്നിട്ടുള്ളതും ഇവിടെ പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ളതും. ഇതുമായി ബന്ധപ്പെട്ട് ഒളിഞ്ഞും തെളിഞ്ഞും ആക്ഷേപങ്ങൾ ഉണ്ടാവുകയാണ്. ഇക്കാര്യത്തിൽ ഭരണപ്രതിപക്ഷ അംഗങ്ങൾക്ക് പലപ്പോഴും ഒരേ അഭിപ്രായത്തിലെത്താൻ സാധിക്കുന്നുണ്ട്, പക്ഷെ, ഭരണപക്ഷത്തിരിക്കുന്ന ആളുകൾക്ക് അത് പൊതുവേദിയിൽ പറയാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് ആ വകുപ്പുമായി ബന്ധപ്പെട്ട് പലപ്പോഴും അഴിമതികളും പ്രശ്നങ്ങളുമുണ്ടാകുന്നുണ്ടെന്ന് അവർ സ്വകാര്യ സംഭാഷണങ്ങളിൽ പറയുന്നുണ്ട്. സാങ്കേതിക സർവ്വകലാശാലയിലെ നിയമനങ്ങളിലും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിലും തർക്കം നിലനിൽക്കുകയാണ്. ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഓർഡിനൻസുകളോ ശിപാർശകളോ ഗവർണ്ണറുടെ മുമ്പിലെത്തുകയോ തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. മറ്റ് സർവ്വകലാശാലകളിൽ ഈയടുത്ത കാലത്തുണ്ടായ നിയമനങ്ങളെന്നപോലെതന്നെ ഇവിടെയും പിൻവാതിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങളിലേയ്ക്കാണ് ഈ സർക്കാരിന്റെ പോക്ക് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സർവ്വകലാശാലയിലെ നിയമനവുമായി ബന്ധപ്പെട്ടും അതുപോലെതന്നെ വിദ്യാഭ്യാസ വകുപ്പിന്റെ ഉയർന്നതലങ്ങളിലുള്ള പോസ്റ്റുകളുമായി ബന്ധപ്പെട്ടും വലിയ ആരോപണങ്ങൾ ഉയർന്നുവരുന്നുണ്ട്. ഒരു പ്രത്യേക ജനവിഭാഗത്തിൽപ്പെട്ട ആളുകളെ മാത്രം വിദ്യാഭാസ വകുപ്പിന്റെ മേൽത്തട്ടിൽ കൊണ്ടെത്തിക്കാനുള്ള ശ്രമം, മോദി സർക്കാർ വിദ്യാഭ്യാസത്തെ കാവിവൽക്കരിക്കുന്നു എന്നുപറയുന്നതുപോലെയുള്ള ആക്ഷേപം കേരളത്തിലും നിലനിൽക്കുകയാണ്. കേരളത്തിൽ ഒരു പ്രത്യേക വിഭാഗം ആളുകളെ മാത്രം ഏറ്റവും ഉയർന്ന തലങ്ങളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് ജനങ്ങളുടെ ഇടയിൽ ചർച്ച നടക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരും വിദ്യാർത്ഥികളുമൊക്കെ ഇതുതന്നെ പറയുകയാണ്. ഇതൊരു സുതാര്യമായ രീതിയിലൂടെയല്ല പോകുന്നത്. ഇവിടെ കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിക്കുകയുണ്ടായി. സർവ്വകലാശാലകൾ മുഴുവൻ ഇന്ന് സംഘർഷഭരിതമായ സാഹചര്യത്തിലേയ്ക്ക് നീങ്ങുന്നത് ഈ വകുപ്പിന്റെ പോക്ക് നേരായ വഴിയിലൂടെയല്ലാത്തതുകൊണ്ടാണ്. വകുപ്പ് ദുർബലമായിപ്പോകുകയും അദ്ധ്യാപകരെയും ജീവനക്കാരെയും മേധാവികളെയും നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് എത്തുകയും ചെയ്തു. ഓരോരുത്തരും അവരവരുടെ ഇഷ്ടപ്രകാരം ഓരോ തീരുമാനങ്ങൾ എടുക്കുന്നു. വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന്റെ താളം തെറ്റുകയും അത് അർഹതപ്പെട്ടവർക്ക് നൽകാതിരിക്കുകയും കൃത്യസമയത്ത് പരീക്ഷ നടത്താതിരിക്കുകയും ചെയ്യുന്നതു കൊണ്ട് നമ്മുടെ വിദ്യാർത്ഥികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ സർവ്വകലാശാലകളിൽ വൈസ്-ചാൻസിലറെ നിയമിക്കുന്നത് ഓരോ ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലാണ്. അവരുടെ ക്വാളിറ്റി പരിശോധിക്കപ്പെടുന്നില്ല. അവർ അവിടെ എന്താണ് കാട്ടിക്കൂട്ടുന്നതെന്ന് പരിശോധിക്കുന്നില്ല. അതുപോലെയുള്ള നിരവധി വിഷയങ്ങൾ ഈ സർവ്വകലാശാല നിയമനവുമായി ബന്ധപ്പെട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് വലിയ സംഭാവനകൾ ചെയ്യാൻ കഴിയുന്നവയാണ് സർവ്വകലാശാലകൾ. ഗുണനിലവാരമുള്ള ഒരു വലിയ സംസ്കാരം

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ മുമ്പുണ്ടായിരുന്നവെങ്കിൽ ഇന്ന് അത് പുനഃപരിശോധി ക്കേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസം നേടുന്ന ആളുകളെ കുറിച്ചിവിടെ സൂചിപ്പിച്ചു. വളരെയധികം കഠിനാധ്വാനം ചെയ്ത് രാത്രി ഉറക്കമൊഴിഞ്ഞിരുന്ന് പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ വിദ്യാർത്ഥികളെ പൊതുസമൂഹം ഇന്ന് സംശയദൃഷ്ടിയോടെ കാണുന്ന ഒരു സാഹചര്യം ഉണ്ടായത് ഈ വകുപ്പ് ഉണ്ടാക്കിവച്ച വിനയാണ്. അതുപോലെതന്നെയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിലെയും അവസ്ഥ. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരമുള്ള ആളുകളെ സൃഷ്ടിക്കാൻ നമുക്ക് പലപ്പോഴും സാധിക്കുന്നില്ല. കാരണം, ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ ക്വാളിറ്റി ഇല്ലാത്ത ആളുകളുടെ ശിക്ഷണം അവിടെ ഉണ്ടാവുകയാണ്. അന്യസംസ്ഥാനങ്ങളിലാണെങ്കിലും ഇവിടെയാണെങ്കിലും പിൻവാതിലിലൂടെ കയറിപ്പറ്റിയ ചില ആളുകളാണ് വിദ്യാഭ്യാസമേഖല കൈകാര്യം ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഗുണനിലവാരമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ പലപ്പോഴും കഴിയാതെപോകുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളും നിരവധി ആക്ഷേപ ങ്ങളുന്നയിച്ചിട്ടുണ്ട്, നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ ഇതൊന്നും ഒരു ചർച്ചയ്ക്കുപോലുമെടുക്കാതെ ഈ വിഷയങ്ങളിൽ ഒരു രമ്യതയിലെത്താതെ വകുപ്പ് ഏകാധിപത്യപരമായ രീതിയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങളുണ്ടാകുമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. കേരളത്തിലിപ്പോൾ നടന്നുവരുന്ന, വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നമുക്ക് പറയാൻ കഴിയാത്ത തരത്തിലുള്ള നാശത്തിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ശ്രീ. ഇ. വി. ശ്രീധരനെ പോലെയുള്ള, കേരളത്തിന് വലിയ സംഭാവനകൾ നൽകിയ നിരവധി ആളുകളെ സൃഷ്ടിക്കാൻ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ വിദ്യാസമ്പന്നരായ വളരെയധികം ആളുകളെ സൃഷ്ടിക്കാൻ കഴിയുന്ന നമ്മുടെ സർക്കാർ കോളേജുകൾ ഇന്ന് ആ മേഖലയിൽ കൂടുതൽ ശ്രദ്ധചെലുത്തുന്നു. ഇവിടെയുണ്ടാകുന്ന പ്രശ്നങ്ങൾ കാണുമ്പോൾ, സ്വാശ്രയ കോളേജുകളുടെ ചൊൽപ്പടിക്ക് നിൽക്കുന്നതിനും അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും മാർക്ക് കുറഞ്ഞ ആളുകൾക്ക് സംരക്ഷണം നൽകുന്നതിനുമുള്ള നടപടിക്രമങ്ങളിലേയ്ക്കാണ് ഈ പുതിയ സർവ്വകലാശാലയുടെ പോക്ക് എന്ന സംശയമുണ്ടാകുന്നു. പണം കൊടുത്ത് വിദ്യാഭ്യാസം വാങ്ങുവാനും അതിലൂടെ ഗുണനിലവാരമില്ലാത്ത ആളുകളെ ഉന്നതസ്ഥാനങ്ങളിലെത്തിക്കുവാനും ഇതുപോലെയുള്ള സ്ഥാപനങ്ങളിലൂടെ കഴിയുമെന്ന് ഇതിനുമുമ്പും തെളിയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതുപോലെയുള്ള ബിൽ അവതരിപ്പിക്കുമ്പോൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുള്ള വിദഗ്ധരുമായി ഒരു പൊതുചർച്ച ഉണ്ടാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. തീർച്ചയായും ഈ ബില്ലിനെ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയാനാണ് ഉദ്ദേശിക്കുന്നത്. ഇന്ന് ഒരു പുതിയ കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയും നാനോ ടെക്നോളജിയും സ്പേസ് ടെക്നോളജിയുമൊക്കെ വളരെയേറെ വികാസം

പ്രാപിച്ച ഒരു കാലഘട്ടമാണിത്. ഓരോ കാലഘട്ടത്തിനും അനുയോജ്യമായിട്ടുള്ള നിയമനിർമ്മാണങ്ങളും നടപടികളും ആവശ്യമാണെന്ന് എല്ലാവർക്കും അറിവുള്ള കാര്യമാണ്. ഈ കാലഘട്ടത്തിൽ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല എന്ന സങ്കൽപ്പം ഏറ്റവും അനുയോജ്യമായ ഒന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു സർവ്വകലാശാല രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ബിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ശാസ്ത്ര-സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന കലാലയങ്ങളെ അഫിലിയേറ്റ് ചെയ്ത് ഗവേഷണം നടത്തുന്നതിനും നമ്മുടെ കുട്ടികൾക്ക് ലോകനിലവാരത്തിലുള്ള പഠനം ലഭിക്കുന്ന തിനുമാവശ്യമായിട്ടുള്ള ഏറ്റവും നല്ല, കാലോചിതമായ സംരംഭമാണ് ഈ സർവ്വകലാശാല. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പല വിമർശനങ്ങൾക്കുമുള്ള മറുപടി ഈ ബില്ലിൽത്തന്നെയുണ്ട് എന്നാണ് ഞാൻ കരുതുന്നത്. ഉദാഹരണമായി സർവകലാശാലയിലെ നിയമനങ്ങൾ മുഴുവൻ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നൊരഭിപ്രായം ഇവിടെ ഉയർന്നുവരികയുണ്ടായി. നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നത് നല്ലകാര്യമാണ്. കമ്മ്യൂണൽ റിസർവേഷനും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുമുള്ള പ്രൊവിഷൻ ഈ ബില്ലിൽത്തന്നെയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതുപോലെതന്നെ സെൽഫ് ഫിനാൻസിംഗ് കോളേജിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേസ്കെയിൽ സംബന്ധിച്ച് പറഞ്ഞു, അത് ഫിക്സ് ചെയ്തിട്ടുള്ള കാര്യമാണ്. കുസാറ്റ് (Cochin University of Science and Technology) നിലവിലുള്ളതുകൊണ്ട് ഇപ്പോൾ ഈ സർവ്വകലാശാല ആവശ്യമുള്ളതാണോ എന്ന ചോദ്യംതന്നെ അപ്രസക്തമാണ്. നേരത്തെ പലരും ചൂണ്ടിക്കാണിച്ചതുപോലെ വളരെയേറെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു സാമ്പത്തിക ശക്തിയാണ് ഇന്ത്യ. യൂണിവേഴ്സിറ്റി എന്നതിനെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. ജി. സുധാകരൻ അതൊരു യൂണിവേഴ്സലായിട്ടുള്ള കാര്യമാണ് എന്ന് പറഞ്ഞതിനോട് ഞാനും യോജിക്കുകയാണ്. വളരെ പ്രധാനപ്പെട്ട, അതിനൂതനമായ പല സാങ്കേതിക വിദ്യകളും പഠിക്കേണ്ടതാവശ്യമാണ്. ശ്രീ. ജി. സുധാകരൻ സംസാരിച്ചപ്പോൾ സി.എച്ച്.-ന്റെയും മുണ്ടശ്ശേരിയുടെയുമൊക്കെ കാലഘട്ടത്തെക്കുറിച്ച് പറഞ്ഞു. അതൊക്കെ ശരിയായിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. സി.എച്ച്.-ന്റെ കാലഘട്ടമൊന്നു വേറെയാണ്, മുണ്ടശ്ശേരിയുടെ കാലഘട്ടവും വേറെയാണ്. ഓരോ കാലഘട്ടത്തിനും വ്യത്യാസമുണ്ട്. അതിനനുസരിച്ചുള്ള പരിഷ്കാരങ്ങളാണ് ഓരോ ഘട്ടത്തിലും വരുന്നത്. അതിനുമുമ്പ് ചാക്കീരി അഹമ്മദ്കുട്ടി സാഹിബ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നത് ഇവിടെ എൽ.പി. സ്കൂളുകൾപോലും ഇല്ലാതിരുന്ന കാലത്താണ്. അന്ന് ശാസ്ത്രസാങ്കേതിക സർവ്വകലാശാല അല്ലായിരുന്നു പ്രശ്നം. അന്ന് ഗ്രാമപ്രദേശങ്ങളിലെ ദരിദ്രരായിട്ടുള്ള കുട്ടികൾക്ക് പഠിക്കാൻവേണ്ടിയിട്ടുള്ള സ്കൂളുകളായിരുന്നു ആവശ്യം. പിന്നീട് ഹൈസ്കൂളുകൾ ആവശ്യമുള്ള കാലഘട്ടത്തിൽ അതാത് കാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരും ഇടത്, വലത് വ്യത്യാസമില്ലാതെ ഗവൺമെന്റുകളും അതാത്

കാലഘട്ടത്തിന്റെ ആവശ്യങ്ങളാണ് നിർവ്വഹിച്ചത്. അതുകൊണ്ട് ഇപ്പോൾ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ കാര്യം പറയുമ്പോൾ പണ്ട് ഇങ്ങനെയായിരുന്നോ എന്നു ചോദിച്ചാൽ എനിക്ക് ചോദിക്കാനുള്ളത്, ഇ.എം.എസ്-നെപ്പോലെയും കൃഷ്ണപിള്ളയെപ്പോലെയും ജീവിക്കാൻ ഇന്നത്തെ സഖാക്കൾക്ക് കഴിയുമോ എന്നാണ്. രാഷ്ട്രീയ രംഗത്തും മനുഷ്യജീവിതത്തിന്റെ സർവ്വ മേഖലകളിലും വളരെയധികം മാറ്റങ്ങൾക്ക് വിധേയമായൊരു കാലഘട്ടമാണിത്. ഗ്രഹാംബെൽ ആണ് ടെലഫോൺ കണ്ടുപിടിച്ചത്. ഗ്രഹാംബെലിന്റെ കാലഘട്ടത്തിലെ ടെക്നോളജിയാണോ ഇന്ന് ടെലഫോണിന്റെ കാര്യത്തിൽ ലോകത്ത് അപ്ലൈ ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. ടെക്നോളജി മാറിവരികയാണ്. ഇന്ത്യാരാജ്യമെന്നു പറയുന്നത് 25 കോടി ആളുകൾക്ക് ഇന്റർനെറ്റ് കണക്ഷനും 75 കോടി ആളുകൾക്ക് മൊബൈൽ കണക്ഷനുമുള്ളൊരു രാജ്യമാണ്. മൊബൈലും ഇന്റർനെറ്റും ഇത്രയേറെ ഉപയോഗിച്ചിരുന്നൊരു കാലം മുമ്പുണ്ടായിട്ടുണ്ടോ? വളരെ മുമ്പ്, അതായത് സി.എച്ച്-ന്റെ കാലഘട്ടത്തിൽ ചാനലുകളുണ്ടായിരുന്നില്ല. ഇന്ന് ഏതുകാര്യവും ചാനലുകളിൽ വരുന്നു. ഇൻഫർമേഷൻ ടെക്നോളജിയിലും കമ്മ്യൂണിക്കേഷൻ മേഖലയിലും ഉണ്ടായിട്ടുള്ള അൺപ്രീസിഡന്റഡായിട്ടുള്ള വളർച്ചകൊണ്ടാണ് ഈ മാറ്റങ്ങൾ ലോകത്ത് സംഭവിച്ചത് എന്ന് എല്ലാവർക്കും അറിയാം. ആ വളർച്ചയ്ക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ മാറ്റേണ്ടതും നമ്മുടെ ചെറുപ്പക്കാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കേണ്ടതും നല്ല എഞ്ചിനീയർമാരെ സൃഷ്ടിക്കേണ്ടതും ആവശ്യമാണെന്നുള്ളത് സംശയാതീതമായ സംഗതിയാണ്. ഇപ്പോൾ ആധുനികലോകം യുദ്ധത്തിന്റെ കാലഘട്ടത്തിലാണ് ജീവിക്കുന്നത്. ധാരാളം യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മാനവരാശിയുടെ അയ്യായിരം വർഷത്തെ ചരിത്രത്തിൽ മൂവായിരം യുദ്ധങ്ങളെങ്കിലും നടന്നിട്ടുണ്ടാകുമെന്നാണ് പറയപ്പെടുന്നത്. യുദ്ധങ്ങളും ആഭ്യന്തര കലഹങ്ങളുമൊക്കെ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും ആധുനികമായ ആയുധങ്ങളുടെ നിർമ്മാണം ഒരു വലിയ വ്യവസായമായി മാറിയതുകൊണ്ട് അമേരിക്ക പോലുള്ള സാമ്രാജ്യത്വശക്തികളും അതിവികസിത രാഷ്ട്രങ്ങളും ആയുധങ്ങളുണ്ടാക്കി ബിസിനസ് നടത്തി ലാഭംകൊയ്യുന്നൊരു കാലമാണിത്. അതൊരു വലിയ ഇൻഡസ്ട്രിയാണ്. ആ ഇൻഡസ്ട്രി നിലനിൽക്കുന്നതിനുവേണ്ടി യുദ്ധമുണ്ടാക്കുന്നു. യുദ്ധമുണ്ടാക്കുന്നതിനു വേണ്ടി ഇൻഡസ്ട്രി ശ്രമിക്കുന്നു. ഇങ്ങനെ ഇതുരണ്ടും പരസ്പര പൂരകമായി മുന്നോട്ടു പൊയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ മംഗൾയാൻ, ചാന്ദ്രദൗത്യം, ചൊവ്വാദൗത്യം ഇവയൊക്കെ ഈ കാലഘട്ടത്തിൽ ഇന്ത്യ നടത്തി. ഇതൊക്കെ മുൻകാലത്ത് നമുക്ക് ഊഹിക്കാൻപോലും കഴിയാത്ത കാര്യങ്ങളാണ്. ചൊവ്വാദൗത്യമൊക്കെ ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കുന്ന തരത്തിൽ വളർച്ച പ്രാപിച്ച രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞു. ഈ മാറ്റങ്ങളെയൊന്നും നമുക്ക് നിരാകരിക്കാൻ കഴിയില്ല. ശാസ്ത്ര-സാങ്കേതിക മേഖലയിലുണ്ടായ വികാസവും വിദ്യാഭ്യാസപരമായ ഉയർച്ചയും സാമ്പത്തികമായ വളർച്ചയും പുതിയ മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ള ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾ ഇങ്ങനെ ആയാൽപോരാ. നിയമസഭാ സാമാജികരായിട്ടുള്ള നമ്മളെല്ലാവരുംതന്നെ നമ്മുടെ ലോകത്ത് ഇന്ന്

വന്നിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് ഉയർന്നുവോ എന്ന് എനിക്ക് സംശയമുണ്ട്. ഉയർന്നവരുണ്ടാകാം, ഞാൻ ഏതായാലും അത്രകണ്ട് ഉയർന്നവനല്ല. ആധുനിക കാലഘട്ടത്തിലെ ശാസ്ത്ര-സാങ്കേതിക കാര്യങ്ങളെക്കുറിച്ച് അറിയാനോ പറയാനോ മനസ്സിലാക്കാനോ പ്രാപ്തിയുള്ളൊരാളാണ് ഞാനെന്ന് ഞാൻ കരുതുന്നില്ല. വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ആ വിഷയവുമായി ബന്ധപ്പെട്ട് എനിക്കറിവുള്ളൂ. പുതിയ കാലഘട്ടത്തിൽ നമ്മുടെ മക്കൾ എത്തിച്ചേർന്ന വിതാനത്തിലേയ്ക്ക്, അവർക്കുള്ള അറിവിന്റെ തലത്തിലേയ്ക്കൊന്നും എത്തിച്ചേരാൻ സാധിക്കാത്ത തലമുറയിൽപ്പെട്ടവരാണ് നമ്മളിൽ ഭൂരിപക്ഷവും. അതുകൊണ്ട്, ഈ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന് പറഞ്ഞ് നമ്മുടെ മുമ്പിൽവരുമ്പോൾ എന്തെങ്കിലും രാഷ്ട്രീയ കാരണങ്ങളോ മറ്റേതെങ്കിലും കാരണങ്ങളോ പറഞ്ഞ് ഒറ്റയടിക്ക് നിരാകരിക്കപ്പെടാവുന്ന ഒന്നല്ല അത്. ഒരുപക്ഷെ കുറച്ചുകൂടി മുമ്പുതന്നെ വരേണ്ടിയിരുന്ന ഒരു സംഗതിയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. മഹാത്മാഗാന്ധി ജീവിച്ചിരുന്നകാലത്ത് രാമരാജ്യം എന്ന സങ്കൽപമാണ് ഗാന്ധിജിക്കുണ്ടായിരുന്നതെങ്കിൽ നെഹ്റുവിന്റെ കാലം വന്നപ്പോൾ അത് ക്ഷേമരാജ്യമായി. ആ കാലഘട്ടത്തിലെ സങ്കൽപമനുസരിച്ചല്ല ഇപ്പോൾ ചെയ്യേണ്ടത്. അറിവിന്റെ രംഗത്തുണ്ടായിട്ടുള്ള വമ്പിച്ച മാറ്റങ്ങൾ നിസ്സാരമല്ല. ആ മാറ്റങ്ങൾക്കനുസരിച്ച് പ്രാപ്തിയുള്ള ചെറുപ്പക്കാരെ സൃഷ്ടിക്കേണ്ടതാണ്. ലോകത്തെവിടെ പോയാലും വിജയിച്ചുവരുന്നവരായി, നമ്മുടെ സിലബസിനൊക്കെ അതീതമായി ചിന്തിക്കാൻ പ്രാപ്തിയുള്ള, പല പുതിയ കാര്യങ്ങളും കണ്ടുപിടിക്കാൻ കഴിയുന്ന എത്രയോ ചെറുപ്പക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പലരും അന്യസംസ്ഥാനങ്ങളിൽപ്പോയി പഠിക്കുന്ന ഒരു സാഹചര്യം വരുന്നു. ഇപ്പോൾ പഞ്ചാബിൽ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുണ്ട്, ഹൈദ്രാബാദിൽ ജവഹർലാൽ നെഹ്റുവിന്റെ പേരിൽ ഒരു സാങ്കേതിക സർവ്വകലാശാലയുണ്ട്. ശാസ്ത്രസാങ്കേതിക മേഖലകളിൽ മാനേജ്മെന്റുൾപ്പെടും, കാർഷിക കാര്യങ്ങളുൾപ്പെടും. ആധുനിക ലോകത്തെല്ലാം പുതിയപുതിയ ടെക്നോളജി വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. റൈറ്റ് സഹോദരന്മാർ കണ്ടുപിടിച്ച വിമാനത്തിന്റെ എയറോനോട്ടിക്സാണോ ഇന്ന് പഠിപ്പിക്കുന്നത്? കാലംമാറി. നമുക്ക് നല്ല വിമാനങ്ങൾ വേണം, നല്ല കപ്പലുകൾ വേണം, ചിലപ്പോൾ രാജ്യത്തിന് നല്ല വാർഹെഡഡ് വെപ്പൺസ്, ബാലിസ്റ്റിക് മിസൈലുകൾ, ക്രൂയിസ് മിസൈലുകൾ, സ്കഡ് മിസൈലുകൾ ഒക്കെ വേണ്ടിവരും. മിലിട്ടറി ആവശ്യങ്ങളുണ്ട്. അതുപോലെ ജനങ്ങളുടെ പലപല ആവശ്യങ്ങളുണ്ട്. വളരെ വലിയ സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളൊരു മേഖലയായി കാർഷിക മേഖല മാറിയിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശാസ്ത്രത്തിനുണ്ടായിട്ടുള്ള സ്വാധീനം നിസ്സാരമല്ല. മുമ്പുള്ള ആളുകൾക്ക് ജീവിക്കാൻ ഇത്രയധികം സാധനങ്ങളുടെ ആവശ്യമില്ലായിരുന്നു. രാവിലെ എഴുന്നേറ്റ് വീടിനടുത്തുള്ള കുളത്തിൽപ്പോയി ഒന്നുമുങ്ങിക്കയറിയാൽ അവന് പുറത്തിറങ്ങാനുള്ള പാകമായി. ഇന്ന് നമ്മുടെ ബാത്ത്റൂമുകളിൽ എത്രയെത്ര സാധനങ്ങളാണ് നിരത്തിവച്ചിട്ടുള്ളത്. ഒരാൾ രാവിലെ പല്ലു തേയ്ക്കുന്നതു മുതൽ കുളിക്കുന്നതുവരെ എത്രയെത്ര സാധങ്ങളുടെ, യന്ത്ര സജ്ജീകരണങ്ങളുടെ സഹായമാണ് ആവശ്യമുള്ളത്. പുറത്തുപോകുന്നത് ചിലപ്പോൾ

ഏറ്റവും ആധുനികമായ കാറിലായിരിക്കും. ഒരു മനുഷ്യൻ പ്രഭാതംമുതൽ പ്രദോഷം വരെ ഏതെല്ലാം സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ജീവിക്കുന്നത്. അങ്ങനെയുള്ളൊരു കാലഘട്ടത്തിൽ മികച്ച സാങ്കേതിക നിലവാരമുള്ള, ആധുനിക ശാസ്ത്രത്തെ പ്രയോജനപ്പെടുത്തി ഉണ്ടാക്കിയിട്ടുള്ള കാര്യങ്ങളൊക്കെ ചെയ്യണമെങ്കിൽ അതിനാവശ്യമായിട്ടുള്ള എഞ്ചിനീയർമാരും വിദഗ്ധന്മാരും ആവശ്യമാണ്. അതിനർത്ഥം പണ്ടുകാലത്ത് എല്ലാം മോശമായിരുന്നുവെന്നല്ല. പണ്ടുകാലത്തും കാലോചിതമായ സംഗതികളുണ്ടായിരുന്നു. മധുരമീനാക്ഷി ക്ഷേത്രത്തിൽ മുട്ടിയാൽ സംഗീതം മുഴങ്ങുന്ന തൂണുണ്ട്. അത് എത്ര നല്ല, അതിശയകരമായ ആർകിടെക്ചറാണ്! കരിങ്കല്ലുകൊണ്ട് മൂന്നോ നാലോ തൂണുകൾ പല വലിപ്പത്തിലും പല അളവുകളിലും സ്ഥാപിച്ചിട്ട് ആ തൂണുകളിൽ മുട്ടിയാൽ അതിൽ നിന്ന് സംഗീതം കേൾപ്പിക്കുന്ന ആർകിടെക്ച്ചർ ആ കാലത്തുണ്ടായിരുന്നു. പുതിയ ടെക്നോളജിയിലുള്ള ഒരു സിവിൽ എഞ്ചിനീയർക്ക് ഒരുപക്ഷെ ഇങ്ങനെയൊരു തൂണുണ്ടാക്കാൻ സാധിക്കണമെന്നില്ല. അപ്പോൾ പഴയകാലത്തും പല പുതുമകളുണ്ടായിരുന്നു. മികച്ച സാങ്കേതിക വിദ്യയും ശില്പകലയുമൊക്കെ പഴയകാലത്തുമുണ്ടായിരുന്നു. പക്ഷെ ആധുനിക കാലഘട്ടത്തിന് ആവശ്യമായ തരത്തിലുള്ള വൈദഗ്ധ്യം എഞ്ചിനീയറിംഗിൽ ആർജിക്കേണ്ടത് നമ്മുടെ കുട്ടികൾക്കാവശ്യമാണ്. കുട്ടികൾ മെഡിക്കൽ സയൻസിൽ എന്തുപഠിക്കണം, എഞ്ചിനീയറിംഗിൽ എന്തു പഠിക്കണം, മറ്റൊരു കോഴ്സിൽ എന്തുപഠിക്കണമെന്ന് ഗവൺമെന്റ് നേരത്തെ തീരുമാനിച്ച് ഒരു സിലബസ് തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ആ സിലബസ്സനുസരിച്ച് പഠിച്ചൊരാൾ പരീക്ഷയ്ക്കുവരുമ്പോൾ അയാളോട് എന്ത് ചോദ്യം ചോദിക്കണമെന്നും ആ ചോദ്യത്തിന് എന്ത് ഉത്തരമെഴുതണമെന്നും നേരത്തെ തീരുമാനിച്ചിരിക്കുകയാണ്. പിന്നെ അവനവിടെ പ്രത്യേകിച്ച് ജോലിയൊന്നുമില്ല. പക്ഷെ ഇന്നത്തെ കാലഘട്ടത്തിൽ, പഠിക്കുന്നവർ സ്വന്തമായി പുതിയ ഉത്തരമെഴുതാനും പുതിയ ചോദ്യങ്ങൾ ചോദിക്കാനും സാധിക്കുന്നവരാണ്. വാസ്തവത്തിൽ ചോദ്യം തയ്യാറാക്കുന്നവർക്കും സിലബസ് തയ്യാറാക്കുന്നവർക്കും ഉത്തരം ഇന്നതായിരിക്കണമെന്ന് തീരുമാനിക്കുന്നവർക്കും അറിയാത്ത എത്രയോ മഹത്തായ കാര്യങ്ങളും പുതിയ കാര്യങ്ങളും അറിയുന്നവരാണ് പഠിക്കുന്നവർ എന്നുവരുമ്പോൾ ആ കുട്ടികളുടെ പുതിയ ഉത്തരങ്ങളിൽനിന്നുതന്നെ പുതിയ ടെക്നോളജി ഉയർന്നുവരുന്ന സാഹചര്യമുണ്ടാകും. അങ്ങനെയുണ്ടായിട്ടുണ്ട്. ഐസക് ന്യൂട്ടൺ അങ്ങനെയായിരുന്നില്ലേ; പൈഥഗോറസിന്റെ ഗണിതശാസ്ത്രത്തിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള വൈഭവമൊക്കെ അങ്ങനെയല്ലേ ഉണ്ടായത്? അത് ആ കാലഘട്ടത്തിലെ ഒരു സിലബസോ അന്നത്തെ പാഠ്യ രീതികളോ അനുസരിച്ച് അച്ചടക്കത്തോടുകൂടി പഠിച്ചത് ഓർമ്മയിൽനിന്ന് എടുത്തെഴുതിയതല്ല. അതിനപ്പുറം ചിന്തിക്കുവാനുള്ള വൈഭവം അവർ പ്രകടിപ്പിച്ചതുകൊണ്ടും അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരുന്നതുകൊണ്ടുമാണ് അങ്ങനെയുള്ള നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്. നമ്മുടെ ഭാവനയ്ക്ക് അതീതമായ, നമ്മുടെ ഭാവനയിൽ ഒതുങ്ങാത്ത പുതിയ

പല കാര്യങ്ങളും വരും. മനുഷ്യന്റെ അറിവ് വളരെ പരിമിതമാണ്. നമുക്ക് ഈ പ്രപഞ്ചത്തെക്കുറിച്ച് എന്തെങ്കിലും അറിയുമോ? നമ്മുടെ സൗരയൂഥത്തെക്കുറിച്ചും അതിലുള്ള ഗ്രഹങ്ങളെക്കുറിച്ചുമുള്ള നമ്മുടെ അറിവുകൾ വളരെ പരിമിതമാണ്. ലോകത്തിലെ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രങ്ങളും പ്രധാനപ്പെട്ട എല്ലാ ശാസ്ത്രജ്ഞരും ചേർന്ന് അവരുടെ കഴിവുകളും എല്ലാ രാഷ്ട്രങ്ങളുടെ സമ്പത്തും വിനിയോഗിച്ച് യൂറാനസിനെയും നെപ്റ്റ്യൂണിനെയുംക്കുറിച്ച് പഠിക്കാൻ വിക്ഷേപിച്ച ഒരു പ്രകാശ വേഗതയിൽ സഞ്ചരിക്കുന്ന വോയേജർ-2 എന്ന ഉപഗ്രഹം എത്രയോ വർഷം സഞ്ചരിച്ച് അവിടെ എത്തിക്കഴിഞ്ഞിട്ട് യൂറാനസിൽ നിന്നും കണ്ടുപിടിച്ചത് എന്താണ്? അതിന്റെ മധ്യഭാഗത്ത് കറുപ്പ് നിറമാണെന്നും അതിന് ചുവപ്പ് വലയമുണ്ടെന്നുമാണ്. ആ വലയം എന്താണെന്നോ കറുപ്പ് നിറം എന്താണെന്നോ ഇതുവരെയും വിശദീകരിക്കപ്പെട്ടിട്ടില്ല. നമുക്ക് നമ്മുടെ ഭൂമിയെക്കുറിച്ചുപോലും ശരിക്ക് അറിയില്ല. നമ്മുടെ ശരീരത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അറിയില്ല. നമ്മുടെ നോളജ് വളരെ കുറവാണ്. Knowledge is different from knowing. നോളജ് എന്നത് കടം വാങ്ങിയിട്ടുള്ളതാണ്. Knowing എന്നത് അവനവന്റെ എക്സ്പീരിയൻസ് ആണ്. മറ്റുള്ളവരുടെ എക്സ്പീരിയൻസാണ് Knowledge. Knowing is our own experience. അങ്ങനെ സ്വന്തമായിട്ടുള്ള അനുഭവം ആർജ്ജിക്കുവാൻ സാധിക്കുന്ന നല്ല ചെറുപ്പക്കാരെ സൃഷ്ടിക്കുവാൻ ഇതുപോലുള്ള സാങ്കേതിക മേഖലയിലും ശാസ്ത്രമേഖലയിലുമുള്ള ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും അതിന് പ്രോത്സാഹജനകമായ പഠനങ്ങളും അത്യന്താപേക്ഷിതമായതുകൊണ്ട് ഇത്തരം കോളേജ് ആവശ്യമാണ്. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിൽ സ്വാശ്രയക്കാർക്ക് സ്വാധീനമുണ്ടാകുമോ എന്നൊക്കെ ചിന്തിക്കുന്നതിൽ തെറ്റില്ല, പക്ഷെ അതുവച്ച് ഇത് നിരാകരിക്കുന്നതിൽ അർത്ഥമില്ല എന്നാണ് ഞാൻ പറയുന്നത്. ശാസ്ത്രസാങ്കേതിക സർവ്വകലാശാല വരുമ്പോൾ അധികവും സ്വാശ്രയ സർവ്വകലാശാലകളാവുമല്ലോ അഫിലിയേറ്റ് ചെയ്യുക. അപ്പോൾ ഈ സർവ്വകലാശാല തന്നെ സ്വകാര്യ മുതലാളിമാരുടേത് ആകുമോ എന്നുള്ള ആശങ്ക; അതുപോലെ തന്നെ ലോക ബാങ്കിൽനിന്ന് പണം കിട്ടാനുള്ള സാധ്യതയുണ്ട്; അങ്ങനെ പണം കിട്ടുമ്പോൾ ലോകബാങ്ക് പല വ്യവസ്ഥകളും ഇൻട്രൊഡ്യൂസ് ചെയ്തുകഴിഞ്ഞാൽ ഈ സർവ്വകലാശാലതന്നെ ലോകബാങ്കിന് വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനമായി തീരുകയില്ലേ എന്ന ആശങ്ക; ഇതൊക്കെ നല്ലതാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ ഒരു സർക്കാരിനുമാത്രം ഇത്രയും വലിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് എന്നുപറയുന്നതിന് ചില പരിമിതികളുണ്ട്. ആ ഗവൺമെന്റിന്റെ പരിമിതികൾ നമ്മുടെ വികസന പ്രവർത്തനങ്ങളിലൊക്കെ കാണാൻ സാധിക്കും. അതുകൊണ്ടാണ് പാർട്ടിസിപ്പേഷനുവേണ്ടി സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടി

വരുന്നത്. ഗവൺമെന്റിനുമാത്രമായി ഈ രാജ്യത്തെ കുട്ടികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാക്കാനും അവ നടത്തിക്കൊണ്ടുപോകാനും സാധിക്കില്ല. അതിനുള്ള സാമ്പത്തികശേഷി ഇല്ല. അതുകൊണ്ട് ഗവൺമെന്റിന് സ്വകാര്യമേഖലയുടെ സഹായം ആവശ്യമായി വരും. അത് എല്ലാവർക്കും അറിയാവുന്നതും എല്ലാവരും അംഗീകരിച്ചിട്ടുള്ളതുമായ കാര്യമാണ്. നേരത്തെ സി.എച്ച്.-നെയും മുണ്ടശ്ശേരിയേയും കുറിച്ച് പറഞ്ഞു. പൊതുമേഖലയെക്കുറിച്ച് പറയുമ്പോൾ, എന്റെ സ്നേഹിതൻ ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നു. ശ്രീ. ബേബിയുടെ കാലത്ത് പൊതുമേഖലയിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിഷ്കാരങ്ങളുമുണ്ടായോ? എന്റെ അറിവ് ശരിയാണെങ്കിൽ ആലപ്പുഴയിലോ മറ്റോ ഒരു ഗവൺമെന്റ് കോളേജ് വന്നിട്ടുണ്ടെന്നല്ലാതെ പ്രത്യേകിച്ചൊന്നും പബ്ലിക് സെക്ടറിൽ നടന്നതായി എനിക്ക് ഓർമ്മയില്ല, Subject to correction. ആര് ശ്രമിച്ചാലും അത് നടക്കാത്ത ഒരു സാഹചര്യമാണ്. ഭൗതിക സാഹചര്യവും കാലഘട്ടത്തിന്റെ ആവശ്യവുമനുസരിച്ചാണ് ഓരോ സംഗതികളും ഉത്ഭവിക്കുന്നത്. ശാസ്ത്രസാങ്കേതിക സർവ്വകലാശാല എന്നത് ഇവിടെ മാത്രമുള്ള പ്രശ്നമല്ല. വിദേശ രാഷ്ട്രങ്ങളിലും ഇന്ത്യയിലെ തന്നെ മറ്റുപല സംസ്ഥാനങ്ങളിലും ഇത് പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് എഞ്ചിനീയറിംഗ് കോളേജുകളെയും മാനേജ്മെന്റ് സ്ഥാപനങ്ങളെയും കമ്പ്യൂട്ടർ സയൻസ് പഠിപ്പിക്കുന്ന സ്ഥാപനങ്ങളെയും എല്ലാം ഒരേകുടക്കീഴിൽ കൊണ്ടുപോകാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകും. അവർക്കെല്ലാം ആവശ്യമായ പ്രോത്സാഹനം നൽകാൻ സാധിക്കും. പുതിയ കോഴ്സുകൾ ഇൻട്രൊഡ്യൂസ് ചെയ്യാൻ സാധിക്കും. എൻവയോൺമെന്റൽ സയൻസും, ഫുഡ് കെമിസ്ട്രിയുമൊക്കെ വളരെയേറെ ഡെവലപ്പ് ചെയ്തിട്ടുള്ള ഒരു കാലഘട്ടമാണ്. ഞാൻ ഒരിക്കൽ ബഹ്റെനിൽ പോയപ്പോൾ അവിടെ ലോകനിലവാരമുള്ള ഒരു തുറമുഖ നിർമ്മാണം നടക്കുകയായിരുന്നു. ആ തുറമുഖം നിർമ്മിക്കുന്ന അത്രയും കടൽ പ്രയോജനപ്പെടുത്തുമ്പോൾ ആ ഭാഗത്തെ കടലിനടിയിലുള്ള അത്രയും പവിഴപ്പുറ്റുകൾക്കും സസ്യങ്ങൾക്കും കേടുപറ്റി അവ നശിച്ചുപോകാതിരിക്കുന്നതിനു വേണ്ടി അമേരിക്കയിലെ ഒരു കമ്പനിയിലെ എഞ്ചിനീയർമാരെ ഏൽപ്പിച്ച് സമുദ്രത്തിനടിയിലെ പവിഴപ്പുറ്റുകളും സസ്യങ്ങളും അവിടെനിന്നും എടുത്ത് മറ്റൊരു സ്ഥലത്ത് വച്ചുപിടിപ്പിക്കുകയാണ്. അത് അവിടെ മൂന്ന് വർഷം വരെ നിന്ന് വളരുന്നുണ്ടെന്ന് മനസിലാക്കിയശേഷമാണ് തുറമുഖത്തിന്റെ ബാക്കിപണി അവർ ചെയ്യുന്നത്. സമുദ്രത്തിന്റെ എത്രയോ അടിത്തട്ടിൽ കിടക്കുന്ന പവിഴപ്പുറ്റുകളെ പോലും സംരക്ഷിക്കുന്നതിനുള്ള സയൻസ് രൂപപ്പെട്ടകാലമാണ്. വിഴിഞ്ഞത്ത് അങ്ങനെയൊരു കാര്യം ഉണ്ടാകുമോ എന്ന് എനിക്കറിയില്ല. ഒരു തുറമുഖം ഉണ്ടാക്കുമ്പോൾ ആ സമുദ്രഭാഗത്തിന്റെ അടിയിലുള്ളവയൊക്കെ നശിച്ചു പോവുകയാണ്. അല്ലാതെ വേറെ നിർവ്വാഹമില്ല. സയൻസിന് അനന്തമായ സാധ്യതയും വളർച്ചയും വികാസവുമാണ്. അത് എവിടെച്ചെന്ന് എത്തുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. മനുഷ്യ

ജീവിതത്തിന് എന്തെന്ത് മാറ്റങ്ങൾ വരുത്തികൂടായ്കയില്ല. ഭാവനാസമ്പന്നമായ സ്കീമാണ് ആവിഷ്ക്കരിക്കേണ്ടത്. ഇവിടെ ചിലർ പറഞ്ഞു, ഒരു സർവ്വകലാശാല സർട്ടിഫിക്കറ്റ് മാറികൊടുത്തു, ഒരു സർവ്വകലാശാലയിലെ നിയമനങ്ങളിൽ അഴിമതി നടന്നു എന്നൊക്കെ. അതുകൊണ്ട് വേറെ സർവ്വകലാശാലയൊന്നും വേണ്ടയെന്നാണോ? തിരുവനന്തപുരത്ത് തുമ്പ ഇക്വറ്റേറിയൽ റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷനുണ്ട്. അവിടെ നിന്നും റോക്കറ്റ് വിക്ഷേപിക്കുമ്പോൾ ചിലപ്പോൾ ഉടൻതന്നെ കടലിൽ പതിക്കും. എത്രയോ ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടാക്കുന്ന റോക്കറ്റാണ് കടലിൽ പതിക്കുന്നത്. അതുകൊണ്ട് വീണ്ടും റോക്കറ്റ് വിക്ഷേപിക്കണ്ടെന്നാണോ. പിറ്റേ ദിവസം വൈകുന്നേരം വീണ്ടും റോക്കറ്റ് വിക്ഷേപിക്കും. പല പരിശ്രമങ്ങൾ നടത്തുമ്പോഴാണ് ഒരു പരിശ്രമം വിജയിക്കുക. അതുപോലെ ഒരു സർവ്വകലാശാലയിൽ എന്തെങ്കിലും കുഴപ്പമുണ്ടായാൽ ഇനി വേറെ സർവ്വകലാശാലയൊന്നും വേണ്ടെന്നാണോ. അത് ശരിയായ കൺസെപ്റ്റല്ല. കാലഘട്ടത്തിന് അനുസരിച്ചുള്ള കൺസെപ്റ്റല്ല. അപ്പോൾ കാലോചിതമായ സങ്കൽപ്പമാണ് ഇക്കാര്യത്തിലെല്ലാം ആവശ്യം. ഈ ഗവൺമെന്റ് ഇങ്ങനെയൊരു ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെക്കുറിച്ച് ആലോചിച്ചതും, അതിന്റെ ചർച്ചയിൽ പങ്കെടുത്ത പലയാളുകൾക്കും അതിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്ന കാര്യത്തിലാണ് താത്പര്യമെന്ന് തോന്നി. അതിന്റെ ആസ്ഥാനം കേരളത്തിലെവിടെയെങ്കിലുമായിരിക്കണമെന്നതാണ് എന്റെ അഭിപ്രായം. കാരണം കേരളാ ഗവൺമെന്റ് ഉണ്ടാക്കുന്ന സർവ്വകലാശാലയാണ്. അതിന്റെ സിലബസ് എങ്ങനെയായിരിക്കണം, അത് എങ്ങനെ നടത്തണം എന്നതിനെക്കാളുപരിയായി അതിന്റെ ആസ്ഥാനത്തെക്കുറിച്ച് വലിയ തർക്കത്തിന്റെ ആവശ്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. കാരണം എവിടെയായാലും ഒരു കുഴപ്പവുമില്ല. പക്ഷെ ഇങ്ങനെയൊരു സർവ്വകലാശാലകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകണം. നമ്മുടെ കുട്ടികൾ ഏത് രാജ്യത്തുപോയാലും ഏത് സ്ഥാപനത്തിൽപോയാലും രക്ഷപ്പെടുന്ന അവസ്ഥയുണ്ടാകണം. വ്യാവസായിക രംഗത്തുള്ള ആളുകളെ ഇതിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. അത് ഗവേണിംഗ് കൗൺസിലിലാണെങ്കിൽ പ്രശ്നമില്ല. ചെയർമാൻ വേണമോ എന്ന കാര്യത്തിൽ എനിക്കും ഒരു സംശയമുണ്ട്. അത് ഗവൺമെന്റ് ഒന്നുകൂടി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ചെയർമാൻ എന്നത് ഒരു വ്യവസായിയാണെന്ന നിലയിൽ എല്ലാവരുടെയും ചർച്ചയിൽ നിരന്തരമായി വരികയാണ്. യഥാർത്ഥത്തിൽ ചെയർമാൻ എന്നു പറയുന്നിടത്ത്, an eminent academician of international repute എന്നാണ് പറയുന്നത്. നല്ല ഒരു അക്കാഡമീഷ്യൻ എന്നുള്ള രീതിയിൽ പറഞ്ഞ് ഏറ്റവുമൊടുവിലാണ് പറയുന്നത് ദേശീയ-അന്തർദേശീയ രംഗത്ത് അതേ യോഗത്യയുള്ള

ഒരു വ്യവസായി. ഉദാഹരണമായി അസിം പ്രേംജി വരുന്നുവെങ്കിൽ തീർച്ചയായും സ്വാഗതം ചെയ്യേണ്ട കാര്യമല്ലേ. ധാരാളം അന്താരാഷ്ട്ര പ്രഗത്ഭരായ വ്യവസായികൾ, ടെക്നോളജിയിൽതന്നെ ലോക പ്രശസ്തരായ ആളുകൾ ഇന്ത്യയിലുണ്ട്. അങ്ങനെയുള്ളവരെ ഈ യൂണിവേഴ്സിറ്റി ഉപയോഗപ്പെടുത്തണമെന്ന് വന്നാൽ അതിനുള്ള മാർഗ്ഗം കണ്ടെത്തണം. വ്യവസായികൾ വരുന്നു ഇത് വിൽക്കാൻ പോകുന്നു എന്നുള്ള വ്യാഖ്യാനത്തിനു പകരം ടെക്നോളജിയുടെ യൂണിവേഴ്സിറ്റി വരുന്ന സമയത്ത് ടെക്നോളജിയിൽ വളരെ യോഗ്യതയുള്ള ആളുകളുണ്ടെങ്കിൽ, യോഗ്യതകൾ വളരെ കൃത്യമായി പറയുന്നുണ്ട്. ഞാൻ ഇന്ന ആളെ വയ്ക്കണമെന്ന് പറയുന്നില്ല. ദേശീയ-അന്തർദേശീയ രംഗത്ത് ടെക്നോളജിയിൽ പ്രശസ്തരായ ആളുകളുണ്ടെങ്കിൽ എന്നാണ് പറയുന്നത്. ഇവിടെ വ്യവസായികൾക്കുവേണ്ടി എന്നതിനുപകരം എങ്ങനെ ഭംഗിയായി ഇത്തരം ആളുകളെ ഉപയോഗപ്പെടുത്താം എന്ന ആലോചനയാണ് വേണ്ടത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, സർവ്വകലാശാലയുടെ തലവൻ വൈസ് ചാൻസലർ ആണ്. ആ വൈസ്-ചാൻസലർക്കു മുകളിൽ ചെയർമാൻ എന്ന സ്ഥാനത്ത് ഒരു വ്യവസായിയെ വയ്ക്കണോ ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, വ്യവസായി ആണോ അല്ലയോ എന്ന ചെയർമാന്റെ ക്വാളിഫിക്കേഷനിലേയ്ക്കൊന്നും ഞാൻ പോയിട്ടില്ല. അങ്ങനെ ഒരു designation ആവശ്യമുണ്ടോ എന്നതാണ് എന്റെ ചോദ്യം. ചെയർമാൻ എന്ന പദവി ആവശ്യമുണ്ടോയെന്ന് ഒന്നുകൂടി ആലോചിക്കണമെന്നാണ് ഞാൻ പറയുന്നത്. ആലോചിച്ചിട്ട് വേണമെങ്കിൽ വയ്ക്കണം, വേണ്ടെങ്കിൽ വയ്ക്കേണ്ട. പക്ഷേ, ആ വിഷയം പരിഗണിക്കണമെന്നാണ് പറയുന്നത്. ചെയർമാനായി വരുന്നയാൾ പണമുള്ളയാളാണോ അല്ലയോ എന്ന ചോദ്യം ഞാൻ ഉന്നയിച്ചിട്ടേയില്ല. അയാളുടെ യോഗ്യത എനിക്ക് പ്രശ്നമല്ല. പക്ഷേ വൈസ് ചാൻസലർക്ക് പുറമെ ചെയർമാൻ എന്നൊരു പദവി, അദ്ദേഹത്തിന്റെ പദവി എവിടെയെന്നുള്ളതിൽതന്നെ ഒരു അവ്യക്തതയുണ്ട്. വൈസ്-ചാൻസലർക്ക് താഴെയാണോ മുകളിലാണോ എന്നുള്ളതിൽ ഒരു ചെറിയ സംശയമുണ്ട്. അപ്പോൾ ഇവിടെ പലരും ഉന്നയിച്ചതുപോലെ ആ സംശയം ഞാൻ പ്രകടിപ്പിക്കുകയും ചെയർമാൻ എന്ന പദവി വേണ്ടെന്നുവയ്ക്കാൻ സാധിക്കുമെങ്കിൽ അതായിരിക്കും നല്ലതെന്ന അഭിപ്രായം രേഖപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ. അങ്ങനെ വേണമെന്ന് ചർച്ചയിലൂടെ എല്ലാവർക്കും തോന്നുകയാണ്, അങ്ങനെ എവിടെയെങ്കിലും ഉണ്ടെങ്കിൽ ആ മാതൃക സ്വീകരിക്കുന്നതിന് ഞാൻ എതിരല്ല. ആ സമയത്ത് ചർച്ചയിൽ പങ്കെടുക്കാൻ എനിക്ക് അവസരമുണ്ടാകില്ലല്ലോ, അതുകൊണ്ട് ഞാൻ ഇപ്പോൾ പറഞ്ഞുവെച്ചുവെന്ന് മാത്രമേയുള്ളൂ.

ശാസ്ത്രസാങ്കേതിക മേഖലയിൽ ഒരു സർവ്വകലാശാലയുണ്ടാകുക എന്നത് ഏറ്റവും ഉചിതമായ ഒരു കാര്യമാണ് എന്ന വിഷയത്തിൽ ഒരു തർക്കവുമില്ല. ഞാൻ എപ്പോഴും പറയാറുള്ള ഒരു കാര്യമുണ്ട്, ടെക്നോളജിയിലുണ്ടായ ഡെവലപ്മെന്റ്, സാങ്കേതിക രംഗത്ത്, ശാസ്ത്രരംഗത്ത്, ലോകത്തിൽ പല സ്ഥലത്തുമുണ്ടായിട്ടുണ്ട്. മംഗള, സുമംഗള, ശ്രീമംഗള കമുകിൻ തൈകളും, എൻഫോർ കപ്പയും, വെച്ചൂർ പശുവും, ബോയർ ആടുമൊക്കെയാണ് ബയോ ടെക്നോളജി എന്നു കേട്ടാൽ ആദ്യം തോന്നുക. ഇന്ന് ആ ജൈവ സാങ്കേതിക വിദ്യയുപയോഗിച്ച് നല്ലയിനത്തിൽപ്പെട്ട മനുഷ്യരെ ജനിപ്പിക്കാൻ സാധിക്കുമെന്ന് അമേരിക്കൻ ശാസ്ത്രജ്ഞന്മാർ കണ്ടു പിടിച്ചിട്ടുണ്ട്. സൂക്ഷ്മ ജീവികൾക്ക് പാറ്റന്റ് റൈറ്റുണ്ടോയെന്നുള്ള വിഷയത്തെ കുറിച്ച് ആനന്ദ ചക്രവർത്തി എന്ന ഇന്ത്യൻ വംശജനായ ഒരു ശാസ്ത്രജ്ഞൻ അമേരിക്കൻ സുപ്രീം കോടതിയിൽ കേസ് കൊടുത്തപ്പോൾ അദ്ദേഹത്തിന് അനുകൂലമായി വിധി വന്നു. അപ്പോൾ നല്ല ഇനത്തിൽപ്പെട്ട മനുഷ്യരെ ജനിപ്പിക്കുവാൻ സാധിക്കുന്ന ഒരു കാലത്ത്, ധാർമ്മികമായ ചില വശങ്ങളുള്ളതുകൊണ്ടാണ് അത് എവിടെയും ഇൻഡ്രഡ്യൂസ് ചെയ്യാത്തത്. പക്ഷേ അത് മറ്റു ജീവജാലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. അമേരിക്കയെപ്പോലുള്ള അതിവികസിത രാജ്യങ്ങളിൽ പാർക്കുകളിലും മറ്റും നട്ടു പിടിപ്പിച്ചിട്ടുള്ള പുൽമേട്, ഇവിടെ നമ്മൾ കൊറിയൻ കാർപ്പറ്റൊക്കെ വയ്ക്കാറുണ്ടല്ലോ, രാത്രിയിൽ പ്രകാശിക്കുന്ന പുൽമേടുകളുണ്ട്. മിന്നാമിനുങ്ങിന്റെ കോശങ്ങളും ഈ കൊറിയൻ കാർപ്പറ്റ് വംശത്തിൽപ്പെട്ട പുല്ലിന്റെ കോശങ്ങളും ചേർത്ത് പരീക്ഷണങ്ങളിലൂടെ ശാസ്ത്രജ്ഞന്മാർ ഉണ്ടാക്കിയിട്ടുള്ള ഒരു പുതിയ ഇനം പുല്ലാണ്. ആ പുല്ല് രാത്രിയിൽ മിന്നാമിനുങ്ങിനെപ്പോലെ പ്രകാശിച്ചു കൊണ്ടിരിക്കും. പകൽ വെറും പുല്ലായിരിക്കും, പ്രകാശമുണ്ടാകില്ല. അപ്പോൾ ബയോടെക്നോളജി കൊണ്ട് എന്താണ് നേടാൻ സാധിക്കാത്തത്? ബയോ ടെക്നോളജിയിലുള്ള പുതിയ സാധ്യതകളൊക്കെ ഉപയോഗിക്കാൻ കഴിയുന്ന കുട്ടികളാണ് നമുക്ക് വേണ്ടത്. വൈദ്യുതിരംഗത്തും ഇലക്ട്രോണിക്സിലും ഇതുപോലെ മാറ്റങ്ങൾ വന്ന ഒരു കാലഘട്ടം മുമ്പുണ്ടായിട്ടുണ്ടോ? കമ്പി വലിച്ചുകെട്ടി പൊട്ടാറായ തൂണിന്റെ മേലെ നാലു കമ്പി തൂങ്ങിക്കിടക്കുന്നത് നമ്മുടെ നാട്ടിലല്ലാതെ ലോകത്ത് എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ഒരു വൈദ്യുതി ലൈനിന് എത്ര പ്രസരണ നഷ്ടമുണ്ടാകുന്നു? പ്രസരണനഷ്ടം കുറയ്ക്കാനുള്ള സംവിധാനവും ഇത് ആകാശത്തുകൂടെയല്ലാതെ കൊണ്ടുപോകാനുള്ള സൗകര്യങ്ങളുമില്ലേ? അങ്ങനെ വൈദ്യുതിയുടെ ഉല്പാദനത്തിലും വിതരണത്തിലും എല്ലാ കാര്യത്തിലും പുതിയ ടെക്നോളജി വന്നുകൊണ്ടിരിക്കുകയാണ്.

നമ്മുടെ നാട്ടിൽ ലോ ഫ്ളോർ ബസ്സുകൾ വന്നു. എല്ലാ ജില്ലക്കാരും ലോ ഫ്ളോർ ബസ്സുകൾ ഞങ്ങൾക്ക് വേണമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബസ്സിൽ വന്നിട്ടുള്ള മാറ്റങ്ങൾ, അതിന്റെ ട്രാൻസ്പോർട്ടേഷൻ കൺവേയൻസ്, കാർ, ബസ്, വാഹനങ്ങൾ, വിമാനങ്ങൾ, പുതിയ കപ്പലുകൾ, പുതിയ തുറമുഖങ്ങൾ, എല്ലാ സ്ഥലങ്ങളിലും ഇൻഫർമേഷൻ ടെക്നോളജിയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽതന്നെ സ്റ്റാർട്ട് അപ് വില്ലേജുകളൊക്കെ തുടങ്ങി. ബഹുമാനപ്പെട്ട വ്യവസായവും ഐ.ടി.യും വകുപ്പുമന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയുടെയും ഈ

ഗവൺമെന്റിന്റെയും നേതൃത്വത്തിൽ ഇൻഡസ്ട്രി എന്നു പറഞ്ഞാൽ അതൊരു ഐ.ടി. വ്യവസായമായിട്ട് മാറുന്ന ഒരു സാഹചര്യം വന്നില്ലേ. വലിയ പുകക്കുഴലുകളും വലിയ യന്ത്രസജ്ജീകരണങ്ങളും പരിസരം മലിനമാക്കുന്ന വ്യവസായങ്ങളെക്കുറിച്ചുമുള്ള മനുഷ്യന്റെ സങ്കല്പംതന്നെ മാറിയില്ലേ; അതിനുപകരം ഐ.ടി. വ്യവസായങ്ങളായില്ലേ; സ്മാർട്ട് സിറ്റികളായില്ലേ; പല മാറ്റങ്ങളും വന്നില്ലേ? ദിവസവും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഉണ്ടാകുമ്പോൾ എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്റൂം വേണമെന്ന് പറയാറുണ്ട്. അതിന് കാശില്ല എന്നുപറഞ്ഞുകൊണ്ട് എം.എൽ.എ.-മാരുടെ പിന്നാലെയും നാട്ടുകാരുടെ മുമ്പിലും പൂർവ്വ വിദ്യാർത്ഥികളുടെ മുമ്പിലും നടക്കുന്നുണ്ട്. ഞാൻ പറയുന്നത് എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂമുകൾ ഗവൺമെന്റ്തന്നെ നിർമ്മിച്ചുകൊടുക്കണമെന്നാണ്. പുതിയ ടെക്നോളജി ഉപയോഗിച്ച് ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റു സൗകര്യങ്ങളുമുപയോഗിച്ച് എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം ഉണ്ടാക്കിക്കൊടുക്കണം. പഴയ കാലത്തെ അപേക്ഷിച്ച് ഇപ്പോഴത്തെ പഠനം തന്നെ മാറി. ഞാൻ പ്രീ-ഡിഗ്രിക്ക് ഫസ്റ്റ് ഗ്രൂപ്പിൽ മാത്തമാറ്റിക്സ് ഒന്നാം വിഷയമായി പഠിച്ചയാളാണ്. അതുകഴിഞ്ഞ് രാഷ്ട്രീയ പ്രവർത്തനമൊക്കെയുള്ളതു കൊണ്ട് പിന്നീട് ബി.എ. ഹിസ്റ്ററിക്ക് ചേർന്നു. കേരള ഹിസ്റ്ററി, ഇന്ത്യൻ ഹിസ്റ്ററി, ബ്രിട്ടീഷ് ഹിസ്റ്ററി, ഹിസ്റ്ററി ഓഫ് ദ ഫാർ ഈസ്റ്റ് ഇങ്ങനെയുള്ള സബ്ജക്ടുകളാണ് ഡിഗ്രിക്ക് പഠിച്ചത്. ഹിസ്റ്ററിക്ക് പഠിച്ചിരുന്ന കാലത്ത് അദ്ധ്യാപകർ പഠിപ്പിച്ചതൊക്കെ ഞാൻ കാണാതെ പഠിച്ചു. 1600-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ വന്നു, 1922-ൽ ചൗരി-ചൗരാ, 1857-ൽ ഒന്നാം സ്വാതന്ത്ര്യ സമരം, 1858-ൽ ഇന്ത്യയുടെ ഭരണം ബ്രിട്ടീഷുകാർ ഏറ്റെടുത്തു, 1935-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ട് നിലവിൽവന്നു. ഇങ്ങനെ ഒരു പാട് ദിവസങ്ങൾ ഞാൻ പഠിച്ചുവച്ചിരുന്നു. ദൈവം സഹായിച്ച് ആ തീയതി പിന്നീട് ഒരാളും എന്നോട് ചോദിച്ചിട്ടില്ല. പിന്നെ എന്തിനാണ് ഇത്രയും കാലം ഞാനത് കാണാതെ പഠിച്ചത്. ഒരാൾ പോലും ഈസ്റ്റ് ഇന്ത്യാ കമ്പനി വന്നതെന്നാണെന്ന് ചോദിച്ചിട്ടില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: അറിവ് ലഭിച്ചില്ലേ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: അറിവുണ്ടായിട്ട് കാര്യമില്ല. പ്രയോജനമില്ലാത്ത അറിവുകൊണ്ട് എന്തുകാര്യം. അങ്ങനെയുള്ള അറിവ് പലർക്കുമുണ്ടല്ലോ, അതുകൊണ്ട് എന്തുകാര്യം. അതുകൊണ്ട് ഹിസ്റ്ററി വേണ്ടെന്നല്ല പറയുന്നത്. Those who are interested in History, ചരിത്രത്തിൽ താല്പര്യമുള്ള കുട്ടികൾ ചരിത്രം തന്നെ പഠിക്കണം. അവരെ മാത്രം ഇത് പഠിപ്പിച്ചാൽ മതി. ഇവിടെ നേരത്തെ ശ്രീ. ജി. സുധാകരൻ പറഞ്ഞപ്പോഴാണ് എനിക്ക് ഇതൊക്കെ തോന്നിയത്. നല്ല കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ശ്രീ. ജി. സുധാകരൻ മനസ്സിലാക്കേണ്ട ഒരു കാര്യം, അദ്ദേഹത്തിന് അറിവുണ്ടായിരിക്കും, ഞാൻ നന്നായി ബഹുമാനിക്കുന്ന ഒരാളാണ്. Each and every individual is entirely different from others, ഈ ഭൂമുഖത്ത് ജനിച്ചുവളർന്ന സകല മനുഷ്യരും വേറെയാണ്. ഒരാളിനെപ്പോലെ മറ്റൊരാളില്ല.

ഇ.എം.എസ്. നമ്പൂതിരിപ്പാടിനെപ്പോലെ ഒരാളുണ്ടാകില്ല, സി.എച്ച്.-നെപ്പോലെ വേറൊരാളുണ്ടാകില്ല, എന്നെപ്പോലെ വേറൊരാളുണ്ടാകില്ല. നമ്മുടെ കുട്ടികളും അങ്ങനെ തന്നെയല്ലേ. നമ്മുടെ കുട്ടികൾക്ക് ക്ലാസ്റൂമുകളിൽ ജനറലായിട്ടുള്ള ക്ലാസാണ് നൽകുന്നത്. ഒരു കുട്ടി ഒരു താമരയായിരിക്കും, വേറൊരു കുട്ടി ജമന്തിയായിരിക്കും, മറ്റൊരു കുട്ടി മുല്ലപ്പൂവായിരിക്കും. സിലബസിൽ പറയുന്നത് എല്ലാവരും താമരയാകണമെന്നാണ്. എല്ലാവരെയും താമരയാക്കാൻ നടത്തുന്ന പരിശ്രമത്തിലൂടെ ബാക്കിയുള്ളവരെല്ലാം പരാജയപ്പെടും. മുല്ലപ്പൂ തോൽക്കും, ജമന്തി തോൽക്കും. താമര മാത്രം ബാക്കിയാവും. ജനറലൈസേഷന് ഒരു ലിമിറ്റേഷനുണ്ട്. ഓരോരുത്തരും വേറെ വേറെയാണ്. ഓരോ മനുഷ്യരും വ്യത്യസ്തരാണ്. അവരുടെ താല്പര്യങ്ങളും വ്യത്യസ്തമാണ്. നമുക്ക് പൊതുവായിട്ടുള്ള ഒരു സിലബസുണ്ടാക്കാനേ സാധിക്കുകയുള്ളൂ. എന്നാൽ ഇത്രകണ്ട് ശാസ്ത്രസാങ്കേതിക വികാസം സംഭവിച്ച ലോകത്ത്, ശാസ്ത്രം അത്ര വികസിതമാണോ എന്നു ചോദിച്ചാൽ അല്ല എന്നു പറയാൻ സാധിക്കും. മെഡിക്കൽ സയൻസിൽ ഇത്ര വികാസം പ്രാപിച്ചിട്ടും എല്ലാ രോഗങ്ങൾക്കും ചികിത്സയുണ്ടോ. മുൻകാലത്തെ ചികിത്സകളാണോ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാറ്റിനും മരുന്നുണ്ടോ. എവിടെയൊക്കെയാണോ സമൂഹം പോകുന്നത്; എവിടെയൊക്കെയാണോ ശാസ്ത്രം പോകുന്നത് എത്ര കണ്ട് മനുഷ്യന്റെ ഭാവന വികസിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മൾ സംസാരിക്കുമ്പോൾ നമ്മുടെ ബുദ്ധി പരിമിതമാണ്, അതുകൊണ്ട് ബുദ്ധിക്കകത്ത് നിന്നുകൊണ്ട് മാത്രമേ എനിക്ക് സംസാരിക്കാൻ സാധിക്കുകയുള്ളൂ. ഇനി ജനിക്കുന്ന കുട്ടികൾക്കോ എന്റെ മക്കൾക്കോ നിങ്ങളുടെ മക്കൾക്കോ നമ്മളെക്കാൾ ബുദ്ധിയുണ്ട്. അത് നമ്മൾ ഉൾക്കൊണ്ടാൽ മതി. നമ്മൾ രാഷ്ട്രീയക്കാരായ ആളുകൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ജനങ്ങൾക്ക് വിവരമുണ്ട് എന്നുള്ളതാണ്. സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന നമ്മുടെ കുട്ടികൾക്ക് നമ്മളെക്കാളും വിവരമുണ്ട്. അവർ you tube-ലും ബ്ലോഗിലും ട്വിറ്ററിലുമൊക്കെ കളിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. റ്റി. ബൽറാം എന്തൊക്കെയാണ് പ്രസംഗിക്കേണ്ടതെന്ന് ഫേസ് ബുക്കിൽ നൂറുക്കണക്കിന് പേർ അഭിപ്രായപ്പെട്ടതായി അദ്ദേഹമിവിടെ പറഞ്ഞു. 24 മണിക്കൂറും സ്വതന്ത്രമായ അറിവിന്റെ ഒരു ലോകം അനാവരണം ചെയ്യപ്പെട്ട കാലത്താണ് നമ്മൾ ജീവിക്കുന്നത്. അവരെല്ലാം 24 മണിക്കൂറും ഉറങ്ങാതെ വളരെ ഷാർപ്പായ കമന്റുകളും അഭിപ്രായങ്ങളും അറിവും പരസ്പരം കൈമാറിക്കൊണ്ടിരിക്കുന്ന ഒരു പുതിയ ലോകത്താണ്. എന്തൊരു അത്ഭുതകരമായ ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ആ ഒരു ലോകത്ത് പുതിയൊരു ശാസ്ത്രസാങ്കേതിക സർവ്വകലാശാല എന്നു പറയുമ്പോൾ അതിൽ ഏതെങ്കിലുമൊരു മുതലാളി കുറച്ചു ലാഭമുണ്ടാക്കിയെന്നുവരും. മുതലാളിക്ക് ഈ ബിസിനസ്സല്ലെങ്കിൽ വേറെ ബിസ്സിനസ്സിന് പോകാം. അല്ലാതെ അവർ ബിസിനസ്സ് നിർത്താനൊന്നും പോകുന്നില്ല. സ്വാശ്രയ കോളേജുണ്ടാക്കാൻ ഗവൺമെന്റ് സമ്മതിച്ചില്ലെങ്കിൽ കർണ്ണാടകയിൽ പോയി തുടങ്ങും. വയനാട്ടിലുള്ള മലയാളി കർഷകർ കർണ്ണാടകത്തിൽ പോയി കൃഷി ചെയ്യുന്നു. എന്തിനാണ് കർണ്ണാടകത്തിൽ പോയി കൃഷി ചെയ്യുന്നത്. ഇവിടെ പച്ചക്കറി കൃഷിക്കു മാത്രമേ വൈദ്യുതി ഇളവുള്ളൂ, ബാക്കിയുള്ള കൃഷിക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കണം.

വയനാട്ടുള്ള കർഷകർക്ക് കർണ്ണാടകത്തിൽ കടന്നാൽ ഏത് കൃഷി ചെയ്താലും മുഴുവൻ വൈദ്യുതിയും അവിടെ സൗജന്യമാണ്. നമ്മൾ എല്ലാറ്റിനും നിയന്ത്രണങ്ങൾ കൊണ്ടുവന്ന് ഫ്രീഡം നഷ്ടപ്പെടുത്തും. വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ചിന്തിക്കുവാനും ഗവേഷണം നടത്തുവാനും പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുവാനും ആവശ്യമായ സ്വാതന്ത്ര്യവും സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യണം. അങ്ങനെയുള്ള ഒരു സഹായമാണ് ശാസ്ത്രസാങ്കേതിക സർവ്വകലാശാല എന്നത്. എന്നാൽ നമ്മൾ ഉടനെ ആലോചിക്കുന്നത്, അതിന്റെ സെനറ്റിൽ ആരൊക്ക വരും; അതിന്റെ ചെയർമാൻ ആരാവും; എത്ര ശമ്പളം കൊടുക്കും; അതിന്റെ ആസ്ഥാനം എവിടെയാവും; അതിന് എവിടെ ഭൂമി എടുക്കും; ഈ വക കാര്യങ്ങളെക്കുറിച്ചാണ് കേരളം ചിന്തിക്കുന്നതെങ്കിൽ നമുക്ക് ഒരു ഇഞ്ച് മുമ്പോട്ടുപോകാൻ സാധിക്കില്ല. അത് വളരെ അനാവശ്യമായിട്ടുള്ള കാര്യമാണ്. മറിച്ച് പോസിറ്റീവായി, മുന്നോട്ടുപോകണം. past is past, ഭൂതകാലം തിരിച്ചുവരില്ല. അതുകൊണ്ട് മുന്നോട്ടുള്ള ചിന്തയാണ് നമുക്ക് വേണ്ടത്. അങ്ങനെ മാത്രമേ ഈ ലോകത്തിൽ ഈ ജനങ്ങളുടെ കൂടെ നടക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ കുട്ടികളെ ലോകനിലവാരത്തിലേയ്ക്ക് കൊണ്ടുവരണം, അതിനുള്ള സാധ്യതകളുണ്ടാക്കണം. ഗ്ലോബലായി ടെക്നോളജിയിൽ എന്തൊക്ക മാറ്റങ്ങളുണ്ടായിട്ടുണ്ട്. നമുക്ക് കോഴ്സുകളെ കുറിച്ചുതന്നെ അറിയില്ല, നമുക്ക് പരിമിതമായ കോഴ്സുകളെക്കുറിച്ച് മാത്രമേ അറിയാവൂ. പുതിയ ലോകത്ത് എന്തൊക്ക കോഴ്സുകൾ പഠിക്കാനാവും എന്നുള്ളതിനെ കുറിച്ച് അറിയില്ല. അതുള്ള സ്ഥലത്ത് പോയി പഠിക്കണം. നമ്മൾ എക്സ്ചേഞ്ച് ചെയ്യണം. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ലോകരാഷ്ട്രങ്ങളുമായി എക്സ്ചേഞ്ച് ചെയ്യണം. അത് പഞ്ചാബ് യൂണിവേഴ്സിറ്റി ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ ചെയ്യുന്നുണ്ട്, അതുപോലെ തന്നെ ഹൈദരബാദിലെ ആന്ധ്രപ്രദേശിലെ യൂണിവേഴ്സിറ്റി എക്സ്ചേഞ്ച് ചെയ്യുന്നുണ്ട്. കാലിഫോർണിയ യൂണിവേഴ്സിറ്റി അർക്കൻസാസിലെ യൂണിവേഴ്സിറ്റി അവരൊക്കെ എക്സ്ചേഞ്ച് ചെയ്യുന്നുണ്ട്. ഇവിടെ എഞ്ചിനീയറിംഗിന് പഠിക്കുന്ന കുട്ടികൾ കുറച്ചുകാലം അമേരിക്കയിലോ ഇംഗ്ലണ്ടിലോ പോയി പഠിക്കണം. അവിടത്തെ സർവ്വകലാശാലയിലെ കുറച്ചു കുട്ടികളെ ഇവിടെ കൊണ്ടുവരികയും വേണം. അങ്ങനെ വിദ്യാർത്ഥികളെയും അധ്യാപകരെയും നമ്മൾ എക്സ്ചേഞ്ച് ചെയ്യണം. അതുപോലെ ഇന്ത്യയിലെ വ്യത്യസ്ത സ്റ്റേറ്റുകളിലേയ്ക്ക് നമ്മൾ എക്സ്ചേഞ്ച് ചെയ്യണം. മലയാളി എന്നുപറഞ്ഞാൽ വളരെ വിദ്യാസമ്പന്നരൊക്കെയാണെങ്കിലും സങ്കുചിത മനസ്കരായിട്ടാണ് പലപ്പോഴും കാണപ്പെടുന്നത്. നമ്മളിപ്പോൾ പത്രം നോക്കിയാൽ യെമനിൽ അഭ്യന്തര കലഹമാണ് നടക്കുന്നത്. അവിടെ ഇന്നലെ അഭ്യന്തര കലഹം കാരണം ബോംബിട്ടതിന്റെ ഫലമായി കുറെ ആളുകൾ മരിച്ചു. അതിൽ മലയാളികളില്ല, സമാധാനമായി. ഹെയ്തിയിൽ ഭൂകമ്പം, അവിടെ ആളുകൾ മരിച്ചു. അതിൽ മലയാളികളില്ല, സമാധാനമായി. ആൽപ്സ് പർവ്വതനിരകളിൽ ഒരു വിമാനം തലകുത്തി വീണു. ഇടിച്ചിറക്കിയതാണെന്നും കേൾക്കുന്നുണ്ട്. അതിൽ 148 ആളുകൾ മരിച്ചു. മലയാളികളില്ല, പ്രശ്നം തീർന്നു. മലയാളികളാണോ നമ്മുടെ പ്രശ്നം; മലയാളികൾ മാത്രമാണോ മനുഷ്യർ; മരണം നമുക്ക് ബാധിക്കാത്തതെന്താണ്; ഒരു സമഗ്രമായ കാഴ്ചപ്പാട് വിദ്യാഭ്യാസത്തെത്തുടർന്ന് ഉണ്ടാകാത്തതെന്താണ്? അതുപോലെ

സയൻസ് ആന്റ് ടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി എന്നു പറയുന്നത് മനുഷ്യ നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തണമെന്ന മോറലായിട്ടുള്ള ഒരു ഫൗണ്ടേഷൻ കൂടി നമ്മുടെ വിദ്യാഭ്യാസത്തിന് വേണമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട കാര്യമായി എനിക്ക് പറയുവാനുള്ളത്. ഇന്ന് unfortunately അതില്ല. നമുക്ക് ഇൻഫർമേഷൻ ടെക്നോളജിയിൽ വലിയ വളർച്ച ഉണ്ടായി. പക്ഷേ, we are utilizing information technology for what; for making what? നിരപരാധികളായിട്ടുള്ള മനുഷ്യരുടെ തലയ്ക്കുമീതെ ബോംബ് വർഷിക്കുന്നതിനുവേണ്ടി പൈലറ്റില്ലാത്ത യുദ്ധവിമാനം 'ഡ്രോൺ' പറക്കുകയാണ്. ഇൻഫർമേഷൻ ടെക്നോളജികൊണ്ടാണിത്. ഇതിനാണോ ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിക്കേണ്ടത്; മനുഷ്യരുടെ തലയ്ക്കുമീതെ ബോംബിടാൻ വേണ്ടിയാണോ സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടത്?

പുത്രരെയെല്ലാം കൊന്നു-
കൊല്ലിച്ച - യുദ്ധത്തിന്റെ
ദുഃഖസാക്ഷിയായിന്നും
ഗാന്ധാരി കരയുന്നു!
സൂര്യനു പിറന്ന തൻ
കടിഞ്ഞൂൽപ്പുത്രനേതോ
സൂതന്റെ കരിക്കാടി
കുടിച്ചു വളർന്നതും,
മാനത്തു സൂര്യൻപോലെ
പോർനിലത്തവനഭി-
മാനിയായ് ജ്വലിച്ചതും,
അനുജനെയ്തോരസ്ത്ര-
മാരിയിലവൻ ധീര-
മസ്തമിച്ചതും, ജയ-
മാരുടേതെന്നോരുവാ-
നാർക്കാർക്കുമാവാഞ്ഞതും,
രാജമാതാവാം കുന്തി-
യോർമ്മതന്നിഴപേർത്തൊ-
രായിരം മാതാക്കളി-
ലൂടിന്നും കരയുന്നു!
അകലെ ഗ്രാമങ്ങളിൽ
നൂറു കുരകൾക്കുള്ളിൽ
അപമാനിതയായ
പാഞ്ചാലി കരയുന്നു!

വലിയോരുടെ മദ-
മത്സരപദ്മവ്യൂഹ-
വലയംതന്നിൽ
രക്തസാക്ഷിയാം തന്നുണ്ണിയെ
വിളിച്ചു മാറത്തല-
ച്ചാർക്കുന്നു സുഭദ്ര; ദുർ-
വിധി വൈധവ്യം ചേർത്തൊ-
രുത്തര മൂർച്ഛിക്കുന്നു!
വെട്ടുക, മുറിക്കുക,
പങ്കുവയ്ക്കുക ഗ്രാമം,
പത്തനം, ജനപദ-
മൊക്കെയും! കൊന്നും തിന്നും
വാഴുക പുലികളായ്,
സിംഹങ്ങളായും, മർത്ത്യ-
രാവുക മാത്രം വയ്യ!

ജന്തുത ജയിക്കുന്നു! - എന്ന് ഒ.എൻ.വി. പാടിയിട്ടുണ്ട്. അത് മഹാഭാരത യുദ്ധത്തെകുറിച്ചാണ് പാടിയത്.

അതിന്റെ തനിയാവർത്തനം ഇന്ന് ലോകത്ത് നടക്കുന്നു; എന്തുകൊണ്ട് നടക്കുന്നു; utilizing technology, utilizing science. ശാസ്ത്രസാങ്കേതിക വിദ്യകളെ മനുഷ്യന്റെ നൻമയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള ഒരു സങ്കൽപ്പം, സമഗ്രമായി ജീവിതത്തെകുറിച്ച് സഹജീവികളെകുറിച്ച് മനുഷ്യബന്ധങ്ങളെകുറിച്ച് പ്രകൃതിയെകുറിച്ച് എല്ലാവരോടുമുള്ളൊരു നല്ല നന്മയിലധിഷ്ഠിതമായ ചിന്തയും സ്നേഹവും സാഹോദര്യവും കാരുണ്യവും മനുഷ്യ മനസ്സിലുണ്ടാകത്തക്ക രീതിയിൽ..... ഇപ്പോൾ ഞാൻ പറയാൻ കാരണമെന്താണെന്ന് വച്ചാൽ ഒരു നല്ല മനുഷ്യനല്ലാത്തൊരാൾ എഞ്ചിനീയറായിട്ട് എന്താണ് കാര്യം; ഒരു നല്ല മനുഷ്യനല്ലാത്ത ഒരാൾ രാഷ്ട്രീയ നേതാവായിട്ട്, ഭരണാധികാരിയായിട്ട് എന്താണ് കാര്യം; ഒരു നല്ല മനുഷ്യനല്ലാത്തൊരാൾ ഡോക്ടറായിട്ട് എന്താണ് കാര്യം; അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ബേസിക്കായിട്ടുള്ള ക്വാളിറ്റി എന്നുപറയുന്നത് സർട്ടിഫിക്കറ്റുകൾ മാത്രമല്ല. ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും അതിന്റെ കെട്ടും കയ്യിലുള്ളതുകൊണ്ട് അതാണ് വിദ്യാഭ്യാസം നേടിയ ആളിന്റെ ലക്ഷണമെന്ന് പറയാൻ പാടില്ല. വിദ്യാഭ്യാസത്തിന്റെ ഗുണം മനസ്സിലാക്കേണ്ടത് എങ്ങനെയാണ് അയാൾ പെരുമാറുന്നതെന്ന് നോക്കിയാണ്. What is his attitude, approach, നിലപാട്, സ്നേഹം, കരുണ, ലോകത്തെകുറിച്ചുള്ള സങ്കൽപ്പം, സഹജീവികളോടുള്ള സഹവാസം ഇതൊക്കെയാണ് വിദ്യാഭ്യാസമുള്ള ആളാണോ അല്ലയോ എന്ന് തിരിച്ചറിയാൻ വേണ്ടത്. അങ്ങനെയുള്ളൊരാൾ ഒരു എഞ്ചിനീയറായാലും ഡോക്ടറായാലും കപ്പിത്താനായാലും ഉദ്യോഗസ്ഥനായാലും ഭരണാധികാരിയായാലും അതിന്റെ വ്യത്യാസമുണ്ടാകും. ഡെമോക്രസിയിലുള്ള വലിയൊരു ദോഷമതാണ്. നമ്മുടെ നാട്ടിൽ ഡെമോക്രസിയിൽ എല്ലാവർക്കും വോട്ടുണ്ട്. ഇവിടെ ശാസ്ത്രസാങ്കേതിക

സർവ്വകലാശാല നേരെ അരുവിക്കരയിലേയ്ക്ക് ചാടാനുള്ള കാരണമതാണ്. അരുവിയുടെ ഒരു കരയിലേയ്ക്ക് ഇത് ഒഴുകാനുള്ള കാരണമെന്താണ്? ജനാധിപത്യം. ജനാധിപത്യത്തിൽ നല്ല മതപണ്ഡിതൻമാർക്ക്, ബിഷപ്പിന്, രാഷ്ട്രീയക്കാർക്ക്, മദ്യപാനിക്ക്, വ്യഭിചാരിക്ക്, അഴിമതിക്കാർക്ക്, ക്രിമിനൽ കുറ്റവാളികൾക്ക് തുടങ്ങിയ എല്ലാവർക്കും വോട്ടുണ്ട്. ഭൂരിപക്ഷം കിട്ടുന്നത് ആർക്കാണോ അവരാണ് ജയിക്കുന്നത്. ആ ഭൂരിപക്ഷം കിട്ടിയതാണ് സത്യസന്ധമായിട്ടുള്ള ശരിയെന്നല്ല അതിന്റെ അർത്ഥം. അവിടെ ക്വാളിറ്റിയല്ല ക്വാണ്ടിറ്റി മാത്രമാണ് നോക്കുന്നത്. ജയിക്കുകയെന്ന് പറഞ്ഞാൽ ഭൂരിപക്ഷത്തിന്റെ ജയമാണ്. ഡെമോക്രസി നന്നാകണമെങ്കിൽ വിദ്യാസമ്പന്നരായിട്ടുള്ള ആളുകളും നല്ല സത്സ്വഭാവികളായിട്ടുള്ള മനുഷ്യരും നന്മയും രാജ്യത്ത് വേണം. അങ്ങനെ നന്മയിലധിഷ്ഠിതമായ സത്സ്വഭാവമുള്ള മൂല്യങ്ങളുള്ള പരമാവധി മനുഷ്യരെ ജനിപ്പിക്കുക അല്ലെങ്കിൽ നല്ല പൗരൻമാരെ സൃഷ്ടിക്കുക എന്നുള്ളതും വിദ്യാഭ്യാസത്തിന്റെ ഒരു ലക്ഷ്യമാണ്. വിദ്യാഭ്യാസം നന്നാകുന്നതോടുകൂടി ഡെമോക്രസിയും നന്നാകുകയും മെച്ചപ്പെടുകയും ചെയ്യും. ഇതുരണ്ടും പരസ്പര ബന്ധമാണ്. ഇവിടെ ഇപ്പോൾ പ്രത്യേകിച്ചൊന്നും പറയേണ്ടതില്ല. അരുവിക്കര തെരഞ്ഞെടുപ്പിന്റെ ഒരു വിഷയം വന്നതോടുകൂടി ഈ സർവ്വകലാശാല കുറച്ചൊക്കെ അരുവിക്കരയായി മാറി. എന്നാലും നമ്മൾ വിചാരിച്ചതുപോലുള്ള പ്രശ്നങ്ങളൊന്നുമില്ല. അരുവിക്കരയിൽ ഐക്യ ജനാധിപത്യ മുന്നണി ജയിക്കുമെന്ന് എനിക്കിന്ന് രാവിലെ വന്നപ്പോൾ മനസ്സിലായി. എനിക്ക് ആദ്യമൊരു സംശയമുണ്ടായിരുന്നു. ഇപ്പോൾ എല്ലാ സംശയവും തീർന്നു. ഇവരുടെയൊക്കെ പ്രസംഗവും കഴിഞ്ഞു. ഇന്നത്തെ അവരുടെ പെരുമാറ്റ രീതികളും മുഖഭാവങ്ങളും പെർഫോമൻസുമൊക്കെ കണ്ടപ്പോൾ I am sure that. നല്ല ഭൂരിപക്ഷത്തോടുകൂടി നമ്മൾ ജയിക്കുമെന്ന് മനസ്സിലായി. കാരണം വലിയൊരു ബഹളത്തിനൊന്നും മുതിർന്നില്ല. പാവം ശ്രീ. ചെന്താമരാക്ഷൻ അറിയാതെ പ്രഖ്യാപിച്ചുപോയതാണ്. ഇനി നാളെ ഇങ്ങോട്ടുവരേണ്ടി വരുമെന്ന് അദ്ദേഹം ഓർത്തുകാണില്ല. ഇനി തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം നിയമസഭ സമ്മേളിക്കുമ്പോൾ നമുക്ക് വീണ്ടും തമ്മിൽ കാണാമെന്നല്ലാതെ ഞാനൊരു വെല്ലുവിളിയൊന്നും നടത്തുന്നില്ല. ഈ സാഹചര്യങ്ങളിൽനിന്ന്, പ്രതിപക്ഷത്തിന്റെ പെരുമാറ്റത്തിൽനിന്ന് ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന എല്ലാ ഭൗതിക സാഹചര്യങ്ങളും വച്ചുനോക്കിയാൽ അരുവിക്കരയിൽ നല്ല ഭൂരിപക്ഷത്തോടുകൂടി ഐക്യ ജനാധിപത്യ മുന്നണി ജയിക്കാനാണ് സാധ്യത. ഇപ്പോൾ അതിനുള്ള എല്ലാ സാധ്യതകളുമുണ്ട്. തെരഞ്ഞെടുപ്പുകൾ ജയിക്കുന്നത് മാത്രമല്ല, ജയിച്ചുവന്നതിനു ശേഷം ആ വിജയം എന്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നു എന്നുള്ളതാണ്. ഇവിടെ ഒരു ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഉണ്ടാകുന്നത് ഒരു നല്ല കാര്യമാണെന്നുള്ളത് എല്ലാവരും അംഗീകരിക്കേണ്ടതാണെന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ വീഴ്ചകളും തകരാറുകളുമൊക്കെ ഉണ്ടെങ്കിലും, ഇപ്പോൾ പാഠപുസ്തക വിതരണത്തിന്റെ കാര്യത്തിൽ നമുക്ക് വലിയൊരു പ്രശ്നമുണ്ടായി. അത് അച്ചടിച്ചിറക്കാൻ നേരം വൈകിയതിനാൽ എത്രയും പെട്ടെന്ന് എത്തിക്കാൻ വേണ്ടി ശ്രമിക്കാമെന്ന് മന്ത്രി പറഞ്ഞു. പക്ഷേ വാസ്തവത്തിൽ അതിലും ഒരു ടെക്നോളജിക്കൽ ഇഷ്യൂ ഉണ്ടല്ലോ. 5 കോടി പാഠപുസ്തകം രണ്ട് ദിവസംകൊണ്ട് തയ്യാറാക്കാൻ പറ്റിയൊരു പ്രസ്സ് കേരളത്തിലില്ലാത്തതുകൊണ്ടല്ലേ ഇങ്ങനെ

സംഭവിച്ചത്. ഞാൻ പറയുന്നത് ഗവൺമെന്റ് സെക്ടറിൽ ഉണ്ടോ ഇല്ലയോ എന്നുള്ളതല്ല. പ്രൈവറ്റ് സെക്ടറിൽ കൊടുക്കുകയാണെങ്കിൽത്തന്നെ ബുക്ക് അടിപ്പിക്കാൻ ശിവകാശിയിലോ തമിഴ്നാട്ടിലോ കൊണ്ടുപോകണം. What does it mean? സ്വകാര്യ മേഖലയിലോ പൊതുമേഖലയിലോ വളരെയേറെ പുസ്തകങ്ങൾ ഒറ്റയടിക്ക് അച്ചടിക്കാൻ സാധിക്കുന്ന ഒരു ടെക്നോളജി ഇപ്പോഴും കേരളത്തിലില്ല. അതിനുപറ്റിയ ഒരു സ്ഥാപനം ഇല്ല എന്നല്ലേ അതിനർത്ഥം. അതുകൊണ്ടു തന്നെയാണ് ഈ സർവ്വകലാശാലയുടെ ആവശ്യം. ഈ പാഠപുസ്തകം അച്ചടിക്കാൻ നേരം വൈകിയതു കൊണ്ടുതന്നെ ഈ സർവ്വകലാശാല അത്യാവശ്യമായിട്ടുള്ളൊരു കാര്യമാണ്. ഞാനല്ല അച്ചടിക്കുന്നത്. ഞാനടിക്കുമ്പോൾ അങ്ങനെ അടിച്ചോളാം. നല്ല പ്രസ്സിലടിച്ചാൽ മതി. ആരാണ് ഗവൺമെന്റ് പ്രസ്സിലടിക്കണ്ട എന്നു പറഞ്ഞത്. നോക്കിയിട്ട് നടക്കാത്തതുകൊണ്ട് വന്നു എന്നാണ് പറഞ്ഞത്. പുസ്തകം നേരം വൈകിയോ; ഇല്ലയോ; അതിന് കാരണം എന്താണ്; ഇതൊന്നും എന്റെ ഇഷ്യൂവല്ല. പുസ്തകം അച്ചടിപ്പിക്കാനാവശ്യമായിട്ടുള്ള ഒരു ടെക്നോളജി ഇല്ലായെന്നുള്ളതാണ് എന്റെ ക്വസ്റ്റ്യൻ. ഇവിടെ ശാസ്ത്രസാങ്കേതിക സർവ്വകലാശാല ചർച്ച ചെയ്യുമ്പോൾ കേരളത്തിൽ നല്ലയൊരു പ്രസ്സുണ്ടോ? നമ്മുടെ ഇലക്ഷനുവേണ്ടിയുള്ള പോസ്റ്ററുകൾ അച്ചടിച്ച് കൊണ്ടുവരുന്നത് ശിവകാശിയിൽനിന്നാണ്. എന്താണ് കാരണം? കേരളത്തിൽ നല്ലൊരു പ്രസ്സില്ല. നല്ലൊരു സാങ്കേതിക വിദ്യയും വളർച്ചയുമൊക്കെയുള്ള വളരെ വേഗം അടിപ്പിക്കാൻ സാധിക്കുന്ന പ്രസ്സില്ല. ഞാൻ പറയുന്നത് ഇനിയൊരു നാല് പ്രസ്സുണ്ട് എന്ന് ശ്രീ. സി. ദിവാകരൻ തെളിയിച്ചു എന്നു വിചാരിക്കുക, ഞാനിവിടുന്ന് പോകാനൊന്നും പോകുന്നില്ല. ഞാൻ പറഞ്ഞതുകൊണ്ട് അതില്ലാതാവില്ലല്ലോ. കേരളം ശാസ്ത്രസാങ്കേതിക രംഗത്ത് ഇപ്പോഴും വളരെ പിന്നിലാണെന്നാണ് പറയുന്നത്. Generally, no doubt. ഞങ്ങളുടെ പ്രദേശത്ത്നിന്ന് ആളുകൾ എന്തെങ്കിലുമൊരു ടെക്നോളജി, അല്ലെങ്കിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, അല്ലെങ്കിൽ ഇലക്ട്രിക്കൽ എക്യുപ്മെന്റ്സ് വാങ്ങാൻ പോകുന്നത് കോയമ്പത്തൂരിലേയ്ക്കാണ്. ഒരു പുതിയ വീടുണ്ടാക്കാൻ പോവുകയാണെങ്കിൽ ഓരോരുത്തരും ഓരോ സ്ഥലത്തേയ്ക്കാണ് പോകുന്നത്. എന്തുകൊണ്ടാണത്? കേരളത്തിൽ ഒരു സംഭവവും നടക്കാത്തൊരു കാലമാണ്. നമ്മൾ ഏറ്റവും നല്ലൊരു സർവ്വകലാശാല ഉണ്ടാക്കി അവിടെനിന്നും പഠിച്ചിറങ്ങുന്ന വിദഗ്ധൻമാരായിട്ടുള്ള എഞ്ചിനീയർ കേരളത്തിൽ തന്നെ നിൽക്കുമെന്ന് യാതൊരു ഗ്യാരണ്ടിയുമില്ല. അവർക്ക് നല്ല ശമ്പളത്തോടുകൂടി ജോലി ചെയ്യണമെങ്കിൽ വേറെ ഏതെങ്കിലും സ്ഥലത്തു പോകേണ്ടിവരും. അതുകൊണ്ട് അധ്യാപകൻമാർക്കും വിദ്യാർത്ഥികൾക്കുമെല്ലാം ഇവിടെതന്നെ പഠിപ്പിക്കാനും പഠിക്കാനും അതിനുശേഷം ഇവിടെതന്നെ ജോലികിട്ടുന്നതിനും അവശ്യമായിട്ടുള്ള പശ്ചാത്തലസൗകര്യങ്ങളും സംവിധാനങ്ങളുമൊക്കെ ഈ ബില്ലിനെ കുറിച്ച് ആലോചിക്കുമ്പോൾ നമ്മുടെ കേരളത്തിൽതന്നെ അത്യന്താപേക്ഷിതമായിട്ടുള്ള സംഗതിയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനം ഇന്ന് നിൽക്കുന്ന നിലപാടിൽ നിന്ന് മാറണം. നമ്മളെല്ലാം പല പല സങ്കുചിതമായ ചിന്താഗതികളുടെ തടവറകളിലാണ്. കാലഘട്ടത്തിനുവന്ന മാറ്റം, കാലത്തിനുവന്ന മാറ്റം ഇതെല്ലാം നമ്മൾ തീർച്ചയായും മനസ്സിലാക്കിയിരിക്കണം എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഈ ഒരു ബില്ലിന്റെ പ്രത്യേകത, ഭാവനാസമ്പന്നമായിട്ടുള്ള ഒരു

സംഗതിയാണ് ഇങ്ങനെയൊരു ബില്ലവതരിപ്പിക്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച ഘടകം എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുകയാണ്. അതുകൊണ്ട് എല്ലാ കാര്യത്തിനും തകരാറുകൾ ചൂണ്ടിക്കാണിക്കാനുള്ള പ്രാപ്തി നമുക്കെല്ലാം ഉള്ളതുകൊണ്ട് ഏതിനും തകരാറുകൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ആ വീഴ്ചകളെല്ലാം പരമാവധി പരിഹരിച്ച് ഏറ്റവും നല്ല എഞ്ചിനീയർമാരെയും മാനേജ്മെന്റ് വിദഗ്ധൻമാരെയും സൃഷ്ടിക്കുന്ന ഒന്നാംതരം സർവ്വകലാശാലയും അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ വളർന്നുവരുന്നതിന് സഹായകരമായി ഗവൺമെന്റിന്റെ ഒരു പച്ചക്കൊടി, ഒരു ഗ്രീൻ സിഗ്നലെന്ന നിലയിൽ ഈ ബിൽ പാസ്സാക്കണം എന്നു പറഞ്ഞുകൊണ്ട് ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : സർ, ഓരോ മേഖലയിലുമുള്ള വിദ്യാഭ്യാസം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് യൂണിവേഴ്സിറ്റികൾ സഹായകമാകുമെന്നുള്ളതിന് നമ്മുടെ സംസ്ഥാനത്തുതന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. നമുക്ക് സംസ്കൃത സർവ്വകലാശാലയും മലയാള സർവ്വകലാശാലയുമുണ്ട്. ആരോഗ്യ സർവ്വകലാശാല സ്ഥാപിച്ചു. ആയുർവ്വേദ സർവ്വകലാശാല സ്ഥാപിക്കണമെന്നുള്ള ആഗ്രഹം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെയെല്ലാവരും സൂചിപ്പിച്ചതുപോലെ, ടെക്നോളജിയുടെ അഡ്വാൻസ്മെന്റിനും ടെക്നോളജി ഏറ്റവും നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും നമ്മുടെ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകൊണ്ട് സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ചർച്ച ചെയ്തിട്ടുള്ള എല്ലാ നല്ല നിർദ്ദേശങ്ങളെയെല്ലാം ഞാൻ സ്വാഗതം ചെയ്യുകയാണ്. മാത്രവുമല്ല, കൂടുതൽ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിക്ക് വിടുമ്പോൾ അവിടെ വച്ച് ചർച്ച ചെയ്യാം. ടെക്സ്റ്റ് ബുക്കിന്റെ പ്രിന്റിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് എല്ലാവരും കൂടുതൽ സംസാരിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. കഴിഞ്ഞ കാലങ്ങളിലേതുപോലെ തന്നെയാണ് ഇപ്പോഴും പ്രിന്റിംഗ് നടക്കുന്നത്. പ്രിന്റിംഗിനാവശ്യമായ കടലാസ്സുകൾ വാങ്ങി വിതരണം ചെയ്യേണ്ടത് സ്റ്റോഴ്സ് ആന്റ് പർച്ചേഴ്സ് ഡിപ്പാർട്ടുമെന്റാണ്. കേരളാ ബുക്ക്സ് പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയാണ് ടെക്സ്റ്റ് ബുക്കുകൾ പ്രിന്റ് ചെയ്യുന്നത്. ബഹുമാനപ്പെട്ട കെ. പി. മോഹനന്റെ വകുപ്പിൻകീഴിലുള്ള ഒരു സൊസൈറ്റിയാണത്. എറണാകുളം കളക്ടറാണ് അതിന്റെ മാനേജിംഗ് ഡയറക്ടർ. അത് പ്രൈവറ്റ് പ്രസ്സ് അല്ല. ഗവൺമെന്റിന്റെ കീഴിൽത്തന്നെയുള്ള പ്രസ്സാണ്. അവിടെയാണ് എല്ലാ വർഷവും സ്ഥിരമായി ടെക്സ്റ്റ് ബുക്കുകൾ അച്ചടിച്ചു കൊണ്ടിരുന്നത്. ഈ വർഷം അവസാന ഘട്ടത്തിലാണ് അവർക്കു പൂർത്തീകരിക്കാൻ കഴിയില്ലെന്ന് പറഞ്ഞത്. ഇക്കാര്യം നേരത്തെ സബ്മിഷൻ ഉന്നയിച്ചപ്പോഴും ഞാൻ പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഗവൺമെന്റ് പ്രസ്സിലും കൂടി പാഠപുസ്തകങ്ങൾ അച്ചടിക്കാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചത്. നാല്പത് ലക്ഷത്തോളം പുസ്തകങ്ങൾ ഇനിയും കൊടുക്കാൻ കഴിയാത്ത ഒരവസ്ഥ വന്നപ്പോഴാണ് വിദ്യാഭ്യാസ

വകുപ്പിനുകീഴിലുള്ള സി-ആപ്റ്റിനെ ഏല്പ്പിച്ചത്. സി-ആപ്റ്റ് ഇതിനുമുമ്പും പുസ്തകങ്ങൾ നേരിട്ട് പ്രിന്റ് ചെയ്യുകയും ഇ-ടെൻഡർ വിളിച്ച് പുറത്തു കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായമുണ്ടായിട്ടുണ്ട്. പുസ്തകങ്ങൾ ഏറ്റവും വേഗത്തിൽ കിട്ടുക എന്നുള്ളതാണാവശ്യമെങ്കിൽ അതിനുവേണ്ടി നാല്പതു ലക്ഷം പുസ്തകങ്ങൾ ഔട്ട് സോഴ്സ് ചെയ്തു കൊടുക്കേണ്ടിവരും. അത് അഴിമതി നടത്താൻ വേണ്ടിയാണ്, കൈക്കൂലി വാങ്ങാൻ വേണ്ടിയാണെന്നൊക്കെ ഇവിടെ സംസാരിച്ചപ്പോൾ പറയുകയുണ്ടായി. മന്ത്രി കൈക്കൂലി വാങ്ങി എന്നുള്ള പരാമർശം ശ്രീ. വി. ചെന്താമരാക്ഷനും ശ്രീ. കെ. അജിത്തും ഇവിടെ ഉന്നയിച്ചു. അത് രേഖയിൽ കാണാൻ പാടില്ല. ഞാൻ കൈക്കൂലി വാങ്ങുന്ന ആളല്ല. ഇല്ലാത്തകാര്യം പറയാൻ പാടില്ല. പുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിലും കെ.ബി.പി.എസ്സിലും അടിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഗവൺമെന്റിന്റെ കീഴിലുള്ള സി-ആപ്റ്റിനെ ഏല്പിച്ചു. അവർ ഇ-ടെൻഡർ ചെയ്തു കൊടുക്കാൻ പോകുന്ന ഒരു സംവിധാനത്തിന് മന്ത്രി കൈക്കൂലി വാങ്ങിയെന്ന് ശ്രീ. വി. ചെന്താമരാക്ഷനും ശ്രീ. കെ. അജിത്തും പരസ്യമായി ഇവിടെ ഉന്നയിച്ചു. അത് രേഖയിൽ കാണാൻ പാടില്ലെന്നാണ് എന്റെ അഭ്യർത്ഥന. ഏതായാലും അതിന്റെ ഭാഗമായി ടെക്സ്റ്റ് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. എവിടെയും ഒരു പുസ്തകവും കിട്ടിയിട്ടില്ലെന്ന് ഇവിടെ പറയുകയുണ്ടായി. എന്നാൽ പല ജില്ലകളിലും അറുപത് - എഴുപത് ശതമാനം പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അന്വേഷിച്ചാൽ അത് എല്ലാവർക്കും മനസ്സിലാകും. പക്ഷേ എല്ലാ പുസ്തകങ്ങളും എല്ലാ സ്കൂളുകളിലും കിട്ടിയിട്ടുണ്ടാവില്ല. കാരണം ഈ ഗവൺമെന്റ് വന്നതിനുശേഷം പുസ്തകങ്ങളൊക്കെ പരിഷ്കരിച്ചു. ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങളെല്ലാം പുതിയ പുസ്തകങ്ങളാണ്. ഇനി ഒൻപതും, പത്തും ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാത്രമെ പരിഷ്കരിക്കാനുള്ളൂ. അതിന്റെ പരിഷ്കരണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ പുതിയ പുസ്തകങ്ങൾ വരികയാണ്. എന്നിട്ടുപോലും കഴിഞ്ഞ മൂന്നു വർഷങ്ങളിലും കാലതാമസമില്ലാതെ പുസ്തകം വിതരണം ചെയ്യാൻ കഴിഞ്ഞു. ഇപ്പോൾ ഒരു ചെറിയ കാലതാമസം വന്നിട്ടുണ്ട്. പക്ഷേ സ്കൂൾ തുറന്ന് കുട്ടികളുടെ കണക്കെടുക്കാനുള്ള ദിവസം പോലും ആയിട്ടില്ല.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, സി. ഡി. കൊടുത്തിട്ടുണ്ടെന്നാണ് പറഞ്ഞത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, സി.ഡി. കൊടുത്തു എന്നല്ല പറഞ്ഞത്. വിദ്യാഭ്യാസ വകുപ്പ് ആർക്കും സി.ഡി. കൊടുത്തിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് എസ്.സി.ഇ.ആർ.റ്റി.-യുടെ സൈറ്റിൽ എല്ലാ ടെക്സ്റ്റ് ബുക്കുകളും അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അല്ലാതെ സി.ഡി. കൊടുത്തിട്ടില്ല. പ്രൈവറ്റൈസേഷനോ, പ്രൈവറ്റ് പാർട്ടിക്കു കൊടുക്കുന്ന ഒരു സമ്പ്രദായമോ ഉണ്ടായിട്ടില്ല. ഇ-ടെണ്ടർ ചെയ്യുമ്പോൾ അതിൽ പ്രൈവറ്റ് പാർട്ടി വരും. അതു സ്വാഭാവികമാണ്. ഇപ്പോഴത്തെ ഈ സാഹചര്യത്തിൽ ഈ മാസത്തിൽതന്നെ പുസ്തകങ്ങൾ കുട്ടികൾക്കു ലഭ്യമാക്കുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഒരു ഭാഗത്ത് കൈക്കൂലി വാങ്ങുന്നു, സ്വകാര്യ പ്രസ്സുകൾക്ക് കൊടുക്കുന്നുവെന്നും മറുഭാഗത്ത് പുസ്തകങ്ങൾ കിട്ടുന്നില്ലെന്നും വാദിക്കുന്നു.

ഇത്തരത്തിൽ രണ്ട് രീതിയിൽ പറയുമ്പോൾ രണ്ടുംകൂടി നടക്കില്ലല്ലോ. നടക്കുന്ന കാര്യമാണ് ഇപ്പോൾ ചെയ്യുന്നത്. പ്രായോഗികമായും ഉദ്ദേശശുദ്ധിയോടും കൂടിതന്നെയാണ് ഈ കാര്യങ്ങൾ ചെയ്തിട്ടുള്ളത്, ചെയ്തുകൊണ്ടിരിക്കുന്നത്. അതാണ് എനിക്ക് ഇക്കാര്യത്തിൽ പറയുവാനുള്ളത്. ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ ഇവിടെ സൂചിപ്പിച്ചതുപോലെ വിഷയത്തിൽ ഒതുങ്ങി നിന്നുകൊണ്ട് കാര്യമായി ആരും സംസാരിച്ചില്ല. സംസാരിച്ചതെല്ലാം ടെക്സ്റ്റ് ബുക്കും എസ്.എസ്.എൽ.സി. റിസൾട്ടും തെരഞ്ഞെടുപ്പും മറ്റു കാര്യങ്ങളുമൊക്കെയാണ്. അതുകൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് ദീർഘമായി സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സഭയിൽ പൊതുവികാരമുണ്ടായത് വൈസ്ചാൻസിലറുടെ മുകളിൽ ചെയർമാൻ എന്നുള്ള പദം വരുന്നത് സംബന്ധിച്ച് പൊതുവിൽ എല്ലാവരും വിയോജിച്ചതാണ്. സഭയുടെ പൊതുവായ വികാരം അതാണ്. വൈസ് ചാൻസിലർ എന്ന പദവി നഷ്ടപ്പെടുന്നുവെന്നുള്ള വികാരം എല്ലാവരും പ്രകടിപ്പിച്ചു. ആ വികാരത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, എല്ലാ യൂണിവേഴ്സിറ്റികളിലും വൈസ് ചാൻസലറാണ് ഹെഡ് എന്ന് നമുക്കറിയാം. ഇതിന്റെ ചർച്ച വന്നപ്പോൾ ഞാനത് സൂചിപ്പിച്ചിരുന്നു. ടെക്നോളജിയുമായി ബന്ധപ്പെട്ട് പല സംസ്ഥാനങ്ങളിലും ഇങ്ങനെയൊരു പോസ്റ്റുണ്ട്. അതൊരു ആലങ്കാരിക പോസ്റ്റാണ്. യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കാൻ വേണ്ടിയുള്ള ഒരു പോസ്റ്റാണ്. കാര്യമായി അധികാരങ്ങളില്ലെന്നാണ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും എനിക്ക് ലഭിച്ചിട്ടുള്ള അഭിപ്രായം. ഏതായാലും സബ്ജക്ട് കമ്മിറ്റിയുടെ ചർച്ച നടക്കുന്ന അവസരത്തിൽ നമുക്കത് ആലോചിക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, പാഠപുസ്തകങ്ങളുടെ പ്രിന്റിംഗിനെ സംബന്ധിച്ചിടത്തോളം, ബഹുമാനപ്പെട്ട എം.എൽ.എ. മാരായ പാലോട് രവിയും കെ. മുരളീധരനും ഇവിടെയുണ്ട്. ഞങ്ങൾ മൂന്നുപേരും കൂടി തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലെ ട്രേഡ് യൂണിയന്റെ സമരവുമായി ബന്ധപ്പെട്ട് അവിടെ പോയതാണ്. കേരള സംസ്ഥാനത്ത് ആവശ്യമുള്ള മുഴുവൻ പാഠപുസ്തകവും അച്ചടിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും അവിടെ ഉണ്ടെന്നാണ് അവർ പറയുന്നത്. അവർക്ക് പേപ്പർ, മഷി, പ്ലേറ്റ്, പാഠപുസ്തകം പ്രിന്റ് ചെയ്യുന്നതിനുള്ള മാറ്റർ എന്നിവ കൃത്യസമയത്ത് കൊടുക്കാത്തതുകൊണ്ടാണ് പ്രിന്റ് ചെയ്യാൻ കഴിയാത്തതെന്നാണ് അവർ ശക്തമായി ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു മാസം കൂടി കഴിഞ്ഞിട്ടുമാത്രമേ എല്ലാവർക്കും പാഠപുസ്തകം എത്തിക്കാൻ കഴിയുകയുള്ളൂ എന്ന് അങ്ങ്തന്നെ പറയുന്നു. നമുക്കെന്ത് ചെയ്യാൻ കഴിയും. ഒരു മാസക്കാലം കാത്തിരിക്കാൻ കഴിയുമോ എന്നതാണ് പ്രശ്നം. പ്രസ്സുകാർ ഇങ്ങനെയാണ് പറയുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഗവൺമെന്റ് പ്രസ്സിന് കൊടുക്കാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചതുതന്നെ മേയ് മാസം പകുതി ആയപ്പോഴാണ്. കെ.ബി.പി.എസ്സിന് എല്ലാ പുസ്തകങ്ങളും അടിക്കാൻ കഴിയില്ലെന്ന് പറഞ്ഞതു കൊണ്ടാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. മേയ് മാസം പതിനഞ്ചാം തീയതി മുതൽ ജൂൺ ഒന്നാം തീയതി വരെയുള്ള സമയത്തിനുള്ളിൽ പുസ്തകങ്ങൾ

അടിച്ചുതീർക്കാൻ കഴിയുമെന്നുള്ള പ്രത്യാശയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ തനുസരിച്ചാണ് ക്യാബിനറ്റ് തീരുമാനങ്ങളെടുത്തത്. പുസ്തകം അച്ചടിക്കുന്നതിനുള്ള പേപ്പറും മഷിയും പ്ലേറ്റും വേണം. ഇതിനാവശ്യമായ പ്ലേറ്റ് ഇവിടെ ലഭ്യമല്ല. ബോംബെയിൽനിന്നും കൊണ്ടുവരണം. ഇതൊന്നും ആലോചിക്കാതെയാണ് ഗവൺമെന്റ് പ്രസ്സിനെ ഏൽപ്പിക്കാമെന്ന തീരുമാനം എടുക്കുന്നത്. അയ്യായിരം, ആറായിരം പ്ലേറ്റുകൾ വേണമെന്നു പറഞ്ഞതിൽ കുറെ പ്ലേറ്റുകൾ കൊടുത്തു. കഴിഞ്ഞ ക്യാബിനറ്റിനുമുമ്പ് ഞങ്ങൾ രണ്ടുപേരും ബന്ധപ്പെട്ട രണ്ടു വകുപ്പുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തിയപ്പോൾ, രണ്ടു മാസം കഴിഞ്ഞ് മാത്രമേ പാഠപുസ്തകങ്ങൾ അച്ചടിച്ച് തീർക്കാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലായി. അങ്ങനെ വരുമ്പോൾ രണ്ടു മാസം കുട്ടികൾക്ക് പുസ്തകം ഇല്ലാത്ത അവസ്ഥയുണ്ടാകും. ഈ പ്ലേറ്റുകളെല്ലാം ബോംബയിൽനിന്നും കൊണ്ടുവന്ന് അച്ചടിച്ച് വിതരണം കഴിയുമ്പോഴേക്കും മാസങ്ങളെടുക്കും. ജൂൺ മാസത്തിൽത്തന്നെ കുട്ടികൾക്ക് പുസ്തകം കൊടുക്കണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ രണ്ടുപേരും മന്ത്രിസഭയും എല്ലാവരുംകൂടി ആലോചിച്ചിട്ട് സി-ആപ്റ്റിനെയോ ഗവൺമെന്റ് പ്രസ്സിനെയോ ഏല്പിക്കാൻ തീരുമാനിച്ചത്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ജൂൺ മാസത്തിൽ പുസ്തകങ്ങൾ കൊടുക്കേണ്ടിവരുമെന്ന കാര്യം ഗവൺമെന്റിന് അറിയില്ലേ. അപ്പോൾ ഇവരെ ഏകോപിപ്പിക്കാൻവേണ്ടി ഗവൺമെന്റ് എന്താണ് ചെയ്തത്? ഈ വകുപ്പിലെ കാര്യങ്ങൾക്ക് ശ്രീ. കെ. പി. മോഹനനാണോ ഉത്തരവാദി? ആ വകുപ്പ് വേണ്ട രീതിയിൽ ഒന്നും ചെയ്തില്ലെന്നാണോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, അങ്ങനെ ഞാൻ പറഞ്ഞില്ല. ഞാൻ പറയാത്ത കാര്യം പറയരുത്. ഞാൻ അങ്ങനെ പറഞ്ഞില്ല. കെ.ബി.പി.എസ്. ആണ് എല്ലാ വർഷവും പുസ്തകങ്ങൾ അച്ചടിച്ചുകൊണ്ടിരുന്നത്. ഈവർഷം അവരുടേതായ കാരണങ്ങളാൽ താമസിക്കുമെന്ന് പറഞ്ഞതുകൊണ്ടാണ് ഗവൺമെന്റ് പ്രസ്സിനെ കൂടി ഏല്പിക്കാൻ തീരുമാനിച്ചത്. ഞങ്ങൾ ഒരുമിച്ചിരുന്ന് ക്യാബിനറ്റിൽ തീരുമാനമെടുത്തതാണ്. ഞങ്ങൾ തമ്മിൽ വേറെ അഭിപ്രായ വ്യത്യാസമൊന്നുമില്ല. ഞാൻ മന്ത്രിയെയും വകുപ്പിനെയും കുറ്റം പറഞ്ഞിട്ടില്ല, പറയാത്ത കാര്യം പറഞ്ഞെന്ന് പറയരുത്. ഗവൺമെന്റ് പ്രസ്സിന്റെ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് ഓവർടൈം കൊടുക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും തീരുമാനമെടുത്തു. ഞങ്ങൾ രണ്ടുപേരുംകൂടി ക്യാബിനറ്റിന്റെ അനുമതിയോടെയാണ് സി-ആപ്റ്റിന് കൊടുക്കാൻ തീരുമാനിച്ചത്. ജൂണിൽ പുസ്തകം കൊടുക്കണമെന്ന് അറിയുന്നത് ഈ നാലു വർഷം കൊണ്ടല്ല. ഇതിനു മുമ്പുള്ള ഗവൺമെന്റ് ഇവിടെ ഭരിക്കുമ്പോഴും ജൂണിൽ പുസ്തകങ്ങൾ കൊടുക്കേണ്ടതായിരുന്നു. എല്ലാ വർഷവും ജൂണിൽ കൊടുക്കേണ്ടതാണ്. എന്നാൽ ഡിസംബറിലും ജനുവരിയിലുമൊക്കെ പുസ്തകം വിതരണം ചെയ്ത വർഷമുണ്ടായിട്ടുണ്ട്. ഒരു പുസ്തകംപോലും കിട്ടാതെ ഫോട്ടോസ്റ്റാറ്റ് എടുത്ത വർഷവും ഉണ്ടായിട്ടുണ്ട്. അതൊന്നും ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇവിടെ ബഹുമാനപ്പെട്ട വി. റ്റി. ബൽറാം സംസാരിച്ചപ്പോൾ എടുത്തു പറഞ്ഞ ഒരു കാര്യമുണ്ട്. ആ സംശയവും കൂടി നീക്കുന്നത് അങ്ങേയ്ക്ക് നല്ലതാണ്. ചെയർമാന്റെ പ്രായം 61-ഉം വൈസ്ചാൻസലർക്കും ബാക്കിയുള്ളവർക്കും 60 വയസ്സുമാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനകത്ത് എന്തോ കുഴപ്പമുണ്ട് എന്നൊരു സംശയം ശ്രീ. വി. റ്റി. ബൽറാം ഉന്നയിച്ച സാഹചര്യത്തിൽ അതുകൂടി പരിശോധിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, തീർച്ചയായും അത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, കേരളത്തിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്ക് എസ്.എസ്.എൽ.സി. ബുക്ക് സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയാത്തതിൽ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. എന്നാൽ എസ്.എസ്.എൽ.സി. പാസ്സായി തമിഴ്നാട്ടിൽ ഹയർ സെക്കൻഡറിക്ക് ജോയിൻ ചെയ്യുന്ന കുട്ടികൾ ഇതുമൂലം ഒരു വലിയ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നുണ്ട്. 14-6-2015-ഓടുകൂടി ഹയർ സെക്കൻഡറി അഡ്മിഷൻ തമിഴ്നാട്ടിൽ ക്ലോസ് ചെയ്യുകയാണ്. പല കുട്ടികളും ആപ്ലിക്കേഷൻ കൊടുത്തെങ്കിൽപ്പോലും സമയബന്ധിതമായി ബുക്ക് ഹാജരാക്കുന്നില്ലായെങ്കിൽ അവർക്ക് അഡ്മിഷൻ എടുക്കാൻ കഴിയില്ല. ഡി.പി.ഐ.-യുടെ ശ്രദ്ധയിലേക്ക് ആ വിഷയം കൊണ്ടുവന്നിട്ടുണ്ട്. തമിഴ്നാട് അടക്കമുള്ള അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. ബുക്ക് അനിവാര്യമാണ് എന്നുള്ളതുകൊണ്ട് അങ്ങനെയുള്ള ജില്ലകളിൽ അടിയന്തരമായി ഇഷ്യൂ ചെയ്യുന്നതിനുള്ള ഒരു നടപടിയുണ്ടാകണം. മറ്റൊരു പ്രശ്നമുള്ളതും തമിഴ് വിദ്യാർത്ഥികളുമായി ബന്ധപ്പെട്ടതാണ്. ആർ.എം.എസ്.എ. സ്കൂളുകളിൽ മലയാളം അധ്യാപകരെ പോസ്റ്റു ചെയ്യുന്നതിനുള്ള പ്രൊവിഷൻ മാത്രമാണ് നമുക്കുള്ളത്. തമിഴ് അധ്യാപകർ ആവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ അവരെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞവർഷം ജില്ലാ പഞ്ചായത്തിനോട് പോസ്റ്റ് ചെയ്യാൻ പറഞ്ഞ് ക്യാബിനറ്റ് ഒരു ഉത്തരവ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കുറച്ച് പേയ്മെന്റ് ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായി. എന്നാൽ ഇടുക്കിയിൽ മുഴുവൻ പേയ്മെന്റും കൊടുത്തിട്ടില്ല. ഓരോ അധ്യാപകർക്കും പകുതി ശമ്പളം മാത്രമാണ് കിട്ടിയത്. ഈ വർഷം അധ്യാപകരെ പോസ്റ്റു ചെയ്യാത്തതുമായി ബന്ധപ്പെട്ട് ആർ.എം.എസ്.എ. സ്കൂളുകളിൽനിന്ന് മറ്റ് സ്കൂളുകളിലേക്ക് വിദ്യാർത്ഥികൾ ടി.സി. വാങ്ങി കൂട്ടത്തോടെ പാലായനം ചെയ്യുകയാണ്. 189 വിദ്യാർത്ഥികൾ പഠിക്കുന്ന ട്രൈബൽ സ്കൂളിൽ നിന്ന് 50 കുട്ടികളാണ് ഒന്നിച്ച് ടി.സി. വാങ്ങി മറ്റു സ്കൂളുകളിലേക്ക് പോകുന്നതിനായി അപേക്ഷ കൊടുത്തിട്ടുള്ളത്. അടിയന്തരമായി ആർ.എം.എസ്.എ. സ്കൂളുകളിൽ തമിഴ് വിഭാഗം അധ്യാപകരെ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ എല്ലാ വർഷവും ഇങ്ങനെതന്നെയാണ്. റിസൾട്ട് വന്നയുടനെ സർട്ടിഫിക്കറ്റുകൾ കിട്ടാറില്ല. സാധാരണഗതിയിൽ കിട്ടുന്ന ടൈം ഗ്യാപ്പ് തന്നെ ഈ വർഷവും കൊടുക്കുന്നുണ്ട്. ആർ.എം.എസ്.എ. സ്കൂളുകളുടെ കാര്യത്തിൽ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ കേന്ദ്രഗവൺമെന്റ്തന്ന പോസ്റ്റുകളിലാണ് ആദ്യം നിയമനം നടത്തിയത്. അഡീഷണലായിട്ട് വരുന്ന പോസ്റ്റുകളിൽ പാക്കേജിലുള്ള ടീച്ചേഴ്സിനെ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അടുത്ത ക്യാബിനറ്റിൽ പാക്കേജുമായി ബന്ധപ്പെട്ട അജണ്ട ചർച്ച ചെയ്യും. ക്യാബിനറ്റിൽ പാസ്സായി ജി.ഒ. ഇറങ്ങി കഴിഞ്ഞാൽ ആവശ്യമായ പോസ്റ്റുകളിൽ നിയമനം നടത്താൻ സാധിക്കും. ബാക്കി കാര്യങ്ങളെല്ലാം സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാം. 2015-ലെ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച് VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച രണ്ട് അംഗങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അഴിമതിയാരോപണം ഉന്നയിച്ചു. അത് രേഖയിൽ നിന്ന് മാറ്റണം എന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. ബില്ലിന്റെ ചർച്ചാ വേളയിൽ അഴിമതിയാരോപണം ഉന്നയിക്കുന്നത് ശരിയല്ല. മറ്റൊന്ന് അഴിമതിയാരോപണം ഉന്നയിക്കുകയാണെങ്കിൽ അത് ചെയറിന് നേരത്തെ എഴുതിത്തരണം. അതിന്റെ കോപ്പി ബന്ധപ്പെട്ട മന്ത്രിക്ക് ലഭ്യമാക്കുകയും അതിന് മറുപടി പറയാൻ അദ്ദേഹത്തിന് സൗകര്യം കൊടുക്കുകയും വേണം. ഇതു രണ്ടും ഇല്ലാതെയാണ് ഇന്നിവിടെ അഴിമതിയാരോപണം ഉന്നയിച്ചിരിക്കുന്നത്. അത് രേഖയിൽനിന്ന് മാറ്റണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടെ ഉന്നയിച്ച ആ അഴിമതി യാരോപണം രേഖയിൽനിന്നും നീക്കം ചെയ്യുന്നു.

ശ്രീ. ജി. സുധാകരൻ, അങ്ങയുടെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ .................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

4.15 P.M.]

## (2) 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ..........(ബഹളം).......

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽവന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ..........(ബഹളം).......

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഗാരണ്ടി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. 15000 കോടി രൂപയായി ഗാരണ്ടി വർദ്ധിപ്പിക്കുകയാണ്. ................(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നിരാകരണപ്രമേയവും 1(എ) ഭേദഗതിയും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ, അങ്ങേയ്ക്ക് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗ്യാരണ്ടി എമൗണ്ട് വർദ്ധിപ്പിക്കുന്നത് മാത്രമല്ല, ഗവൺമെന്റ് ഇതുസംബന്ധിച്ച് നേരത്തെ എടുത്ത ഒരു തീരുമാനം ഉണ്ട്. അതിൽ ഗവൺമെന്റിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് ഗാരണ്ടി കമ്മീഷൻ നിശ്ചയിക്കേണ്ട ഒരു കാര്യമുണ്ട്. ആ അമെന്റ്മെന്റ് ഇതിനകത്ത് വന്നിട്ടില്ല. പ്രയോറിറ്റി ലെൻഡിംഗിന് ഗവൺമെന്റിന് ഒരു ഡിസ്ക്രീഷൻ വേണമെന്നുള്ളത് ഭേദഗതിയിലൂടെ കൊണ്ടുവരും എന്നത് സഹകരണ ഡിപ്പാർട്ടുമെന്റിന്റെ 30-3-2013-ലെ ഉത്തരവനുസരിച്ച് നേരത്തെ പറഞ്ഞതാണ്. ആ ഉത്തരവിനകത്ത് പറഞ്ഞിരിക്കുന്നത് 2013-14 സാമ്പത്തിക വർഷം മുതൽ ഗാരണ്ടി കമ്മീഷൻ കുറഞ്ഞ നിരക്കായ 0.25% നിരക്കിൽ ഓരോ വർഷവും നല്കുന്ന അധിക ഗാരണ്ടിക്ക് ഒറ്റത്തവണ വ്യവസ്ഥയിൽ ഒടുക്കുന്നതിന് സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിനെ അനുവദിക്കുന്നതിനായി 2003-ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗാരണ്ടി ആക്ടിൽ ഭേദഗതി വരുത്തുന്നകാര്യം

സർക്കാർ പരിഗണിക്കുന്നതാണ്. അങ്ങനെ ഒരു ഉത്തരവ് ഉണ്ട്. അത് യഥാർത്ഥത്തിൽ ഇതിൽ പരിഗണിച്ചിട്ടില്ല. ഒരു വരുമാനമാർഗ്ഗമായി ഗാരണ്ടി കമ്മീഷൻ നമുക്ക് പരിഗണിക്കാൻ പറ്റില്ല. റിഡംഷനുവേണ്ടി ഗാരണ്ടി റിഡംഷൻ ഫണ്ട് ഉണ്ടാക്കണം എന്ന് ആക്ടിൽതന്നെ വ്യവസ്ഥയുണ്ട്. അതിൽ റൂൾസ് ഉണ്ടാക്കിയിട്ടില്ല. ഇത് ഗവൺമെന്റിന്റെ വരുമാന മാർഗ്ഗം എന്നുള്ള നിലയിലാണ് ഗാരണ്ടി കമ്മീഷനെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണുന്നത്. ആക്ടിന്റെ ഉദ്ദേശത്തിനു തന്നെ എതിരാണത്. അത് യാതൊരു കാരണവശാലും ചെയ്യാൻ പാടില്ല. അതിന് റൂൾസ് ഉണ്ടാക്കണം. 2003-ലെ നിയമത്തിന് ഇതുവരെയും റൂൾസ് ഉണ്ടാക്കിയിട്ടില്ല. റൂൾസ് ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന അമെന്റ്മെന്റ് യഥാർത്ഥത്തിൽ വേണ്ടതാണ്. എന്നാൽ ഗവൺമെന്റിന്റെ ഡിസ്ക്രീഷനു വേണ്ടിയുള്ള ഒരു അമന്റ്മെന്റ് കൂടി ഇതിനകത്ത് കൊണ്ടുവരണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ജൂൺ 29-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂൺ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)

---